# ഇസ്‌ലാമിക നാഗരികത ശോഭന ചിത്രങ്ങൾ

ഡോ. മുസ്ത്വഫസ്സിബാഇ

•

വിവർത്തനം

ശൈഖ് മുഹമ്മദ് കാരകുന്ന്

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്

കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ, മലപ്പുറം

# ഡോ. മുസ്ത്വഫസ്സിബാഇ (1915 – 1964)

**പ**ണ്ഡിതൻ, എഴുത്തുകാരൻ, പത്രപ്രവർത്തകൻ. സിറിയയിലെ ഹിംസിൽ 1915-ൽ ജനനം. പിതാവ്: പണ്ഡിതനും വാഗ്മിയും മതഭക്തനുമായിരുന്ന ശൈഖ് ഹസനിസ്സിബാഇ. ബാലനായിരിക്കെ പിതാവിന്റെ വൈജ്ഞാനിക സദസ്സുകളിലും പണ്ഡിത സഭകളിലും ചർച്ചാ വേദികളിലും സംബന്ധിച്ചു. പതിനെട്ടാം വയസ്സിൽ ഹിംസ് പള്ളിയിൽ പിതാവിനെ പ്രതിനിധാനം ചെയ്ത് ഖുത്വുബ നിർവഹിച്ചു. 1933-ൽ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിന് ചേർന്നു. കർമശാസ്ത്ര(ഫിഖ്ഹ്)ത്തിലും മതനിദാന ശാസ്ത്ര(ഉസ്വൂലുദ്ദീൻ)ത്തിലും ഉന്നത ബിരുദം കരസ്ഥമാക്കി. 1949-ൽ 'ഇസ്‌ലാമിക നിയമനിർമാണവും ചരിത്രവും' എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടി. ഈ പ്രബന്ധം പിന്നീട് *അസ്സുന്നതു വ മകാനതുഹാ ഫിത്തശ്‌രീഇൽ ഇസ്‌ലാമി* എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചു. ഹിംസിലെ സെക്കണ്ടറി മദ്റസയിൽ അധ്യാപകനായാണ് മുസ്ത്വഫസ്സിബാഇ ഔദ്യോഗികജീവിതം ആരംഭിച്ചത്. പിന്നീട് അദ്ദേഹവും സഹപ്രവർത്തകരും ചേർന്ന് ഉന്നത നിലവാരം പുലർത്തുന്ന അറബി-ഇസ്‌ലാമിക വിദ്യാലയം (അൽമഅ്ഹദുൽ ഇസ്‌ലാമിൽ അറബി) സ്ഥാപിച്ചു. അധികം താമസിയാതെ ദമസ്ക്കസ് സർവകലാശാലയിൽ നിയമ വിഭാഗം പ്രൊഫസറായി.

സിറിയയിൽ നിലനിന്നിരുന്ന ഫ്രഞ്ച് സർവാധിപത്യത്തിനെതിരെ രംഗത്തിറങ്ങിയ മുസ്ത്വഫസ്സിബാഇക്ക് പട്ടാള ഭരണകൂടത്തിന്റെ കടുത്ത എതിർപ്പുകൾ നേരിടേണ്ടി വന്നു. 1931-ൽ ജയിലിലിടക്കപ്പെട്ടു. അന്നദ്ദേഹത്തിന് കേവലം 16 വയസ്സായിരുന്നു. അറസ്റ്റിനെ തുടർന്നുണ്ടായ ശക്തമായ പ്രതിഷേധം കാരണം അദ്ദേഹത്തെ വിട്ടയക്കാൻ ഭരണകൂടം നിർബന്ധിതമായി. കാരാഗൃഹമുക്തനായ ഉടനെ സിറിയയിലെങ്ങും സഞ്ചരിച്ച് ഭീകരഭരണത്തിനെതിരെ ജനങ്ങളെ സംഘടിപ്പിച്ചു. 1932-ൽ വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു. മാസങ്ങളോളം ജയിലിൽ കഴിഞ്ഞ അദ്ദേഹം മോചിതനായ ഉടനെ ഉപരിപഠനാർഥം ഈജിപ്തിലേക്ക് പോയി. സിറിയയിൽ ഫ്രഞ്ച് സാമ്രാജ്യത്വമായിരുന്നെങ്കിൽ ഈജിപ്തിൽ ബ്രിട്ടീഷ് മേധാവിത്വമായിരുന്നു. അതിനാൽ അസ്ഹർ വിദ്യാർഥിയായിരിക്കെത്തന്നെ സഹപാഠികളെ സംഘടിപ്പിച്ച് ബ്രിട്ടീഷുകാർക്കെതിരെ പ്രചാരണവും പ്രകടനങ്ങളും നടത്തി. തദ്ഫലമായി 1934-ലും 1940-ലും ജയിലിലിടക്കപ്പെട്ടു. പിന്നീടദ്ദേഹം ഫലസ്തീനിലെ ബ്രിട്ടീഷധികാരികളുടെ

കരങ്ങളിലേൽപിക്കപ്പെട്ടു. നാലുമാസത്തെ കാരാഗൃഹ വാസത്തിനുശേഷം 1941-ൽ മോചിതനായി. പിന്നീട് സ്വദേശത്തേക്ക് മടങ്ങി.

ഈജിപ്തിലെ ജീവിതകാലത്താണ് മുസ്ത്വഫസ്സിബാഇ അൽഇഖ്‌വാനുൽ മുസ്‌ലിമൂനു'മായും അതിന്റെ സ്ഥാപകനേതാവ് ഹസനുൽ ബന്നായുമായും ബന്ധപ്പെട്ടത്. നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം സിറിയയിൽ ഇഖ്‌വാന്റെ ശാഖ സ്ഥാപിച്ചു. അതോടെ ഫ്രഞ്ച്ഭരണകൂടം അദ്ദേഹത്തെ വീണ്ടും തടവിലാക്കി. ഹിംസ്വിലും ബൈറൂത്തിലും ലബനാനിലുമായി രണ്ടരവർഷം കാരാഗൃഹത്തിൽ കഴിയേണ്ടിവന്നു. ജയിൽ ജീവിതകാലത്ത് കിരാതമർദനങ്ങൾക്കിരയായ അദ്ദേഹം മോചിതനായി 1954-ൽ ഭരണകൂടത്തിനെതിരെ സായുധ സമരം സംഘടിപ്പിച്ചു. അതിലദ്ദേഹം വിജയിക്കുകയും ചെയ്തു. 1948-ൽ ഫലസ്തീൻ, ജൂതന്മാരുടെ പിടിയിലമർന്നതോടെ അതിന്റെ മോചനം ലക്ഷ്യമാക്കി ഗോദയിലിറങ്ങി. നാട്ടിലുടനീളം സന്നദ്ധ സംഘടനകൾ രൂപവത്കരിച്ചു. 1952-ൽ സൂയസ്കനാൽ പ്രശ്നത്തിൽ ബ്രിട്ടീഷുകാരുമായി ഏറ്റുമുട്ടാൻ മുന്നിട്ടിറങ്ങിയ അദ്ദേഹം വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു. സിറിയൻ ഭരണഘടനാ നിർമാണസമിതിയിൽ സേവനമനുഷ്ഠിച്ച മുസ്ത്വഫസ്സിബാഇ പാർലമെന്റിൽ പ്രത്യേക ചേരിയുണ്ടാക്കി. ഭരണഘടനക്ക് ഇസ്‌ലാമിക സ്വഭാവം കൈവരുത്തുന്നതിൽ നിർണായക പങ്ക് വഹിച്ചു. കേണൽ അദീബ് ശീശക്‌ലി ഭരണം പിടിച്ചുപറ്റിയതോടെ ഭരണഘടന ദുർബലമാക്കപ്പെടുകയും ഇഖ്‌വാനെ അടിച്ചമർത്തുകയും ചെയ്തു. തുടർന്ന് ലബനാനിൽ താമസമാക്കിയ ഡോക്ടർ സിബാഇ അവിടെയും ഇഖ്‌വാന്റെ സുശക്തമായ ശാഖകൾ സ്ഥാപിക്കുകയുണ്ടായി. 1954-ൽ ശീശക്‌ലി സ്ഥാനഭ്രഷ്ടനായ ശേഷമാണ് അദ്ദേഹം സിറിയയിലേക്ക് മടങ്ങിയത്. 1947-ൽ *അൽമനാർ* എന്ന പത്രം പ്രസിദ്ധീകരിച്ചെങ്കിലും, പിൽക്കാലത്ത് പ്രസിദ്ധീകരണം മുടങ്ങി. 1955-ൽ 'അശ്ശിഹാബ്' പത്രത്തിന്റെ നടത്തിപ്പിൽ പങ്കുവഹിച്ചു. അതേവർഷം അദ്ദേഹം സിറിയയിൽനിന്ന് പ്രസിദ്ധീകരണമാരംഭിച്ച 'അൽമുസ്‌ലിമൂനാ'ണ് പിന്നീട് 'ഹദാറതുൽ ഇസ്‌ലാമാ'യി മാറിയത്. പ്രധാന കൃതികൾ: *ഹാകദാ അല്ലമത്നീ അൽഹയാത് (ഇങ്ങനെയാണ് ജീവിതം എന്നെ പഠിപ്പിച്ചത്), ഇശ്തിറാകിയ്യതുൽഇസ്‌ലാം(ഇസ്‌ലാമിലെ സോഷ്യലിസം), അൽമർഅതു ബയ്നൽ ഫിഖ്ഹി വൽഖാനൂൻ(സ്ത്രീ ഇസ്‌ലാമിക നിയമങ്ങൾക്കും ഗവൺമെന്റ് നിയമങ്ങൾക്കുമിടയിൽ), അസ്സുന്നതു വ മകാനതുഹാ ഫിത്തശ്‌രീഇൽ ഇസ്‌ലാമി(പ്രവാചക ചര്യയും ഇസ്‌ലാമിക നിയമ നിർമാണത്തിൽ അതിനുള്ള സ്ഥാനവും), മിൻ റവായിഇ ഹദാറാതുനാ (ഇസ്‌ലാമിക നാഗരികത ശോഭന ചിത്രങ്ങൾ), അബൂഹുറയ്റ ബയ്നൽമുഹിബ്ബീന വൽമുബ്ഗിദീൻ (അബൂഹുറയ്റ-സ്നേഹിക്കുന്നവരുടേയും വെറുക്കുന്നവരുടേയുമിടയിൽ).*

# വിവർത്തകക്കുറിപ്പ്

•

ഇസ്‌ലാമിക നാഗരികത ഉയർത്തിപ്പിടിച്ച മൂല്യങ്ങളെയും, നിലനിൽക്കുന്ന അടിസ്ഥാനങ്ങളെയും, നൽകിയ സംഭാവനകളെയും പണ്ഡിതോചിതം പരിചയപ്പെടുത്തുന്ന ഉത്തമ ഗ്രന്ഥമാണ് ഡോക്ടർ മുസ്ത്വഫസ്സിബാഇ യുടെ *മിൻ റവാഇഇ ഹദാറതിനാ.* അതിന്റെ സ്വതന്ത്രപരിഭാഷയാണ് *ഇസ്‌ലാമിക നാഗരികത ശോഭന ചിത്രങ്ങൾ.* പദാനുപദ തർജമക്കുപ കരം ആശയവിവർത്തന രീതിയാണിതിൽ സ്വീകരിച്ചത്. മലയാളികൾക്ക് വേണ്ടത്ര പ്രയോജനകരമോ പ്രസക്തമോ അല്ലാത്തതിനാൽ അവസാന അധ്യായം ഒഴിവാക്കിയിട്ടുണ്ട്.

ദിഗന്തങ്ങളെ പ്രശോഭിപ്പിച്ച ഉജ്ജ്വല നാഗരികതയുടെ നിർമാതാക്ക ളായ മുസ്‌ലിംകൾ നൂറ്റാണ്ടുകളോളം കുഴിയാനകളെപ്പോലെ പിന്നോട്ടു നടന്ന് പുരോഗതിയുടെ പാതയിൽ നിന്നുപോലും പുറന്തള്ളപ്പെട്ട പതി താവസ്ഥയിലാണിന്ന്. സമൂഹ ചൈതന്യത്തെ ഉത്തേജിപ്പിച്ച് കർമപഥ ത്തിലേക്ക് നയിക്കാൻ സഹായകമായ പൈതൃകബോധംപോലും അവർക്കിന്ന് നഷ്ടപ്പെട്ടിരിക്കുന്നു. ചരിത്രത്തിൽ നിന്നു പുറന്തള്ളപ്പെട്ട മുസ്‌ലിംകൾക്ക് തങ്ങളുടെ ഗതകാല ചരിത്രത്തെ സംബന്ധിച്ച ധാരണ കൂടി നഷ്ടപ്പെട്ടിരിക്കുന്നു. ഈ അവസ്ഥയിൽനിന്ന് അവരെ രക്ഷിക്കാനും ചരിത്രത്തിന്റെ നിർണായകമായ ദശാസന്ധികളിൽ ഇസ്‌ലാമിക നാഗരി കത നൽകിയ അമൂല്യ സംഭാവനകളനുസ്മരിപ്പിക്കാനുമാണ് ഗ്രന്ഥ കാരനിവിടെ, കൊടിയ ശത്രുക്കൾക്കുപോലും മറച്ചുവെക്കാൻ കഴിയാ ത്തവിധം ജ്വലിച്ചുനിൽക്കുന്ന ഒട്ടേറെ ആശയങ്ങൾക്കും സംഭവങ്ങൾക്കും അക്ഷരങ്ങളുടെ കവചമണിയിക്കുന്നത്. പഴങ്കഥകൾ പറഞ്ഞ് പൊങ്ങച്ചം പ്രകടിപ്പിക്കാനല്ല; നഷ്ടബോധത്തിന്റെ തീവ്രവ്യഥയിൽനിന്ന് കർമചൈ തന്യത്തിന്റെ കരുത്ത് വിരിയിച്ചെടുക്കാനാണ് മുസ്ത്വഫസ്സിബാഇ ഇതി ലൂടെ ശ്രമിക്കുന്നത്.

പ്രമുഖ പണ്ഡിതനും ഗവേഷകനുമായ ടി.ബി. ഇർവിംഗിന്റെ 'ലോക നാഗരികതക്ക് ഇസ്‌ലാമിന്റെ സംഭാവനകൾ' എന്ന പ്രൗഢമായ പഠനവും ലോക നാഗരികതക്ക് ഇസ്‌ലാം നൽകിയ സംഭാവനകളെ സ്വതന്ത്ര ചിന്ത കരും ചരിത്രകാരൻമാരും എങ്ങനെ വിലയിരുത്തിയെന്നതിലേക്ക് വെളിച്ചം വീശുന്ന 'ഇസ്‌ലാം: നാഗരികതയുടെ വിളഭൂമി' എന്ന ലേഖനവും അനു ബന്ധമായി ചേർത്തിട്ടുണ്ട്.

സർവ ശക്തനായ അല്ലാഹു ഇത് സൽക്കർമമായി സ്വീകരിച്ച് പര ലോകത്ത് പ്രതിഫലം നൽകുമാറാകട്ടെ.

മേരിക്കുന്ന്

**ശൈഖ് മുഹമ്മദ് കാരകുന്ന്**

16-06-1407 (15-02-1987)

## ശൈഖ് മുഹമ്മദ് കാരകുന്ന്

**1950** ജൂലൈ 15-ന് മഞ്ചേരിക്കടുത്ത കാരകുന്നിലെ പുലത്ത് ജനിച്ചു. പിതാവ് പുലത്ത് മുഹമ്മദ് ഹാജി. മാതാവ് ആമിന. പുലത്ത് പ്രൈമറി സ്കൂൾ, കാരകുന്ന് എ.യു.പി സ്കൂൾ, മഞ്ചേരി ഗവ. ഹൈസ്കൂൾ, ഫറൂഖ് റൗദതുൽ ഉലൂം അറബിക് കോളേജ്, കോഴിക്കോട് എൽ.ടി.ടി സെന്റർ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. മൊറയൂർ വി.എച്ച്.എം ഹൈസ്കൂളിലും എടവണ്ണ ഇസ്ലാഹിയ ഓറിയന്റൽ ഹൈസ്കൂളിലും അധ്യാപകനായിരുന്നു. ദീർഘകാലം ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ ജമാഅത്തെ ഇസ്ലാമി കേന്ദ്ര പ്രതിനിധി സഭയിലും കേരള കൂടിയാലോചന സമിതിയിലും അംഗമായതോടൊപ്പം കേരള അസിസ്റ്റന്റ് അമീർ, ഡയലോഗ് സെന്റർ കേരള ഡയറക്ടർ എന്നീ സ്ഥാന ങ്ങളും വഹിക്കുന്നു. വിവർത്തനങ്ങൾ ഉൾപ്പെടെ അറുപത്തിയാറ് കൃതികളുടെ കർത്താവാണ്. ഏറ്റവും മികച്ച രചനക്കുള്ള അഞ്ച് അവാർഡുകൾ നേടിയിട്ടുണ്ട്. ഭാര്യ: ജമാഅത്തെ ഇസ്ലാമി വനിതാ വിഭാഗം സംസ്ഥാന സെക്രട്ടറി ആമിന ഉമ്മു അയ്മൻ. മക്കൾ: അനീസ് മുഹമ്മദ്, ഡോ. അലീഫ് മുഹമ്മദ്, ഡോ. ബാസിമ, അയ്മൻ മുഹമ്മദ്.

# ആമുഖം

•

ഭൗതിക പുരോഗതിയിലും ശാസ്ത്രീയ കണ്ടുപിടിത്തങ്ങളിലും ആധുനിക യുഗം കഴിഞ്ഞ കാലഘട്ടങ്ങളേക്കാളെല്ലാം മികച്ചുനിൽക്കുന്നു. എന്നിട്ടും പടിഞ്ഞാറൻ നാടുകളിലെ സാമൂഹികശാസ്ത്രജ്ഞന്മാരും മനോവിജ്ഞാനികളും വൈദ്യവിദ്വാന്മാരും, വിപൽക്കരമാംവിധം വർധിച്ചുവരുന്ന ഞരമ്പുരോഗങ്ങളെക്കുറിച്ച് വിഭ്രാന്തരാണ്. ലോകത്തെ ആകപ്പാടെ അസ്വസ്ഥതയും അമ്പരപ്പും ആവരണം ചെയ്തിരിക്കുന്നു. അതിനാൽ ആധുനിക നാഗരികത നേടിക്കൊടുത്ത ജീവിതസൗകര്യങ്ങളുടെയും ക്ഷേമൈശ്വര്യങ്ങളുടെയും ആനന്ദം ആളുകൾക്ക് അപ്രാപ്യമായിരിക്കുന്നു; പരിഷ്കൃതനാടുകളിൽ വിശേഷിച്ചും. മഹത്തായ ശാസ്ത്രീയനേട്ടങ്ങളുടെ ഫലമായി മുഴുവൻ മനുഷ്യരാശിക്കും ലഭിക്കുന്ന സൗഭാഗ്യങ്ങളെസ്സംബന്ധിച്ച് 19-ാം നൂറ്റാണ്ടിലെ ചിന്തകന്മാരും ശാസ്ത്രകാരന്മാരും പുലർത്തിയിരുന്ന സകല സുന്ദരസ്വപ്നങ്ങളും പാഴ്ക്കിനാവുകളായി പരിണമിച്ചിരിക്കുന്നു.

ആസ്വാദന മാർഗങ്ങൾ അനായാസമാകുന്നതിനനുസരിച്ച് അസ്വാസ്ഥ്യങ്ങളും അസന്തുഷ്ടികളും അധികരിക്കുകയാണ്. ജീവിതനിലവാരം മെച്ചപ്പെട്ട നാടുകളിലെ മനോരോഗങ്ങളുടെ തോത് പിന്നാക്ക പ്രദേശങ്ങളെ അപേക്ഷിച്ച് വളരെക്കൂടുതലാണ്. ഈ വിഷയത്തിൽ അമേരിക്കയിലെ സ്ഥിതിവിവരക്കണക്കുകൾ വസ്തുത വ്യക്തമാക്കാൻ പര്യാപ്തമത്രെ.

ആളുകളെ അടിപ്പെടുത്തുന്ന അസ്വാസ്ഥ്യം ഒന്നും രണ്ടും ലോകയുദ്ധങ്ങൾകൊണ്ടോ മൂന്നാമത്തേതിന്റെ മുന്നൊരുക്കംകൊണ്ടോ മാത്രമുണ്ടായതല്ല. അതിന്റെ ആവിർഭാവം അഭിനവനാഗരികത സ്വന്തം അരുമമക്കൾക്ക് ഒരുക്കിക്കൊടുത്ത മാനസിക പശ്ചാത്തലത്തിൽനിന്നാണ്. സാമ്രാജ്യത്വത്തിന്റെ സാന്നിധ്യംകൊണ്ടു മാത്രവുമല്ല അതുണ്ടാകുന്നത്. സാമ്രാജ്യത്വത്തിന്റെ കീഴെ മർദിത ജനത അസഹ്യമായ അസ്വസ്ഥതകളനുഭവിക്കുന്നുണ്ടെന്നത് അനിഷേധ്യംതന്നെ; എങ്കിലും സാമ്രാജ്യത്വത്തിന്റെ പിടിത്തത്തിൽപ്പെടാത്ത ജനവിഭാഗങ്ങളെയും അസംതൃപ്തി

അടക്കിവാഴുന്നുണ്ട്. എന്തിനധികം, സാമ്രാജ്യത്വത്തിന്റെ ഗുണഭോക്താക്കൾപോലും അതിൽനിന്ന് മുക്തരല്ല.

ചുരുക്കത്തിൽ, വിഭിന്നങ്ങളായ ആധുനിക സാമൂഹിക ജീവിതവ്യവസ്ഥകൾ സ്വീകരിച്ച സകല സ്ഥലങ്ങളിലും അസ്വസ്ഥതകളുണ്ട്. പടിഞ്ഞാറൻനാടുകൾ, പൗരസ്ത്യരാജ്യങ്ങൾ, സോവിയറ്റ് യൂനിയൻ എന്നുവേണ്ട, ഒരു പ്രദേശവും ഇതിൽനിന്നൊഴിവല്ല. നാഗരികത പ്രാപിച്ച സമൂഹങ്ങൾക്കിടയിൽ വർധിച്ചുവരുന്ന ആത്മഹത്യകൾ അതാണ് തെളിയിക്കുന്നത്. സ്കാൻഡിനേവിയൻ രാജ്യങ്ങളെ(നോർവേ, സ്വീഡൻ, ഡന്മാർക്) പോലെ ഏറ്റവുമധികം സാമ്പത്തികവും നാഗരികവുമായ പുരോഗതി പ്രാപിച്ചവ എന്നു ഗണിക്കപ്പെടുന്ന പ്രദേശങ്ങളിലാണിത് സംഭവിക്കുന്നതെന്നതത്രെ ഏറെ അദ്ഭുതകരം. തങ്ങളനുഭവിക്കുന്ന സുഖസമ്പൂർണമായ ജീവിതത്തിൽ മടുപ്പുതോന്നുന്നതിനാലാണ് അവിടങ്ങളിലെ ആളുകൾ ആത്മഹത്യയിലഭയം തേടുന്നതെന്ന വസ്തുത അതിലേറെ വിചിത്രമാകുന്നു.

യഥാർഥത്തിൽ ഈ അസ്വാസ്ഥ്യവും ധർമഭ്രംശവും ആധുനിക പാശ്ചാത്യനാഗരികതയുടെയും അവിടങ്ങളിൽ നിലനിൽക്കുന്ന തത്ത്വശാസ്ത്രങ്ങളുടെയും സൃഷ്ടിയാണ്.

## പാശ്ചാത്യനാഗരികത

സ്പെയിനിലെയും ഇതര ഇസ്‌ലാമിക രാജ്യങ്ങളിലെയും സ്ഥാപനങ്ങളിലൂടെ ഇസ്‌ലാമിക നാഗരികതയുമായുണ്ടായ സമ്പർക്കത്തിൽനിന്നാണ് പാശ്ചാത്യ നാഗരികത രൂപംപ്രാപിച്ചതെന്ന വസ്തുത അനിഷേധ്യമാണല്ലോ. മുസ്‌ലിം ചിന്തകന്മാർക്കും ദാർശനികന്മാർക്കും ഗ്രീക്ക് തത്വശാസ്ത്രങ്ങളോട് അതിയായ ആഭിമുഖ്യമുണ്ടായിരുന്നു. സമർഥരായ പാശ്ചാത്യ വിദ്യാർഥികൾ അറബികളിൽ നിന്ന് ഗ്രീക്ക് തത്ത്വചിന്തയും ഗ്രന്ഥങ്ങളും സ്വായത്തമാക്കി. ആദ്യമൊക്കെ ചർച്ച് മേധാവികൾ രൂക്ഷമായി എതിർത്തിരുന്നു; എങ്കിലും അവർ എല്ലാം അവഗണിച്ച് പഠനത്തിൽ മുഴുകി. തുടർന്ന് പടിഞ്ഞാറൻ മനസ്സുകൾ വിശാലങ്ങളായി. ചർച്ചുകൾ പ്രചരിപ്പിക്കുന്ന ചിന്തകൾക്കും വിജ്ഞാനങ്ങൾക്കും വിരുദ്ധമാണ് വസ്തുതകളെന്ന് അവർക്ക് ബോധ്യമായി. ഫലം, ചർച്ചും ശാസ്ത്രവും തമ്മിലുള്ള സുദീർഘമായ സംഘട്ടനമായിരുന്നു. ശാസ്ത്രജ്ഞന്മാരും ദാർശനികരും പലതരം പീഡനങ്ങളനുഭവിച്ചു. കാരാഗൃഹങ്ങൾക്കും നാടുകടത്തലുകൾക്കും മതഭ്രഷ്ടുകൾക്കും അവർ വിധേയരായി. എങ്കിലും അവസാനം, ചർച്ചുകളുടെ മേൽ ശാസ്ത്രം വിജയംവരിക്കുകയാണുണ്ടായത്. അതോടെ പ്രശ്നം അവസാനിക്കുകയും ചെയ്തു.

അങ്ങനെ, വ്യക്തമായ രണ്ട് മുഖമുദ്രകളോടെ പാശ്ചാത്യ നാഗരികത രണ്ട് കാലുകളിൽ നിലയുറപ്പിച്ചു. ഗ്രീക്ക് തത്ത്വചിന്തയുടെയും അതിന്റെ ഭൗതികവും വിഗ്രഹാരാധനാപരവുമായ സമീപനത്തിന്റെയും

മുദ്രയാണ് അവയിലൊന്ന്. രണ്ടാമത്തേത്, മതത്തോടും അതിന്റെ സ്വാധീനതകളോടും മതക്കാരോടുമുള്ള കടുത്ത ശത്രുതയുടെ മുദ്രയും. ഈ രണ്ട് പ്രചോദനങ്ങളുടെയും പ്രതിഫലനങ്ങൾ നിറഞ്ഞ അഭിപ്രായങ്ങളാണ് പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ പാശ്ചാത്യ ചിന്തകരിൽ നിന്ന് പുറത്തു വന്നത്. ഇന്നോളം പാശ്ചാത്യ വിചാരവിഹായസ്സിനെ അടക്കിവാണ ധാർമികവും ദാർശനികവുമായ മുഴുവൻ ചിന്താപ്രസ്ഥാനങ്ങളും അവ രണ്ടിന്റെയും തണലിലാണ് തഴച്ചുവളർന്നത്.

ഭൗതികമാത്രമായ അടിത്തറയിലാണ് പടിഞ്ഞാറൻ നാഗരികത നിലനിൽക്കുന്നത്. അത് മതത്തിന്റെ ആത്മീയതയിൽ നിന്നും മനുഷ്യമനസ്സുകളിലുള്ള അതിന്റെ സ്വാധീനതയിൽനിന്നും മുക്തമത്രെ. അങ്ങനെ പാശ്ചാത്യരുടെ മേൽ മതത്തിന്റെ പിടിത്തം അൽപാൽപമായി നഷ്ടപ്പെട്ടുകൊണ്ടിരുന്നു. തദ്ഫലമായി തങ്ങളിപ്പോൾ ആഴമേറിയ കുഴിയിലും അഗാധമായ അസ്വാസ്ഥ്യത്തിലുമാണെന്ന് അവർക്കുതന്നെ അറിയാം. അവരുടെ ചിന്തകന്മാരും ബുദ്ധിജീവികളും തങ്ങൾക്ക് കൈമോശംവന്ന മതചൈതന്യംവീണ്ടെടുക്കണമെന്നാഗ്രഹിക്കുന്നു. എന്നാൽ അവർക്കതെങ്ങനെ സാധിക്കും? വൃക്ഷം വേരുറക്കുകയും ഫലങ്ങളുൽപാദിപ്പിക്കുകയും ചെയ്തുകഴിഞ്ഞില്ലേ!

ദൈവികമായ ഏതു മതത്തിന്റെയും സവിശേഷത അതിന്റെ അനുയായികൾക്കത് മനസ്സമാധാനവും സ്വസ്ഥതയും സംഭാവനചെയ്യുന്നുവെന്നതാണ്. മതമവർക്ക് ജീവിതത്തിന്റെ ഭാരം ലഘൂകരിച്ചുകൊടുക്കുന്നു. വേദനകൾക്ക് ശമനം നൽകുന്നു. വികാരങ്ങളെ നിയന്ത്രിക്കുന്നു. ആഗ്രഹങ്ങൾക്ക് കടിഞ്ഞാണിടുന്നു. അറേബ്യൻ നാഗരികത പുഷ്പിച്ച് പ്രശോഭിതമായപ്പോൾ ഇസ്‌ലാം അതാണ് സാധിച്ചത്. എന്നാൽ പാശ്ചാത്യനാഗരികത ശുദ്ധമായ ദൈവിക സന്ദേശങ്ങളുൾക്കൊള്ളുന്ന മതത്തെ പൊതുജീവിതത്തിന്റെ ആധാരശിലകളിൽനിന്ന് അടർത്തിയെടുത്തപ്പോൾ സ്വന്തം സന്താനങ്ങൾക്ക് എന്തൊരു ദുരന്തമാണത് വരുത്തിവെച്ചത്! വ്യക്തികളുടെയും സമൂഹങ്ങളുടെയും അന്തരംഗത്ത് ആശയും ആവേശവും ത്യാഗസന്നദ്ധതയും കാരുണ്യവികാരവുമുണർത്തിവിടുന്ന ആയുധം എവ്വിധമാണവർ പാഴാക്കിയത്!

## ഒരേ തൂവലുള്ള രണ്ടു പക്ഷികൾ

പാശ്ചാത്യൻ നാഗരികതയുടെയും, പ്രാരംഭഘട്ടത്തിൽ അത് അഭിമുഖീകരിക്കുകയും സംഘട്ടനത്തിലേർപ്പെടുകയും ചെയ്ത മതത്തിന്റെയുമിടയിൽ വിധി പറയുകയല്ല നാമിവിടെ ചെയ്യുന്നത്; സമൂഹത്തിന് സൗഭാഗ്യം സംഭാവന ചെയ്ത് മനുഷ്യമനസ്സുകളിൽ സമാധാനം വിതറുന്നതിൽ പടിഞ്ഞാറൻ നാഗരികത പരാജയപ്പെടാനുണ്ടായ കാരണങ്ങളിലേക്ക് വെളിച്ചം വീശുക മാത്രമാണ്. തങ്ങളുമായി ഏറ്റുമുട്ടിയ മതത്തെ കൈയൊഴിച്ച് മുന്നോട്ടു നീങ്ങാനത് നിർബന്ധിതമായി. എന്നാൽ, പ്രദീ

പ്തമായ ചൈതന്യത്തിന്റെ തലോടലിലൂടെയും സജീവമായ മനസ്സാക്ഷിയുടെ മന്ദഹാസത്തിലൂടെയും ആശ്വാസമേകുന്ന മറ്റൊരു മതത്തെ തേടിയതുമില്ല. എന്നല്ല, അതിന്റെ തണൽ ആസ്വദിക്കാതെത്തന്നെ സ്വയം മുന്നോട്ടു പോകാൻ സാധിക്കുമെന്ന് അത് തെറ്റിദ്ധരിച്ചു. സ്വന്തം അനുയായികളുടെ മേൽ ഈ ഭൗതികവത്കൃത നാഗരികത കെട്ടിയേൽപിച്ച കടുത്ത യാതനകളുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് ഭരണകൂടങ്ങളുമായി സഹകരിക്കാൻ മിക്ക പാശ്ചാത്യ രാജ്യങ്ങളിലെയും ചർച്ചുകൾ ഇന്ന് ആത്മാർഥമായാഗ്രഹിക്കുന്നുണ്ട്. ഞാൻ നേരിൽക്കണ്ട പടിഞ്ഞാറൻ നാടുകളിലെല്ലാം അതിന്റെ വിവിധ സ്വരങ്ങളും വ്യത്യസ്ത സൂചനകളും അനുഭവപ്പെടുകയുണ്ടായി.

ഇപ്പോൾ സ്വിറ്റ്സർലന്റ് സന്ദർശിക്കുന്നവർക്ക് സർവസാധാരണമായി കാണാവുന്ന ഒരു കാഴ്ചയുണ്ട്. ചർച്ചുകൾ രൂപം നൽകിയ 'ശാന്തിസേന'യിലെ അംഗങ്ങൾ ഞായറാഴ്ചകളിൽ വാദ്യസംഗീതങ്ങളോടെ പ്രധാന മൈതാനങ്ങളും  പാർക്കുകളും പ്രദക്ഷിണം ചെയ്യുന്നു. ഈ സംഘത്തിൽ യുവാക്കളും യുവതികളും കുട്ടികളും വൃദ്ധന്മാരുമൊക്കെ ഉണ്ടായിരിക്കും. അവർ മതകീർത്തനങ്ങൾ സംഗീതസാന്ദ്രമായി ആലപിക്കുന്നു. താൽപര്യമുള്ള പ്രേക്ഷകരെല്ലാം അവർക്ക് ചുറ്റും ഒരുമിച്ചുകൂടുകയും അത് ശ്രദ്ധിക്കുകയും ചെയ്യുന്നു.

ലണ്ടനിലെ ഹൈഡ്പാർക്ക് സന്ദർശിക്കുന്നവർക്ക്  സ്വതന്ത്രമായ പ്രഭാഷണം നടക്കുന്ന വേദികൾ കാണാം; ഞായറാഴ്ചകളിൽ വിശേഷിച്ചും. ചർച്ചുകളിൽനിന്നുള്ള സുവിശേഷകരും പ്രഭാഷകരുടെ കൂട്ടത്തിലുണ്ടാവും. സാധ്യമാവുന്നത്ര ഉയർന്ന സ്വാധീനമാർഗങ്ങളുപയോഗിച്ച് ഭൂരിപക്ഷം പേരെയും ആകർഷിച്ചെടുക്കാനവർ ശ്രമിക്കുന്നു. സിനിമാശാലകൾ നിറഞ്ഞുനിൽക്കുന്ന സ്ഥലങ്ങളിൽ ഇരുമ്പുകൊണ്ടുണ്ടാക്കിയ പ്രസംഗപീഠത്തിൽ കയറിനിൽക്കുന്ന ഒരാളെക്കാണാം. അയാളുടെ കൂട്ടുകാരനായിരിക്കും പ്രസ്തുത പീഠം ചുമക്കുന്നത്. പ്രഭാഷകൻ ജനങ്ങളെ ഉപദേശിക്കുകയും മതകാര്യങ്ങൾ അവർക്ക് വിശദീകരിച്ചു കൊടുക്കുകയും ചെയ്യും. ഒരു ദിവസം രാത്രി വഴിമധ്യേയുള്ള സിനിമാശാലയുടെ വാതിൽക്കൽ നിന്നുകൊണ്ട് ജനങ്ങളെ ഉപദേശിക്കുകയും സദാചാരവിധ്വംസകങ്ങളായ സിനിമാശാലകളെ സംബന്ധിച്ച് അവരെ ബോധവാന്മാരാക്കുകയും ചെയ്യുന്ന ഒരാളെ എനിക്ക് നേരിൽ കാണാൻ കഴിഞ്ഞു. ആരുടെയും ശ്രദ്ധയാകർഷിക്കുമാറ് അത്യുച്ചത്തിലാണ് അയാൾ സംസാരിച്ചുകൊണ്ടിരുന്നത്. പോലീസ് അത് കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ആരും അയാളെ എതിർത്തിരുന്നില്ല. എന്നല്ല, ചിലരെല്ലാം അത് ശ്രദ്ധിക്കുന്നുമുണ്ടായിരുന്നു. എങ്കിലും, അയാളുടെ സംസാരത്താൽ സ്വാധീനിക്കപ്പെട്ട് സിനിമയിൽനിന്നു പിന്തിരിഞ്ഞ ഒരാളെയും കാണാനെനിക്ക് കഴിഞ്ഞില്ല.

എല്ലാ ചർച്ചുകൾക്കും ഓരോ സമ്മേളനഹാളുണ്ടാവുകയെന്ന സമ്പ്ര

ദായം യൂറോപ്പിലും അമേരിക്കയിലും ഇന്നു സാധാരണമായിരിക്കുന്നു. നൃത്തങ്ങൾക്കും വിനോദ പരിപാടികൾക്കും സമ്മേളനങ്ങൾക്കും യുവതീയുവാക്കൾ അവിടെ ഒത്തുകൂടുന്നു. ചർച്ചിന്റെ ഭാഗമായി അതിനോടു ചേർന്നുള്ള ഇത്തരമൊരു സദസ്സ് യൂറോപ്പിൽ ഞാൻ സന്ദർശിക്കുകയുണ്ടായി. നൃത്തനൃത്യങ്ങൾക്കും കളിവിനോദങ്ങൾക്കും മറ്റുമുള്ള ഇതര സദസ്സുകളിൽനിന്ന് ഒട്ടും ഭിന്നമായിരുന്നില്ല അത്. അതിന്റെ ഡയറക്ടർ എനിക്ക് സദസ്സുകളുടെ സ്ഥിതിഗതികളും സവിശേഷതകളും പരിപാടികളും വിശദീകരിച്ചുതന്നു. അപ്പോൾ, അവിടെ ഒത്തുകൂടുന്നവർക്ക് മതപരമായ ഉപദേശനിർദേശങ്ങൾ നൽകാറുണ്ടോ എന്നു ഞാൻ അദ്ദേഹത്തോട് അന്വേഷിച്ചു. മറുപടി നിഷേധരൂപത്തിലായിരുന്നു. ചർച്ചുകളുമായി ഒരു ബന്ധവുമില്ലാത്ത സദസ്സുകളുടെ അതേ നിലപാടാണ് ഇവിടെയുമെങ്കിൽ ഇതിനുവേണ്ടി ധനം വിനിയോഗിക്കുകവഴി ചർച്ചിന് എന്താണ് നേട്ടം എന്നു ഞാൻ ചോദിച്ചു. യുവതീയുവാക്കൾ സമ്മേളന സ്ഥലത്തേക്ക് വരുമ്പോൾ ചർച്ചിന്റെ മുന്നിലൂടെ നടക്കുകയും അതിനെ ഓർക്കുകയും ചെയ്യുകയെന്നതുതന്നെ മതിയായ നേട്ടമാണെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി!

ചില യൂറോപ്യൻ നാടുകളിലെ ഹോട്ടലുകളിൽ താമസിക്കുന്നവർക്ക് തങ്ങളുടെ കട്ടിലുകൾക്കരികെ ഒരു പുസ്തകം കാണാം. 'വേദഗ്രന്ഥ സുഹൃൽ സംഘം'(Association of Lovers of the Holly Bible) വകയാണത്. ഉറങ്ങുന്നതിനുമുമ്പും ഉണർന്നശേഷവും അത് വായിക്കുകവഴി തന്റെ മതത്തെയും വിശ്വാസത്തെയും ഓർക്കുവാൻവേണ്ടിയാണ് അവരത് സമ്മാനിക്കുന്നത്.

യൂറോപ്പിലെ അധിക സർവകലാശാലകളിലും ക്രൈസ്തവവിദ്യാർഥികളുടെ സംഘടനകൾ ഉണ്ട്. അവർ വാരാന്തയോഗങ്ങൾ നടത്തുന്നു. ചർച്ചിലെ ഏതെങ്കിലും ഉത്തരവാദപ്പെട്ട വ്യക്തികൾ അവരോട് പ്രസംഗിക്കുകയും മതതത്ത്വങ്ങളും സിദ്ധാന്തങ്ങളും അവർക്ക് വിവരിച്ചുകൊടുക്കുകയും ചെയ്യുന്നു. ചില വിദ്യാർഥികളെല്ലാം സുവിശേഷകരുമായി വിവാദത്തിലേർപ്പെടാറുമുണ്ട്.

പശ്ചിമജർമനിയിലെ ഭരണകൂടം ചർച്ചിന്റെ പേരിൽ പൗരന്മാരിൽനിന്ന് പ്രത്യേക നികുതി പിരിക്കാറുണ്ട്. മതപ്രചാരണാർഥമുള്ള പരിപാടികൾ സംഘടിപ്പിക്കാൻ ചർച്ചിനെ സഹായിക്കലാണ് ലക്ഷ്യം. ജർമനിയിലെ കോളോൺ സർവകലാശാലയിലെ ആശുപത്രിയിലായിരുന്നു ഞാൻ. എന്റെ മുറിയുടെ മുന്നിൽ കട്ടിലിനഭിമുഖമായി തോട്ടത്തിൽ ഓടുകൊണ്ടുള്ള വലിയൊരു കുരിശു സ്ഥാപിച്ചിരുന്നു. ആശുപത്രിയിലെ മുഴുവൻ മുറികളുടെ മുമ്പിലും ഇതുപോലുള്ളവ കാണാമായിരുന്നു. മാനേജരുടെയും ഡോക്ടർ മാരുടെയും മുറികളുടെ മുൻവശവും അതിൽനിന്നൊഴിവായിരുന്നില്ല. ഞാൻ അതിന്റെ രഹസ്യമന്വേഷിച്ചപ്പോൾ, ജനങ്ങളിൽ

മതത്തെസ്സംബന്ധിച്ച സ്മരണ നിലനിർത്താനായി ചർച്ചുകൾ നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമാണവയെന്ന് അറിയാൻ കഴിഞ്ഞു. ആശുപത്രി സർവകലാശാലയുടെ കീഴിലാണെന്നും ചർച്ചുമായി അതിന് ഒരു ബന്ധ വുമില്ലെന്നും ഓർക്കേണ്ടതുണ്ട്.

ഹോളിവുഡ് ഇപ്പോൾ ശ്രദ്ധേയങ്ങളായ നിരവധി മതചിത്രങ്ങൾ പുറ ത്തിറക്കിക്കൊണ്ടിരിക്കുന്നു എന്ന വസ്തുതയും വിസ്മരിക്കാവതല്ല.

യൂറോപ്പിൽ വളരെയേറെ പ്രചരിച്ചുകഴിഞ്ഞ 'ധാർമിക പുനരായു ധീകരണ സംഘങ്ങളെ'ക്കുറിച്ച്(Moral Re-armament Organizations) നമ്മില ധിക പേരും കേട്ടിരിക്കും. മധ്യപൗരസ്ത്യ നാടുകളിലേക്കും വിദൂരപൗരസ്ത്യ പ്രദേശങ്ങളിലേക്കും അവർ ചില സന്ദർശനങ്ങൾ സംഘടിപ്പിച്ചിരുന്നു. കൈറോയും അതിലുൾപ്പെട്ടിരുന്നു. സിറ്റ്സർലന്റിൽ സുസാൻ നഗരത്തിനടുത്തുള്ള അവരുടെ കേന്ദ്രം ഞാൻ സന്ദർശിക്കു കയുണ്ടായി. കാരുണ്യം, നീതി, ശ്രേഷ്ഠത എന്നീ ഗുണങ്ങൾ ആർജി ക്കാനാണ് പ്രത്യക്ഷത്തിൽ അവരാഹ്വാനം ചെയ്യുന്നത്.

പാശ്ചാത്യ രാജ്യങ്ങളിലെ മതപരവും ധാർമികവുമായ നവോന്മേഷ പ്രകടനങ്ങളിൽ ചിലതാണിവ; തങ്ങളുടെ നാഗരികത സൃഷ്ടിച്ച പ്രയാ സങ്ങൾ ലഘൂകരിക്കാൻ മതത്തെ പ്രയോജനപ്പെടുത്തുന്നതിനെപ്പറ്റി അവിടത്തുകാർ ചിന്തിച്ചുതുടങ്ങിയതിന്റെ സൂചനകൾ. എന്നാൽ, അവ രുടെ മതമേധാവികളുടെയും സാമൂഹികശാസ്ത്രജ്ഞന്മാരുടെയും കര ങ്ങളിൽനിന്ന് കടിഞ്ഞാൺ പൂർണമായും നഷ്ടപ്പെട്ടിരിക്കുന്നു. അവർക്ക് പാളം പിഴച്ചിരിക്കുന്നു. അതിനാൽ ആ നാഗരികതക്ക് അതിന്റെ സ്വാഭാ വിക നാശം സംഭവിക്കുന്നതുവരെ ഈ ഘോരവിപത്ത് ദിനേന രൂക്ഷത പ്രാപിച്ചുകൊണ്ടേയിരിക്കും.

സാമാന്യജനങ്ങളുടെ ധാർമിക നിലവാരം ഉയർത്താനുള്ള മാർഗ മെന്ന നിലക്ക്, യൂറോപ്പിനെ മതത്തിലേക്കു മടങ്ങാൻ പ്രേരിപ്പിക്കുന്നത് കമ്യൂണിസത്തോടുള്ള വിമുഖതയും അതിന്റെ പ്രചാരണത്തെ സംബ ന്ധിച്ച വിഭ്രാന്തിയുമായിരിക്കും. പക്ഷേ, പടിഞ്ഞാറുകാരിൽ കമ്യൂണി സത്തിന്റെ പ്രവാഹത്തെ പ്രതിരോധിക്കാൻ മതം പര്യാപ്തമല്ലാതായിരി ക്കുന്നു. എന്തുകൊണ്ടെന്നാൽ, മതമിന്നവിടെ ഏറെ ദുർബലമാണ്. പാശ്ചാത്യ സംസ്കാരദർശനങ്ങളുടെ പ്രചാരണഫലമായി അതിനെപ്പറ്റി ആഴത്തിൽ സംശയം ജനിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ സാമ്പ ത്തികവും സാമൂഹികവുമായ പരിപാടികളിലൂടെ കമ്യൂണിസത്തെ പ്രതി രോധിക്കേണ്ടതുണ്ട്. കാരണം, പാശ്ചാത്യ ധൈഷണികതപോലെ ഭൗതി കമാത്രമായ യുക്തിവാദവും പദാർഥത്തെ മാത്രമേ മനസ്സിലാക്കുന്നുള്ളൂ; അതിൽ തൃപ്തിയടയുകയും ചെയ്യുന്നു.

യഥാർഥത്തിൽ കമ്യൂണിസംപോലും ഈ നാഗരികതയുടെ ദുരന്ത

സൃഷ്ടിയും ക്ഷുദ്രസന്തതിയുമത്രെ; പാശ്ചാത്യ സംസ്കാരത്തിന്റെ പാപങ്ങളിൽനിന്ന് ഉടലെടുത്തതും വിപത്തുകളിൽനിന്നു വ്യാപിച്ചതും.

18-ാം നൂറ്റാണ്ടിലാണ് മാർക്സിന്റെയും എംഗൽസിന്റെയും തത്ത്വശാസ്ത്രം ജന്മമെടുത്തത്. ജർമൻകാരനായ ജൂതന്മാരായിരുന്നു അവർ. മനുഷ്യനും അവന്റെ മനസ്സമാധാനത്തിനുമിടയിൽ വമ്പിച്ച വിടവുകളുണ്ടാക്കുകവഴി അവർ കാര്യങ്ങളൊക്കെ കുഴപ്പത്തിലാക്കിയിരിക്കുന്നു. കമ്യൂണിസം ദൈവത്തിലും മരണാനന്തര ജീവിതത്തിലുമുള്ള വിശ്വാസം തകർത്തു. മാനവ ചരിത്രാരംഭം മുതലിന്നോളം മനുഷ്യരാശിയുടെ പൊതു സമാധാനത്തിനാധാരമായി നിലനിന്ന ധാർമികമൂല്യങ്ങളോടുള്ള ആഭിമുഖ്യം ഇല്ലാതാക്കി. നവജാത കമ്യൂണിസ്റ്റ് ആദർശത്തിന് ഒരു രാഷ്ട്രവും ലഭിച്ചു. അനുയായികളുടെ ജീവിതനിലവാരം മുമ്പെന്നത്തേക്കാളുമുയർത്തുന്നതിൽ അത് വിജയിക്കുകയും ചെയ്തു. പക്ഷേ, ഭൗതികമായ തത്ത്വശാസ്ത്രംകൊണ്ട് സ്വന്തം അനുയായികളെപ്പോലും, അവരെ ബാധിച്ച വിവിധതരം അസ്വസ്ഥതകളിൽനിന്നും മാനസികവും സാമൂഹികവുമായ ഭീതികളിൽനിന്നും രക്ഷിക്കാൻ അതിനു കഴിഞ്ഞില്ല. ഇനിയൊട്ടു കഴിയുകയുമില്ല. ഭരണാധികാരികളെ വിമർശിച്ചാൽ തങ്ങളുടെ ഗതി എന്തായിരിക്കുമെന്ന ഭയം പ്രജകളിൽ അത് അടിച്ചേൽപിച്ചിരിക്കുന്നു. കമ്യൂണിസ്റ്റ് പാർട്ടിയിലെ അംഗങ്ങളെ ആവേശിച്ച ഭയം സാധാരണ പൗരന്റേതിനെക്കാൾ അനേകമിരട്ടി കൂടുതലത്രെ. പാർട്ടി അംഗങ്ങൾക്ക് തങ്ങളുടെ പരമോന്നത നേതൃത്വത്തിന്റെ അഭിപ്രായങ്ങളെ ശക്തിയായി പിന്തുണക്കുകയും അന്ധമായി ന്യായീകരിക്കുകയും ചെയ്യാം. അല്ലെങ്കിൽ സ്വന്തം ശവക്കുഴി തേടാം.

ഭയത്തിനും വിഭ്രാന്തിക്കും വിപത്തിനും സ്വാർഥതക്കും ശത്രുതക്കുമെതിരെ മനുഷ്യൻ സൂക്ഷിച്ചുവെച്ചിരുന്ന അവസാനത്തെ ആയുധംകൂടി ദൈവത്തെയും മതത്തെയും നിഷേധിക്കുകവഴി കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം നശിപ്പിച്ചിരിക്കുന്നു. ലോകത്തെങ്ങുമുള്ള അതിന്റെ ഭരണകൂടങ്ങൾ സ്വേച്ഛാധികാരവാഴ്ചയിലൂടെയും ചോരക്കൊതിപൂണ്ട പ്രകോപനങ്ങളിലൂടെയും തങ്ങളുടെ കീഴിലുള്ള പ്രജകളെ ഒരുപറ്റം മനുഷ്യമൃഗങ്ങളാക്കിയിട്ടുണ്ട്. മറ്റ് മാന്യസമൂഹങ്ങൾക്കുള്ളതുപോലെ സ്വതന്ത്രമായ ആഗ്രഹാഭിലാഷങ്ങളോ ഉദാത്തമായ ആദർശങ്ങളോ മഹിതമായ മോഹങ്ങളോ അവർക്കില്ല.

ചുരുക്കത്തിൽ മുതലാളിത്തം, കമ്യൂണിസം എന്നീ ചിറകുകളുപയോഗിച്ച് പാശ്ചാത്യനാഗരികത മനുഷ്യന്റെ സ്വാസ്ഥ്യവും സമാധാനവും സംതൃപ്തിയും കെടുത്തിക്കളഞ്ഞിരിക്കുന്നു. ഭൗതികക്ഷേമൈശ്വര്യങ്ങളെയാണ് അത് അത്യുന്നത ലക്ഷ്യമായി അംഗീകരിക്കുന്നത്. മനുഷ്യന്നത് പ്രാപിക്കാൻ പറ്റിയില്ലെങ്കിൽ പരാജിതനായി ജീവിക്കാം. അവിടെ

യെത്തിച്ചേർന്നാൽ അസ്വസ്ഥതയും മടുപ്പും വിരക്തിയും ഏറ്റുവാങ്ങാം. ആത്മഹത്യയിലൂടെയല്ലാതെ അതൊട്ടവസാനിക്കുകയുമില്ല.

## ചില ശുഭസൂചനകൾ

ആധ്യാത്മികവും സാംസ്കാരികവുമായ മേഖലകളിൽ തങ്ങളുടെ നാഗരികതയെ ബാധിച്ച ദീവാളി പാശ്ചാത്യർക്കിന്ന് ശരിക്കും ബോധ്യമായിരിക്കുന്നു. അവരിലധിക പേരും അന്വേഷണവ്യഗ്രതയോടെ പൗരസ്ത്യരിലേക്ക് തിരിയാൻ തുടങ്ങിയിരിക്കുന്നു. അവരുടെ മതദർശനങ്ങളിൽനിന്ന്, തങ്ങളുടെ ആത്മീയമായ ശൂന്യത നികത്തി മഹിതമായ മനുഷ്യത്വത്തിലേക്ക് നയിക്കുന്ന വല്ലതും ലഭിക്കുമോ എന്നതാണവരുടെ പ്രതീക്ഷ. അതിനാലവർ-വിശിഷ്യാ അമേരിക്കക്കാർ-ബുദ്ധമതവും ബഹായിസവും ആശ്ലേഷിക്കുന്നത് അൽപംപോലും അദ്ഭുതകരമല്ല. എന്നാൽ, ഇസ്‌ലാം പുണരുന്ന പാശ്ചാത്യർ പൊതുവെ രണ്ടു തരക്കാരാണ്- അതിലൂടെ മനഃസംതൃപ്തി നേടുന്നവരും, ആത്മാവിന്റെ അന്തർദാഹം ശമിപ്പിക്കുന്നവരും.

ഫുആദ് (ഇപ്പോഴത്തെ കൈറോ) സർവകലാശാലയിലെ ഇംഗ്ലീഷ് പ്രൊഫസറായിരുന്നു, ആംഗല ഓറിയന്റലിസ്റ്റായ അബൂബക്ർ.* കൈറോവിലെ താമസക്കാലത്താണ് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചത്. ലണ്ടൻ ദേശീയ ഗ്രന്ഥാലയത്തിലെ പൗരസ്ത്യ വിഭാഗത്തിന്റെ കാര്യദർശിയായി അദ്ദേഹം പിന്നീട് സേവനമനുഷ്ഠിക്കുകയുണ്ടായി. തന്റെ ഇസ്‌ലാം ആശ്ലേഷണ കഥ വിവരിക്കവേ ആ നവമുസ്‌ലിം പറയുകയുണ്ടായി: ''പാശ്ചാത്യ നാഗരികത സകലവിധ ശ്രേഷ്ഠതയും സൗന്ദര്യവും വിനഷ്ടമാക്കിയിരിക്കുന്നു.''

ഞാൻ ചോദിച്ചു: "ശ്രേഷ്ഠതയും മാന്യതയും അത് വിനഷ്ടമാക്കിയിരിക്കുന്നുവെന്നതിൽ എനിക്കു സംശയമില്ല. എന്നാൽ സൗന്ദര്യം അങ്ങനെയാണോ? സൗന്ദര്യം സംരക്ഷിക്കുന്ന സമുന്നത നാഗരികതയെന്ന നിലക്കാണല്ലോ ജനങ്ങളതിനെ കാണുന്നത്? പ്രകൃതി, വേഷങ്ങൾ, നഗരങ്ങൾ, ഭവനങ്ങൾ, വനിതകൾ എല്ലാറ്റിന്റെയും സൗന്ദര്യം......"

"ചേതനയുടെ ചേതോഹാരിതയും നൈസർഗികമായ സംവേദനശേഷിയും സൃഷ്ടിയുടെ സൗന്ദര്യവും അത് പൂർണമായും നശിപ്പിച്ചിരിക്കുന്നു" - അദ്ദേഹം തറപ്പിച്ചുപറഞ്ഞു.

1956-ലെ ഗ്രീഷ്മകാലത്ത് ഞാൻ പാരീസിലെ പള്ളിയിൽ ജുമുഅ പ്രസംഗം നിർവഹിക്കുകയായിരുന്നു. പ്രവാചകന്റെ ജന്മദിന സ്മരണകൾ അയവിറക്കവേ ഇസ്‌ലാമിന്റെ കരുണാമയവും നീതിനിഷ്ഠവുമായ

---

* ഓർമക്കുറിപ്പുകളോ മറ്റു രേഖകളോ കൈവശമില്ലാത്ത, വിദൂരദേശത്തുവെച്ചാണ് ഞാനിതെഴുതുന്നത്. അതിനാൽ അദ്ദേഹത്തിന്റെ ആംഗല നാമം ചേർക്കാൻ സാധിക്കുന്നില്ല. കൈറോ യൂണിവേഴ്സറ്റിറ്റി പ്രൊഫസർമാർക്കിടയിൽ പ്രസിദ്ധനാണദ്ദേഹം.

** 1968-ലാണ് ഇതെഴുതുന്നത്.

സന്ദേശത്തെക്കുറിച്ച് ഞാൻ വിശദമായി സംസാരിച്ചു. ഇസ്‌ലാമിന്റെ വിജയങ്ങളിലും ഭരണമേഖലകളിലും അത് എവ്വിധം പ്രകടമായിരുന്നുവെന്ന് വ്യക്തമായി വിവരിക്കുകയും ചെയ്തു. ഒപ്പം അൽജീരിയൻ സമരവും അതിൽ കാണപ്പെടുന്ന രക്തരൂഷിതമായ കൊടുംക്രൂരതകളും എന്റെ നിശിത വിമർശനങ്ങൾക്കു വിധേയമായി. പള്ളിയിലെത്തിയ പലരുമായും പ്രസംഗാനന്തരം ഞാൻ പരിചയപ്പെട്ടു. കൂട്ടത്തിൽ റോമക്കാരനായ മുസ്തഫാ വിൽസനുമുണ്ടായിരുന്നു. അദ്ദേഹം പാരീസിൽ ഇറ്റലിയുടെ രാഷ്ട്രപ്രതിനിധിയായിരുന്നു. പിന്നീട് ഇസ്‌ലാം ആശ്ലേഷിക്കുകയും നയതന്ത്രപ്രവർത്തനങ്ങളുപേക്ഷിക്കുകയും ചെയ്തു. ഇപ്പോൾ** അദ്ദേഹം ആത്മാർഥതയോടും ആദർശതീവ്രതയോടുംകൂടി ഇസ്‌ലാം സ്വീകരിച്ച ഒരുസംഘം ഫ്രഞ്ച് യുവാക്കളുടെ നേതാവാണ്. ആ സംഘത്തെസ്സംബന്ധിച്ച് അധികമാരും അറിയുകയില്ല. ആഴ്ചയിലൊരിക്കൽ അവർ മുസ്തഫയുടെ വീട്ടിൽ ഒത്തുകൂടുന്നു. പൗരസ്ത്യരീതിയിലുള്ള വെള്ള വസ്ത്രങ്ങളാണ് അവരണിയാറുള്ളത്. ചില യുവാക്കളെല്ലാം മനോഹരമായി താടി വളർത്തിയിരിക്കുന്നു. അവർ വിശുദ്ധ ഗ്രന്ഥം വായിക്കുകയും ഇസ്‌ലാമിക പഠനങ്ങളിൽ വ്യാപൃതരാവുകയും ചെയ്യുന്നു. മുസ്തഫാ വിൽസൺ എന്നോടു പറഞ്ഞു: "തങ്ങളുടെ വിജയകരമായ മുന്നേറ്റങ്ങളിൽ മുസ്‌ലിംകൾ പ്രകടിപ്പിച്ച കാരുണ്യത്തെക്കുറിച്ചുള്ള നിങ്ങളുടെ ഭാഷണം ശ്രവിച്ചു. ഇസ്‌ലാമിന്റെ മേൽ പാശ്ചാത്യർ വെച്ചുകെട്ടുന്ന ക്രൂരതയും നിർദയത്വവും നിഷേധിക്കലാവാം നിങ്ങളുടെ ലക്ഷ്യം. എന്നാൽ അതിന് അത്രയൊന്നും പ്രയാസപ്പെടേണ്ടതില്ല. ഓരോ ജനതക്കും ചില പ്രത്യേകതകളുണ്ട്. കാരുണ്യത്തെസ്സംബന്ധിച്ച പാശ്ചാത്യരുടെ കപടമായ പ്രചാരണമാണ് അവരുടെ പ്രകടമായ പ്രത്യേകത."

ഫ്രഞ്ചുകാരായ ഈ യുവമുസ്‌ലിംകളോട് ചില അറബ് സുഹൃത്തുക്കൾ ഇസ്‌ലാമിന്റെ മഹത്ത്വത്തെയും, പുരോഗമന പ്രക്രിയകളോടു രചനാത്മകമായി പ്രതികരിക്കാനും സഹഗമനം ചെയ്യാനുമുള്ള അതിന്റെ സവിശേഷ യോഗ്യതയെയും സംബന്ധിച്ച് സംസാരിക്കുകയുണ്ടായി. ഒരറബ് രാജ്യത്തുവെച്ചാണ് സംസാരിക്കുന്നതെന്നു തോന്നുമാറ് ശക്തിയാർജിക്കുന്നതിന്റെയും ടാങ്കുകൾ നിർമിക്കുന്നതിന്റെയും വിമാനങ്ങൾ സമ്പാദിക്കുന്നതിന്റെയും അനിവാര്യതയും കൂട്ടത്തിൽ അവർ പരാമർശിച്ചു. അപ്പോൾ ഫ്രഞ്ച് യുവാക്കളിലൊരാൾ പറഞ്ഞു: "സഹോദരാ, പടിഞ്ഞാറൻ നാഗരികത പോരാട്ടങ്ങളിലൂടെയും പടക്കോപ്പുകളിലൂടെയും ഞങ്ങളുടെ ഞരമ്പുകളെ തളർത്തിയതിനാലാണ് ഞങ്ങൾ അതിനോട് വിടപറഞ്ഞ് ഇസ്‌ലാമിൽ അഭയം തേടിയത്. ഞങ്ങളുടെ ആത്മാക്കളെ വഹിച്ച്, ഞങ്ങളിലെ മനുഷ്യത്വം നശിപ്പിച്ച്, കേവല ഭൗതികതകൊണ്ട് ദേഹേച്ഛകളെ ഉത്തേജിപ്പിക്കുകയാണത് ചെയ്തത്. അതിനാൽ ഇസ്‌ലാമിന്റെ ആത്മീയ വശം ഞങ്ങൾക്ക് വിവരിച്ചുതരിക. ഞങ്ങൾ മാനുഷിക മഹത്വവും ആത്മശാന്തിയും ദർശിക്കുന്നത് അതിലാണ്."

മസ്തിഷ്കതരംഗങ്ങളെപ്പറ്റി പ്രത്യേക പഠനം നടത്താനായി പാരീസിൽ താമസിക്കുന്ന സ്വിറ്റ്സർലന്റ്കാരി പെൺകുട്ടി ഞങ്ങളോട് പറയുകയുണ്ടായി: "ഞാൻ പാവപ്പെട്ട ഒരു യുവതിയാണ്. എന്റെ വീട്ടുകാര യക്കുന്ന പണം ഈ 'വ്യാവസായിക' നഗരത്തിൽ എന്റെ പ്രാണൻ നില നിർത്താൻപോലും പര്യാപ്തമല്ല. ഇതൊരു വൃത്തികെട്ട പട്ടണമാണെന്ന് നിങ്ങൾക്കറിയാമല്ലോ. ഈ നഗരം മനുഷ്യനെ ദുരാഗ്രഹവും വിശപ്പുമുള്ള മൃഗമാക്കി മാറ്റുന്നു. നിത്യവൃത്തിക്കായി വല്ല വീട്ടിലും വേലക്കാരിയായി നിൽക്കാമെന്നെനിക്കു തോന്നി. പൗരസ്ത്യ കുടുംബങ്ങളെയാണ് ഞാൻ സമീപിച്ചത്. കാരണം എന്റെ മാന്യതയും മനുഷ്യത്വവും മാനിക്കുന്ന ധാർമികാന്തരീക്ഷം അവിടെ ലഭിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. അങ്ങനെ ദിനേന നിർണിത സമയം ജോലി ചെയ്യാമെന്ന വ്യവസ്ഥയിൽ ഒരിന്ത്യൻ കുടുംബവുമായി കരാറിലേർപ്പെട്ടു. നിർഭാഗ്യവശാൽ എന്റെ ഉദ്ദേശ്യം സഫലമായില്ല. അവരെയെല്ലാം വെള്ളക്കാരുടെ ആത്മാക്കൾ ആവേശിച്ചിരുന്നു."

ആത്മീയജീവിതത്തിലേക്കുള്ള പാശ്ചാത്യരുടെ മടക്കയാത്രക്കു തുടക്കം കുറിക്കുന്നതിന്റെ ചില സൂചനകളാണിവ. ഭൗതിക നാഗരികത സ്വന്തം ജീവിതത്തിൽ ഒഴുക്കിവിട്ട വേദനയുടെയും വിഭ്രാന്തിയുടെയും വിരസതയുടെയും കെടുനീരുറവകൾ അവർക്ക് മടുത്തിരിക്കുന്നു. സന്തുലിതമായ സമീപനവും, ആധ്യാത്മികവും ധാർമികവുമായ ബോധവുമുള്ള മുഴുവൻ പാശ്ചാത്യരുടെയും സംസാരത്തിൽ അത് പ്രകടമായി കാണാം.

## നമ്മുടെ ബാധ്യത

മാനവരാശി ദർശിച്ചതിൽ വെച്ചേററവും ഉയർന്ന ഭൗതികജീവിതം പടിഞ്ഞാറൻ നാഗരികതയുടെ സൃഷ്ടിയാണ്. എന്നാൽ, നാം നേരത്തേ മനസ്സിലാക്കിയപോലെ മനുഷ്യനെ വിജയവിഹായസ്സിലേക്കുയർത്താൻ അതുമാത്രം മതിയാവുകയില്ല. ഭൗതിക പുരോഗതി പരിരക്ഷിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം ഉദാത്തമായ ആത്മീയജീവിതം കൂടി ഉറപ്പുവരുത്തുന്ന ഒരു പുത്തൻ നാഗരികതയാണിന്നാവശ്യം. അതിന് ആത്മീയതയെയും ഭൗതികതയെയും സമഞ്ജസമായി സമന്വയിപ്പിക്കാൻ സാധിക്കണം. രണ്ടിനുമിടയിൽ തികഞ്ഞ സന്തുലിതത്വം പുലർത്തുകയും വേണം. ഒന്ന് മറ്റൊന്നിനെ മറികടക്കരുത്. ഇത്തരമൊരു നാഗരികത കണ്ടെത്താൻ കഴിയുമോ? ഈ ബാധ്യത നിർവഹിക്കാൻ ഏതെങ്കിലും സമൂഹത്തിന് സാധിക്കുമോ?

പാശ്ചാത്യലോകത്തിന് ഈ ദൗത്യം ഏറ്റെടുത്തു നടത്തുക സാധ്യമല്ല. പുരോഗതിയുടെയും ഭൗതികശക്തിയുടെയും ഉന്നതങ്ങളിലാണത് നിലകൊള്ളുന്നത്; ശരിതന്നെ. പക്ഷേ ആത്മീയരംഗത്തെ പതനം

അതിന്റെ മുഴുവൻ യോഗ്യതകളും നശിപ്പിച്ചിരിക്കുന്നു. ഉദ്ദിഷ്ടസമാധാനത്തിലേക്കും ഉത്കൃഷ്ടജീവിതത്തിലേക്കും ലോകത്തെ നയിക്കാൻ ഇന്ന് അതിന്റെ പക്കൽ ഒന്നുമില്ല.

കമ്യൂണിസ്റ്റ് ലോകത്തിന് ഈ ഉത്തരവാദിത്വം പൂർത്തീകരിക്കാൻ അത്രപോലും സാധ്യമല്ല. കാരണം, ആത്മീയതയോടും മതമൂല്യങ്ങളോടും സദാചാര സിദ്ധാന്തങ്ങളോടും സമരം പ്രഖ്യാപിച്ച് കേവല ഭൗതികതയിൽ ആണ്ടിറങ്ങിയ പ്രത്യയശാസ്ത്രമാണത്. പാശ്ചാത്യരും പൗരസ്ത്യരുമായ ഈ രണ്ടു വിഭാഗങ്ങളുടെയും തലക്കു മുകളിൽ അവരുടെ നാഗരികത തകർന്നുവീഴുന്നതുവരെ ലോകത്തിന്റെ അസ്വസ്ഥതയും അസംതൃപ്തിയും അവർ പങ്കുവെച്ചുകൊണ്ടിരിക്കും.

വിഗ്രഹാരാധനാപരമായ പൗരസ്ത്യമതങ്ങൾക്കും ഈ ബാധ്യത ഏറ്റെടുത്ത് നടത്തുക സാധ്യമല്ല. കാരണം, യഥാർഥ നാഗരികതയുടെ ജനനം യുക്തിബന്ധുരമായ ജ്ഞാനത്തിൽനിന്നും സുബദ്ധമായ ചിന്തയിൽനിന്നുമാണ്. യാഥാസ്ഥിതിക, മൂഢ വിശ്വാസങ്ങളോടുള്ള എതിർപ്പ് അതിന്റെ അനിവാര്യതയത്രെ. വിഗ്രഹാരാധന ഇത്തരം ധൈഷണിക സമീപനങ്ങളുടെയൊക്കെ ശത്രുവാണ്. പ്രതീക്ഷിത നാഗരികതയിൽ രചനാത്മകവും നിർമാണപരവുമായ ആധ്യാത്മികതയാണാവശ്യം. മനുഷ്യപുരോഗതിയും വളർച്ചയുമായി പൊരുത്തപ്പെട്ടുപോകാൻ അതിനുമാത്രമെ സാധിക്കൂ. എന്നാൽ, പൗരസ്ത്യമായ വിഗ്രഹാരാധന മനുഷ്യനെ മുരടിപ്പിക്കുന്ന നിഷേധാത്മകമായ ആധ്യാത്മികതയിലധിഷ്ഠിതമാണ്. അത് ജീവിതയാഥാർഥ്യങ്ങളിൽനിന്ന് ഒളിച്ചോടുകയും കർത്തവ്യ നിർവഹണത്തിൽ പരാജയമടയുകയും ചെയ്യുന്നു. ഭൗതിക വളർച്ചയെ മാലിന്യമായി കണക്കാക്കുന്നു. അത്തരം മാലിന്യങ്ങളിൽനിന്ന് മുക്തി നേടുകയും അവക്കെതിരിൽ അങ്കംവെട്ടുകയും വേണമെന്ന വാദമാണവക്കുള്ളത്.

അതിനാൽ ഒരു സമുദായത്തിനു മാത്രമേ ഉദ്ദിഷ്ട നാഗരിക ബാധ്യത നിറവേറ്റാൻ കഴിയൂ- മുസ്‌ലിം സമുദായമാണത്. നാളത്തെ നാഗരികതയുടെ നിർമാതാക്കളാവാൻ നമുക്കല്ലാതെ മറ്റാർക്കും സാധ്യമല്ല. അതിന്റെ കാരണങ്ങളിവയാണ്.

1. നാഗരികതകളുടെ നിർമാണത്തിന് നിദാനവും സഹായകവുമായ ഒരു മതാദർശം നമ്മുടെ വശമുണ്ട്. ഏകദൈവത്വസിദ്ധാന്തത്തിലധിഷ്ഠിതമാണത്. സ്വച്ഛവും സമുജ്ജ്വലവും സമ്പൂർണവും സമുന്നതവുമായ ഏകദൈവത്വം. അത് അറിവിന്റെ ആദർശമാണ്. ബുദ്ധിയെ ആദരിക്കുകയും ചിന്താശീലത്തെ പ്രോത്സാഹിപ്പിക്കുകയും നിഗൂഢതകളുടെ മൂടുപടങ്ങൾ വലിച്ചുകീറുകയും ചെയ്യുന്ന ആദർശം. മാന്യവും മിതവുമായ മാനുഷിക സ്വഭാവങ്ങളുടെ സിദ്ധാന്തമാണത്. ഒരുതരം തീവ്രതയും അതിഷ്ടപ്പെടുന്നില്ല. ആയാസരഹിതങ്ങളായ നിയമങ്ങളാണ് അത് ആവിഷ്കരിക്കുന്നത്. മുഴുവൻ മനുഷ്യരുടെയും നന്മയാണത് മുന്നിൽ കാണു

ന്നത്. സമൂഹത്തിന്റെ ക്ഷേമത്തിലൊതുങ്ങുന്ന വ്യക്തിയുടെ നന്മയും, വ്യക്തിയുടെ ഗുണത്തിനു ഹാനിവരുത്താത്ത സാമൂഹികക്ഷേമവും. ഒപ്പം മാനവരാശിയുടെ നന്മക്ക് സഹായകമായ സാമുദായിക നന്മയും അത് സംഭാവന ചെയ്യുന്നു. അങ്ങനെ, വർഗങ്ങളുടെയും സമുദായങ്ങളുടെയും ശ്രേഷ്ഠതകൾക്കും സവിശേഷതകൾക്കും ക്ഷതം വരുത്തുകയോ അവയുടെ അന്തസ്സ് ഹനിക്കുകയോ ചെയ്യാതെത്തന്നെ മനുഷ്യരാശിക്കൊട്ടാകെ അത് നന്മ ഉറപ്പുവരുത്തുന്നു.

2. രചനാത്മകവും സൃഷ്ടിപരവുമായ ആധ്യാത്മിക സിദ്ധാന്തത്തിന്റെ വക്താക്കളാണ് നാം. അത് ദൈവികമാണ്. പോർക്കളത്തിലെ പടയാളിയിലും ഫാക്ടറിയിലെ തൊഴിലാളിയിലും പാഠശാലയിലെ അധ്യാപകനിലും ഗവേഷണാലയത്തിലെ ദാർശനികനിലും ന്യായപീഠത്തിലെ ജഡ്ജിയിലും ഓഫീസ് ജോലിയിൽ വ്യാപൃതനായ ഉദ്യോഗസ്ഥനിലും നേതൃത്വം നൽകുന്ന നായകനിലും അതിന്റെ പ്രതിഫലനങ്ങൾ പ്രകടമായി കാണാം. കളിയിലും കാര്യത്തിലും, നടത്തത്തിലും നിറുത്തത്തിലും, പകലിലും പാതിരാവിലും, ആയാസത്തിലും അനായാസത്തിലും, ആനന്ദത്തിലും അസ്വാസ്ഥ്യത്തിലും അതിന്റെ സാന്നിധ്യം അനുഭവപ്പെടും. അത് മനുഷ്യനെ സമ്പൂർണതയുടെ സമുന്നത സീമകളിലേക്കുയർത്തുന്നു. മനുഷ്യനെയും അവൻ ജീവിക്കുന്ന ഭൂമിയെയും അവന്റെ കൂട്ടുകാരായ ജനങ്ങളെയും സൃഷ്ടിച്ച ദൈവത്തെയും ഓർമിപ്പിക്കുന്നു. ഈ മഹാപ്രപഞ്ചവും അതിലെ ഒരു ഘടകമായ മനുഷ്യനും അതേ സ്രഷ്ടാവിനുമാത്രം കീഴ്പ്പെട്ടു ജീവിക്കണമെന്ന് അനുശാസിക്കുന്നു.

3. അത്യുദാത്തമായ നാഗരികതയുടെ നിർമിതിക്ക് നാം ശക്തരാണെന്ന് നേരത്തേതന്നെ തെളിയിച്ചിട്ടുണ്ട്. പ്രതിയോഗികൾ എന്തൊക്കെ പ്പറഞ്ഞാലും പ്രചരിപ്പിച്ചാലും നമ്മുടെ നാഗരികത പാശ്ചാത്യ നാഗരികതയെക്കാൾ പലനിലക്കും മെച്ചപ്പെട്ടതായിരുന്നുവെന്നതാണ് സത്യം. ജനങ്ങളോടുള്ള നിസ്സീമമായ ദയ, സ്വഭാവത്തിലെ മാന്യത, ഭരണത്തിലെ നീതി, ജീവിതത്തിലെ ഉദാത്തമായ ചൈതന്യം, വിവിധ കാലഘട്ടങ്ങളിലെ മുഴുവൻ സമൂഹങ്ങളെക്കാളും സമുന്നതമായ നിലവാരം ഇവയിലൊക്കെയും വൈജ്ഞാനികവും ചിന്താപരവുമായ പിന്നാക്കാവസ്ഥ നിലനിന്നിരുന്ന കാലത്തുതന്നെ മഹിതവും മോഹനവുമായ മാനുഷിക സംതൃപ്തി സൃഷ്ടിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതിനാൽ ശാസ്ത്രീയ പുരോഗതിയുടെയും നവംനവങ്ങളായ കണ്ടുപിടിത്തങ്ങളുടെയും ഇക്കാലത്ത് നമുക്കത് നിഷ്പ്രയാസമത്രെ.

നാഗരികതയുടെ കടിഞ്ഞാൺ പിടിക്കുന്നത് നാമാണെങ്കിൽ ശൂന്യാകാശസഞ്ചാരം ദൈവനിഷേധത്തിന്റെ പ്രചാരണത്തിന് സഹായകമാക്കുകയില്ല. നാം സ്വായത്തമാക്കുന്ന സമരസാമഗ്രികൾ രാഷ്ട്രങ്ങളെയും സമൂഹങ്ങളെയും തകർത്ത് അവയെ സ്വന്തം ആജ്ഞാനുവർത്തികളാ

ക്കാൻ ഉപയോഗിക്കുകയില്ല. നമ്മുടെ പ്രക്ഷേപണ പരിപാടികൾ ജന ങ്ങളെ വഴിപിഴപ്പിക്കാനായിരിക്കുകയില്ല. ലൈംഗികാസക്തി വളർത്തി അരാജകത്വം സൃഷ്ടിക്കാൻ സഹായിക്കുന്ന സിനിമകൾ അനുവദിക്കു കയില്ല. സ്ത്രീകളെ കേവലം ഭോഗവസ്തുക്കളാക്കി തരംതാഴ്ത്തുകയി ല്ല. പിന്നാക്ക വിഭാഗങ്ങളെ ചൂഷണം ചെയ്യാനും അവരെ അവമതിക്കാനും അവരുടെ വിഭവങ്ങൾ തട്ടിയെടുക്കാനും നാഗരിക പുരോഗതി ഉപയോ ഗപ്പെടുത്തുകയുമില്ല.

പാശ്ചാത്യർക്കു ശേഷം നാഗരികതയുടെ ധ്വജവാഹകരാകാൻ അർഹതയുള്ള ഏകസമുദായം നാമാണെന്നതിന്റെ അടിസ്ഥാനകാരണ ങ്ങളാണിവ. പ്രയാസങ്ങൾ പോക്കി മാനവരാശിക്ക് സമാധാനവും സ്വസ്ഥ തയും ശാന്തിയും നൽകുന്ന നവ്യമായൊരു നാഗരികതയായിരിക്കും അത്.

നമ്മുടെ ആദർശത്തിന്റെ മൂലപ്രമാണങ്ങളിലേക്ക് നാം തിരിച്ചുചെ ന്നാൽ, ആധുനിക മാനവികത ആവശ്യപ്പെടുന്ന നാഗരിക ബാധ്യത നിറ വേറ്റാൻ ഇതര ജനസമുദായങ്ങളെക്കാൾ നമുക്കാണർഹതയെന്ന് ദൈവി കഗ്രന്ഥം സൂചിപ്പിക്കുന്നതായി കാണാം. വർഗീയമോ വംശീയമോ ആയ നമ്മുടെ സവിശേഷതകൊണ്ടല്ല അത്. ഇസ്‌ലാം ഒരിക്കലും അംഗീകരി ക്കാത്ത മിഥ്യകളാണവ. മറിച്ച് നാമതിനർഹരാവുന്നത് മുകളിൽ വിവ രിച്ച മൗലികകാരണങ്ങളാലത്രെ.

വിശുദ്ധഖുർആൻ പറയുന്നു: "നിങ്ങൾ ജനങ്ങൾക്കായി നിയോഗി ക്കപ്പെട്ട ഉത്തമ സമുദായമാണ്. നിങ്ങൾ നന്മ കൽപിക്കുന്നു; തിന്മ വിരോധിക്കുന്നു. അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു."(3:110)

നമ്മുടെ ആദർശത്തിന്റെ സവിശേഷതകളും സ്വഭാവങ്ങളുടെ മേന്മ കളുമാണിത് ദ്യോതിപ്പിക്കുന്നത്.

മറ്റൊരു സൂക്തത്തിൽ ഇങ്ങനെ കാണാം: "ഭൂമിയിൽ നാമവർക്ക് ആധിപത്യം നൽകിയാൽ നമസ്കാരം നിലനിർത്തുന്നവരും സകാത്ത് കൊടുക്കുന്നവരും നന്മ കൽപിക്കുന്നവരും തിന്മ വിരോധിക്കുന്നവരുമാ ണവർ."(22:41)

വിശുദ്ധ ഖുർആനിൽ വേറെയൊരിടത്തിങ്ങനെ വായിക്കാം: "നിങ്ങളെ നാമൊരു മധ്യമസമുദായമാക്കി. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളാവാൻ വേണ്ടി; പ്രവാചകൻ നിങ്ങൾക്ക് സാക്ഷിയാവാനും."(2:143)

ദൗത്യനിർവഹണത്തിന് നമ്മെ പ്രേരിപ്പിക്കുകയാണിവിടെ- സത്യ ത്തിന്റെയും സുകൃതത്തിന്റെയും സമുന്നത സരണിയിലേക്ക് മാനവസ മൂഹത്തെ സദാ നയിക്കുകയെന്ന മഹത്തായ ദൗത്യം. അത് ഏതെങ്കിലും കാലത്തോ ദേശത്തോ തലമുറയിലോ പരിമിതമല്ല.

വിധിയുടെ വിളിക്ക് ഉത്തരം നൽകിയപ്പോൾ ഒരിക്കൽ നാം പതാക യേന്തി; ഒരിക്കൽ മാത്രം. അപ്പോൾ നാം മാനവരാശിയെ സന്മാർഗത്തി

ന്റെയും വെളിച്ചത്തിന്റെയും വേദിയിലേക്കു നയിക്കുകയും ചെയ്തു. പിന്നീട് നാം ആ പതാക താഴെവെച്ച് ദൗത്യനിർവഹണത്തിൽനിന്ന് ഓടി യൊളിച്ചു. എന്നാലിതാ ഈ ദൈവിക സൂക്തങ്ങൾ വീണ്ടും നമ്മോടാവ ശ്യപ്പെടുന്നു, രണ്ടാമതൊരിക്കൽക്കൂടി ആ പതാക വഹിക്കാൻ; പുതു തായി പ്രകാശനാളം കൊളുത്തിവെക്കാൻ. അങ്ങനെ നമുക്ക് ആശങ്ക യുടെയും അസ്വസ്ഥതയുടെയും ദേഹേച്ഛയുടെയും അക്രമത്തിന്റെയും നിരാശതയുടെയും നിന്ദ്യതയുടെയും അന്ധകാരങ്ങളിലലയുന്ന ജനസ മൂഹങ്ങളെ മോചിപ്പിക്കാം. ബാധ്യതാ നിർവഹണത്തിന് നാം രംഗത്തെ ത്തിയില്ലെങ്കിൽ അവലംബം ആത്മഹത്യ മാത്രമാണ്-ഉപകരണങ്ങളും വിഷദ്രാവകങ്ങളുമുപയോഗിച്ചുള്ള വ്യക്തികളുടെ ആത്മാഹുതിയും ആറ്റം, ഹൈഡ്രജൻ ബോംബുകളുപയോഗിച്ചുള്ള സമൂഹങ്ങളുടെ കൂട്ടായ ആത്മഹത്യയും.

## നാം മുന്നോട്ട്

നവ്യമായ ഒരു നാഗരികതയുടെ വിപ്ലവകാഹളം മുഴക്കി നാം രംഗത്തു വരുന്നത് രണ്ട് വിഭാഗക്കാർ നിന്ദാപൂർവം വീക്ഷിക്കുന്നു.

1. പാശ്ചാത്യ നാഗരികതക്ക് വിടുവേല ചെയ്യുന്നവർ. പടിഞ്ഞാറുകാ രുമായി കിടപിടിക്കാൻ പ്രാപ്തരാണ് നാമെന്ന വിശ്വാസം പോലും അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. പാശ്ചാത്യർക്ക് നായകത്വം നൽകുകയെ ന്നത് അവർക്ക് ചിന്തിക്കാൻപോലും സാധ്യമല്ല. പാശ്ചാത്യരുടെ പിഴച്ച ചിന്തകൾ പേറി പറ്റേ പരിക്ഷീണിതരായിട്ടുണ്ട് അവർ എന്നതുതന്നെ കാരണം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത്തരക്കാരുടെ അംഗ സംഖ്യ അൽപാൽപം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ആ നാഗരികത യുടെ അനർഥങ്ങളും ദുരന്തഫലങ്ങളും ആളുകളിൽ ആഴത്തിൽ സ്വാധീനം ചെലുത്തിയിരിക്കുന്നു; ദുർബല ജനവിഭാഗങ്ങളിൽ വിശേഷി ച്ചും. അപ്രകാരംതന്നെ നമ്മുടെയിടയിൽ കാണപ്പെടുന്ന ആലോചനാ ശീലവും രാഷ്ട്രീയബോധവും ശുഭസൂചകമത്രെ. തീർച്ചയായും പാശ്ചാത്യ സാമ്രാജ്യത്വ വികസനമോഹികളുടെ രാഷ്ട്രീയസ്വാധീന ങ്ങൾക്ക് ശക്തി കുറഞ്ഞിരിക്കുന്നു. പ്രസ്തുത സ്വാധീനത്തിൽനിന്നു പുറ ത്തുകടക്കുക അസാധ്യമെന്ന് വിശ്വസിക്കുന്ന രാഷ്ട്രീയ നേതൃത്വം നാമാ വശേഷമാവുകയാണ്. പാശ്ചാത്യൻ 'പരിഷ്കൃത' നാഗരികതയുടെ പിടി ത്തവും ഒട്ടും വൈകാതെ തീർച്ചയായും ക്ഷയിക്കും. സ്വതന്ത്രചിന്തയുടെ വക്താക്കളെന്ന് സ്വയം ഊറ്റംകൊള്ളുന്ന പ്രസ്തുതവിഭാഗം യഥാർഥ ത്തിൽ ചിന്താപരമായ പാപ്പരത്തത്തിന്റെയും അടിമത്തത്തിന്റെയും അതി നീചമായ പ്രകടനങ്ങളാണ് കാഴ്ചവെക്കുന്നത്.

2. പ്രയാസഹേതുകമായ പാശ്ചാത്യ നാഗരികതയുടെ നാശത്തിൽ വിശ്വസിക്കുന്നുവെങ്കിലും പുതിയൊരു നാഗരികതയുമായി രംഗത്തെ

ത്താൻ നമുക്കു സാധിക്കുമെന്ന് വിശ്വസിക്കാത്തവർ. നാമും പാശ്ചാത്യരുമായുള്ള അനൽപമായ അന്തരം കാണുമ്പോൾ നവ്യമായൊരു നാഗരികതയുടെ നായകത്വമേൽക്കാൻ നമുക്കു കഴിയുമെന്നു പറയുന്നത് അവരുടെ വീക്ഷണത്തിൽ മിഥ്യാസങ്കൽപവും പാഴ്സ്വപ്നവും മാത്രമാണ്.

എന്നാൽ, പടിഞ്ഞാറൻ നാഗരികതയുടെ പതനവും ഒപ്പം നാഗരിക നായകത്വം നമ്മിൽ വന്നെത്തലും വെറും പത്തോ ഇരുപതോ അമ്പതോ വർഷംകൊണ്ട് സാധിതമാകുമെന്ന വാദമൊന്നും നമുക്കില്ല. ഓരോ നാഗരികതയുടെയും ഉത്ഥാനപതനങ്ങൾക്ക് പ്രകൃതിപരമായ കാരണങ്ങളുണ്ട്. അവക്ക് മാറ്റമില്ല. ഭദ്രമായൊരു കോട്ടയുടെ അടിത്തറക്ക് വിള്ളലേറ്റാൽ അതിന്റെ ഭദ്രതയെ അതൊരിക്കലും ബാധിച്ചിട്ടില്ലെന്ന് കുറെക്കാലം ആളുകൾക്കു തോന്നും. യഥാർഥത്തിലത് തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഒരു നാൾ അത് തകർന്ന് നിലംപൊത്തും.

ഉണർന്നുനോക്കുമ്പോൾ തിക്തമായ ചില സത്യങ്ങളാണ് നമ്മെ തുറിച്ചുനോക്കുന്നത്. നമ്മുടെ ചില നാടുകളിൽ നിന്ന് സാമ്രാജ്യശക്തികൾ നമ്മെ ആട്ടിയോടിച്ചിരിക്കുന്നു. മറ്റു ചില പ്രദേശങ്ങളിൽനിന്നും ആട്ടിപ്പായിക്കാൻ പാടുപെട്ട് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പാശ്ചാത്യ മേൽക്കോയ്മയുടെ പുതിയ സംസ്കാരം അടിച്ചേൽപിച്ച ജീവിതരീതികളാണ് നാമഭ്യസിക്കുകയും അവലംബിക്കുകയും ചെയ്യുന്നത്. ആ സംസ്കാരമാണ് നമ്മുടെ നാടുകളിൽ ആധിപത്യം നടത്തുന്നത്. പടിഞ്ഞാറൻ നാടുകളിലുണ്ടാക്കിയ ഉൽപന്നങ്ങളാണ് നമുക്കിഷ്ടം. ജീവിതനിലവാരത്തിൽ അവരോടൊപ്പമെത്തലാണ് നമ്മുടെ ലക്ഷ്യം.

യഥാർഥത്തിൽ നാമിപ്പോൾ വേണ്ടത് ഒരു സാംസ്കാരിക മാനദണ്ഡം അംഗീകരിക്കുകയാണ്; പുതിയ നാഗരികതയുണ്ടാക്കിയ പ്രയാസങ്ങളും നമ്മുടെ ആവശ്യങ്ങളും പരിതഃസ്ഥിതികളും പരിഗണിച്ചുകൊണ്ടുള്ള നൂതനമായൊരു മാനദണ്ഡം. തുടർന്ന് നമ്മുടെ ലക്ഷ്യമെന്തെന്നും ചുവടുവെപ്പുകളെങ്ങനെയാണെന്നും നിർണയിക്കേണ്ടതുണ്ട്. ആധുനിക നാഗരികതയുടെ മണ്ഡലത്തിൽ ചുറ്റിക്കറങ്ങുകയാണോ നാം വേണ്ടത്; നൂറ്റാണ്ടുകളോളം നമ്മുടെ മുന്നിൽ സഞ്ചരിക്കുകയും ഇപ്പോൾ ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നവരുടെ പിറകെപ്പോയി അവരോടൊപ്പമെത്തുകയും അവരെത്തിപ്പെട്ട അവസ്ഥകൾ സ്വയം ഏറ്റുവാങ്ങുകയുമാണോ നാം ചെയ്യേണ്ടത്? അതോ പ്രത്യേകമായ പാത തെരഞ്ഞെടുത്ത് അഭിനവ പരിഷ്കൃത സമൂഹത്തിനു പിണഞ്ഞ പിഴവുകളിൽനിന്നു മുക്തരായി സാവേശം മുന്നോട്ടു പോവുകയോ?

അടുത്ത ഏതാനും വർഷങ്ങൾകൊണ്ട് ഭൗതികശക്തിയിൽ പാശ്ചാത്യരോടൊപ്പമെത്താൻ നമുക്ക് സാധ്യമല്ലെന്നത് സത്യം തന്നെ. കുറഞ്ഞ കാലംകൊണ്ട് കൃത്രിമ ഉപഗ്രഹവും ഭൂഖണ്ഡാന്തര റോക്കറ്റുകളും നമുക്കുണ്ടാകുമെന്ന് ഒട്ടും പ്രതീക്ഷിക്കാവതല്ല. ഏതാനും കൊല്ല

ങ്ങൾകൊണ്ട് നാമത് സ്വായത്തമാക്കിയാൽപ്പോലും അപ്പോഴേക്കുമവർ ഈ മേഖലകളിൽ ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ടാവും.

അതിനാൽ നമുക്കും മുഴുവൻ മാനുഷ്യകത്തിനും പ്രയോജനകരമായ പുതിയ നാഗരിക മാനദണ്ഡങ്ങൾ സ്വീകരിച്ച്, കഴിയുന്നത്ര കഴിവാർജിക്കലാണ് കരണീയമായ മാർഗം. നാഗരികതയുടെ അവക്രമായ പാത പിന്തുടരാൻ നമുക്ക് സമ്പൂർണ സ്വാതന്ത്ര്യമുണ്ട്. അതിന്റെ പ്രത്യാഘാതങ്ങളും പ്രതിപ്രവർത്തനങ്ങളും പഠിച്ചറിയാൻ വേണ്ടത്ര സമയവുമുണ്ട്. നാമിന്നകപ്പെട്ട കുരുക്കുകളിൽനിന്നു പുറത്തുകടന്ന് ഭാവി ഭാസുരമാക്കാൻ അതാണാവശ്യം. നമ്മുടെ വശമുള്ളതും സത്യമെന്ന് ഗതകാലാനുഭവങ്ങൾ തെളിയിച്ചതുമായ മൂല്യങ്ങളും മാനദണ്ഡങ്ങളും ആ മാർഗം നമുക്കധീനപ്പെടുത്തിത്തരും. അങ്ങനെ പ്രതീക്ഷയുടെ പൊൻകിരണങ്ങൾ പൂർണമായും പ്രകാശരഹിതമായിട്ടില്ലാത്ത, വിപ്ലവത്തിന്റെ അഗ്നിജ്വാലകൾ കെട്ടടങ്ങിയിട്ടില്ലാത്ത, കനത്ത ആഘാതങ്ങളുടെയും നിരന്തര ഭീഷണികളുടെയും നാനാവിധ വഞ്ചനകളുടെയും മുന്നിൽ അടിയറവു പറഞ്ഞിട്ടില്ലാത്ത, നമ്മുടെ യാത്രാസംഘത്തിന് ഇനിയും മുന്നോട്ടു പോകാൻ കഴിയും.

ഈ കടമ നാം നിർവഹിച്ചാൽ മനുഷ്യചരിത്രത്തെ അത്യദ്ഭുതകരമായി തിരിച്ചുവിടാൻ നമുക്ക് സാധിച്ചതുതന്നെ. എങ്കിൽ ഏഷ്യയുടെയും ആഫ്രിക്കയുടെയും മേൽ ആത്മീയവും ധാർമികവുമായ ആധിപത്യം നേടാൻ നമുക്ക് കഴിയും. അപ്പോൾ ഇതര ഭൂഖണ്ഡങ്ങളെക്കാൾ സ്വസ്ഥതയും സമാധാനവും അവിടങ്ങളിൽ സംജാതമാവുകയും അവ കൂടുതൽ സൗഭാഗ്യപൂർണങ്ങളായിത്തീരുകയും ചെയ്യും. അതോടെ മാർഗഭ്രംശത്തിന്റ ഫലമായി ധാർമികശക്തി ക്ഷയിച്ച പാശ്ചാത്യലോകം നമ്മിലേക്കു തിരിഞ്ഞുനോക്കും. തങ്ങളുടെ വ്യഥയും വേദനയും ശമിപ്പിക്കാനാവശ്യമായ മരുന്നുകൾ അവർ നമ്മിൽനിന്നു വാങ്ങും. അങ്ങനെ നാഗരികതയുടെ നായകത്വവും ചരിത്രത്തിന്റെ നിയന്ത്രണവും നമ്മിൽ വന്നു ചേരും.

ഞാൻ സ്വപ്നം കാണുകയല്ല; ഭാവനയെ വേട്ടയാടുകയുമല്ല. എഴുത്തുകാരുടെ മനസ്സുകളിൽ കാണുന്നപോലുള്ള ക്രമാനുഗതികത്വം ചരിത്രസംഭവങ്ങൾക്കുണ്ടാകണമെന്നില്ല. ഉണ്ടാവാറുമില്ല. നാളെ എന്തു സംഭവിക്കുമെന്ന് ആർക്കും പ്രവചിക്കാനാവില്ല. ലോകം യാദൃച്ഛികതകൾ നിറഞ്ഞതത്രെ. എന്നാൽ ഭാവിയെ സംബന്ധിച്ച് സ്വതന്ത്രമായി ചിന്തിക്കാൻ അതൊരിക്കലും തടസ്സമാവേണ്ടതില്ല. ദാർശനികരുടെ വീക്ഷണങ്ങളിലൂടെയും പ്രവാചകന്മാരുടെ ശബ്ദങ്ങളിലൂടെയും സമുദ്ധാരകരുടെ സംരംഭങ്ങളിലൂടെയും കാലത്തിന്റെ കരങ്ങളാണ് ചരിത്രസംഭവങ്ങളെ നിയന്ത്രിക്കുന്നത്.

നമ്മുടെ നാഗരിക ചരിത്രത്തിൽ ഹൃദ്യവും മനോജ്ഞവുമായ നിര

വധി മാതൃകകളുണ്ട്. ദൈവവിശ്വാസം, സത്യത്തോടുള്ള പ്രതിബദ്ധത, ആത്മവിശ്വാസം വളർത്തൽ, സൃഷ്ടികളിൽ സൗന്ദര്യം ദർശിക്കൽ, ജനങ്ങളോടു കരുണകാണിക്കൽ, തീരുമാനത്തിൽ നീതിപുലർത്തൽ തുടങ്ങിയവയെല്ലാം അതിന്റെ രചനാത്മകമായ ആത്മീയവ്യവസ്ഥയിൽ പെടുന്നു. ജീവിത യാഥാർഥ്യത്തിന്റെ നടുവിൽ നിന്നുകൊണ്ട് നാഗരികതയിൽ ഭാഗഭാക്കാകുന്നതോടൊപ്പമാണ് ഇതെല്ലാം. ഭരണാധികാരികൾ, പണ്ഡിതന്മാർ, വൈരാഗികൾ, ദാർശനികന്മാർ, നായകന്മാർ, ന്യായാധിപന്മാർ, വ്യാപാരികൾ, തൊഴിലാളികൾ, സ്ത്രീകൾ, പുരുഷന്മാർ, യുവാക്കൾ, വൃദ്ധന്മാർ, പണക്കാർ, പാവപ്പെട്ടവർ എല്ലാവരും ആ ആത്മീയവ്യവസ്ഥയിൽ തുല്യരാണ്. ദാർശനികരുടെ മായാലോകത്ത് കഴിയുന്നവരുടെയല്ല, ഭൂമിയിൽ ഇതര മനുഷ്യരോടൊപ്പം ജീവിച്ചവരുടെ, മാനുഷിക സമ്പൂർത്തിയുടെ മഹിതമായ മാതൃകകളാണവ.

രചനാത്മകമായ ഈ ആധ്യാത്മികത്വത്തിന്റെ ശോഭന ചിത്രങ്ങൾ പുതിയതോ പഴയതോ ആയ ഇതര നാഗരികതകളിൽ കണ്ടെത്തുകയില്ല. ഗതകാല സമൂഹങ്ങളിൽ ആത്മീയവാദികളായ പലരെയും ചരിത്രം കണ്ടിട്ടുണ്ട്; വിദൂര പൗരസ്ത്യ സമൂഹങ്ങളിൽ വിശേഷിച്ചും. മുഗ്ധമായ ആത്മീയ ചൈതന്യത്തിൽ മികച്ചുനിൽക്കുന്ന പലരെയും നമുക്കിന്നും കാണാം. എന്നാൽ ഇവരും അവരുമൊക്കെ നാഗരികതയോട് നിഷേധാത്മക സമീപനമാണ് സ്വീകരിച്ചതും സ്വീകരിക്കുന്നതും. അതിന്റെ നിർമിതിയിൽ പങ്കുചേരാനവർ വിസമ്മതിക്കുന്നു. മഠങ്ങളിലും മരമൂട്ടിലും മലമുകളിലും വനഗഹ്വരങ്ങളിലും മരുഭൂമിയിലുമാണവർ വസിക്കുന്നത്. എന്നാൽ നമ്മുടെ ചരിത്രത്തിലെ ആത്മീയാചാര്യന്മാർ അത്തരക്കാരല്ല. ജീവിതം കെട്ടിപ്പൊക്കാനുള്ള സമരസംരംഭങ്ങളിൽ അതർഹിക്കുന്ന മുഴുവൻ അധ്വാനപരിശ്രമങ്ങളോടും ത്യാഗാർപ്പണങ്ങളോടുംകൂടിയാണ് അവർ പങ്കാളികളായിരുന്നത്. നാഗരികതകളുടെ ചരിത്രത്തിൽ വിസ്മയാവഹമായ ആ മാതൃകകളുടെ സവിശേഷതയും മഹത്വവും അതത്രെ.

ചരിത്രത്തിന്റെ വാതായനത്തിലൂടെ രണ്ടാമതൊരിക്കൽകൂടി മാന്യമായി പ്രവേശിക്കാനാണ് നാമുദ്ദേശിക്കുന്നത്. സമ്പൂർണവും സമുന്നതവുമായൊരു ഭാവിയുടെ നിർമാണത്തിനു വേണ്ടിയാണിത്. പിതാക്കന്മാരുടെയും പിതാമഹന്മാരുടെയും ഉത്കൃഷ്ടമായ പല പൈതൃകങ്ങളും നമ്മുടെ സമൂഹത്തിലുണ്ട്. അവരുടെ വൃത്താന്തങ്ങൾ നമ്മെ പുളകമണിയിക്കുകയും കർമോത്സുകരാക്കുകയും ചെയ്യട്ടെ.

അതിനാൽ ഗതകാല ചരിത്രത്തിലെ ശോഭനചിത്രങ്ങൾ നാമിവിടെ അനാവരണം ചെയ്യുന്നത്, പാശ്ചാത്യ നാഗരികതയെക്കാൾ ഉദാത്തവും സമ്പൂർണവുമായ ഒരു നവനാഗരികതയുടെ നിർമിതിക്ക് നാം ശക്തരാണെന്നു തെളിയിക്കാനാണ്; പൂർവികരെപ്പോലെ പുതിയൊരു നാഗരികതയുടെ സ്രഷ്ടാക്കളാവാൻ തങ്ങൾ ബാധ്യസ്ഥരാണെന്ന വസ്തുത

സമുദായത്തിലെ പുതിയതലമുറയെ ബോധ്യപ്പെടുത്താനും. അതിനാൽ നമ്മുടെ നാഗരികതയിലെ നിത്യഹരിതസ്മരണകൾ അയവിറക്കാൻ അനുയോജ്യമായ അവസരവും ഇതുതന്നെ.

എന്നാൽ, നമ്മുടെ നാഗരികതയിലുള്ളതു മുഴുവൻ സുന്ദരവും സമുജ്ജലവുമാണെന്ന അവകാശവാദമൊന്നും നമുക്കില്ല. വീഴ്ചകളില്ലാത്ത ഒരൊറ്റ നാഗരികതയേയും ചരിത്രം കണ്ടിട്ടില്ല. ഇസ്‌ലാമിക നാഗരികതയും ഇതിനപവാദമല്ല. ഇസ്‌ലാമിക നാഗരികതയിൽ സനാതനമായ മാനുഷികമൂല്യങ്ങൾ ശക്തവും സുന്ദരവുമാണെന്നും എല്ലാ ന്യൂനതകളും ദൗർബല്യങ്ങളും അതിന്റെമേൽ വെച്ചുകെട്ടുന്നത് തീരെ വസ്തുതാപരമല്ലെന്നും വ്യക്തമാക്കുകയാണിവിടെ ഉദ്ദേശ്യം. പുതിയ തലമുറയുടെ കണ്ണുകൾ നമ്മുടെ നാഗരികതയുടെ ഉദാത്തമായ പൈതൃകങ്ങളിൽനിന്നു തെറ്റിക്കാനാണ് പ്രതിയോഗികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യരാശിയെ നാശഗർത്തത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്ന സ്വന്തം നാഗരികതയിലേക്ക് അവരെ ആകർഷിക്കലാണ് ലക്ഷ്യം. അതിനാൽ ഈ കപട തന്ത്രം തകർക്കേണ്ടതുണ്ട്. യഥാർഥത്തിൽ അവരുടെ നാഗരിക ചരിത്രത്തിൽ ഔന്നത്യത്തിന്റെ ഒരേടുണ്ടെങ്കിൽ ന്യൂനതകളുടെയും മ്ലേച്ഛതകളുടെയും ആയിരമായിരം പേജുകളുമുണ്ട്. സ്വന്തം സംസ്കാരത്തിന്റെ നേട്ടങ്ങൾ പാടിപ്പുകഴ്ത്തുന്ന പാശ്ചാത്യ സാമ്രാജ്യവികസന മോഹികളുടെ ഉള്ളിലിരുപ്പ് കാണാതിരുന്നുകൂടാ.

മധ്യകാല നൂറ്റാണ്ടുകളിൽ പ്രകാശം പരത്തുകയും ജീവൻപകരുകയും ചെയ്തിരുന്നത് നമ്മുടെ നാഗരികതയായിരുന്നുവെന്ന് പുതിയ തലമുറയെ ഉണർത്താനാണ് അക്കാലത്തെ അതിന്റെ ശോഭന ചിത്രങ്ങളിലൂടെ ചില ഉദാഹരണങ്ങൾ നാം ഈ കൃതിയിലൂടെ അനാവരണം ചെയ്യുന്നത്. സ്വന്തം ഭൂതകാലമറിയാത്ത ഒരു സമൂഹത്തിനും വർത്തമാനകാലത്ത് വിജയംവരിക്കാനാവില്ല. സ്വന്തം സവിശേഷതകളും ശ്രേഷ്ഠതകളും നിഷേധിക്കുന്നവർക്ക് ശോഭനമായ ഭാവിയില്ല. ഭൂതത്തെക്കുറിച്ചോർത്തു വിലപിക്കുന്നത് അലസന്മാരുടെയും കർമവിമുഖരുടെയും സ്വഭാവമാണ്. അപ്രകാരംതന്നെ നന്മ നിറഞ്ഞതും വെളിച്ചം വാരിവിതറുന്നതുമായ ഗതകാലത്തെപ്പറ്റി പഠിക്കാതിരിക്കുന്നതും അതിനെ അഗണ്യമാക്കുന്നതും അസൂയാലുക്കളുടെയും പടുവിഡ്ഢികളുടെയും പ്രകൃതമാണ്. അതിനാൽ നമ്മുടെ നവോത്ഥാനത്തിൽ പഴയ നിക്ഷേപങ്ങൾ പ്രയോജനപ്പെടുത്തണം. നവോത്ഥാനത്തിന്റെ പരിണതി നിർഭയമാകാൻ അതനിവാര്യമാണ്. അതിന്റെ വിജയപഥം പ്രയാസരഹിതമാകാൻ അത് ഏറെ സഹായകവുമത്രെ.

നമ്മുടെ നവോത്ഥാനം ലക്ഷ്യംവെക്കുന്ന ശാന്തിയുടെയും സമാധാനത്തിന്റെയും അടയാളങ്ങൾ പ്രകടമാകാൻ ഭൂതകാല നേട്ടങ്ങളുമായി അതിന്റെ മഹത്വങ്ങൾ ചേർന്നുനിൽക്കട്ടെ! ഭാവിയുമായി അതിന്റെ ബന്ധം ഉറ്റതാവട്ടെ! അപ്പോൾ യാത്രാസംഘം മുന്നേറും; വിടവ് അവസാനിക്കും; കെട്ടിടം പൂർത്തിയാവും.

ഉദ്ദേശ്യങ്ങളെല്ലാം പൂർത്തീകരിക്കുന്നത് അല്ലാഹുവാണ്. സർവ

# അകം

ഇസ്‌ലാമിക നാഗരികതയുടെ സവിശേഷതകൾ
ചരിത്രത്തിൽ ചെലുത്തിയ സ്വാധീനം
മനുഷ്യസ്നേഹം
സമത്വം
സഹിഷ്ണുത
യുദ്ധമര്യാദകൾ
ജീവകാരുണ്യം
ധർമസ്ഥാപനങ്ങൾ
വിദ്യാ സ്ഥാപനങ്ങൾ
ആശുപത്രികൾ
ഗ്രന്ഥശാലകൾ
വൈജ്ഞാനിക സഭകൾ

**അനുബന്ധം**

ലോകനാഗരികതക്ക് ഇസ്‌ലാമിന്റെ സംഭാവനകൾ
ഇസ്‌ലാം നാഗരികതയുടെ വിളഭൂമി

ഒന്ന്

# ഇസ്‌ലാമിക നാഗരികതയുടെ സവിശേഷതകൾ

•

'സാംസ്കാരിക സമുന്നതിക്ക് മനുഷ്യനെ സഹായിക്കുന്ന സാമൂഹിക വ്യവസ്ഥ' എന്ന നിർവചനമാണ് നാഗരികതക്ക് അതിന്റെ ചരിത്രരചയിതാക്കൾ നൽകാറുള്ളത്. നാല് അടിസ്ഥാനങ്ങളിലാണ് നാഗരികത നിലനിൽക്കുന്നത്: സാമ്പത്തികോൽപാദന മാർഗങ്ങൾ, രാഷ്ട്രീയ വ്യവസ്ഥകൾ, ധാർമിക സിദ്ധാന്തങ്ങൾ, വൈജ്ഞാനികവും കലാപരവുമായ വ്യാപാരങ്ങൾ. നാഗരികതയുടെ പുരോഗതിക്ക് മതം, ഭാഷ, ശിക്ഷണം പോലുള്ള വിവിധ പ്രേരകങ്ങളുണ്ട്. അപ്രകാരംതന്നെ ഭൂമിശാസ്ത്രപരവും സാമ്പത്തികവും മറ്റുമായ അവസ്ഥകൾ അതിന്റെ വളർച്ചയിൽ വലുതായ പങ്കുവഹിക്കുന്നു.

ധാർമികവും ചിന്താപരവുമായ അധഃപതനം, നിയമവ്യവസ്ഥകളുടെ അസ്ഥിരത, അക്രമത്തിന്റെയും ദാരിദ്ര്യത്തിന്റെയും അവസ്ഥ, പ്രതിഷേധപരവും ധിക്കാരപരവുമായ സ്വഭാവം, സമർഥരും ആത്മാർഥതയുള്ളവരുമായ നേതാക്കളുടെ അഭാവം തുടങ്ങിയവ നാഗരികതയുടെ വളർച്ചക്കു വിഘാതംവരുത്തുകയും പതനത്തിന് പാതയൊരുക്കുകയും ചെയ്യുന്നു.

മനുഷ്യാരംഭം മുതൽ നാഗരികതയുടെ ചരിത്രം തുടങ്ങുന്നു. അതിന്റെ ശൃംഖല ഇടമുറിയാതെ തുടരുന്നു. ഓരോ തലമുറയും തൊട്ടു വരുന്നവർക്ക് അതു കൈമാറുന്നു. ഏതെങ്കിലും ഭൂപ്രദേശത്തോടോ ജനവിഭാഗത്തോടോ അതിന് ഒരു പ്രത്യേകതയുമില്ല. നാഗരികതയുടെ ചരിത്രത്തിൽ അൽപം താളുകളെങ്കിലും തുന്നിച്ചേർക്കാത്ത ഒരു സമുദായവും ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ, ഓരോ നാഗരികതയും നിലനിൽക്കുന്ന അടിത്തറകളേതെന്നും അവയുടെ സ്വാധീനം എത്രത്തോളം മഹത്തരമാണെന്നും അവയിലൂടെ മാനവരാശി എന്തൊക്കെ

നേടിയെന്നും പരിശോധിക്കുമ്പോഴാണ് അവയുടെ പ്രത്യേകതകൾ പ്രകടമാവുക. സാർവലൗകിക സന്ദേശവും മാനുഷികഭാവവും ധാർമിക വീക്ഷണവും പ്രായോഗിക രൂപവും നേടിയ നാഗരികത ചരിത്രത്തിൽ നിത്യഹരിതമായി നിലനിൽക്കുന്നു; അനശ്വരമായ ആദരവ് ആർജിക്കുന്നു.

മാനവ നാഗരികതകളുടെ ശൃംഖലകളിൽ ഒരു കണ്ണിയാണ് ഇസ്‌ലാമിക നാഗരികത. അതിനുമുമ്പ് ഒട്ടേറെ നാഗരികതകൾ കഴിഞ്ഞുപോയിട്ടുണ്ട്. ശേഷം തുടർന്നു വരുന്നുമുണ്ട്. നമ്മുടെ നാഗരികതയുടെ നിലനിൽപിന് ചില ഘടകങ്ങളുണ്ട്. അതിന്റെ തളർച്ചക്ക് ഏതാനും കാരണങ്ങളുമുണ്ട്. അവ വിശദീകരിക്കലല്ല ഈ ചർച്ചയുടെ ഉദ്ദേശ്യം. എന്നാൽ, ഇസ്‌ലാമിക നാഗരികതയുടെ ശോഭന ചിത്രങ്ങൾ അവതരിപ്പിക്കുന്നതിനുമുമ്പ് മാനവ പുരോഗതിയുടെ ചരിത്രത്തിൽ അതു വഹിച്ച അതിമഹത്തായ പങ്ക് അനാവരണം ചെയ്യാനാഗ്രഹിക്കുന്നു. വിശ്വാസം, വിജ്ഞാനം, സംസ്കാരം, ഭരണം, കല, സാഹിത്യം തുടങ്ങിയ വിവിധ മേഖലകളിൽ ചരിത്രത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ വിവിധ ദേശങ്ങളിൽ ഭിന്ന ജനതകൾക്ക് അതു നൽകിയ അനശ്വര സംഭാവനകൾ പരിശോധിക്കലും അതിലുൾപെടുന്നു.

ഇസ്‌ലാമിക നാഗരികതയെ സംബന്ധിച്ചു പഠനം നടത്തുന്നവരുടെ ശ്രദ്ധയാകർഷിക്കുന്ന സവിശേഷതകളിവയാണ്:

1. ആദർശപരമായ സമ്പൂർണ ഏകനായകത്വമാണ് അതിന്റെ അടിത്തറ. അധികാരാവകാശങ്ങൾ പങ്കുവെക്കാനനുവദിക്കാത്ത സർവശക്തനായ ദൈവത്തെയാണത് പരിചയപ്പെടുത്തുന്നത്. ആരാധിക്കപ്പെടുക അവൻ മാത്രമാണ്. സഹായമർഥിക്കപ്പെടുന്നവനും അവൻതന്നെ. അന്തസ്സും അപമാനവും, അഭിവൃദ്ധിയും അധഃപതനവുമൊക്കെ അവങ്കൽനിന്നാണ്. അവന് അപ്രാപ്യമോ അസാധ്യമോ ആയി ഒന്നുംതന്നെ ആകാശഭൂമികളിലില്ല.

സമുന്നതമായ ഈ ഏകദൈവത്വ വിഭാവനക്ക് വമ്പിച്ച സ്വാധീനമുണ്ട്. മനുഷ്യന്റെ സാമൂഹിക നിലവാരമുയർത്തൽ, ചക്രവർത്തിമാരുടെയും പ്രമാണിമാരുടെയും മതപുരോഹിതന്മാരുടെയും ഭരണാധികാരികളുടെയും പിടിത്തത്തിൽനിന്നു പൊതുജനങ്ങളെ മോചിപ്പിക്കൽ, ഭരണാധികാരികളും ഭരണീയരും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തൽ പോലുള്ളവയിലെല്ലാം അത് അനൽപമായ പങ്ക് വഹിച്ചിട്ടുണ്ട്. അതിലൂടെ സ്രഷ്ടാവും പ്രപഞ്ചനാഥനുമായ ദൈവത്തിൽ ദൃഷ്ടികൾ കേന്ദ്രീകരിക്കപ്പെട്ടു. ആദർശപരമായ ഈ സവിശേഷത ഇസ്‌ലാമിക നാഗരികതയിൽ ആഴത്തിൽ സ്വാധീനം ചെലുത്തി. ഇതര നാഗരികതകളിലേതുപോലെ ഇസ്‌ലാമിക വിശ്വാസത്തിലോ ആരാധനാചടങ്ങുകളിലോ ഭരണകാര്യങ്ങളിലോ കലാസാഹിത്യസംരംഭങ്ങളിലോ ബഹുദൈവസങ്കൽപത്തിന്റെയോ വിഗ്രഹാരാധനാപരമായ ദർശനങ്ങളുടെയോ ആചാ

രങ്ങളുടെയോ ലാഞ്ഛനപോലും കാണുക സാധ്യമല്ല. ഇസ്‌ലാമിക നാഗരികതയിൽ ഹോമർ രചിച്ച *ഇലിയഡ്* പോലുള്ള കാവ്യങ്ങളും വിഗ്രഹാരാധനയിലധിഷ്ഠിതമായ ഗ്രീക്ക് സാഹിത്യകൃതികളും കാണപ്പെടാത്തതിന്റെ കാരണവും അതത്രെ. കൊത്തുപണികളിലും ശിൽപവിദ്യയിലും അലങ്കാരശാസ്ത്രത്തിലും അതിവൈദഗ്ധ്യം പ്രദർശിപ്പിച്ചതോടൊപ്പം ബിംബനിർമാണത്തിലും ചിത്രരചനയിലും താൽപര്യം പ്രകടിപ്പിക്കാതിരുന്നതും അതുകൊണ്ടുതന്നെ. ബഹുദൈവത്വത്തിനും അതിന്റെ സകലവിധ ചിഹ്നങ്ങൾക്കുമെതിരെ സന്ധിയില്ലാസമരം പ്രഖ്യാപിച്ച ഇസ്‌ലാം, പുരാതനകാലം മുതൽക്കുതന്നെ തുടർന്നുപോന്നിരുന്ന അത്തരം കലകൾക്ക് കവാടം തുറന്നുകൊടുത്തില്ല. മഹാന്മാരുടെയും പുണ്യപുരുഷന്മാരുടെയും ജേതാക്കളുടെയും പ്രവാചകന്മാരുടെയും പ്രതിമകൾ പ്രാചീന നാഗരികതകളുടെ മാത്രമല്ല, ആധുനികനാഗരികതകളുടെയും പ്രകടമായ അടയാളങ്ങളാണ്. കാരണം, ഇസ്‌ലാമിക നാഗരികതയെപ്പോലെ കലർപ്പില്ലാത്ത ഏകദൈവത്വാദർശത്തിലൂടെ ഏറെയൊന്നും മുന്നോട്ടുപോകാൻ അവയൊന്നും സന്നദ്ധമല്ല.

ആദർശത്തിലുള്ള ഈ ഏകനായകത്വം ഇസ്‌ലാമിക നാഗരികതയുടെ എല്ലാ തലങ്ങളിലും അടിസ്ഥാനങ്ങളിലും നിലനിന്നു. പ്രവാചകത്വത്തിലും നിയമനിർമാണത്തിലും ഉദ്ദേശ്യലക്ഷ്യങ്ങളിലും ജീവിതമാർഗങ്ങളിലും ചിന്താസരണികളിലും അതിന്റെ പ്രതിഫലനങ്ങൾ പ്രകടമാണ്. ഇസ്‌ലാമിക കലകളിൽ ഗവേഷണം നടത്തിയവർക്ക് വിവിധ തലങ്ങളിലെ ഈ ഏകതാനത പൂർണമായും ബോധ്യമായിട്ടുണ്ട്. സ്പെയിനിലെ ആനക്കൊമ്പും ഈജിപ്തിലെ തുണിയും സിറിയയിലെ മൺപാത്രങ്ങളും ഇറാനിലെ ഖനിജങ്ങളും എത്രയൊക്കെ വ്യത്യസ്തങ്ങളും വൈവിധ്യപൂർണങ്ങളുമാണെങ്കിലും അവ പ്രതിനിധാനംചെയ്യുന്ന ഭാവവും ശൈലിയും ഒന്നുതന്നെ.

2. നമ്മുടെ നാഗരികതയുടെ രണ്ടാമത്തെ സവിശേഷത അതിന്റെ ലക്ഷ്യവും വികാരവും മനുഷ്യത്വപരമാണെന്നതത്രെ. അതിന്റെ മാനവും സന്ദേശവും സാർവദേശീയമാണ്. വർഗ, വർണ, ദേശ, ഭാഷാ വൈവിധ്യങ്ങളുണ്ടെങ്കിലും മാനവരാശി മുഴുവൻ ഒന്നാണെന്ന് അതുദ്ഘോഷിക്കുന്നു. അല്ലാഹു അറിയിക്കുന്നു: "മനുഷ്യരേ, ഒരാണിൽനിന്നും പെണ്ണിൽനിന്നുമായി നിങ്ങളെ നാം സൃഷ്ടിച്ചു. നിങ്ങൾ അന്യോന്യം തിരിച്ചറിയാൻവേണ്ടി വിവിധ വർഗങ്ങളും ഗോത്രങ്ങളുമാക്കി. അല്ലാഹുവിങ്കൽ അത്യുത്തമൻ നിങ്ങളിൽ ഏറ്റവുമധികം സൂക്ഷ്മത പുലർത്തുന്നവനത്രെ." (ഖു. 49: 13)

സാർവലൗകിക മാനുഷികൈക്യം ഊന്നിപ്പറയുകയാണ് ഖുർആനിവിടെ. ഒപ്പം അതിന്റെ ആധാരശിലകൾ സത്യവും നന്മയും മാന്യതയുമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിക വിജയത്തിന്റെ ധ്വജം നാട്ടപ്പെട്ട ജനതകളിലെയും സമുദായങ്ങളിലെയും സമുന്നത

വ്യക്തിത്വങ്ങളെയെല്ലാം കോർത്തിണക്കുന്ന കണ്ണിയായി അതിന്റെ നാഗരികത വർത്തിക്കുകയുണ്ടായി. ഇസ്‌ലാമേതരമായ മുഴുവൻ നാഗരികതകളും ഏതെങ്കിലും ഒരേ ജാതിയിലും വർഗത്തിലുംപെട്ട വ്യക്തിത്വങ്ങളുടെ പേരിൽ അഭിമാനം കൊള്ളുമ്പോൾ ഇസ്‌ലാമിക നാഗരിക സൗധത്തിന്റെ നിർമിതിയിൽ പങ്കാളികളായ എല്ലാ ജനതകളിലെയും സമുദായങ്ങളിലെയും മുഴുവൻ വ്യക്തിത്വങ്ങളിലും മുസ്‌ലിംകൾ അഭിമാനംകൊള്ളുന്നു. അബൂഹനീഫയും മാലിക്കും ശാഫിഈയും അഹ്മദും ഖലീലും സീബവയ്ഹിയും കിൻദിയും ഗസ്സാലിയും ഫാറാബിയും ഇബ്നുറുശ്ദും അതുപോലുള്ളവരും ഭിന്ന വർഗങ്ങളിലും വിവിധദേശങ്ങളിലും പെട്ടവരാണെങ്കിലും അവരിലൂടെ ഇസ്‌ലാമിക നാഗരികത മാനവരാശിക്ക് അത്യുദാത്തവും അന്യൂനവുമായ ചിന്താഫലങ്ങൾ കാഴ്ചവെക്കുകയുണ്ടായി.

3. മുഴുവൻ മേഖലകളിലും കർമമണ്ഡലങ്ങളിലും ധാർമികമൂല്യങ്ങൾക്ക് പ്രഥമസ്ഥാനമനുവദിച്ചുവെന്നതാണ് ഇസ്‌ലാമിക നാഗരികതയുടെ മൂന്നാമത്തെ സവിശേഷത. രാഷ്ട്രത്തിന്റെയോ സമുദായത്തിന്റെയോ വ്യക്തിയുടെയോ താൽപര്യങ്ങൾക്കുവേണ്ടി അവയെ ഒരിക്കലും ബലിയർപ്പിച്ചില്ല. വിധിന്യായം, വിജ്ഞാനം, നിയമനിർമാണം, യുദ്ധം, സന്ധി, സമ്പത്ത്, കുടുംബം എന്നിവകളിലെല്ലാം ധാർമികമൂല്യങ്ങൾക്ക് സവിശേഷ സ്ഥാനമനുവദിച്ചു. പുരാതനവും ആധുനികവുമായ നാഗരികതകൾക്കൊന്നും ആ വിതാനത്തിലേക്കുയരാനെന്നല്ല, എത്തിനോക്കാൻപോലും കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ മനുഷ്യനെ സൗഭാഗ്യത്തിലേക്കു നയിക്കുന്ന നാഗരികതയെന്ന നിലയിൽ ഇസ്‌ലാം സവിശേഷമായിത്തീരുന്നു.

4. ആദർശത്തിൽ അശേഷം വിട്ടുവീഴ്ച അനുവദിക്കാതിരിക്കുകയും അറിവിനു പരമപ്രാധാന്യം കൽപിക്കുകയും ചെയ്യുകയെന്നത് ഈ നാഗരികതയുടെ നാലാമത്തെ പ്രത്യേകതയത്രെ. അത് ബുദ്ധിയെയും ബോധത്തെയും അഭിസംബോധന ചെയ്യുന്നു. ഒരേസമയം വിചാരത്തെയും വികാരത്തെയും ഇളക്കിവിടുന്നു. ചരിത്രത്തിൽ മറ്റൊരു നാഗരികതക്കും ഇങ്ങനെ സാധിച്ചിട്ടില്ല. സത്യത്തിലും നീതിയിലും അടിയുറച്ചു നിന്നുകൊണ്ട് ഒരു രാഷ്ട്രവ്യവസ്ഥ നിർമിക്കാൻ ഇസ്‌ലാമിക നാഗരികതക്കു സാധിച്ചു. അതേസമയം മതത്തെയും ആദർശത്തെയും അത് മുറുകെപ്പിടിക്കുകയും ചെയ്തു. രാഷ്ട്രപുരോഗതിക്കോ നാഗരിക വികാസത്തിനോ മതമൊരിക്കലും വിഘാതം സൃഷ്ടിച്ചതുമില്ല. എന്നല്ല, മതം മുഴുവൻ നേട്ടങ്ങളുടെയും നിമിത്തമായി വർത്തിക്കുകയും ചെയ്തു. ബഗ്ദാദിലെയും ദമസ്കസിലെയും കൈറോയിലെയും കൊർദോവയിലെയും ഗ്രാനഡയിലെയും പള്ളിഭിത്തികൾക്കിടയിലൂടെ വിജ്ഞാനത്തിന്റെ പ്രകാശകിരണങ്ങൾ നാട്ടിലെങ്ങും പ്രസരിപ്പിച്ചു. മതവും രാഷ്ട്രവും രണ്ടായിക്കാണാത്ത ഏകമതം ഇസ്‌ലാമാണ്. എന്നിട്ടും മധ്യകാല നൂറ്റാണ്ടുക

ളിൽ യൂറോപ്പിൽ സംഭവിച്ചതുപോലെ ഒരു കുഴപ്പവും ഇസ്‌ലാമിൽ അതു കൊണ്ടുണ്ടായില്ല. രാഷ്ട്രനായകൻ ജനപ്രതിനിധിയും മതനേതാവുമായിരുന്നു. അതോടൊപ്പം അദ്ദേഹത്തിന്റെ എല്ലാ തീരുമാനങ്ങളും സത്യത്തിലും നീതിയിലുമധിഷ്ഠിതവുമായിരുന്നു. മതവിഷയങ്ങളിൽ പ്രത്യേക യോഗ്യതയുള്ളവർക്കെല്ലാം അഭിപ്രായം പറയാം. പക്ഷേ നിയമത്തിന്റെ മുമ്പിൽ സകലരും സമന്മാർ. മതഭക്തിയും സേവനസന്നദ്ധതയുമാണ് മഹത്വത്തിന്റെ മാനദണ്ഡം. പ്രവാചകൻ പറഞ്ഞു: "അല്ലാഹുവാണ! മുഹമ്മദിന്റെ മകൾ ഫാത്തിമയാണ് കട്ടതെങ്കിലും ഞാനവളുടെ കൈ മുറിച്ചുകളയുകതന്നെ ചെയ്യും." (ബുഖാരി, മുസ്‌ലിം)

"സൃഷ്ടികളെല്ലാം ദൈവത്തിന്റെ ആശ്രിതരാണ്. തന്റെ ആശ്രിതർക്ക് കൂടുതൽ പ്രയോജനപ്പെടുന്നവനാണ് അല്ലാഹുവിനേറ്റം പ്രിയങ്കരൻ." (അൽബസ്സാർ)

നമ്മുടെ നാഗരികതയുടെ നിദാനങ്ങൾ ഇവയാണ്. നേതാവിനോ മതപുരോഹിതന്മാർക്കോ പ്രമാണിമാർക്കോ പണക്കാർക്കോ യാതൊരു പ്രത്യേകതയുമില്ല. "പറയുക: ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്." (ഖു. 18: 110)

5. മതാധിഷ്ഠിതമായ ഒരു നാഗരികതയിലും കാണപ്പെടാത്ത മതസഹിഷ്ണുതയാണ് ഇസ്‌ലാമിക നാഗരികതയുടെ മറ്റൊരു സവിശേഷത. ഒരു മതത്തിലും ദൈവത്തിലും വിശ്വസിക്കാത്തവർ എല്ലാ മതങ്ങളെയും ഒന്നുപോലെ വീക്ഷിക്കുന്നതിലും മുഴുവൻ മതവിശ്വാസികളോടും ഒരേ രീതിയിൽ പെരുമാറുന്നതിലും അദ്ഭുതമില്ല. എന്നാൽ, തന്റെ മതമാണ് സത്യമെന്നും തന്റെ ആദർശമാണ് ശരിയും അന്യൂനവുമെന്നും വിശ്വസിക്കുന്നവന് വാളെടുക്കാനും നാടുകൾ കീഴ്പ്പെടുത്താനും ഭരണം കൈയാളാനും വിധിന്യായം നടത്താനും വേണ്ടത്ര അവസരം ലഭിച്ചിട്ടും, തന്റെ മതവിശ്വാസവും ആദർശനിഷ്ഠയും അനീതി പ്രവർത്തിക്കാനും അക്രമം കാണിക്കാനും ജനങ്ങളെ നിർബന്ധപൂർവം മതപരിവർത്തനം ചെയ്യിക്കാനും അവനെ പ്രേരിപ്പിക്കുന്നില്ലെങ്കിൽ അത്തരം വ്യക്തികൾ ചരിത്രത്തിൽ അതുല്യരായി അത്യുന്നതങ്ങളിലെത്തും. ഇങ്ങനെയുള്ള ഒരു നാഗരികത അതിന്റെ പൂർണതയോടെ സ്ഥാപിതമായാൽ അത് എന്തുമാത്രം ഉദാത്തവും ഉത്കൃഷ്ടവുമായിരിക്കുമെന്ന് ഊഹിക്കാമല്ലോ. ഇസ്‌ലാമിക നാഗരികത ഇതാണ് സാധിച്ചത്. വരുന്ന ചർച്ചകളിലൂടെ അതിന്റെ അനേകം ഉദാഹരണങ്ങൾ നമുക്ക് കാണാവുന്നതാണ്. അതിനാൽ നമ്മുടെ നാഗരികത ചരിത്രത്തിൽ അതുല്യമത്രെ. ഒരു മതമാണ് അത് സ്ഥാപിച്ചത്. എങ്കിലും അത് മുഴുവൻ മതങ്ങൾക്കുംവേണ്ടിയുള്ളതായിരുന്നു.

ഇസ്‌ലാമിക നാഗരികതയുടെ ഈ സവിശേഷതകൾ കണ്ട് ലോകം ആശ്ചര്യഭരിതരായി ഇമവെട്ടാതെ നോക്കിനിന്നു. മുഴുവൻ മതത്തിലെയും ബുദ്ധിജീവികളും സ്വതന്ത്രചിന്തകരും അതിൽ ആകൃഷ്ടരായി. ജനങ്ങളെ

ഭരിക്കുകയും നിയന്ത്രിക്കുകയും സംസ്കരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ശക്തിയായിരുന്നു ഇസ്‌ലാം. അത് തകർന്നപ്പോൾ മറ്റു നാഗരികതകൾ നാമ്പെടുത്തു. അതോടെ നമ്മുടെ നാഗരികതയുടെ നേരെയുള്ള വീക്ഷണങ്ങൾ വിഭിന്നങ്ങളായി. അതിനെ പ്രശംസിക്കുന്നവരും അഭിശംസിക്കുന്നവരുമുണ്ടായി. അതിന്റെ അപദാനങ്ങൾ പാടുന്നവരും അതിനെതിരെ അപവാദങ്ങൾ പറയുന്നവരും രംഗത്തുവന്നു. പാശ്ചാത്യനിരീക്ഷകരുടെയും അവസ്ഥ ഇതുതന്നെ. ഇന്ന് അളവുകോലുകൾ പാശ്ചാത്യരുടെ വശമാണ്. അവരുടെ അഭിപ്രായങ്ങൾക്കാണ് വില. നാഗരികതയുടെ നാഡിമിടിപ്പുകൾ പരിശോധിക്കുന്നത് അവരാണ്. ഇതര നാഗരികതകളുടെ വക്താക്കളെല്ലാം വിവശരും ദുർബലരുമാണ്. അവരുടെ സകല നേട്ടങ്ങളും തട്ടിയെടുക്കാനും അവരുടെ നാടുകൾ അധീനപ്പെടുത്തി വാഴാനുമാണ് ശക്തന്മാർ ഉദ്ദേശിക്കുന്നത്. ഒരുവേള, എല്ലാ ശക്തരും ദുർബലരോടവലംബിക്കുന്ന നയം ഇതുതന്നെയായിരിക്കും. അതിൽ കാലദേശ വ്യത്യാസങ്ങളുണ്ടാവില്ല. എന്നാൽ, മുസ്‌ലിംകൾ മാത്രം ഇതിനപവാദമായിരിക്കുന്നു. അവർ ശക്തരെയും ദുർബലരെയും ഒരേ നിലയിൽ വീക്ഷിച്ചു. അവർ പ്രാപ്തരായിരുന്നപ്പോൾ മുഴുവൻ മനുഷ്യരോടും നിഷ്കൃഷ്ടമായ നീതി പുലർത്തി. പാശ്ചാത്യന്റെയും പൗരസ്ത്യന്റെയും മാന്യത പരിരക്ഷിച്ചു. ഉദ്ദേശ്യശുദ്ധിയിലും നീതിനിഷ്ഠയിലും ഋജുമാനസതയിലും അവരോടു കിടപിടിക്കാനാരുണ്ട്?

എന്നാൽ ശാക്തികച്ചേരി മുസ്‌ലിംകൾക്കെതിരെ പക്ഷപാതപരമായ നിലപാട് സ്വീകരിക്കുകയും അവരുടെ നാഗരികതയെ അന്യായമായി അവമതിക്കുകയും ചെയ്തപ്പോൾ അവരുണർന്നു പ്രവർത്തിച്ചില്ലെന്നത് അത്യന്തം ഖേദകരമത്രെ. പ്രതിയോഗികൾ മതപക്ഷപാതികളും സാമുദായിക വിഭാഗങ്ങളുമായിരുന്നു. സത്യം ദർശിക്കാൻ അവരുടെ ദൃഷ്ടികൾക്ക് സാധ്യമല്ല. സ്വന്തം സമുദായത്തിനല്ലാതെ മറ്റാർക്കും മഹത്വം വകവെച്ചുകൊടുക്കാനും അവർക്കു കഴിയില്ല. പക്ഷേ അവരുടെ പക്ഷപാതപരമായ ഈ വീക്ഷണം മുസ്‌ലിംകളിൽപ്പോലും സ്വാധീനം ചെലുത്തുന്നുവെങ്കിൽ അതിന് ഒരു ന്യായീകരണവുമില്ല. ലോകം മുഴുവൻ നൂറ്റാണ്ടുകളോളം പാദപൂജ ചെയ്ത നാഗരികതയെ അവരെന്തിന് നിന്ദ്യമായിക്കാണണം?

അഭിനവ നാഗരികതയോടും അതിന്റെ അദ്ഭുതസിദ്ധികളോടും വൈജ്ഞാനിക വികാസത്തോടും തുലനം ചെയ്യുമ്പോൾ നമ്മുടെ നാഗരികത ഒന്നുമല്ല എന്നതായിരിക്കാം അവരുടെ വാദം. ഇതു ശരിയാണെങ്കിൽത്തന്നെ രണ്ടു കാരണങ്ങളാൽ ഈ വീക്ഷണത്തിനു നീതീകരണമില്ല.

1. എല്ലാ നാഗരികതക്കും രണ്ടു ഘടകങ്ങളുണ്ട്; ആത്മീയവും ഭൗതികവും.

പിന്നാലെ വരുന്ന നാഗരികതകളെല്ലാം ഭൗതികവശത്തിൽ മുമ്പുള്ളതിൽനിന്നു മികച്ചുനിൽക്കും. ജീവിതഗതിയുടെ പൊതുസ്വഭാവമാണത്. പുതിയ നാഗരികതകൾ സ്വായത്തമാക്കിയ നേട്ടങ്ങൾ പഴയതിൽനിന്നു പ്രതീക്ഷിക്കുന്നത് വ്യർഥമാണ്. അങ്ങനെയാണ് കാര്യങ്ങളുടെ പോക്കെങ്കിൽ ഇസ്‌ലാമിനു മുമ്പുള്ള നാഗരികതകളെ മുസ്‌ലിംകൾക്ക് തരംതാഴ്ത്തിക്കാണാം. കാരണം, അവക്ക് സ്വപ്നം കാണാൻകൂടി കഴിയാത്ത ജീവിത വിഭവങ്ങളും നാഗരികനേട്ടങ്ങളുമാർജിക്കാൻ ഇസ്‌ലാമിനു സാധിക്കുകയുണ്ടായി.

ആത്മീയമൂല്യങ്ങളാണ് നാഗരികതകൾക്ക് അനശ്വരത നൽകുന്നത്. മാനവരാശിയെ ഉന്നതിയുടെ ഉത്തുംഗതയിലേക്കുയർത്താനും അപകടങ്ങളിൽനിന്നും അസ്വസ്ഥതകളിൽനിന്നും രക്ഷിക്കാനും അവക്കേ കഴി
യ ൂ .
ഈ രംഗത്ത് ഇസ്‌ലാമിക നാഗരികത മുമ്പും പിമ്പുമുള്ള മുഴുവൻ നാഗരികതകളേയും മികച്ചുനിൽക്കുന്നു; ചരിത്രത്തിൽ അതുല്യമായ പദവി അലങ്കരിക്കുകയും ചെയ്യുന്നു. മനുഷ്യനെ വിജയത്തിന്റെ വിഹായസ്സിലേക്കുയർത്തുകയാണ് നാഗരികതയുടെ ലക്ഷ്യം. ഈ വിഷയത്തിൽ പാശ്ചാത്യരുടെയോ പൗരസ്ത്യരുടെയോ നാഗരികതകൾക്ക് അപ്രാപ്യമായത് ഇസ്‌ലാം ചെയ്തിട്ടുണ്ട്.

2. ഭൗതിക മാനദണ്ഡമനുസരിച്ചല്ല നാഗരികതകളെ തുലനം ചെയ്യേണ്ടത്. അതാർജിച്ച ലൗകിക സിദ്ധികളുടെയോ ജീവിതത്തിലും ഭക്ഷണത്തിലും വസ്ത്രത്തിലുമുണ്ടായ ആഡംബരതകളുടെയോ തോത് വെച്ചുമല്ല; മറിച്ച്, മനുഷ്യചരിത്രത്തിൽ അത് ചെലുത്തുന്ന സ്വാധീനത്തിന്റെ അടിസ്ഥാനത്തിലാണ്. രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ വിലയിരുത്തപ്പെടുക പിടിച്ചടക്കപ്പെട്ട പ്രദേശത്തിന്റെ വിസ്തൃതിയോ സൈനികശക്തിയോ പരിഗണിച്ചല്ല; പുരാതന ചരിത്രത്തിലും മധ്യകാല നൂറ്റാണ്ടുകളിലും നടന്ന യുദ്ധങ്ങൾ സൈനികശക്തിയിലും സമര സജ്ജീകരണങ്ങളിലും രണ്ടാം ലോക യുദ്ധത്തെയപേക്ഷിച്ച് വളരെ നിസ്സാരമാണ്. എന്നിട്ടും അവയുടെ ദൂരവ്യാപകമായ ഫലങ്ങളും പ്രത്യാഘാതങ്ങളും പരിഗണിച്ച് ചരിത്രത്തിൽ അവ വിലമതിക്കപ്പെടുന്നു. കാർത്തേജിയൻ ജനതയുടെ വിഖ്യാതനായകൻ ഹനീബാൽ റോമക്കാരെ ദയനീയമായി പരാജയപ്പെടുത്തിയ കാനി യുദ്ധങ്ങൾ (The Battle at Caunae -Italy - B.C: 216) യൂറോപ്പിലെ സൈനിക വിദ്യാലയങ്ങളിൽ ഇന്നും പഠനവിഷയമാണ്. ഖാലിദുബ്നുൽ വലീദിന്റെ ഇറാഖ്, സിറിയാ വിജയങ്ങൾ പാശ്ചാത്യലോകത്തെ പട്ടാളക്കാർ ഇന്നും അദ്ഭുതാദരങ്ങളോടെ പഠിച്ചുകൊണ്ടിരിക്കുന്നു. ഇസ്‌ലാമിക വിജയ ചരിത്രത്തിലെ തങ്കത്താളുകളിൽ അനശ്വരത നേടിയ സംഭവങ്ങളാണവ. കാനീ, ബദ്ർ, ഖാദിസിയ്യ, ഹിത്വീൻ എന്നീ യുദ്ധങ്ങൾ അവഗണിക്കാൻ ആർക്കും സാധ്യമല്ല. കാലദൈർഘ്യം

അവയുടെ തനിമ നഷ്ടപ്പെടുത്തിയിട്ടുമില്ല. കാരണം, അവ ചരിത്രത്തിൽ അതീവ നിർണായകങ്ങളായിരുന്നു.

നമ്മുടെ നാഗരികതയെസ്സംബന്ധിച്ചു പഠിക്കാൻ ഹ്രസ്വമായ ഈ വിവരണം പ്രേരകമായിത്തീരുമെന്നു പ്രതീക്ഷിക്കുന്നു. നീതിമാനായ അല്ലാഹു നൽകിയ “മാനവരാശിക്കു മാതൃകയായി ഉയിർത്തെഴുന്നേൽപിക്കപ്പെട്ട ഉത്തമ സമുദായ”മെന്ന വിശേഷണം അന്വർഥമാക്കിയ ഇസ്‌ലാമിക നാഗരികതയുടെ അനശ്വരത അനാവരണം ചെയ്യുന്ന ചില ശോഭന ചിത്രങ്ങളാണ് തുടർന്നുള്ള അധ്യായങ്ങളിൽ.

രണ്ട്

# ചരിത്രത്തിൽ ചെലുത്തിയ സ്വാധീനം

•

**ന**മ്മുടെ നാഗരികതയുടെ പ്രകടമായ പ്രത്യേകതകളെപ്പറ്റി കഴിഞ്ഞ അധ്യായത്തിൽ വിവരിക്കുകയുണ്ടായി. ആദർശപരവും ധാർമികവും ഭൗതികവുമായ വിവിധ മേഖലകളിൽ മാനവചരിത്രത്തിൽ ചെലുത്തിയ അനശ്വര സ്വാധീനത്തിന്റെ തോതാണ് നാഗരികതകളുടെ നിത്യതയുടെ നിദാനമെന്ന് അതിൽ വ്യക്തമാക്കിയിട്ടുണ്ട്. മാനവപുരോഗതിയുടെ ചരിത്രത്തിൽ നമ്മുടെ നാഗരികത ഉജ്ജ്വലവും നിർണായകവുമായ ദൗത്യം നിർവഹിക്കുകയുണ്ടായി. വിശ്വാസം, വിജ്ഞാനം, കല, സാഹിത്യം, തത്ത്വചിന്ത തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ ദൂരവ്യാപകങ്ങളായ പ്രതിഫലനങ്ങളും ശക്തമായ സ്വാധീനവും അത് സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രതിഫലനങ്ങളും അവയുടെ പ്രാധാന്യവും എന്തെന്ന് നമുക്ക് പരിശോധിക്കാം.

ഇസ്‌ലാമിക നാഗരികതയുടെ അനശ്വര സംഭാവനകളെ പ്രധാനമായും അഞ്ചു മേഖലകളിലായി സംഗ്രഹിക്കാം:

1. മതവും വിശ്വാസവും

ക്രിസ്ത്വബ്ദം ഏഴാം നൂറ്റാണ്ടുമുതൽ ആധുനികയുഗം വരെ യൂറോപ്പിലുണ്ടായ മതനവോത്ഥാന സംരംഭങ്ങളിൽ ഇസ്‌ലാമിക നാഗരികതയുടെ അടിസ്ഥാന സിദ്ധാന്തങ്ങൾ അനൽപമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇസ്‌ലാം പ്രഖ്യാപിച്ചു: ദൈവം ഏകനാണ്; അവൻ മാത്രമാണ് പരമാധികാരി. അവൻ മനുഷ്യാകാരം പ്രാപിക്കില്ല. അനീതി പ്രവർത്തിക്കുകയില്ല. ഒരുവിധ ദൗർബല്യവും അവനെ ബാധിക്കുകയുമില്ല. ദൈവത്തെ ആരാധിക്കാനും അവനുമായി ബന്ധം സ്ഥാപിക്കാനും അവന്റെ നിയമവ്യവസ്ഥകൾ മനസ്സിലാക്കാനും മനുഷ്യന് സ്വയം സാധിക്കും. അതിന് മതപുരോഹിതന്റെയോ മധ്യവർത്തിയുടെയോ ആവശ്യമില്ല."

സുപ്രധാനവും പ്രോജ്ജ്വലവുമായ ഈ സിദ്ധാന്തത്തിലേക്ക് മനുഷ്യമനസ്സുകൾ തുറന്നിടുന്നതിൽ ഇസ്‌ലാമിന്റെ പ്രസ്തുത പ്രഖ്യാപനം നിർണായകമായ പങ്ക് വഹിക്കുകയുണ്ടായി. ലോകജനത അതിശക്തമായ മത ഏകാധിപത്യത്തിന്റെ ചങ്ങലക്കെട്ടുകളിൽ വരിഞ്ഞുമുറുക്കപ്പെടുകയും അവരുടെ സമ്പത്തും ശരീരവും ചിന്തയും അഭിപ്രായസ്വാതന്ത്ര്യവുമെല്ലാം മതപുരോഹിതന്മാരുടെ മേധാവിത്വത്തിന് അടിപ്പെടുകയും ചെയ്തിരുന്ന കാലഘട്ടമാണത്. കിഴക്കും പടിഞ്ഞാറുമുണ്ടായ ഇസ്‌ലാമിന്റെ വിജയത്തിലൂടെ അത് ചെന്നെത്തിയ പ്രദേശങ്ങളിലെ ജനസമൂഹങ്ങളെ മറ്റെന്തിനെക്കാളുംമുമ്പേ അതിന്റെ വിശ്വാസസിദ്ധാന്തങ്ങൾ

സ്വാധീനിക്കുക സ്വാഭാവികം മാത്രമാണ്. യഥാർഥത്തിൽ സംഭവിച്ചതും അതുതന്നെ. ക്രിസ്ത്വബ്ദം ഏഴാം നൂറ്റാണ്ടിൽ പല പാശ്ചാത്യ ചിന്തകന്മാരും പ്രതിരൂപങ്ങളെ ആരാധിക്കുന്നതിനെ എതിർത്തു. അവർക്കുശേഷം വന്നവർ ദൈവത്തിനും അവന്റെ ദാസന്മാർക്കുമിടയിലുള്ള മധ്യവർത്തികളെ നിരാകരിച്ചു. പോപ്പുമാരെയും പാതിരിമാരെയും പൂർണമായും മാറ്റിനിർത്തി, നേർക്കുനേരെ വിശുദ്ധ വേദഗ്രന്ഥങ്ങൾ പഠിക്കാൻ അവർ ജനങ്ങളെ പ്രേരിപ്പിച്ചു. മതം, വിശ്വാസം, ദൈവികബോധനം എന്നിവയെ സംബന്ധിച്ച മുസ്‌ലിം പണ്ഡിതന്മാരുടെയും ചിന്തകന്മാരുടെയും വീക്ഷണങ്ങൾ വായിച്ചുപഠിച്ചതിന്റെ ഫലമാണ് ജർമനിയിലെ പ്രൊട്ടസ്റ്റന്റ് വിഭാഗത്തിന്റെ നേതാവ് മാർട്ടിൻലൂഥറി(1483-1546)ന്റെ നവോത്ഥാന പ്രസ്ഥാനമെന്ന് പല ചരിത്രഗവേഷകന്മാരും തറപ്പിച്ചുപറഞ്ഞിട്ടുണ്ട്. അതിനുവളരെ മുമ്പുതന്നെ മുസ്‌ലിം ദാർശനികരുടെ ഗ്രന്ഥങ്ങൾ ലാറ്റിൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിരുന്നു. ലൂഥറുടെ കാലത്ത് യൂറോപ്യൻ സർവകലാശാലകൾ അവയെയാണ് അവലംബിക്കുകയും തങ്ങളുടെ പഠനങ്ങൾക്ക് ആധാരമായി സ്വീകരിക്കുകയും ചെയ്തിരുന്നത്. ഫ്രഞ്ച് വിപ്ലവത്തിൽ ഉദ്ഘോഷിക്കപ്പെട്ട മതവും രാഷ്ട്രവും തമ്മിലുള്ള വേർതിരിവ് മൂന്നോ അതിലധികമോ നൂറ്റാണ്ടുകാലം യൂറോപ്പിനെ കീഴ്പ്പെടുത്തിയ പ്രബലങ്ങളായ ചിന്താപ്രസ്ഥാനങ്ങളുടെ ഫലമാണെന്ന് ഉറപ്പിച്ചുപറയാം. കുരിശുയുദ്ധങ്ങളിലൂടെയും സ്പെയിൻ ഭരണത്തിലൂടെയും ഇസ്‌ലാമികനാഗരികത ആ പ്രസ്ഥാനങ്ങളെ അത്യധികം സ്വാധീനിച്ചതായിക്കാണാം.

## 2. ശാസ്ത്രവും തത്ത്വചിന്തയും

വൈദ്യം, ഗണിതം, രസതന്ത്രം, ഭൂമിശാസ്ത്രം, ഗോളശാസ്ത്രം തുടങ്ങിയവയിലെല്ലാം നമ്മുടെ നാഗരികതയുടെ സ്വാധീനം പ്രകടമാണ്. ഇസബെല്ല (Isabella), കൊർദോവ (Cordoba), ഗ്രാനഡ(Granada) തുടങ്ങിയ പള്ളികളിലെ നമ്മുടെ ദാർശനികന്മാരുടെയും പണ്ഡിതന്മാരുടെയും ശബ്ദമാണ് ഈ മേഖലകളിൽ പടിഞ്ഞാറിനെ പിടിച്ചുണർത്തിയത്. പ്രഥമഘട്ടത്തിൽ നമ്മുടെ പാഠശാലകളിലേക്ക് പലായനം ചെയ്തെത്തിയ പാശ്ചാത്യവിദ്യാർഥികൾ വളരെ സ്വതന്ത്രമായ സാഹചര്യത്തിൽ ഈ വിജ്ഞാനങ്ങളെല്ലാം കേട്ടപ്പോൾ ആശ്ചര്യഭരിതരാവുകയുണ്ടായി. സമാനമായ സാഹചര്യം സ്വന്തം നാടുകളിലവർക്ക് സങ്കൽപിക്കാൻ പോലും സാധ്യമായിരുന്നില്ല. ഭൂമിയുടെ കറക്കം, അണ്ഡാകൃതി, ഗോളങ്ങളുടെ ചലനംപോലുള്ള ശാസ്ത്രീയ വിഷയങ്ങളെക്കുറിച്ച് ഇസ്‌ലാമിക പണ്ഡിതന്മാർ തങ്ങളുടെ വൈജ്ഞാനികവേദികളിലും ഗ്രന്ഥങ്ങളിലും ചർച്ച ചെയ്തുകൊണ്ടിരുന്നപ്പോൾ യൂറോപ്യൻ മനസ്സുകൾ അവയെപ്പറ്റിയൊക്കെ അതിരറ്റ അന്ധവിശ്വാസങ്ങളും മൂഢധാരണകളുമാണ് വെച്ചുപുലർത്തിയിരുന്നത്. പിന്നീട് അറബി ഗ്രന്ഥങ്ങൾ ലാറ്റിൻ ഭാഷയിലേക്ക്

പരിഭാഷപ്പെടുത്താൻ തുടങ്ങി. അതോടെ ഇസ്‌ലാമിക ഗവേഷകരുടെ കൃതികൾ പടിഞ്ഞാറൻ സർവകലാശാലകളിൽ ധാരാളമായി പഠിപ്പിക്കപ്പെട്ടു. 12-ാം നൂറ്റാണ്ടിൽ ഇബ്നുസീനാ(Avicenna)യുടെ *അൽഖാനൂൻ* എന്ന വിഖ്യാത വൈദ്യശാസ്ത്രഗ്രന്ഥം ലാറ്റിനിലേക്കു വിവർത്തനം ചെയ്യപ്പെട്ടു. അതിനെക്കാൾ വലുതും ബൃഹത്തുമായ റാസിയുടെ *അൽഹാവി*യും പാശ്ചാത്യർ പരിഭാഷപ്പെടുത്തി. 13-ാം നൂറ്റാണ്ടിന്റെ അവസാനത്തിലായിരുന്നു അത്. 16-ാം നൂറ്റാണ്ട് വിടപറയുംവരെ യൂറോപ്യൻ സർവകലാശാലകളിൽ വൈദ്യപഠനത്തിന്റെ ആധാരഗ്രന്ഥങ്ങൾ അവ രണ്ടുമായിരുന്നു. പിന്നെയും ദീർഘകാലം ദാർശനിക ഗ്രന്ഥങ്ങൾ അവിടങ്ങളിലെ പാഠപുസ്തകങ്ങളായി തുടർന്നു. മുസ്‌ലിം പണ്ഡിതന്മാരുടെ രചനകളിലൂടെയും വിവർത്തനങ്ങളിലൂടെയും മാത്രമാണ് പാശ്ചാത്യർ യവനദർശനം മനസ്സിലാക്കിയത്. മധ്യനൂറ്റാണ്ടുകൾതൊട്ട് ആറു ശതാബ്ദത്തിലധികം കാലം മുസ്‌ലിം പണ്ഡിതന്മാരായിരുന്നു യൂറോപ്പിന്റെ ഗുരുക്കന്മാരെന്ന വസ്തുത നിഷ്പക്ഷരായ പല പാശ്ചാത്യരും തുറന്നുസമ്മതിച്ചിട്ടുണ്ട്.

പ്രമുഖ പണ്ഡിതനായ ഗുസ്താവ് ലബോൺ പറയുന്നു: "ഏകദേശം അഞ്ചോ ആറോ നൂറ്റാണ്ടുകാലം യൂറോപ്യൻ കലാശാലകളിൽ അധ്യയനങ്ങൾക്കാധാരമായി സ്വീകരിച്ചിരുന്നത് അറബി ഗ്രന്ഥങ്ങളുടെ വിവർത്തനങ്ങളായിരുന്നു; ശാസ്ത്രവിഷയങ്ങളിൽ വിശേഷിച്ചും. വൈദ്യം പോലുള്ള ചില വിജ്ഞാനശാഖകളിൽ അറബികളുടെ സ്വാധീനം ഇന്നോളം നിലനിന്നുപോന്നിട്ടുണ്ട് എന്നു പറയാം. കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മോണാബിലിയയിൽവെച്ച് ഇബ്നുസീനായുടെ വൈദ്യഗ്രന്ഥങ്ങൾ വിശകലനം ചെയ്യപ്പെടുകയുണ്ടായി."

അദ്ദേഹം തന്നെ തുടരുന്നു: "റോജർ ബേക്കൺ(Roger Bacon), ലിയോണാർഡ് (Leonard), എർനോ അൽ ഫൽഗുനി (Erno Al Felguni), റയ്മണ്ട് ലോട്ട് (Raymond Lot), സാൻ തോമ(San Thoma), ആൽബർട്ട് (Albert), അസ്ഫോണിഷ് ഖശ്ഖാനി(Azfonish Qashqani) എന്നിവരെല്ലാം അവലംബിച്ചത് അറബിഗ്രന്ഥങ്ങൾ മാത്രമാണ്."

മോഷ്യോ റീനൻ പറയുന്നു: "മഹാനായ ആൽബർട്ട് പൂർണമായും അവിസെന്ന(ഇബ്നുസീന)യോടു കടപ്പെട്ടിരിക്കുന്നു. സാൻ തോമ ഇബ്നുറുശ്ദിനോടും."

പ്രമുഖ ഓറിയന്റലിസ്റ്റ് സിഡ്യൂ (Sideo) എഴുതുന്നു: "മധ്യ കാലഘട്ടത്തിൽ അറബികൾ മാത്രമായിരുന്നു നാഗരികതയുടെ അമരക്കാർ. ഇതര ഗോത്രങ്ങളുടെ കടന്നാക്രമണങ്ങളാൽ ഞെട്ടിവിറച്ച യൂറോപ്പിന്റെ മ്ലേച്ഛതയും മൃഗീയതയും മാറ്റിയെടുത്തതും അവർതന്നെ. അറബികൾ അനശ്വരമായ യവന തത്ത്വചിന്തകളുടെ ഉറവകളിലേക്ക് ഊളിയിട്ടിറങ്ങി. അതിലെ ജ്ഞാനനിധികൾ നേടുക മാത്രമല്ല അവർ ചെയ്തത്. അത്

വികസിപ്പിച്ചെടുക്കുകയും പ്രകൃതി പഠനത്തിന് പുതിയ പാത വെട്ടിത്തെളിക്കുകയും ചെയ്തു.”

അദ്ദേഹം തുടരുന്നു: “അറബികൾ ഗണിതശാസ്ത്രപഠനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. ജ്യോതിശ്ശാസ്ത്രത്തിൽ നൈപുണ്യം നേടിയതോടൊപ്പമായിരുന്നു അത്. ഗണിത വിജ്ഞാനവേദിയിൽ വളരെ ഉയർന്ന വിതാനത്തിലെത്താനവർക്ക് കഴിഞ്ഞു. അതിനാൽ ആ മേഖലയിലെ നമ്മുടെ യഥാർഥ അധ്യാപകർ അവരാണ്.”

വീണ്ടും പറയുന്നു: “അറബിയിൽനിന്ന് ലാറ്റിനിലേക്കു പകർത്തപ്പെട്ടതെല്ലാം നാം പരിശോധനാ വിധേയമാക്കുകയാണെങ്കിൽ ഗർബർട്ട് സ്‌ലിഫ്സ്റ്റർ (Gerbert Salifstar) തന്റെ സ്പെയിനിലെ പഠനത്തിലൂടെ നേടിയ ശാസ്ത്രവിജ്ഞാനങ്ങളെല്ലാം ക്രിസ്ത്വബ്ദം 970-980 കാലത്ത് നമ്മിലേക്കു കടത്തിക്കൊണ്ടുവന്നതായി കാണാവുന്നതാണ്.

ഇപ്രകാരംതന്നെ ഇംഗ്ലീഷുകാരനായ ഓ ഹെല്ലാർഡ്(O' Hallard) 1100-നും 1128-നുമിടക്ക് സ്പെയിൻ, ഈജിപ്ത് എന്നീ നാടുകൾ ചുറ്റിസഞ്ചരിക്കുകയും യൂക്ലിഡിന്റെ *അൽഅർകാൻ* അറബിയിൽനിന്നു പരിഭാഷപ്പെടുത്തുകയും ചെയ്തു. അക്കാലത്ത് പൗരസ്ത്യർ അതേക്കുറിച്ച് അജ്ഞരായിരുന്നു. പ്ലാറ്റോ തൈഗൂലി(Plato Taiguli), തിയോഡോഷ്യസ് (Theodo-sius)ന്റെ *അൽഉകർ* അതിന്റെ അറബിപതിപ്പ് ഉപയോഗിച്ച് വിവർത്തനം ചെയ്യുകയുണ്ടായി. റഡോൾഫ് ബ്രൂജീ(Rudolf Brugie) നിവാസയോഗ്യമായ സ്ഥലത്തെ സംബന്ധിച്ച ടോളമി(Ptolemy)യുടെ ഭൂമിശാസ്ത്രപഠനങ്ങൾ അറബിയിൽനിന്ന് പരിഭാഷപ്പെടുത്തി. ലിയോണാർഡ് ബൈജി അറബികളിൽനിന്ന് ആർജിച്ച അറിവുപയോഗിച്ച് 1200 ൽ ആൽജിബ്രയിൽ ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. പതിമൂന്നാം നൂറ്റാണ്ടിൽ കുമ്പാനസ്നൗസി (Kumbana-snausy) ‘അഖ്‌ലീഡി’(Euclid)ന്റെ ഏറ്റവും നല്ല അറബി തർജമ ഉപയോഗിച്ചാണ് അത് പരിഭാഷപ്പെടുത്തിയത്. ഫാസ്റ്റ്ലൂൺ ബൽഗോണി (Fastloon of Bologne) ജ്യോതിശ്ശാസ്ത്രത്തിൽ അക്കാലത്തെ ഏറ്റവും പ്രചാരമുള്ള ഹസനുബ്നുൽ ഹൈസമിന്റെ *അൽബസ്വരിയ്യാത്ത്* ലാറ്റിനിലേക്ക് പകർത്തുകയുണ്ടായി. അതേ നൂറ്റാണ്ടിൽത്തന്നെ ജറാൽഡ് കർമൂനി, ബത്വലൈമൂസിന്റെ *മജസ്തി*യും ജാബിറിന്റെ വ്യാഖ്യാനവുമുപയോഗിച്ച് പഠിച്ച് യഥാർഥവും പ്രബലവുമായ ജ്യോതിശ്ശാസ്ത്ര പ്രശ്നങ്ങളിൽ പാണ്ഡിത്യം നേടുകയും ചെയ്തു. 1250-ൽ അസ്നോഫിഷ് ഖശ്ഖാനി(Aznofish Qashqani)തന്റെ നാമധേയത്തിലറിയപ്പെടുന്ന ജ്യോതിശ്ശാസ്ത്ര ചാർട്ടർ പ്രസിദ്ധീകരിക്കാൻ നിർദേശിച്ചു. റോജർ ഒന്നാമൻ (Roger I) അറബി ശാസ്ത്രവും കലയും അഭ്യസിക്കാൻ ആജ്ഞാപിച്ചിരുന്നു; പ്രത്യേകിച്ചും ഇദ്‌രീസിയുടെ ഗ്രന്ഥങ്ങൾ. അപ്രകാരംതന്നെ ഫ്രഡറിക് രണ്ടാമൻ (Frederick II) അറബികളുടെ ശാസ്ത്രവും മര്യാദകളും പഠിക്കുന്നതിൽ ഊന്നൽ നൽകി.

ഇബ്നുറുശ്ദിന്റെ മക്കൾ അദ്ദേഹത്തോടൊപ്പം കൊട്ടാരത്തിൽവെച്ച് സസ്യങ്ങളെയും ജീവികളെയും സംബന്ധിച്ച പ്രകൃതിശാസ്ത്രം പഠിച്ചിരുന്നു."

ഹോമൽഡ് (Homeld) ശാസ്ത്രസംബന്ധിയായ തന്റെ കൃതിയിലെഴുതുന്നു: "രാസമരുന്നുകളുണ്ടാക്കുന്ന രീതി ആദ്യം ആവിഷ്കരിച്ചത് അറബികളാണ്. സലിറാം (Saliram) വിജ്ഞാനകേന്ദ്രം പ്രസ്തുത മരുന്നുകളുടെ നിർമാണത്തിനാവശ്യമായ ഉപദേശങ്ങളും പ്രായോഗിക പരിശീലനങ്ങളും നേടിയിരുന്നത് അവരിൽനിന്നാണ്. അൽപകാലം കഴിഞ്ഞപ്പോൾ ദക്ഷിണ യൂറോപ്പിലത് വ്യാപകമായി പ്രചരിക്കുകയും ചെയ്തു. ചികിത്സക്കുപയോഗിക്കുന്ന മരുന്നുകളും വൈദ്യവിദ്യകളും ചെടികളെയും രാസപദാർഥങ്ങളെയും പറ്റി പഠിക്കാൻ പാതയൊരുക്കി. ഈ വിജ്ഞാനവേദിയിൽ അറബികൾ ഒരു പുതുയുഗത്തിന് തുടക്കംകുറിച്ചു. സസ്യങ്ങളെ സംബന്ധിച്ച അവരുടെ അറിവിന്റെ ആഴവും പരപ്പും മനസ്സിലാക്കാൻ സുൽഫർഡാസിൽ അവർ രണ്ടായിരം ചെടികൾ ചേർത്തിരുന്നുവെന്നതുതന്നെ മതിയായ തെളിവാണ്. അവർ ധാരാളം പച്ചച്ചെടികളും പുല്ലുകളും ചേർത്ത് പലയിനം മരുന്നുകളുമുണ്ടാക്കിയിരുന്നു. ഗ്രീക്കുകാരെല്ലാം അക്കാലത്ത് അതേക്കുറിച്ച് പൂർണമായും അജ്ഞരായിരുന്നു."

റാസിയെയും ഇബ്നുസീനയെയുംകുറിച്ച് സിഡ്യോ പറയുന്നു: "അവർ തങ്ങളുടെ ഗ്രന്ഥങ്ങളിലൂടെ ദീർഘകാലം പാശ്ചാത്യ പാഠശാലകളിൽ ആധിപത്യം സ്ഥാപിച്ചു. ഇബ്നുസീനാ വിദഗ്ധ ഡോക്ടറെന്ന നിലയിലാണ് യൂറോപ്പിൽ അറിയപ്പെട്ടിരുന്നത്. അവിടങ്ങളിലെ വിദ്യാലയങ്ങളിൽ ഏകദേശം ആറു നൂറ്റാണ്ടുകാലം അദ്ദേഹത്തിന്റെ അനിഷേധ്യമായ ആധിപത്യം നിലനിന്നു. അഞ്ചുവാല്യങ്ങളുള്ള *അൽഖാനൂനുഫിത്ത്വിബ്ബ്* എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം ഭാഷാന്തരം ചെയ്യപ്പെടുകയും നിരവധി തവണ മുദ്രണം ചെയ്യപ്പെടുകയുമുണ്ടായി. ഇറ്റലിയിലെയും ഫ്രാൻസിലെയും കലാശാലകളിൽ അത് അധ്യാപനത്തിന് ആധാരമായി അംഗീകരിക്കപ്പെട്ടുപോന്നു."

### 3. ഭാഷയും സാഹിത്യവും

പാശ്ചാത്യർ പൊതുവിലും സ്പാനിഷ് കവികൾ പ്രത്യേകിച്ചും അറബി സാഹിത്യത്തിന്റെ വമ്പിച്ച സ്വാധീനത്തിനു വിധേയരാവുകയുണ്ടായി. പടിഞ്ഞാറൻ സാഹിത്യത്തിൽ കുതിരപ്പടയാളിയെയും ധീരതയെയും സംബന്ധിച്ച പരാമർശങ്ങളും ഉപമകളും മനോഹരവും അത്യാകർഷകവുമായ കാൽപനികതയും കടന്നുവന്നത് അറബിഗ്രന്ഥങ്ങളിലൂടെയാണ്. പ്രശസ്ത സ്പാനിഷ് സാഹിത്യകാരനായ അബാനസ് പറയുന്നു: "അറബികൾ സ്പെയിനിൽ പ്രവേശിക്കുകയും അവരുടെ അശ്വങ്ങളും യോദ്ധാക്കളും ദക്ഷിണഭൂഖണ്ഡത്തിൽ വ്യാപിക്കുകയും ചെയ്യുന്നതുവരെ കുതിരയോട്ടത്തെക്കുറിച്ച് യൂറോപ്യർക്ക് ഒന്നും അറിയുമായിരുന്നില്ല. അത് ഇതിവൃത്തമാക്കിയുള്ള സാഹിത്യവും അവർക്ക്

അജ്ഞാതമായിരുന്നു.”

ഇസ്‌ലാമിനെപ്പറ്റി ദൗസി ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ട്. അതിൽ സ്പാനിഷ് എഴുത്തുകാരൻ അൽഗാറു(Algharu)വിന്റെ ഒരു കത്ത് ഉദ്ധരി ച്ച ി ട്ട ു ണ്ട ് . യൂറോപ്യന്മാർ ഗ്രീക്ക്, ലാറ്റിൻ ഭാഷകൾ അവഗണിച്ച് അറബി ഭാഷയിൽ ആഭിമുഖ്യം കാണിക്കുന്നതിൽ അതിയായി കുണ്ഠിതപ്പെടുന്ന ആ കത്തുതന്നെ പാശ്ചാത്യലേഖകരെ അക്കാലത്ത് അറബിസാഹിത്യം എന്തുമാത്രം സ്വാധീനിച്ചിരുന്നുവെന്നതിന് മതിയായ തെളിവാണ്. അദ്ദേഹം എഴുതുന്നു: “ബുദ്ധിജീവികളെയും സാഹിത്യാഭിരുചിയുള്ളവരെയും അറബി സാഹിത്യത്തിന്റെ താളാത്മകത വശീകരിച്ചിരിക്കുന്നു. അതിനാലവർ ലാറ്റിനെ അവഗണിക്കുകയും അവഹേളിക്കുകയുമാണ്. അവരെഴുതുന്നതൊക്കെയും തങ്ങളെ അധീനപ്പെടുത്തിയവരുടെ ഭാഷയിലാണ്. എന്റെ ക്രൈസ്തവ സഹോദരന്മാർ അറബിക്കഥകളും കവിതകളും കേട്ട് കോൾമയിർകൊള്ളുകയാണ്. മുസ്‌ലിം പണ്ഡിതന്മാരും ചിന്തകന്മാരുമെഴുതിയ ഗ്രന്ഥങ്ങളാണവർ പഠിക്കുന്നത്. അവയിലെ ന്യൂനതകളും പോരായ്മകളും കണ്ടെത്താനല്ല അവരങ്ങനെ ചെയ്യുന്നത്; മറിച്ച്, അറബി സാഹിത്യശൈലി സ്വായത്തമാക്കാനാണ്. തൗറാത്തിന്റെയും ഇഞ്ചീലിന്റെയും വ്യാഖ്യാനങ്ങൾ വായിക്കുന്നവർ ഇന്നെവിടെ? ഏതാനും മതപുരോഹിതന്മാരല്ലാതെ പ്രവാചകന്മാരുടെ ഏടുകൾ പാരായണം ചെയ്യുന്നവരെവിടെ? ഹാ, എന്തൊരു കഷ്ടം! ധിഷണാശാലികളായി വളരുന്ന ക്രൈസ്തവ സമൂഹം അറബിഭാഷയിലും സാഹിത്യത്തിലുമല്ലാതെ മറ്റൊന്നിലും ആകൃഷ്ടരാവുന്നില്ലല്ലോ. അവർ അറബിഗ്രന്ഥങ്ങൾക്ക് അതിയായ പ്രാധാന്യം കൽപിക്കുന്നു. വമ്പിച്ച വിലകൊടുത്ത് അത്തരം ഗ്രന്ഥങ്ങൾ വാങ്ങുന്നു. അവകൊണ്ട് ഗ്രന്ഥാലയങ്ങൾ നിറക്കുന്നു. മാത്രമല്ല, അറബിഗ്രന്ഥങ്ങളുടെ വമ്പിച്ച ശേഖരത്തെക്കുറിച്ച് അഭിമാനിക്കുകയും ഊറ്റംകൊള്ളുകയും ചെയ്യുന്നു. ക്രൈസ്തവ പുസ്തകങ്ങളെപ്പറ്റി കേട്ടാലവർക്ക് തികഞ്ഞ പുച്ഛവും അവഗണനയുമാണ്. സമയം പാഴാക്കാനല്ലാതെ ഒന്നിനും കൊള്ളാത്തതായി കണക്കാക്കി അവയുടെ നേരെ തികഞ്ഞ അശ്രദ്ധ പുലർത്തുന്നു. ഹാ, കഷ്ടം! ക്രിസ്ത്യാനികൾ അവരുടെ ഭാഷ മറന്നിരിക്കുന്നു. ആ ഭാഷയിൽ കത്തെഴുതുന്ന ആയിരത്തിലൊരാൾപോലും ഇന്നുണ്ടാവില്ല. എന്നാൽ അറബികളുടെ ഭാഷ നല്ല ശൈലിയിൽ നന്നായി ഉദ്ധരിക്കുന്ന എത്രയോ പേരുണ്ട്! അവരതിൽ കവിതകൾ രചിക്കുന്നു. വാഗ്വിലാസത്തിലും ശൈലീ വിശേഷങ്ങളുടെ കൃത്യതയിലും അറബികൾ രചിക്കുന്നവയെക്കാൾ മികച്ചുനിൽക്കുന്നവയാണവ.”

14-ാം നൂറ്റാണ്ടിലും അതിനുശേഷവും രംഗത്തുവന്ന പല യൂറോപ്യൻ സാഹിത്യകാരന്മാരുടെ കഥകളിലും കവിതകളിലും അറബി സാഹിത്യത്തിന്റെ സീമാതീതമായ സ്വാധീനം അനിഷേധ്യമാംവിധം പ്രകടമാണ്.

ക്രിസ്ത്വബ്ദം 1349-ൽ ഇറ്റാലിയൻ നോവലിസ്റ്റും കവിയുമായ ബൊക്കാഷ്യോ (Boccaccio 1313-1375) *പത്തു പ്രഭാതങ്ങൾ (Ten Morns)* എന്ന തലക്കെട്ടിലെഴുതിയ കഥകൾ വിശ്വവിഖ്യാതമായ *ആയിരത്തൊന്നു രാവു*കളുടെ (അൽഫു ലൈല വലൈല) ശൈലി അതേപടി അനുകരിച്ചുള്ളവയാണ്. വില്യം ഷേക്സ്പിയർ തന്റെ നാടകങ്ങളിലൊന്നിൽ അതേ സങ്കേതമാണുപയോഗിച്ചത്. ജർമൻ നാടകകൃത്ത് ലിസ്സിംഗ്(Lissing) തന്റെ *നാതാൻ വൈദ്യർ* (Natan the Physician) എന്ന നാടകത്തിന്റെ തന്തുവും അതിൽനിന്നെടുത്തതാണ്.

ആധുനിക ആംഗല കവിതകളുടെ പിതാവ് ചോസർ(1340-1400) സമകാലികനായ ബൊക്കാഷ്യോവിൽനിന്ന് ധാരാളമായി സ്വീകരിക്കുകയുണ്ടായി. അയാൾ അദ്ദേഹത്തെ ഇറ്റലിയിൽവെച്ച് കണ്ടുമുട്ടിയ ശേഷമാണ് തന്റെ വിഖ്യാതകൃതിയായ *കാന്റർബറി കഥകൾ*(Canterbury Tales) രചിച്ചത്.

ഇപ്രകാരം തന്നെ പ്രസിദ്ധ കവി ഡാന്റേ (1265-1321) തന്റെ പാരത്രികയാത്ര വിവരിക്കുന്ന *ഡിവൈൻ കോമഡി* രചിച്ചത് അബുൽ അലാ ഇൽ മഅർരിയുടെ *രിസാലതുൽ ഗുഫ്റാനിൽ*നിന്നും ഇബ്നുൽ അറബി സ്വർഗത്തെ അധികരിച്ചെഴുതിയവയിൽനിന്നും പ്രചോദനമുൾക്കൊണ്ടാണെന്ന് നിരവധി നിരൂപകന്മാർ തറപ്പിച്ചുപറഞ്ഞിട്ടുണ്ട്. ഇസ്‌ലാമിക നാഗരികതയിലും അറബി ഭാഷാസാഹിത്യങ്ങളുടെ പഠനങ്ങളിലും ഏറെ തൽപരനായിരുന്ന ഫ്രഡറിക് രണ്ടാമന്റെ കാലത്തെ അദ്ദേഹത്തിന്റെ സിസിലിയിലെ താമസമാണ് അതിനു വഴിയൊരുക്കിയത്. ഡാന്റേയും അദ്ദേഹവും തമ്മിൽ അരിസ്റ്റോട്ടലിയൻ ദർശനങ്ങളെ സംബന്ധിച്ച് സംവാദം നടത്തുകയും ചെയ്തിരുന്നു. അതിൽ ചർച്ചാവിധേയമായ പല വിഷയങ്ങളെയും സംബന്ധിച്ച വിജ്ഞാനത്തിന്റെ ഉറവിടം അറബിഗ്രന്ഥങ്ങളായിരുന്നു. കൂടാതെ, നബി(സ)യുടെ ജീവചരിത്രവും ഡാന്റേക്കു നല്ലപോലെ വശമുണ്ടായിരുന്നു. ഇസ്റാഅ്, മിഅ്റാജ് സംഭവങ്ങളും ഉപരിലോകത്തെപ്പറ്റിയുള്ള വിവരണങ്ങളും അങ്ങനെയാണ് അദ്ദേഹം മനസ്സിലാക്കിയത്.

ഇറ്റലിയിലും ഫ്രാൻസിലും അറേബ്യൻ സംസ്കാരവും നാഗരികതയും നിറഞ്ഞുനിന്നിരുന്ന കാലത്താണ് പീറ്റർ യോർക്ക്(Peter York) ജീവിച്ചത്. മൊണാബിലിയ, പാരീസ് എന്നീ സർവകലാശാല കളിലാണ് അദ്ദേഹം പഠിച്ചത്. സ്പെയിൻ സർവകലാശാലകളിൽ നിന്നു പഠനം പൂർത്തിയാക്കി പുറത്തുവന്നവരായിരുന്നു അവിടങ്ങളിൽ അധ്യാപനം നടത്തിയിരുന്നത്. അവർ ആധാരമായി സ്വീകരിച്ചിരുന്നത്, അറബി ഗ്രന്ഥങ്ങളും.

മധ്യനൂറ്റാണ്ടുകളിൽ അറബിയിൽ നിലവിലുണ്ടായിരുന്ന കഥാസാഹിത്യത്തിന് യൂറോപ്യൻ കഥകളിൽ അനൽപമായ സ്വാധീനമുണ്ട്. 12-ാം

നൂറ്റാണ്ടിൽ *ആയിരത്തൊന്നു രാവുകൾ* യൂറോപ്യൻ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടു. അതിനുശേഷം പ്രസ്തുത കൃതി അവയിലെ സാഹിത്യ രചനകളിൽ വമ്പിച്ച സ്വാധീനം ചെലുത്തുകയുണ്ടായി. അതുമുതൽ ഇതിനകം വിവിധ യൂറോപ്യൻ ഭാഷകളിലായി ആ മഹദ്ഗ്രന്ഥത്തിന്റെ മുന്നൂറിലധികം പതിപ്പുകൾ മുദ്രണം ചെയ്യപ്പെട്ടിട്ടുണ്ട്. സ്വിഫ്റ്റിന്റെ *ജിലൈഫർ*, ഡിഫോയുടെ *റോബിൻസൺ ക്രൂസോ* എന്നീ യാത്രാവിവരണങ്ങൾ *ആയിരത്തൊന്നു രാവു*കളോടും പ്രസിദ്ധ അറേബ്യൻ ദാർശനികനായ ഇബ്നു തുഫൈലിന്റെ *ഹയ്യുബ്നു യഖ്ളാ*നോടും ഏറെ കടപ്പെട്ടിരിക്കുന്നുവെന്ന് പ്രമുഖരായ പല പാശ്ചാത്യ നിരൂപകരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഏതായിരുന്നാലും *ആയിരത്തൊന്നു രാവു*കളുടെ പരിഭാഷക്ക് അടിക്കടിയുണ്ടായ വർധമാനമായ പ്രചാരണവും പതിപ്പുകളുടെ ആധിക്യവും അത് പാരായണം ചെയ്യാനും അതിന്റെ സ്വാധീനത്തിൽ ആകൃഷ്ടരാകാനുമുള്ള പാശ്ചാത്യരുടെ ആഭിമുഖ്യത്തിന് അനിഷേധ്യമായ തെളിവാണ്.

വിവിധ പാശ്ചാത്യ ഭാഷകളിലെ അറബി പദങ്ങളെപ്പറ്റി ഒരുവിവരണംപോലും ആവശ്യമില്ല. നിത്യജീവിതത്തിന്റെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട അസംഖ്യം വാക്കുകൾ അവയിലെല്ലാം കാണാവുന്നതാണ്. അവയെസ്സംബന്ധിച്ച വിശദീകരണം അനാവശ്യമായതിനാൽ അതിനിവിടെ മുതിരുന്നില്ല. മികായേലിന്റെ പ്രസ്താവം ഈ ചർച്ച ഇവിടെ അവസാനിപ്പിക്കുന്നു. വസ്തുതകൾ വ്യക്തമാകാൻ അതുതന്നെ ധാരാളമാണ്. അദ്ദേഹം പറയുന്നു: "യൂറോപ്പ് അതിന്റെ മികച്ച സാഹിത്യത്തിൽ അറബ് നാടുകളോടും അവിടത്തെ ജനതകളോടും ഏറെ കടപ്പെട്ടിരിക്കുന്നു."

## 4. നിയമനിർമാണം

സ്പെയിനിലെയും മറ്റും ഇസ്‌ലാമിക വിദ്യാലയങ്ങളിൽ പഠനം നടത്തിയ പാശ്ചാത്യ വിദ്യാർഥികൾ ഇസ്‌ലാമിക കർമശാസ്ത്രകൃതികളും നിയമനിർമാണ വിധികളും തങ്ങളുടെ മാതൃഭാഷകളിലേക്ക് പരിഭാഷപ്പെടുത്തുകയുണ്ടായി. അക്കാലത്ത് യൂറോപ്പിൽ അവലംബനീയമായ രാഷ്ട്രീയവ്യവസ്ഥയോ നീതിപൂർവമായ നിയമങ്ങളോ ഉണ്ടായിരുന്നില്ല. നെപ്പോളിയന്റെ കാലത്ത് അദ്ദേഹം ഈജിപ്ത് അധീനപ്പെടുത്തിയപ്പോൾ മാലിക്കീ മദ്ഹബിലെ ഏറ്റവും വിഖ്യാതമായ കർമശാസ്ത്രഗ്രന്ഥം ഫ്രഞ്ച് ഭാഷയിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി. അക്കാലത്ത് ഭാഷാന്തരം ചെയ്യപ്പെട്ട *കിതാബുൽ ഖലീലാ*ണ് ഫ്രാൻസിയൻ നാഗരികനിയമങ്ങളുടെ അടിത്തറയായിത്തീർന്നത്. അന്നവിടെ രൂപംകൊണ്ട നിയമങ്ങളെല്ലാം മാലിക്കീ കർമശാസ്ത്രവിധികളോട് വളരെ

* രണ്ടാം ഖലീഫ ഉമറി(റ)നോട് അദ്ദേഹം ധരിച്ച വസ്ത്രത്തെപ്പറ്റി ചോദ്യം ചെയ്ത സംഭവമാണ് സൂചന. - വിവ:

യേറെ സാദൃശ്യം പുലർത്തിയിരുന്നു. സിഡ്യൂ പറയുന്നു: “ആഫ്രിക്കയിലെ അറബികളുമായുള്ള നമ്മുടെ ബന്ധം ആരംഭിച്ചതു മുതൽ നമ്മുടെ സവിശേഷ ശ്രദ്ധയാകർഷിച്ചത് മാലിക്കീ കർമശാസ്ത്രസരണിയാണ്. ഫ്രാൻസ് ഭരണകൂടം ഡോക്ടർ ബൈറൂനെ, ഖലീലുബ്നു ഇസ്ഹാഖബ്നി യഅ്ഖൂബിന്റെ കർമശാസ്ത്രഗ്രന്ഥം പരിഭാഷപ്പെടുത്താൻ ചുമതലപ്പെടുത്തുകയുണ്ടായി. ക്രിസ്ത്വബ്ദം 1422-ൽ പരലോകം പ്രാപിച്ച പ്രമുഖ പണ്ഡിതനാണ് ഖലീൽ.”

### 5. ഭരണക്രമം

പുരാതനകാലത്തും മധ്യനൂറ്റാണ്ടുകളിലും സാധാരണ പൗരന്മാർക്ക് ഭരണാധികാരികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാനും വിലയിരുത്താനും അവകാശമുണ്ടായിരുന്നില്ല. ഭരണാധികാരി-ഭരണീയ ബന്ധം അടിമ-ഉടമ ബന്ധമായിരുന്നു. പരമാധികാരിയായ യജമാനന്റെ സ്ഥാനമ ാ ണ ്
ഭരണാധികാരിക്കുണ്ടായിരുന്നത്. ജനങ്ങളെ അയാൾ അടക്കിഭരിച്ചിരുന്നത് തന്നിഷ്ടപ്രകാരമായിരുന്നു. അതുകൊണ്ടുതന്നെ രാഷ്ട്രത്തിലെ ഭരണാധികാരം പ്രത്യേക സ്വത്തായാണ് പരിഗണിക്കപ്പെട്ടിരുന്നത്. മറ്റു സ്വത്തുക്കളെപ്പോലെ അതും അനന്തരമെടുക്കപ്പെടുകയായിരുന്നു പതിവ്. അതിനാൽ ഒരു രാജ്യത്തിലെ ഭരണാധികാരി മറ്റൊരു നാട്ടിലെ രാജാവിന്റെ മകളെ വിവാഹം കഴിച്ചാൽ രാജ്ഞിയുടെ ഭരണവിഹിതം ലഭിക്കാനായി യുദ്ധം ചെയ്യുന്നതുപോലും അവർക്കിടയിൽ സർവസാധാരണമായിരുന്നു. അതൊരു കുറ്റമായി കണക്കാക്കപ്പെട്ടിരുന്നുമില്ല.

അപ്രകാരംതന്നെ രണ്ടുരാജ്യങ്ങൾ യുദ്ധത്തിലേർപ്പെട്ടാൽ വിജയിക്കുന്ന രാഷ്ട്രത്തിന് പരാജിത രാജ്യത്തിലെ സർവസ്വവും കവർന്നെടുക്കാൻ അനുവാദമുണ്ടായിരുന്നു. തോൽപിക്കപ്പെട്ട നാടു മാത്രമല്ല, അവിടത്തെ സമ്പത്തും നിവാസികളുടെ മാനവും സ്വാതന്ത്ര്യവുമെല്ലാം വിജയം വരിച്ച ഭരണാധികാരിക്കും പട്ടാളത്തിനും അവകാശപ്പെട്ടതായിരുന്നു. ഇസ്ലാമിക നാഗരികത നാട്ടിലെ സാധാരണ ജനങ്ങൾക്ക് ഭരണാധികാരികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും നിരൂപണം ചെയ്യാനും അവകാശമുണ്ടെന്ന് ഉദ്ഘോഷിക്കുന്നതുവരെ ഈ നില തുടർന്നു. ഇസ്ലാമിക രാഷ്ട്രത്തിലെ ഭരണാധികാരികൾ ജനങ്ങളുടെ മാനവും അന്തസ്സും സമാധാനവും സുരക്ഷിതത്വവും പരിശുദ്ധിയും പരിരക്ഷിക്കാൻ ഉറക്കമൊഴിച്ചു പാടുപെടുന്ന ഉദ്യോഗസ്ഥന്മാരും തൊഴിലാളികളുമല്ലാതെ മറ്റാരുമല്ല. ചരിത്രത്തിൽ ആദ്യമായി ഒരു സാധാരണ പൗരൻ തന്റെ ഭരണാധികാരി ധരിച്ച വസ്ത്രത്തെസ്സംബന്ധിച്ചു വിചാരണ നടത്തിയത് ഇസ്ലാമിക നാഗരികതയിലാണ്. ഭരണകർത്താവിന്റെ മുഖത്തുനോക്കി അദ്ദേഹമണിഞ്ഞ വസ്ത്രമെവിടെനിന്നു കിട്ടിയെന്ന് പരസ്യമായന്വേഷിക്കുന്നു. എന്നിട്ടും ചോദ്യം ചെയ്തയാളെ തൂക്കിക്കൊല്ലുകയോ നാടുകടത്തുകയോ ജയിലിലടക്കുകയോ ഒന്നും ചെയ്യുന്നില്ല.

പകരം, അയാളുടെ മുമ്പിൽ കണക്കുബോധിപ്പിക്കുകയാണ് ഭരണാധികാരി ചെയ്യുന്നത്-അദ്ദേഹവും മറ്റു ശ്രോതാക്കളും സംതൃപ്തരാവുന്നതുവരെ.*

ചരിത്രത്തിലാദ്യമായി ഒരു സാധാരണ പൗരൻ തന്റെ മഹാനായ ഭരണാധികാരിയോടിങ്ങനെ പറയുന്നു: "അല്ലയോ തൊഴിലാളീ! താങ്കൾക്ക് സമാധാനമുണ്ടാവട്ടെ." ഇത് കേൾക്കുന്ന ഭരണാധികാരി താൻ ജനങ്ങളുടെ തോഴനാണെന്ന് തുറന്നംഗീകരിക്കുന്നു. സാധാരണ തൊഴിലാളിയെപ്പോലെ തികഞ്ഞ വിശ്വസ്തതയോടും ഗുണകാംക്ഷയോടും ആത്മാർഥതയോടുംകൂടി സേവനം നടത്തലാണ് അയാളുടെ ബാധ്യത. ഇസ്‌ലാമിക നാഗരികത ഈ പ്രമാണം അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും പ്രയോഗവത്കരിക്കുകയും ചെയ്തു.

ഇസ്‌ലാമിക സമൂഹങ്ങളോടു ചേർന്നു നിൽക്കുന്ന ചുറ്റുമുള്ള ജനതതികളെ ഈ സ്വാതന്ത്ര്യ ചിന്തയുടെയും പൗരബോധത്തിന്റെയും ചൈതന്യം സ്വാധീനിക്കുന്നു. ഒട്ടും താമസിയാതെ അവയുടെ ബീജങ്ങൾ അവരിൽ പ്രവേശിക്കുകയും അവരിലത് വളരുകയും ചലനം സൃഷ്ടിക്കുകയും ചെയ്യുന്നു. അങ്ങനെ വിപ്ലവങ്ങൾ രൂപംകൊള്ളുകയും അവ

സ മ ീ പ സ്ഥ

സമൂഹങ്ങളുടെ സ്വാതന്ത്ര്യത്തിന് നിമിത്തമാവുകയും ചെയ്യുന്നു. യൂറോപ്പിൽ സംഭവിച്ചത് അതാണ്. കുരിശുയുദ്ധകാലത്ത് പാശ്ചാത്യർ സിറിയയിൽ പ്രവേശിച്ചു. അപ്പോൾ, നേരത്തേ സ്പെയിനിൽനിന്നു മനസ്സിലാക്കിയ കാര്യങ്ങളവർ നേരിൽ കണ്ടു: സാധാരണ ജനങ്ങൾ തങ്ങളുടെ ഭരണാധികാരികളുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നു. ഭരണാധികാരികൾ പൂർണമായും പൗരന്മാർക്ക് വിധേയരാണ്. അതോടൊപ്പം അവരുടെ മുഴുവൻ കടപ്പാടും അവിടത്തെ ജനങ്ങളോടാണ്. മാത്രമല്ല, സാധാരണ പൗരന്മാരല്ലാതെ മറ്റാരും ഭരണാധികാരികളെ നിയന്ത്രിക്കുന്നുമില്ല. എന്നാൽ സ്വന്തം നാട്ടിലവർ അനുഭവിച്ചിരുന്നതും കണ്ടിരുന്നതും തികച്ചും വ്യത്യസ്തമായ അവസ്ഥയാണ്. മതത്തിന്റെ പരിവേഷമണിഞ്ഞ റോമാ ചക്രവർത്തി ഭരണകൂടത്തെ നിയന്ത്രിക്കുന്നു. രാജശാസന ശിരസ്സാവഹിച്ചില്ലെങ്കിൽ ഏതു നിമിഷവും പുറന്തള്ളപ്പെടുമെന്ന ഭീതിയിലായിരുന്നു അധികാരം നടത്തിയിരുന്നവർ. അതോടൊപ്പമവർ സാധാരണ ജനങ്ങളെ പൂർണമായും അടിച്ചമർത്തുകയും ചെയ്തിരുന്നു.

സ്വന്തം നാട്ടിലെ സ്ഥിതിയും ഇസ്‌ലാമിക രാഷ്ട്രത്തിൽ നേരിൽക്കണ്ടനുഭവിച്ചതും താരതമ്യം ചെയ്തു പഠിച്ച പാശ്ചാത്യർ സ്വദേശത്തു തിരിച്ചെത്തിയതോടെ ഇളകിവശായി. അങ്ങനെ ആദ്യം അധികാരിവർഗം മതമേധാവികളിൽനിന്നു മോചനം നേടി. പിന്നീട് ജനങ്ങൾ ഭരണാധികാരികളുടെ പിടിത്തത്തിൽ നിന്ന് പുറത്തുകടന്നു. അതിനുശേഷം നടന്ന ഫ്രഞ്ചു വിപ്ലവം ഉയർത്തിപ്പിടിച്ച പ്രമാണങ്ങളധികവും നമ്മുടെ നാഗരികത പന്ത്രണ്ടു നൂറ്റാണ്ടുകൾക്കപ്പുറം പ്രഖ്യാപിച്ചവതന്നെയായിരുന്നു.

ഇസ്‌ലാമിക നാഗരികത യുദ്ധവേളകളിൽ മുറുകെപ്പിടിച്ച മഹിതമായ മൂല്യങ്ങൾ അതിനധീനപ്പെട്ട പ്രദേശങ്ങളിലെ പൗരന്മാരിൽ പ്രതാപത്തിന്റെയും മാന്യതയുടെയും ഉത്കൃഷ്ട വികാരങ്ങളുണർത്തിവിട്ടു. കരാറുകളോടുള്ള ആദരവ്, വിശ്വാസ സംരക്ഷണം, ആരാധനാലയങ്ങൾ അവയുടെ അനുയായികൾക്കു വിട്ടുകൊടുക്കൽ, ജനങ്ങളുടെ മാനവും സ്വാതന്ത്ര്യവും സംരക്ഷിക്കൽ തുടങ്ങിയവയെല്ലാം യുദ്ധഭൂമിയിൽ നാം ഉയർത്തിപ്പിടിച്ച മൂല്യങ്ങളിൽപ്പെടുന്നു. അതിനാൽ മഹിതവും പ്രതാപപൂർണവുമായ മനുഷ്യത്വത്തിന്റെ അർഥത്തെക്കുറിച്ച് അവരെ ബോധവാന്മാരാക്കാൻ നമ്മുടെ നാഗരികതക്ക് നിഷ്പ്രയാസം സാധിച്ചു.

ചരിത്രത്തിലാദ്യമായി, പരാജിതവിഭാഗത്തിലെ ഒരു പിതാവ് വമ്പിച്ച വിജയം കൈവരിച്ച ജേതാവായ ഗവർണറുടെ മകൻ, തന്റെ മകനെ അന്യായമായി അടിച്ചതായി രാഷ്ട്രത്തിലെ പരമോന്നത ഭരണാധികാരിയോടു പരാതി പറയുന്നു. സംഭവം മനസ്സിലാക്കിയ ഉടനെ ഖലീഫ ഗവർണറെയും മകനെയും വിളിച്ചുവരുത്തി വിചാരണചെയ്യുന്നു. കുറ്റം തെളിയിക്കപ്പെട്ടതോടെ ഗവർണറുടെ മകന്റെമേൽ പ്രതിക്രിയ നടപ്പാക്കുകയും ഗവർണർക്ക് ശക്തമായ ഭാഷയിലും രൂക്ഷമായ ശൈലിയിലും താക്കീത് നൽകുകയും ചെയ്യുന്നു. മകന്റെ കുറ്റത്തിനു കാരണക്കാരൻ ഗവർണറായതിനാൽ അദ്ദേഹത്തെ ആക്ഷേപിക്കുകയും ശകാരിക്കുകയും ചെയ്യുന്നു. മാത്രമല്ല, ഖലീഫ ഗൗരവസ്വരത്തിൽ അദ്ദേഹത്തോടു ചോദിക്കുന്നു: “താങ്കൾ ജനങ്ങളെ അടിമകളാക്കാൻ തുടങ്ങിയതെപ്പോഴാണ്? അവരുടെ മാതാക്കൾ അവരെ സ്വതന്ത്രരായാണല്ലോ പ്രസവിച്ചത്?”

വ്യക്തികളിലും സമൂഹങ്ങളിലും നമ്മുടെ നാഗരികത ഉണർത്തിവിട്ട നവചൈതന്യമാണ് ആ പിതാവിനെ ഗവർണർക്കെതിരെ പരാതി പറയാൻ പ്രേരിപ്പിച്ചത്. ഇസ്‌ലാമിന്റെ അധിനിവേശത്തിനുമുമ്പ് അയാൾ നിന്ദ്യമായ ശിക്ഷക്കും പിടിച്ചുപറിക്കും മതമർദനത്തിനും വിധേയനായിരുന്നു. അന്നൊന്നുമദ്ദേഹം ഇളകിവശാവുകയോ വേദന അനുഭവിക്കുകയോ രോഷംകൊള്ളുകയോ മാന്യതക്കു ക്ഷതം പറ്റിയതായി മനസ്സിലാക്കുകയോ ചെയ്തിരുന്നില്ല. എന്നാൽ, ഇസ്‌ലാമിക നാഗരികതയുടെ സൂര്യനുദിച്ചപ്പോൾ ഭരണാധികാരിയുടെ മുഖത്തുനോക്കി ഇങ്ങനെ പറയാൻ അയാളുടെ ശബ്ദം പൊങ്ങി: “അമീറുൽ മുഅ്മിനീൻ! ഞാൻ അല്ലാഹുവിനോടും താങ്കളോടും അനീതിയിൽനിന്നും അക്രമത്തിൽനിന്നും അഭയം തേടുന്നു.”

യഥാർഥത്തിലിവിടെ പരാതിക്കിടം നൽകിയ അക്രമം രക്തം ചിന്തലോ അഭിമാനക്ഷതം വരുത്തലോ മതപീഡനമോ ധനം പിടിച്ചുപറിക്കലോ ഒന്നുമായിരുന്നില്ല. ഒരുകൊച്ചു കുട്ടി മറ്റൊരു കൊച്ചു കുട്ടിയെ രണ്ട് അടി അടിച്ചതായിരുന്നു!

സിറിയ, സ്പെയിൻ എന്നീ പ്രദേശങ്ങളിലൂടെ പാശ്ചാത്യർ മധ്യനൂറ്റാണ്ടുകളിൽ നമ്മുടെ നാഗരികതയുമായി ബന്ധപ്പെട്ടു. മതമേധാവിക്കെതിരെ ഭരണാധികാരി കലാപക്കൊടി ഉയർത്തുന്നത് അതിനുമുമ്പവർക്ക് ആലോചിക്കാൻപോലും സാധ്യമായിരുന്നില്ല.

രാജാവിനും ചക്രവർത്തിക്കുമെതിരെ ജനം ഇറങ്ങിത്തിരിക്കുന്നതും അപ്രകാരം തന്നെ. മർദിതരെ സഹായിക്കലും ഭരണാധികാരിയെ വിചാരണ നടത്തലും തങ്ങളുടെ അവകാശമായി അവർ മനസ്സിലാക്കിയിരുന്നില്ല. അതോടൊപ്പം വിശ്വാസ വീക്ഷണങ്ങളിൽ വിഭിന്നത പ്രകടമായാൽ പരസ്പരം കഴുത്തറുക്കുകയാണവർ ചെയ്തിരുന്നത്. കശാപ്പുകാരൻ ആടിനെ അറുക്കുന്ന അത്ര നിർവികാരതയോടെ!

പിന്നീട് നമ്മളുമായി ബന്ധപ്പെട്ടതോടെ അവരിൽ ഉണർവ് പ്രകടമായി. വിപ്ലവബോധം വളർന്നു. സ്വാതന്ത്ര്യചിന്ത ഉത്തേജിതമായി. ഇത്രയും ചരിത്രവസ്തുതകൾ നിലവിലിരിക്കെ ഇനിയും ആർക്കാണ് ലോകത്തിന്റെ സ്വാതന്ത്ര്യത്തിലും മോചനത്തിലും ഇസ്‌ലാമിന്റെ സ്വാധീനം നിഷേധിക്കാൻ കഴിയുക?

സുപ്രധാനമായ അഞ്ചുമേഖലകളിൽ നമ്മുടെ നാഗരികതയുടെ അനശ്വരമായ സ്വാധീനത്തിന്റെ ഏകദേശ ചിത്രങ്ങളാണിത്. സമുദായങ്ങളുടെയും നാഗരികതകളുടെയും ജീവിതത്തിൽ ആ സ്വാധീനം ഏറെ പ്രകടമാണ്. അതിനാൽ, ഇസ്‌ലാമികനാഗരികതയുടെ സന്തതികളായ നമ്മോട് അത് മോചനം നേടിക്കൊടുത്ത സമൂഹങ്ങൾ ഏറെ കടപ്പെട്ടിരിക്കുന്നു. ആ കടം നമുക്കു തിരിച്ചു വാങ്ങണം. ഗതകാലപ്രതാപങ്ങളെപ്പറ്റിയുള്ള പൊള്ളയായ പൊങ്ങച്ച പ്രകടനങ്ങളിലൂടെയോ വ്യർഥമായ വ്യാമോഹങ്ങളിലൂടെയോ തെറ്റായ മാർഗങ്ങളിലൂടെയോ അല്ല; മറിച്ച്, സ്വന്തം നാഗരികതയുടെ വിലയും നിലയും മനസ്സിലാക്കുകയും പിന്നിട്ട പാരമ്പര്യങ്ങളുടെ ഔന്നത്യം ഉൾക്കൊള്ളുകയുമാണ് വേണ്ടത്. നാം ജനങ്ങൾക്ക് സാക്ഷികളായി നിയോഗിക്കപ്പെട്ടവരാണ്. അവരെ സത്യത്തിലേക്കും നന്മയിലേക്കും മാന്യതയിലേക്കും മനുഷ്യത്വത്തിലേക്കും നയിക്കുന്ന മധ്യമസമുദായമാണ്. അങ്ങനെ നിലനിൽക്കാനുള്ള നമ്മുടെ അവ

കാശം നാം ഉൾക്കൊള്ളുകതന്നെ വേണം. നാമത് ചെയ്യും; അല്ലാഹു അനുഗ്രഹിച്ചെങ്കിൽ!

മൂന്ന്

# മനുഷ്യസ്നേഹം

•

അനശ്വരമായ ഇസ്‌ലാമിക നാഗരികതയെയും അതിന്റെ സ്വാധീനത്തെയും വിലയിരുത്തുന്ന ആർക്കും അതിനെ ഇതര നാഗരികതകളിൽനിന്ന് അതുല്യമാക്കുന്ന മനുഷ്യത്വപരമായ വശം കാണാതിരിക്കാനാവില്ല. അസൂയ, വിദ്വേഷം, വിഭാഗീയത, വർഗീയത തുടങ്ങിയവയെല്ലാം ഇസ്‌ലാം അവസാനിപ്പിച്ചു. പകരം, സ്നേഹം, സഹിഷ്ണുത, സഹകരണം പോലുള്ള സദ്ഗുണങ്ങൾ സ്ഥാപിച്ചു. മാനുഷിക സമത്വം ഉദ്ഘോഷിച്ചു. കുടുംബം, ഗോത്രം, ജാതി, വർഗം, സമുദായം തുടങ്ങിയവ മഹത്വത്തിന്റെ മാനദണ്ഡങ്ങളായി പരിഗണിക്കുന്ന പതിതാവസ്ഥക്കു വിരാമമിട്ടു. അങ്ങനെ മാനുഷികൈക്യവും സമത്വവും ഉയർത്തിപ്പിടിച്ചു. ഇസ്‌ലാമിക നാഗരികതയുടെ അടിസ്ഥാനങ്ങളിലും നിയമനിർമാണങ്ങളിലും പ്രായോഗിക മേഖലകളിലും ഇതൊക്കെയും പ്രകടമാണ്.

ലോകത്തുള്ള മുഴുവൻ മനുഷ്യരെയും ഒരേ ആത്മാവിൽനിന്നാണ് സൃഷ്ടിച്ചതെന്ന പ്രഖ്യാപനമാണ് ഇസ്‌ലാമിക നാഗരികതയിലെ സമത്വസിദ്ധാന്തത്തിന്റെ താത്ത്വികാടിത്തറ. അല്ലാഹു പറയുന്നു: “മനുഷ്യരേ, നിങ്ങളുടെ നാഥനെ സൂക്ഷിക്കുവിൻ. അവൻ നിങ്ങളെ ഒരേ ആത്മാവിൽനിന്നു സൃഷ്ടിക്കുകയും അതേ ആത്മാവിൽ നിന്ന് അതിന്റെ ഇണയെ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. അനന്തരം അവ രണ്ടിൽനിന്നുമായി ധാരാളം സ്ത്രീപുരുഷന്മാരെ സൃഷ്ടിക്കുകയും ചെയ്തവനത്രെ അവൻ.” (ഖു. 4:1)

അതിനാൽ എല്ലാ മനുഷ്യരുടെയും അടിസ്ഥാനം ഒന്നാണ് -പിന്നീട് വിവിധ ഗോത്രങ്ങളും സമുദായങ്ങളും വിഭാഗങ്ങളും വർഗങ്ങളും ദേശക്കാരും ഭാഷക്കാരുമായി പിരിഞ്ഞിട്ടുണ്ടെങ്കിലും ശരി. മുഴുവൻ മനുഷ്യരും ഒരേ മാതാപിതാക്കളുടെ മക്കളാണ്. അതിനാൽ വർഗം, ദേശം, ഭാഷ തുടങ്ങിയവയിലെ വൈവിധ്യം അവരെ അന്യോന്യം പരിചയപ്പെടാനും സഹായിക്കാനും സഹകരിക്കാനും നന്മയിൽ ഏകീകരിക്കാനുമാണ് വഴി തെളിയിക്കേണ്ടത്. അല്ലാഹു പറയുന്നു: “ഒരേ ആണിൽനിന്നും പെണ്ണിൽനിന്നുമാണ് നിങ്ങളെ നാം സൃഷ്ടിച്ചത്. നിങ്ങളെ ഗോത്രങ്ങളും വർഗങ്ങളുമാക്കിയത് നിങ്ങൾ പരസ്പരം പരിചയപ്പെടാൻവേണ്ടി മാത്രമാണ്.” (ഖു. 49:13)

ചിലർ ജീവിതത്തിൽ ഔന്നത്യം പ്രാപിക്കുന്നു; ചിലർ അധഃപതിക്കുന്നു. ചിലർ ധനികരാവുന്നു; അധികമാളുകളും ദരിദ്രരായി തുടരുന്നു. ചിലർ ഭരിക്കുന്നു; മറ്റുള്ളവർ ഭരണീയരായി കഴിയുന്നു. ചിലരുടെ തൊലി വെളുക്കുന്നു; ചിലരുടേത് കറുക്കുന്നു. ഇതാണ് ലോകഘടന. മാറ്റമി

ല്ലാത്ത പ്രാപഞ്ചിക വ്യവസ്ഥ. ഈ ചര്യ നിത്യവും നിരന്തരവുമായി ആവർത്തിക്കപ്പെടുന്നു. അതിനാൽ താഴ്ന്നവനെക്കാൾ ഉയർന്നവനോ, ദരിദ്രനേക്കാൾ ധനികനോ, ഭരണീയനെക്കാൾ ഭരണാധികാരിക്കോ, കറുത്തവനെക്കാൾ വെളുത്തവനോ ഒരു പ്രത്യേകതയുമില്ല. സർവരും സമന്മാരത്രേ. സൂക്ഷ്മതയും ജീവിതവിശുദ്ധിയുമാണ് മഹത്വത്തിന്റെ മാനദണ്ഡം. "അല്ലാഹുവിങ്കൽ നിങ്ങളിലേറ്റവും ആദരണീയൻ നിങ്ങളിലേറ്റവുമധികം സൂക്ഷ്മത പുലർത്തുന്നവരത്രെ." (ഖു.49:13)

മനുഷ്യന്റെ ജയാപജയങ്ങളുടെ അളവുകോൽ അവന്റെ കർമങ്ങളാണ്. വിധിവേളകളിൽ വിലകൽപിക്കപ്പെടുക സദ്വൃത്തികൾ മാത്രമാണ്. മറ്റൊന്നും മൂല്യവത്തല്ല. "ആരെങ്കിലും അണുത്തൂക്കത്തോളം നന്മ ചെയ്താൽ അതിന്റെ ഫലം അവനു ലഭിക്കും. ആരെങ്കിലും അണുത്തൂക്കത്തോളം തിന്മ ചെയ്താൽ അതിന്റെ ഫലം അവനുണ്ടാകും." (ഖു. 99:7,8)

ഇസ്‌ലാമിക സമൂഹഘടനയിൽ സർവരും സമന്മാരാണ്-സഹകരിക്കുകയും അന്യോന്യം സംരക്ഷിക്കുകയും ചെയ്യുന്ന സഹോദരങ്ങൾ. അതിലെ ഒരാളുടെ വേദന എല്ലാവരുടേതുമാണ്. കാരണം, മുഴുവൻ സമൂഹവും അതിലെ മുഴുവൻ വ്യക്തികൾക്കും വേണ്ടിയുള്ളതാണ്. പ്രവാചകൻ(സ) പറയുന്നു: "പരസ്പരസ്നേഹം, കാരുണ്യം എന്നിവയിലൊക്കെയും സത്യവിശ്വാസികൾ ഒരൊറ്റ ശരീരം പോലെയാണ്. അതിന്റെ ഒരവയവത്തിനു വേദന വന്നാൽ മറ്റെല്ലാ അവയവങ്ങളും ഉറക്കമൊഴിച്ചും പനിച്ചും ആ വേദനയിൽ പങ്കുചേരുന്നു."(മുസ്‌ലിം, അഹ്മദ്)

ഇങ്ങനെ ഇസ്‌ലാം മനുഷ്യരുടെ ഏകത്വം പ്രഖ്യാപനം ചെയ്യുന്നു. അവർ ഒരേ മാതാപിതാക്കളുടെ സന്തതികളായ സഹോദരന്മാരെപ്പോലെയാണ്. സാമൂഹികമായ ഐകരൂപ്യം ഒരു വൃക്ഷത്തെ അനുസ്മരിപ്പിക്കുന്നു; ഒരു കാറ്റടിച്ചാൽ അതിലെ അഖില ശിഖരങ്ങളും മുഴുവൻ ഇലകളും ഒന്നിച്ചിളകുന്നു. മുകളിലേതും അടിയിലേതും തമ്മിൽ അന്തരമില്ല. വിശുദ്ധഖുർആൻ ആളുകളെ 'അല്ലയോ മനുഷ്യരേ', 'ആദംസന്തതികളേ' എന്നിങ്ങനെ നിരന്തരം അഭിസംബോധന ചെയ്യുന്നു. മാനുഷികതയുടെ ഏകത്വം ഊന്നിപ്പറയുകയാണിവിടെ ഇസ്‌ലാം ചെയ്യുന്നത്. അതിനാൽ ആ പ്രയോഗത്തെപ്പറ്റി പരിചിന്തനം ചെയ്യുന്നത് ഫലപ്രദമായിരിക്കും. ഇപ്രകാരംതന്നെ ഒരാദർശം അംഗീകരിച്ച എല്ലാവരെയും ഇവരിലെ വർണ, വർഗ, ദേശ, ഭാഷാവൈജാത്യങ്ങൾ വിഗണിച്ച് 'സത്യവിശ്വാസികളേ', 'സത്യവിശ്വാസം സ്വീകരിച്ചവരേ' എന്നിങ്ങനെയാണ് ഇസ്‌ലാം നാമകരണം ചെയ്തിരിക്കുന്നത്. അത് അവരിലെ മറ്റെല്ലാ വൈരുധ്യങ്ങളും വിസ്മരിക്കുകയും വിഗണിക്കുകയും ചെയ്യുന്നു.

നിയമനിർമാണത്തിന്റെ നിഖില മേഖലകളിലും ഇസ്‌ലാമിക നാഗരിക വ്യവസ്ഥ സമ്പൂർണ മാനുഷികസമത്വം നിഷ്കർഷയോടെ പാലി

ച്ചിരിക്കുന്നു. ഇസ്‌ലാമിലെ അതിപ്രധാനമായ ആരാധനാകർമമാണ് നമസ്കാരം. അതിൽ അല്ലാഹുവിന്റെ അടിമകളൊക്കെയും അവന്റെ മുമ്പിൽ അണിനിരക്കുന്നു. പ്രസിഡണ്ട്, പ്രധാനമന്ത്രി, രാജാവ്, നേതാവ്, പണ്ഡിതൻ, പണക്കാരൻ; ആർക്കും ഒരു പ്രത്യേകതയുമില്ല. സർവരും സമൻമാർ. റമദാനിലെ വ്രതാനുഷ്ഠാനത്തിൽ എല്ലാവരും ഒന്നുപോലെ വിശപ്പ് സഹിക്കുന്നു. അതിൽനിന്നു വിട്ടുനിൽക്കാൻ അനുവദിക്കപ്പെടുന്ന ഒരു വിശിഷ്ട വർഗവുമില്ല. വിശുദ്ധ ഹജ്ജ് വേളയിൽ എല്ലാവരും ഒരേ തരം വസ്ത്രം ധരിക്കുന്നു. ഒരേസ്ഥലത്ത് ഒരേപോലെ നിൽക്കുന്നു. ഒരേ തരം അനുഷ്ഠാനവും ആരാധനയും നിർവഹിക്കുന്നു. ശക്തൻ, ദുർബലൻ, ഉയർന്നവൻ, താഴ്ന്നവൻ, ശ്രേഷ്ഠൻ, സാധാരണക്കാരൻ, നേതാവ്, നീതൻ ഇവർക്കിടയിൽ ഒരന്തരവും ഒന്നിലുമില്ല.

സിവിൽ, ക്രിമിനൽ നിയമങ്ങളിലും ഇസ്‌ലാം സമ്പൂർണ മാനുഷിക സമത്വം ദീക്ഷിക്കുന്നു. ആ മേഖലകളിൽ ഇസ്‌ലാം ഊന്നൽ നൽകുന്നത് സത്യത്തിനും നീതിക്കും മാത്രമാണ്. നമ്മുടെ നാഗരികത മുഴുവൻ മർദിതർക്കും പീഡിതർക്കും മോചനമേകുന്ന, അനീതിയുടെ ധ്വംസനമാണ് ഉദ്ഘോഷിക്കുന്നത്. കുറ്റവാളികൾക്കെല്ലാം നിയമലംഘനത്തിന്റെ തോതനുസരിച്ചാണ് ശിക്ഷ നൽകപ്പെടുക. അവരുടെ സ്ഥാനവും പദവിയും ഒട്ടും പരിഗണനീയമല്ല. കൊലയാളി ആരായാലും കൊല്ലപ്പെടും. മോഷ്ടാവിന്റെ കൈപ്പത്തി കൊത്തിനുറുക്കപ്പെടും. അതിക്രമിക്ക് അർഹമായ ശിക്ഷ ലഭിക്കും. ഘാതകന്റെയും മോഷ്ടാവിന്റെയും അക്രമിയുടെയും പദവികൾ പ്രതിക്രിയയിൽ പരിഗണിക്കപ്പെടുകയില്ല. വധിക്കപ്പെട്ടവന്റെയും മർദിതന്റെയും വംശവും ദേശവും പണവും പദവിയും പരിശോധിക്കപ്പെടുകയില്ല. പണ്ഡിതൻ, സാധാരണക്കാരൻ, ഭരണാധികാരി, കർഷകൻ, വർത്തകപ്രമാണി, തൊഴിലാളി, അറബി, അനറബി, പാശ്ചാത്യൻ, പൗരസ്ത്യൻ എല്ലാവരും ഒരേപോലെ തന്നെ. നിയമം മുഴുവൻ പേരെയും ഒരുപോലെ പിടികൂടും. അല്ലാഹു അറിയിക്കുന്നു: "വിശ്വസിച്ചവരേ, വധിക്കപ്പെട്ടവരുടെ വിഷയത്തിൽ തുല്യമായ പ്രതിക്രിയ നിങ്ങൾക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. സ്വതന്ത്രനു പകരം ഘാതകനായ സ്വതന്ത്രനും, അടിമക്കു പകരം ഘാതകനായ അടിമയും, സ്ത്രീക്കു പകരം ഘാതകിയായ സ്ത്രീയും വധിക്കപ്പെടും." (ഖു. 2:178)

മത, വർഗ, വർണ വ്യത്യാസങ്ങൾക്കതീതമായി മുഴുവൻ മനുഷ്യരുടെയും മാന്യത പ്രഖ്യാപനം ചെയ്യുന്നു ഇസ്‌ലാമിക നിയമവ്യവസ്ഥ. അല്ലാഹു പറയുന്നു: "നിശ്ചയമായും നാം മനുഷ്യനെ മാനിച്ചിരിക്കുന്നു." (ഖു. 17:70)

ആദം സന്തതികളെ അനുഗ്രഹിച്ച ഈ ആദരണീയതയാണ് മുഴുവൻ മനുഷ്യരുടെയും ജീവിക്കാനും വിശ്വസിക്കാനും വിജ്ഞാനമാർജിക്കാനും മറ്റുമുള്ള അവകാശങ്ങൾ ഉറപ്പുവരുത്തുന്നത്. ഈ മൗലികാവ

കാശങ്ങളെല്ലാം മുഴുവൻ വ്യക്തികൾക്കും അനുഭവിക്കാനവസരം നൽകേണ്ടത് ഭരണകൂടത്തിന്റെ ബാധ്യതയാണ്. ഇക്കാര്യങ്ങളിലൊന്നും മനുഷ്യർക്കിടയിൽ ഒരു വിഭജനവും പാടില്ല. മാനവജീവിതത്തിലെ രക്ഷാശിക്ഷകളുടെ അടിസ്ഥാനം ബാഹ്യരൂപങ്ങൾക്കും വർത്തനങ്ങൾക്കുമുപരി മനസ്സിലെ ഉദ്ദേശ്യങ്ങളായി അംഗീകരിക്കുകവഴി ഇസ്‌ലാം മാനുഷിക മഹത്വത്തിന്റെ അത്യുന്നത വിതാനത്തിലേക്കുയരുന്നു. പ്രവാചകൻ(സ) പറയുന്നു: "അല്ലാഹു നിങ്ങളുടെ ആകാരങ്ങളിലേക്കല്ല നോക്കുന്നത്; നിങ്ങളുടെ മനസ്സുകളിലേക്കാണ്." (മുസ്‌ലിം)

പരലോകത്തിലെ രക്ഷാശിക്ഷകൾ, പ്രവർത്തനങ്ങൾക്കു പ്രചോദനമായി വർത്തിക്കുന്ന വികാരങ്ങൾക്കനുസരിച്ചാണ്. നബി(സ) അറിയിക്കുന്നു: "നിശ്ചയമായും കർമങ്ങൾ അവയുടെ ഉദ്ദേശ്യമനുസരിച്ചാണ്. ഓരോ മനുഷ്യർക്കും ലഭിക്കുക അവനുദ്ദേശിച്ചതു മാത്രമാണ്." (ബുഖാരി, മുസ്‌ലിം)

നന്മ, പരോപകാരം, ദൈവപ്രീതി, പാരത്രിക പ്രതിഫലംപോലുള്ള ഉദ്ദേശ്യങ്ങൾക്കാണ് അല്ലാഹുവിങ്കൽ അംഗീകാരം ലഭിക്കുക. മറിച്ച്, വ്യാപാര താൽപര്യങ്ങൾക്കോ ഭൗതിക താൽപര്യങ്ങൾക്കോ അല്ല. അല്ലാഹു പറയുന്നു: "നിങ്ങൾ വിജയംവരിക്കാനായി നിങ്ങളുടെ നാഥനു വഴിപ്പെടുക. നന്മ പ്രവർത്തിക്കുകയും ചെയ്യുക." (ഖു. 22:78)

ഇവിടെ നന്മയുടെ വിവക്ഷ ദൈവിക പ്രതിഫലം പ്രതീക്ഷിച്ചുള്ള പ്രവർത്തനങ്ങളാണ്. ഭൗതിക സൗഭാഗ്യങ്ങളോ നേട്ടങ്ങളോ നോക്കി ചെയ്യുന്നവയല്ല. അല്ലാഹു അറിയിക്കുന്നു: "അല്ലാഹുവിന്റെ പ്രീതി പ്രതീക്ഷിച്ചു മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം തരുന്നത്; ഞങ്ങൾ നിങ്ങളിൽനിന്നു നന്ദിയോ കൂലിയോ കാംക്ഷിക്കുന്നില്ല എന്നറിയിച്ചുകൊണ്ട് അവന്റെ തൃപ്തിക്കായി അഗതികൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും അവർ ആഹാരം കൊടുക്കുന്നു." (ഖു. 76: 8,9)

ഇസ്‌ലാം മനുഷ്യ സമൂഹത്തിന്റെ മാത്രം ഏകതയല്ല പ്രഖ്യാപനം ചെയ്യുന്നത്; മുഴുവൻ ലോകത്തിന്റേതുമാണ്. മനുഷ്യൻ, ജീവജാലങ്ങൾ, സസ്യലതാദികൾ, സചേതനവും അചേതനവുമായ മറ്റു പദാർഥങ്ങൾ, ഭൂമി, ഇതരഗോളങ്ങൾ തുടങ്ങി എല്ലാം അല്ലാഹുവിന്റെ വിധേയത്വവും അടിമത്തവും അംഗീകരിച്ച് അവന്റെ പ്രകൃതിനിയമങ്ങൾക്കു വിധേയമായാണുള്ളതെന്ന് അത് അസന്ദിഗ്ധമായുദ്ഘോഷിക്കുന്നു. തന്റെ നമസ്കാരത്തിൽ നിരന്തരം ഇങ്ങനെ പറയാൻ ഇസ്‌ലാം മുസ്‌ലിമിനോടനുശാസിച്ചിരിക്കുന്നുവെന്നത് എന്തുമാത്രം മനോഹരമല്ല: "സർവലോക രക്ഷിതാവായ അല്ലാഹുവിനാണ് സർവസ്തുതിയും. പരമ കാരുണികനും കരുണാനിധിയുമാണവൻ." (ഖു.1:2,3)

ഇവിടെ ഓരോ മുസ്‌ലിമും പരമവും പൂർണവുമായ കാരുണ്യത്തിന്റെ പ്രതീകമായ, ഏകനായ ദൈവത്തിന്റെ സൃഷ്ടിയായ പ്രപഞ്ചത്തിന്റെ ഭാഗമാണ് താനെന്ന് സ്വയം പ്രഖ്യാപിക്കുകയാണ്. അങ്ങനെ ചെയ്യാൻ

അവൻ അനുശാസിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ലോകരെക്കാളൊക്കെ ഐശ്വര്യവാനായ അല്ലാഹുവിനു താൻ ഏതൊരു വിശേഷണമാണോ നൽകിയത്, അതേ കാരുണ്യത്തിന്റെ കാണപ്പെടുന്ന ഉദാഹരണമാകാൻ ഇവിടെ ജീവിക്കുന്ന ഓരോ മുസ്‌ലിമും ശ്രമിക്കേണ്ടത് അനിവാര്യമാണ്. അതിനാലാണ് ഇസ്‌ലാം അവനെ, താൻ ദൈവത്തിന്റെ കാരുണ്യം ആശ്രയിച്ചാണ് ജീവിക്കുന്നതെന്ന് അനവരതം അനുസ്മരിപ്പിക്കുന്നത്.

ഇതേവരെ വിവരിച്ചത് ഇസ്‌ലാമിക നാഗരികതയും നിയമവ്യവസ്ഥയും ലോകത്തോടു പ്രഖ്യാപിക്കുന്ന പ്രമാണങ്ങളും തത്ത്വങ്ങളുമാണ്. എന്നാൽ, പ്രായോഗിക ലോകത്ത് എന്തുണ്ടായി? സമൂഹങ്ങളുടെയും രാഷ്ട്രങ്ങളുടെയും മേൽ വിജയംവരിക്കുകയും അധികാരം നടത്തുകയും ചെയ്തപ്പോൾ സ്വീകരിച്ച സമീപനമെന്ത്? ഇസ്‌ലാമിക പ്രമാണങ്ങൾ ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ പ്രഖ്യാപന രേഖപോലെ കടലാസിൽമാത്രം പരിമിതമായിരുന്നോ? ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശങ്ങൾ, അതിന്റെ രേഖ(Charter of Human Rights)യുടെ പ്രഖ്യാപനത്തിന്റെ വാർഷികം ആർഭാടത്തോടും വർണപ്പൊലിമയോടും ആഘോഷിക്കാൻ ലോക രാഷ്ട്രങ്ങൾ കൊല്ലത്തിലൊരിക്കൽ ഒരുമിച്ചുകൂടുന്നതിൽ മാത്രം ഒതുങ്ങുമല്ലോ. അതിലെ അംഗ രാഷ്ട്രങ്ങൾ ആ രേഖയിലെ പ്രമാണങ്ങൾ വർഷത്തിലെ എല്ലാ മാസങ്ങളിലെയും മുഴുവൻ ദിവസങ്ങളിലും നഗ്നമായും നിന്ദ്യമായും ലംഘിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇസ്‌ലാമിലെ മാനുഷികമൂല്യങ്ങളും തത്ത്വങ്ങളും അവ പ്രഖ്യാപിക്കപ്പെട്ട പ്രദേശത്തുമാത്രം പരിമിതമായിരുന്നോ; ഫ്രഞ്ച് വിപ്ലവം ഉയർത്തിപ്പിടിച്ച മൂല്യത്രയം പോലെ? (അവ അവിടെ തടവിലാക്കപ്പെടുകയാണല്ലോ ഉണ്ടായത്. ഫ്രാൻസിന്റെ കീഴിലുള്ള നാടുകൾക്കും മേൽക്കോയ്മ സ്വീകരിച്ച പ്രദേശങ്ങൾക്കും കോളനിരാഷ്ട്രങ്ങൾക്കും അവ അപ്പാടെ നിഷേധിക്കപ്പെടുകയും ചെയ്തു. അവിടങ്ങളിലെ നിവാസികൾക്കൊന്നും സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവ ഒട്ടും ബാധകമായിരുന്നില്ല.)

ഇസ്‌ലാം സ്വാതന്ത്ര്യത്തിന്റെ വല്ല പ്രതിമയും പ്രതിഷ്ഠിക്കുകയാണോ ചെയ്തത്; ന്യൂയോർക്കിൽ ചെയ്തപോലെ? (അവിടെ എത്തുന്ന ആർക്കും ആദ്യം കാണാൻ കഴിയുക അതാണ്. എന്നാൽ അമേരിക്കയുടെ ചെയ്തികൾ അതിനെ അത്യന്തം അപഹാസ്യമാക്കിത്തീർക്കുന്നു. അന്യ നാടുകളിലത് അടിമത്തം അടിച്ചേൽപിക്കുന്നു. മോചനം മോഹിക്കുന്ന മുഴുവൻ മനുഷ്യരെയും മർദിച്ചൊതുക്കുന്നു. അതോടൊപ്പം പുറത്ത് സ്വാതന്ത്ര്യത്തെപ്പറ്റി ഉഗ്രൻ പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്യുന്നു.)

ഇസ്‌ലാമിക നാഗരികത എന്തു സമീപനം സ്വീകരിച്ചുവെന്ന് നമുക്ക്

ചരിത്രത്തോടു ചോദിച്ചുനോക്കാം. അത് മറുപടി പറയട്ടെ. ഏറ്റവും സത്യസന്ധനായ സാക്ഷി അതാണല്ലോ. നമ്മുടെ നാഗരികതയിലെ മാനുഷിക സമത്വത്തിന്റെ ചേതോഹാരിത അതിലെ സാധാരണക്കാരുടെയും ഭരണാധികാരികളുടെയും നിത്യ വ്യവഹാരങ്ങളിൽ എങ്ങനെ പ്രതിഫലിച്ചുവെന്നു പരിശോധിച്ചു നോക്കാം.

ഒരിക്കൽ അബൂദർറിന് അരിശംവന്നു. അദ്ദേഹം ഗിഫാർ ഗോത്രക്കാരനായ അറബിയായിരുന്നു. മറുപക്ഷം ബിലാലുബ്നു റബാഹും. കറുകറുത്ത എത്യോപ്യക്കാരൻ; അബൂബക്റിന്റെ അടിമ. ഇരുവരും ഇസ്‌ലാം സ്വീകരിച്ച സഹാബികളാണ്; പ്രവാചകന്റെ സന്തത സഹചാരികൾ. രണ്ടുപേർക്കുമിടയിൽ തർക്കം മൂർച്ഛിച്ചു. അത് അബൂദർറ് ബിലാലിനെ 'കറുത്തവളുടെ പുത്രാ' എന്നു വിളിക്കുവോളമെത്തി. അപ്പോൾ ബിലാൽ നബിയോട് അതേക്കുറിച്ച് പരാതി പറഞ്ഞു. ഉടൻ അവിടുന്ന് അബൂദർറിനോടു ചോദിച്ചു: "താങ്കൾ അദ്ദേഹത്തെ തന്റെ മാതാവിനെ പറഞ്ഞ് പരിഹസിച്ചോ? താങ്കളിനിയും ജാഹിലിയ്യത്തിനോടു പൂർണമായും വിടപറഞ്ഞിട്ടില്ല. അതിന്റെ അംശങ്ങൾ താങ്കളിലിപ്പോഴും ബാക്കിയുണ്ട്. അവർ നിങ്ങളുടെ സഹോദരങ്ങളാണ്."(ബുഖാരി, മുസ്‌ലിം)

ഇതുകേട്ട് അബൂദർറ് അത്യധികം ഖേദിക്കുകയും അനുതാപം പ്രകടിപ്പിക്കുകയും ചെയ്തു. ബിലാലിനോട് തന്റെ മുഖത്ത് കാലുകൊണ്ടു ചവിട്ടാൻ ആവശ്യപ്പെടുവോളമെത്തി ആ പശ്ചാത്താപം.

നബിയുടെ കാലത്ത് ബനൂമഖ്സൂം ഗോത്രത്തിലെ ഒരു സ്ത്രീ മോഷണം നടത്തി. അവർ ശിക്ഷ നടപ്പാക്കപ്പെടാനായി ആനയിക്കപ്പെട്ടു. അത് ഖുറൈശികളെ അത്യധികം ആകുലചിത്തരാക്കി. അവർ അന്യോന്യം ചോദിച്ചു: "ഇവരെ ശിക്ഷയിൽനിന്ന് ഒഴിവാക്കിക്കിട്ടാൻ ആരാണ് നമുക്കുവേണ്ടി നബിയുടെ അടുക്കൽ ശിപാർശ പറയുക?" അപ്പോഴവർ അനുസ്മരിച്ചു: "ഉസാമതുബ്നുസൈദ് നബിയോട് നന്നേ അടുത്ത വ്യക്തിയാണ്. അവിടുന്ന് അദ്ദേഹത്തെ അതിയായി ഇഷ്ടപ്പെടുന്നു." അവർ അദ്ദേഹവുമായി വിഷയം സംസാരിച്ചു. അതനുസരിച്ച് ഉസാമ നബിയെ സമീപിച്ച് പ്രശ്നമവതരിപ്പിച്ചു. അപ്പോൾ അവിടുന്ന് അദ്ദേഹത്തോട് കഠിനമായി കോപിക്കുകയും തുടർന്നിങ്ങനെ ചോദിക്കുകയും ചെയ്തു: "അല്ലാഹുവിന്റെ ശിക്ഷാവിധിയുടെ കാര്യത്തിലാണോ താങ്കളെന്നോട് ശിപാർശ പറയുന്നത്?" പിന്നീട് പ്രവാചകൻ സദസ്യർക്കിടയിൽ എഴുന്നേറ്റുനിന്ന് പ്രസംഗിച്ചു. അവിടുന്ന് പറഞ്ഞു: "പ്രമാണിമാർ കുറ്റം ചെയ്താൽ വെറുതെവിടുകയും ദുർബലർ അങ്ങനെ പ്രവർത്തിച്ചാൽ പിടികൂടി ശിക്ഷിക്കുകയും ചെയ്തിരുന്നതിനാലാണ് നിങ്ങളുടെ മുൻഗാമികൾ നശിച്ചത്. അല്ലാഹുവാണ! മുഹമ്മദിന്റെ മകൾ ഫാത്വിമയാണ് കട്ടതെങ്കിലും ഞാനവളുടെ കൈ മുറിക്കുക തന്നെ ചെയ്യും?"(ബുഖാരി, മുസ്‌ലിം, അഹ്മദ്)

കപടവിശ്വാസിയായിരുന്ന ത്വൈസുബ്നു മുത്വാത്വിയ ഒരു സദ

സ്സിലേക്കു കടന്നുവന്നു. അവിടെ പേർഷ്യക്കാരനായ സൽമാനും റോമക്കാരനായ സുഹൈബും എത്യോപ്യക്കാരനായ ബിലാലുമുണ്ടായിരുന്നു. അതിനാൽ ആഗതൻ പറഞ്ഞു: "ഇയാളെ (നബിയെ) ഔസ്, ഖസ്‌റജ് ഗോത്രങ്ങൾ കുറെയൊക്കെ സഹായിച്ചിട്ടുണ്ട്. എന്നാൽ ഇവർക്ക് (സൽമാൻ, സുഹൈബ്, ബിലാൽ) എന്താണിവിടെ?" അവിടെ ഉണ്ടായിരുന്ന മുആദുബ്നു ജബൽ ഇതുകേട്ടു. അദ്ദേഹം അയാളുടെ പിരടിക്ക് പിടിച്ചും വസ്ത്രം വലിച്ചും പ്രവാചക സന്നിധിയിൽ കൊണ്ടുവന്ന് അയാൾ പറഞ്ഞ കാര്യങ്ങൾ തിരുമേനിയെ അറിയിച്ചു. അപ്പോൾ അവിടുന്ന് അരിശത്തോടെ എഴുന്നേൽക്കുകയും പള്ളിയിലെത്തുംവരെ അയാളുടെ തട്ടം പിടിച്ചു വലിക്കുകയും ചെയ്തു. പിന്നീട് ജനങ്ങളെ ഒരുമിച്ചുകൂട്ടി അവരോടു പ്രസംഗിച്ചു. അതിലദ്ദേഹം പറഞ്ഞു: "ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവ് ഏകനാണ്. നിങ്ങളുടെയെല്ലാം പിതാവ് ഒരാളാണ്. നിങ്ങളുടെ മതവും ഒന്നുതന്നെ." (ഇബ്നു അസാകിർ)

ഒരിക്കൽ അദിയ്യുബ്നു ഹാതിമിത്ത്വാഈ മദീനയിൽ വന്നു. അന്നദ്ദേഹം ഇസ്‌ലാം ആശ്ലേഷിച്ചിരുന്നില്ല. എങ്കിലും അദ്ദേഹം നബിയുടെ സദസ്സിൽ സന്നിഹിതനായി. തിരുമേനിക്കു ചുറ്റും അവിടുത്തെ അനുചരന്മാരുണ്ടായിരുന്നു. അവരപ്പോൾ ഒരു യുദ്ധം കഴിഞ്ഞ് മടങ്ങിയെത്തിയതായിരുന്നു. അതിനാൽ പടയങ്കി അഴിച്ചുമാറ്റിയിരുന്നില്ല. അവർ നബിയോടു കാണിക്കുന്ന ആദരവും സ്നേഹവും അദ്ദേഹത്തെ ആശ്ചര്യഭരിതനാക്കി. അങ്ങനെയിരിക്കെ പരമ ദരിദ്രയായ ഒരു സ്ത്രീ അവിടെ കടന്നുവന്നു. മദീനയിലെ ഒരടിമപ്പെണ്ണ്. അവർ തിരുമേനിയോടു പറഞ്ഞു: "ഞാൻ അങ്ങയോടു ഒരു സ്വകാര്യം പറയാനുദ്ദേശിക്കുന്നു." അപ്പോൾ അവിടുന്ന് ആ സ്ത്രീയോടു പറഞ്ഞു: "മദീനയിലെ ഏതു തെരുവിലും ഞാൻ നിനക്കുവേണ്ടി ഏകനായി നിന്നുതരാമല്ലോ." പിന്നീട് പ്രവാചകൻ അവരോടൊന്നിച്ച് അവർ പറയുന്നതെല്ലാം ദീർഘനേരം കേട്ടുനിന്നു. എല്ലാം ശ്രദ്ധിച്ചുകേട്ട് തിരുമേനി തിരിച്ചുവന്നു. സംഭവം നേരിൽ കണ്ട അദിയ്യിനെ പ്രവാചകനിലെ ഈ മാനുഷിക വികാരം വല്ലാതെ സ്വാധീനിച്ചു. ഉടൻ തന്നെ അദ്ദേഹം സത്യമതം സ്വീകരിക്കുകയും ചെയ്തു.

നീണ്ട ഇരുപത്തൊന്നു വർഷത്തെ നിരന്തര സമരങ്ങൾക്കും മത്സരങ്ങൾക്കും ശേഷം നബി മക്ക ജയിച്ചടക്കി. തന്നോടു പകയോടെ പൊരുതുകയും തന്നെ കളവാക്കുകയും നാടുകടത്തുകയും നശിപ്പിക്കാൻ സർവശക്തിയും വിനിയോഗിക്കുകയും ചെയ്തവർക്കിടയിൽ ജേതാവായി എഴുന്നേറ്റ് നിന്നു. എന്നാൽ, അപ്പോഴും അവിടുന്ന് ആദ്യകാലത്ത് മക്കയിലെ ഊടുവഴികളിൽ ഒളിച്ചിരുന്ന് രഹസ്യപ്രബോധനം നടത്തിയിരുന്നപ്പോൾ മുറുകെപ്പിടിച്ചിരുന്ന അതേ പ്രമാണങ്ങളും മൂല്യങ്ങളും ആദർശങ്ങളുമാണ് ഉയർത്തിക്കാണിച്ചത്. ചരിത്രത്തിലെ അനശ്വരമായ നാഗരികതയുടെ നിർമിതിക്കായി ഭരണാധികാരിയെന്ന നിലയിൽ മദീനയിൽ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ആധാരശിലകൾ സ്ഥാപിച്ചപ്പോൾ പ്രഖ്യാപിക്കു

കയും മുറുകെപ്പിടിക്കുകയും ചെയ്ത അതേ പ്രമാണങ്ങൾ! ദീർഘകാലമായി പ്രചരിപ്പിച്ചുകൊണ്ടിരുന്ന അതേ തത്ത്വങ്ങളും സിദ്ധാന്തങ്ങളും പ്രയോഗവത്കരിക്കപ്പെട്ടതായി പ്രവാചകൻ പ്രഖ്യാപിച്ചു. അന്യായമായും ക്രമരഹിതമായും സമൂഹത്തിൽ വിഭജനം നടത്തിയിരുന്ന അഹങ്കാരികളായ ഖുറൈശികൾ കേൾക്കെ, കഅ്ബയുടെ കവാടത്തിൽ കയറിനിന്നുകൊണ്ട് അവിടുന്ന് പറഞ്ഞു: “ഖുറൈശി സമൂഹമേ! അല്ലാഹു നിങ്ങളുടെ പഴയ പൊങ്ങച്ചപ്രകടനവും പിതാക്കന്മാരുടെ പേരിൽ പെരുമനടിക്കലും അവസാനിപ്പിച്ചിരിക്കുന്നു. മനുഷ്യരെല്ലാം ആദമിൽനിന്നാണ്; ആദമാണെങ്കിൽ മണ്ണിൽനിന്നും.” പിന്നീട് ഇസ്‌ലാം നേരത്തേ പ്രഖ്യാപനം ചെയ്ത ഉദാത്ത മൂല്യങ്ങൾ ഉദ്ഘോഷിക്കുന്ന പരിശുദ്ധ വാക്യങ്ങൾ പാരായണം ചെയ്തു: “മനുഷ്യരേ, നിങ്ങളെ നാം ഒരേ ആണിൽ നിന്നും പെണ്ണിൽ നിന്നുമാണ് സൃഷ്ടിച്ചത്. നിങ്ങളെ നാം വർഗങ്ങളും ഗോത്രങ്ങളുമായി വേർതിരിച്ചത് നിങ്ങൾ പരസ്പരം പരിചയപ്പെടാൻ വേണ്ടിയാണ്. അല്ലാഹുവിങ്കൽ നിങ്ങളിലേറ്റവും ആദരണീയർ നിങ്ങളിൽ ഏറ്റവുമധികം സൂക്ഷ്മത പുലർത്തുന്നവരത്രെ.” (ഖു. 49:13)

മനുഷ്യരാശിയുടെ മനസ്സും ആത്മാവും നിറഞ്ഞുനിൽക്കുമാറുള്ള വിനയത്തിന്റെ വർണോജ്ജ്വലമായ മാതൃക ഒന്നാം ഖലീഫ അബൂബക്റിലൂടെ കാലം കാണുകയുണ്ടായി. അധികാരമേൽക്കുന്നതിനു മുമ്പ് ഗ്രാമത്തിലെ അനാഥ ബാലികക്ക് ആടുകളുടെ പാൽ കറന്നുകൊടുത്തിരുന്നത് അദ്ദേഹമാണ്. ഖലീഫയായ ശേഷവും അദ്ദേഹം തന്റെ ചര്യയിൽ ഒരു മാറ്റവും വരുത്തിയില്ല. അതേക്കുറിച്ച് അദ്ദേഹം അഭിപ്രായപ്പെട്ടതിങ്ങനെയാണ്: “ഞാൻ നേരത്തേ ചെയ്തുകൊണ്ടിരുന്ന ഒരു കാര്യം തുടരുന്നതിൽ നിന്ന് ഭരണാധികാരം എന്നെ വ്യതിചലിപ്പിക്കാതിരിക്കട്ടെ.”

ദുർബലരോടു ദയ കാണിക്കൽ, നീതിയിൽ നിഷ്കർഷ പുലർത്തൽ, സത്യത്തോടുള്ള സീമാതീതമായ സ്നേഹം, സാധാരണ ജനങ്ങളോടുള്ള അസാധാരണമായ അനുകമ്പ തുടങ്ങിയവയിലെല്ലാം മഹിതമായ മാതൃകയാണ് ഉമറുൽ ഫാറൂഖ് അദ്ദേഹത്തിന്റെ അടുക്കൽ ജനങ്ങളെല്ലാം ഒരുപോലെയായിരുന്നു. സർവരും സമന്മാർ. എന്നാൽ മറ്റുള്ളവർക്ക് അനുവദിക്കുകയും വിധിക്കുകയും ചെയ്തിരുന്ന പലതും അദ്ദേഹം സ്വന്തത്തിന് നിഷേധിച്ചിരുന്നു. ജനങ്ങൾ വയറു നിറക്കാനായി അദ്ദേഹം വിശപ്പനുഭവിച്ചിരുന്നു; നാട്ടിലെങ്ങും ചുറ്റിസഞ്ചരിച്ച് ജനങ്ങളുടെ ക്ഷേമ, ക്ഷാമാവസ്ഥകൾ അന്വേഷിച്ചറിഞ്ഞിരുന്നു. ഈ രംഗത്ത് ആ മഹജ്ജീവിതത്തിൽ നിന്നു അടർത്തിയെടുക്കാൻ കഴിയുന്ന അവിസ്മരണീയങ്ങളും വിഖ്യാതങ്ങളുമായ അനേകം സംഭവങ്ങളുണ്ട്.

ഒരിക്കൽ ഉമർ അങ്ങാടിയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കെ, ഒരു വയോവൃദ്ധൻ ഭിക്ഷ യാചിച്ചുകൊണ്ടിരിക്കുന്നത് കാണാനിടയായി. അദ്ദേഹം

അതിന്റെ കാരണമന്വേഷിച്ചു. അയാൾ പറഞ്ഞു: “ഞാൻ ഇക്കാണും വിധം കിഴവനാണ്. ജീവിതം നയിക്കാനും ജിസ്‌യ നൽകാനും കഴിവില്ല. അവ രണ്ടിനും വേണ്ടി യാചിക്കുകയാണ്.” അയാൾ മദീനയിൽ താമസിക്കുന്ന ഒരു ജൂതനായിരുന്നു. വൃദ്ധന്റെ വാക്കുകൾ ഉമറിലെ മനുഷ്യസ്‌നേഹിയെ വിളിച്ചുണർത്തി. അദ്ദേഹം പറഞ്ഞു: “നിശ്ചയമായും നാം താങ്കളോടു നീതി കാണിച്ചിട്ടില്ല. താങ്കൾ യുവാവായിരിക്കെ നാം ജിസ്‌യ പിരിച്ചെടുത്തു. ഇപ്പോൾ വാർധക്യത്തിൽ താങ്കളെ കൈയൊഴിക്കുകയും ചെയ്തിരിക്കുന്നു.” അങ്ങനെ അമീറുൽ മുഅ്മിനീൻ അദ്ദേഹത്തെ കൈപിടിച്ച് വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ഉണ്ടായിരുന്ന ആഹാരം അയാൾക്കു കൊടുത്തു. പിന്നീട് പൊതുഖജനാവിന്റെ കാവൽക്കാരനോട് അയാൾക്കും അതുപോലുള്ളവർക്കും അവരുടെയും ആശ്രിതരുടെയും ആവശ്യം പൂർത്തീകരിക്കാൻ പര്യാപ്തമായതു കൊടുക്കാൻ കൽപിക്കുകയും ചെയ്തു.

മദീനയിൽ പുറംനാട്ടിൽ നിന്നുള്ള ഒരു വ്യാപാരിസംഘം വന്നു. അതിൽ സ്ത്രീകളും കുട്ടികളുമുണ്ടായിരുന്നു. അപ്പോൾ ഉമർ അബ്ദുർറഹ്‌മാനിബ്നു ഔഫിനോടു ചോദിച്ചു: “ഈ രാത്രി താങ്കൾക്ക് എന്നോടൊപ്പം അവർക്ക് കാവൽ നിന്നുകൂടെ?” അദ്ദേഹം അതിനു സമ്മതിച്ചു. അവരിരുവരും ആ രാത്രി കച്ചവടസംഘത്തിന് കാവൽ നിന്നു. രണ്ടുപേരും നമസ്കരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഉമർ ഒരു കുട്ടിയുടെ കരച്ചിൽകേട്ടു. നമസ്കാരത്തിൽ നിന്ന് വിരമിച്ച ഉടനെ ആ കുട്ടിയുടെ അടുത്തു ചെന്ന് അതിന്റെ മാതാവിനോട് പറഞ്ഞു: “അല്ലാഹുവെ സൂക്ഷിക്കുക. കുട്ടിയോട് നന്നായി പെരുമാറുക.” അദ്ദേഹം അവിടെനിന്ന് സ്വസ്ഥാനത്ത് മടങ്ങിയെത്തിയപ്പോഴേക്കും കുട്ടി വീണ്ടും കരയാൻ തുടങ്ങി. അതിനാൽ അതിന്റെ അടുത്തു ചെന്ന് മാതാവിനോട് ആദ്യവാചകങ്ങൾ ആവർത്തിച്ചു. തിരിച്ചു വന്ന് നമസ്കാരത്തിൽ പ്രവേശിച്ചപ്പോഴേക്കും വീണ്ടും കുട്ടിയുടെ കരച്ചിൽ കേട്ടു. നമസ്കാരം പൂർത്തിയാക്കിയ ഉടനെ അതിന്റെ മാതാവിന്റെ അടുത്ത് ചെന്ന് അൽപം രൂക്ഷമായ ഭാഷയിലിങ്ങനെ പറഞ്ഞു: “നിങ്ങൾ എന്തൊരു ചീത്ത മാതാവാണ്! നിങ്ങളുടെ കുട്ടി രാത്രി ഒന്ന് സ്വൈരമായി അടങ്ങിക്കിടന്നിട്ടുപോലുമില്ലല്ലോ.”

തന്നോടു സംസാരിക്കുന്നത് അമീറുൽ മുഅ്മിനീൻ ഉമറാണെന്ന് ആ സ്ത്രീ അറിഞ്ഞിരുന്നില്ല. അതിനാൽ അവർ പറഞ്ഞു: “രാത്രിയുടെ ആദ്യയാമം തൊട്ട് താങ്കളെന്നെ കുറ്റപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. ഞാൻ ഈ കുട്ടിയുടെ മുലകുടി മാറ്റാൻ ശ്രമിക്കുകയാണ്. അത് അതിനൊട്ടു സമ്മതിക്കുന്നുമില്ല.”

“എന്തിനാണ് ഇപ്പോഴതിന്റെ മുലകുടി നിർത്തുന്നത്? അതിന് രണ്ടു വയസ്സ് തികഞ്ഞോ?” ഉമർ ചോദിച്ചു.

“ഇല്ല, പക്ഷേ, മുലകുടി മാറാത്ത കുട്ടികൾക്ക് ഉമർ പൊതുമുതലിൽനിന്ന് വിഹിതമനുവദിക്കില്ലല്ലോ” അവർ പറഞ്ഞു.

“കുട്ടിക്ക് എത്ര പ്രായമായി?”

“ഏതാനും മാസങ്ങൾ” ആ സ്ത്രീ പറഞ്ഞു.

“എങ്കിൽ നീ മുലകുടി മാറ്റാൻ ധൃതികൂട്ടേണ്ടതില്ല.” ഇത്രയുമറിയിച്ച് ഉമറുൽ ഫാറൂഖ് തിരിച്ചുപോന്നു. അന്നത്തെ അദ്ദേഹത്തിന്റെ പ്രഭാത പ്രാർഥനയിലെ ഖുർആൻ പാരായണം കരച്ചിലിന്റെ ആധിക്യത്താൽ അവ്യക്തമായിരുന്നു. നമസ്കാരത്തിൽനിന്ന് വിരമിച്ച ഉടനെ അദ്ദേഹം ജനങ്ങളുടെ മുമ്പിൽ എഴുന്നേറ്റുനിന്ന് ഇങ്ങനെ പറഞ്ഞു: “ഉമറിന്റെ സ്ഥിതിയെത്ര കഷ്ടം! മുസ്‌ലിംകളുടെ എത്ര കുട്ടികളെയാണ് ഇയാൾ കൊന്നുകളഞ്ഞത്!” പിന്നീട് വിളംബരക്കാരനോട്, ആരും കുട്ടികളുടെ മുലകുടി മാറ്റാൻ ധൃതികൂട്ടേണ്ടതില്ലെന്നും ജനിച്ചുവീഴുന്ന മുഴുവൻ കുട്ടികൾക്കും പൊതുമുതലിൽ നിന്നു വിഹിതമനുവദിക്കുന്നതാണെന്നും പ്രഖ്യാപിക്കാൻ നിർദേശിച്ചു. പ്രസ്തുത ഉത്തരവ് നാടിന്റെ നാനാ ഭാഗങ്ങളിലേക്കും എഴുതി അറിയിക്കുകയും ചെയ്തു.

ഇതിനേക്കാൾ ചേതോഹരവും വർണോജ്ജ്വലവുമായ ഒരു സംഭവവും ഇന്നോളമുള്ള മനുഷ്യചരിത്രം രേഖപ്പെടുത്തിയിട്ടില്ല. ലോക ജനതയുടെ നാഗരികതകളിലെവിടെയും ഉമറിന്റെ ജനാധിപത്യ രീതികളോളം മഹിതവും മനോഹരവുമായത് കാണുക സാധ്യമല്ല. ഭരണാധികാരിയായ അദ്ദേഹം സ്വയം യാത്രാസംഘത്തിനു കാവൽ നിൽക്കുന്നു; തന്റെ അനുചരന്മാരെല്ലാം സുഖനിദ്രയിലായിരിക്കെ ഉറക്കമൊഴിക്കുന്നു; അക്കാലത്തെ അതിശക്തങ്ങളായ രണ്ടു സാമ്രാജ്യ ശക്തികളായിരുന്ന റോമയെയും പേർഷ്യയെയും കീഴടക്കി എല്ലാറ്റിനെയും നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന വിശ്വാസികളുടെ നേതാവാണദ്ദേഹം. എന്നിട്ടും ഒരു സാധാരണ പാറാവുകാരന്റെ ജോലി ചെയ്യുന്നു. എന്നിട്ടോ? എവിടെനിന്നോ വന്ന ആ യാത്രാ സംഘത്തിലെ ഏതോ ഒരു സ്ത്രീയുടെ കുട്ടിയുടെ കരച്ചിൽ അദ്ദേഹത്തെ അലോസരപ്പെടുത്തുന്നു. അതിനെ ആശ്വസിപ്പിക്കാൻ മാതാവിനോടു മൂന്നുതവണ ആവശ്യപ്പെടുന്നു. അപരിചിതമായ യാത്രാ സംഘത്തിലെ കുട്ടികളോട് ഇവ്വിധം കാരുണ്യം കാണിക്കുന്ന ആരുണ്ട് നമ്മുടെ കൂട്ടത്തിൽ? മഹിതമായ മാനുഷിക വികാരത്തിൽ ഉമറിന്റെ ആയിരം കാതം അടുത്തുനിൽക്കാൻ അർഹതയുള്ള ഏതു മഹാനാണ് ചരിത്രത്തിലുള്ളത്?

ചരിത്രം അതിന്റെ ചെപ്പുതുറന്ന് കൂടുതൽ ചേതോഹരമായ സംഭവങ്ങൾ നിരത്തിവെക്കുന്നു. ഉമറിന്റെ ഭൃത്യൻ അസ്‌ലം പറയുന്നു: “ഞാൻ ഒരു രാത്രി അമീറുൽ മുഅ്മിനീനോടൊന്നിച്ച് പുറപ്പെട്ടു. ഞങ്ങൾ മദീനയിൽ നിന്നു വളരെ ദൂരെയെത്തി. തലസ്ഥാന നഗരിയിൽനിന്നകന്ന പ്രദേശങ്ങളിലെ ആളുകളുടെ അവസ്ഥ അന്വേഷിച്ചു പഠിക്കുകയായി

രുന്നു ഞങ്ങൾ. നടന്നുനീങ്ങവെ അൽപമകലെ തീ കത്തുന്നതു കണ്ടു. അപ്പോൾ ഉമർ പറഞ്ഞു: "വല്ല യാത്രക്കാരുമായിരിക്കും. രാത്രിയും തണുപ്പും അവിടെ തങ്ങാൻ അവരെ നിർബന്ധിച്ചതാവാം.' അങ്ങനെ ഞങ്ങൾ അവിടേക്കു പോയി. അടുത്തെത്തിയപ്പോൾ ഒരു സ്ത്രീയെയും ഏതാനും കുട്ടികളെയുമാണ് കാണാൻ കഴിഞ്ഞത്. സ്ത്രീ ഒരു പാത്രം വെച്ച് തീ കത്തിക്കുകയാണ്; കുട്ടികൾ ചുറ്റുമിരുന്ന് കരയുകയും ഒച്ച യുണ്ടാക്കുകയും. ഉമർ അവരെ അഭിവാദ്യം ചെയ്തശേഷം അവരുടെ സ്ഥിതിഗതികളന്വേഷിച്ചു. അപ്പോൾ ആ സ്ത്രീ പറഞ്ഞു: 'രാത്രിയും തണുപ്പും കാരണമായി ഞങ്ങൾ ഇവിടെ തങ്ങേണ്ടിവന്നു.'

'എന്തിനാണ് കുട്ടികൾ കരഞ്ഞ് ബഹളം വെക്കുന്നത്? അവർക്കെ ന്തുപറ്റി?' ഖലീഫ ചോദിച്ചു.

'വിശപ്പ്' സ്ത്രീ പറഞ്ഞു.

'ഈ ചട്ടിയിലെന്താണ്?'

'വെള്ളം! അവർ ഉറങ്ങുവോളം ഞാനത് തിളപ്പിച്ച് അവരെ സമാധാ നിപ്പിക്കുകയാണ്. ഞങ്ങൾക്കും ഉമറിനുമിടയിൽ തീർപ്പു കൽപിക്കുന്ന വൻ അല്ലാഹുവത്രെ.'

'അല്ലാഹു നിങ്ങളോടു കരുണ കാണിക്കട്ടെ. ഉമർ നിങ്ങളെക്കുറിച്ച് എങ്ങനെ അറിയാനാണ്?' അമീറുൽ മുഅ്മിനീൻ ചോദിച്ചു.

'ഞങ്ങളുടെ കാര്യം ഏറ്റെടുക്കുക; എന്നിട്ട് ഞങ്ങളെ ശ്രദ്ധിക്കാതിരി ക്കുകയോ?' സ്ത്രീ തിരിച്ചുചോദിച്ചു.

അപ്പോൾ ഉമർ എന്റെ നേരെതിരിഞ്ഞു പറഞ്ഞു: 'നമുക്ക് പോകാം.' അങ്ങനെ ഞങ്ങൾ അവിടെ നിന്നു മടങ്ങി. നേരെ ഗോതമ്പുപൊടി സൂക്ഷിച്ച ഗുദാമിലേക്ക് പോയി. അവിടെ നിന്ന് പൊടിയുടെ ചാക്കും വെണ്ണപ്പാത്രവും പുറത്തെടുത്തു. അവ തന്റെ ചുമലിൽ വെച്ചുകൊടു ക്കാൻ അമീറുൽ മുഅ്മിനീൻ ആവശ്യപ്പെട്ടു. അവ ഞാൻ ചുമന്നുകൊ ള്ളാമെന്ന് പറഞ്ഞു നോക്കി. പക്ഷേ അദ്ദേഹം അതംഗീകരിച്ചില്ല. ഗൗര വസ്വരത്തിൽ എന്നോടു ചോദിച്ചു: 'അന്ത്യദിനത്തിൽ താങ്കൾ എന്റെ ഭാരം ചുമക്കുമോ?'

അങ്ങനെ ഞാൻ ആ ചുമട് അദ്ദേഹത്തിന്റെ ചുമലിൽ വെച്ചുകൊടുത്തു. ഞങ്ങളിരുവരും നടന്ന് ആ സ്ത്രീയുടെ അടുത്തെത്തി. ചുമട് അവിടെ ഇറക്കിയശേഷം അതിൽനിന്ന് അൽപം മാവ് പുറത്തെ ടുത്തു. പിന്നീട് ആ സ്ത്രീയോട് പറഞ്ഞു: 'എനിക്ക് സൗകര്യം ചെയ്തു തരിക. ഞാൻ നിങ്ങൾക്കിത് പാകംചെയ്തുതരാം.' അദ്ദേഹം തീ കത്തിച്ച് അതു പാകം ചെയ്യാൻ തുടങ്ങി. അദ്ദേഹത്തിന്റെ നീണ്ട താടിയിലൂടെ പുക പുറത്തുവരുന്നത് ഞാൻ നേരിൽ കാണുകയുണ്ടായി.

ആഹാരം പാകംചെയ്തു പൂർത്തിയായപ്പോൾ പാത്രം ഇറക്കിവെച്ചു. തുടർന്ന് അതിൽനിന്ന് അൽപം ഒരു പാത്രത്തിലെടുത്ത് കുട്ടികൾക്കു കൊടുക്കാനാവശ്യപ്പെട്ടു. ബാക്കി താൻ തണുപ്പിച്ചുകൊള്ളാമെന്ന് അറിയിക്കുകയും ചെയ്തു. കുട്ടികൾ വിശപ്പടക്കുന്നതുവരെ ആ നില തുടർന്നു. പിന്നീട് ബാക്കി അവർക്കുതന്നെ നൽകി. അമീറുൽ മുഅ്മിനീൻ എഴുന്നേറ്റു. ഞാനും കൂടെ എഴുന്നേറ്റു. അപ്പോൾ ആ സ്ത്രീ പറഞ്ഞു: 'അല്ലാഹു താങ്കൾക്ക് ഉത്തമമായ പ്രതിഫലം നൽകട്ടെ. ഉമറിനേക്കാൾ താങ്കളാണ് ഖിലാഫത്തിനർഹൻ.'

അപ്പോൾ അദ്ദേഹം പറഞ്ഞു: 'നല്ലതു മാത്രം പറയുക! നിങ്ങൾ ഖലീഫയുടെ അടുത്തു ചെന്നാൽ അവിടെ എന്നെ കാണാം, അല്ലാഹു അനുഗ്രഹിച്ചെങ്കിൽ.' പിന്നെ അവിടെനിന്നു പിരിഞ്ഞുപോന്നു. അൽപം പിന്നിട്ടശേഷം അവരെ നിരീക്ഷിക്കാനായി മാറിനിന്നു. ആ കുട്ടികൾ സന്തോഷത്തോടും സമാധാനത്തോടും ഉറങ്ങുന്നതുവരെ അവിടെ നോക്കിനിന്നു. പിന്നീട് അവിടെനിന്ന് അല്ലാഹുവെ സ്തുതിച്ചുകൊണ്ട് എന്റെ അടുത്തുവന്നു. അദ്ദേഹം പറഞ്ഞു: 'അസ്‌ലമേ! വിശപ്പാണ് അവരെ ഉറക്കമൊഴിപ്പിച്ചതും കരയിപ്പിച്ചതും. അതിനാൽ ഈ അവസ്ഥ നേരിൽ കാണുവോളം ഇവിടം വിടാൻ ഞാനിഷ്ടപ്പെട്ടില്ല."

ഉമറുൽ ഫാറൂഖിന്റെ അദ്വിതീയമായ മനുഷ്യസ്നേഹം അനാവരണം ചെയ്യുന്ന അനേകം സംഭവങ്ങളുണ്ട്. മഹിതമായ അത്തരം മാതൃകകളിലൊന്നിതാണ്: പതിവുപോലെ ഒരു രാത്രി അദ്ദേഹം ജനങ്ങളുടെ സ്ഥിതിഗതികളന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ മദീനയുടെ ഒരു താഴ്‌വരയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കെ, അവിടെ താൽക്കാലികമായി കെട്ടിയുണ്ടാക്കിയ തമ്പിൽനിന്ന് ഒരു സ്ത്രീയുടെ ഞരക്കംകേട്ടു. അതിന്റെ വാതിൽക്കൽ ഒരാൾ ഇരിക്കുന്നുണ്ടായിരുന്നു. ഉമർ അദ്ദേഹത്തോട് അകത്തുനിന്നു കേൾക്കുന്ന ദയനീയമായ ഞരക്കത്തിന്റെ കാരണം തിരക്കി. അയാളത് അറിയിക്കാൻ കൂട്ടാക്കിയില്ല. വളരെ നിർബന്ധിച്ചപ്പോൾ പറഞ്ഞു: "അതെന്റെ ഭാര്യയാണ്. അവൾ പ്രസവവേദന സഹിക്കുകയാണ്. അവളെ പരിചരിക്കാൻ അടുത്ത് ആരുമില്ല." ഇതുകേട്ട് അമീറുൽ മുഅ്മിനീൻ വീട്ടിലേക്കു മടങ്ങി. തന്റെ ഭാര്യ ഉമ്മുകുൽസൂമിനോടു പറഞ്ഞു: (അലിയുടെ പുത്രിയായിരുന്നു അവർ) "അല്ലാഹു നിനക്ക് കൊണ്ടുവന്നുതന്ന ഒരു പ്രതിഫലം നീ ഏറ്റുവാങ്ങുന്നോ?"

"അതെന്താണ്?" അവർ ചോദിച്ചു. അപ്പോൾ ഉമർ വിവരം സഹധർമിണിയെ ധരിപ്പിച്ചു. തുടർന്ന് നവജാതശിശുവിനാവശ്യമായ വസ്ത്രം, മാതാവിനുവേണ്ട എണ്ണ, ഒരു പാത്രത്തിൽ നിറയെ ഗോതമ്പുപൊടി മുതലായവ പുറത്തെടുക്കാനും തന്റെ കൂടെ വരാനും അവരോടാവശ്യപ്പെടുകയും ചെയ്തു. അങ്ങനെ അവശ്യ വസ്തുക്കളെടുത്ത് അമീറുൽ മുഅ്മിനീൻ മുന്നിലും പ്രിയപത്നി പിന്നിലുമായി ആ തമ്പിന്റെ നേരെ നടന്നു.

അവിടെ എത്തിയപ്പോൾ ഉമ്മുകുൽസൂമിനെ സ്ത്രീയുടെ അടുത്തേക്ക യച്ച് ഉമർ ഭക്ഷണം പാകം ചെയ്യാൻ തുടങ്ങി. ആഗതൻ ആരെന്നറിയാതെ ഗൃഹനാഥൻ സ്വസ്ഥാനത്ത് സ്വസ്ഥനായിരിക്കുകയും ചെയ്തു.

അധികം താമസിയാതെ ആ സ്ത്രീ പ്രസവിച്ചു. അപ്പോൾ തമ്പിന കത്തുനിന്ന് ഉമ്മുകുൽസൂം വിളിച്ചു പറഞ്ഞു: "അമീറുൽ മുഅ്മിനീൻ! താങ്കളുടെ സഹോദരന് ഒരാൺകുഞ്ഞ് പിറന്ന സന്തോഷവാർത്ത അറി യിക്കുക." ഇതുകേട്ട് ഗ്രാമീണൻ ഞെട്ടിത്തരിച്ചു. തന്റെ അടുത്തിരിക്കു ന്നത് ഖലീഫയാണെന്ന് അദ്ദേഹം അപ്പോഴാണറിയുന്നത്. അയാൾ ആദ രപൂർവം മാറിനിന്നു. എന്നാൽ, ഉമർ അദ്ദേഹത്തെ സ്വസ്ഥാനത്തിരിക്കാൻ നിർബന്ധിക്കുകയും താൻ തയ്യാറാക്കിയ ആഹാരം ഒരു പാത്രത്തിലെ ടുത്തു ഭാര്യയെ ഏൽപിക്കുകയും അത് ആ സ്ത്രീയെ തീറ്റാനാവശ്യ പ്പെടുകയും ചെയ്തു. പിന്നീട് ആഹാരം പാത്രത്തിലെടുത്ത് ഗ്രാമീണനും കൊടുത്തു. എന്നിട്ടിങ്ങനെ പറഞ്ഞു: "ഇത് കഴിച്ചുകൊള്ളുക. രാത്രിമു ഴുവൻ ഉറക്കമൊഴിച്ചതല്ലേ?"

ഉമ്മുകുൽസൂം പ്രസവശുശ്രൂഷയെല്ലാം പൂർത്തിയാക്കി പുറത്തുവ ന്നപ്പോൾ ആ ഗ്രാമീണനോട് അടുത്തദിവസം തന്റെ അടുത്തു വരാനാ വശ്യപ്പെട്ടുകൊണ്ട് അമീറുൽ മുഅ്മിനീൻ സ്ഥലംവിട്ടു. അങ്ങനെ അയാൾ ഖലീഫയുടെ അടുത്ത് ചെല്ലുകയും അദ്ദേഹം നവജാതശിശുവിന് വിഹിതം നിശ്ചയിച്ചു കൊടുക്കുകയും ചെയ്തു.

ഞാൻ പാരായണം ചെയ്ത ജീവചരിത്ര പുസ്തകങ്ങളിലൊന്നും ഇതുപോലെ ഉന്നതവും ഉദാത്തവും മഹിതവും മനോഹരവുമായ ഒര ധ്യായം കണ്ടിട്ടില്ല. അമേരിക്കക്കു സ്വാതന്ത്ര്യം നേടിക്കൊടുത്ത വാഷിം ഗ്ടൺ തന്റെ നാമധേയത്തിലുള്ള തെരുവിലൂടെ നടന്നു പോകുമ്പോൾ ചില സൈനികർ ഒരു കല്ല് പൊക്കാൻ ശ്രമിക്കുന്നതും അവരതിൽ പരാ ജയപ്പെടുന്നതും കാണാനിടയായി. സൂപ്പർവൈസർ അവിടെ നോക്കി നിൽക്കുന്നുണ്ടായിരുന്നു. എന്നിട്ടും അദ്ദേഹമവരെ സഹായിക്കാൻ സന്ന ദ്ധനായില്ല. അപ്പോൾ വാഷിംഗ്ടൺ അദ്ദേഹത്തോട് കല്ല് പൊക്കാൻ പട്ടാ ളക്കാരെ സഹായിക്കാനാവശ്യപ്പെട്ടു. പക്ഷേ, സൂപ്പർവൈസർ വിസമ്മ തിച്ചു. അദ്ദേഹം പറഞ്ഞു: "അതെന്റെ നിലവാരത്തിനു ചേർന്നതല്ല."

ഇതുകേട്ട വാഷിംഗ്ടൺ തന്റെ ശിരോവസ്ത്രം അഴിച്ചുവെച്ചു കല്ല് പൊക്കാൻ സഹായിച്ചു. തുടർന്ന് അവരോടിങ്ങനെ പറയുകയും ചെയ്തു: “സഹായം ആവശ്യമായി വരുമ്പോഴെല്ലാം വാഷിംഗ്ടണിന്റെ വാതിലിൽ മുട്ടുക.” തീർച്ചയായും ഇത് വ്യതിരിക്തമായ ഒരു സംഭവം തന്നെ; വളരെ വിശിഷ്ടമായ സ്വഭാവത്തിന്റെ തെളിവും.... എന്നാൽ, ഉമറിന്റെ മാതൃകയും ഇതും തമ്മിലെന്തു സാമ്യം? അദ്ദേഹം രാത്രി ഉറക്കവും വിശ്രമവുമൊഴിക്കുന്നു; തന്റെ ജനതയുടെ അവസ്ഥ അന്വേഷിച്ചു ചുറ്റിക്കറങ്ങുന്നു; അന്തിയുടെ അന്ധകാരത്തിലും സ്വന്തം സഹധർമിണിയെ ഏതോ ഒരു സ്ത്രീയുടെ ഈറ്റെടുക്കാൻ കൂട്ടിക്കൊണ്ടു പോകുന്നു; പ്രസവാവസരത്തിലാവശ്യമായ വസ്ത്രങ്ങളും എണ്ണയും മറ്റു വസ്തുക്കളും താൻതന്നെ എടുക്കുന്നു. നമ്മുടെ ഭാഷയിൽ രാജ്യത്തെ രാജ്ഞിയായ, അല്ലെങ്കിൽ പ്രഥമ വനിതയായ അവർ സൂതികർമിണിയുടെ ചുമതല സന്തോഷപൂർവം നിർവഹിക്കുന്നു. ഭരണാധികാരി പാചകക്കാരന്റെ പണിയും.

ഭൂമിയിലൊരു നേതാവിനും ഇത്ര ഉത്കൃഷ്ടമായ വിതാനത്തിലേക്കുയരാൻ സാധിച്ചിട്ടില്ല. മാനുഷിക വികാരങ്ങൾ ഇത്രയേറെ മാനിക്കപ്പെട്ട മറ്റേതു സംഭവം എവിടെയുണ്ട്? ഉമറിന്റെ മഹത്വങ്ങളിൽ ഒന്നു മാത്രമാണിത്; മരുഭൂമിയുടെ മകനായ ഉമറുബ്നുൽ ഖത്ത്വാബിനെ മുഴുവൻ മഹാന്മാരുമാർജിച്ച എല്ലാ മഹത്വങ്ങളുടെയും കൊടുമുടിയിലേക്കുയർത്തിയ നിരവധി ശോഭന ചിത്രങ്ങളിൽ ഒന്നുമാത്രം. അദ്ദേഹമാണെങ്കിൽ നമ്മുടെ നാഗരികത സംഭാവന ചെയ്ത ഏകസന്താനവുമല്ല. ഇസ്‌ലാമിന്റെ അതുല്യമായ മാനുഷിക വശം വിളംബരം ചെയ്യുന്ന അതിന്റെ അനേകം അരുമ സന്താനങ്ങളിൽ ഒരാൾ മാത്രമാണ് -കാരുണ്യത്തിന്റെയും മനുഷ്യത്വത്തിന്റെയും പൂർണതയുടെയും പ്രകാശഗോപുരങ്ങളായി പ്രശോഭിക്കുന്ന പലരിൽ ഒരാൾ.

അബൂബക്ർ, ഉസ്മാൻ, അലി, ഉമറുബ്നു അബ്ദിൽ അസീസ്, സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബി പോലുള്ള പണ്ഡിതന്മാരിലും നേതാക്കളിലും ഭരണാധികാരികളിലും നായകന്മാരിലും ദാർശനികരിലും ഇസ്‌ലാമിക നാഗരികതയുടെ മനുഷ്യ സ്നേഹപരമായ വികാരങ്ങൾ അവയുടെ പാരമ്യം പ്രാപിച്ചതിന്റെ അനേകം അനശ്വര മാതൃകകൾ കാണാം.

നാല്

# സമത്വം

•

**വ**ർഗ വർണ വ്യത്യാസങ്ങൾക്കതീതമായി മുഴുവൻ മനുഷ്യരും സമന്മാരാണെന്ന് ഇസ്‌ലാം ഉദ്‌ഘോഷിക്കുന്നു. സമത്വത്തിന്റെ അടിസ്ഥാനമായി പരിശുദ്ധ ഖുർആൻ പ്രഖ്യാപിച്ചു: “അല്ലാഹുവിങ്കൽ നിങ്ങളിൽ ഏറ്റവും ആദരണീയർ നിങ്ങളിൽ ഏറ്റവും കൂടുതൽ സൂക്ഷ്മത പാലിക്കുന്നവനാണ്.” (49:13)

ഹജ്ജതുൽ വിദാഇലെ പ്രഖ്യാതമായ പ്രസംഗത്തിൽ പ്രവാചകൻ പറഞ്ഞു: “മനുഷ്യരെല്ലാം ആദമിൽനിന്നാണ്. ആദം മണ്ണിൽനിന്നും. അറബിക്ക് അനറബിയെക്കാൾ ഒരു ശ്രേഷ്ഠതയുമില്ല; വെളുത്തവന് കറുത്തവനെക്കാളും- ജീവിതത്തിൽ സൂക്ഷ്മത പുലർത്തുന്നതിലൂടെയല്ലാതെ?” (ഇബ്നു സഅ്ദ്)

ഇസ്‌ലാമിന്റെ ഈ സമത്വ പ്രഖ്യാപനം അഭിനവ നാഗരികതയുടെ നായകന്മാർ നടത്തുന്നപോലുള്ള വെറും വാചാടോപമല്ല. വെറുതെ പറയാനും പ്രഖ്യാപിക്കാനും പ്രചരിപ്പിക്കാനുമുള്ള പ്രമാണവുമല്ല. മറിച്ച് പ്രായോഗിക മേഖലകളിൽ സ്ഥാപിതമായ സിദ്ധാന്തമാണ്. സാധാരണ സംഗതികളും സംഭവങ്ങളും പോലെ ഇതും അനായാസം പ്രയോഗവത്കരിക്കപ്പെട്ടു. സവിശേഷ ശ്രദ്ധയോ തീവ്രയത്നമോ വേണ്ടിവന്നില്ല.

അല്ലാഹുവിനുള്ള അടിമത്തം പ്രഖ്യാപിച്ചും ഭക്തി പ്രകടിപ്പിച്ചും വെളുത്തവനും കറുത്തവനും പള്ളിയിൽ ഒരേ വരിയിൽ തോളോടു തോൾ ചേർന്നു അണിനിരക്കുന്നതിലൂടെ ഇസ്‌ലാം ഈ സമത്വം സാക്ഷാത്കരിച്ചു. കറുത്തവൻ തന്നോട് തൊട്ടുരുമ്മി നിൽക്കുന്നതിൽ വെളുത്തവന് വെറുപ്പോ മുഷിപ്പോ തോന്നിയില്ല. നേരിയ അലോസരംപോലും അനുഭവപ്പെട്ടില്ല.

വിവിധ ദേശക്കാരും ഭാഷക്കാരും വർഗക്കാരും വർണക്കാരും ഒരേ വസ്ത്രങ്ങളണിഞ്ഞ് ഒരേ മന്ത്രമുച്ചരിച്ച് ഒരേ രീതിയിൽ ആരാധനകളനുഷ്ഠിക്കുക വഴി ഇസ്‌ലാം ഹജ്ജിലൂടെ സുപ്രധാനമായ ഈ പ്രമാണം പ്രയോഗവത്കരിച്ചു. അതിനാൽ സവർണർക്കും അവർണർക്കുമിടയിൽ ഒരുവിധ വിവേചനവും എവിടെയുമില്ല.

മാനുഷിക സമത്വമുദ്ഘോഷിക്കുന്നതിൽ ഇസ്‌ലാം മഹിതമായ മാതൃക സൃഷ്ടിച്ചു. ലോകത്തിലെ ഏറ്റവും ശ്രദ്ധേയമായ ഭവനമാണ് വിശുദ്ധ കഅ്ബ. ജാഹിലിയ്യാകാലത്ത് തന്നെ അത് ആദരണീയവും പരിശുദ്ധവുമായി പരിഗണിക്കപ്പെട്ടിരുന്നു. ഇസ്‌ലാം അതിനെ ലോകത്തെങ്ങുമുള്ള മുസ്‌ലിംകളുടെ കേന്ദ്രമാക്കുകയും ചെയ്തു. ചരിത്രത്തിലെ ഏറ്റവും നിർണായകവും നിസ്തുലവുമായ സംഭവമാണ് മക്കാവിജയം.

അത് നടന്നപ്പോൾ വിശുദ്ധ കഅ്ബയുടെ മുകളിൽ കയറി ബാങ്ക് കർമം നിർവഹിക്കാനും സത്യത്തിന്റെ വിജയപ്രഖ്യാപനം നടത്താനും ഭര മേൽപിക്കപ്പെട്ടത് ബിലാലുബ്നു റബാഹാണ്. അദ്ദേഹം നന്നേ കറു ത്തവനായിരുന്നു. ഒരെത്യോപ്യൻ അടിമ!

എന്താണിത്? ബിലാലിനെപ്പോലെ കറുത്ത ഒരടിമ കഅ്ബയുടെ മുക ളിൽ കാൽ വെക്കുകയോ? ആധുനിക നാഗരികതകൾക്ക് നായകത്വം നൽകുന്ന അമേരിക്കക്കാരന് ഇങ്ങനെയൊന്ന് സങ്കൽപിക്കുകപോലും സാധ്യമല്ല. എന്നാൽ ഇസ്‌ലാം പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പേ അത് പ്രയോഗവത്കരിച്ചു. പ്രവാചകൻ ബിലാലിനെ കഅ്ബയുടെ നെറുക യിൽ കയറ്റിനിർത്തിയത് വെറുതെയല്ല. മനുഷ്യത്വത്തെ മാനിക്കാൻ വേണ്ടിയാണ്; മാന്യതയുടെയും മഹത്വത്തിന്റെയും മാനദണ്ഡം വിജ്ഞാ നവും വിശ്വാസവും ബുദ്ധിവൈഭവവും സ്വഭാവ വൈശിഷ്ട്യവുമാണെന്ന് പഠിപ്പിക്കാനാണ്. ആദരണീയതക്ക് അർഹമാക്കുന്നത് തൊലിയുടെ കറുപ്പും വെളുപ്പുമല്ലെന്ന് ബോധ്യപ്പെടുത്താനും. പ്രവർത്തന രംഗത്ത് പിന്നണിയിലുള്ളവർ വർണധാവള്യത്താൽ മുന്നണിയിലെത്തുക ഇസ്‌ലാ മിക നാഗരികതയിൽ സാധ്യമല്ല. അപ്രകാരം തന്നെ ധൈഷണിക പ്രഭാ വവും കർമ കുശലതയും കൈമുതലാക്കിയവർ വിവർണതയാൽ പുറം തള്ളപ്പെടുന്ന പ്രശ്നവുമില്ല.

അബൂദർറ് നബിയുടെ ആദരണീയരായ അടുത്ത അനുചരന്മാരിലൊ രാളായിരുന്നു. ഒരിക്കൽ അദ്ദേഹം ബിലാലിനെ ‘കറുത്തവളുടെ പുത്രാ’ എന്ന് വിളിച്ചാക്ഷേപിച്ചു. തിരുമേനിക്ക് ഇതൊട്ടും ഇഷ്ടപ്പെട്ടില്ല. അതി നാൽ അബൂദർറിനെ ശക്തിയായി താക്കീത് ചെയ്തു. ഗൗരവസ്വരത്തിൽ പറഞ്ഞു: “താങ്കൾ അയാളെ തന്റെ മാതാവിന്റെ കറുപ്പു വർണത്തിന്റെ പേരിൽ അപമാനിച്ചോ? ജാഹിലിയ്യത്തിൽനിന്ന് ഇനിയും മുക്തമാവാത്ത മനുഷ്യൻതന്നെ താങ്കൾ.”

പ്രവാചകൻ അറിവിനെയും അജ്ഞതയെയും വ്യവച്ഛേദിക്കുകയാ ണിവിടെ. മാനുഷിക നാഗരികതയും ജാഹിലിയ്യാ നാഗരികതയും തമ്മിൽ വേർതിരിക്കുന്നു. വർഗ വർണ വ്യത്യാസങ്ങൾക്കതീതമായ നാഗരികത യാണ് മാനുഷികം. ബുദ്ധിയും ബോധവുമുള്ള മാന്യന്മാർ അംഗീകരി ക്കുക അതാണ്. വെളുത്തവൻ ഔന്നത്യം നേടുകയും കറുത്തവൻ അവ ഹേളിക്കപ്പെടുകയും തൊലിയുടെ വർണധാവള്യം വിജയഹേതു ആവു കയും അവർണത നിർഭാഗ്യ നിമിത്തമാവുകയും ചെയ്യുന്ന നാഗരികത ജാഹിലിയ്യത്താണ്. അതിലൂടെ മാനവരാശി അന്ധരും അഹങ്കാരികളും അജ്ഞരും വിഡ്ഢികളുമായി നൂറ്റാണ്ടുകൾ പിറകോട്ട് പോകുന്നു -പ്രവാ ചകൻ ജാഹിലിയ്യത്തെന്ന് വിശേഷിപ്പിച്ച പതിതാവസ്ഥയിലേക്ക്. വർഗ, വർണ വിഭജനം നടത്തുന്ന പ്രാകൃത നാഗരികതയെ ഇസ്‌ലാം എല്ലാ രംഗത്തും പ്രതിരോധിച്ചു. ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും അതു മായി ഏറ്റുമുട്ടി; പള്ളിയിൽ, പാഠശാലയിൽ, കോടതിയിൽ, ഭരണത്തിൽ

എല്ലായിടത്തുവെച്ചും. അതിൽ ശത്രുമിത്ര വ്യത്യാസം പോലും കാണിച്ചില്ല.

ഈജിപ്ത് അധീനപ്പെടുത്താനായി മുസ്‌ലിംകൾ അവിടെ പ്രവേശിച്ചു. അവർ ബാബിലോൺ കോട്ടയുടെ മുന്നിൽ നിലയുറപ്പിച്ചു. ഈജിപ്തിലെ ഭരണാധികാരി മുഖൗഖിസ് മുസ്‌ലിംകളുമായി സംഭാഷണം നടത്താനാഗ്രഹം പ്രകടിപ്പിച്ചു. അതനുസരിച്ച് സേനാനായകൻ അംറുബ്നുൽ ആസ് അദ്ദേഹത്തിന്റെ അടുത്തേക്ക് ഒരു പ്രതിനിധി സംഘത്തെ നിയോഗിച്ചു. പത്തു പേരായിരുന്നു അവർ. കൂട്ടത്തിൽ ഉബാദതുബ്നുസ്സ്വാമിതുമുണ്ടായിരുന്നു. കറുകറുത്ത മനുഷ്യനായിരുന്നു അദ്ദേഹം; ദീർഘകായനും. അംറ് അദ്ദേഹത്തെയാണ് മുഖൗഖിസുമായി സംസാരിക്കാൻ ചുമതലപ്പെടുത്തിയത്. അങ്ങനെ നിവേദകസംഘം ഉബാദത്തിന്റെ നേതൃത്വത്തിൽ കൊട്ടാരത്തിൽ പ്രവേശിച്ചപ്പോൾ അദ്ദേഹത്തിന്റെ കറുപ്പ് കണ്ട് മുഖൗഖിസിന് പേടി തോന്നി. അയാൾ പറഞ്ഞു: "ഈ കറുത്തവനെ എന്നിൽ നിന്നകറ്റി നിർത്തുക. ഞാനുമായി സംസാരിക്കാൻ മറ്റാരെങ്കിലും മുന്നോട്ടുവരിക." ഇതുകേട്ട് പ്രതിനിധിസംഘത്തിലുള്ളവരെല്ലാം ഏകസ്വരത്തിൽ പറഞ്ഞു: "ഞങ്ങളുടെ നേതാവ് അദ്ദേഹമാണ്. ഞങ്ങളിൽ ഏറ്റവും ശ്രേഷ്ഠനും അഭിപ്രായ സുബദ്ധതയുള്ളവനും ഉത്തമനും അദ്ദേഹംതന്നെ. അദ്ദേഹത്തിന്റെ അഭിപ്രായവും വാക്കുകളും ഞങ്ങളെല്ലാം അംഗീകരിക്കുന്നു. ഞങ്ങളുടെയെല്ലാം നായകനായി നിശ്ചയിക്കപ്പെട്ടത് അദ്ദേഹമാണ്. അതിനാൽ ഞങ്ങൾ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും വാക്കുകളും ലംഘിക്കുകയില്ല."

ഈ മറുപടി മുഖൗഖിസിനെ ആശ്ചര്യഭരിതനാക്കി. അയാൾ ചോദിച്ചു: "നിങ്ങളെങ്ങനെയാണ് ഈ കറുത്തവനെ നേതാവായി അംഗീകരിക്കുക. അയാൾ നിങ്ങളെക്കാളെല്ലാം താഴ്ന്നവനാണല്ലോ?"

"അല്ല, ഒരിക്കലുമല്ല. അദ്ദേഹത്തിന്റെ തൊലിയുടെ വർണം താങ്കൾ കാണുംവിധം കറുപ്പാണെങ്കിലും സ്ഥാനത്തിലും ബുദ്ധിസാമർഥ്യത്തിലും അഭിപ്രായമേന്മയിലും അദ്ദേഹം ഞങ്ങളെക്കാളെല്ലാം ഉയരത്തിലാണ്. കറുപ്പ് ഞങ്ങൾക്കിടയിൽ ഒരയോഗ്യതയുമല്ല" അവർ ഏകസ്വരത്തിൽ പറഞ്ഞു.

"എങ്കിൽ, കറുത്തവനേ, വരൂ! എന്നോടു സൗമ്യമായി സംസാരിക്കൂ! ഞാൻ താങ്കളുടെ കറുപ്പിനെ വല്ലാതെ ഭയപ്പെടുന്നു. അതിനാൽ താങ്കളുടെ സംസാരം രൂക്ഷമായാൽ എന്റെ ഭീതി വർധിക്കും" മുഖൗഖിസ് പറഞ്ഞു. അദ്ദേഹത്തിന്റെ മാനസികാവസ്ഥയും കറുപ്പിനോടുള്ള ഭയവും മനസ്സിലാക്കിയ ഉബാദത്ത് അറിയിച്ചു: "ഞങ്ങളുടെ സൈന്യത്തിൽ കറുത്ത ആയിരം പേരുണ്ട്. അവരെല്ലാം എന്നെക്കാളും കറുത്തവരാണ്."

ഇവിടെ ഇസ്‌ലാമിക നാഗരികത എത്ര മനോഹരവും ഉദാത്തവും മനുഷ്യത്വപരവുമായിരിക്കുന്നു? 21-ാം നൂറ്റാണ്ടിലെ പരിഷ്കൃത മനുഷ്യ

രുൾപ്പെടെ എല്ലാവരും കറുപ്പ് ഒരു ന്യൂനതയായി കാണുന്നു. കറുത്തവൻ വെള്ളക്കാർക്കിടയിൽ നിൽക്കാൻ അർഹനല്ലെന്ന് ധരിക്കുന്നു. പിന്നെ എങ്ങനെയാണ് അത്തരമൊരാളെ നേതാവും ശ്രേഷ്ഠനും പണ്ഡിതനും മറ്റുമായി അംഗീകരിക്കുക? എന്നാൽ ഇസ്‌ലാമിക നാഗരികത ഈ മാനദണ്ഡങ്ങളെയെല്ലാം തച്ചുടച്ചു. അതിലെ വിഡ്ഢിത്തം തുറന്നുകാണിച്ചു. കറുത്തവൻ വിജ്ഞാനത്തിലും ധീരതയിലും അഭിപ്രായ സുബദ്ധതയിലും മുന്തിനിന്നപ്പോഴെല്ലാം അവനെ വെളുത്തവനെക്കാൾ ഉയർത്തി. നമ്മുടെ നാഗരികത നായകത്വത്തിലേക്കും നേതൃത്വത്തിലേക്കും നയിച്ച നിരവധി തൊലി കറുത്ത മനുഷ്യരിൽ ഒരാൾ മാത്രമാണ് ഉബാദതുബ്നുസ്സ്വാമിത്.

ഉമവീ ഭരണാധികാരി അബ്ദുൽ മലികിബ്നു മർവാൻ, മക്കയിലെ പ്രമുഖ പണ്ഡിതനും കർമശാസ്ത്ര വിശാരദനും ഇമാമുമായ അത്വാഉബ്നു അബീറബാഹയല്ലാതെ ആരും ഫത്‌വകൾ (മതവിധികൾ) നൽകരുതെന്ന് നിഷ്കർഷിച്ചിരുന്നു. അക്കാര്യം വിളംബരം വഴി ജനങ്ങളെ അറിയിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ആരാണീ അത്വാഅ്? കറുത്ത, ഒറ്റക്കണ്ണനായ, മൂക്ക് പതിഞ്ഞ, മുടന്തനായ, ജടകുത്തിയ, കൈക്ക് സ്വാധീനമില്ലാത്ത ഒരാളായിരുന്നു അദ്ദേഹം. ആയിരക്കണക്കിന് വിദ്യാർഥികൾക്കിടയിൽ അദ്ദേഹം തന്റെ വിജ്ഞാന സദസ്സിലിരുന്നാൽ പഞ്ഞി പാകിയ പറമ്പിൽ കാക്ക ഇരുന്നതുപോലെ ആയിരുന്നു. എന്നിട്ടും ഇസ്‌ലാമിക നാഗരികത അദ്ദേഹത്തെ സമുന്നത പദവിയിലേക്കുയർത്തി. ജനങ്ങൾക്ക് മതവിധികൾ നൽകുന്ന ഇമാമും ആയിരക്കണക്കിന് വിദ്യാർഥികളെ വാർത്തെടുക്കുന്ന അധ്യാപകനുമായി അവരോധിച്ചു. സമകാലിക സമൂഹത്തിൽ ഏറ്റവുമധികം സ്നേഹവും മഹത്വവും അംഗീകാരവും ലഭിക്കുന്ന സ്ഥാനങ്ങളായിരുന്നു അവ.

ഇസ്‌ലാമിക നാഗരികതയിൽ വിജ്ഞാനത്തിന്റെയും സാഹിത്യത്തിന്റെയും സകല മേഖലകളിലും നീഗ്രോകളെ കാണാവുന്നതാണ്. അവർ തൊലി കറുത്തവരായിരുന്നു. എങ്കിലും അവരുടെ തൊലിയുടെ നിറം, ഖലീഫമാരുടെ അടുത്ത് അംഗീകാരമുള്ള കവികളും സാഹിത്യകാരന്മാരുമാകുന്നതിനോ ഇസ്‌ലാമിക കർമശാസ്ത്ര വിഷയങ്ങളിൽ ആധികാരിക ഗ്രന്ഥങ്ങൾ രചിക്കുന്ന പണ്ഡിതന്മാരാകുന്നതിനോ തടസ്സമായില്ല. ഹനഫീ കർമശാസ്ത്ര സരണിയിലെ പ്രമുഖ ഗ്രന്ഥമായ *കൻസുദ്ദഖാഇഖി*ന്റെ വ്യാഖ്യാതാവ് ഉസ്മാനുബ്നു അലിസ്സയ്‌ലഈ, *നസ്വ്ബുർറായ*യുടെ കർത്താവ് ഹാഫിള് ജമാലുദ്ദീൻ അബൂമുഹമ്മദ് അബ്ദുല്ലാഹിബ്നു യൂസുഫസ്സയ്‌ലഈ (മരണം: ഹി. 762) എന്നിവർ ഇതിനുദാഹരണമാണ്. ഇരുവരും കറുത്തവരായിരുന്നു. എത്യോപ്യയിലെ 'സയ്‌ലഅ്'കാരും.

* 1963 ഡിസമ്പർ 13-ന് കെനിയക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പുള്ള അവസ്ഥയാണിത് -വിവ.

കാഫൂറുൽ അഖ്ശീദിയെ അറിയാത്തവരായി അറബികളിലാരും ഉണ്ടാവില്ല. അദ്ദേഹം ഒരു കറുത്ത അടിമയായിരുന്നു. ഹിജ്റ നാലാം നൂറ്റാണ്ടിൽ ഈജിപ്ത് ഭരിച്ചിരുന്നത് അദ്ദേഹമാണ്. പ്രശസ്ത കവി മുതനബ്ബി തന്റെ സ്തുതിഗീതങ്ങളിലൂടെയും ഹാസ്യകവിതകളിലൂടെയും അനശ്വരനാക്കിയത് കാഫൂറിനെയാണ്.

ചുരുക്കത്തിൽ, ഇസ്‌ലാമിക നാഗരികത വർഗ, വർണ വിവേചനങ്ങൾ അംഗീകരിക്കുന്നില്ല. അത് ഇസ്‌ലാമിന് അന്യവും അപരിചിതവുമാണ്. അതിനാൽ നമ്മുടെ നാഗരികതയിൽ വെള്ളക്കാരുണ്ടാവാത്ത, കറുത്തവരുടെ മാത്രമായ കോളനികളോ സമൂഹങ്ങളോ കാണുക സാധ്യമല്ല. അപ്രകാരം തന്നെ അവർണരോടുള്ള അവഗണനയോ നിന്ദയോ മർദനമോ അവിടെ ദൃശ്യമല്ല. കാരണം ഇസ്‌ലാം മുഴുവൻ മനുഷ്യരെയും സത്യത്തിന്റെയും നീതിയുടെയും വീക്ഷണ കോണിലൂടെയാണ് നോക്കുന്നത്. അതിനാൽ കറുപ്പും വെളുപ്പും അത് കാണുകയില്ല; കർമത്തിലെ സവർണതയും അവർണതയുമല്ലാതെ! അല്ലാഹു പറയുന്നു: "ആരെങ്കിലും അണുതൂക്കം നന്മചെയ്താൽ അതിന്റെ പ്രതിഫലമവർക്ക് ലഭിക്കും; അണുതൂക്കം തിന്മ പ്രവർത്തിച്ചാൽ അതിന്റെയും." (ഖു. 99:7,8)

കഴിഞ്ഞ അമ്പതുവർഷമായി അപൂർവമായെങ്കിലും ഇത്തരം പ്രസ്താവങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടുണ്ട്. വർണ വിവേചനം തനി പ്രാകൃതമാണെന്നതിൽ പക്ഷാന്തരമില്ല. ഒരു പരിഷ്കൃത നാഗരികതക്കും അതംഗീകരിക്കാനാവില്ല. നമ്മുടെ നാഗരികതയിൽ അങ്ങനെയൊന്ന് സങ്കൽപിക്കാൻ പോലും സാധ്യമല്ല. മാനുഷ്യകത്തിന്റെ ഐക്യത്തിലും സമത്വത്തിലും സാഹോദര്യത്തിലും ഏറ്റവുമധികം പ്രഖ്യാതമായ നാഗരികതയാണത്.

എന്നാൽ ഐക്യരാഷ്ട്രസഭയുടെ രൂപവത്കരണത്തിനും മനുഷ്യാവകാശ പ്രമാണങ്ങളുടെ പ്രഖ്യാപനത്തിനും ശേഷം പരിഷ്കൃതമായ കാലഘട്ടത്തിലും സമത്വസിദ്ധാന്തത്തിന്റെ പ്രചാരണം അനിവാര്യമായിരിക്കുന്നു. ദക്ഷിണാഫ്രിക്കയിലെ വർഗ വിവേചനത്തിന്റെ തിക്തവശങ്ങളെക്കുറിച്ച് നമുക്കിന്നും കേൾക്കേണ്ടിവരുന്നു. കെനിയയിലെ ഭീതിജന്യമായ സാമ്രാജ്യത്വ ദുഷ്കൃത്യങ്ങൾ ലോകത്തെ തുറിച്ചുനോക്കുന്നു; അമേരിക്കയിൽ കറുത്ത വർഗക്കാരും നീഗ്രോകളും നിന്ദ്യമായ അവസ്ഥകളഭിമുഖീകരിക്കുന്നു. ദക്ഷിണാഫ്രിക്കയിൽ വർണ വിവേചനത്തിന് വേദാന്തം ചമക്കുന്ന ഭരണകൂടങ്ങളും, കെനിയയിലെ നീഗ്രോകളെ സാമ്പത്തികമായും രാഷ്ട്രീയമായും പീഡിപ്പിക്കുന്ന ശക്തികളും, അമേരിക്കയിലെ നീഗ്രോകളെ നിർദയം മർദിച്ചൊതുക്കുന്നവരും പിന്തിരിപ്പത്തവും പ്രാകൃതതയും പിന്നാക്കാവസ്ഥയും ആരോപിക്കപ്പെടുന്ന പൗരസ്ത്യരല്ലെന്നതാണ് ഏറെ വിചിത്രം. ഐക്യരാഷ്ട്രസഭയിലെ വൻ രാഷ്ട്രങ്ങളിൽ ഏറ്റവും പുരോഗതി പ്രാപിച്ച രാജ്യങ്ങളാണ് ഇതൊക്കെ

ചെയ്യുന്നത്. അമേരിക്കയാണല്ലോ യു.എൻ.ഒയിലെ ഏറ്റവും പ്രമുഖ ശക്തി. ബ്രിട്ടനാണെങ്കിൽ യൂറോപ്പിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യവുമാണ്. യൂറോപ്യൻ ധവള മേധാവിത്വത്തിന്റെ കോളനിയാണ് ദക്ഷിണാഫ്രിക്ക. അതും ഐക്യരാഷ്ട്രസഭയിൽ അംഗമാണ്. എന്നാൽ അതിനെ പ്രതിനിധാനം ചെയ്യാറുള്ളത് വെള്ളക്കാരായ യൂറോപ്യരാണ്. ആധുനിക കാലത്തെ, പരിഷ്കൃതമെന്നും പുരോഗമനപരമെന്നും സ്വയം അവകാശപ്പെടുന്ന രാഷ്ട്രങ്ങളുടെ അവസ്ഥയാണിത്. ദക്ഷിണാഫ്രിക്ക കൂടി പാശ്ചാത്യരുടെ ഭാഷയിൽ പരിഷ്കൃത നാടുകളിൽ പെടുന്നു. പൗരസ്ത്യരുടെമേൽ കാട്ടാളത്തവും കിരാതത്വവും ആരോപിച്ചു കൊണ്ടിരിക്കുന്ന ഈ പടിഞ്ഞാറൻ നാടുകൾ മനുഷ്യചരിത്രത്തിലെ ഏറ്റവും മ്ലേഛവും ഹീനവുമായ പാതകങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. മനുഷ്യൻ മനുഷ്യനെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. മർദിതന്റെ ദൗർബല്യമോ അജ്ഞതയോ കാരണമായല്ല; തൊലിയുടെ നിറം കറുത്തുപോയതുകൊണ്ട്!

വർണ വ്യത്യാസങ്ങളുടെ പേരിലുള്ള അവകാശബാധ്യതകളിലെ അന്തരങ്ങൾക്കും വിഭജനങ്ങൾക്കുമെതിരെ ഐക്യരാഷ്ട്രസഭയിൽ ആഫ്രോ ഏഷ്യൻ രാജ്യങ്ങൾ പ്രകടിപ്പിക്കുന്ന പ്രതിഷേധവികാരങ്ങളെയെല്ലാം അവഗണിച്ച് ദക്ഷിണാഫ്രിക്ക അതിന്റെ കിരാതനയത്തിൽത്തന്നെ ഉറച്ചുനിൽക്കുകയാണ്. ഇംഗ്ലണ്ട് കെനിയയിലെ സ്വാതന്ത്ര്യപ്രേമികളുടെ വിമോചനപ്രസ്ഥാനത്തെ അടിച്ചമർത്തുകയും തങ്ങളുടെ ക്രൂരമായ കൂട്ടക്കൊല തുടരുകയുമാണ്.* സ്വദേശികളായ 40,55,000 ആഫ്രിക്കക്കാർക്കുള്ളതിലധികം ഭൂമി 29,000 യൂറോപ്യർക്ക് പതിച്ചുകൊടുക്കുന്ന 1915-ലെ ഭൂനിയമമാണ് ബ്രിട്ടനിലിപ്പോഴും മുറുകെപ്പിടിക്കുന്നത്. അങ്ങനെ യഥാർഥ അവകാശികളായ തദ്ദേശീയരെ അവരുടെ ഭൂമിയിൽ നിന്നും സമ്പത്തിൽനിന്നും ജോലികളിൽനിന്നും അകറ്റിനിർത്തുന്നു. അവർ തങ്ങളുടെ വയലുകളിൽ വേലചെയ്യുമ്പോഴും വീടുകളിൽ വിശ്രമിക്കുമ്പോഴും അന്യായമായി ആക്രമിക്കപ്പെടുന്നു. ഭരണവും അധികാരവും കൈയടക്കിവെച്ച വെള്ളക്കാരാൽ നിരന്തരം നിർദയമായ മർദനങ്ങൾക്കിരയാവുന്നു.

1955-ൽ നിയമിതനായ ആദ്യത്തെ സ്വതന്ത്ര പ്രതിനിധി എലിയറ്റ് കെനിയൻ ഭരണകൂടത്തിന്റെ നയം വിശദീകരിക്കുന്നതിങ്ങനെയാണ്: "കെനിയയിൽ നിലവിലുള്ള അവസ്ഥയനുസരിച്ച് മുഴുവൻ ഭൂമിയും വെള്ളക്കാർക്കുള്ളതാണ്. സവർണർക്ക് നാട്ടിൽ മേധാവിത്വവും പ്രത്യേക അവകാശവുമുണ്ടെന്ന വസ്തുത തുറന്നുപറയാതിരിക്കുന്നത് തികഞ്ഞ കാപട്യമായിരിക്കും. നാം പിന്തുടരുന്ന രാഷ്ട്രീയ നയത്തിന്റെയും നടപ്പാക്കുന്ന നിയമവ്യവസ്ഥയുടെയും മൗലിക ലക്ഷ്യം വെള്ളക്കാരുടെ ഒരു കോളനി സ്ഥാപിക്കലായിരുന്നു. ഇന്നും പാശ്ചാത്യ ഭരണാധികാരികൾ സ്വീകരിക്കുന്ന നയം സകല സ്ഥാനമാനങ്ങളും വെള്ള

ക്കാരിൽ നിക്ഷിപ്തമാവുമെന്ന് ഉറപ്പുവരുത്തുന്നതും ഭൂപ്രദേശങ്ങളെല്ലാം യൂറോപ്യർക്ക് അവയിലെ ഉൽപന്നങ്ങൾ ഇഷ്ടാനുസരണം ഉപയോഗിക്കാൻ ലഭിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നതുമാണ്."

5000 ഏക്കറിനേക്കാൾ അധികമില്ലാത്ത ഭൂമി നാമമാത്രമായ പ്രതിഫലത്തിന് 999 വർഷത്തേക്ക് തനിക്ക് ഇഷ്ടമുള്ള ആർക്കും നൽകാൻ ഭരണാധികാരിക്ക് അനുവാദം നൽകുന്ന വളരെ വിചിത്രമായ നിയമവും അവിടെയുണ്ട്. ഇതിൻഫലമായി 1925 ആയപ്പോഴേക്കും എല്ലാ യൂറോപ്യർക്കും 500 ഏക്കർ ഭൂമി വീതം ലഭിക്കുകയുണ്ടായി. അതേസമയം സ്വദേശികളായ കെനിയക്കാർക്ക് എട്ട് ഏക്കർ മാത്രമേ കിട്ടിയിരുന്നുള്ളൂ.

തൊലി വെളുത്തവരെയും കറുത്തവരെയും വേർതിരിക്കാനായി കറുത്തവരെ പ്രത്യേക കോളനികളിലാണ് താമസിപ്പിച്ചിരുന്നത്. അവർക്ക് വെള്ളക്കാരുടെ വാസസ്ഥലങ്ങളിലേക്ക് പ്രവേശനമുണ്ടായിരുന്നില്ല. ഇപ്രകാരംതന്നെ വെള്ളക്കാർ കറുത്തവരെക്കൊണ്ട് വളരെ കുറഞ്ഞ കൂലിക്ക് കഠിനമായ ജോലികൾ ചെയ്യിച്ചിരുന്നു. എന്നാൽ ജോലി കഴിഞ്ഞാൽ അവർണർക്ക് സവർണരുടെ വയലുകളിൽ ഒരു നിമിഷം പോലും നിൽക്കാൻ അനുവാദമുണ്ടായിരുന്നില്ല. അവരെ തങ്ങളുടെ ചാളകളിലേക്കും ചേരികളിലേക്കും ആട്ടിയോടിക്കുമായിരുന്നു. തങ്ങളുടെ വീടുകളുടെ അടുത്തുപോലും അവരെ വരാൻ അനുവദിച്ചിരുന്നില്ല.

അവിടെനിന്ന് നാം അമേരിക്കയിലേക്ക് തിരിഞ്ഞാൽ അവിടത്തെ അവസ്ഥയും ഒട്ടും ഭിന്നമല്ല. എന്നല്ല, അത് കൂടുതൽ മർമഭേദകവും വിഭ്രാന്തവുമത്രെ. ഏറെ പരിഷ്കൃതമെന്നവകാശപ്പെടുന്ന ഒരാധുനിക രാഷ്ട്രമാണ് അമേരിക്ക. അവിടെ ന്യൂയോർക്ക് നാവികത്താവളത്തിൽ ചെന്നിറങ്ങുന്ന ആരെയും സ്വാഗതം ചെയ്യുക തങ്ങളെ അഭിവാദ്യം ചെയ്യുന്ന സ്വാതന്ത്ര്യത്തിന്റെ പ്രതിമ(Statue of Liberty)യായിരിക്കും. ജോർജ് വാഷിംഗ്ടണിന്റെയും അബ്രഹാം ലിങ്കന്റെയും നാട്ടിലേക്ക് സ്വാഗതമരുളുന്ന അതിന്റെ അടിയിലിങ്ങനെ രേഖപ്പെടുത്തിയതായിക്കാണാം: "ദുർബലരും ദരിദ്രരും സ്വാതന്ത്ര്യപ്രേമികളുമായ നിങ്ങളുടെ ജനതയെ ഞങ്ങളെ ഏൽപിക്കുക. സ്വദേശവും അഭയസങ്കേതവുമില്ലാതെ നിങ്ങളുടെ തീരങ്ങളിൽ തിങ്ങിക്കൂടുന്നവരെ എന്റെ അടുത്തേക്കയക്കുക. എങ്കിൽ ഈ ദീപശിഖയുമായി സുവർണ കവാട (Golden Gate)ത്തിനടുത്ത് നിങ്ങളെ സേവിക്കാൻ ഞാനുണ്ടായിരിക്കും."

ഏറ്റവും വലിയ നഗരവും നാവികത്താവളവുമായ ന്യൂയോർക്കിലാണ്, സ്വാതന്ത്ര്യത്തിന്റെ ഈ പ്രതിമ പ്രതിഷ്ഠിക്കപ്പെട്ട രാജ്യത്താണ് കറുത്തവർഗക്കാരിന്നും കടുത്ത മർദനങ്ങൾക്കിരയാവുന്നത്. ചരിത്രമറിഞ്ഞതിൽവെച്ച് ഏറ്റവും മ്ലേച്ഛവും നിന്ദ്യവുമായ പാതകമാണിത്. നാമിവിടെ ഏതെങ്കിലും ജനവിഭാഗത്തിന്റെ മേൽ വ്യാജാരോപണമുന്നയിക്കുകയല്ല.

തങ്ങളിതെല്ലാം ചെയ്യുന്നുണ്ടെന്ന് അവർതന്നെ തുറന്നു സമ്മതിക്കുന്ന കാര്യമാണ്. വസ്തുതകളുടെ നിജസ്ഥിതിയും അതുതന്നെ വ്യക്തമാക്കുന്നു. അമേരിക്കൻ സെനറ്റംഗം ജയിംസ് ബാസൻസ് (James Bazenz) പറയുന്നു: "ദക്ഷിണ സംസ്ഥാനങ്ങളിലേതുപോലുള്ള രാഷ്ട്രീയ സമത്വം കറുത്ത വർഗക്കാർക്കിവിടെ സങ്കൽപിക്കുകപോലും സാധ്യമല്ല. ഈ രാജ്യം വെള്ളക്കാരന്റേതാണ്. അതങ്ങനെത്തന്നെ ആയിരിക്കുകയും ചെയ്യും."

ജീവിതത്തിന്റെ നിഖില മേഖലകളിലും കറുത്തവർഗക്കാർക്കെതിരെ വിവിധതരം മർദനങ്ങൾ നിരന്തരം നടന്നുകൊണ്ടിരിക്കുന്ന നാടാണത്.

അമേരിക്കൻ ഐക്യനാടുകളിലെ ഇരുപത് സംസ്ഥാനങ്ങളിലും കറുത്തവന് വെള്ളക്കാരോടൊത്ത് ഒരേ പാഠശാലയിൽ പഠിക്കുക സാധ്യമല്ല. മിസിസിപ്പി ഭരണഘടനയുടെ 207-ാം ഖണ്ഡികയിൽ ഇക്കാര്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്: "വിദ്യാഭ്യാസത്തിന്റെയും ശിക്ഷണത്തിന്റെയും ഈ മേഖലയിൽ വെള്ളക്കാരുടെയും കറുത്തവരുടെയും കുട്ടികളെ വേർതിരിക്കാൻ നിഷ്കർഷ പുലർത്തേണ്ടതാണ്. അതിനാൽ രണ്ട് വിഭാഗങ്ങൾക്കും പ്രത്യേകം പ്രത്യേകം പാഠശാലകൾ ആവശ്യമാണ്."

ഫ്ളോറിഡാ(Florida) സംസ്ഥാനത്ത് കറുത്ത വർഗക്കാരുടെ കുട്ടികൾക്കും വെള്ളക്കാരുടെ മക്കൾക്കും പാഠശാലകൾ മാത്രമല്ല, പാഠ്യപദ്ധതികൾപോലും പ്രത്യേകം പ്രത്യേകം വേണമെന്ന് നിയമം അനുശാസിക്കുന്നു.

കറുത്തവരും വെളുത്തവരും തമ്മിലുള്ള വിവാഹം ഏതാണ്ടെല്ലാ സംസ്ഥാനങ്ങളിലും നിയമംവഴി വിലക്കപ്പെട്ടിരിക്കുന്നു. മിസിസിപ്പി സംസ്ഥാനത്ത് ഇത്തരം വിവാഹങ്ങൾ ഭരണഘടനാപരമായി ദുർബലമാണ്. എന്നല്ല, വെള്ളക്കാരന് ഒരാളുടെ രക്തത്തിന്റെ എട്ടിലൊരംശം കറുത്തവന്റേതാണെങ്കിൽ ആ വ്യക്തിയെ വിവാഹം കഴിക്കാൻ പാടില്ല.

തൊഴിൽരംഗത്താണെങ്കിൽ പല സംസ്ഥാനങ്ങളിലും കറുത്തവർക്ക് വെള്ളക്കാരോടൊപ്പം ഒരേ വേദിയിൽ ഒന്നിച്ച് വേലചെയ്യാൻ അവകാശമില്ല. വെള്ളക്കാർ തൊഴിൽശാലകളുടെ അകത്ത് പ്രവേശിക്കുകയും പുറത്ത് പോവുകയും ചെയ്യുന്ന വാതിലുകളിലൂടെ സഞ്ചരിക്കാൻപോലും കറുത്തവർക്ക് പാടില്ല.

സാമൂഹിക കാര്യങ്ങളിൽ, പതിനാല് സംസ്ഥാനങ്ങളിലെ നിയമങ്ങൾ തീവണ്ടിയാത്രക്കാരായ വെള്ളക്കാരെ കറുത്തവരിൽ നിന്നു വേർപെടുത്തണമെന്ന് അനുശാസിക്കുന്നു. തീവണ്ടി ഓഫീസുകൾ, വിശ്രമമുറികൾ, ബസ്, ടെലിഫോൺബൂത്ത്, ആശുപത്രികൾ എല്ലാം വെവ്വേറെത്തന്നെ. എന്തിനധികം ഭ്രാന്താശുപത്രികൾ പോലും കറുത്തവർക്കും വെള്ളക്കാർക്കും പ്രത്യേകം പ്രത്യേകമാണ്. വെളുത്ത ഭ്രാന്തനും കറുത്ത

ഭ്രാന്തനുമിടയിലും വേർതിരിവ്!

1947-ൽ വാഷിംഗ്ടണിലെ ശ്വാന ശ്മശാന(Burial ground of dogs)ത്തിന്റെ ഉടമ നീഗ്രോകൾ വളർത്തുന്ന നായ്ക്കളുടെ ശവങ്ങൾ സ്വീകരിക്കാൻ വിസമ്മതിക്കുകയുണ്ടായി. എല്ലാ നായ്ക്കളെയും ഒരേ സ്ഥലത്ത് അടക്കം ചെയ്യുന്നതിൽ ശ്വാനസമൂഹത്തിന് അപമാനം തോന്നിയതൊന്നുമല്ല ഇതിന് കാരണം. മറിച്ച്, വെള്ളക്കാർ തങ്ങളുടെ ശ്വാക്കളുടെ ശവശരീരങ്ങൾ കറുത്തവരുടെ നായ്ക്കളുടേതിന്റെ കൂടെ മറവു ചെയ്യാൻ വൈമനസ്യം പ്രകടിപ്പിച്ചതാണത്രെ.

നിന്ദ്യവും നികൃഷ്ടവുമായ ഈ സാമൂഹികസ്ഥിതിയെ ന്യായീകരിക്കാനായി അമേരിക്കയിലെ രാഷ്ട്രീയക്കാർ പറയാറുണ്ട്: "കറുത്തവരോടുള്ള വെറുപ്പും വിവേചനവും കൂടുതലുള്ളത് തെക്കേ അമേരിക്കയിലാണ്. കാരണം, അവിടം വടക്കേ അമേരിക്കയെ അപേക്ഷിച്ച് നാഗരികമായി പിന്നിലാണ്." എന്നാൽ വസ്തുതകൾ ഈ ന്യായവാദത്തെ നിരാകരിക്കുന്നു. ഉത്തര അമേരിക്കയിലെ വൻ നഗരങ്ങളിലെല്ലാം ധാരാളം നീഗ്രോകൾ നന്നേ നിന്ദ്യമായ ജീവിത സാഹചര്യങ്ങളിൽ കഴിയുന്നത് ഏവർക്കും കാണാവുന്നതാണ്. കൊതുകുകളും എലികളും ചെള്ളുകളും സ്വൈരവിഹാരം നടത്തുന്ന നുരുമ്പിച്ച ഇടുങ്ങിയ കൊച്ചുകൂരകളിലാണവർ കഴിഞ്ഞുകൂടുന്നത്. അവ പലപ്പോഴും അഗ്നിക്കിരയാവുന്നു. ന്യൂയോർക്കിലെ നീഗ്രോയുടെ ഒരൊറ്റ മുറിയിൽ (Harlem) പത്തൊമ്പത് പേർ താമസിക്കുന്നു. അവിടത്തെ ഒരു പത്രം പറയുന്നത് കാണുക: "ഹാർലമിൽ ആളുകൾ കുമിഞ്ഞുകൂടുന്നതുപോലെ അമേരിക്കയിലെ ജനങ്ങളെ ഒന്നടങ്കം താമസിപ്പിക്കുകയാണെങ്കിൽ മുഴുവൻ അമേരിക്കക്കാരെയും ന്യൂയോർക്കിന്റെ പാതിഭാഗത്ത് കൊള്ളിക്കാവുന്നതാണ്."

വാഷിംഗ്ടണിലെ വെള്ളക്കാരുടെ വീടുകളുടെ മുമ്പിൽ അബ്രഹാം ലിങ്കന്റെ മനോഹരവും പ്രശസ്തവുമായ പ്രതിമയുടെ തണലിൽ രണ്ടര ലക്ഷം നീഗ്രോകൾ തിങ്ങിത്താമസിക്കുന്ന ചേരികൾ കാണാവുന്നതാണ്. യഥാർഥത്തിലത് നഗരത്തിലെ മൊത്തം ജനസംഖ്യയുടെ നാലിലൊന്നു വരും. മൃഗതുല്യമാണവരുടെ ജീവിതം. തൊഴുത്തുകളിൽ കഴിയുന്നതുപോലെ ചാളകളിൽ അവരും ജീവിക്കുന്നു. നീഗ്രോകൾക്കവിടെ വെള്ളക്കാരുടെ ഹോട്ടലുകളിലോ ലോഡ്ജുകളിലോ വിനോദസ്ഥലങ്ങളിലോ പാഠശാലകളിലോ ആശുപത്രികളിലോ ചർച്ചുകളിലോ പ്രവേശനമില്ല. ഒരിക്കൽ പനാമാ റിപ്പബ്ലിക്കിലെ ഒരു കറുത്തവർഗക്കാരൻ വാഷിംഗ്ടണിലെ കത്തോലിക്കാചർച്ചിൽ കടന്നുചെന്നു. അയാളവിടെ പ്രാർഥനയിൽ മുഴുകിയിരിക്കെ ഒരു പാതിരി അടുത്തുവന്ന് കറുത്ത വർഗക്കാർക്കുള്ള കത്തോലിക്കൻ ചർച്ചിന്റെ വിലാസമെഴുതിയ ഒരു കുറിപ്പ് കൊടുത്തു. കാരണമന്വേഷിച്ചപ്പോൾ ആ പാതിരി പറഞ്ഞു: "നഗരത്തിൽ കറുത്തവർഗക്കാർക്കുവേണ്ടിയുള്ള കത്തോലിക്കാ ചർച്ചുണ്ട്. ഈ നീഗ്രോവിന് അവിടെ ചെന്ന് കർത്താവിന്റെ മുമ്പിൽ കുമ്പിടാമല്ലോ."

മുഴുവൻ മനുഷ്യർക്കും വേണ്ടി ഉയിർത്തെഴുന്നേൽപിക്കപ്പെട്ട ദൈവപുത്രനാണ് യേശുവെന്ന് വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നവരുടെ ധാരണയാണിത്.

നിന്ദ്യത, പതിത്വം, രോഗം, ദാരിദ്ര്യം, കഷ്ടപ്പാട് പോലുള്ളവയാൽ പ്രയാസപൂർണമായ ഈ പരിതഃസ്ഥിതിയിലാണ് ഒന്നരക്കോടി നീഗ്രോകൾ കഴിഞ്ഞുകൂടുന്നത്. അത് അമേരിക്കൻ ഐക്യ നാടുകളിലെ ആകെ ജനസംഖ്യയുടെ പത്തിലൊരംശം വരും. ഇങ്ങനെയെല്ലാമായിരുന്നിട്ടും ഐക്യരാഷ്ട്രസഭയിൽ അമേരിക്ക സ്വാതന്ത്ര്യത്തെയും സമാധാനത്തെയും സമത്വത്തെയും സംബന്ധിച്ച് ആണയിടുകയും അവക്കായി പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്യുന്നു!

അമേരിക്കൻ ഗ്രന്ഥകാരനായ ഹാരി ഹ്വാവാർഡ് (Harry Howard) എഴുതിയ *നീഗ്രോകളുടെ സ്വാതന്ത്ര്യം* (The Freedom of the Negroes) എന്ന കൃതിയിൽ അവിടത്തെ യഥാർഥ അവസ്ഥ അനാവരണം ചെയ്യുന്നുണ്ട്. അതിവിടെ എടുത്തുചേർക്കുന്നത് ഉചിതമായിരിക്കുമെന്ന് വിചാരിക്കുന്നു.

"ദക്ഷിണാഫ്രിക്കയിലൊഴിച്ച് ലോകത്തെവിടെയും ഈ രാജ്യത്തെപ്പോലെ തൊലിയുടെ നിറം മനുഷ്യനെ മനുഷ്യന്റെ അടിമയാക്കിയ പ്രദേശങ്ങളുണ്ടാവുകയില്ലെന്നതിൽ സംശയമില്ല. സാധാരണ അർഥത്തിൽ അടിമത്തത്തിന് അന്ത്യം കുറിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഫലത്തിൽ, പ്രായോഗിക ലോകത്ത് അതിന്നും തുടരുകയാണ്. വെള്ളക്കാരേക്കാൾ എത്രയോ താഴ്ന്ന പദവിയിലാണ് കറുത്തവർഗക്കാരെന്നർഥം. വിവിധ മാർഗേണ ഈ അവസ്ഥ നിലനിർത്താനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ചിലപ്പോൾ കറുത്തവരെ തൂക്കിക്കൊല്ലാനോ നാടുകടത്താനോ ഉള്ള വിധികളിലൂടെയായിരിക്കും ഇത് നടപ്പാക്കപ്പെടുക. ശക്തിയിലും അധികാരത്തിലും ആയുധവത്കൃതമായ ലോകം അതിനംഗീകാരം നൽകുകയും ചെയ്യും."

അമേരിക്കൻ സാമ്പത്തിക വിദഗ്ധൻ മിസ്റ്റർ ഫാക്ടർ ബർലോ പറയുന്നു: "സിവിൽ യുദ്ധ(American Civil War) കാലത്ത് ഫെഡറൽ ഭരണകൂടത്തിൽ പിടിമുറുക്കിയിരുന്ന ഉത്തര നഗരങ്ങളിലെ വ്യവസായികൾ നീഗ്രോകൾക്ക് ശരിയായ അർഥത്തിലുള്ള സ്വാതന്ത്ര്യം നൽകാൻ തീരെ തൽപരരായിരുന്നില്ല. നീഗ്രോകളെ അടിമകളാക്കി അവരിലൂടെ ലാഭമുണ്ടാക്കുന്ന ദക്ഷിണ ഭാഗത്തെ അവസ്ഥയിൽ തങ്ങൾക്കും പങ്കുചേരണമെന്നാണ് അവരാഗ്രഹിച്ചിരുന്നത്. യഥാർഥത്തിൽ ഡമോക്രാറ്റിക് പാർട്ടിയും പട്ടാളക്കാരും ഉത്തര സംസ്ഥാനങ്ങളിൽ മുൻ യജമാനന്മാരുമായി സഖ്യത്തിലായിരുന്നുവെന്നതാണ് സത്യം. നീഗ്രോകളെ വീണ്ടും അടിമകളാക്കുകയായിരുന്നു അവരുടെ ലക്ഷ്യം."

അദ്ദേഹം തുടർന്നു: "വർണവിവേചനത്തിന്റെ വിഷം നാട്ടിലെങ്ങും വളരെയേറെ വ്യാപിച്ചിട്ടുണ്ട്. അത് അമേരിക്കൻ ജീവിതത്തെ ആമൂലാഗ്രം

ആവേശിച്ചിരിക്കുന്നു. കറുത്ത നീഗ്രോവർഗക്കാരോടും മറ്റു ന്യൂനപക്ഷ വിഭാഗങ്ങളോടും നിന്ദ്യതയും അവഹേളനവും കാണിക്കാൻ കിട്ടുന്ന ഒര വസരവും പാഴാക്കരുതെന്ന് ചിന്തിക്കുന്നവരാണ് നാട്ടിലെ അധിക സാധാ രണക്കാരും. ഭൂരിപക്ഷം പേരും അത്തരം വിവേചനം നിലനിർത്താൻ പുതിയ മാർഗങ്ങളാരായുന്ന തിരക്കിലാണ്."

ജാക്ക്ലീറ്റും (Jack Leet) ലീ മോർട്ടിമറും (Lee Mortimer) പറയുന്നു: "ലോക ജനതക്കിടയിൽ അമേരിക്കയുടെ മുഖമുദ്ര സ്വാതന്ത്ര്യത്തിന്റെ പ്രതിമയായാണറിയപ്പെടുന്നത്. അതിനാൽ നമ്മുടെ നാട്ടിൽ വരുന്നവ രെയും അഭയം തേടുന്നവരെയും സ്വാഗതം ചെയ്യൽ നമുക്ക് നിർബന്ധ മാണ്. ഇവിടെ ഇറങ്ങുന്നവരെയും സംരക്ഷണമാവശ്യപ്പെടുന്നവരെയും സ്വീകരിക്കുകയും വേണം. മർദനത്തിൽനിന്ന് രക്ഷപ്പെട്ടോ അക്രമ ത്തിൽനിന്ന് ഓടിയോ എങ്ങനെയാണ് ആഗതരെത്തുന്നതെങ്കിലും ശരി! എന്നാൽ ഇതെല്ലാം താൽപര്യപ്പെടുന്ന പ്രതിമ പ്രതിഷ്ഠിക്കപ്പെട്ടതോടെ അമേരിക്കക്ക് സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും അർഥം പൂർണ മായും വിനഷ്ടമായിരിക്കുന്നുവെന്നതാണ് വസ്തുത."

1946-ൽ കൊളമ്പിയ പട്ടണത്തിൽ ഒരു നീഗ്രോയും അദ്ദേഹത്തിന്റെ മാതാവും തങ്ങളുടെ റേഡിയോ നന്നാക്കാനായി ഒരു റിപ്പയർ കടയിൽ കയറിച്ചെന്നു. പീടികക്കാരന് റേഡിയോ കേടുതീർത്തതിന്റെ പ്രതിഫലം നൽകിയശേഷം പരിശോധിച്ചുനോക്കിയപ്പോൾ തങ്ങളുടെ റേഡിയോ പഴ യപോലെത്തന്നെയാണെന്നവർക്ക് ബോധ്യമായി. അതിന്റെ തകരാറുക ളൊന്നും തീർത്തിരുന്നില്ലെന്നർഥം. അതിനാൽ ആ നീഗ്രോ വനിത പറഞ്ഞു: "പതിമൂന്ന് ഡോളർ പ്രതിഫലം! എന്നിട്ടും റേഡിയോ പഴയ പോലെത്തന്നെ തകരാറിലും!!" അപ്പോൾ കടയുടമ അവരിരുവരെയും ആട്ടിയകറ്റാൻ ആജ്ഞാപിച്ചു. അതനുസരിച്ച് അയാളുടെ ജോലിക്കാരി ലൊരാൾ ആ സ്ത്രീയെ ചവിട്ടി. അവർ മുഖം കുത്തി വീഴുകയും ചെയ്തു. അപ്പോൾ അവരുടെ മകനു കോപം വന്നു. അയാൾ അക്ര മിയെ അടിച്ചു. അതോടെ അയാൾ നിലം പൊത്തുകയും ചെയ്തു. സംഭ വമറിഞ്ഞ അയൽക്കാർ ജനങ്ങളെ വിളിച്ചുകൂട്ടി. അവരെല്ലാം ആ നീഗ്രോ യുവാവിനെ വധിക്കണമെന്ന് വിളിച്ചുപറഞ്ഞു. അങ്ങനെ അവിടത്തെ

ബഹുജനങ്ങൾ ഒത്തുകൂടി അവരിരുവരോടും പ്രതികാരം ചെയ്യണമെന്നാവശ്യപ്പെട്ടു. വെള്ളക്കാരോട് കറുത്തവർഗക്കാർ കുറ്റം ചെയ്താലുള്ള ശിക്ഷ വിചാരണയോ വിധിയോ കൂടാതെത്തന്നെ അവരുടെ തലവെട്ടലാണ്. എന്നാൽ അവരിരുവരെയും അവിടെനിന്ന് രക്ഷപ്പെടുത്തി ജയിലിലേക്കാനയിക്കുകയാണ് ചെയ്തത്. പക്ഷേ, ബഹുജനം അതുകൊണ്ട് തൃപ്തിപ്പെട്ടില്ല. നീഗ്രോ സ്ത്രീയുടെയും അവരുടെ മകന്റെയും കുറ്റങ്ങൾക്ക് പ്രതികാരം ചെയ്യാനായി അവർ താമസിച്ചിരുന്ന കോളനിയിലേക്ക് ചെന്നു. അതോടെ പട്ടാളക്കാർ അവിടം വലയം ചെയ്തു. അവർ പാവപ്പെട്ട നീഗ്രോകളെ അവരുടെ കൂരകളിൽ നിന്നും സ്ഥലങ്ങളിൽ നിന്നും ആട്ടിയോടിച്ചു. അവിടം മുഴുവൻ കൊള്ളയടിച്ചശേഷം അഗ്നിക്കിരയാക്കുകയാണുണ്ടായത്. അതുകൊണ്ടും മതിയാക്കാതെ നിരവധി നീഗ്രോകളെ വെടിവെച്ചു കൊല്ലുകയും ചെയ്തു. അങ്ങനെ ഒട്ടേറെ പേർ മരിക്കുകയും നിരവധി പേർക്ക് പരിക്കുപറ്റുകയുമുണ്ടായി. ഇതെല്ലാം സംഭവിച്ചത് ഒരു നീഗ്രോ വനിത താൻ പണം നൽകിയിട്ടും തനിക്കൊരു പ്രയോജനവും ലഭിച്ചില്ലെന്ന് പരാതി പറഞ്ഞതിന്റെ പേരിലാണ്. പരിഷ്കൃതമായ അമേരിക്കൻ നാഗരികതയുടെ യഥാർഥ നിദർശനമാണിത്.

ഹിജ്റ നൂറാമാണ്ടിൽ, അഥവാ പതിമൂന്ന് നൂറ്റാണ്ടുകൾക്കു മുമ്പ് ഈജിപ്തിലെ ഫർതൂനതുസ്സൗദാഅ് എന്ന സ്ത്രീ, ഭരണാധികാരിയായ ഉമറുബ്നു അബ്ദിൽ അസീസിന് ഒരു കത്തയച്ചു. അതിലെ ഉള്ളടക്കമിതായിരുന്നു: "തന്റെ വീട്ടിന്റെ മതിൽ ഉയരം കുറവാണ്. അതിനാൽ കള്ളന്മാർ കോഴികളെ പിടിച്ചുകൊണ്ടുപോവുന്നു."

കത്ത് കിട്ടിയ ഉടനെ ഉമർ അവിടത്തെ ഗവർണറെ വിവരമറിയിക്കുകയും നേരിൽച്ചെന്ന് ആവശ്യമായത്ര ഉയരത്തിൽ മതിൽ കെട്ടിക്കൊടുക്കാൻ കൽപിക്കുകയും ചെയ്തു. അതോടൊപ്പം ഗവർണറെ ചുമതലപ്പെടുത്തിയ വിവരം ആ സ്ത്രീയെ കത്തുവഴി അറിയിക്കുകയുമുണ്ടായി. അമീറുൽ മുഅ്മിനീൻ ഉമറുബ്നു അബ്ദിൽ അസീസിന്റെ സന്ദേശം ലഭിച്ച ഗവർണർ ഒട്ടും വൈകാതെ ജീസയിൽ പോയി ഫർതൂനയുടെ വീട് കണ്ടുപിടിച്ചു. അവർ നന്നേ കറുത്ത അഗതിയായ ഒരു സ്ത്രീയായിരുന്നു. അദ്ദേഹം ഖലീഫ കത്തെഴുതിയ വിവരമറിയിക്കുകയും അവരുടെ മതിൽ ശരിപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.

നമ്മുടെ നാഗരികത പതിമൂന്ന് നൂറ്റാണ്ടുകൾക്കപ്പുറം സ്വീകരിച്ച സമീപനം അതാണ്. ഇസ്‌ലാമിക നാഗരികതയുടെ മഹിതങ്ങളായ നിരവധി മാതൃകകളിലൊന്ന്!

അഞ്ച്

# സഹിഷ്ണുത

•

അനശ്വരമായ ഇസ്‌ലാമിക നാഗരികതയുടെ മനുഷ്യത്വപരമായ വശങ്ങളിൽ ഏറെ ശോഭനവും നൂതനവുമായ ഒന്നാണിത്. മതങ്ങളുടെയും ആദർശങ്ങളുടെയും ചരിത്രത്തിൽ തനിമയും പുതുമയുമുള്ള അധ്യായം! മതങ്ങളും സമുദായങ്ങളും രൂപംനൽകിയ ഇതര നാഗരികതകളിലൊന്നും ഇത്തരമൊന്ന് ദൃശ്യമല്ല. ഇസ്‌ലാം ഒരു പുതിയ നാഗരികത വളർത്തിക്കൊണ്ടുവന്നു. പക്ഷേ, പൂർവിക മതങ്ങൾക്ക് അതൽപംപോലും പോറലേൽപിച്ചില്ല. വിവിധ വീക്ഷണങ്ങളോടും വിചാര ധാരകളോടും ജീവിത സരണികളോടും അസഹിഷ്ണുത പുലർത്തിയതുമില്ല. അതിന്റെ നയവും സമീപനവും സുതരാം വ്യക്തമായിരുന്നു. അത് അസന്ദിഗ്ധമായി പ്രഖ്യാപിച്ചു: “വാക്കുകൾ ശ്രദ്ധിച്ച് ശ്രവിക്കുകയും അവയിലേറ്റം ഉത്തമമായത് ഉൾക്കൊള്ളുകയും ചെയ്യുന്ന നമ്മുടെ ദാസന്മാരെ ശുഭവൃത്താന്തമറിയിക്കുക.” (ഖു. 39:17,18)

അതിനാൽ മതസഹിഷ്ണുതയിൽ നമ്മുടെ മൗലിക സിദ്ധാന്തങ്ങളിവയാണ്:

1. മുഴുവൻ ദൈവികമതങ്ങളും ഒരേ സ്രോതസ്സിൽ നിന്നുള്ളവയാണ്. “നൂഹിനോടും ഇബ്‌റാഹീമിനോടും മൂസാ, ഈസാ എന്നിവരോടും കൽപിച്ചതും നിനക്കറിയിച്ചു തന്നതുമായ അതേ ദീൻ തന്നെയാണ് അവൻ നിങ്ങൾക്ക് നടപടിക്രമമായി നിശ്ചയിച്ചുതന്നത്. അതായത് നിങ്ങൾ ദീനിനെ ശരിക്ക് നിലനിർത്തുക. അതിൽ ഭിന്നിക്കരുത്.” (ഖു. 42:13)

2. പ്രവാചകന്മാരെല്ലാം പരസ്പരം സഹോദരന്മാരാണ്. ദൈവദൂതന്മാരെന്ന നിലയിൽ അവരെല്ലാം സമന്മാരാണ്. അക്കാര്യത്തിൽ ആർക്കും മറ്റാരെക്കാളുമൊരു ശ്രേഷ്ഠതയുമില്ല. അവരിലെല്ലാം വിശ്വസിക്കൽ മുഴുവൻ മുസ്‌ലിംകൾക്കും നിർബന്ധമാണ്. “പറയുക: അല്ലാഹുവിലും ഞങ്ങൾക്ക് അവതരിച്ചുകിട്ടിയതിലും ഇബ്‌റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ എന്നിവർക്ക് അവതീർണമായതിലും മൂസാക്കും ഈസാക്കും നൽകപ്പെട്ട മാർഗദർശനങ്ങളിലും മറ്റെല്ലാ പ്രവാചകന്മാർക്കും തങ്ങളുടെ നാഥങ്കൽനിന്ന് നൽകപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ സർവാത്മനാ അല്ലാഹുവിന് കീഴ്പ്പെടുന്നവരാണ്.” (ഖു. 2:136)

3. വിശ്വാസത്തിന് ആരെയും നിർബന്ധിക്കുക സാധ്യമല്ല. വ്യക്തി

യുടെ സമ്മതവും സംതൃപ്തിയും അതിന് അനിവാര്യമാണ്.

“മതത്തിന്റെ കാര്യത്തിൽ ബലാൽക്കാരമില്ല. സന്മാർഗം ദുർമാർഗ ത്തിൽനിന്ന് വേർതിരിഞ്ഞിരിക്കുന്നു.” (ഖു. 2:256)

“നിന്റെ നാഥൻ ഉദ്ദേശിക്കുന്ന പക്ഷം, ഭൂമുഖത്തുള്ളവരെല്ലാം തന്നെ സത്യവിശ്വാസം സ്വീകരിക്കുമായിരുന്നു. എന്നിരിക്കെ, മനുഷ്യർ സത്യ വിശ്വാസികളാകാൻ, നീ അവരെ നിർബന്ധിക്കുകയോ?” (ഖു. 10:99)

4. എല്ലാ മതങ്ങളുടെയും ആരാധനാകേന്ദ്രങ്ങൾ ആദരണീയങ്ങളാണ്. മുസ്‌ലിംകളുടെ പള്ളികൾപോലെ അവയും സംരക്ഷിക്കപ്പെടുകയും തകർക്കപ്പെടാതിരിക്കുകയും വേണം. “മനുഷ്യരിൽ ചിലരെ മറ്റു ചില രെക്കൊണ്ട് അല്ലാഹു പ്രതിരോധിച്ചില്ലായിരുന്നെങ്കിൽ ദൈവനാമം കൂടു തലായി ഉച്ചരിക്കപ്പെടുന്ന സന്യാസി മഠങ്ങളും ക്രിസ്ത്യൻ ചർച്ചുകളും ജൂതദേവാലയങ്ങളും മുസ്‌ലിം പള്ളികളുമെല്ലാം തകർക്കപ്പെടുമായി രുന്നു.” (ഖു. 22:40)

5. മതപരമായ വൈജാത്യം പരസ്പര വധത്തിനിടവരുത്തരുത്. അന്യോന്യമുള്ള ആക്രമണത്തിന് നിമിത്തമാകരുത്. മറിച്ച് നന്മ പ്രവർത്തിക്കുന്നതിലും തിന്മയെ പ്രതിരോധിക്കുന്നതിലും വിശ്വാസ വൈവിധ്യതകൾക്കതീതമായി പരസ്പരം സഹായിക്കുകയും സഹക രിക്കുകയുമാണ് വേണ്ടത്.

‘‘പുണ്യത്തിനും ദൈവഭക്തിക്കും വേണ്ടി നിങ്ങൾ പരസ്പരം സഹായിക്കുക. പാപത്തിനും അക്രമത്തിനും നിങ്ങളന്യോന്യം സഹാ യിക്കരുത്.” (ഖു.5:2)

ജനങ്ങൾക്കിടയിൽ ഭിന്നതയും വേർതിരിവുമുള്ള വിഷയങ്ങളിൽ തീർപ്പ് കൽപിക്കാനുള്ള അധികാരം അന്ത്യദിനത്തിൽ അല്ലാഹുവിനു മാത്രമാണ്. “ക്രിസ്ത്യാനികൾക്ക് ഒരടിസ്ഥാനവുമില്ലെന്ന് ജൂതന്മാർ പറ യുന്നു. ജൂതന്മാർക്ക് ഒരടിസ്ഥാനവുമില്ലെന്ന് ക്രിസ്ത്യാനികളും പറയുന്നു. ഇരുവിഭാഗവും ഗ്രന്ഥം വായിക്കുന്നുമുണ്ട്. വേദജ്ഞാനം ലഭിച്ചിട്ടില്ലാ ത്തവരും ഇവരിപ്പറഞ്ഞപോലെ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇവർ ഭിന്നിച്ചി രിക്കുന്ന വിഷയങ്ങളിൽ പുനരുത്ഥാന ദിവസം അല്ലാഹു വിധികൽപി ക്കുന്നതാണ്.” (ഖു.2:113)

6. ജനങ്ങൾക്കിടയിലും അല്ലാഹുവിങ്കലും മഹത്വത്തിന്റെയും മാന്യ തയുടെയും മാനദണ്ഡം സ്വന്തത്തിനും സമൂഹത്തിനും നന്മയും ക്ഷേമവും കൈവരുത്തുന്നതിലാണ്. പ്രവാചകൻ പറയുന്നു: “സൃഷ്ടികളെല്ലാം ദൈവത്തിന്റെ ആശ്രിതരാണ്. അതിനാൽ അല്ലാഹുവിന് ഏറ്റവുമധിക മിഷ്ടം തന്റെ ആശ്രിതർക്ക് ഏറ്റവും കൂടുതൽ പ്രയോജനപ്പെടുന്നവരെ യാണ്.” (ബസ്സാർ)

“നിങ്ങളിൽ അല്ലാഹുവിങ്കൽ ഏറ്റവുമധികം ആദരണീയൻ ഏറ്റവുമ ധികം സൂക്ഷ്മത പാലിക്കുന്നവനത്രെ.” (ഖു. 49:13)

7. നന്മ, ബന്ധം, ആതിഥ്യം ഇവക്കൊന്നും മതപരമായ ഭിന്നത വിഘാതമാകാവതല്ല. "വേദം നൽകപ്പെട്ടവരുടെ ഭക്ഷണം നിങ്ങൾക്ക നുവദനീയമാണ്. നിങ്ങളുടെ ആഹാരം അവർക്കും അനുവദനീയമാണ്. സത്യവിശ്വാസികളായ പതിവ്രതകളും നിങ്ങൾക്കുമുമ്പ് വേദം ലഭിച്ചവ രിൽനിന്നുള്ള പതിവ്രതകളും -പരസ്യവ്യഭിചാരികളോ രഹസ്യജാര ന്മാരോ ആകാതെ, നിങ്ങളവർക്ക് വിവാഹമൂല്യം നൽകി കല്യാണം കഴി ക്കുകയാണെങ്കിൽ- നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു." (ഖു. 5:5)

8. വിവിധ മതാനുയായികൾ വീക്ഷണ വൈജാത്യമുള്ള വിഷയങ്ങ ളിൽ നല്ല നിലയിൽ അന്യോന്യം സംവാദത്തിലേർപ്പെടാവുന്നതാണ്. എന്നാലത് പ്രമാണങ്ങളുടെയും മര്യാദയുടെയും പരസ്പര സംതൃപ്തി യുടെയും അടിസ്ഥാനത്തിലായിരിക്കണം: "ഏറ്റവും ഉത്തമമായ രൂപത്തി ലല്ലാതെ വേദക്കാരുമായി നിങ്ങൾ സംവാദം നടത്തരുത്:" (ഖു. 29:46)

എതിരാളികളോട് മോശമായി പെരുമാറുകയോ അവരുടെ വിശ്വാസ ങ്ങളെ അവഹേളിക്കുകയോ അരുത്; അവർ വിഗ്രഹാരാധകരാണെങ്കിൽ പ്പോലും. "അല്ലാഹുവിനെക്കൂടാതെ അവർ വിളിച്ചു പ്രാർഥിക്കുന്ന ദൈവ ങ്ങളെ നിങ്ങൾ ശകാരിക്കരുത്." (ഖു. 6:108)

9. ഏതെങ്കിലും സമുദായം തങ്ങളുടെ വിശ്വാസത്തിന്റെ കാര്യത്തിൽ മർദിക്കപ്പെട്ടാൽ നാശം ഇല്ലാതാക്കാനും വിശ്വാസം സംരക്ഷിക്കാനുമായി അക്രമത്തെ പ്രതിരോധിക്കലനിവാര്യമാണ്. "നാശമില്ലാതാവുകയും വിധേയത്വം അല്ലാഹുവിനായിത്തീരുകയും ചെയ്യുന്നതുവരെ നിങ്ങളവ രോട് യുദ്ധം ചെയ്യുക." (ഖു. 2:193)

"മതകാര്യങ്ങളിൽ നിങ്ങളുമായി യുദ്ധം ചെയ്യുകയും സ്വഗൃഹങ്ങ ളിൽ നിന്ന് നിങ്ങളെ ബഹിഷ്കരിക്കുകയും നിങ്ങളെ ബഹിഷ്കരിക്കാൻ സഹായിക്കുകയും ചെയ്യുന്നവരുമായി മൈത്രീബന്ധം സ്ഥാപിക്കുന്നത് മാത്രമേ അല്ലാഹു വിരോധിക്കുന്നുള്ളൂ." (ഖു. 60:9)

10. മതത്തിൽ അതിക്രമം കാണിച്ചവരെ അതിജയിക്കുകയോ സ്വാതന്ത്ര്യം തടയാൻ തുനിഞ്ഞവരെ തുരത്തുകയോ ചെയ്താൽ അവരെ തങ്ങളുടെ മതമുപേക്ഷിക്കാൻ നിർബന്ധിച്ച് പ്രതികാരം ചെയ്യാനോ വിശ്വാസകാര്യത്തിൽ മർദിക്കാനോ പാടില്ല. അവർ രാഷ്ട്രത്തിന്റെ പര മാധികാരമംഗീകരിച്ചാൽമാത്രം മതി. അപ്പോൾ "നമുക്കുള്ള അവകാശ ബാധ്യതകൾ അവർക്കുമുണ്ടാകു"മെന്ന തത്ത്വം നിലവിൽ വരും.

ഇസ്‌ലാമിലെ മതസഹിഷ്ണുതയുടെ അടിസ്ഥാന സിദ്ധാന്തങ്ങളാ ണിവ. ദൈവത്തിന്റെ മുഴുവൻ ദൂതന്മാരിലും വിശ്വസിക്കാൻ അത് മുസ്‌ലിം കളെ നിർബന്ധിക്കുന്നു. അവരെയെല്ലാം ആദരവോടും ബഹുമാന ത്തോടും കൂടി അനുസ്മരിക്കാനും അതാവശ്യപ്പെടുന്നു. മാത്രമല്ല, അവ രുടെ എല്ലാ അനുയായികളോടും നല്ല നിലയിൽ വർത്തിക്കാനും മോശമായി പെരു

മാറാതിരിക്കാനും ഉത്തമമായ വാക്കുകൾ പറയാനും സൗമ്യമായ സമീപനം സ്വീകരിക്കാനും ഇസ്‌ലാം നിർദേശിക്കുന്നു. അയൽപക്കബന്ധം നന്നാക്കാനും ആതിഥ്യം സ്വീകരിക്കാനും കുടുംബബന്ധങ്ങളും രക്തത്തിന്റെ കൂടിക്കലരലുകളും ഉണ്ടാവുംവിധം വൈവാഹിക ജീവിതത്തിലേർപ്പെടാനും അതനുവാദം നൽകുന്നു. ഇസ്‌ലാമിക രാഷ്ട്രസാരഥികളോട് അന്യമതസ്ഥരുടെ ആരാധനാലയങ്ങൾ സംരക്ഷിക്കാനും അവരുടെ വിശ്വാസങ്ങളിലിടപെടാതിരിക്കാനും ഭരണത്തിൽ അനീതി സംഭവിക്കാതിരിക്കാനും ശക്തിയായി ശാസിക്കുന്നു. അപ്രകാരം തന്നെ പൊതുബാധ്യതകളിലും അവകാശങ്ങളിലും അവർക്കും മുസ്‌ലിംകളുടേതിന് തുല്യമായ അവസ്ഥ കൽപിച്ചുകൊടുക്കാനും ഇസ്‌ലാമിക പ്രമാണങ്ങൾ ആജ്ഞാപിക്കുന്നു. അന്യ മതസ്ഥരായ പൗരൻമാരുടെ ജീവനും ധനവും മാത്രമല്ല, അന്തസ്സും അഭിമാനവുംകൂടി സംരക്ഷിക്കാനും സുരക്ഷിതത്വം ഉറപ്പുവരുത്താനും ഇസ്‌ലാമിക ഭരണകൂടങ്ങൾ ബാധ്യസ്ഥരാണ്.

ഉപര്യുക്ത അടിത്തറകളിലാണ് ഇസ്‌ലാമിക നാഗരികത സ്ഥാപിതമായത്. അങ്ങനെ അന്യമതങ്ങളോട് അശേഷം അസഹിഷ്ണുത പുലർത്താത്ത നാഗരികതക്ക് ജന്മംനൽകിയ ഒരു മതത്തെയും ലോകം കണ്ടു. സാമൂഹിക രംഗത്തുനിന്നും പൊതുമേഖലകളിൽനിന്നും ഉദ്യോഗങ്ങളിൽ നിന്നും ഇതര വിശ്വാസസംഹിതകൾ അംഗീകരിക്കുന്നവരെ അകറ്റിനിർത്താത്ത മതമാണത്. പ്രവാചകൻ ഇസ്‌ലാമിക നാഗരികതയുടെ ആധാരശില വെച്ചതു മുതൽ അതിന് ക്ഷയം ബാധിക്കുന്നതുവരെ ഉദാത്തമായ ഈ സഹിഷ്ണുത പൂർണമായി പാലിച്ചുപോന്നിട്ടുണ്ട്. നിർഭാഗ്യവശാൽ പിന്നീട് പ്രമാണങ്ങൾ പുറംതള്ളപ്പെട്ടു. ഇസ്‌ലാമിക നിർദേശങ്ങൾ നിരാകരിക്കപ്പെട്ടു. സ്വന്തം അനുയായികൾ തന്നെ തങ്ങളുടെ മതത്തെ സംബന്ധിച്ച് അക്ഷന്തവ്യമായ അജ്ഞതയിലാണ്ടു. അതോടെ മഹിതമായ മറ്റെല്ലാ മൂല്യങ്ങളിൽനിന്നുമെന്നപോലെ ആദരണീയമായ ഈ അടിസ്ഥാനങ്ങളിൽനിന്നും അവരകന്നു.

## പ്രവാചക ജീവിതത്തിൽ

നബി മദീനയിലേക്ക് ഹിജ്റ പോയപ്പോൾ അവിടെ ധാരാളം ജൂതന്മാരുണ്ടായിരുന്നു. രാഷ്ട്രീയരംഗത്ത് അവിടുന്ന് ആദ്യം ചെയ്തത് അവരുമായി സന്ധിചെയ്യുകയാണ്. പ്രസ്തുത കരാറിലെ വ്യവസ്ഥകളനുസരിച്ച് ജൂതന്മാരുടെ വിശ്വാസം സംരക്ഷിക്കാനും അവരെ ബാധിക്കുന്ന അക്രമ മർദനങ്ങൾ പ്രതിരോധിക്കാനും മുസ്‌ലിംകൾ ബാധ്യസ്ഥരായിരുന്നു. അപ്രകാരംതന്നെ മദീനയെ അക്രമിക്കുന്നവരെ നേരിടുന്നതിൽ മുസ്‌ലിംകളും ജൂതന്മാരും ഒരൊറ്റ ശരീരംപോലെ ആയിരിക്കുമെന്നും അതിൽ പ്രത്യേകം എടുത്തു പറഞ്ഞിരുന്നു. അങ്ങനെ ഇസ്‌ലാമിക നാഗരികതക്കു അടിത്തറ പാകിയപ്പോൾ തന്നെ പ്രവാചകൻ മതസഹിഷ്ണുതക്ക് ഊന്നൽ നൽകുകയുണ്ടായി.

നബിക്ക് വേദക്കാരായ അയൽക്കാരുണ്ടായിരുന്നു. അവിടുന്ന് അവർക്ക് സാധ്യമാകുന്ന സകല സൗകര്യങ്ങളും ഉപകാരങ്ങളും ചെയ്തു കൊടുത്തു. അവർക്ക് സമ്മാനങ്ങൾ നൽകുകയും അവരിൽനിന്നവ സ്വീകരിക്കുകയും ചെയ്തു. അതിനാലാണ് ഒരു ജൂത സ്ത്രീ നബിക്കു വിഷം കലർത്തിയ ആടുമാംസം നൽകിയത്. അവരിൽനിന്ന് ആഹാര പദാർഥങ്ങൾ തിരുമേനി സ്വീകരിക്കുകയും അവർക്ക് പ്രത്യുപകാരം ചെയ്യുകയും ചെയ്തിരുന്നു.

എത്യോപ്യയിൽ നിന്ന് പ്രവാചകനെ സന്ദർശിക്കാനെത്തിയ ക്രൈസ്തവ സമൂഹം അവിടുത്തെ പള്ളിയിലാണ് താമസിച്ചിരുന്നത്. തിരുമേനി അവർക്ക് ആവശ്യമായ സേവനങ്ങൾ നിർവഹിച്ചുകൊടുക്കുകയും മാന്യമാംവിധം അവർക്ക് ആതിഥ്യമരുളുകയും ചെയ്തു. അന്ന് അവിടുന്ന് ഇങ്ങനെ അരുൾചെയ്യുകയുണ്ടായി: "നമ്മുടെ ആളുകളുടെ അടുത്ത് അവർ ആദരണീയരായിരുന്നു. അതിനാൽ ഞാൻ സ്വയംതന്നെ അവരെ ആദരിക്കാനിഷ്ടപ്പെട്ടു."

ഒരിക്കൽ നജ്റാനിലെ ഒരു സംഘം ക്രിസ്ത്യാനികൾ മദീനയിലെത്തി. അവരെ തിരുമേനി തന്റെ പള്ളിയിൽ പ്രവേശിപ്പിച്ചു. മാത്രമല്ല, അവർക്ക് തങ്ങളുടെ മതാചാരപ്രകാരം പ്രാർഥന നടത്താനുള്ള സൗകര്യം ചെയ്തുകൊടുത്തു. അവിടത്തന്നെ നബിയും മുസ്‌ലിംകളും നമസ്കരിക്കുന്നുണ്ടായിരുന്നു. അങ്ങനെ ക്രൈസ്തവ സഹോദരങ്ങൾ തിരുമേനിയുമായി തങ്ങളുടെ മതത്തെസ്സംബന്ധിച്ച് സംവാദം നടത്താനാഗ്രഹിച്ചപ്പോൾ അദ്ദേഹം അവരുടെ വാദങ്ങൾ ശ്രദ്ധാപൂർവം ശ്രവിക്കുകയും വളരെ മര്യാദയോടെ അവരുമായി സംവാദത്തിലേർപ്പെടുകയും ചെയ്തു. ആ സംവാദം തികഞ്ഞ സ്നേഹത്തോടും മര്യാദയോടും സഹിഷ്ണുതയോടും ഉയർന്ന സ്വഭാവ ഗുണങ്ങളോടും കൂടിയായിരുന്നു.

ഇപ്രകാരം തന്നെ നബി മുഖൗഖിസിൽനിന്ന് സമ്മാനങ്ങൾ സ്വീകരിക്കുകയുണ്ടായി; അദ്ദേഹം അയച്ചുകൊടുത്ത അടിമ സ്ത്രീയെയും. അവരെ അവിടുന്ന് അത്യധികം ഇഷ്ടപ്പെട്ടു. തിരുമേനിക്ക് അവരിൽ ജനിച്ച കുട്ടിയാണ് ഇബ്രാഹീം. ഏതാനും മാസമേ ആ കുട്ടി ജീവിച്ചുള്ളൂ. പ്രവാചകൻ തന്റെ അനുചരന്മാർക്കു നൽകിയ ഉപദേശങ്ങളിലിങ്ങനെ കാണാം: "നിങ്ങൾ കോപ്റ്റു(ഖിബ്തി)കൾക്ക് നന്മ നേരുക. നിങ്ങൾക്കവരുമായി കുടുംബബന്ധവും വിവാഹബന്ധവുമുണ്ട്." നബിയുടെ തികച്ചും മാനുഷിക വികാരങ്ങളിലധിഷ്ഠിതവും ഉദാത്തവുമായ മതസഹിഷ്ണുതയുടെ മാതൃകയും മാർഗനിർദേശങ്ങളും അനുധാവനം ചെയ്തവരായിരുന്നു അവിടുത്തെ ഉത്തരാധികാരികൾ. ഉമറുബ്നുൽ ഖത്ത്വാബ് ജേതാവെന്ന നിലയിൽ ബൈതുൽ മുഖദ്ദസിൽ പ്രവേശിച്ചപ്പോൾ അദ്ദേഹം മുന്നോട്ടുവെക്കുന്ന നിബന്ധനകളും നിർദേശങ്ങളുമെല്ലാം പാലിക്കാൻ തദ്ദേശവാസികളായ ക്രൈസ്തവർ പൂർണമായും സന്നദ്ധരായിരുന്നു. എന്നിട്ടും അസർ നമസ്കാര സമയമായപ്പോൾ ഉമർ താൻ

നിന്നിരുന്ന വലിയ ചർച്ചിൽ വെച്ച് നമസ്കരിക്കാൻ വിസമ്മതിക്കുകയാ ണുണ്ടായത്. പിൽക്കാലത്ത് മുസ്ലിംകൾ അതിന്റെ പേരിൽ അവകാശ വാദമുന്നയിക്കുകയും അത് പള്ളിയാക്കി മാറ്റാൻ ശ്രമിക്കുകയും ചെയ്യു മോയെന്ന ആശങ്കയായിരുന്നു അതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

മറ്റൊരിക്കൽ അദ്ദേഹത്തിന്റെ ഈജിപ്തിലെ ഗവർണർ അംറു ബ്നുൽ ആസ് ഒരു ക്രിസ്തീയ സ്ത്രീയുടെ വീട് നിർബന്ധപൂർവം പള്ളിയോട് ചേർക്കുകയുണ്ടായി. പ്രസ്തുത സ്ത്രീ അതേക്കുറിച്ച് ഖലീ ഫയോട് പരാതി പറഞ്ഞു. ആവലാതി ലഭിച്ച ഉടനെ ഉമർ അംറിനെ വരുത്തി വിചാരണ ചെയ്തു. സംഭവം സത്യമാണെന്ന് സമ്മതിച്ച അദ്ദേഹം തന്നെ അതിന് പ്രേരിപ്പിച്ച പശ്ചാത്തലമിങ്ങനെ വിവരിച്ചു: മുസ്ലിംകളുടെ അംഗസംഖ്യ വളരെയേറെ വർധിച്ചു. പള്ളിയിൽ സ്ഥല മില്ലാതെ പ്രയാസം നേരിട്ടു. അത് വിശാലമാക്കാൻ ശ്രമിച്ചപ്പോൾ അതിന്റെ അടുത്ത് ആ സ്ത്രീയുടെ വീടുണ്ടായിരുന്നു. അതിന് ന്യായമായ വില നൽകാമെന്ന് പറഞ്ഞ് ആവശ്യപ്പെട്ടെങ്കിലും അവർ വിൽക്കാൻ സന്നദ്ധ യായില്ല. അതിനാൽ വീട് പൊളിച്ച് പള്ളിയോട് ചേർക്കുകയാണുണ്ടാ യത്. അതിന്റെ വില ആ സ്ത്രീക്ക് ആവശ്യമുള്ള ഏത് നിമിഷവും സ്വീക രിക്കാൻ സാധിക്കുംവിധം പൊതുഖജനാവിൽ നിക്ഷേപിക്കുകയും ചെയ്തിരുന്നു.

സാധാരണഗതിയിൽ നമ്മുടെകാലത്ത് ലോകത്തെങ്ങും അനുവദി ക്കപ്പെടുന്ന കാര്യമാണിത്. എന്നാൽ ഉമറുൽ ഫാറൂഖിന്റെ സമീപനം തികച്ചും വ്യത്യസ്തമായിരുന്നു. അംറിന്റെ സംഭവ വിവരണം ശ്രദ്ധിച്ചു കേട്ടശേഷം പള്ളിയുടെ പ്രസ്തുത ഭാഗം പൊളിച്ചുമാറ്റി പകരം ആ ക്രൈസ്തവ സ്ത്രീയുടെ വീട് യഥാസ്ഥാനം പണിതുകൊടുക്കാൻ നിർദേ ശിക്കുകയാണദ്ദേഹം ചെയ്തത്.

ഇസ്ലാമിക നാഗരികതയുടെ പ്രമാണങ്ങൾ പിന്തുടരപ്പെട്ടിരുന്ന പരിതഃസ്ഥിതികളിൽ സമൂഹത്തെ നയിച്ച സഹിഷ്ണുതയുടെ ചൈത ന്യമാണിവിടെ പ്രകാശിതമായിരിക്കുന്നത്. ആധുനിക ലോകത്തുപോലും കാണപ്പെടാത്ത മതസഹിഷ്ണുതയുടെ മഹിതമായ മാതൃകകൾ നമ്മുടെ നാഗരികത കാഴ്ചവെച്ചിട്ടുണ്ട്.

അനശ്വരമായ ഇസ്ലാമിക നാഗരികതയുടെ ശീതളഛായയിൽ പള്ളി കളും ചർച്ചുകളും തൊട്ടുരുമ്മിയാണ് സ്ഥിതിചെയ്തിരുന്നത്. ചർച്ച് മേധാ വികൾക്ക് തങ്ങളുടെ കീഴിൽ മതപരവും ആരാധനാപരവുമായ എല്ലാ കാര്യങ്ങളിലും പൂർണമായ അധികാരവും സ്വാതന്ത്ര്യവും അനുവദിക്ക പ്പെട്ടിരുന്നു. ഇസ്ലാമിക രാഷ്ട്രം അക്കാര്യങ്ങളിലൊന്നും അൽപം പോലും ഇടപെട്ടിരുന്നില്ല. മറിച്ച് അവരിലെ ഭിന്ന വിഭാഗങ്ങൾക്കിടയിൽ തർക്കങ്ങളും പ്രശ്നങ്ങളുമുണ്ടാവുമ്പോൾ അവ പരിഹരിക്കാനും നീതി പൂർവം അവർക്കിടയിൽ തീർപ്പ് കൽപിക്കാനുമാണ് ശ്രമിച്ചുകൊണ്ടിരു

ന്നത്.

റോമാ സാമ്രാജ്യത്തിന്റെ വാഴ്ചക്കാലത്ത് അവരെ അനുകൂലിച്ചിരുന്ന രാജകീയ കക്ഷിക്കാർ (Malachi sect of the Greek Christians) ഈജിപ്തിലെ കോപ്റ്റുകളെ കഠിനമായി ദ്രോഹിച്ചിരുന്നു. എന്നാൽ പിന്നീട് കോപ്റ്റുകൾ ഈജിപ്ത് കീഴ്പ്പെടുത്തിയതോടെ തങ്ങളുടെ അന്യാധീനമാക്കപ്പെട്ട ചർച്ചുകൾ തിരിച്ചുപിടിക്കുകയും എതിരാളികളോട് ക്രൂരമായി പെരുമാറുകയും ചെയ്തു. മുസ്‌ലിംകൾ ഈജിപ്തിൽ പ്രവേശിക്കുന്നതുവരെ കോപ്റ്റുകൾ രാജകീയ കക്ഷിക്കെതിരെ തങ്ങളുടെ പ്രതികാര നടപടികൾ തുടർന്നുകൊണ്ടിരുന്നു. പിൽക്കാലത്ത് റോമാ സാമ്രാജ്യത്തെ പിന്തുണച്ചിരുന്ന പ്രസ്തുത വിഭാഗം ഹാറൂൻ റശീദിനോട് പരാതി പറയുകയും തങ്ങളുടെ ചർച്ചുകൾ കോപ്റ്റുകളിൽ നിന്ന് മോചിപ്പിച്ചുകൊടുക്കാനാവശ്യപ്പെടുകയും ചെയ്തു. ഹാറൂൻ റശീദ് ഇരുവിഭാഗവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കുകയും അവർക്കിടയിൽ നീതി നടപ്പാക്കുകയും ചെയ്തു.

ഇസ്‌ലാമിക രാഷ്ട്രം മതമേധാവികൾക്ക് തങ്ങളുടെ മേഖലകളിൽ പൂർണ സ്വാതന്ത്ര്യമനുവദിക്കുകയും തങ്ങളുടെ അനുയായികളുടെമേൽ തീരുമാനങ്ങളെടുക്കാനുള്ള അധികാരം നൽകുകയും ചെയ്തിരുന്നു. ഭരണകൂടം അതിലൊന്നും ഇടപെട്ടിരുന്നില്ല. റോമാ ഭരണാധികാരികളുടെ കാലത്ത് അറിയുകയോ അനുഭവിക്കുകയോ ചെയ്യാത്ത സ്വാതന്ത്ര്യമാണ് സ്വദേശികളായ ക്രിസ്ത്യാനികൾക്ക് മുസ്‌ലിംകളിൽ നിന്ന് ലഭിച്ചത്.

മഹാനായ മുഹമ്മദുൽഫാതിഹ് കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയപ്പോൾ പൂർവപ്രദേശങ്ങൾക്കെല്ലാമുള്ള കത്തോലിക്കൻ പാത്രിയാർക്കീസിന്റെ ആസ്ഥാനമായിരുന്നു അവിടം. അതിനാൽ അദ്ദേഹം അവിടത്തെ മുഴുവൻ നിവാസികൾക്കും അഭയം നൽകി. അവരെല്ലാം ക്രിസ്തുമത വിശ്വാസികളായിരുന്നു. അവരുടെ ധനം, ജീവൻ, വിശ്വാസം, കുരിശ് തുടങ്ങിയവയുടെയെല്ലാം സുരക്ഷിതത്വം ഉറപ്പുവരുത്തുകയും പട്ടാള സേവനത്തിൽ നിന്നവരെ ഒഴിവാക്കുകയും ചെയ്തു. സ്വന്തം അനുയായികൾക്കിടയിൽ ഉണ്ടാവുന്ന തർക്കങ്ങളിൽ തീർപ്പ് കൽപിക്കാനും അവർക്കാവശ്യമായ നിയമങ്ങൾ നിർമിക്കാനും മതമേധാവികൾക്കധികാരം നൽകി. ഭരണകൂടം അതിലൊന്നും ഇടപെട്ടില്ല. അതിനാൽ കോൺസ്റ്റാന്റിനോപ്പിൾ നിവാസികൾ പഴയ ബൈസാന്തിയൻ കാലഘട്ടത്തിനും മുഹമ്മദുൽഫാതിഹിന്റെ ഭരണത്തിനുമിടയിലെ വ്യക്തമായ അന്തരം സ്പഷ്ടമായി മനസ്സിലാക്കി. ബൈസാന്തിയക്കാർ വിവിധ വിഭാഗങ്ങൾക്കിടയിൽ പ്രശ്നങ്ങളും തർക്കങ്ങളുമുണ്ടാകുമ്പോൾ അതിലിടപെടുകയും പക്ഷപാതപരമായി പെരുമാറുകയുമാണ് ചെയ്തിരുന്നത്. അവരെല്ലായ്പ്പോഴും തങ്ങളുടെ കക്ഷിക്കും ചർച്ചിന്റെ ആളുകൾക്കും അനുകൂലമായ തീരുമാനങ്ങളാണെടുത്തിരുന്നത്. അതിനാൽ നാട്ടിലെ ക്രൈസ്തവ വിശ്വാസികളായ നിവാസികൾ പുതിയ ഇസ്‌ലാമിക ഭര

ണകൂടത്തിൽ അതിയായി ആശ്വസിക്കുകയും പൂർണമായ വിശ്വാസം പുലർത്തുകയും ചെയ്തു. ഉദാത്തമായ മതസഹിഷ്ണുതയിലവർ അനൽപമായ ആത്മനിർവൃതി അനുഭവിച്ചു. നേരത്തേ നടന്നുപോന്നിരുന്ന സ്വന്തം മതാനുയായികളുടെ ഭരണകാലത്ത് സമാനമായ സാഹചര്യമോ അവസ്ഥയോ സങ്കൽപാതീതമായിരുന്നു.

യഥാർഥത്തിൽ മുഹമ്മദുൽഫാതിഹ് റോമൻ പാത്രിയാർക്കീസിന് രാഷ്ട്രത്തിനകത്ത് മറ്റൊരു രാഷ്ട്രത്തിന്റെ പദവിയും ഭരണകൂടത്തിനുള്ളിൽ ഒരു ഭരണകൂടത്തിന്റെ സ്ഥാനവുമാണ് നൽകിയിരുന്നത്. പാത്രിയാർക്കീസും അനുയായികളും ഇസ്‌ലാമിക രാഷ്ട്രം നൽകിയ ഈ ആനുകൂല്യം നീണ്ട അഞ്ഞൂറ് വർഷക്കാലം അനുഭവിച്ചു. അവർക്ക് സർവവിധ സ്വാതന്ത്ര്യവുമുണ്ടായിരുന്നു. അതിന്റെ സംരക്ഷണത്തിന് അവർ സൈനികമോ സാമ്പത്തികമോ ആയ ഉത്തരവാദിത്വവും ബാധ്യതയും വഹിക്കേണ്ടി വന്നിരുന്നില്ല. എല്ലാം ഭരണകൂടം നിർവഹിച്ചുകൊടുക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ ചരിത്രത്തിൽ തുല്യതയില്ലാത്ത ഈ മതസഹിഷ്ണുത 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും പാശ്ചാത്യൻ വൈദേശികാധിപത്യത്തിന്റെ കടന്നുവരവിനും ഹീനമായ അടിമത്തം അടിച്ചേൽപിക്കുന്നതിനും അങ്ങനെ നിലവിലുള്ള ഇസ്‌ലാമിക ഭരണകൂടത്തിന്റെ പതനത്തിനും പാതയൊരുക്കിയെന്നത് എന്തുമാത്രം ദുഃഖ പര്യവസായിയും സങ്കടകരവുമല്ല!

ഇസ്‌ലാമിക മുന്നേറ്റത്തിന്റെയും വാഴ്ചയുടെയും കാലത്ത് നിരവധി ആരാധനാലയങ്ങളിൽ മുസ്‌ലിംകളും ക്രിസ്ത്യാനികളും ഒന്നിച്ച് തങ്ങളുടെ മതാനുഷ്ഠാനങ്ങൾ നിർവഹിക്കുക പതിവായിരുന്നു. നജ്റാനിലെ ക്രിസ്ത്യാനികൾക്ക് നബി തന്റെ പള്ളിയിൽ മുസ്‌ലിംകൾ നമസ്കരിച്ചുകൊണ്ടിരിക്കെ തങ്ങളുടെ ആരാധനാ കർമങ്ങളനുഷ്ഠിക്കാൻ എവ്വിധമാണ് സൗകര്യം ചെയ്തുകൊടുത്തതെന്ന് നാം കാണുകയുണ്ടായി. പിന്നീട് ദമസ്കസിലെ യോഹന്നാൻ ചർച്ചിൽ ക്രിസ്ത്യാനികളുടെ സമ്മതത്തോടും സംതൃപ്തിയോടും കൂടി ഇരുവിഭാഗവും ഒരുമിച്ച് ആരാധനാകർമങ്ങൾ നിർവഹിച്ചുകൊണ്ടിരുന്നു. അങ്ങനെ പാതിഭാഗം മുസ്‌ലിംകളും പാതിഭാഗം ക്രിസ്ത്യാനികളും ഉപയോഗിച്ചുപോന്നു. പിൽക്കാലത്ത് തദ്ദേശവാസികളെല്ലാം ഇസ്‌ലാം ആശ്ലേഷിച്ചപ്പോൾ മാത്രമാണ് അത് ഉമവീ മസ്ജിദാക്കി പരിവർത്തിപ്പിച്ചത്.

ഒരേ ആരാധനാലയത്തിൽ രണ്ട് വ്യത്യസ്ത മതവിഭാഗക്കാർ സ്വന്തം ആരാധനകൾ നിർവഹിക്കുന്ന അതിമനോഹരമായ ദൃശ്യം ഇസ്‌ലാമിക നാഗരികതയുടെ തണലിലല്ലാതെ മാനവചരിത്രം മറ്റെവിടെയും കണ്ടിട്ടില്ല. മുസ്‌ലിംകൾ വിശുദ്ധ കഅ്ബയുടെ നേരെ തിരിഞ്ഞ് നമസ്കരിക്കുന്നു. തൊട്ടടുത്ത് ക്രിസ്ത്യാനികൾ മറ്റൊരു ദിശയിലേക്ക് അഭിമുഖമായി തങ്ങളുടെ പ്രാർഥനകളും നിർവഹിക്കുന്നു. ചരിത്രം കണ്ട ഏറെ വിസ്മയജന്യവും അദ്വിതീയവുമായ സംഭവമാണിത്. നമ്മുടെ നാഗരി

കത ഉയർത്തിപ്പിടിച്ച ഉദാത്തമായ മതസഹിഷ്ണുതയാണ് മഹത്തായ ഇത്തരം അനുഭവങ്ങൾക്ക് അവസരമൊരുക്കിയത്.

ഇപ്രകാരംതന്നെ ഇസ്‌ലാമിക രാഷ്ട്രം ജാതിയും മതവും സമുദായവും പരിഗണിക്കാതെ യോഗ്യരും അർഹരുമായ പൗരന്മാർക്കെല്ലാം ഉദ്യോഗങ്ങൾ നൽകിയിരുന്നു. ഇതും ഇസ്‌ലാമിന്റെ മതസഹിഷ്ണുതക്ക് മതിയായ തെളിവാണ്. ഉമവീ, അബ്ബാസീ ഭരണകാലങ്ങളിൽ ക്രൈസ്തവ ഡോക്ടർമാർക്ക് ഖലീഫമാരുടെ അടുത്ത് പ്രത്യേക പരിഗണനപോലും ലഭിച്ചിരുന്നു. ദമസ്കസിലും ബഗ്ദാദിലുമുള്ള വൈദ്യപാഠശാലകൾക്ക് ദീർഘകാലം മേൽനോട്ടം വഹിച്ചിരുന്നത് അവരായിരുന്നു. ഇബ്നുഅസ്സാൽ എന്ന ക്രൈസ്തവ ഡോക്ടറായിരുന്നു മുആവിയയുടെ കൊട്ടാര വൈദ്യൻ. അദ്ദേഹത്തിന്റെ കാര്യദർശി സർജൂൺ എന്ന ക്രിസ്ത്യാനിയും.

ഇപ്രകാരം തന്നെ മർവാൻ ഈജിപ്തിലെ ഭരണമേഖലകളിൽ അതനേഷ്യസി(Athanaseus)നെ നിയമിക്കുകയുണ്ടായി. അയാളുടെ മറ്റൊരു പേർ ഇസ്ഹാഖ് എന്നായിരുന്നു. പിന്നീട് അദ്ദേഹം രാഷ്ട്രത്തിലെ ട്രഷറി ഓഫീസറെന്ന ഉന്നത ഉദ്യോഗംപോലും വഹിക്കുകയുണ്ടായി. ആ ക്രൈസ്തവ നേതാവ് വളരെ സമ്പത്തും സൗകര്യവുമുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തിന് നാലായിരം ഭൃത്യന്മാരും ധാരാളം വീടുകളും ഒട്ടേറെ സ്ഥലങ്ങളും തോട്ടങ്ങളും സ്വർണ ശേഖരങ്ങളുമെല്ലാമുണ്ടായിരുന്നു. അദ്ദേഹം റുഹായിൽ നിർമിച്ച ചർച്ചിന്റെ കീഴിൽ വാടകക്ക് നൽകാനായി നാനൂറ് കടകൾ നിർമിച്ചിരുന്നു. അബ്ദുൽ മലികിബ്നുമർവാൻ തന്റെ കൊച്ചു സഹോദരൻ അബ്ദുൽ അസീസിനെ വിദ്യ അഭ്യസിപ്പിക്കാൻ ചുമതലപ്പെടുത്തിയിരുന്നത് അദ്ദേഹത്തെയാണ്. പിന്നീട് ഈജിപ്ത് ഗവർണറായി സേവനമനുഷ്ഠിക്കുകയും മഹാനായ ഉമർ രണ്ടാമന്റെ പിതാവാകാൻ സൗഭാഗ്യം സിദ്ധിക്കുകയും ചെയ്ത അബ്ദുൽ അസീസ് ചെറുപ്പകാലത്ത് അറിവ് ആർജിച്ചത് ഒരു ക്രൈസ്തവ പണ്ഡിതനിൽനിന്നാണെന്നർഥം.

ഖലീഫമാരുടെ അടുത്ത് ഉന്നതസ്ഥാനം അലങ്കരിച്ചിരുന്ന ഡോക്ടർമാരിൽ ഏറ്റവും പ്രസിദ്ധനായ വ്യക്തിയാണ് ബഗ്തയ് ശൂഇന്റെ മകൻ ജോർജ്. അദ്ദേഹം ഖലീഫാ മൻസൂറിന്റെ ഉറ്റ മിത്രമായിരുന്നു. അദ്ദേഹത്തിന് ഖലീഫയുടെ അടുത്ത് വളരെയേറെ സ്വാധീനമുണ്ടായിരുന്നു. ജോർജിന്റെ വിശ്രമത്തിലും സുഖസൗകര്യങ്ങളിലും മൻസൂർ സദാ ശ്രദ്ധിച്ചിരുന്നു. അതിനാലാണ് ഖലീഫ അദ്ദേഹത്തിന്റെ അടുത്തേക്ക് സുന്ദരികളായ മൂന്ന് സ്ത്രീകളെ പറഞ്ഞയച്ച് അവരിൽനിന്ന് ഇഷ്ടമുള്ളവളെ വിവാഹം കഴിക്കാനാവശ്യപ്പെട്ടത്. ജോർജിന്റെ ഭാര്യ വളരെ വൃദ്ധയായിരുന്നു. എങ്കിലും അദ്ദേഹം അവർ ജീവിച്ചിരിക്കെ പുതിയ വിവാഹത്തിന് സന്നദ്ധനായില്ല. കാരണം, അത് അദ്ദേഹത്തിന് മതപരമായി വിലക്കപ്പെട്ടതായിരുന്നു. ജോർജിന്റെ ഈ സമീപനം ഖലീ

ഫയെ അത്യധികം സന്തോഷിപ്പിച്ചു. അദ്ദേഹത്തെ കൂടുതൽ ആദരിക്കാൻ ഈ സംഭവം ഇടയാക്കുകയും ചെയ്തു.

പിന്നീട് അദ്ദേഹത്തിന് രോഗമായപ്പോൾ അദ്ദേഹത്തിന്റെ അടുത്തേക്ക് മൻസൂർ നടന്നുചെല്ലുകയും കൂടുതൽ വിദഗ്ധമായ ശുശ്രൂഷക്കായി അതിഥിമന്ദിരത്തിലേക്ക് കൊണ്ടുവരാൻ നിർദേശിക്കുകയും ചെയ്തു. എങ്കിലും ആ ഡോക്ടർ തന്റെ ജന്മനാട്ടിലേക്ക് പോകാനാണാഗ്രഹിച്ചത്. മരണമടഞ്ഞാൽ പൂർവികരുടെ അടുത്ത് മറമാടപ്പെടണമെന്നതായിരുന്നു ലക്ഷ്യം. ഈ ഘട്ടത്തിൽ മൻസൂർ അദ്ദേഹത്തോട് ഇസ്‌ലാം ആശ്ലേഷിക്കാൻ സ്നേഹപൂർവം ആവശ്യപ്പെട്ടു. തന്റെ ഉറ്റമിത്രമായ ഡോക്ടർ സ്വർഗാവകാശിയാവണമെന്ന അതിയായ ആഗ്രഹമായിരുന്നു ഖലീഫയെ അതിന് പ്രേരിപ്പിച്ചത്. എങ്കിലും ജോർജ് അതംഗീകരിച്ചില്ല. അയാൾ പറഞ്ഞു: "ഞാൻ എന്റെ പൂർവികരോടൊത്ത് കഴിയാനാണാഗ്രഹിക്കുന്നത്; അതു നരകത്തിലായാലും സ്വർഗത്തിലായാലും.'' ഇതുകേട്ട മൻസൂർ അൽപംപോലും വെറുപ്പ് പ്രകടിപ്പിക്കാതെ അദ്ദേഹത്തെ സ്വദേശത്തേക്ക് യാത്രയയക്കുകയും പതിനായിരം ദീനാർ നൽകുകയും കൂടെ സഹായികളെ അയച്ചുകൊടുക്കുകയും ചെയ്തു.

ക്രിസ്തുമത വിശ്വാസിയായ ബാനാന്റെ മകൻ സൽമവയ്ഹി (Salmavaihi) ആയിരുന്നു മുഅ്തസിമിന്റെ ഡോക്ടർ. അദ്ദേഹത്തിന്റെ മരണം മുഅ്തസിമിനെ വല്ലാതെ വേദനിപ്പിച്ചു. സ്വന്തം മതചടങ്ങനുസരിച്ച് രാജകീയ ബഹുമതികളോടെയാണ് അയാൾ മറമാടപ്പെട്ടത്.

ഇപ്രകാരംതന്നെ മുതവക്കിലിന്റെ കൊട്ടാര വൈദ്യൻ ഗബ്രിയേലിന്റെ മകൻ ബഗ്തയ്ശൂഅ് ആയിരുന്നു. രാഷ്ട്രത്തിൽ അദ്ദേഹത്തിന് ഖലീഫയുടെ തുല്യ പദവിയാണുണ്ടായിരുന്നത്. വസ്ത്രം, സുസ്ഥിതി, സമ്പത്ത്, സുഖസൗകര്യങ്ങൾ ഇവയിലൊന്നും ഒരു വ്യത്യാസവുമുണ്ടായിരുന്നില്ല.

ഇതേപോലെത്തന്നെയാണ് കവികൾക്കും സാഹിത്യകാരന്മാർക്കും ഖലീഫമാരുടെ അടുത്തുണ്ടായിരുന്ന സ്ഥാനം. അവരുടെ മതവും സമുദായവും അക്കാര്യത്തിൽ പ്രശ്നമോ പരിഗണനീയമോ ആയിരുന്നില്ല. ഉമവീ ഭരണകാലത്ത് അഖ്തലിനുണ്ടായിരുന്ന സ്ഥാനവും പദവിയും ഏവർക്കും സുപരിചിതമത്രെ.

മതപരമായ വ്യത്യാസങ്ങൾ വിഗണിച്ചുകൊണ്ടുതന്നെ ഖലീഫമാരെപ്പോലെ മറ്റ് ഉന്നത വ്യക്തികളും അമുസ്‌ലിം സാഹിത്യകാരന്മാരുമായി ഉറ്റ സൗഹൃദം പുലർത്തിയിരുന്നു. അഗ്നിയാരാധകരായ മജൂസികളിലെ സാബിഉകളിൽപ്പെട്ട ഇബ്റാഹീമുബ്നു ഹിലാൽ രാഷ്ട്രത്തിലെ സമുന്നത പദവിയിലെത്തുകയുണ്ടായി. നാട്ടിലെ കവികളെല്ലാം അദ്ദേഹത്തെ അത്യധികം ആദരിക്കുകയും വളരെ വില കൽപിക്കുകയും ചെയ്തിരുന്നു. അദ്ദേഹവും മുസ്‌ലിം പണ്ഡിതന്മാരും സാഹിത്യകാരന്മാരും തമ്മിൽ

നന്നേ അടുത്ത ബന്ധവും ഉറ്റ സൗഹൃദവുമാണ് നിലനിന്നിരുന്നത്. അയാൾ മരണമടഞ്ഞപ്പോൾ ശിയാക്കളുടെ നേതാവും ഹാശിമിയ്യാക്കളുടെ തലവനുമായ ശരീഫുർരിദാ തന്റെ അനശ്വരമായ കവിതകളിലൂടെ അഗാധമായ അനുശോചനം രേഖപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിന്റെ അനുശോചന കാവ്യങ്ങളിലിങ്ങനെ കാണാം:

"ആരെയാണ് പലകയിലെടുത്തതെന്ന് താങ്കൾ ശ്രദ്ധിച്ചിട്ടുണ്ടോ? സദസ്സിന്റെ പ്രകാശം അണഞ്ഞുപോയതെങ്ങനെയാണെന്നും? അങ്ങയുടെ ശരീരം മണ്ണിൽ വെക്കുന്നതിനു മുമ്പ് എനിക്കറിയുമായിരുന്നില്ല; പർവതങ്ങളെയും കുഴികളിൽ അടക്കംചെയ്യാൻ കഴിയുമെന്ന്."

പിന്നീട് അവസരമുണ്ടാവുമ്പോഴെല്ലാം ശരീഫ് അദ്ദേഹത്തെ സംബന്ധിച്ച അനുശോചനകാവ്യം ആലപിക്കുകയും തന്റെ ദുഃഖം പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അയാളുടെ ശ്മശാനത്തിനരികിലൂടെ നടന്നുപോകവെ ശരീഫുർരിദാ കരച്ചിൽ കടിച്ചമർത്തി ശോകസാന്ദ്രമായ സ്വരത്തിൽ പാടി:

"ഇതിലൂടെ പോകുന്ന യാത്രക്കാരോട് ഞാൻ പറയുന്നു: നിങ്ങളിവിടെ (ശ്മശാനത്തിനരികെ) വന്നു നിൽക്കുക, നിങ്ങൾക്ക് ഞാൻ മഹത്ത്വത്തിന്റെ ശാഖയുടെ ഏകാന്തവാസം കാണിച്ചുതരാം.

താങ്കളുടെ വിയോഗത്താൽ വ്രണിതമായ മനസ്സിന് ആശ്വാസം ലഭിക്കട്ടെയെന്നാഗ്രഹിച്ചാണ് ഞാൻ താങ്കളുടെ പേരിലനുശോചിച്ചത്. എന്നാൽ അതെന്റെ ദുഃഖം അധികരിപ്പിക്കുകയാണുണ്ടായത്. വിലാപഗാനമൊരിക്കലും അതാലപിക്കുന്നവന്റെ ശോകം ശമിപ്പിക്കുകയില്ല.

താങ്കളുടെ പേരിലുള്ള രോദനങ്ങൾ ഒരു പ്രയോജനവും ചെയ്യുകയില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. പക്ഷേ, വ്യാമോഹങ്ങളെന്നെ കൂടുതൽ വ്യാമോഹി ആക്കിയിരിക്കുകയാണ്."

ഖലീഫമാരുടെ സാന്നിധ്യത്തിൽ, ഭിന്നമതാനുയായികളും വിവിധ വിഭാഗക്കാരും വ്യത്യസ്ത വീക്ഷാഗതിക്കാരുമായ പണ്ഡിതന്മാർ വിജ്ഞാന സദസ്സുകളിൽ സമ്മേളിച്ചിരുന്നു. ഖലിഫാ മഅ്മൂന്റെ വിഖ്യാതമായ വിജ്ഞാനവേദിയിൽ വിവിധ മതക്കാരും വ്യത്യസ്ത വിഭാഗക്കാരും ഒത്തുകൂടുക പതിവായിരുന്നു. മതകാര്യങ്ങളെ സംബന്ധിച്ച വിവാദങ്ങളല്ലാത്ത എല്ലാവിധ വിജ്ഞാന ചർച്ചകളും അദ്ദേഹം അനുവദിച്ചിരുന്നു. വിഭാഗീയ പ്രശ്നങ്ങൾ ഉയർന്നുവരാതിരിക്കാനുള്ള മുൻകരുതലെന്ന നിലയിലാണ് മത ചർച്ചകൾക്ക് നിയന്ത്രണമേർപ്പെടുത്തിയിരുന്നത്. പൊതു-ദേശീയ-വൈജ്ഞാനിക സദസ്സുകളു(General National Academic Circles)ടെ സ്ഥിതിയും ഭിന്നമായിരുന്നില്ല. ഖലഫുബ്നുൽ മുസന്നാ പറയുന്നു: "ബസ്വറയിൽ പത്തു പണ്ഡിതന്മാർ അവിടത്തെ വിജ്ഞാന

സദസ്സിൽ സമ്മേളിക്കുക പതിവായിരുന്നു. അറിവിൽ അവരെ അതിജയിക്കുന്ന ആരും അക്കാലത്തുണ്ടായിരുന്നില്ല. ശ്രദ്ധേയരായ ആ പണ്ഡിതവര്യന്മാരിവരായിരുന്നു:

1. വ്യാകരണ പണ്ഡിതനായ ഖലീലുബ്നു അഹ്മദ് (സുന്നി)

2. കവിയായ ഹുമയ്രി (ശീഈ)

3. സ്വാലിഹുബ്നു അബ്ദിൽ ഖുദ്ദൂസ് (നാസ്തികൻ)

4. സുഫ്യാനുബ്നു മജാശിഅ് (ഖാരിജികളിൽപ്പെട്ട സ്വഫ്രീ വിഭാഗക്കാരൻ)

5. ബശ്ശാറുബ്നു ബുർദ് (ശുഊബി വിഭാഗക്കാരൻ)

6. ഹമ്മാദ് അജ്റദ് (ദേശീയ വാദിയായ നിരീശ്വരവാദി)

7. കവിയായ ഇബ്നു റഅ്സുൽ ജാലൂത്ത് (ജൂതൻ)

8. ദാർശനികനായ ഇബ്നുനളീർ (ക്രിസ്ത്യൻ)

9. ഉമറുബ്നുൽ മുഅയ്യിദ് (മജൂസി)

10. കവി ഇബ്നുസിനാനുൽ ഹർറാനി (സ്വാബിഅ്)

ഇവരെല്ലാം ഒരുമിച്ചിരുന്ന് കവിതകൾ ചൊല്ലുകയും വാർത്തകൾ കൈമാറുകയും സ്നേഹപൂർവം സംവാദം നടത്തുകയും ചെയ്തിരുന്നു. അവരുടെ മതവിശ്വാസങ്ങളും വീക്ഷണങ്ങളും വളരെ ഭിന്നങ്ങളും പരസ്പര വിരുദ്ധങ്ങളുമാണെന്ന വസ്തുത വ്യക്തമാവാത്തവിധം സൗഹൃദപൂർണമായിരുന്നു ആ അന്തരീക്ഷം. ഈ മതസഹിഷ്ണുത കുടുംബങ്ങളിലേക്കും വീടുകളിലേക്കും കൂടി വ്യാപിച്ചിരുന്നു. അങ്ങനെ ഒരേ വീട്ടിൽ വ്യത്യസ്തമായ നാല് വീക്ഷാഗതികൾ വെച്ചുപുലർത്തുന്നവർ ഒത്തുകൂടിയിരുന്നു. ഒരാൾ സുന്നി, രണ്ടാമൻ ശീഈ, മൂന്നാമൻ ഖാരിജി, നാലാമൻ മുഅ്തസ്ലി. എന്നിട്ടും എല്ലാവരും പൂർണ യോജിപ്പോടെ കഴിഞ്ഞുകൂടി. എന്നല്ല, ഒരേ വീട്ടിൽ ഭക്തനായ വിശ്വാസിയും വിനോദപ്രിയനായ അധർമകാരിയും ഒത്തുകൂടുക പതിവായിരുന്നു. ഒരാൾ തന്റെ ആരാധനാകർമങ്ങളിൽ വ്യാപൃതനാവുന്നു; ഇതരൻ തന്റെ ദുർവൃത്തികളിലും. ഇത്തരമൊരു സംഭവം സാഹിത്യകൃതികളിൽ കാണാവുന്നതാണ്.

രണ്ട് സഹോദരന്മാർ ഒരു വീട്ടിൽ താമസിക്കുകയായിരുന്നു. അടിയിലെ തട്ടിൽ പരമഭക്തനും സച്ചരിതനുമായ വിശ്വാസിയായിരുന്നു; മുകളിലെ നിലയിൽ കടുത്ത അധർമകാരിയും. ഒരു ദിവസം മുകളിലെ മുറിയിൽ താമസിക്കുന്ന ആൾ തന്റെ കൂട്ടുകാരോടൊത്ത് ആടിയും പാടിയും കളിച്ചും രസിച്ചും രാത്രി ഉറക്കമൊഴിച്ചു ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. ഇത് അടിഭാഗത്തുള്ള ഭക്തനായ സഹോദരന് അസഹ്യമായിത്തീരുകയും അദ്ദേഹത്തിന്റെ നിദ്രക്ക് ഭംഗം വരുത്തുകയും ചെയ്തു. അതിനാൽ അധർമകാരിയായ തന്റെ സഹോദരന്റെ നേരെ തല നീട്ടി വിളിച്ച് ചോദിച്ചു:

"തിന്മക്ക് ആസൂത്രണം ചെയ്യുന്നവർ, അല്ലാഹു അവരെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെ സംബന്ധിച്ച് നിർഭയരായിരിക്കയാണോ." (ഖു.16:45)

പെട്ടെന്ന് സഹോദരന്റെ മറുപടിയും വന്നു. അതും ഒരു ഖുർആൻ വാക്യമായിരുന്നു. "നീ അവർക്കിടയിലുണ്ടായിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കാൻ പോകുന്നില്ല." (ഖു. 8:33)

അന്യമതാനുയായികളുടെയും ജനവിഭാഗങ്ങളുടെയും മതപരമായ ആഘോഷങ്ങളിലും അവയുടെ അലങ്കാരങ്ങളിലും പങ്കെടുക്കുന്ന കാര്യത്തിലും നമ്മുടെ നാഗരികതയുടെ സഹിഷ്ണുത നല്ലപോലെ പ്രകടമാണ്. ഉമവീ ഭരണകാലംതൊട്ട് ക്രിസ്ത്യാനികൾ തങ്ങളുടെ മതചടങ്ങുകളും ഉത്സവങ്ങളും നടത്തിയിരുന്നത് പൊതു നിരത്തുകളിൽ വെച്ചായിരുന്നു. കുരിശ് ചുമന്ന് ഘോഷയാത്രകൾ നടത്തുക അവർ പതിവാക്കിയിരുന്നു. മതനേതാക്കന്മാർ അതിൽ സംബന്ധിച്ചിരുന്നത് തങ്ങളുടെ ആചാര വസ്ത്രങ്ങളണിഞ്ഞാണ്. ഒരിക്കൽ പാത്രിയാർക്കീസ് മിച്ചൽ (Michal) വലിയ ഒരു ഘോഷയാത്രയായി അലക്സാണ്ട്രിയാ പട്ടണത്തിൽ പ്രവേശിച്ചു. കുരിശും മെഴുകുതിരിയും ബൈബിളും ചുമന്നവരാണ് അതിന്റെ മുൻനിരയിലുണ്ടായിരുന്നത്. പുണ്യവാളന്മാർ തങ്ങളുടെ പാത്രിയാർക്കീസിന്റെ മഹത്വം ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. ഹിശാമുബ്നു അബ്ദിൽ മലിക്കിന്റെ കാലത്തായിരുന്നു പ്രസ്തുത സംഭവം.

ഹാറൂൻ റശീദിന്റെ കാലത്ത് ഈസ്റ്റർ ആഘോഷത്തോടനുബന്ധിച്ച് ക്രിസ്ത്യാനികൾ വലിയ കുരിശ് ചുമന്ന് വമ്പിച്ച പ്രകടനം നടത്തിയിരുന്നു.

*അഹ്സനുത്തഖാസീം* എന്ന ഗ്രന്ഥത്തിൽ മഖ്ദിസി പറയുന്നു: "ക്രൈസ്തവ ആഘോഷങ്ങളോടനുബന്ധിച്ച് ശീറാസ് ചന്ത അലങ്കരിക്കുക പതിവായിരുന്നു. നൈൽ നദിയിൽ വെള്ളമുയരുകയും അതോടനുബന്ധിച്ച് ക്രിസ്ത്യാനികൾ കുരിശു കയറ്റമാഘോഷിക്കുകയും ചെയ്യുമ്പോൾ ഈജിപ്ത് വാസികളും അതിൽ അതിഥികളായി സംബന്ധിച്ചിരുന്നു."

മഖ്രീസി തന്റെ *ഖുത്വത്* എന്ന ഗ്രന്ഥത്തിൽ പറയുന്നു: "അഖ്ശീദീങ്ങളുടെ കാലത്ത് സാധാരണ ജനങ്ങൾ മാമോദീസ നല്ല നിലയിൽ ആഘോഷിച്ചിരുന്നു. ഹി. 230-ൽ മാമോദീസയോടനുബന്ധിച്ച് വളരെ മനോഹരമായ ഒരാഘോഷം നടന്നു. അപ്പോൾ അൽമനീൽ ദ്വീപിലെ പ്രത്യേക കൊട്ടാരത്തിൽ അഖ്ശീദീ ചക്രവർത്തി മുഹമ്മദുബ്നു ത്വഗ്ജ് അതെല്ലാം വീക്ഷിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിനു ചുറ്റും ആയിരം ബഹുശാഖാവിളക്കുതട്ടുകൾ (Chandeliers) തൂങ്ങിക്കിടന്ന് പ്രകാശിക്കുന്നുണ്ടായിരുന്നു. സാധാരണ ജനങ്ങളും ആയിരക്കണക്കിന് മെഴുകുതിരികളും

പന്തങ്ങളും വിളക്കുകളും കത്തിച്ചുവെക്കുകയുണ്ടായി. ജലശേഖരത്തിനും സംഭരണിക്കും ചുറ്റും ആയിരക്കണക്കിന് മുസ്‌ലിംകളും ക്രിസ്ത്യാനികളും ഒരുമിച്ചുകൂടി. ജനബാഹുല്യം കാരണം നദീതീരത്തും വീടുകളുടെ മേൽപ്പുരകളിലും കാൽവെക്കാനിടമില്ലായിരുന്നു. അന്ന് ജനങ്ങൾ തങ്ങൾക്കുള്ളതിൽവെച്ച് ഏറ്റവും മനോഹരമായ മോടിയുള്ള വസ്ത്രങ്ങളാണ് അണിഞ്ഞിരുന്നത്. അങ്ങനെ മാമോദീസാ ആഘോഷത്തിൽ എല്ലാ ജനവിഭാഗങ്ങളും സന്തോഷപൂർവം പങ്കെടുക്കുകയുണ്ടായി.

പാശ്ചാത്യർ കുരിശിന്റെ പേരിൽ മുസ്‌ലിംകളുടെയും അവരുടെ രാഷ്ട്രത്തിന്റെയും മേൽ ചരിത്രത്തിലേറ്റവും ക്രൂരവും ഭീകരവുമായ മർദനങ്ങളഴിച്ചുവിട്ട കുരിശുയുദ്ധ കാലത്തുപോലും ഈ സ്നേഹ പ്രകടനങ്ങൾക്ക് പോറലേറ്റിരുന്നില്ല. അത് അവിരാമം തുടർന്നിരുന്നുവെന്നത് അവിസ്മരണീയമായ ഒരാശ്ചര്യമത്രെ. സഞ്ചാരിയായ ഇബ്നുജുബൈർ തന്റെ യാത്രാവിവരണത്തിൽ പറയുന്നു: "മുസ്‌ലിം-ക്രൈസ്തവ വിഭാഗങ്ങൾക്കിടയിൽ കുഴപ്പത്തിന്റെ അഗ്നിജ്ജ്വാലകൾ ആളിക്കത്തിക്കൊണ്ടിരുന്നപ്പോഴും ഇരുവിഭാഗവും പല ചടങ്ങുകളിലും ഒത്തുകൂടിയിരുന്നുവെന്നതാണ് ഏറെ അദ്ഭുതകരം. ക്രൈസ്തവ-മുസ്‌ലിം സൗഹൃദ പ്രതിനിധി സംഘങ്ങൾ അങ്ങുമിങ്ങും പോയും വന്നുംകൊണ്ടിരുന്നു. യുദ്ധരംഗത്ത് മുഖാമുഖം നോക്കിനിൽക്കെതന്നെ ഇതെല്ലാം നിർവിഘ്നം തുടർന്നു. ഈജിപ്തിൽ നിന്ന് ദമസ്കസിലേക്കും അവിടെ നിന്ന് ഫ്രാൻസിലേക്കുമുള്ള യാത്രാസംഘങ്ങളുടെ പ്രയാണത്തിന് ഒരു വിഘ്നാതവും സംഭവിച്ചിരുന്നില്ല. ക്രൈസ്തവ നാടുകളിലൂടെ മുസ്‌ലിംകൾ സഞ്ചരിക്കുമ്പോൾ അവർ തദ്ദേശ ഭരണകൂടങ്ങൾക്ക് നികുതി നൽകിയിരുന്നു. അത് യാത്രാ സുരക്ഷിതത്വത്തിനുള്ള ഉറപ്പ് കൂടിയായിരുന്നു. ഇപ്രകാരംതന്നെ മുസ്‌ലിം നാടുകളിലൂടെ ക്രൈസ്തവ വ്യാപാര സംഘങ്ങൾ സഞ്ചരിക്കുമ്പോൾ അവരുടെ ചരക്കുകൾക്കും ഡ്യൂട്ടി ഈടാക്കപ്പെട്ടിരുന്നു. പരസ്പര യോജിപ്പോടും തൃപ്തിയോടും നീതിപൂർവവുമായിരുന്നു ഇതെല്ലാം നടന്നിരുന്നത്. യോദ്ധാക്കൾ യുദ്ധക്കളത്തിൽ പൊരുതിക്കൊണ്ടിരിക്കുമ്പോഴും ജനങ്ങൾ സൗഹൃദവും പരസ്പര സഹകരണവും തുടർന്നു പോന്നിരുന്നുവെന്നർഥം. ലോകവും അതിലെ ആധിപത്യവും യുദ്ധത്തിൽ ജയിക്കുന്നവർക്കായിരുന്നു."

നമ്മുടെ നാഗരികത കാഴ്ചവെച്ച ഉദാത്തമായ മതസഹിഷ്ണുതക്ക് ഗതകാല ചരിത്രത്തിലെവിടെയും സമാനത കണ്ടെത്തുക സാധ്യമല്ല. സത്യത്തെ മാനിക്കുന്ന മുഴുവൻ പാശ്ചാത്യ ചരിത്രകാരന്മാരും ഇസ്‌ലാമിന്റെ സഹിഷ്ണുത അംഗീകരിക്കുകയും അതിന്റെ മഹത്വം ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ട്.

പ്രശസ്ത അമേരിക്കൻ ചരിത്രകാരൻ ഡ്രാപ്പർ (Drapper) പറയുന്നു: "ഖലീഫമാരുടെ കാലത്തെ ആദ്യകാല മുസ്‌ലിംകൾ ജൂത-ക്രൈസ്തവ

പണ്ഡിതന്മാരെ ആദരിക്കുക മാത്രമല്ല, അവരെ അതിമഹത്തായ ഉത്തരവാദിത്വങ്ങളേൽപിക്കുകയും ഭരണരംഗത്തെ ഉയർന്ന ഉദ്യോഗങ്ങളിൽ നിയമിക്കുകയും ചെയ്തിരുന്നു. ഹാറൂൻ റശീദ് നാട്ടിലെ പാഠശാലകളുടെ മേധാവിയായി നിശ്ചയിച്ചിരുന്നത് മാസവയ്ഹി(Mas waih)യുടെ മകൻ ജോണിനെയാണ്. അദ്ദേഹത്തിന്റെ നാടോ മതമോ ഏതെന്ന് പ്രശ്നമാക്കിയില്ല. വൈജ്ഞാനിക യോഗ്യതയും കഴിവും മാത്രമേ കണക്കിലെടുത്തിരുന്നുള്ളൂ.”

പ്രശസ്ത ചരിത്രകാരനായ വെൽസ് (Wells) ഇസ്‌ലാമികാധ്യാപനങ്ങൾ അനാവരണം ചെയ്യവെ പറയുന്നു: “മാന്യവും നീതിപൂർവവുമായ ഇടപഴകലിന് ലോകത്ത് മഹിതമായ പാരമ്പര്യം സ്ഥാപിതമായി. അത് ജനങ്ങൾക്കിടയിൽ മാന്യതയുടെയും ഔദാര്യത്തിന്റെയും ചൈതന്യം ഉത്തേജിപ്പിച്ചു. ഉന്നതമായ മനുഷ്യത്വം വളർത്തി. പ്രായോഗികങ്ങളായ തത്ത്വങ്ങൾ നടപ്പാക്കി. മനുഷ്യത്വമുള്ള സമൂഹത്തെ സൃഷ്ടിച്ചു. ഗതകാല സമൂഹങ്ങളിൽ ഉണ്ടായിരുന്ന സാമൂഹിക ദ്രോഹവും പാരുഷ്യവുമവർ നിയന്ത്രിച്ചു. അത് സാഹോദര്യത്തിന്റെയും കാരുണ്യത്തിന്റെയും ഔദാര്യത്തിന്റെയും ചൈതന്യത്താൽ നിരതമായിരുന്നു.”

ടിർനൂൺ പറയുന്നു: “ഗായകന്മാരുടെയും കവികളുടെയും കാര്യത്തിൽ മതം ഇടപെട്ടിരുന്നില്ല.”

ലിഫീ ബ്രൂട്ടിസ്റ്റൽ (Liefy Brutistal) പത്താം നൂറ്റാണ്ടിലെ സ്പെയിനിനെ സംബന്ധിച്ച തന്റെ ഗ്രന്ഥത്തിൽ (*Spain of the Tenth Century*) എഴുതുന്നു: “അക്കാലത്തെ അധിക ഗുമസ്തൻമാരും സെക്രട്ടറിമാരും ജൂതന്മാരോ ക്രിസ്ത്യാനികളോ ആയിരുന്നു. ധാരാളം ജൂത-ക്രൈസ്തവർ ഉദ്യോഗങ്ങൾ നേടിയിരുന്നു. അവർ ഭരണപരവും യുദ്ധപരവുമായ കാര്യങ്ങളിൽപ്പോലും പങ്കാളികളായിരുന്നു. യൂറോപ്യൻ നാടുകളിൽ ഖലീഫമാരെ പ്രതിനിധാനം ചെയ്യുന്ന അംബാസഡർമാരായി സേവനമനുഷ്ഠിച്ച ജൂതന്മാർ അക്കാലത്തുണ്ടായിരുന്നു.”

ഹാറൂൻ റശീദിന്റെ കാലത്ത് ഇസ്‌ലാമിക രാഷ്ട്രത്തിന്റെ സ്ഥിതിഗതികൾ വിവരിക്കവെ സർ മാർക്ക് സൈസ് (Sir Mark Syce) എഴുതുന്നു: “ക്രിസ്ത്യാനികളും വിഗ്രഹാരാധകരും ജൂതന്മാരും മുസ്‌ലിംകളും അക്കാലത്ത് ഭരണരംഗങ്ങളിൽ സേവനമനുഷ്ഠിച്ചിരുന്നു.”

മധ്യധരണ്യാഴി ദ്വീപുകൾ (Mediterranean Island), ഇറ്റലി, സ്വിറ്റ്സർലന്റ്, ഫ്രാൻസ് എന്നിവിടങ്ങളിലെ അറബികളുടെ പോരാട്ട ചരിത്രത്തിൽ റിനോ പറയുന്നു: “സ്പെയിനിൽ മുസ്‌ലിംകൾ ക്രിസ്ത്യാനികളോട് വളരെ നല്ല നിലയിലാണ് വർത്തിച്ചിരുന്നത്. അപ്രകാരംതന്നെ ക്രിസ്ത്യാനികൾ മുസ്‌ലിം ചിഹ്നങ്ങൾ പാലിക്കാനും ശ്രദ്ധിച്ചിരുന്നു. അതിനാലവർ തങ്ങളുടെ കുട്ടികളുടെ ചേലാകർമം നടത്തിയിരുന്നു. പന്നിമാംസം ഭക്ഷിച്ചി

രുന്നുമില്ല.”

ആർണോൾഡ് (Arnold) ക്രൈസ്തവ കക്ഷികൾക്കിടയിലെ മതവിഭാഗീയതകൾ വിവരിക്കവെ എഴുതുന്നു: “എന്നാൽ ഇസ്‌ലാമിലെ സഹിഷ്ണുതാ സിദ്ധാന്തം ഇതുപോലുള്ള അക്രമപരമായ പ്രവർത്തനങ്ങൾ നിഷിദ്ധമാക്കിയിട്ടുണ്ട്. അതിനാൽ മുസ്‌ലിംകൾ മറ്റുവിഭാഗങ്ങളോട് വീക്ഷണ വ്യത്യാസങ്ങൾ വെച്ചുപുലർത്തിയിരുന്നതോടൊപ്പം മുഴുവൻ ക്രൈസ്തവ പൗരന്മാരോടും ന്യായമായ നിലയിൽ നീതിപൂർവം പെരുമാറാൻ ശ്രമിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടില്ലെന്ന് നമുക്ക് മനസ്സിലാവുന്നു. അതിന്റെ പ്രകടമായ ഉദാഹരണമാണ് ഈജിപ്തിൽ സംഭവിച്ചത്. കോപ്റ്റുകൾ അവിടം ജയിച്ചടക്കിയപ്പോൾ ബൈസാന്തിയക്കാർ സ്ഥലംവിട്ട സന്ദർഭമുപയോഗപ്പെടുത്തി അവർ ഓർത്തഡോക്സ് ചർച്ചുകളെല്ലാം കൊള്ളയടിക്കുകയും കൈവശപ്പെടുത്തുകയും ചെയ്തു. എന്നാൽ പിന്നീട് മുസ്‌ലിംകൾ അവ യഥാർഥ അവകാശികൾക്ക് മടക്കിക്കൊടുക്കുകയുണ്ടായി. ഓർത്തഡോക്സുകാർ അതിനായി തങ്ങളുടെ അവകാശം തെളിയിക്കുന്ന പ്രമാണങ്ങൾ ഹാജരാക്കുകയും ചെയ്തു.” ഇസ്‌ലാമികാധിപത്യത്തിന്റെ സുവർണകാലത്ത് മുസ്‌ലിം പൗരന്മാർ ക്രൈസ്തവരുമായി പുലർത്തിയ ഉറ്റ സൗഹൃദവും സഹിഷ്ണുതയും പരിശോധിക്കുന്ന ഏവർക്കും ജനങ്ങളെ ഇസ്‌ലാമിലേക്ക് നയിച്ചത് വാളാണെന്ന പ്രചാരണം പൂർണമായും വാസ്തവ വിരുദ്ധമാണെന്ന് വ്യക്തമാകും.

ഇസ്‌ലാമിക നാഗരികതയിലെ മതസഹിഷ്ണുതയെ സംബന്ധിച്ച് ഇത്രയേറെ ഉദാഹരണങ്ങൾ നിരത്തി ഉപന്യസിക്കാൻ കാരണം പക്ഷപാതികളായ പാശ്ചാത്യർ നമ്മുടെ ചരിത്രത്തിൽ നടത്തിയ കടന്നാക്രമണങ്ങൾ പ്രതിരോധിക്കാൻ അതനിവാര്യമായിവന്നതിനാലാണ്. മുസ്‌ലിംകൾ മറ്റുള്ളവരെ നിർബന്ധപൂർവം മതത്തിൽ ചേർക്കുകയും അന്യവിഭാഗങ്ങളെ സർവവിധേനയും നിന്ദിക്കുകയും മർദിക്കുകയും ചെയ്ത പരുക്കന്മാരാണെന്നവർ പ്രചരിപ്പിച്ചു. യഥാർഥത്തിലവർക്ക് ഏറെ നന്നായിരുന്നത് ഇത്തരമൊരു വിവാദത്തിന് വാതിൽ തുറക്കാതിരിക്കലായിരുന്നു. സങ്കുചിത മതപക്ഷപാതിത്വത്തോടെ അവർ മുസ്‌ലിംകൾക്കെതിരെ അഴി

ച്ചുവിട്ട കുരിശുയുദ്ധവും സ്പെയിൻ ആക്രമണവും നമ്മുടെ കാലഘട്ട ത്തിലെ പോരാട്ടങ്ങളും ബോധമുള്ള ഏതൊരു പാശ്ചാത്യനെയും ലജ്ജിച്ച് തലതാഴ്ത്താൻ നിർബന്ധിതനാക്കും. മാത്രമല്ല, അവർ പര സ്പരം നടത്തിയ ഹീനമായ പോരാട്ടങ്ങൾ ചരിത്രകാരന്മാർക്കൊന്നും നിഷേധിക്കാനാവാത്തവിധം സുവിദിതമത്രെ. കത്തോലിക്കരെയും പ്രൊട്ട സ്റ്റന്റുകാരെയും കൂട്ടക്കൊല ചെയ്ത സംഭവമാണിവിടെ സൂചിപ്പിക്കുന്നത്. പ്രത്യേകിച്ചും സെന്റ് ബെർതോൽമ്യുവിലെ കൂട്ടക്കൊലയും പാപ്പായിസം യൂറോപ്യൻ ജനതയിൽ തങ്ങളുടെ എതിരാളികൾക്കെതിരെ അഴിച്ചുവിട്ട ആക്രമണവും അപ്രകാരം തന്നെ മധ്യ നൂറ്റാണ്ടുകളിലെ ന്യായവിചാ രണ സഭ(Inquisition Court)യുടെ ക്രൂരതകളും മറക്കുക സാധ്യമല്ല. വിശ്വാസ-വീക്ഷണ വൈജാത്യങ്ങൾ വെച്ചുപുലർത്തുന്നവരോട് ഏറ്റവു മധികം അസഹിഷ്ണുതയും അസൂയയും പുലർത്തുന്ന വിഭാഗം പാശ്ചാ ത്യരാണെന്ന് ഈ വസ്തുതകൾ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. എതി രാളികൾ സ്വന്തം വർഗത്തിലും വർണത്തിലും പെട്ടവരാണെങ്കിൽപ്പോലും അഭിപ്രായ വ്യത്യാസമുള്ളവരോട് സഹിഷ്ണുത പുലർത്താനവർക്ക് കഴി യുകയില്ല. പൂർവകാല ചരിത്രങ്ങളിലൊന്നും അവർ മതസഹിഷ്ണുത എന്തെന്ന് അറിഞ്ഞിട്ടുപോലുമില്ല. മതമൈത്രിക്ക് ഒരൊറ്റ ഉദാഹരണം പോലും അവരുടെ മുൻഗാമികളിൽ കാണുകയില്ല. ഇന്നും മുസ്ലിം കൾക്കെതിരെ രാഷ്ട്രീയത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും മുഖാവ രണമണിഞ്ഞ് കടന്നാക്രമണം നടത്തുന്നത് കടുത്ത മതപക്ഷപാതിത്വ മാണ്. ഇന്നും മറക്ക് പിന്നിലുള്ളത് മതാന്ധതയുടെ ആധിപത്യമാണെ ന്നർഥം.

ഈ ചർച്ച അവസാനിപ്പിക്കുന്നതിനു മുമ്പ് നമ്മുടെ മതസഹിഷ്ണു തക്കും അവരുടെ അസഹിഷ്ണുതക്കും ഒരു തെളിവുകൂടി അവതരിപ്പി ക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു. വളരെ പ്രമുഖനായ ഒരു ക്രൈസ്തവ പുരോഹിതന്റെ സാക്ഷ്യമാണത്. അദ്ദേഹത്തിന്റെ സൂക്ഷ്മത സുസമ്മതവും അനിഷേധ്യവുമത്രെ. 12-ാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ ജീവിച്ച അൻതാക്കിയയിലെ പാത്രിയാർക്കീസ് മീഖാ ഈൗലി(Michael)ന്റേതാണത്. പൂർവ ചർച്ചുകൾ (Eastern Churches) ഇസ്ലാ മികാധിപത്യത്തിൽ അഞ്ച് നൂറ്റാണ്ട് പിന്നിട്ടശേഷം മുസ്ലിംകളുടെ സഹി ഷ്ണുതയെയും അവയോടുള്ള റോമക്കാരുടെ ആക്രമണ സ്വഭാവവും അദ്ദേഹമിങ്ങനെ വിവരിക്കുന്നു: “ശക്തിയുടെയും മഹത്വത്തിന്റെയും ആധിപത്യത്തിന്റെയും അവകാശിയും പ്രതിക്രിയ സ്വീകരിക്കുന്നവനു മായ ദൈവം രാഷ്ട്രഭരണം അവനുദ്ദേശിക്കും വിധമാക്കുന്നു. അതവനിച്ഛിക്കുന്നവർക്ക് നൽകുന്നു. അങ്ങനെ നിന്ദ്യരെ മാന്യന്മാരാക്കുന്നു. താഴ്ന്നവരെ ഉയർത്തുന്നു. ദൈവം റോമാക്കാരുടെ നശീകരണ കൃത്യങ്ങൾ കണ്ടപ്പോൾ, അധികാരശക്തിയിലൂന്നിനിന്ന്

തങ്ങൾക്കധീനപ്പെട്ട നാടുകളിലെ ചർച്ചുകൾ കൊള്ളയടിക്കുകയും വീടുകൾ കവർച്ച നടത്തുകയും കരുണയും ദയയുമില്ലാതെ മർദനങ്ങളഴിച്ചുവിടുകയും ചെയ്തപ്പോൾ അവൻ ഇസ്മാഈൽ സന്തതി(അറബികൾ)കളെ തെക്കുനിന്ന് (അറേബ്യൻ ഉപദ്വീപ്) നിയോഗിച്ചു. അങ്ങനെ അവരുടെ കൈകളിലൂടെ നമ്മെ റോമാക്കാരുടെ പിടിത്തത്തിൽനിന്ന് മോചിപ്പിച്ചു. മുസ്ലിംകളുടെ ആധിപത്യവും ഭരണവും വരികവഴി നമുക്കു ചില നഷ്ടങ്ങളൊക്കെ സംഭവിച്ചിട്ടുണ്ടെന്നത് നേരുതന്നെ. നമുക്ക് ചില കത്തോലിക്കാ ചർച്ചുകൾ നഷ്ടപ്പെട്ടു. അവ ഖൽഖദൂനിയക്കാർക്ക് നൽകുകയാണുണ്ടായത്. ഇന്നും അവ അവരുടെ നിയന്ത്രണത്തിൽതന്നെ. മുസ്ലിം അധിനിവേശഘട്ടത്തിൽ നാട്ടിലെ ചർച്ചുകൾ ആരുടെ അധീനതയിലാണോ ഉണ്ടായിരുന്നത് അതവർക്കുതന്നെ നൽകുക മൂലമാണിത് സംഭവിച്ചത്. ഹിംസിലെ കത്തീഡ്രലും ഹൗറാനിലെ ചർച്ചും നമുക്ക് നഷ്ടപ്പെട്ടത് അന്നാണ്. നിസ്സാരമായ ഈ നഷ്ടം റോമക്കാരുടെ അക്രമ മർദനങ്ങളിൽ നിന്നും പക്ഷപാതിത്വപരമായ പ്രവർത്തനങ്ങളിൽനിന്നും മോചനം നേടിയതിനോട് തുലനം ചെയ്യുമ്പോൾ നന്നേ നിസ്സാരമായി തോന്നുന്നു. നാമനുഭവിക്കുന്ന നിർഭയത്വവും സമാധാനവും പരിഗണിക്കുമ്പോൾ വിശേഷിച്ചും.''

ഗുസ്താവ് ലബോണി(Gustav Lebon)ന്റെ വാക്കുകൾ ഏറെ ശ്രദ്ധേയങ്ങളത്രെ: ''അറബികളെപ്പോലെ സഹിഷ്ണുക്കളായ വിജയികളെയും ഇസ്ലാമിനെപ്പോലെ സഹിഷ്ണുത പുലർത്തുന്ന മതത്തേയും ലോകത്തിന് പരിചയമില്ല.'' ഈ പ്രസ്താവം മുസ്ലിംകളോട് നീതി കാണിച്ചിരിക്കുന്നു. അതിനെക്കാളുപരി സത്യത്തോട് പ്രതിബദ്ധത പുലർത്തുന്നു.

ആറ്

# യുദ്ധമര്യാദകൾ

•

ഇസ്‌ലാമിക നാഗരികതയുടെ മനുഷ്യസ്നേഹപരമായ വശങ്ങളിൽ ഏറെ ശ്രദ്ധേയവും നൂതനവുമായ ഒന്നാണിത്. ഇക്കാര്യത്തിൽ നമ്മുടെ നാഗരികത അദ്വിതീയമത്രെ. സന്ധിയുടെയും സമാധാനത്തിന്റെയും സന്ദർഭങ്ങളിൽ പരുഷപ്രകൃതരായ പ്രാകൃതന്മാർ പോലും അടുത്തവരോട് ഔദാര്യവും അയൽക്കാരോട് മര്യാദയും ദുർബലരോട് കാരുണ്യവും സുഹൃത്തുക്കളോട് സൗമ്യതയും സ്വന്തക്കാരോട് സൽസ്വഭാവവും പ്രകടിപ്പിക്കാറുണ്ട്. എന്നാൽ യുദ്ധരംഗത്ത് നല്ല പെരുമാറ്റവും ശത്രുക്കളോട് സൗമ്യതയും സ്ത്രീകളോടും കുട്ടികളോടും വൃദ്ധന്മാരോടും കാരുണ്യവും പരാജിതരോട് സഹിഷ്ണുതയും പുലർത്താൻ അധിക സമൂഹങ്ങൾക്കും സാധ്യമല്ല. മിക്ക സൈനിക നേതാക്കൾക്കും ഇത്തരം ഗുണങ്ങൾ സ്വന്തമാക്കാനാവില്ല. രക്തം കാണുമ്പോൾ ചോരക്ക് ചൂടുപിടിക്കും. ശത്രുത, അസൂയയും പകയും ഇളക്കിവിടും. വിജയം ജേതാക്കളെ ഉന്മത്തരാക്കും. അതവരെ അധികമധികം പ്രതികാരത്തിനും പരാക്രമത്തിനും പ്രേരിപ്പിക്കും. രാഷ്ട്രങ്ങളുടെ പുതിയതും പഴയതുമായ ചരിത്രം അതാണ്; എന്നല്ല, ഖാബീൽ തന്റെ സഹോദരൻ ഹാബീലിന്റെ രക്തം ചിന്തിയതുമുതലുള്ള അനുഭവംതന്നെ അങ്ങനെയാണ്. "അവരിരുവരും ഓരോ ബലി അറുത്ത സന്ദർഭം. അങ്ങനെ അവരിലൊരാളിൽ നിന്നത് സ്വീകരിക്കപ്പെട്ടു. എന്നാൽ ഇതരനിൽനിന്നത് സ്വീകരിക്കപ്പെടുകയുണ്ടായില്ല. അവൻ പറഞ്ഞു: 'തീർച്ചയായും നിന്നെ ഞാൻ കൊന്നുകളയും.' സഹോദരൻ പറഞ്ഞു: 'ഭക്തന്മാരിൽ നിന്നു മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ.' (ഖു. 5:27)

ഇവിടെയാണ് ചരിത്രം നമ്മുടെ നാഗരികതയുടെ നായകൻമാർക്ക് അനശ്വരതയുടെ കിരീടമണിയിക്കുന്നത്. അവർ സാധാരണ സൈനികരോ പൗരന്മാരോ ജേതാക്കളോ ഭരണാധികാരികളോ എന്നത് പ്രശ്നമല്ല. പരാക്രമത്തിനും പ്രതികാരത്തിനും രക്തച്ചൊരിച്ചിലിനും പ്രേരിപ്പിക്കുന്ന പരിതഃസ്ഥിതികളിലും കടുത്ത പോരാട്ടത്തിന്റെ വേദികളിലും അവരെല്ലാം അവലംബിച്ച നീതിപൂർവവും കരുണാനിരതവും മാനുഷികവുമായ സമീപനങ്ങളിൽ മറ്റെല്ലാ നാഗരികതകളുടെയും വക്താക്കളിൽ നിന്ന് പൂർണമായും വേർതിരിക്കപ്പെടുന്നു. യുദ്ധമര്യാദകളുടെ ചരിത്രത്തിൽ അതുല്യവും അദ്ഭുതകരവുമായ ഈ വശത്തെ സംബന്ധിച്ച് ചരിത്രം സത്യസന്ധമായും അനിഷേധ്യമായും പറഞ്ഞുതന്നില്ലായിരുന്നെങ്കിൽ അതൊക്കെ വെറും കെട്ടുകഥകളും പ്രയോഗസാധ്യതയില്ലാത്ത പുരാണങ്ങളും മാത്രമാണെന്ന് ഞാൻ പറയുമായിരുന്നു.

കാടത്തം ലോകത്തെ കീഴ്പ്പെടുത്തിയ കാലത്താണ് നമ്മുടെ നാഗരികതയുടെ നിയോഗമുണ്ടായത്. ശക്തർ ദുർബലരെ കൊല്ലുന്നു; ആയുധധാരികൾ നിരായുധരെ അടിമകളാക്കുന്നു. നിലവിലുള്ള മുഴുവൻ മതനിയമങ്ങളും സമൂഹങ്ങളും ജനതകളും രാഷ്ട്രങ്ങളും ഒരു പരിധിയും നിയന്ത്രണവുമില്ലാതെ യുദ്ധം അനുവദിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. അത് അക്രമപരമാണോ അല്ലേ എന്ന് ആരും അന്വേഷിച്ചിരുന്നില്ല. കൈയൂക്കുള്ളവരെല്ലാം മറ്റുള്ളവരെ അക്രമിച്ച് കീഴ്പ്പെടുത്തി അവരുടെ കിടപ്പാടം കൈയടക്കുകയും മതംമാറ്റത്തിന് നിർബന്ധിക്കുകയും സ്ത്രീപുരുഷന്മാരെ അടിമകളാക്കുകയും ചെയ്തിരുന്നു. അതിലൊന്നും അവർ ഒരപരാധവും വീഴ്ചയും ദർശിച്ചിരുന്നില്ല. എന്നാൽ മനുഷ്യത്വം വന്യമൃഗങ്ങളുടെ വിതാനത്തോളം താണുപോയ ഈ അക്രമവ്യവസ്ഥ അംഗീകരിക്കാൻ ഇസ്‌ലാമിക നാഗരികത സന്നദ്ധമായില്ല. മറിച്ച് സമുദായങ്ങൾക്കിടയിലെ പരസ്പര ബന്ധത്തിന്റെ അടിസ്ഥാനം അന്യോന്യമുള്ള സഹായവും അംഗീകാരവുമാണെന്ന് പ്രഖ്യാപിക്കുകയാണത് ചെയ്തത്.

“മനുഷ്യരേ! ഒരേ സ്ത്രീയിൽനിന്നും പുരുഷനിൽനിന്നുമാണ് നിങ്ങളെ നാം സൃഷ്ടിച്ചത്. നാം നിങ്ങളെ വിവിധ ജനതകളും ഗോത്രങ്ങളുമാക്കി തിരിച്ചത് നിങ്ങളന്യോന്യം തിരിച്ചറിയാൻ വേണ്ടിയാണ്.” (ഖു. 49:13)

അതിനാൽ സമുദായങ്ങൾക്കിടയിലെ സാധാരണ ബന്ധം സമാധാനത്തിലും സുരക്ഷയിലുമധിഷ്ഠിതമത്രെ. “സത്യവിശ്വാസികളേ! നിങ്ങൾ പൂർണമായും ഇസ്‌ലാമിൽ പ്രവേശിക്കുക.” (ഖു. 2:208)

ഏതെങ്കിലും വിഭാഗം മറുഭാഗത്തിന്റെ മേൽ യുദ്ധവും ശത്രുതയും മാത്രമാണവലംബിക്കുന്നതെങ്കിൽ പ്രതിയോഗികളെ പ്രതിരോധിക്കാനുള്ള തയ്യാറെടുപ്പ് അനിവാര്യമത്രെ. അവ്വിധം ചെയ്തില്ലെങ്കിൽ ശത്രുത ശക്തിപ്പെടുകയും അക്രമം അധികരിക്കുകയും ചെയ്യും: “അവർക്കെതിരെ സാധ്യമാവുന്നത്ര ശക്തി സംഭരിക്കുകയും സജ്ജമായി നിൽക്കുന്ന അശ്വനിരയെ ഒരുക്കുകയും ചെയ്യുക. അതുവഴി നിങ്ങൾക്ക് ഭയപ്പെടുത്താം; നിങ്ങളുടെയും അല്ലാഹുവിന്റെയും ശത്രുക്കളെ.” (ഖു. 8:60)

എന്നാൽ പ്രസ്തുത വിഭാഗം ശത്രുത ഉപേക്ഷിക്കുകയും സമാധാനത്തിന് സന്നദ്ധമാവുകയും ചെയ്താൽ അനുകൂലമായി പ്രതികരിക്കൽ അനിവാര്യമത്രെ. “അവർ സന്ധിയുടെ ഭാഗത്തേക്ക് ചായുന്ന പക്ഷം താങ്കളും അതിന് തയ്യാറാവുക. അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്യുക.”(ഖു.8:61)

ശത്രുക്കൾ യുദ്ധത്തിനാണ് മുതിരുന്നതെങ്കിൽ ശക്തി ശക്തിയെ പ്രതിരോധിക്കും. ശത്രുതക്ക് തത്തുല്യമായ പ്രതിഫലവും: “നിങ്ങളോട് യുദ്ധം ചെയ്യുന്നവർക്കെതിരെ അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും

യുദ്ധം ചെയ്യുക." (ഖു. 2:190)

ചുരുക്കത്തിൽ, ഇസ്‌ലാമിക നാഗരികതയുടെ മൂലസിദ്ധാന്തങ്ങൾ ധനം കൊള്ളയടിക്കാനും ജനതതികളുടെ മാനംകെടുത്താനും അവരെ കീഴ്പ്പെടുത്താനുമുള്ള യുദ്ധം നിഷിദ്ധമാക്കിയിരിക്കുന്നു. അതിനാൽ രണ്ടു കാരണങ്ങളാണ് യുദ്ധം അനുവദനീയമാക്കുക:

1. സമുദായത്തിന്റെ ആദർശ, വിശ്വാസ, സംസ്കാര, സംരക്ഷണം.
2. ജനതയുടെ സ്വാതന്ത്ര്യവും മോചനവും രക്ഷയും ഉറപ്പുവരുത്തൽ.

അതേക്കുറിച്ച് അല്ലാഹു പറയുന്നു: "കുഴപ്പമില്ലാതാവുകയും ആധിപത്യം അല്ലാഹുവിനായിത്തീരുകയും ചെയ്യുന്നതുവരെ നിങ്ങളവരോട് യുദ്ധം ചെയ്യുവിൻ. എന്നാലവർ വിരമിക്കുന്നുവെങ്കിൽ അക്രമികളോടല്ലാതെ ഒരക്രമവുമില്ല." (ഖു. 2:193)

യുദ്ധപ്രഖ്യാപനം നടത്തുന്ന വിഭാഗത്തിന്റെ വിശ്വാസ സ്വാതന്ത്ര്യം മാത്രമല്ല; മുഴുവൻ ആദർശങ്ങളുടെ സ്വാതന്ത്ര്യവും എല്ലാമതങ്ങളുടെയും ആരാധനാലയങ്ങളുടെ സംരക്ഷണവും അതിൽപ്പെടുന്നു. "ജനങ്ങളിൽ ചിലരെ മറ്റുചിലരെക്കൊണ്ട് അല്ലാഹു പ്രതിരോധിച്ചില്ലായിരുന്നെങ്കിൽ ദൈവനാമം അധികമായി അനുസ്മരിക്കപ്പെടുന്ന സന്യാസിമഠങ്ങളും ചർച്ചുകളും ജൂതദേവാലയങ്ങളും മുസ്‌ലിം പള്ളികളുമെല്ലാം തകർക്കപ്പെടുമായിരുന്നു." (ഖു. 22:40)

സ്വന്തം സ്വാതന്ത്ര്യവും മാനവും രക്ഷിക്കാനെന്നപോലെ ഇതര വിഭാഗങ്ങളിലെ മർദിതർക്കും ദുർബലർക്കും വേണ്ടി പ്രതിരോധിക്കലും നിർബന്ധമാണെന്ന പ്രഖ്യാപനം നമ്മുടെ നാഗരികതയെ ഏറെ മഹിതമാക്കുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾക്കെന്തുകൊണ്ട് യുദ്ധം ചെയ്തുകൂടാ? 'ഞങ്ങളുടെ നാഥാ! അക്രമികളധിവസിക്കുന്ന ഈ നാട്ടിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കേണമേ; നിന്റെ വകയായി ഒരു രക്ഷാധികാരിയെയും ഞങ്ങൾക്ക് നീ നിയോഗിക്കേണമേ; നിന്റെ വകയായി ഒരു സഹായകനെയും ഞങ്ങൾക്ക് നിയോഗിച്ചുതരേണമേ' എന്നു കേണുകൊണ്ടിരിക്കുന്ന പീഡിതരായ പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി നിങ്ങൾക്കെന്തുകൊണ്ട് യുദ്ധം ചെയ്തുകൂടാ?" (ഖു. 4:75)

ആദർശം, വിശ്വാസം, സ്വാതന്ത്ര്യം, സമാധാനം എന്നിവയുടെ സംരക്ഷണം പ്രഖ്യാപനം ചെയ്യുന്ന യുദ്ധമാണ് ഇസ്‌ലാമിക നാഗരികതയുടെ ഭാഷയിൽ അല്ലാഹുവിന്റെ മാർഗത്തിലുള്ള പോരാട്ടം. അതിൽ രക്തസാക്ഷികളാവുന്നവർക്കാണ് സ്വർഗം സമ്മാനിക്കപ്പെടുക. അല്ലാഹുവിലേക്കടുപ്പിക്കുന്ന യുദ്ധവും അതത്രെ. അതൊഴിച്ചുള്ളതെല്ലാം അക്രമത്തിന്റെയും നാശത്തിന്റെയും മാർഗത്തിലെ യുദ്ധങ്ങളാണ്. ഇസ്‌ലാം അനുവദിച്ച വിശുദ്ധ യുദ്ധത്തെയും ഇതര സമൂഹങ്ങൾ നയിക്കാറുള്ള യുദ്ധ

ങ്ങളെയും ഖുർആൻ ഇങ്ങനെ താരതമ്യം ചെയ്യുന്നു: “സത്യവിശ്വാസി കൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധംചെയ്യുന്നു. അതിനാൽ പിശാ ചിന്റെ കൂട്ടുകാരോട് നിങ്ങൾ പോരാടുക. പിശാചിന്റെ കുതന്ത്രം ഏറെ ദുർബലം തന്നെ.” (ഖു. 4:76)

ഇസ്‌ലാം ദൈവമാർഗത്തിൽ യുദ്ധം പ്രഖ്യാപിക്കുന്നു. അവന്റെ മാർഗം നന്മയുടെയും സത്യത്തിന്റെയും മാന്യതയുടെതുമത്രെ. മറ്റുള്ള വർ പിശാചിന്റെയും പരാക്രമികളുടെയും പാതയിൽ പൊരുതുന്നു. പിശാ ചിന്റെ പാത നാശവും കുഴപ്പവും അക്രമവുമത്രെ.

ഇസ്‌ലാമിലെ യുദ്ധങ്ങളുടെ ലക്ഷ്യം ഇതൊക്കെയായതിനാൽ സത്യ ത്തിന്റെയും നന്മയുടെയും പേരിൽ പോരാട്ടം പ്രഖ്യാപിക്കുമ്പോൾ അത് അധർമത്തിന്റെയും അസത്യത്തിന്റെയും തിന്മയുടെയും മാർഗമവലംബി ക്കാൻ ഒരിക്കലും അനുവദിക്കുന്നില്ല. അതിനാൽ ഇങ്ങോട്ട് യുദ്ധം ചെയ്യു കയും അതിക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവരോടല്ലാതെ പോരാട്ടം പാടില്ലെന്ന് ഇസ്‌ലാമിക നാഗരികത നിഷ്കർഷിക്കുന്നു: “വല്ലവരും നിങ്ങ ളോട് അതിക്രമം ചെയ്താൽ, നിങ്ങളോട് അതിക്രമം ചെയ്ത പ്രകാരം അവരോട് നിങ്ങളും പകരം ചെയ്തുകൊള്ളുക. എന്നാൽ അല്ലാഹുവെ സൂക്ഷിക്കുക. അറിയുക! അല്ലാഹു സൂക്ഷ്മാലുക്കളോടൊപ്പം തന്നെ.” (ഖു. 2:194)

അഥവാ നാം ഈ പരിധി ലംഘിക്കുകയും ഇങ്ങോട്ട് യുദ്ധം ചെയ്യാ ത്തവരോട് അങ്ങോട്ട് യുദ്ധം ചെയ്യുകയും ഉപദ്രവിക്കാത്തവരെ ദ്രോഹി ക്കുകയുമാണെങ്കിൽ നാം അതിക്രമികളായിത്തീരും; വിശുദ്ധ യുദ്ധത്തെ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് തെറ്റിച്ചവരും. “നിങ്ങളോട് യുദ്ധം ചെയ്യുന്നവർക്കെതിരെ അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധംചെ യ്യുക. എന്നാൽ അതിക്രമം അരുത്. അല്ലാഹു അതിക്രമകാരികളെ ഇഷ്ട പ്പെടുന്നില്ലതന്നെ.” (ഖു. 2:190)

“മർദിതർ അക്രമമനുഭവിച്ചശേഷം പ്രതികാരനടപടി സ്വീകരിക്കുന്നു വെങ്കിൽ അവരുടെമേൽ ഒരപരാധവുമില്ല. എന്നാൽ ആളുകളെ ദ്രോഹി ക്കുകയും അന്യായമായി ഭൂമിയിൽ അതിക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവർ കുറ്റവാളികൾതന്നെ. അവർക്കു തന്നെയാണ് വേദനയേറിയ ശിക്ഷ.” (ഖു. 42:41,42)

യുദ്ധമുണ്ടായാൽ നാമൊരിക്കലും നമ്മുടെ തത്ത്വങ്ങളും സിദ്ധാന്ത ങ്ങളും വിസ്മരിക്കാവതല്ല. അങ്ങനെ ക്രൂരത കാണിക്കുകയും കുഴപ്പമു ണ്ടാക്കുകയും അക്രമം പ്രവർത്തിക്കുകയും നാശനഷ്ടങ്ങൾ വരുത്തു കയും അരുത്. തീർച്ചയായും അല്ലാഹുവിനുവേണ്ടി മാത്രമുള്ള പുണ്യ യുദ്ധം അതിന്റെ തുടക്കത്തിലും ശക്തിപ്രാപിച്ച് ചൂട് പിടിക്കുമ്പോഴും മാനുഷികമൂല്യങ്ങൾ മുറുകെ പിടിക്കുകതന്നെ വേണം. അതിനാലാണ് ഹദ്റത്ത് അബൂബക്ർ, ഉസാമയുടെ നേതൃത്വത്തിലുള്ള സൈന്യത്തെ

ഇങ്ങനെ
ഉപദേശിച്ചത്. ചരിത്രത്തിൽ മുമ്പൊരിക്കലും ഇത്തരമൊന്നുണ്ടായിട്ടില്ല: “അംഗഛേദം നടത്തരുത്. കൊച്ചു കുട്ടികളെ കൊല്ലരുത്. വയോവൃദ്ധരെയും വനിതകളെയും വധിക്കരുത്. ഈന്തപ്പനച്ചെടി പിഴുതെറിയുകയോ കരിച്ചുകളയുകയോ ചെയ്യരുത്. ഫലവൃക്ഷങ്ങൾ വെട്ടിനശിപ്പിക്കരുത്. ആഹാരാവശ്യത്തിനല്ലാതെ ആട്, മാട്, ഒട്ടകം എന്നിവയെ കൊല്ലരുത്. സന്യാസിമഠങ്ങളിൽ ആരാധനകളിൽ വ്യാപൃതരായവരുടെ അരികിലൂടെ നിങ്ങൾ പോകുന്നുവെങ്കിൽ അവരെ നിങ്ങൾ വിട്ടേക്കുക. അവർ തങ്ങളുടെ വൃത്തികളിൽ വ്യാപൃതരായിക്കൊള്ളട്ടെ.”

ഇങ്ങനെയാണ് അല്ലാഹുവിന്റെ മാർഗത്തിലുള്ള വിശുദ്ധ യുദ്ധം. അത് നാശത്തിനും ശത്രുതക്കുംവേണ്ടിയുള്ളതല്ല. കരുണാർദ്രവും മാനുഷികവുമായ മൂല്യങ്ങളിലധിഷ്ഠിതമായാണ് ഈ യുദ്ധം തുടരുക. രണ്ടിലൊന്ന് സംഭവിക്കുന്നതുവരെ -വിജയം അല്ലെങ്കിൽ സന്ധി. സന്ധിയാണ് സംഭവിക്കുന്നതെങ്കിൽ അതിലെ കരാറുകൾ അത്യധികം ആദരണീയങ്ങളത്രെ. അവ പാലിക്കൽ നിർബന്ധവും. “അല്ലാഹുവെ മുൻനിർത്തി നിങ്ങൾ വല്ല കരാറും ചെയ്യുന്നുവെങ്കിൽ അത് പൂർത്തീകരിക്കുക. സത്യം ഉറപ്പിച്ച ശേഷം അത് ലംഘിക്കരുത്. അല്ലാഹുവെ നിങ്ങൾ സാക്ഷിയാക്കി വെച്ചിട്ടുണ്ടല്ലോ.’’
(ഖു. 16:91)

അഥവാ വിജയമാണ് സംഭവിക്കുന്നതെങ്കിൽ സത്യത്തിനു വേണ്ടി കോപിക്കുകയും പൊരുതുകയും അതേ പാതയിൽ രക്തസാക്ഷ്യത്തിനൊരുങ്ങുകയും ചെയ്തവരുടെ വിജയമാണ്. അതിനാൽ ഭൂമിയിൽ സത്യത്തിന്റെ സ്തംഭങ്ങൾ സ്ഥാപിക്കാനും ജനങ്ങൾക്കിടയിലെ കുഴപ്പവും അക്രമവും അവസാനിപ്പിക്കാനുമാണ് ശ്രമിക്കുക. “നാം ഭൂമിയിലവർക്ക് സൗകര്യം ചെയ്തുകൊടുത്താൽ അവർ നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും നന്മ കൽപിക്കുകയും തിന്മ തടയുകയും ചെയ്യും. കാര്യങ്ങളുടെ അന്ത്യഫലം നിലകൊള്ളുന്നത് അല്ലാഹുവിങ്കലത്രെ.” (ഖു. 22:41)

വിജയം വരിക്കുന്ന രാഷ്ട്രത്തിന്റെ ജോലികളും വിജയാനന്തരമുള്ള സന്ദേശങ്ങളും നിർണയിക്കുകയാണിവിടെ. ആത്മാവിന്റെ ഔന്നത്യം, സമൂഹത്തിൽ നീതി, നന്മയെ തുണക്കൽ, ജനങ്ങൾക്ക് ഉപകാരം വരുത്തൽ, ഭൂമിയിൽ നാശവും തിന്മയും തടയൽ എന്നിവയാണവ.

നമ്മുടെ നാഗരികതയിൽ യുദ്ധത്തിന്റെ അടിസ്ഥാനങ്ങളും മൂല്യങ്ങളും ഇവയൊക്കെയാണ്. യുദ്ധവുമായി ബന്ധപ്പെട്ട ധാർമിക മൂല്യങ്ങൾ മൂന്നെണ്ണമത്രെ. നീതി, കാരുണ്യം, വാഗ്ദത്ത പാലനം.

---

* പ്രവാചകനായിരുന്ന യൂസുഫ് നബി
** ഇസ്‌ലാമിക രാഷ്ട്രത്തിന്റെ സംരക്ഷണത്തിലുള്ള അമുസ്‌ലിം പൗരന്മാർ

യുദ്ധം സമാധാന സ്ഥാപനത്തിനെന്ന നമ്മുടെ നാഗരികതയുടെ സിദ്ധാന്തം സ്ഥാപിക്കാൻ ഇവിടെ നൽകപ്പെട്ട താത്ത്വിക വിശദീകരണ ങ്ങൾ മാത്രം പര്യാപ്തമല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. കാരണം ഒരു സമുദായത്തിന്റെയും ഔന്നത്യത്തിനും മനുഷ്യത്വത്തിനും കേവലതത്ത്വ ങ്ങ ൾ
തെളിവാകുകയില്ല. പരുഷവും പ്രാകൃതവും മനുഷ്യത്വ ഹീനവും കരു ണാരഹിതവുമായ ജീവിതം നയിക്കുന്നതോടൊപ്പം ജനത്തിന്റെ മുമ്പിൽ മഹിതമായ ആശയങ്ങൾ ഉയർത്തിപ്പിടിക്കുന്ന എത്രയോ ജനസമുദായ ങ്ങളെ നാം കണ്ടതാണ്. സാമ്രാജ്യ ശക്തികൾ നമ്മുടെ നാട്ടിൽ കാണിച്ച വേലകൾ ആർക്കും അജ്ഞാതമല്ലല്ലോ-അവരുടെ ക്രൂരതയുടെയും വഷ ളത്തത്തിന്റെയും ചരിത്രത്തിന് അധികമൊന്നും കാലപ്പഴക്കവുമില്ല. അതി നാൽ യുദ്ധസംബന്ധമായ ഇസ്‌ലാമിക സിദ്ധാന്തങ്ങൾ പ്രായോഗികലോ കത്ത് എന്ത് ചെയ്തുവെന്ന് നമുക്ക് നോക്കാം. അപ്പോൾ ചില മുഖങ്ങൾ കറുക്കുകയും മറ്റുചിലത് പ്രകാശിക്കുകയും ചെയ്യും. കാരണം നാമി വിടെ മറ്റു ജനതകളിൽനിന്നെല്ലാം സവിശേഷരായിത്തീരുന്നു. രണഭൂമി യിൽ മനുഷ്യസ്നേഹപരമായ മൂല്യങ്ങൾ മുറുകെ പിടിക്കുന്നതിൽ നാം തനിച്ചാണ്. മറ്റൊരു ജനതക്കും നാഗരികതക്കും ഇക്കാര്യത്തിൽ നമ്മോ ടൊപ്പം നിൽക്കാനാവില്ല.

ആദ്യമായി നമുക്ക് പ്രവാചകനിൽനിന്നാരംഭിക്കാം. നമ്മുടെ നാഗരി കതയുടെ ശിൽപിയും അതിന്റെ അടിസ്ഥാനങ്ങളുടെയും നിയമ വ്യവ സ്ഥകളുടെയും അധ്യാപകനും അദ്ദേഹമാണല്ലോ. ഇസ്‌ലാമിക നാഗരി കതയുടെ ലക്ഷ്യത്തിന്റെയും സ്വഭാവത്തിന്റെയും സന്ദേശത്തിന്റെയും സത്യസന്ധമായ മാതൃകയാണ് മുഹമ്മദ് നബി. തിരുമേനിയെപ്പോലെ മറ്റേതെങ്കിലും പ്രവാചകനോ പരിഷ്കർത്താവോ ദൈവദൂതനോ തന്റെ ആദർശ പ്രബോധന മാർഗത്തിൽ അത്രയേറെ മർദനവും പ്രയാസവും പീഡനവും അനുഭവിച്ചതായി അറിവില്ല. മക്കയിലെ പതിമൂന്ന് വർഷം പ്രവാചകനും അനുചരന്മാരും കടുത്ത വഞ്ചനകൾക്കും ദ്രോഹങ്ങൾക്കും ആക്ഷേപത്തിനും അക്രമങ്ങൾക്കും ഇരയായി. തിരുമേനിയെയും അനു യായികളെയും വകവരുത്താൻ ഒട്ടേറെ ഗൂഢാലോചനകൾ നടന്നു. മദീ നയിലെ പത്തുവർഷം പൂർണമായും പ്രതിരോധത്തിന്റേതും പോരാട്ട ത്തിന്റേതുമായിരുന്നു. മരണത്തിന് തൊട്ടുമുമ്പ് അറേബ്യൻ ഉപദ്വീപ് അധീനപ്പെടുന്നതുവരെ യുദ്ധവസ്ത്രം അഴിച്ചുവെക്കാൻ തിരുമേനിക്ക് അവസരം ലഭിച്ചിരുന്നില്ല. ആ യുദ്ധങ്ങളിൽ സംബന്ധിച്ച് ആയുധമെ ടുത്ത് പൊരുതുകയും മരിക്കുകയും പരിക്കേൽപിക്കുകയും ചെയ്ത എതി രാളികൾ രക്തദാഹികളും പ്രതികാരമോഹികളുമായിരുന്നു. എന്നാൽ പട ക്കളത്തിൽ പ്രവാചകന്റെ പെരുമാറ്റം എങ്ങനെയായിരുന്നു? ഇസ്‌ലാമിക നാഗരികതയുടെ വക്താവ്, ജനങ്ങളോട് പ്രഖ്യാപിച്ച അതിന്റെ തത്ത്വ ങ്ങൾ എവ്വിധം പ്രയോഗവത്കരിച്ചു?

ഉഹുദിൽ നബിയുടെ നിർദേശങ്ങൾ നിരാകരിച്ച് മുസ്‌ലിംകൾ പിന്തിരിഞ്ഞുപോവുകയും പ്രതിയോഗികൾ പ്രവാചകനെ വലയം ചെയ്ത് വധിച്ചുകളയാൻ ആവുംവിധം ശ്രമിക്കുകയും ചെയ്തപ്പോൾ ഏതാനും അനുചരന്മാർ അവിടുത്തെ രക്ഷിക്കാനായി ജീവന്മരണ പോരാട്ടം നടത്തി. അങ്ങനെ തിരുമേനി യുദ്ധക്കളത്തിൽ നിന്ന് മുറിവേറ്റ് പുറത്തുവന്നു. അദ്ദേഹത്തിന്റെ മുൻപല്ല് പൊട്ടുകയും മുഖത്ത് മുറിവ് പറ്റുകയും സ്വന്തം അങ്കിയുടെ കണ്ണികൾ കവിൾത്തടത്തിൽ തട്ടുകയും ചെയ്തു. അപ്പോൾ നബിയുടെ ചില അനുചരന്മാർ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, താങ്കൾ ശത്രുക്കൾക്കെതിരെ പ്രാർഥിച്ചിരുന്നെങ്കിൽ." എന്നാൽ പ്രവാചകന്റെ പ്രതികരണമിതായിരുന്നു: "അല്ലാഹു എന്നെ നിയോഗിച്ചത് ജനങ്ങളെ ശപിക്കുന്നവനായല്ല. പ്രബോധകനായാണ്. അവർക്ക് കാരുണ്യമായും. അല്ലാഹുവേ, നീ എന്റെ ജനതക്ക് മാർഗദർശനം നൽകേണമേ! അവർ അറിവില്ലാത്തവരാണ്." യുദ്ധത്തിന് നിർബന്ധിക്കപ്പെടുന്ന സത്യത്തിന്റെ ഭാഷയാണിത്. രക്തം ചിന്താനുള്ള ആഗ്രഹമല്ല; ദുർമാർഗികളെ നേർവഴിയിലേക്ക് നയിക്കാൻ അടർക്കളത്തിലിറങ്ങിയ ദൈവദൂതന്റെ ഭാഷ!

ഇതേ ഉഹുദ് യുദ്ധത്തിൽ പ്രമുഖ പോരാളിയായ ഹദ്റത്ത് ഹംസ വധിക്കപ്പെട്ടു. പ്രവാചകന്റെ പിതൃവ്യനായ അദ്ദേഹം ധീരരായ അറേബ്യൻ യോദ്ധാക്കളിൽ പ്രമുഖനും പ്രസിദ്ധനുമായിരുന്നു. വഹ്ശി എന്ന ഒരാളാണ് അദ്ദേഹത്തെ വധിച്ചത്. അബൂസുഫ്‌യാന്റെ ഭാര്യ ഹിന്ദ് ആയിരുന്നു അതിനയാളെ പ്രേരിപ്പിച്ചത്. അങ്ങനെ ഹംസ മരിച്ചുവീണപ്പോൾ ഹിന്ദ് ആ ധീരയോദ്ധാവിന്റെ കരൾ പിഴുതെടുക്കുകയും തന്റെ കോപവും പ്രതികാരവാഞ്ഛയും ശമിക്കുവോളം കടിച്ചുതുപ്പുകയും ചെയ്തു.

പിന്നീട് ഹിന്ദും വഹ്ശിയും ഇസ്‌ലാം ആശ്ലേഷിച്ചു. അപ്പോൾ നബിയുടെ സമീപനമെന്തായിരുന്നു? അവിടുന്ന് ഹിന്ദിന് മാപ്പുകൊടുത്തു. മറ്റൊന്നും ചെയ്തില്ല. വഹ്ശി ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പ് അദ്ദേഹത്തോട് പറഞ്ഞു: "സാധിക്കുമെങ്കിൽ താങ്കൾ ഞങ്ങളിൽ നിന്നൽപം ദൂരെ മാറിത്താമസിക്കുന്നത് നന്നായിരിക്കും." സ്വന്തം പിതൃവ്യനെ ക്രൂരമായി കൊലപ്പെടുത്തുകയും അദ്ദേഹത്തിന്റെ കരൾ കടിച്ചുതുപ്പുകയും ചെയ്തവരോടുള്ള തിരുമേനിയുടെ നയമായിരുന്നു ഇത്!

ഒരു യുദ്ധത്തിൽ ശത്രുപക്ഷത്തെ ഒരു സ്ത്രീ വധിക്കപ്പെട്ടത് പ്രവാചകന്റെ ശ്രദ്ധയിൽപ്പെട്ടു. അപ്പോൾ അവിടുന്ന് അനിഷ്ടവും അമർഷവും പ്രകടിപ്പിച്ചുകൊണ്ടിങ്ങനെ പറഞ്ഞു: "സ്ത്രീകളെ കൊല്ലുന്നത് ഞാൻ നിങ്ങളോട് വിലക്കിയിട്ടില്ലേ? അവർ നിങ്ങളോട് യുദ്ധം ചെയ്തിരുന്നില്ലല്ലോ." സൈന്യങ്ങളെ നയിക്കുകയും പടക്കളത്തിൽ പങ്കെടുക്കുകയും ചെയ്ത പോരാളിയായ പ്രവാചകൻ ഉയർന്ന മാനുഷിക മൂല്യങ്ങൾ പ്രയോഗവത്കരിക്കയാണിവിടെ.

മക്കാ വിജയഘട്ടത്തിൽ പതിനായിരം യോദ്ധാക്കളുടെ നേതാവായി ക്കൊണ്ട് നബി അവിടെ പ്രവേശിച്ചു. അവിടുന്ന് കഅ്ബയുടെ വാതിലിൽ കയറിനിന്നു. ഖുറൈശികൾ ഒന്നടങ്കം കീഴടങ്ങി കാൽച്ചുവട്ടിൽ അണിനിരന്നിരിക്കുന്നു. നീണ്ട ഇരുപത്തൊന്ന് വർഷത്തെ പ്രതിരോധത്തിനുശേഷം ജേതാവായി മാറിയ പ്രവാചകന്റെ തീരുമാനം പ്രതീക്ഷിച്ചിരിക്കുകയാണവർ. അപ്പോൾ അദ്ദേഹം അവരോട് ചോദിച്ചു: “നിങ്ങളെ ഞാനെന്ത് ചെയ്യു മെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്?” അവർ പറഞ്ഞു: “നല്ലത്! കാരണം താങ്കൾ മാന്യനായ സഹോദരനാണ്. മാന്യനായ സഹോദരന്റെ മകനും.” അതിന് പ്രവാചകന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: ‘ ‘ എ െ ന്റ സഹോദരൻ യൂസുഫ്* മുമ്പ് പറഞ്ഞത് തന്നെയാണ് ഇന്ന് ഞാൻ നിങ്ങളോടും പറയുന്നത്: ഇന്ന് നിങ്ങൾക്കെതിരെ പ്രതികാരമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരട്ടെ. അവൻ ഏറ്റവുമധികം കരുണ കാണിക്കുന്നവനത്രെ. അതിനാൽ നിങ്ങൾ പോകൂ! നിങ്ങൾ സ്വതന്ത്രരാണ്.” മാനവതയെ നന്മ പഠിപ്പിച്ച പ്രവാചകനായ മുഹമ്മദാണിത്. അധികാരത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി രക്തം ചിന്തുകയും വിജയവികാരം ഉന്മത്തനാക്കുകയും ചെയ്ത രക്തദാഹിയായ സൈനിക മേധാവിയല്ല.

തിരുമേനിക്കു ശേഷം അവിടുത്തെ അനുചരന്മാരും ഉത്തരാധികാരികളും തങ്ങളുടെ യുദ്ധങ്ങളിലും വിജയങ്ങളിലും പ്രവാചകനെ പൂർണമായും പിന്തുടർന്നു. അവർ അദ്ദേഹം കാണിച്ച വഴിയിലൂടെ സഞ്ചരിച്ചു. ഉയർത്തിപ്പിടിച്ച തത്ത്വങ്ങൾ മുറുകെപ്പിടിച്ചു. ഏറ്റവും പ്രയാസകരമായ പരിതഃസ്ഥിതികളിൽപ്പോലും പാളിപ്പോയില്ല. മഹത്തായ വിജയങ്ങൾ കൈവന്നപ്പോൾ ഉന്നതമായ തത്ത്വങ്ങളും മൂല്യങ്ങളും വിസ്മരിച്ചതുമില്ല. അങ്ങനെ അവർ പ്രവാചകൻ കത്തിച്ചുവെച്ച വിളക്കിൽ നിന്ന് വെളിച്ചം കൊളുത്തിയെടുത്ത് അവിടുന്ന് തെളിയിച്ച പാതയിലൂടെ സഞ്ചരിച്ചു.

ലബനാനിലെ നിവാസികളിൽ ചിലർ തങ്ങളുടെ ഗവർണർ അലിയ്യുബ്നു അബ്ദില്ലാഹിബ്നി അബ്ബാസിനെതിരെ കലാപക്കൊടിയുയർത്തി. അതിനാൽ അദ്ദേഹം അവരോട് യുദ്ധം ചെയ്ത് വിജയം വരിച്ചു. അപ്പോൾ അവരിൽ ചിലരെ തങ്ങളുടെ താമസസ്ഥലത്തുനിന്ന് മറ്റിടങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ച് അവരെ വിഭജിക്കുന്നത് നല്ലതാണെന്ന് അദ്ദേഹത്തിന് തോന്നി. പരിഷ്കൃത സമൂഹങ്ങളിലെ ഭരണാധികാരികളിന്ന് സാധാരണ അവലംബിക്കാറുള്ള രീതികളെ അപേക്ഷിച്ച് എത്രയോ നിസ്സാരമാണിത്. എന്നാൽ അതിന്റെ നേരെ സിറിയയിലെ പണ്ഡിതനും ചിന്തകനുമായ ഇമാം ഔസഈ പ്രതികരിച്ചത് എപ്രകാരമാണെന്നോ? വിപ്ലവത്തിൽ പങ്കെടുക്കാത്തവരെ പങ്കെടുത്തവരെപ്പോലെ ശിക്ഷിക്കുന്നതിലും ലബനാനിലെ നിവാസികളിൽ ചിലരെ മാറ്റിത്താമസിപ്പിക്കുന്നതിലും തനിക്കുള്ള ശക്തമായ അമർഷം പ്രകടിപ്പിച്ചും ഗവർണറെ

വിമർശിച്ചും അദ്ദേഹത്തിന് കത്തെഴുതുകയാണ് ആ പണ്ഡിതവര്യൻ ചെയ്തത്. അദ്ദേഹമയച്ച സന്ദേശത്തിലിങ്ങനെ രേഖപ്പെടുത്തിയിരുന്നു:

"താങ്കൾ ലബനാൻമലയിൽനിന്ന് ചില ദിമ്മി**കളെ വധിച്ചിട്ടുണ്ടെന്നും മറ്റു ചിലരെ മാറ്റിത്താമസിപ്പിച്ചിട്ടുണ്ടെന്നും അറിയാൻ കഴിഞ്ഞു. അവരിൽ ചിലരെല്ലാം കലാപത്തിൽ പങ്കെടുത്തവരാണ്. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ തെറ്റിന്റെ പേരിൽ താങ്കൾ എങ്ങനെയാണ് ജനങ്ങളെ ഒന്നടങ്കം ശിക്ഷിക്കുക? അങ്ങനെ സ്വന്തം സ്വത്തുക്കളിൽ നിന്നും വീടുകളിൽനിന്നും അവരെ അകറ്റിനിർത്തുകയോ? ആരും മറ്റൊരാളുടെ പാപഫലം ഏറ്റെടുക്കേണ്ടതില്ലെന്നാണല്ലോ അല്ലാഹുവിന്റെ വിധി. ഏറ്റവും നല്ല നിലപാടും ശരിയായ രീതിയും അതത്രെ. താങ്കൾ പാലിക്കാനും മുറുകെപ്പിടിക്കാനും ഏറ്റവുമധികം കടപ്പെട്ടത് നബിയുടെ ഉപദേശമാണ്. അവിടുന്ന് അരുൾ ചെയ്യുന്നു: 'ആരെങ്കിലും ദിമ്മിയെ ദ്രോഹിക്കുകയോ അസാധ്യമായതിന് നിർബന്ധിക്കുകയോ ചെയ്താൽ അന്ത്യദിനത്തിൽ ഞാനവന്റെ ശത്രുവായിരിക്കും' (അബൂദാവൂദ്, ബൈഹഖി).

താൻ നാടുകടത്തിയവരെ ആദരപൂർവം തിരിച്ചുകൊണ്ടുവരികയല്ലാതെ ലബനാൻ ഗവർണർക്ക് ഗത്യന്തരമുണ്ടായിരുന്നില്ല. ഈ സംഭവവുമായി ബന്ധിപ്പിക്കാനുദ്ദേശിക്കുന്നില്ലെങ്കിലും ഫ്രഞ്ചുകാർ നമ്മുടെ നാട് ഭരിച്ചുകൊണ്ടിരിക്കെ നാം അവരുമായി നടത്തിയ സ്വാതന്ത്ര്യസമരത്തിൽ അവർ നമ്മോട് അവലംബിച്ച നയവും ഇന്ന് ഉത്തരാഫ്രിക്കയിലെ അറബികളോട് സ്വീകരിക്കുന്ന സമീപനവും നമുക്കിവിടെ അനുസ്മരിക്കാവുന്നതാണ്. ഒറ്റയടിക്ക് പതിനായിരക്കണക്കിനാളുകളെയാണവർ പരലോകത്തേക്കയക്കുന്നത്. ദശക്കണക്കിന് നഗരങ്ങളും ഗ്രാമങ്ങളും അവയുടെ നിവാസികളോടൊപ്പം നശിപ്പിച്ച് നിലംപരിശാക്കുന്നു. അവിടങ്ങളിലാരും താമസിച്ചിരുന്നിട്ടില്ലാത്തവിധം തകർത്ത് തരിപ്പണമാക്കുന്നു.

ഫലസ്തീൻ സ്വാതന്ത്ര്യസമരത്തിൽ അറബികളോട് ഇംഗ്ലീഷുകാർ സ്വീകരിച്ച പ്രാകൃതമായ രീതികളും ഓർക്കേണ്ടതുതന്നെ. ആധുനിക പരിഷ്കൃത നാഗരികതകളുടെ ഈ നെറികേടുകൾക്ക് നടുവിൽ നിൽക്കുമ്പോൾ യുദ്ധങ്ങളിലും വിജയങ്ങളിലും ഇസ്‌ലാം അവലംബിച്ച അതിമഹിതമായ മാതൃകകൾ ആർക്കും അനായാസം മനസ്സിലാക്കാവുന്നതാണ്.

ഉമറുബ്നു അബ്ദിൽ അസീസ് അധികാരമേറ്റെടുത്തപ്പോൾ സമർഖന്തിൽനിന്ന് ഒരു നിവേദകസംഘം അദ്ദേഹത്തെ സന്ദർശിച്ചു. മുസ്‌ലിം സേനാനായകൻ ഖുതൈബ തങ്ങളുടെ പട്ടണത്തിൽ പ്രവേശിച്ച് അവിടെ

* ഈ സംഭവത്തെ സംബന്ധിച്ച് പ്രസിദ്ധ ചരിത്രകാരനായ ഗിബ്ബൺ എഴുതുന്നു: "ക്രിസ്ത്യാനികളുടെ ദൈവത്തിനായി രക്തപങ്കിലമായ ഒരർച്ചനതന്നെ നടത്തപ്പെട്ടു. മൂന്നു ദിവസമവർ ക്രൂരമായ കൂട്ടക്കൊലകൾ നടത്തി. മൃതശരീരങ്ങളിൽ നിന്നുദ്ഭവിച്ച രോഗബീജങ്ങൾ ഒരുതരം പകർച്ചവ്യാധി പരത്തി. കുരിശു സൈന്യം എഴുപതിനായിരം മുസ്‌ലിംകളെ വാളിന്നിരയാക്കി. നിരപരാധരായ ജൂതരെ അവരുടെ ദേവാല

മുസ്‌ലിംകളെ അന്യായമായി കുടിയിരുത്തിയതായി അവരദ്ദേഹത്തോട് പരാതിപ്പെട്ടു. ഉടനെ അവരുടെ ആവലാതിയെ സംബന്ധിച്ച് അന്വേഷിക്കാൻ ഒരു ന്യായാധിപനെ നിശ്ചയിക്കാൻ ഉമർ രണ്ടാമൻ അവിടത്തെ തന്റെ ഗവർണറോട് നിർദേശിക്കുകയുണ്ടായി. മുസ്‌ലിംകൾ സമർഖന്തിൽനിന്ന് പുറത്ത് പോകണമെന്നാണ് വിധിയെങ്കിൽ അവരങ്ങനെ ചെയ്യണമെന്നും കൽപിച്ചു.

അങ്ങനെ ഗവർണർ അവരുടെ പരാതിയെപ്പറ്റി പഠിക്കാനായി ജമീഅ്ബുനു ഹാളിറുൽബാജിയെ ന്യായാധിപനായി നിശ്ചയിച്ചു. എന്നാൽ മുസ്‌ലിമായ ആ ജഡ്ജി വിധിച്ചത് മുസ്‌ലിംകൾ പുറത്ത് പോകണമെന്നായിരുന്നു! മാത്രമല്ല, മുസ്‌ലിം സേനാനായകൻ ഇസ്‌ലാമിക യുദ്ധമര്യാദകളനുസരിച്ച് അവരുമായുണ്ടാക്കിയ കരാറുകളെല്ലാം ദുർബലപ്പെടുത്തുകയും അവർക്ക് മുന്നറിയിപ്പ് നൽകിയശേഷം പെട്ടെന്ന് അക്രമിക്കാതെ, അവർ സമരസജ്ജരാവുന്നത്‌വരെ കാത്തിരിക്കണമെന്നും അദ്ദേഹം നിർദേശിക്കുകയുണ്ടായി!

ചരിത്രത്തിൽ തുല്യതയില്ലാത്തവിധം രാഷ്ട്രം അതിന്റെ സൈന്യത്തിന്റെയും സേനാനായകന്റെയും മേൽ ഇവ്വിധം നീതി നടത്തുന്നത് നേരിൽകാണാനിടയായ സമർഖന്ത്‌വാസികൾ പറഞ്ഞു: "ഈ സമൂഹത്തോട് യുദ്ധം ചെയ്യുന്നത് ശരിയല്ല. അവരുടെ ഭരണം അനുഗ്രഹവും കാരുണ്യവുമായിരിക്കും." അങ്ങനെ ഇസ്‌ലാമികസേന അവിടെ അവശേഷിക്കുന്നതിലവർ സംതൃപ്തി പ്രകടിപ്പിക്കുകയും മുസ്‌ലിംകൾ തങ്ങൾക്കിടയിൽ താമസിക്കുന്നത് അനുവദിക്കുകയും ചെയ്തു.

ഈ സംഭവത്തിന് സമാനതയെവിടെ? സൈന്യം ഒരു പട്ടണം ജയിച്ചടക്കി അതിൽ പ്രവേശിക്കുന്നു; അപ്പോൾ പരാജിതർ വിജയിച്ചവരുടെ ഭരണകൂടത്തോട് പരാതി പറയുന്നു; അങ്ങനെ അവിടത്തെ ന്യായാധിപൻ വിജയം വരിച്ച സേനക്കെതിരെ വിധി പ്രഖ്യാപിക്കുകയും അവർ

---

യങ്ങളിലിട്ട് ദഹിപ്പിച്ചു.'' പ്രമുഖ ചരിത്രപണ്ഡിതനായ മിൽസ് എഴുതുന്നു: "പ്രായാധിക്യമോ അബലകളായ സ്ത്രീകളുടെ നിസ്സഹായതയോ ലാറ്റിൻ കിങ്കരന്മാർ പരിഗണിച്ചില്ല. ഗേഹങ്ങൾ വിശുദ്ധ വാസസ്ഥലങ്ങളായി ഗണിച്ചതുമില്ല." അദ്ദേഹം തന്നെ മറ്റൊരിടത്ത് രേഖപ്പെടുത്തുന്നു: "പരാജിതരെ പൊതുസ്ഥലങ്ങളിൽ കൊണ്ടുവന്നു. മാറിൽ കുഞ്ഞുങ്ങളെ ചേർത്തുപിടിച്ചിരുന്ന സ്ത്രീകളും ബാലികാബാലന്മാരുമെല്ലാം നിർദയം വധിക്കപ്പെട്ടു. തെരുവുകളിലും അങ്ങാടികളിലും ജറൂസലമിലെ വാസശൂന്യമായ സ്ഥലങ്ങളിലുമെല്ലാം സ്ത്രീകളുടെയും പുരുഷന്മാരുടെയും ശവശരീരങ്ങളും കൊച്ചുകുട്ടികളുടെ ഛേദിക്കപ്പെട്ട അവയവങ്ങളും ചിതറിക്കിടന്നു. ദീനദയാലുതയാലോ ധർമബോധത്താലോ ആരുടെയും മനസ്സ് അലിഞ്ഞില്ല. അംഗവിഛേദം ചെയ്യപ്പെട്ട ശവശരീങ്ങൾ ഉമറിന്റെ പള്ളിയിൽനിന്ന് രക്തത്തിലൂടെ മുറ്റത്തേക്കൊഴുകിവന്നു. അറ്റുവീണ കൈകാലുകൾ ഒഴുകിവന്ന് മറ്റ് ശവശരീരങ്ങളോട് ചേർന്നുനിന്നു. ഈ വിശുദ്ധ ദേവാലയത്തിൽ വെച്ചുമാത്രം പതിനായിരം പേരെ ശിരഛേദം ചെയ്തിരുന്നു. ചീന്തിക്കളയപ്പെട്ടതും തലയില്ലാത്തതുമായ ശരീരഭാഗങ്ങളെക്കാൾ ഭീകരമായിരുന്നു മുസ്‌ലിംകളുടെ രക്തത്തിൽ കുളിച്ചുനിന്ന ജേതാക്കളുടെ ബീഭത്സ രൂപങ്ങൾ. അവർ ഒരു വിഭാഗത്തെ ക്രൂരമായി കൊന്നൊടുക്കി. മറ്റുള്ളവരെ ദേവാലയങ്ങളുടെയും സ്തംഭങ്ങളുടെയും മുകളിൽ നിന്ന് താഴേക്കെറിഞ്ഞു."
- വിവ.

നാടുവിടണമെന്ന് നിർദേശിക്കുകയും ചെയ്യുന്നു; എന്നിട്ട് തദ്ദേശവാസികൾ ജേതാക്കൾ അവിടം വിടുന്നതിൽ അസംതൃപ്തി പ്രകടിപ്പിക്കുകയും അതു വിലക്കുകയും ചെയ്യുക! ആധുനികവും പുരാതനവുമായ ചരിത്രത്തിലെവിടെയും ഇതിന് തല്യത കാണുക സാധ്യമല്ല. ഇസ്‌ലാമിക സേന സത്യത്തിന്റെയും ധർമത്തിന്റെയും തത്ത്വങ്ങളാൽ ഇവ്വിധം ബന്ധിതമായപോലെ സ്വന്തം അനുയായികൾ ഇത്തരം മൂല്യങ്ങൾ മുറുകെപ്പിടിക്കാൻ നിർബന്ധിതമായ മറ്റൊരു യുദ്ധവും വേറെ കാണുകയില്ല. ഒരൊറ്റ ജനതയിലും സമുദായത്തിലും ഞാനിതിന് സമാനത ദർശിച്ചിട്ടില്ല.

ജേതാക്കളായ മുസ്‌ലിം സൈന്യം ദമസ്കസും ഹിംസും സിറിയയിലെ മറ്റ് നഗരങ്ങളും കീഴ്പ്പെടുത്തിയപ്പോൾ അവിടത്തെ നിവാസികളുമായി സന്ധിയുണ്ടാക്കി. അവരെ പരാക്രമങ്ങളിൽ നിന്ന് പ്രതിരോധിക്കുന്നതിനും സംരക്ഷിക്കുന്നതിനും പകരമായി നിശ്ചിത സംഖ്യ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഹിരാക്ലിറ്റസ് മുസ്‌ലിംകളെ നേരിടാൻ വളരെ വലിയ സൈന്യത്തെ സജ്ജമാക്കിയിട്ടുണ്ടെന്ന വിവരം ലഭിച്ചപ്പോൾ അവരെ നേരിടാൻ ഏറ്റവും നല്ല മാർഗം ജയിച്ചടക്കിയ വിവിധ പട്ടണങ്ങളിൽ നിന്ന് പിന്മാറി എല്ലാവരും ഒരു സ്ഥലത്ത് ഒരുമിച്ചുകൂടലാണെന്ന് മുസ്‌ലിം സേനാനായകൻമാർ മനസ്സിലാക്കി. അതനുസരിച്ച് ദമസ്കസിലെയും ഹിംസിലെയും മറ്റു പട്ടണങ്ങളിലെയും മുസ്‌ലിം പട്ടാളക്കാർ പിന്മാറി.

അപ്പോൾ ഖാലിദുബ്നുൽ വലീദ് ഹിംസ് വാസികളെയും അബൂ ഉബൈദ ദമസ്കസുകാരെയും മറ്റു സേനാനായകന്മാർ ഇതര നഗരവാസികളെയും ഒരുമിച്ചുകൂട്ടി അവരോടിങ്ങനെ പറഞ്ഞു: "ഞങ്ങൾ നിങ്ങളിൽനിന്നു ധനം സ്വീകരിച്ചിരുന്നത് നിങ്ങളെ സംരക്ഷിക്കുകയും നിങ്ങൾക്കു വേണ്ടി പ്രതിരോധിക്കുകയും ചെയ്യാമെന്ന അടിസ്ഥാനത്തിലാണ്. എന്നാൽ ഞങ്ങളിപ്പോൾ പോവുകയാണ്. നിങ്ങളുടെ സംരക്ഷണം ഞങ്ങൾക്ക് സാധ്യമല്ലാതായിരിക്കുന്നു. അതിനാൽ നിങ്ങളുടെ ധനം ഞങ്ങൾ നിങ്ങൾക്കുതന്നെയിതാ മടക്കിത്തരുന്നു."

ഇതുകേട്ട് ആശ്ചര്യഭരിതരായ നഗരവാസികൾ പറഞ്ഞു: "നിങ്ങൾ തിരിച്ചുവരാൻ ദൈവം തുണക്കട്ടെ. അവൻ നിങ്ങളെ സഹായിക്കുമാറാകട്ടെ. ദൈവമാണ! നിങ്ങളുടെ ഭരണവും നീതിയുമൊക്കെയാണ് റോമാക്കാരുടെ അക്രമത്തെക്കാളും അനീതിയെക്കാളും ഞങ്ങൾക്കേറെ പ്രിയങ്കരം. ദൈവത്താണ! നിങ്ങളുടെ സ്ഥാനത്ത് അവരായിരുന്നെങ്കിൽ അവർ എടുത്ത ഒന്നും ഞങ്ങൾക്ക് തിരിച്ചുതരുമായിരുന്നില്ല. എന്നല്ല; അതോടൊപ്പം കൂടെകൊണ്ടുപോകാൻ കഴിയുന്നേടത്തോളം അവർ കൈവശപ്പെടുത്തുകയും ചെയ്യുമായിരുന്നു."

യഥാർഥത്തിൽ അതിലൊരദ്ഭുതവുമില്ല. ആധുനിക ലോകത്തും ഏതെങ്കിലും പട്ടാളത്തിന് വല്ല പട്ടണത്തിൽ നിന്നും പിന്മാറേണ്ടിവന്നാൽ ശത്രുവിന് ഉപകരിക്കുന്ന ഒന്നും അവിടെ വിട്ടേക്കുന്ന പതിവില്ലല്ലോ. അതി

നാൽ ഇസ്‌ലാമിക നാഗരികതയിൽ സംഭവിച്ചതിന് സമാനമായ വല്ലതും ആരെങ്കിലും കേട്ടിട്ടുണ്ടോ? അല്ലാഹുവാണ! ഉന്നതമായ മാതൃകയിലും അതിന്റെ വിജയത്തിലും ഞാൻ വിശ്വസിച്ചിരുന്നില്ലെങ്കിൽ; അങ്ങനെ ഇന്നത്തെ രാഷ്ട്രീയക്കാരെപ്പോലെ തങ്ങളുടെ താത്പര്യത്തിനു മുമ്പിൽ മുഴുവൻ മൂല്യങ്ങളും തത്ത്വങ്ങളും ബലികഴിക്കുന്നവരുടെ ഗണത്തിലായിരുന്നെങ്കിൽ, മുസ്‌ലിം സേനാനായകന്മാർ ഉയർന്ന മാതൃകയും ഉദാത്തമായ തത്ത്വങ്ങളും മുറുകെപ്പിടിച്ചത് തികഞ്ഞ വിഡ്ഢിത്തവും ബുദ്ധിശൂന്യതയുമാണെന്ന് ഞാനും പറയുമായിരുന്നു. എന്നാലവർ വിശ്വാസികളുടെ സമൂഹമായിരുന്നു. പ്രവർത്തിക്കാത്തത് പറയാതിരിക്കാൻ നിർബന്ധിതരും.

സിറിയയിൽ താതാരികളുമായുള്ള യുദ്ധത്തിൽ ധാരാളം മുസ്‌ലിംകളും ക്രിസ്ത്യാനികളും ജൂതന്മാരും തടവുകാരായി പിടിക്കപ്പെട്ടു. പിന്നീട് താതാരി നേതാവിനോടൊപ്പം ശൈഖുൽ ഇസ്‌ലാം ഇബ്നുത്തൈമിയ്യ ബന്ധനസ്ഥരുടെ മോചനപ്രശ്നം ചർച്ചചെയ്തപ്പോൾ മുസ്‌ലിം തടവുകാരെ മാത്രം സ്വതന്ത്രരാക്കാമെന്ന് വാക്കുകൊടുത്തു. ക്രിസ്ത്യാനികളെയും ജൂതന്മാരെയും മോചിപ്പിക്കാനാവില്ലെന്നറിയിക്കുകയും ചെയ്തു.

എന്നാൽ ശൈഖുൽ ഇസ്‌ലാം ഇതംഗീകരിച്ചില്ല. അദ്ദേഹം പ്രഖ്യാപിച്ചു: "മുഴുവൻ ക്രിസ്ത്യാനികളെയും ജൂതന്മാരെയും മോചിപ്പിക്കുക തന്നെ വേണം. കാരണം അവർ ഞങ്ങളുടെ സംരക്ഷണത്തിലുള്ളവരാണ്. മുസ്‌ലിംകളിൽ നിന്നെന്നപോലെ അവരിൽ(ദിമ്മികൾ)നിന്ന് ആരെയും ബന്ധനസ്ഥരായി വിട്ടേക്കാൻ ഞങ്ങളനുവദിക്കില്ല."

മധ്യനൂറ്റാണ്ടുകളിൽ പാശ്ചാത്യർ ഇസ്‌ലാമിക ലോകത്തിന്റെ നേരെ അഴിച്ചുവിട്ട കുരിശുയുദ്ധത്തിന്റെ കഥ കേട്ടിട്ടില്ലേ? മുസ്‌ലിംകൾ തങ്ങളുടെ മുഴുവൻ മൂല്യങ്ങളും മുറുകെപ്പിടിച്ചു, കരാറുകൾ പാലിച്ചു. എന്നാൽ മറുപക്ഷം വഞ്ചന കാണിക്കുകയാണുണ്ടായത്. നാം സഹിഷ്ണുത പുലർത്തിയപ്പോൾ കുരിശു സൈനികർ പ്രതികാര നടപടികളിൽ മുഴുകി. ഇസ്‌ലാമിക സൈന്യം രക്തം ചിന്താതിരിക്കാൻ പരമാവധി ശ്രമിച്ചപ്പോൾ അവർ കഴിയുന്നത്ര ചോരയൊഴുക്കാനാണ് ബദ്ധപ്പാട് കാണിച്ചത്. അവർ രക്തോത്സവങ്ങൾ നടത്തുകയും അതിൽ ഭ്രാന്തമായ നിർവൃതിയും പൈശാചികമായ സംതൃപ്തിയും കണ്ടെത്തുകയും ചെയ്തു.

രണ്ടാം കടന്നാക്രമണവേളയിൽ കുരിശു സേന മഹറുന്നുഅ്മാനിലെത്തിയപ്പോൾ അവരവിടം ഉപരോധിക്കുകയും തദ്ദേശവാസികളോട്

* പ്രമുഖ ചരിത്രകാരനായ മിൽസ് എഴുതുന്നു: "ജറൂസലം വിട്ട് അനേകം ക്രിസ്ത്യാനികൾ അൻത്വാകിയയിൽ പോയി. ബൊഹമണ്ടു അവരെ സ്വീകരിച്ചില്ലെന്നു മാത്രമല്ല, കൊരടാവ് കൊണ്ടടിക്കുകയും ചെയ്തു. എന്നാൽ അയ്യൂബിയുടെ അടുക്കൽ ചെന്നപ്പോൾ അവർ വേണ്ടവിധം സ്വീകരിക്കപ്പെടുകയുണ്ടായി. -വിവ:

** അദ്ദേഹത്തിന്റെ സവിശേഷമായ ഈ സ്വഭാവം വിവരിച്ചുകൊണ്ട് പ്രസിദ്ധ ചരിത്രപണ്ഡിതനായ മിക്കാഡ് എഴുതുന്നു: "അദ്ദേഹം തടവുകാരായ കുട്ടികളെ മാതാ

കീഴടങ്ങാൻ കൽപിക്കുകയും ചെയ്തു. അവരുടെ ജീവനും ധനവും മാനവും സംരക്ഷിക്കാമെന്ന് ഉറപ്പു നൽകുകയും ചെയ്തു. എന്നാൽ പ്രദേശവാസികൾ കീഴടങ്ങിയ ശേഷം അവർ പട്ടണത്തിൽ പ്രവേശിച്ച് നടത്തിയ ക്രൂരതകളും വഷളത്തങ്ങളും വിവരണാതീതങ്ങളത്രെ. അവിടം ആക്രമിച്ച് അറുകൊല നടത്തിയ സൈനികരോടൊപ്പമുണ്ടായിരുന്ന ചില ഫ്രഞ്ച് ചരിത്രകാരന്മാരുടെ കണക്കനുസരിച്ച് ഒരു ലക്ഷത്തോളം പേർ നിഷ്കരുണം വധിക്കപ്പെടുകയുണ്ടായി. അവരിൽ സ്ത്രീകളും കുട്ടികളും വൃദ്ധന്മാരുമെല്ലാമുണ്ടായിരുന്നു.

പിന്നീട് കുരിശു സൈന്യം ബൈതുൽമുഖദ്ദസിലേക്ക് പ്രയാണം തുടർന്നു. അവിടം ഉപരോധിച്ചു. അതോടെ തങ്ങൾ പരാജിതരാണെന്നും രക്ഷാമാർഗമില്ലെന്നും മനസ്സിലാക്കിയ അവിടത്തുകാർ ശത്രുസൈന്യത്തിന്റെ മേധാവി ടെങ്കാർഡി (Tankard) നോടു അഭയമാവശ്യപ്പെട്ടു. ജീവനും സ്വത്തിനും സംരക്ഷണം തേടി. അപ്പോൾ അദ്ദേഹം അവർക്ക് തന്റെ പതാക നൽകുകയും അത് മസ്ജിദുൽ അഖ്സ്വായിൽ സ്ഥാപിച്ച് അവിടെ നിർഭയരായി അഭയം പ്രാപിക്കാനാവശ്യപ്പെടുകയും ചെയ്തു. അവർക്ക് സകലവിധ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുനൽകി. അതനുസരിച്ച് ഖുദ്സ് വാസികൾ മസ്ജിദുൽ അഖ്സ്വായിൽ ടൊങ്കാർഡ് നൽകിയ പതാക നാട്ടി. അതിന്റെ കീഴെ അഭയം തേടി. അങ്ങനെ സ്ത്രീകളും കുട്ടികളും വൃദ്ധന്മാരുമെല്ലാം അവിടെ ഒത്തുകൂടി. അവരെക്കൊണ്ടവിടം തിങ്ങിനിറഞ്ഞു. അതോടെ കുരിശുസേന അവിടെ കടന്നുചെന്ന് അവരെ ഒന്നടങ്കം കശാപ്പു നടത്തുകയാണ് ചെയ്തത്. അറവുശാലയിൽ ആടുകളെ അറുക്കുന്നതുപോലെ! അങ്ങനെ പരിശുദ്ധമായ ആ പള്ളിയിൽ കാൽമുട്ടോളം രക്തം തളംകെട്ടിനിന്നു. ആ പട്ടണത്തിലെ മുഴുവൻ പേരെയും അവർ കൊന്നൊടുക്കി. അരിഞ്ഞു വീഴ്ത്തപ്പെട്ട കൈകാലുകളും ഛേദിക്കപ്പെട്ട ശിരസ്സുകളും കൊത്തിനുറുക്കപ്പെട്ട ശരീരഭാഗങ്ങളും അവിടത്തെ നിരത്തുകളിലെല്ലാം കുന്നുകൂടി. അന്ന് മസ്ജിദുൽ അഖ്സ്വായുടെ അകത്തുമാത്രം കശാപ്പ് ചെയ്യപ്പെട്ടവർ എഴുപതിനായിരമായിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. അവരിൽ വളരെ വലിയൊരു വിഭാഗം സ്ത്രീകളും കുട്ടികളും വൃദ്ധന്മാരുമാ

---

ക്ക ൾ ക്ക ു ം
ഭർത്താക്കന്മാരെ ഭാര്യമാർക്കും വിട്ടുകൊടുത്തു. അനേകം ക്രിസ്ത്യാനികൾ തങ്ങളുടെ വിലപിടിച്ച വസ്തുക്കളുപേക്ഷിച്ച്, ക്ഷീണിതരായ മാതാപിതാക്കളെയും രോഗികളായ സുഹൃത്തുക്കളെയും കൊണ്ടുപോയി. ഈ കാഴ്ച സ്വലാഹുദ്ദീനെ ആകുലചിത്തനാക്കി. അദ്ദേഹം പരാജിതരായ ശത്രുക്കൾക്ക് ആവശ്യമായ സാധനങ്ങളും സമ്മാനങ്ങളും നൽകി. അവർക്കായി ആശുപത്രികളുണ്ടാക്കുകയും ക്ഷീണിതരെ നഗരത്തിൽ താമസിക്കാനനുവദിക്കുകയും ചെയ്തു." പ്രൊഫസർ ഗിബ്ബൺ രേഖപ്പെടുത്തുന്നു: "സ്വലാഹുദ്ദീന്റെ ദയാപൂർണമായ പെരുമാറ്റം നമ്മുടെ സ്നേഹ ബഹുമാനാദരവുകളർഹിക്കുന്നവയാണ്." അബൂഹദ്ദാദ് പറയുന്നു: "വൃദ്ധരായ ക്രിസ്ത്യാനികളെ ചുമലിലേറ്റിപ്പോകുന്നത് കണ്ടപ്പോൾ അദ്ദേഹത്തിന് മനസ്സലിഞ്ഞു. അവർക്ക് ധാരാളം ധനം ഭാഗിച്ചുകൊടുത്തു. യാത്രാവാഹനങ്ങൾ നൽകി. സ്ത്രീകളോടും കുട്ടികളോടും അങ്ങേയറ്റത്തെ അനുകമ്പ കാണിച്ചു." - വിവ.

യിരുന്നു. ആരാധനയിൽ മുഴുകിക്കഴിഞ്ഞിരുന്ന ഒട്ടേറെ ഭക്തന്മാരും നിർദയം വധിക്കപ്പെട്ടവരിൽപ്പെടുന്നു. ഹാവൂ! എന്തൊരു ക്രൂരത! എന്ത് രൗദ്രമായ രക്തോത്സവം! അതും ആ പുണ്യ നഗരത്തിൽവെച്ച്! എത്ര ബീഭത്സമായാണ് പെരുമാറിയത്! *

ഒരൊറ്റ ഫ്രഞ്ച് ചരിത്രകാരൻ പോലും ഈ വസ്തുതകൾ നിഷേധിച്ചിട്ടില്ല. എന്നല്ല, അവരിലധികംപേരും അഭിമാനപൂർവം അതേക്കുറിച്ച് അനുസ്മരിക്കാറാണ് പതിവ്.

ക്രൂരമായ ഈ കൂട്ടക്കൊല കഴിഞ്ഞ് തൊണ്ണൂറ് വർഷങ്ങൾക്കുശേഷം സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബി ബൈതുൽ മുഖദ്ദസ് മോചിപ്പിച്ചു. അപ്പോഴദ്ദേഹം എങ്ങനെയാണ് പ്രതികാരം ചെയ്തത്? അവിടെ ഒരു ലക്ഷത്തിലധികം പരദേശികളായ പാശ്ചാത്യരുണ്ടായിരുന്നു. അവരെ ഒന്നടങ്കം കൊന്നൊടുക്കിയോ? ഒരിക്കലുമില്ല. മറിച്ച് അവരുടെ ജീവനും സ്വത്തിനും അഭിമാനത്തിനും സംരക്ഷണം നൽകുകയാണുണ്ടായത്. ആ യുദ്ധക്കുറ്റവാളികളിൽ സമ്പന്നരിൽനിന്ന് മാത്രം പിഴ ഈടാക്കി അവരെയെല്ലാം പുറത്തു പോകാനനുവദിച്ചു. നാടുവിടാൻ നാൽപത് ദിവസം അവധി നൽകുകയും ചെയ്തു. അങ്ങനെ എൺപതിനായിരം പേർ ഒരു പ്രയാസവുമനുഭവിക്കാതെ സുരക്ഷിതരായി പട്ടണംവിട്ടു. അവർ ഉക്കാ പോലുള്ള പ്രദേശങ്ങളിലെ സ്വന്തക്കാരുടെ സമീപത്തേക്കുപോയി. അവശേഷിച്ച ദരിദ്രരെയെല്ലാം പിഴയൊന്നും ഈടാക്കാതെയാണ് സ്വലാഹുദ്ദീൻ അയ്യൂബി വിട്ടയച്ചത്. അദ്ദേഹത്തിന്റെ സഹോദരൻ സ്വന്തം സ്വത്തെടുത്ത് രണ്ടായിരം പേരുടെ പിഴ ഒടുക്കുകയുണ്ടായി. ആധുനിക ലോകത്തെ പരിഷ്കൃത നാടുകളിലെ ജേതാവായ ഏതൊരു ഭരണാധികാരിക്കും സങ്കൽപിക്കാൻപോലും സാധ്യമല്ലാത്തത്ര മാന്യവും ഉന്നതവുമായ സമീപനമാണ് അന്ന് അയ്യൂബി സ്ത്രീകളോട് സ്വീകരിച്ചത്.

അപ്രകാരംതന്നെ ക്രിസ്ത്യൻ പാത്രിയാർക്കീസ് സ്ഥലം വിടാനാഗ്രഹം പ്രകടിപ്പിച്ചപ്പോൾ സകലവിധ സൗകര്യങ്ങളും ചെയ്തുകൊടുത്തു. അയാളുടെവശം മതപരമായ ആഘോഷങ്ങളോടനുബന്ധിച്ച ചടങ്ങുകളിൽനിന്നും അഖ്സ്വായിൽ നിന്നും സ്വഗ്‌രിൽനിന്നും മറ്റും ലഭിച്ച അമൂല്യമായ സമ്പത്തുക്കളുണ്ടായിരുന്നു. അയ്യൂബിയുടെ ചില അനുചരന്മാർ വമ്പിച്ച ആ ധനശേഖരം കണ്ടുകെട്ടാൻ അദ്ദേഹത്തോടാവശ്യപ്പെട്ടു. എന്നാൽ ഇസ്‌ലാമിക നാഗരികതയുടെ കരുത്തനായ ആ വക്താവിന്റെ പ്രതികരണമിതായിരുന്നു: "ഞാൻ അദ്ദേഹത്തെ വഞ്ചിക്കുകയില്ല." അങ്ങനെ സ്വലാഹുദ്ദീൻ അയ്യൂബി മറ്റേതൊരു സാധാരണക്കാരനിൽ നിന്നും ഈടാക്കുന്ന പിഴ മാത്രം സ്വീകരിച്ച് അദ്ദേഹത്തെയും സ്വതന്ത്രനാക്കുകയാണുണ്ടായത്.

കുരിശു യുദ്ധ ചരിത്രത്തിൽ ഏറെ ചേതോഹരമായ വശം ബൈതുൽ

* ഹബ്സ്ബർഗ് (Habsburg or Hasburg) ഒരു ജർമൻ കുടുംബമാണ്. 1273 മുതൽ 1918 വരെയുള്ള നിരവധി വിശുദ്ധ റോമൻ ചക്രവർത്തിമാർ ഈ കുടുംബാംഗങ്ങളായിരുന്നു.

മുഖദ്ദസിൽ നിന്നും പരിസരത്തുനിന്നും പുറത്തുകടന്ന പരദേശികളായ ക്രൈസ്തവ വിശ്വാസികളോട് അദ്ദേഹം സ്വീകരിച്ച സമീപനമാണ്. അവരെ അവരുടെ ആൾക്കാർ താമസിക്കുന്ന സ്വഖർ, സായിദ് എന്നിവിടങ്ങളിലേക്ക് സുരക്ഷിതമായെത്തിക്കുകയുണ്ടായി. അവരുടെ സംരക്ഷണം ഉറപ്പുവരുത്താനായി കൂടെ പാറാവുകാരെ നിയോഗിക്കുകപോലും ചെയ്തു. താനുമായി യുദ്ധത്തിലേർപ്പെടുകയും തന്നെയും അനുചരന്മാരെയും നശിപ്പിക്കാൻ പരമാവധി ശ്രമിക്കുകയും ചെയ്ത ശത്രുസൈന്യത്തോട് സ്വലാഹുദ്ദീൻ ഇത്തരമൊരു നിലപാടാണ് എടുത്തത്. ഇതെല്ലാം കേൾക്കുമ്പോൾ ആർക്കാണ് രോമാഞ്ചമുണ്ടാവാതിരിക്കുക? ആരുടെ ഹൃദയമാണ് ത്രസിക്കാതിരിക്കുക? പാഴ്സ്വപ്നമല്ല, സത്യമാണ് തങ്ങളീ ശ്രവിക്കുന്നതെന്ന് സംശയിച്ചുനിൽക്കാതെ വിശ്വസിക്കാൻ കഴിയുന്ന ആരുണ്ട്? എന്നാൽ സംഗതികൾ ഇവിടംകൊണ്ടവസാനിച്ചിട്ടില്ല. ബാക്കി കൂടി കേൾക്കുക.

ഏതാനും ക്രൈസ്തവ സ്ത്രീകൾ ഒത്തുകൂടി സ്വലാഹുദ്ദീൻ അയ്യൂബിയെ സമീപിച്ചു. അവരദ്ദേഹത്തോട് പറഞ്ഞു: "ഞങ്ങൾ, ബന്ധനസ്ഥരാക്കപ്പെടുകയോ വധിക്കപ്പെടുകയോ ചെയ്ത ക്രൈസ്തവ സേനാനികളുടെയും ഫ്രഞ്ചുകാരുടെയും ഭാര്യമാരും മക്കളുമാണ്. ഞങ്ങൾക്ക് കുടുംബങ്ങളില്ല. അഭയം നൽകാൻ മറ്റാരുമില്ല." അങ്ങനെ അവരൊക്കെ കരഞ്ഞപ്പോൾ കാരുണ്യത്തിന്റെ നിറകുടമായിരുന്ന അയ്യൂബിക്കും കണ്ണീരടക്കാൻ കഴിഞ്ഞില്ല. സ്നേഹവാത്സല്യ വികാരങ്ങളാൽ അദ്ദേഹത്തിന്റെ നയനങ്ങളും നനഞ്ഞു. ഒട്ടും താമസിയാതെ എല്ലാവരെയും തടവുകാരുടെ അടുത്തെത്തിച്ചു. അവരുടെയെല്ലാം സ്വന്തക്കാരെ ഉടനെ മോചിപ്പിക്കുകയും ചെയ്തു. ഉറ്റവർ മരണമടഞ്ഞ് വിധവകളും അനാഥകളുമായവർക്ക് ധാരാളം ധനം നൽകി ആശ്വസിപ്പിച്ചു. അവരെ ആദരപൂർവം അവരുദ്ദേശിക്കുന്നേടത്ത് എത്തിച്ചുകൊടുക്കുകയും ചെയ്തു. അതോടൊപ്പം ബന്ധനത്തിൽനിന്ന് മോചിതരായ ശത്രുസൈന്യത്തിന് തങ്ങളുടെ സ്ത്രീകളോടും കുട്ടികളോടുമൊപ്പം ക്രൈസ്തവ കേന്ദ്രങ്ങളായ സ്വഖർ, ഉക്കാ പോലുള്ള പ്രദേശങ്ങളിൽ പോയി സ്വന്തക്കാരോട് ചേരാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയുമുണ്ടായി.

എന്നാൽ മറുവശത്ത് ക്രൈസ്തവ സമൂഹം സ്വന്തം സഹോദരൻമാരോട് സ്വീകരിച്ച സമീപനമെന്തായിരുന്നു? അത് മനസ്സിലാക്കുമ്പോഴാണ് ഇസ്‌ലാമിക നാഗരികതയുടെ മേന്മയും മികവും മനോഹാരിതയും നന്നായി പ്രകടമാവുക. ഏതാനും ദരിദ്ര ക്രിസ്ത്യാനികൾ ബൈതുൽ മ ു ഖ ദ്ദ സ ് ഉപേക്ഷിച്ച് അൻത്വാകിയായിലേക്ക് പോയി. എങ്കിലും അവിടത്തെ ക്രൈസ്തവ ഭരണാധികാരി അവരെ സ്വീകരിക്കാൻ സന്നദ്ധമായില്ല. അതിനാലവർ തിരിച്ചുവരികയാണുണ്ടായത്. മുസ്‌ലിംകൾ അവർക്ക് നിസ്സങ്കോചം അഭയം നൽകുകയും ചെയ്തു. മറ്റൊരു സംഘം ക്രൈസ്തവർ

ലബനാനിലെ ട്രിപ്പോളിയിലേക്ക് പോയി. അന്നവിടം ലാറ്റിൻ ഭരണത്തിൻ കീഴിലായിരുന്നു. എന്നിട്ടും തങ്ങളുടെ സഹോദരന്മാരെ അവർ സ്വീകരിച്ചില്ലെന്നു മാത്രമല്ല; അവരുടെ വശമുണ്ടായിരുന്ന ധനമെല്ലാം അവർ കൊള്ളയടിക്കുകയും ചെയ്തു. നേരത്തേ അഖ്സ്വാ വിട്ടുപോയപ്പോൾ മുസ്‌ലിംകൾ നൽകിയതായിരുന്നു ധനമെല്ലാം.*

കുരിശു യുദ്ധത്തിൽ സ്വലാഹുദ്ദീൻ അയ്യൂബി ശത്രുക്കളോട് സ്വീകരിച്ച സമീപനം പുരാണകഥകൾപോലെ പ്രഭാപൂരിതമത്രെ. അദ്ദേഹത്തിന്റെ സ്വഭാവ ശുദ്ധിയും പെരുമാറ്റ മാഹാത്മ്യവും പ്രതിയോഗികളെപ്പോലും പലപ്പോഴും ആശ്ചര്യഭരിതരാക്കുകയുണ്ടായി. സംഭവവിവരണമുണ്ടായത് നമ്മുടെ ചരിത്രകാരന്മാരിൽനിന്നായിരുന്നെങ്കിൽ അവ അവിശ്വസനീയങ്ങളും കടങ്കഥകളുമായി മുദ്രകുത്തപ്പെടുമായിരുന്നു. എന്നാൽ മറ്റു പല വസ്തുതകളെയുംപോലെ റിച്ചാർഡുമായി ബന്ധപ്പെട്ട സംഭവവും പാശ്ചാത്യർതന്നെ രേഖപ്പെടുത്തിയതാണ്. കുരിശു യോദ്ധാക്കളുടെ സർവ സൈന്യാധിപനും അവരിലേറ്റം ധീരനുമായ വ്യക്തിയായിരുന്നു അദ്ദേഹം. രണഭൂമിയിൽ അയാൾക്ക് രോഗം ബാധിക്കുകയുണ്ടായി. അന്യനാട്ടിലായിരുന്നതിനാൽ വിദഗ്ധരായ ഡോക്ടർമാരെയും ആവശ്യമായ മരുന്നുകളും ലഭ്യമായിരുന്നില്ല. വിവരമറിഞ്ഞ സ്വലാഹുദ്ദീൻ തന്റെ ഡോക്ടറെ അയച്ചുകൊടുത്തു. ആവശ്യമായ പഴങ്ങളും എത്തിച്ചു. ഇരു വിഭാഗവും തമ്മിൽ ഘോരമായ യുദ്ധം നടന്നുകൊണ്ടിരിക്കെ സമരമുഖത്തുവെച്ച് ശത്രുവിഭാഗത്തിന്റെ നായകനോട് സ്വീകരിച്ച സമീപനമാണിത്.

ഒരിക്കൽ ഒരു ക്രൈസ്തവ സ്ത്രീ കരഞ്ഞുകൊണ്ട് അയ്യൂബിയുടെ കൂടാരത്തിൽ ചെന്നു. അദ്ദേഹത്തിന്റെ രണ്ട് പട്ടാളക്കാർ തന്റെ കുഞ്ഞിനെ തട്ടിയെടുത്തതായി പരാതിപ്പെട്ടു. സ്ത്രീയുടെ സംഭവ വിവരണം കേട്ട് അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. ഉടനെ കുട്ടിയെ തെരഞ്ഞുപിടിക്കാൻ ഉത്തരവിടുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഒട്ടും വൈകാതെ അതിനെ കണ്ടെത്തുകയും മാതാവിനെ ഏൽപിക്കുകയുമുണ്ടായി. മാത്രമല്ല, നിർഭയയും സമാധാന ചിത്തയുമായി സ്വന്തം താവളത്തിലേക്ക് മടങ്ങാൻ സാധിക്കുമാറ് ആ സ്ത്രീയോടൊപ്പം അദ്ദേഹം പാറാവുകാരെ പറഞ്ഞയക്കുകയും ചെയ്തു. ഈ സംഭവവും പാശ്ചാത്യർതന്നെ രേഖപ്പെടുത്തിയതാണ്.**

സുൽത്താൻ മുഹമ്മദ് രണ്ടാമൻ കോൺസ്റ്റാന്റിനോപ്പിൾ അധീനപ്പെടുത്തിയപ്പോൾ അയാസോഫിയാ(St.Sophia)യിലെ ചർച്ചിൽ പ്രവേശിച്ചു. മതപുരോഹിതന്മാർ അവിടെയാണ് അഭയം തേടിയിരുന്നത്. അദ്ദേഹം വളരെ മാന്യമായി അവരോട് പെരുമാറുകയും സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പ് നൽകുകയും ചെയ്തു. കൂടാതെ, അവിടെ വിഹ്വലരായി കഴിഞ്ഞിരുന്ന ക്രൈസ്തവ സമൂഹത്തോട് നിർഭയരായി സ്വന്തം നാടുകളിലേക്ക് മടങ്ങാൻ നിർദേശിച്ചു. പിന്നീട് അവരുടെ കാര്യങ്ങളെല്ലാം

ക്രമപ്പെടുത്തുകയും പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുകയും ചെയ്തു.

അവർക്ക് തങ്ങളുടെ വ്യക്തിനിയമങ്ങളനുസരിച്ച് ജീവിക്കാനനുവാദം നൽകി. മതകർമങ്ങൾക്കും ആരാധനാ ചടങ്ങുകൾക്കും പൂർണ സ്വാതന്ത്ര്യമനുവദിച്ചു. പ്രത്യേകം ആരാധനാലയങ്ങൾ സ്ഥാപിക്കാൻ സമ്മതം കൊടുത്തു. മാത്രമല്ല, ക്രൈസ്തവ പുരോഹിതന്മാർക്ക് സ്വന്തം ഇഷ്ടമനുസരിച്ച് തങ്ങളുടെ ബിഷപ്പിനെ തെരഞ്ഞെടുക്കാൻ അനുവാദം നൽകി. അതനുസരിച്ച് അവർ ജനാഡിയൂസിനെ ബിഷപ്പായി അവരോധിച്ചു. ബൈസാന്തിയൻ ഭരണകാലത്ത് നിലനിന്നിരുന്നവിധം അന്തസ്സോടെ പ്രസ്തുത തെരഞ്ഞെടുപ്പ് ആഘോഷിക്കാൻവേണ്ട നടപടികൾ സുൽത്താൻ മുഹമ്മദ് രണ്ടാമൻ സ്വീകരിക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹമിങ്ങനെ പറഞ്ഞു: "താങ്കൾ എല്ലാ സ്ഥലത്തും സമയത്തും എന്റെ സുഹൃത്തായ ബിഷപ്പായിരിക്കും. താങ്കളുടെ മുൻഗാമിക്കുണ്ടായിരുന്ന മുഴുവൻ അവകാശങ്ങളും പ്രത്യേകതകളും താങ്കൾക്കുമുണ്ടായിരിക്കും."

പിന്നീട് മനോഹരമായ ഒരു കുതിരയെ അദ്ദേഹത്തിന് നൽകി. ഭരണാധികാരികൾക്കെന്നപോലെ സുരക്ഷിതത്വത്തിന് പ്രത്യേകം പാറാവുകാരെ നിശ്ചയിച്ചുകൊടുത്തു. അദ്ദേഹത്തിനുവേണ്ടി സജ്ജമാക്കിയ അരമനയിലേക്ക് കൂടെ അനുഗമിക്കുകയും ചെയ്തു. അതിനുശേഷം അവിടത്തെ ഓർത്തഡോക്സ് ചർച്ച് നിയമങ്ങൾ താൻ അംഗീകരിച്ചതായി അറിയിക്കുകയും ബിഷപ്പ് അവ സംരക്ഷിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. മാത്രമല്ല, യുദ്ധസമയത്ത് പട്ടാളക്കാർ പിടിച്ചെടുത്ത എല്ലാപുരാവസ്തുക്കളും വിശുദ്ധ ചിഹ്നങ്ങളും ശേഖരിച്ച് അവയൊക്കെ ചർച്ചുകളെയും മഠങ്ങളെയും ഏൽപിക്കുകയുണ്ടായി.

യഥാർഥത്തിൽ സുൽത്താൻ മുഹമ്മദുൽ ഫാതിഹ് ഇതെല്ലാം ചെയ്തത് ഏതെങ്കിലും സന്ധിവ്യവസ്ഥകൾ പൂർത്തീകരിക്കാൻ വേണ്ടിയായിരുന്നില്ല. കോൺസ്റ്റാന്റിനോപ്പിൾ ജയിച്ചടക്കുമ്പോൾ അദ്ദേഹം ക്രിസ്ത്യാനികളുമായി ഇത്തരമൊരു കരാറും വ്യവസ്ഥയും ഉണ്ടാക്കിയിരുന്നില്ല. എന്നിട്ടും ഇത്ര ഉന്നതമായ സമീപനം സ്വീകരിച്ചതും സംരക്ഷണവും സുരക്ഷിതത്വവും നൽകിയതും അദ്ദേഹത്തിന്റെ ഉദാരതക്കും മാന്യതക്കും ഉയർന്ന മൂല്യബോധത്തിനുമുള്ള മഹിതമായ ഉദാഹരണമത്രെ. ഇതിൻഫലമായി, സ്വന്തം മതക്കാരായ ബൈസാന്തിയൻ ഭരണാധികാരികളുടെ കീഴിലുണ്ടായിരുന്നതിനേക്കാൾ തങ്ങൾക്ക് രക്ഷയും നിർഭയത്വവും മതസ്വാതന്ത്ര്യവും പുതിയ ഇസ്‌ലാമിക രാഷ്ട്രത്തിലാണെന്ന് തദ്ദേശവാസികളായ ക്രൈസ്തവ വിശ്വാസികൾക്ക് തികച്ചും ബോധ്യമായി.

പിന്നീട് ഉസ്മാനിയാ ഭരണാധികാരികൾ ഗ്രീക്ക് സംസ്ഥാനങ്ങൾ, ബൾഗേറിയ പോലുള്ള പരിസര പ്രദേശങ്ങൾ ജയിച്ചടക്കിയപ്പോഴും അവി

* ഒരു നാണയം.

ടത്തെ ക്രൈസ്തവ സഹോദരന്മാരോട് ഇതേ സൗഹൃദപൂർണമായ സമീപനം തന്നെയാണ് സ്വീകരിച്ചത്. അതേസമയം യൂറോപ്പിൽ മറ്റെവിടെയും അവർക്ക് ഇത്രയേറെ ഉദാരമായ പെരുമാറ്റം ലഭിച്ചിരുന്നില്ല. ഹംഗറിയിലെ ക്ലിഫണി(Cliffon)ന്റെ അനുയായികളും ട്രാൻസർഫാനിയയിലെ ഏക ദൈവ വിശ്വാസികളായ ക്രൈസ്തവരും(Unitarian Christians), തീവ്രവാദികളായിരുന്ന ഹബ്സ്ബർഗ്* കുടുംബത്തിന്റെ കീഴിൽ കഴിയുന്നതിനെക്കാൾ ഉസ്മാനിയ ഭരണത്തിൽ ജീവിക്കാനാണിഷ്ടപ്പെട്ടത്. സിലേസിയയിലെ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ തുർക്കി മുസ്‌ലിം ഭരണകൂടത്തിനു കീഴിലുള്ള മതസ്വാതന്ത്ര്യത്തെ വളരെ മതിപ്പോടും പ്രത്യാശയോടുംകൂടിയാണ് വീക്ഷിച്ചുകൊണ്ടിരുന്നത്. മാത്രമല്ല, ഇസ്‌ലാമികാധിപത്യത്തിന് കീഴ്പ്പെട്ട് മതസ്വാതന്ത്ര്യം സമ്പാദിക്കാനവർ അത്യധികം ഔത്സുക്യം കാണിക്കുകകൂടി ചെയ്തിരുന്നു.

മുസ്‌ലിംകൾ തങ്ങളുടെ ഭരണത്തിൻകീഴിലുള്ള ക്രൈസ്തവ സഹോദരങ്ങളോട് ഇവ്വിധം മഹിതമായ മതസഹിഷ്ണുതയും മാന്യമായ സമീപനവും സ്വീകരിച്ചുകൊണ്ടിരുന്നപ്പോഴും യൂറോപ്യൻ നാടുകളിലെ ക്രിസ്ത്യാനികൾ സ്വന്തം മതക്കാരായ ഭരണാധികാരികളുടെ കടുത്ത മർദനങ്ങൾക്കും മതവിഭാഗീയതയുടെ പേരിലുള്ള പക്ഷപാതിത്വങ്ങൾക്കും വിധേയരായി പീഡിപ്പിക്കപ്പെടുകയായിരുന്നു. മതപരമായ കക്ഷിത്വത്തിന്റെ പേരിലവർ പരസ്പരം പോരടിക്കുകയും രക്തം ചിന്തുകയും കലാപങ്ങൾ സൃഷ്ടിക്കുകയും ചെയ്തുകൊണ്ടിരുന്നു. 17-ാം നൂറ്റാണ്ടിൽ അൻത്വാക്കിയയിലെ പാത്രിയാർക്കീസായിരുന്ന മക്കാരിയോസ്(Maccarios) പോളണ്ടിലെ റോമൻ കത്തോലിക്കാ വിഭാഗം തങ്ങളുടെ ഓർത്തഡോക്സ് സഹോദരങ്ങൾക്കെതിരെ ചെയ്തുകൂട്ടിയ കൊടും ക്രൂരതകളെപ്പറ്റി പറയുന്നത് കാണുക: "നിഷ്ഠുരരും മതവിരുദ്ധരുമായ റോമൻ കത്തോലിക്കരുടെ കൈകളാൽ കഴിഞ്ഞ നാൽപത്, അമ്പത് കൊല്ലങ്ങൾക്കിടയിൽ ക്രൂരമായി കൊലചെയ്യപ്പെട്ട ആയിരക്കണക്കിന് രക്തസാക്ഷികൾക്കുവേണ്ടി ഞങ്ങൾ ഒട്ടേറെ ചുടുകണ്ണീരൊഴുക്കുകയുണ്ടായി. വധിക്കപ്പെട്ടവരുടെ എണ്ണം എഴുപതനായിരത്തോളം വരും. അതിനാൽ വഞ്ചകരേ, മ്ലേച്ഛരന്മാരേ, ശിലാഹൃദയരേ, സ്ത്രീകളും പുരോഹിതകളും എന്ത് പാപമാണ് പ്രവർത്തിച്ചത്? നിങ്ങൾ കിരാതമായി കശാപ്പുചെയ്യാൻമാത്രം എന്തൊരപരാധമാണ് കൊച്ചു ബാലികാബാലന്മാരും മാതാക്കളും അവരുടെ ശിശുക്കളും ചെയ്തത്? അവരെ ഞാൻ വഞ്ചകരെന്നു വിശേഷിപ്പിച്ചത് അവർ നാശകാരികളായ വിഗ്രഹാരാധകരെക്കാളും മ്ലേച്ഛരും നിർദയരും ഹീനരുമാണെന്ന് സ്വയം തെളിയിച്ചതിനാലാണ്. ഓർത്തഡോക്സുകാരോട് സ്വീകരിച്ച ക്രൂരമായ സമീപനങ്ങളിലൂടെ തങ്ങൾ നാശകാരികളാണെന്ന് തുറന്നു പ്രഖ്യാപിക്കുകയാണവർ ചെയ്തത്. ഓർത്തഡോക്സുകാരെ നാമാവശേഷമാക്കാമെന്ന പ്രതീക്ഷയോടെയാണ് റോമൻ കത്തോലിക്കർ ഈ കൊടും ക്രൂരതക

ളെല്ലാം കാണിച്ചത്.

"ദൈവം തുർക്കി ഭരണകൂടത്തെ അനശ്വരമാക്കട്ടെ! അവർ നികുതി (ജിസ്‌യ) പിരിക്കുന്നുണ്ടായിരിക്കാം. എന്നാൽ അന്യമതങ്ങളെ അവരൊട്ടും ദ്രോഹിക്കുന്നില്ല. രാജ്യനിവാസികൾ ക്രിസ്ത്യാനികളോ, നാസിരികളോ, ജൂതന്മാരോ, സാമിരികളോ എന്നത് അവർക്ക് പ്രശ്നമല്ല. പക്ഷേ, അഭിശപ്തമായ പോളണ്ടുകാർ തങ്ങളുടെ ക്രൈസ്തവ സഹോദരന്മാരിൽ നിന്ന് ഭൂനികുതിയും മറ്റു കരങ്ങളും പിരിക്കുന്നതുകൊണ്ടു മാത്രം മതിയാക്കിയില്ല. സന്മനസ്സോടെ അവരെ സേവിക്കുന്നതിനു പകരം ആ ക്രൈസ്തവ വിശ്വാസികളെ അവരുടെ ശത്രുക്കളും മർദകരുമായ ജൂതന്മാരുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയാണുണ്ടായത്. അവരാണെങ്കിൽ ക്രിസ്ത്യാനികൾക്ക് ചർച്ച് പണിയാനുള്ള സൗകര്യംപോലും ചെയ്തുകൊടുക്കാത്തവരാണ്, മതപരമായ കാര്യങ്ങളിൽ അവഗാഹം നേടിയ ഒരൊറ്റ പാതിരിയെയും ജീവിക്കാൻ അനുവദിക്കാത്തവരും."

അയാസോഫിയ അധീനപ്പെടുത്തിയ സുൽത്താൻ മുഹമ്മദുൽ ഫാതിഹ് കോൺസ്റ്റാന്റിനോപ്പിളിലെ ക്രൈസ്തവരോട് കാണിച്ച ആദരവും അവർക്ക് അനുവദിച്ചുകൊടുത്ത അവകാശങ്ങളും അനുസ്മരിക്കുമ്പോൾ മറുവശവുംകൂടി മനസ്സിലാക്കുന്നത് ഏറെ നന്നായിരിക്കും. 1204-ൽ യൂറോപ്പിൽ നിന്ന് ഇരച്ചുകയറിയ കുരിശുസേനാനികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കി. അന്നവർ തങ്ങളുടെ ഓർത്തഡോക്സ് സഹോദരങ്ങളോടനുവർത്തിച്ച നിലപാടിനെപ്പറ്റി പോപ്പ് ഇന്നസെന്റ് മൂന്നാമൻ ഇങ്ങനെ പറയുന്നു: "യേശുവിന്റെ അനുയായികളും അദ്ദേഹത്തിന്റെ മതത്തിന്റെ സഹായികളും ക്രൈസ്തവതയുടെ ഏറ്റവും വലിയ ശത്രു(വിവക്ഷ ഇസ്‌ലാമത്രെ)വിനെതിരെ തങ്ങളുടെ ഖഡ്ഗമെടുക്കാൻ കടപ്പെട്ടവരായിരുന്നു. എന്നാലവർ തങ്ങളുടെ വാളൂരിയത് ആദരണീയമായ ക്രൈസ്തവ രക്തം ചിന്താനാണ്. അതിലൂടെ സൃഷ്ടിച്ച രക്തപ്പുഴയിലവർ മുങ്ങി. മതം, പ്രായം, വർഗം പോലുള്ളവയൊന്നുമവർ പരിഗണിച്ചതേയില്ല. പകൽവെളിച്ചത്തിൽപ്പോലുമവർ ബലാൽസംഗങ്ങളിൽ മുഴുകി. പുരോഹിതകളും കന്യാസ്ത്രീകളും മാതാക്കളുമൊക്കെ പട്ടാളക്കാരുടെ പ്രാകൃതമായ കാമകേളികൾക്കിരയായി. ചക്രവർത്തിമാരുടെ ധനശേഖരങ്ങളും പണക്കാരുടെ സ്വത്തുക്കളും കൊള്ളചെയ്തതുകൊണ്ടുമാത്രമവർ മതിയാക്കിയില്ല. ചർച്ചുകളുടെ സമ്പത്തുകളിലും ഭൂമികളിലുംകൂടി അവർ കൈവെച്ചു. ചർച്ചുകളുടെ ആദരണീയതകൾ പിച്ചിച്ചീന്തി. കുരിശുകളും വിശുദ്ധ ഛായാചിത്രങ്ങളും സ്മാരകങ്ങളുമെല്ലാമവർ കൊള്ളയടിച്ചു."

വിഖ്യാത ചരിത്രകാരനായ ചാറൽ ഡൈൽ (Charal Dale) എഴുതുന്നു: "മദോന്മത്തരായ പട്ടാളക്കാർ അയാസോഫിയാ ചർച്ചിൽ പ്രവേശിച്ചു. അവർ വിശുദ്ധ വേദഗ്രന്ഥങ്ങൾ നശിപ്പിക്കുകയും രക്തസാക്ഷികളുടെ

പടങ്ങൾ നിലത്തിട്ട് ചവിട്ടിത്തേക്കുകയും ചെയ്തു. ചീത്തയായ ഒരു സ്ത്രീ പാത്രിയാർക്കീസിന്റെ കസേരയിലിരുന്ന് ഉറക്കെ പാട്ടുപാടി. നഗരത്തിലെ മതസംസ്കാരങ്ങളൊക്കെയുമവർ തുടച്ചുമാറ്റി. സ്വർണത്തിന്റെയും വെള്ളിയുടെയും നാണയങ്ങൾ നിർമിക്കുന്നതിനായി അവ കൊണ്ടുണ്ടാക്കിയ പ്രതിമകളെല്ലാമവർ തട്ടിയെടുത്തു.”

ഏറെ ദുഃഖപൂർണമായ ഈ സംഭവത്തിന് സാക്ഷ്യംവഹിച്ച ഒരു പാതിരി യേശുവിന്റെ സൈന്യം ചെയ്തതുപോലെ മുഹമ്മദിന്റെ അനുയായികൾ ഈ നഗരത്തോട് ഒരിക്കലും പെരുമാറിയിട്ടില്ലെന്ന് തുറന്നുസമ്മതിക്കുകയുണ്ടായി. അല്ലെങ്കിലും അതാർക്കാണ് നിഷേധിക്കാൻ കഴിയുക? സുൽത്താൻ മുഹമ്മദുൽ ഫാതിഹ് അവിടം അധീനപ്പെടുത്തിയപ്പോൾ അനുവർത്തിച്ച രീതി നാം നല്ലപോലെ മനസ്സിലാക്കിയതാണല്ലോ. കത്തോലിക്കാ വിഭാഗത്തിൽ നിന്ന് ഓർത്തഡോക്സുകാർക്കുണ്ടായതുപോലുള്ള മതപരമായ പക്ഷപാതിത്വത്തിന്റെയും സങ്കുചിതത്വത്തിന്റെയും വർഗീയതയുടെയും പീഡാനുഭവങ്ങളിലൊന്നുപോലും തദ്ദേശവാസികളന്നനുഭവിച്ചിരുന്നില്ല. അവർ മറ്റൊരു മതത്തിന്റെ അനുയായികളായ മുസ്‌ലിംകളായിരുന്നിട്ടും അനുഭവം അതായിരുന്നു.

സ്പെയിനിലെ മുസ്‌ലിം ജേതാക്കൾ പുലർത്തിയ സ്വഭാവ മഹിമയും തദ്ദേശവാസികളോട് സ്വീകരിച്ച ഉദാരമായ സമീപനവും പരാജിതരോടെടുത്ത മാന്യമായ നിലപാടും കാരുണ്യപൂർണമായ പെരുമാറ്റവും പറഞ്ഞറിയിക്കേണ്ടതില്ലാത്തവിധം സുവിദിതമാണ്. എന്നാൽ, അസ്ബാനിയ (Spani-ards)ക്കാർ അവിടത്തെ അവസാനത്തെ മുസ്‌ലിം ഭൂപ്രദേശമായ ഗ്രാനഡ കീഴടക്കിയപ്പോൾ കാണിച്ച കൊടും ക്രൂരതകൾ വിവരണാതീതമത്രെ. മുസ്‌ലിംകളുടെ മതവും ആരാധനാലയങ്ങളും അഭിമാനവും സമ്പത്തും സുരക്ഷിതമായിരിക്കുമെന്ന് ഉറപ്പ് നൽകുന്ന അറുപതിലധികം കരാറുകളവർ നടത്തിയിരുന്നു. എന്നാൽ ഒന്നുപോലുമവർ പാലിച്ചില്ല. ഏറ്റെടുത്ത ഒരുത്തരവാദിത്വവും നിർവഹിച്ചതുമില്ല. ജീവനെടുക്കുന്ന
ത ി ല ു ം
രക്തമൊഴുക്കുന്നതിലും ധനം കൊള്ളയടിക്കുന്നതിലും ഒരു കുറവുമ
വ ർ
വരുത്തിയില്ല. അസ്ബാനിയക്കാർ ഗ്രാനഡ കീഴ്പ്പെടുത്തി മുപ്പത്തിരണ്ട് വർഷം പിന്നിട്ടപ്പോഴേക്കും 1524-ൽ സ്പെയിനിലെ മുഴുവൻ മുസ്‌ലിം പള്ളികളും ചർച്ചുകളാക്കി മാറ്റിയതായി പോപ്പ് പ്രഖ്യാപിക്കുകയുണ്ടായി. പിന്നീട് നാലു വർഷംകൂടി പിന്നിട്ടപ്പോഴേക്കും സ്പെയിനിലെങ്ങും ഒരൊറ്റ മുസ്‌ലിം പോലുമില്ലാതായി. ഇതാണ് അവരുടെ സഹിഷ്ണുതയുടെ സാമ്പിൾ! കരാർ പാലനത്തിന്റെ ഫലം!

എന്നാൽ പാശ്ചാത്യരുടെ ഈ കൊടും ക്രൂരതയും കരാർലംഘനവും നമ്മോടു മാത്രമുള്ളതല്ല; മുസ്‌ലിംകളോട് കാണിച്ചതിലൊട്ടും കുറയാ

ത്തവിധം അവരന്യോന്യം അങ്ങനെയൊക്കെ ചെയ്യാറുണ്ട്. അധിനിവിഷ്ട പ്രദേശങ്ങൾ കിഴക്കായാലും പടിഞ്ഞാറായാലും തദ്ദേശവാസികളോട് ക്രൂരവും നിർദയവുമായ സമീപനമാണവർ സ്വീകരിച്ചിരുന്നത്. പരാജിതർ മുസ്‌ലിംകളായാലും ക്രൈസ്തവരായാലും പാശ്ചാത്യരുടെ പെരുമാറ്റം പരുഷവും പ്രാകൃതവും തന്നെ. തങ്ങളുടെ ക്രൂരതകളെക്കുറിച്ച് അവർതന്നെ സ്വയം സംസാരിക്കാറുണ്ട്.

ലൂയിസ് ഏഴാമന്റെ പ്രത്യേക പുരോഹിതനായിരുന്ന ഓഡോഡ്‌വല്ലി ചക്രവർത്തിയോടൊപ്പം രണ്ടാം കുരിശു യുദ്ധത്തിൽ സംബന്ധിക്കുകയുണ്ടായി. പിന്നീട് അദ്ദേഹം നേരിൽക്കണ്ട സംഭവങ്ങൾ വിവരിച്ചതിങ്ങനെയാണ്:

“കുരിശു യുദ്ധക്കാർ ഏഷ്യാമൈനറിലൂടെ ബൈതുൽ മുഖദ്ദസിലേക്ക് പോകാൻ ശ്രമിക്കവെ ഫ്രിജിയയിലെ പർവത പ്രദേശത്തുവെച്ച് തുർക്കികളിൽ നിന്ന് വമ്പിച്ച പരാജയം ഏറ്റുവാങ്ങേണ്ടിവന്നു. 1148-ലായിരുന്നു അത്. വളരെ പ്രയാസങ്ങൾ സഹിച്ച് കുരിശു സേന ഇറ്റലിയുടെ തീരനഗരത്തിലെത്തി. അങ്ങനെ സമുദ്രംവഴി അന്താക്കിയയിലെത്തിയപ്പോൾ ഗ്രീക്കുകാർ അവരോട് ഒട്ടേറെ ആവശ്യങ്ങളുന്നയിക്കുകയുണ്ടായി. കുരിശു സേനാനികൾക്ക് തങ്ങളിലെ രോഗികളെയും പാവങ്ങളെയും മുറിവു പറ്റിയവരെയും ഗ്രീക്കുകാരുടെ കാരുണ്യത്തിന് വിടേണ്ടിവന്നു. യഥാർഥത്തിലവർ സഖ്യകക്ഷികളിൽപ്പെട്ടവരായിരുന്നു. എന്നിട്ടും ഗ്രീക്കുകാർ സ്വന്തം മതക്കാരായ കുരിശു യോദ്ധാക്കളോട് കടുത്ത വഞ്ചനയാണ് കാണിച്ചത്. രോഗികളെ ചികിത്സിച്ചു ഭേദപ്പെടുത്താനും ദുർബലരെ സുരക്ഷിതമായി സംരക്ഷിക്കാനും ലൂയിസ് അവരിലോരോരുത്തർക്കും അഞ്ഞൂറ് മാർക്ക് (Mark)* വീതം നൽകുകയുണ്ടായി. എന്നാൽ കുരിശു സൈന്യം ഇറ്റലി വിട്ട ഉടനെ ഗ്രീക്കുകാർ നിരായുധരായ ഈ കുരിശു യോദ്ധാക്കളെ സംബന്ധിച്ച് തുർക്കികൾക്ക് വിവരം നൽകി. അങ്ങനെ രോഗികളും അവശരും ഹതഭാഗ്യരുമായ അവർ വിശപ്പും ദാഹവുമനുഭവിച്ച് പ്രയാസപ്പെടുന്നതും എതിരാളികളുടെ ആക്രമണങ്ങൾക്കിരായായി തകർന്ന് തരിപ്പണമാകുന്നതും പ്രതീക്ഷിച്ചിരിക്കയാണ് ഗ്രീക്കുകാർ ചെയ്തത്, പ്രയാസകരമായ അവിടത്തെ

ജീവിത സാഹചര്യങ്ങളിൽ നിന്ന് സ്വന്തം താവളങ്ങളിലേക്ക് തിരിക്കവെയാണ് തുർക്കികളവരെ പിടികൂടിയത്. കടുത്ത നിരാശയാൽ ഇറ്റലി വിട്ടവർ മുവ്വായിരമോ നാലായിരമോ വരുമായിരുന്നു. സൈനികത്താവളത്തിൽ വന്ന് തുർക്കികൾ അവരെ ആക്രമിക്കുകയും പരാജയപ്പെടുത്തുകയും ചെയ്തു. തങ്ങളുടെ വിജയം ഉറപ്പുവരുത്താനായി അവർ കുരിശു സൈനികരെ തകർത്ത് തരിപ്പണമാക്കി. അന്ന് അതിൽ നിന്ന് രക്ഷപ്പെട്ട ക്രൈസ്തവ യോദ്ധാക്കൾപോലും അത്യധികം നിരാശരായിരുന്നു. അവരുടെ അവശതയും നിസ്സഹായതയും കണ്ടു മനസ്സലിഞ്ഞ മുസ്‌ലിം യോദ്ധാക്കൾ അതിരറ്റ കാരുണ്യം കാണിക്കുകയും അങ്ങനെ അവരിലെ രോഗികളെ ചികിത്സിക്കുകയും വിശന്നുവലഞ്ഞവർക്ക് ആഹാരം നൽകുകയും ഉദാത്തമായ ഉദാരതയോടും ഉത്കൃഷ്ടമായ മാന്യതയോടും അവരോട് പെരുമാറുകയുമുണ്ടായി. മാത്രമല്ല, ശക്തിയുപയോഗിച്ചും വഞ്ചിച്ചും ഗ്രീക്കുകാർ അവരിൽനിന്ന് കൈവശപ്പെടുത്തിയ ഫ്രഞ്ച് നാണയങ്ങൾ മുസ്‌ലിംകൾ പിടിച്ചെടുത്ത് അവരിലെ പാവങ്ങൾക്ക് തിരിച്ചു നൽകുക പോലുമുണ്ടായി. കുരിശു സേനാനികൾക്ക് സ്വന്തം മതാനുയായികളായ ഗ്രീക്കുകാരിൽ നിന്നനുഭവിക്കേണ്ടിവന്ന ക്രൂരതക്കും അവിശ്വാസികളിൽ (മുസ്‌ലിംകൾ) നിന്നുണ്ടായ കരുണാപൂർണമായ പെരുമാറ്റങ്ങൾക്കുമിടയിൽ വളരെയേറെ അന്തരമുണ്ടായിരുന്നു. ഗ്രീക്കുകാർ അവരിലവശേഷിച്ചിരുന്ന അൽപം വിഭവങ്ങൾ തട്ടിയെടുക്കുകയും അവരെ അവഹേളിക്കുകയും മർദിക്കുകയുമാണ് ചെയ്തത്. കുരിശു യോദ്ധാക്കളിൽ ചിലർ തങ്ങൾക്കുണ്ടായ ഭിന്നമായ അനുഭവങ്ങൾ കാരണമായി തങ്ങളെ രക്ഷിച്ച മുസ്‌ലിംകളുടെ മതം സ്വീകരിക്കുകയുണ്ടായി."

ഒരു പ്രാചീന ചരിത്രകാരൻ പറയുന്നു: "സ്വന്തം സഹോദരങ്ങളവരെ ക്രൂരമായി മർദിച്ചു. എന്നാൽ പാഗൻസ് അവർക്ക് അഭയവും സംരക്ഷണവും വാഗ്ദാനം ചെയ്യുകയും അവരോടു വളരെ ഉദാരമായ സമീപനം സ്വീകരിക്കുകയും ചെയ്തു." ജീവനോടെ അവശേഷിച്ച മുവ്വായിരത്തിലധികം പേർ തുർക്കികളുടെ കൂടെ ചേരുകയാണുണ്ടായത്. ഹാ, കഷ്ടം! ഈ ദയയും കരുണയും വഞ്ചനയെക്കാൾ ക്രൂരംതന്നെ! തുർക്കികളവർക്ക് റൊട്ടി നൽകി, അവരുടെ ആദർശ വിശ്വാസങ്ങൾ കവർന്നെടുത്തു. എങ്കിലും അവരാരുംതന്നെ ഒരാളെയും തന്റെ മതമുപേക്ഷിക്കാൻ നിർബന്ധിച്ചിട്ടില്ലെന്ന് ഉറപ്പിച്ച് പറയാവുന്നതാണ്. അവരർപ്പിച്ച മഹിതമായ സേവനങ്ങൾക്ക് അർഹമായ പ്രതിഫലമവർക്ക് ലഭിച്ചെന്നു മാത്രം.

അല്ലെങ്കിൽ, നാമെന്തിനിങ്ങനെ പിന്നോട്ട് പോകണം? രണ്ടു ലോകയുദ്ധങ്ങളിൽ പാശ്ചാത്യ സാമ്രാജ്യ ശക്തികളനുവർത്തിച്ച നിലപാടും, സ്വീകരിച്ച ക്രൂരമായ സമീപനവും തന്നെ വസ്തുതകൾ വ്യക്തമാക്കാൻ പര്യാപ്തമാണ്. അപ്രകാരം തന്നെ പൗരസ്ത്യ അറബ് പ്രദേശങ്ങളിൽ അവർ കാണിച്ച ക്രൂരതകളാർക്കും അജ്ഞാതമല്ലല്ലോ. യുദ്ധത്തിലും

ഭരണത്തിലും പടിഞ്ഞാറൻ മനസ്സ് വെച്ചുപുലർത്തുന്ന പ്രാകൃതതയും പാരുഷ്യവും അവയെല്ലാം സ്പഷ്ടമായിത്തന്നെ അനാവരണം ചെയ്യുന്നു. അതോടൊപ്പം അന്താരാഷ്ട്ര വേദികളിൽവെച്ച് കാരുണ്യത്തെയും മനുഷ്യത്വത്തെയും സംബന്ധിച്ച് അവർ നടത്തുന്ന പ്രഖ്യാപനങ്ങൾ തങ്ങളുടെ നിന്ദ്യമായ കാപട്യം ലോകത്തിന്റെ മുമ്പിൽ തുറന്നുകാണിക്കുകയും ചെയ്യുന്നു. അവരുടെ വഞ്ചനാത്മകമായ നയം മനസ്സിലാക്കാത്ത ആരും ഇന്നുണ്ടാവില്ല. യുദ്ധരംഗത്തും കോളനികളിലെ അധിനിവിഷ്ട നാടുകളിലും ഭരണമേഖലയിലും പാശ്ചാത്യർ അനുവർത്തിക്കുന്ന കാടത്തവും ദ്രോഹവും വിവരണാതീതമത്രെ. അവരുടെ രക്തദാഹം അനന്തം തന്നെ. മധ്യനൂറ്റാണ്ടുകളിൽ പടിഞ്ഞാറുകാർ കാട്ടിക്കൂട്ടിയ വഷളത്തങ്ങൾ നാഗരിക ശിക്ഷണം ലഭിക്കാത്തതിനാലാണെന്ന് പറഞ്ഞ് ന്യായീകരിക്കുന്നവർ അവരുടെ ഇന്നത്തെ ചെയ്തികളെ എങ്ങനെയാണ് ആദർശവത്കരിക്കുക? അവരിപ്പോൾ നാഗരികതയുടെ നായകന്മാരും ശാസ്ത്രത്തിലും കലയിലും കണ്ടുപിടിത്തങ്ങളിലും ലോകത്തിന്റെ ഗുരുക്കന്മാരുമാണല്ലോ. എന്നാൽ യഥാർഥ പ്രശ്നം അതല്ല, നമ്മുടെ വീക്ഷണത്തിലത് അടിസ്ഥാന പ്രകൃതത്തിന്റേതാണ്. കൃത്രിമമായ മുഴുവൻ കാട്ടിക്കൂട്ടലുകളെയും ചെയ്തികളെയും അത് അതിജയിക്കുന്നു. വിഗ്രഹാരാധകരും കാടന്മാരുമായ ഗോത്രവർഗങ്ങളായിരുന്ന കാലത്തുതന്നെ പാശ്ചാത്യരുടെ പ്രകൃതത്തിലും പെരുമാറ്റത്തിലും അവരുടെ ഈ പ്രത്യേകതകൾ നിലീനമായിരുന്നു. പിന്നീട് മധ്യനൂറ്റാണ്ടുകളിലവർ ഈ പ്രാകൃത പ്രകൃതത്തിന് മതത്തിന്റെ പരിവേഷം നൽകി. തങ്ങളുടെ കാടത്തത്തിന് ആധ്യാത്മികതയുടെ കുപ്പായമണിയിച്ചു. ഇന്ന് അതേ മലിനതകളെയവർ പരിഷ്കാരത്തിന്റെ പട്ടിൽ പൊതിഞ്ഞു ഒളിപ്പിച്ചുവെക്കാനാണ് ശ്രമിക്കുന്നത്. അതിനാൽ ഏറെ ഉച്ചത്തിൽ മുഴക്കപ്പെടുന്ന 'സമാധാനം', 'സുരക്ഷിതത്വം', 'സംസ്കാരം', 'പരിഷ്കാരം' പോലുള്ള പദങ്ങളിന്ന് പാശ്ചാത്യരുടെ നിഷ്ഠുരതയുടെ പര്യായങ്ങളായി മാറിയിരിക്കുന്നു. അവരെന്നും എവിടെയും കുറ്റവാളികളും ക്രൂരന്മാരും രക്തദാഹികളും കൈയൂക്കിന്റെ ഉപാസകരുമത്രെ. പ്രാകൃതരും സങ്കുചിത മനസ്കരും പക്ഷപാതികളും തന്നെ. എന്നിട്ടുമവർ ഇസ്‌ലാമിക നാഗരികതയെ പ്രാകൃതമെന്നാക്ഷേപിക്കുകയും അതിന്റെ വിജയങ്ങളെ ക്രൂരമെന്ന് മുദ്രകുത്തുകയും ചെയ്യുന്നു. ഒപ്പം, തങ്ങളുടെ സാമ്രാജ്യത്വത്തെ കാരുണ്യമായി വിശേഷിപ്പിക്കുകയും ചെയ്യുന്നു. ഇതെങ്ങനെ സാധിക്കുന്നുവെന്നതാണ് ഏറെ അദ്ഭുതകരം!

യഥാർഥത്തിൽ, നമ്മുടെയും അവരുടെയും അവസ്ഥ ഒരു കവി പാടിയതുപോലെയാണ്:

"നാം അധികാരത്തിലായിരുന്നപ്പോൾ നമ്മുടെ പ്രകൃതം മാപ്പു നൽകലായിരുന്നു. എന്നാൽ, നിങ്ങൾ ഭരണം കൈയാളിയപ്പോൾ ചാലി

ട്ടൊഴുകിയ ചോര താഴ്‌വരകളിൽ തളംകെട്ടിനിൽക്കുന്നു.

"നമുക്കിടയിലെ അന്തരം അൽപംപോലും ആശ്ചര്യജന്യമല്ല. ഓരോ പാത്രത്തിൽനിന്നും പുറത്തേക്ക് തുളുമ്പുക അതിനുള്ളിലുള്ളതാണല്ലോ."

ഏഴ്

# ജീവകാരുണ്യം

•

ഇസ്‌ലാമിക നാഗരികതയുടെ ചേതോഹാരിതയെ സംബന്ധിച്ച ചർച്ചയിൽ അതിവിശിഷ്ടമായ വിഷയമാണിത്-ഇക്കാലത്ത് ഏറെ പുതുമയുള്ളതല്ലെങ്കിലും. ആധുനികയുഗംവരെ മനുഷ്യേതര ജീവജാലങ്ങൾ കരുണയും ദയയും അർഹിക്കുന്നുവെന്നു പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നില്ല. ഇന്നും പല സമൂഹങ്ങളും തങ്ങളുടെ ആഘോഷങ്ങളിലും കായികമേളകളിലും ജീവികളെ കൊന്നുവിനോദിക്കാറുണ്ട്. ഇവിടെയാണ് ഇസ്‌ലാമിക നാഗരികത തത്ത്വത്തിലും പ്രയോഗത്തിലും തികഞ്ഞ കാരുണ്യത്തിന്റെയും ലോലവികാരങ്ങളുടെയും പ്രതീകമായി പ്രത്യക്ഷപ്പെട്ടത്. ജീവജാലങ്ങളോട് ഇസ്‌ലാം കാണിക്കുന്ന കരുണയും ദയയും സൂക്ഷ്മമായ പഠനമർഹിക്കുന്നു.

ജീവികളോടുള്ള കാരുണ്യത്തിന്റെ കാര്യത്തിൽ നമ്മുടെ നാഗരികത ഉയർത്തിപ്പിടിക്കുന്ന ഒന്നാമത്തെ തത്ത്വം അവയുടെ ലോകവും മനുഷ്യരുടേതുപോലെത്തന്നെയാണ് എന്നതത്രെ. എല്ലാ ജീവികൾക്കും അവയുടേതായ പ്രത്യേകതകളും പ്രകൃതങ്ങളും വികാരങ്ങളുമുണ്ട്. "ഭൂമിയിൽ സഞ്ചരിക്കുന്ന ജന്തുക്കളും ചിറകുകളിൽ പറക്കുന്ന പറവകളുമെല്ലാം നിങ്ങളെപ്പോലുള്ള സമുദായങ്ങൾ തന്നെയാണ്." (ഖു. 6:33)

മനുഷ്യനെപ്പോലെത്തന്നെ അവയും കരുണയർഹിക്കുന്നു. പ്രവാചകൻ പറയുന്നു: "കരുണ കാണിക്കുന്നവരോട് പരമ കാരുണികനായ അല്ലാഹുവും കരുണ ചെയ്യുന്നു." (അഹ്മദ്, അബൂദാവൂദ്, തിർമിദി, ഹാകിം)

"കരുണ കൊടുത്തവന് ഇഹപര സൗഭാഗ്യങ്ങളിൽ നിന്ന് തന്റെ വിഹിതം കിട്ടുന്നു." (അഹ്മദ്)

എന്നല്ല, ജീവികളോടുള്ള കാരുണ്യം സ്വർഗപ്രവേശത്തിനു പോലും കാരണമായിത്തീരുന്നു. നബി അറിയിക്കുന്നു: "ഒരാൾ വഴിയിലൂടെ നടന്നുപോവുകയായിരുന്നു. അയാൾക്ക് കഠിനമായ ദാഹം തോന്നിയപ്പോൾ അവിടെക്കണ്ട ഒരു കിണറ്റിലിറങ്ങി വെള്ളം കുടിച്ചു. കരക്കു കയറിയപ്പോൾ ഒരു നായയുണ്ട് ദാഹാധിക്യത്താൽ നാവ് നീട്ടി മണ്ണ് കപ്പുന്നു. അപ്പോൾ അയാൾ ആത്മഗതം ചെയ്തു: ഞാൻ അനുഭവിച്ചതുപോലെ ഈ നായയും കഠിനമായ ദാഹമനുഭവിക്കുന്നുണ്ട്. തുടർന്ന്, അയാൾ കിണറ്റിലിറങ്ങി തന്റെ ഷൂനിറയെ വെള്ളമെടുത്ത് നായക്ക് കൊടുത്തു. നായ അതെല്ലാം കുടിക്കുകയും ചെയ്തു. അതിനാൽ അല്ലാഹു അദ്ദേഹത്തോട് നന്ദികാണിച്ചു. അയാളുടെ പാപങ്ങൾ പൊറുത്തുകൊടുത്തു.

അപ്പോൾ സ്വഹാബികൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, മൃഗങ്ങളുടെ കാര്യത്തിലും ഞങ്ങൾക്ക് പ്രതിഫലമുണ്ടോ?' പ്രവാചകൻ പ്രതിവചിച്ചു: 'ജീവനുള്ള എല്ലാറ്റിന്റെ കാര്യത്തിലും നിങ്ങൾക്ക് പ്രതിഫലമുണ്ട്." (ബുഖാരി, മുസ്‌ലിം)

ഇപ്രകാരം തന്നെ അവയോടുള്ള ക്രൂരത നരകത്തിലേക്കും നയിക്കുന്നു. തിരുമേനി അരുൾ ചെയ്യുന്നു: "ഒരു പൂച്ച കാരണം ഒരു സ്ത്രീ നരകത്തിൽ പ്രവേശിച്ചു. അവൾ അതിനെ കെട്ടിയിട്ടു. എന്നിട്ട് ആഹാരം നൽകിയില്ല. ഭൂമിയിലെ പ്രാണികളെ പിടിച്ചുതിന്നാൻ വിട്ടയച്ചതുമില്ല." (ബുഖാരി, മുസ്‌ലിം)

ജീവികളോടുള്ള ദയ സംബന്ധിച്ച ഇസ്‌ലാമികാധ്യാപനങ്ങൾ ഇവിടം കൊണ്ടവസാനിക്കുന്നില്ല. സവാരിമൃഗങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോഴല്ലാതെ, ഒരിടത്തു നിൽക്കുമ്പോൾ അവയുടെ പുറത്ത് ദീർഘനേരമിരിക്കുന്നത് അത് നിഷിദ്ധമാക്കിയിരിക്കുന്നു. നബി നിർദേശിക്കുന്നു: "നിങ്ങളുടെ സവാരിമൃഗങ്ങളുടെ മുതുകുകൾ നിങ്ങൾ കസേരകളാക്കരുത്." (അഹ്മദ്, ഹാകിം)

ആഹാരം ലഭിക്കാതെ അവ മെലിയാനും ക്ഷീണിക്കാനും ഇടവരുത്തരുത്. ഒരിക്കൽ, പ്രവാചകൻ വിശന്ന് വയറൊട്ടിയ ഒരൊട്ടകത്തിനരികിലൂടെ നടക്കാനിടയായി. അപ്പോൾ, അവിടുന്ന് ആജ്ഞാപിച്ചു: "സംസാരശേഷിയില്ലാത്ത ഈ മൃഗങ്ങളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. അവക്ക് ആരോഗ്യമുള്ളപ്പോൾ നിങ്ങളവയെ സവാരി ചെയ്യുകയും ആഹരിക്കുകയും ചെയ്യുക." (അബൂദാവൂദ്, ഇബ്നുഖുസൈമഃ)

മൃഗങ്ങളെ അമിതമായി ജോലി ചെയ്യിച്ച് പീഡിപ്പിക്കുന്നതും നിഷിദ്ധമത്രെ. നബി ഒരിക്കൽ ഒരു അൻസ്വാരിയുടെ തോട്ടത്തിൽ പ്രവേശിച്ചു. അവിടെ ഒരൊട്ടകമുണ്ടായിരുന്നു. തിരുമേനിയെ കണ്ടപ്പോൾ അതു വേദനയോടെ ഞരങ്ങി കണ്ണിൽ വെള്ളം നിറച്ചു. അപ്പോൾ അവിടുന്ന് അതിന്റെ കണ്ണീർ തുടച്ചുകൊടുക്കുകയും അതിനെ തടവുകയും ചെയ്തു. തുടർന്ന്, അതിന്റെ ഉടമസ്ഥൻ ആരാണെന്ന് അന്വേഷിച്ചു. അപ്പോൾ ഉടമസ്ഥൻ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, അത് എന്റേതാണ്." ഉടനെ അവിടുന്ന് അദ്ദേഹത്തോട് ചോദിച്ചു: "താങ്കളുടെ അധീനതയിലുള്ള ഈ മൃഗത്തിന്റെ കാര്യത്തിൽ താങ്കൾ അല്ലാഹുവെ സൂക്ഷിക്കുന്നില്ലേ? താങ്കൾ അതിനെ പട്ടിണിക്കിടുകയും അധ്വാനഭാരത്താൽ തളർത്തുകയും ചെയ്തതായി അതെന്നോട് പരാതിപ്പെട്ടിരിക്കുന്നു." (അഹ്മദ്, അബൂദാവൂദ്)

കേവലം വിനോദത്തിനു വേണ്ടി ജീവികളെ വേട്ടയാടുന്നതും വിലക്കപ്പെട്ടിരിക്കുന്നു. നബി അറിയിക്കുന്നു: "ആരെങ്കിലും അനാവശ്യമായി ഒരു പക്ഷിയെ കൊന്നാൽ അന്ത്യദിനത്തിൽ അതു അലമുറയിട്ടുകൊണ്ട് അല്ലാഹുവിനോടിങ്ങനെ പറയും: 'നാഥാ! ഇന്നയാൾ അനാവശ്യമായി

എന്നെ കൊന്നിരിക്കുന്നു. ഒരാവശ്യത്തിനും വേണ്ടിയല്ല അയാളെന്നെ വധിച്ചത്." (നസാഈ, ഇബ്നു ഹിബ്ബാൻ)

അസ്ത്രപ്രയോഗവും വെടിവെപ്പും മറ്റും പരിശീലിക്കാൻ ഉന്നമായി ജീവികളെ ഉപയോഗിക്കുന്നതും നിഷിദ്ധംതന്നെ. "ജീവനുള്ളതിനെ ഉന്നം വെക്കുന്നവനെ നബി ശപിച്ചിരിക്കുന്നു." (ബുഖാരി, മുസ്‌ലിം)

മാത്രമല്ല, കന്നുകാലികളെ തമ്മിൽ കുത്തിക്കുന്നതും കോഴിപ്പോരു പോലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നതും വിലക്കപ്പെട്ടതത്രെ. അതു പോലെത്തന്നെ, മൃഗങ്ങളുടെ മുഖത്ത് തീകൊണ്ട് അടയാളമിടുന്നതും നബി കഠിനമായി നിരോധിച്ചിരിക്കുന്നു. ഒരിക്കൽ അവിടുന്ന്, മുഖത്ത് ചൂടുവെക്കപ്പെട്ട ഒരു കഴുതയുടെ അരികിലൂടെ നടക്കാനിടയായി. അപ്പോൾ തിരുമേനി പറഞ്ഞു: "അതിനെ ചൂടുവെച്ചവനെ അല്ലാഹു ശപിച്ചിരിക്കുന്നു." (ത്വബ്റാനി)

ഭക്ഷണാവശ്യത്തിന് ജീവികളെ അറുക്കേണ്ടിവരുമ്പോഴും അവയോട് കരുണ കാണിക്കണം. ആയുധം മൂർച്ചകൂട്ടുകയും വെള്ളം കൊടുക്കുകയും വേണം. അറുത്തശേഷം ജീവൻ പോകുന്നതിനുമുമ്പ് തോലു പൊളിക്കരുത്. പ്രവാചകൻ പറയുന്നു: "അല്ലാഹു എല്ലാ കാര്യത്തിലും നന്മ നിശ്ചയിച്ചിരിക്കുന്നു. അതിനാൽ, നിങ്ങൾ കൊല്ലുന്നുവെങ്കിൽ നല്ല നിലയിൽ കൊല്ലുക. അറുക്കുന്നുവെങ്കിൽ അത് നല്ല നിലയിലാക്കുക. വായ്ത്തല മൂർച്ചകൂട്ടുകയും ഉരുവിന് ആശ്വാസം നൽകുകയും ചെയ്യുക." (മുസ്‌ലിം, അബൂദാവൂദ്, മാലിക്, തിർമിദി)

കത്തി മൂർച്ച വരുത്തുന്നതിനു മുമ്പ് ഉരുവിനെ കശാപ്പിനായി കിടത്തുന്നതുപോലും ക്രൂരവും വിലക്കപ്പെട്ടതുമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ഒരാൾ ഉരുവിനെ കിടത്തിയശേഷം കത്തി മൂർച്ച കൂട്ടുകയായിരുന്നു. അപ്പോൾ നബി അദ്ദേഹത്തോട് ചോദിച്ചു: "താങ്കളതിനെ പലതവണ കൊല്ലാനാഗ്രഹിക്കുന്നോ? കിടത്തുന്നതിനു മുമ്പേ വായ്ത്തല മൂർച്ച വെപ്പിച്ചുകൂടേ?"(ത്വബ്റാനി, ഹാകിം)

അബ്ദുല്ലാഹിബ്നു മസ്ഊദ് ഉദ്ധരിക്കുന്നു: "ഞങ്ങൾ നബിയോടൊന്നിച്ച് ഒരു യാത്രയിലായിരുന്നു. വഴിയിൽ അടക്കാക്കിളി പോലുള്ള ഒരു പക്ഷിയെ കണ്ടു. അതിനോടൊന്നിച്ച് രണ്ട് കുട്ടികളുമുണ്ടായിരുന്നു. ഞങ്ങൾ ആ രണ്ട് കുട്ടികളെയുമെടുത്തു. അതോടെ ആ പക്ഷി വന്ന് ചിറകിട്ടടിക്കാൻ തുടങ്ങി. പിന്നീട് പ്രവാചകൻ വന്നപ്പോൾ ചോദിച്ചു: 'അതിന്റെ കുട്ടികളെ എടുത്ത് ആരാണതിനെ വേദനിപ്പിച്ചത്? അതിന്റെ കുഞ്ഞുങ്ങളെ തിരിച്ചു നൽകൂ!' ഞങ്ങൾ ഉറുമ്പുകളെ കരിച്ചുകളഞ്ഞ സ്ഥലം കണ്ടപ്പോൾ തിരുമേനി ചോദിക്കുകയുണ്ടായി: 'ആരാണിത് കരിച്ചത്?' 'ഞങ്ങളാണെ'ന്ന് മറുപടി പറഞ്ഞപ്പോൾ അവിടുന്ന് അരുൾ ചെയ്തു: 'അഗ്നിയുടെ നാഥനായ അല്ലാഹുവിനല്ലാതെ അഗ്നികൊണ്ട് ഒന്നിനെയും ശിക്ഷി

ക്കാൻ അവകാശമില്ല.” (അബൂദാവൂദ്)

## ജീവകാരുണ്യ നിയമങ്ങൾ

മുസ്‌ലിം പണ്ഡിതന്മാർ ഈ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ, ജീവികളോട് കരുണയോടെ വർത്തിക്കുന്നതിനുള്ള നിയമങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇസ്‌ലാമിക മൂല്യങ്ങളിൽ നിന്നവർ നിർദ്ധാരണം ചെയ്ത വിധികളെ ഇങ്ങനെ സംഗ്രഹിക്കാം:

ജീവികൾക്ക് ആഹാരം നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനാണ്. അതിൽ വീഴ്ച വരുത്തുന്ന ഉടമസ്ഥർ അവക്ക് ഭക്ഷണം കൊടുക്കാനോ, അതല്ലെങ്കിൽ അവയെ വിൽക്കാനോ, ഭക്ഷ്യവസ്തുവാണെങ്കിൽ അറുക്കാനോ അതൊന്നുമില്ലെങ്കിൽ അവയെ ആഹാരവും അഭയവും ലഭിക്കുന്നിടത്ത് എത്തിക്കാനോ നിർബന്ധിക്കപ്പെടേണ്ടതാകുന്നു. അന്നം തേടാൻ കഴിയാത്തവിധം അന്ധത ബാധിച്ച പൂച്ച ഒരു വീട്ടിൽ അഭയം തേടിയാൽ, വീട്ടുടമ അതിനു ഭക്ഷണം നൽകാൻ ബാധ്യസ്ഥനാണെന്നുവരെ പല കർമശാസ്ത്രപണ്ഡിതന്മാരും പറഞ്ഞിട്ടുണ്ട്. മൃഗങ്ങളെ കഴിവിൽ കൂടുതൽ ഭാരം വഹിപ്പിക്കുന്നതും വിലക്കപ്പെട്ടിരിക്കുന്നു. ആരെങ്കിലും ഒരു വാടകമൃഗത്തെ അതിന്റെ കഴിവിൽ കവിഞ്ഞ ഭാരം വഹിപ്പിച്ചാൽ ആ മൃഗത്തിന്റെ വില ആവശ്യപ്പെടാൻ അതിന്റെ ഉടമസ്ഥന് അവകാശമുണ്ട്. കഴുതയെയും കോവർകഴുതയെയുമെല്ലാം വഹിപ്പിക്കാവുന്ന ഭാരപരിധിയും പണ്ഡിതന്മാർ നിർണയിച്ചിട്ടുണ്ട്. ഇങ്ങനെ, ചിലർ നിശ്ചയിച്ച പരിധിയെ മറ്റു ചിലർ വിമർശിച്ചതായും കാണാം. ‘കോവർകഴുതക്ക് നിശ്ചയിച്ച പരിധി നീതിപൂർവകമാണ്. പക്ഷേ, കഴുതയോട് കാണിച്ചത് കടുത്ത അനീതിയാണ്.’

ഒരു ജീവി മറ്റൊന്നിനെ ദ്രോഹിക്കുകയും കൊല്ലുകയും ചെയ്യുന്നുവെങ്കിൽ മനുഷ്യരെയെന്നപോലെ അവയെ വിചാരണ ചെയ്യുകയും ശിക്ഷിക്കുകയും ചെയ്യുന്നത് സങ്കൽപാതീതമാണ്. എന്നാൽ, ‘കുററം’ ചെയ്ത ജീവിയുടെ ഉടമസ്ഥൻ അതിനെ സൂക്ഷിക്കുന്നതിലും കെട്ടിയിടുന്നതിലും അശ്രദ്ധ കാണിച്ചിട്ടുണ്ടെങ്കിൽ, അയാൾ ശിക്ഷിക്കപ്പെടുന്നതാണ്.

ഇസ്‌ലാമിക സംസ്കാരത്തിലും നിയമ വ്യവസ്ഥയിലും ജീവികളോട് സ്വീകരിക്കേണ്ട കാരുണ്യത്തെ സംബന്ധിച്ച നിയമങ്ങളും തത്ത്വങ്ങളുമാണിവ. എന്നാൽ, അവയുടെ പ്രയോഗവത്കരണം എവ്വിധമായിരുന്നു? അതും പരിശോധനയർഹിക്കുന്നു.

## ജീവകാരുണ്യം പ്രായോഗിക തലത്തിൽ

നബി ഒരു യാത്രയിലായിരിക്കെ ഒരു അൻസ്വാരി സ്ത്രീ, താൻ സവാരി ചെയ്യുന്ന ഒട്ടകത്തെ ശപിക്കുന്നത് കേൾക്കാനിടയായി. അതിൽ നീരസം പ്രകടിപ്പിച്ചുകൊണ്ട് അവിടുന്ന് ആ സ്ത്രീയോട് പറഞ്ഞു: “അതി

ന്മേലുള്ളത് എടുത്തുമാറ്റുകയും അതിനെ വിട്ടയക്കുകയും ചെയ്യുക. അത് ഏതായാലും ശപിക്കപ്പെട്ടതാണല്ലോ." അങ്ങനെ, അവരിൽനിന്ന് ആ ഒട്ട കത്തെ പിടിച്ചെടുക്കുകയും അവർ ജനങ്ങൾക്കിടയിലൂടെ നടന്നുപോ വുകയും ചെയ്തു. ആരും അവരെ സമീപിച്ചതുപോലുമില്ല. (മുസ്‌ലിം)

ഒരാൾ അറുക്കാൻവേണ്ടി ആടിനെ കാലുപിടിച്ച് വലിക്കുന്നതു കണ്ട ഉമറുൽ ഫാറൂഖ് പറഞ്ഞു: "നിനക്ക് നാശം! അതിനെ നല്ല നിലയിൽ മരണത്തിലേക്ക് നയിക്കുക."

ഇപ്രകാരം തന്നെ, ഇസ്‌ലാമിക രാഷ്ട്ര സാരഥികൾ ജീവജാലങ്ങ ളോട് കരുണ കാണിക്കാനും അവയെ ദ്രോഹിക്കാതിരിക്കാനും നിർദേ ശിക്കുന്ന പൊതു പ്രഖ്യാപനങ്ങൾ നടത്തുക പതിവായിരുന്നു.

ന്യായമായ ആവശ്യത്തിനല്ലാതെ ജനങ്ങൾ അവരുടെ കുതിരകളെ ഓടിക്കുന്നത് നിരോധിക്കാൻ ഉമറുബ്നുഅബ്ദിൽഅസീസ് തന്റെ ഗവർണർമാരോടുള്ള സന്ദേശത്തിൽ ഉത്തരവ് നൽകുകയുണ്ടായി. ഭാര മേറിയതും അടിവശത്ത് ഇരുമ്പ് ഘടിപ്പിച്ചതുമായ ജീനി ഉപയോഗിക്കാൻ ആരെയും അനുവദിക്കരുതെന്ന്, പൊതുവഴികൾ സംരക്ഷിക്കാൻ നിയു ക്തരായ ഭടന്മാരോട് അദ്ദേഹം കൽപിച്ചു. മൃഗങ്ങളെ ചമ്മട്ടികൊണ്ട് ക്രൂര മായി അടിക്കുന്നതും മുനയുള്ള സാധനങ്ങൾകൊണ്ട് കുത്തുന്നതും അദ്ദേഹം വിലക്കി. മൃഗങ്ങളെ അമിത ഭാരം വഹിപ്പിക്കുന്നതും യാത്ര ക്കിടയിൽ ക്രൂരമായി അടിക്കുന്നതും മറ്റും തടയൽ അക്കാലത്ത് വഴി സംരക്ഷണ ഭടന്മാരുടെ ബാധ്യത ആയിരുന്നു. അങ്ങനെ പെരുമാറുന്ന വരെ മര്യാദ പഠിപ്പിക്കുകയും ശിക്ഷിക്കുകയും ചെയ്യുമായിരുന്നു. "മാർഗ സംരക്ഷകൻ നന്മയുടെ രീതികളവലംബിക്കാൻ ജനങ്ങളെ നിർബന്ധി ക്കുകതന്നെ വേണം. അതിനാൽ, സാധ്യമായതിലപ്പുറം ഭാരം മൃഗങ്ങളെ വഹിപ്പിക്കരുത്. അവയെ ക്രൂരമായി അടിക്കരുത്. ഭാരം കയറ്റി പൊതു സ്ഥലത്ത് നിർത്തരുത്. ഭാരം വഹിക്കുമ്പോൾ വളരെ വേഗത്തിൽ ഓടി ക്കരുത്. കാരണം, അതെല്ലാം ഇസ്‌ലാം നിരോധിച്ചിരിക്കുന്നു. കന്നുകാ ലികളുടെ ആഹാരകാര്യത്തിൽ ജനം അല്ലാഹുവെ സൂക്ഷിക്കുകതന്നെ വേണം. അവയുടെ വിശപ്പ് മാറ്റുന്നതിൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. അതിൽ വീഴ്ച കാണിക്കരുത്. ആഹാരത്തിന്റെ അളവിലും ഗുണത്തിലും കുറവ് വരുത്തരുതെന്നർഥം."

## ജന്തുക്ഷേമത്തിന് വഖ്ഫ് സ്വത്തുക്കൾ

സാമൂഹിക സ്ഥാപനങ്ങളിലും ജീവജാലങ്ങൾക്ക് വലിയ പങ്ക് അനു വദിക്കപ്പെട്ടിരുന്നു. രോഗം ബാധിച്ച ജീവികളെ ചികിത്സിക്കാനും വാർധ ക്യവും അവശതയും ബാധിച്ചവയെ സംരക്ഷിക്കാനും പ്രത്യേക വഖ് ഫുകൾതന്നെ പുരാതനകാലത്ത് നിലനിന്നിരുന്നു. ദമസ്കസിലെ 'അൽമ റജുൽ അഖ്ദർ' ഇവ്വിധം വഖ്ഫ് ചെയ്യപ്പെട്ട പ്രദേശമാണ് (ഈ സ്ഥലം ഇന്ന് ദേശീയ കളിസ്ഥലമാണ്). പ്രയോജനമൂല്യമില്ലാത്തതിനാൽ ഉടമ

സ്ഥർ ഉപേക്ഷിക്കുന്ന, വാർധക്യം ബാധിച്ച് അവശമായ ഒട്ടകങ്ങൾക്ക് മേഞ്ഞുനടക്കാനായി വഖ്ഫ് ചെയ്യപ്പെട്ടതായിരുന്നു അവിടം. ഇപ്രകാരംതന്നെ, ദമസ്കസിലെ വഖ്ഫുകളിൽ പൂച്ചകൾക്ക് തിന്നാനും കളിക്കാനും താമസിക്കാനുമുള്ള സ്ഥലങ്ങളുണ്ടായിരുന്നു. അവക്കുവേണ്ടി നീക്കിവെക്കപ്പെട്ട പ്രത്യേക മൈതാനങ്ങളിൽ നൂറുക്കണക്കിന് തടിച്ചുകൊഴുത്ത പൂച്ചകൾ സംരക്ഷിക്കപ്പെട്ടിരുന്നു.

ജീവികളുടെ ക്ഷേമ താൽപര്യത്തിൽ ഇസ്‌ലാമിക സമൂഹം ചെന്നെത്തിയ ഈ വിതാനത്തോളം ഉയർന്ന മറ്റൊരു വിഭാഗവുമില്ല. ഗതകാല ചരിത്രത്തിലും സമകാലിക സമൂഹത്തിലും അത് അനുപമമാണ്. പ്രമുഖ സഹാബിയായ അബുദ്ദർദാഇന് ഒരൊട്ടകമുണ്ടായിരുന്നു. ആസന്നമരണനായിരിക്കെ അദ്ദേഹം അതിനെ വിളിച്ച് ഇങ്ങനെ പറയുകയുണ്ടായി: "അല്ലയോ ഒട്ടകമേ! നീ നിന്റെ നാഥന്റെയടുക്കൽ എന്റെ ശത്രുവാകരുത്. നിന്റെ കഴിവിനപ്പുറം ഞാൻ നിന്നെ ഭാരം വഹിപ്പിച്ചിട്ടില്ല."

അദിയ്യുബ്നു ഹാതിം ഉറുമ്പുകൾക്ക് റൊട്ടി പിന്നിയിട്ടുകൊടുക്കുകയും എന്നിട്ടിങ്ങനെ പറയുകയും ചെയ്യുമായിരുന്നു. "അവയും നമ്മുടെ അയൽക്കാരാണ്. അവയോടും നമുക്ക് ബാധ്യതയുണ്ട്."

മഹാനായ ഇമാം അബൂഇസ്ഹാഖശ്ശീറാസി ഒരിക്കൽ തന്റെ കൂട്ടുകാരോടൊന്നിച്ച് നടക്കുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ നേരെ ഒരു നായ വന്നു. അനുചരന്മാരിലൊരാൾ അതിനെ തടഞ്ഞു. ഉടനെ ശീറാസി അദ്ദേഹത്തെ വിലക്കിക്കൊണ്ട് ചോദിച്ചു: "വഴിയുടെ കാര്യത്തിൽ നാമും അതും തുല്യാവകാശികളാണെന്ന് താങ്കൾക്കറിഞ്ഞുകൂടേ?"

ഇസ്‌ലാമിക നാഗരികത കാഴ്ചവെച്ച മഹിതമായ ഈ മാതൃകകളുടെ മേന്മയും തിളക്കവും കൂടുതൽ പ്രകടമാവുക മറ്റു ജനവിഭാഗങ്ങൾ പുരാതനകാലത്തും മധ്യനൂറ്റാണ്ടുകളിലും ജീവജാലങ്ങളോട് പെരുമാറിയിരുന്നത് എവ്വിധമായിരുന്നുവെന്ന് മനസ്സിലാക്കുമ്പോഴാണ്.

## ജന്തുക്കളോടുള്ള സമീപനം ഇതര സംസ്കാരങ്ങളിൽ

മൃഗങ്ങളോ അവയുടെ ഉടമയോ വല്ല തെറ്റും ചെയ്താൽ മൃഗങ്ങളോട് പെരുമാറിയിരുന്നത് ബുദ്ധിയും ചിന്തയുമുള്ള മനുഷ്യനോടെന്നപോലെയായിരുന്നുവെന്നത് അദ്ഭുതകരമായിത്തോന്നിയേക്കാം. എന്നാൽ പുരാതനകാലത്തും മധ്യനൂറ്റാണ്ടുകളിലും മാത്രമല്ല, 19-ാം നൂറ്റാണ്ടുവരെ വിചിത്രമായ ഈ അവസ്ഥ തുടരുകയുണ്ടായി. മനുഷ്യനെപ്പോലെ ഇതര ജീവികളും വിചാരണക്ക് വിധേയമായിരുന്നു. തടവ്, നാടുകടത്തൽ, വധശിക്ഷ തുടങ്ങിയവയെല്ലാം മനുഷ്യർക്കെന്നപോലെ അവയ്ക്കും ബാധകമായിരുന്നു.

ജൂതനിയമത്തിൽ ഇങ്ങനെ കാണാം: "കാള ഒരു പുരുഷനെയോ സ്ത്രീയെയോ കുത്തുകയും കുത്തേറ്റയാൾ മരിക്കാനിടയാവുകയുമാ

ണെങ്കിൽ കാളയെ എറിഞ്ഞുകൊല്ലൽ നിർബന്ധമാണ്. അതിന്റെ മാംസം ഭക്ഷിക്കൽ നിഷിദ്ധവുമത്രെ.... അതിന്റെ ഉടമസ്ഥനെ നാടുകടത്തുകയും വേണം.'' ഇപ്രകാരം തന്നെ ജൂതനിയമമനുസരിച്ച് ഏതെങ്കിലും സ്ത്രീയോ പുരുഷനോ മൃഗത്തെ ഭോഗിച്ചാൽ പ്രസ്തുത മനുഷ്യനോടൊപ്പം മൃഗവും കൊല്ലപ്പെടുന്നതാണ്.

## ജന്തുക്കൾക്കുവേണ്ടി കോടതികൾ

പുരാതന ഗ്രീക്ക് നിയമങ്ങളനുസരിച്ച് മനുഷ്യന്റെ ജീവഹാനിക്ക് കാരണമാകുന്ന ജീവികളെയും പദാർഥങ്ങളെയും വിചാരണ ചെയ്യാൻ പ്രത്യേക കോടതിതന്നെ ഉണ്ടായിരുന്നു. ഈ കോടതി ബർടാനിയൺ (Berteoneon) എന്ന പേരിലാണറിയപ്പെട്ടിരുന്നത്. പ്ലാറ്റോ തന്റെ *നിയമങ്ങൾ* എന്ന ഗ്രന്ഥത്തിൽ ഒരു ജന്തു, മനുഷ്യനെ കൊന്നാൽ അയാളുടെ കുടുംബങ്ങൾക്ക് പ്രസ്തുത ജന്തുവിനെതിരെ കോടതി കയറാൻ വ്യവസ്ഥയുണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വധിക്കപ്പെട്ടവരുടെ അവകാശികൾക്ക് ഭൂവുടമകളിൽ നിന്ന് ന്യായാധിപനെ നിശ്ചയിക്കാനുള്ള അവകാശവുമുണ്ടായിരുന്നു. കുറ്റം തെളിയിക്കപ്പെട്ടാൽ പ്രതിക്രിയയെന്നോണം, കുറ്റവാളിയായ ജന്തു വധിക്കപ്പെടുകയും അതിന്റെ ശവം നാട്ടിന്റെ പുറത്തു കൊണ്ടുപോയി ഉപേക്ഷിക്കുകയും ചെയ്യണം.

ഒരു അചേതന വസ്തു മനുഷ്യന്റെ മേൽ വീഴുകയും അക്കാരണത്താൽ മനുഷ്യൻ മരിക്കുകയും ചെയ്താൽ, കൊല്ലപ്പെട്ടവന്റെ അടുത്ത ബന്ധുക്കൾ അയാളുടെ അയൽക്കാരിലൊരാളെ ന്യായാധിപനായി തെരഞ്ഞെടുക്കുകയും അയാൾ പ്രസ്തുത പദാർഥത്തെ നാടുകടത്താൻ വിധിക്കുകയും ചെയ്യുക എന്നതും അവരുടെ പതിവായിരുന്നു. എന്നാൽ, ജീവജാലങ്ങളെ കൊലപാതകമല്ലാത്ത കുറ്റങ്ങൾക്കും ശിക്ഷിച്ചിരുന്നു. നായ, മനുഷ്യനെ കടിച്ചാൽ കടിയേറ്റ മനുഷ്യന് അതിനോട് പ്രതികാരം ചെയ്യാം. അതിനുവേണ്ടി നായയെ, കടിയേറ്റ ആളുടെ മുമ്പിലെത്തിച്ചുകൊടുക്കാൻ അതിന്റെ ഉടമസ്ഥൻ ബാധ്യസ്ഥനായിരുന്നു. ഇപ്രകാരം തന്നെ ചിലപ്പോൾ തന്റെ യജമാനന്റെയോ അയാളുടെ കുടുംബത്തിന്റെയോ കുറ്റങ്ങൾക്കും ജീവജാലങ്ങൾ ശിക്ഷിക്കപ്പെട്ടിരുന്നു. മതത്തിനോ രാഷ്ട്രത്തിനോ എതിരെ ചെയ്ത കുറ്റത്തിന്റെ പേരിൽ വധശിക്ഷക്ക് വിധിക്കപ്പെടുന്നവന്റെ കുടുംബാംഗങ്ങളും വളർത്തുജന്തുക്കളും അയാളുടെ ഉടമസ്ഥതയിലുള്ള മറ്റെല്ലാ വസ്തുക്കളും കണ്ടുകെട്ടാനോ കരിച്ചുകളയാനോ വിധിക്കപ്പെടുക പതിവായിരുന്നു.

ഉഴുന്നതിനിടയിൽ ഒരാളുടെ കാള മറ്റൊരാളുടെ വിളയിലെങ്ങാനും കടന്നാൽ, പുരാതന റോമൻ നിയമത്തിൽ അതിനെയും അതിന്റെ ഉടമസ്ഥനെയും വധശിക്ഷക്ക് വിധിക്കാനുള്ള വകുപ്പുണ്ടായിരുന്നു. നായ, മനുഷ്യനെ കടിച്ചാൽ കടിയേറ്റ മനുഷ്യന് ഇഷ്ടാനുസരണം കൈകാര്യം ചെയ്യാൻ അതിനെ വിട്ടുകൊടുക്കണമെന്നും ആ നിയമവ്യവസ്ഥ അനു

ശാസിച്ചിരുന്നു. ഏതെങ്കിലും ജീവി തന്റെ യജമാനന്റേതല്ലാത്ത വിളയോ പുല്ലോ തിന്നാലും അങ്ങനെത്തന്നെ.

റോമക്കാരുടെയും ഗ്രീക്കുകാരുടെയും നിയമങ്ങൾ പോലെത്തന്നെ യായിരുന്നു, ജീവജാലങ്ങളെ ശിക്ഷിക്കുന്ന കാര്യത്തിൽ പുരാതന ജർമൻ നിയമങ്ങളും.

എന്നാൽ, പുരാതന പേർഷ്യക്കാരുടെ രീതിയായിരുന്നു ഏറെ വിചിത്രം. നായ ആട്ടിൻകുട്ടിയെ കടിച്ചുകൊല്ലുകയോ മനുഷ്യനെ കടിച്ചു പരുക്കേൽപിക്കുകയോ ചെയ്താൽ ആദ്യതവണ വലതു ചെവിയും ആവർത്തിച്ചാൽ ഇടതു ചെവിയും മൂന്നാം തവണ വലതു കാലും നാലാം തവണ ഇടതു കാലും അഞ്ചാം തവണ വാലും മുറിച്ചുകളയുകയാണ് ചെയ്തിരുന്നത്.

മധ്യകാല യൂറോപ്യൻ സമൂഹങ്ങളിൽ ഫ്രാൻസാണ് 13-ാം നൂറ്റാണ്ടിൽ ജീവജാലങ്ങളുടെ കുറ്റങ്ങളുടെയും ശിക്ഷകളുടെയും പ്രശ്നം മനുഷ്യരുടേതെന്നപോലെ നിയമാനുസൃത മാർഗത്തിലൂടെ വ്യവസ്ഥാപിത കോടതിക്ക് മുമ്പാകെ കൊണ്ടുവന്ന ക്രൈസ്തവ രാഷ്ട്രം. പിന്നീട് 14-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ സാർഡീനിയയിൽ ഇതേ നിയമം തന്നെ പ്രഖ്യാപിച്ചു. അതിനുശേഷം, 15-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ബെൽജിയവും അതേ വ്യവസ്ഥ നടപ്പാക്കി. 16-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഹോളണ്ട്, ജർമനി, ഇറ്റലി, സ്വീഡൻ എന്നീ രാഷ്ട്രങ്ങളും അതു തന്നെ അംഗീകരിച്ചു. സിസിലിയിലെ ചില വിഭാഗങ്ങൾ 19-ാം നൂറ്റാണ്ടു വരെ ഈ നിയമമനുസരിച്ച് നടപടികൾ സ്വീകരിച്ചിരുന്നു.

യൂറോപ്യൻ കോടതികളിൽ ജീവികൾക്കെതിരെ കേസെടുത്തിരുന്നത് കുറ്റത്തിനിരയായവരുടെയോ സർക്കാർ പ്രതിനിധികളുടെയോ പരാതി യനുസരിച്ചാണ്. കുറ്റവാളിയായ ജീവിയുടെ ആൾക്കാർ കോടതിയിൽ ഹാജരായി അതിനെ പ്രതിരോധിക്കുകയായിരുന്നു പതിവ്.

അപ്പോൾ മുൻകരുതലെന്ന നിലയിൽ പ്രസ്തുത ജീവിയെ അറസ്റ്റ് ചെയ്യാൻ കോടതി ഉത്തരവിടും! പിന്നീട് വിധി പ്രഖ്യാപിക്കുകയും വലിയ ജനക്കൂട്ടത്തിന്റെ സാന്നിധ്യത്തിൽ ശിക്ഷ നടപ്പാക്കുകയും ചെയ്യും; മനുഷ്യരുടെ മേൽ ശിക്ഷ നടപ്പാക്കപ്പെടുന്ന പോലെത്തന്നെ! എറിഞ്ഞും തല വെട്ടിയും തീവെച്ചും മൃഗങ്ങളിൽ വധശിക്ഷ നടപ്പാക്കിയിരുന്നു. ചിലപ്പോൾ കൊല്ലുന്നതിനു മുമ്പ് ചില അവയവങ്ങൾ മുറിച്ചെടുത്തിരുന്നു. ഈ വിചാരണയും വിധിയും കോടതിയുമൊക്കെ വളരെ ഗൗരവത്തോടെയും കാര്യബോധത്തോടെയുമാണവർ നിർവഹിച്ചിരുന്നത്. ജന്തുക്കൾക്കെതിരെ വിധിക്കാൻ കോടതി നിർബന്ധിതമാകുന്നതിനെ സംബന്ധിച്ച അവരുടെ പരാമർശം അതാണ് തെളിയിക്കുന്നത്: "നീതി ഉറപ്പുവരുത്താൻ ഈ ജന്തുവിനെ വധിക്കണമെന്ന് വിധിക്കുന്നു", "ക്രൂരവും മ്ലേച്ഛവുമായ പാതകം ചെയ്തതിന്റെ പേരിൽ അതിനെ ക്രൂശിക്കണമെന്ന് വിധിക്കുന്നു" എന്നിങ്ങനെയാണവർ പ്രസ്താവിച്ചിരുന്നത്. പ്രകൃതി നിയമങ്ങളിൽ അനാവശ്യമായി ഇടപെടുന്നതിനാലാണ് തങ്ങൾ ജീവജാലങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതെന്ന യൂറോപ്യരുടെ വാദം ഏറെ വിചിത്രമാണ്.

ജീവജാലങ്ങളുടെ പേരിൽ ആഭിചാര കർമങ്ങളും ആരോപിക്കപ്പെട്ടിരുന്നു. അതിന് നൽകിയിരുന്ന ശിക്ഷ അവയെ ചുട്ടുകളയലായിരുന്നു. ഇത്തരം ശിക്ഷ നടപ്പാക്കാൻ വലിയ ആഘോഷങ്ങൾ തന്നെ സംഘടിപ്പിക്കപ്പെട്ടിരുന്നു. വിറകുകെട്ടുകൾ കൊണ്ടുവന്ന് മൈതാനമധ്യത്തിൽ വെക്കുകയായിരുന്നു ആരാച്ചാർ ചെയ്തിരുന്നത്. ശിക്ഷ വിധിക്കപ്പെട്ട ജീവികൾ ഇരുമ്പുകൂടുകളിൽ ബന്ധിച്ച് ഹാജരാക്കപ്പെടുന്നു. ശിക്ഷ നടപ്പാക്കാനുള്ള സമയമായാൽ ഏതാനും പുരോഹിതന്മാർ ഭരണാധികാരികളോടൊന്നിച്ച് പ്രത്യക്ഷപ്പെടുന്നു. അവരിലൊരാൾ ഇരുകൈകളിലും വിറകിന് തീ കൊളുത്താനുള്ള തീക്കൊള്ളികളുമായി മുന്നോട്ടുവരുന്നു. പിന്നീട് ഭരണാധികാരി വധശിക്ഷക്ക് വിധിക്കപ്പെട്ട ജീവികളെ അഗ്നികുണ്ഡത്തിലെറിയാൻ ആജ്ഞാപിക്കുന്നു. അതോടെ ശിക്ഷ നടപ്പാക്കപ്പെടുകയും അവ ചാരമായിത്തീരുകയും ചെയ്യുന്നു-മാരണം ചെയ്തതിനുള്ള ശിക്ഷ!

## രസകരമായ ചില കേസുകൾ

മധ്യനൂറ്റാണ്ടുകളിൽ യൂറോപ്യർ ജന്തുജാലങ്ങൾക്കെതിരെ നടത്തിയ പ്രസിദ്ധമായ ചില വിധികൾ പ്രത്യേകം പ്രസ്താവ്യമത്രെ. അവയിലേറ്റവും രസകരവും പ്രശസ്തവുമായത് 15-ാം നൂറ്റാണ്ടിൽ ഫ്രാൻസിലെ ഒക്ടേവ് (Octave) നഗരത്തിൽ എലികൾക്കെതിരെ നടന്നതാണ്. ജനങ്ങളുടെ സ്വൈരം കെടുത്തുമാറ് രൗദ്രഭാവത്തിൽ റോഡുകളിൽ തിങ്ങിക്കൂടി എന്നതായിരുന്നു കുറ്റം. കേസ് തുടങ്ങിയപ്പോൾ എലികളുടെ ഭാഗം വാദിക്കാനായി അക്കാലത്ത് ഫ്രാൻസിലെ പ്രസിദ്ധ വക്കീലായിരുന്ന ഷാസാ

നിയ (Shasania) ഹാജരായി അവധി ആവശ്യപ്പെട്ടു. തങ്ങളുടെ കൂട്ടത്തിൽ അവശരും രോഗികളും മുലകുടിക്കുന്നവരുമൊക്കെ ഉള്ളതിനാൽ എലികൾക്ക് കോടതിയിൽ ഹാജരാകാൻ സാധിച്ചിട്ടില്ല എന്നതായിരുന്നു അതിന് അദ്ദേഹം ഉന്നയിച്ച ന്യായം. കൂടുതൽ സമയമനുവദിച്ച് മറ്റൊരവസരം നൽകിയാൽ കോടതി മുമ്പാകെ ഹാജരാകാൻ സാധിക്കുമെന്നും അദ്ദേഹം ബോധിപ്പിച്ചു. കോടതി അതനുവദിച്ച് കേസ് നീട്ടിവെച്ചു.

എന്നാൽ നിർണിത സമയത്ത് എലികൾ കോടതിയിലെത്തിയില്ല. അപ്പോൾ അവരുടെ വക്കീൽ കോടതിയിൽ ബോധിപ്പിച്ചു: "കോടതിയുടെ ശാസന എലികൾ അംഗീകരിക്കുന്നു. ഇവിടെ ഹാജരാകാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. പക്ഷേ, യുവറോണർ, എന്റെ കക്ഷികൾ കോടതിയിൽ വന്നാൽ പൂച്ചകൾ ഉപദ്രവിക്കുമോയെന്ന് ഭയപ്പെടുകയാണ്." അപ്പോൾ മുഖ്യന്യായാധിപൻ പ്രഖ്യാപിച്ചു: "ജീവന് ഭീഷണിയുള്ളവർക്ക് നിർഭയത്വം നൽകേണ്ടത് കോടതിയുടെ ബാധ്യതയാണ്." മൂഷികസമൂഹം തെരുവിലൂടെ വരുന്നതിനുമുമ്പ് അവയുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ രാജ്യത്തെ മുഴുവൻ പൂച്ചകളെയും തടവിലാക്കാൻ ഭരണകൂടത്തോട് കൽപിക്കണമെന്ന് വക്കീൽ കോടതിയോടപേക്ഷിച്ചു. നീതിബോധമുള്ള കോടതി അതംഗീകരിക്കുകയും ചെയ്തു.

തുടർന്ന് എലികൾ കോടതിയിൽ വരുമ്പോൾ പേടിക്കാതിരിക്കാനായി നായ്ക്കളും പൂച്ചകളും തെരുവിലിറങ്ങുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടു. പക്ഷേ, തദ്ദേശവാസികൾ അത് ലംഘിച്ചു. അങ്ങനെ എലികൾക്ക് ന്യായമായ പ്രതിരോധത്തിന് അവസരം നിഷേധിക്കപ്പെട്ടതിനാൽ അവ നിരപരാധികളാണെന്ന് വിധി പ്രഖ്യാപിക്കാൻ കോടതി നിർബന്ധിതമായി. ഇത്തരമൊരു വിധി സമ്പാദിച്ചതിന്റെ പേരിൽ പ്രതിഭാഗം വാദിച്ച വക്കീലിന് വ്യാപകമായ പ്രസിദ്ധി ലഭിച്ചു. അദ്ദേഹം എലികളിൽ നിന്ന് ഫീസ് ഈടാക്കിയിരുന്നോ ഇല്ലേയെന്ന് നമുക്കറിയില്ല. ഒരുപക്ഷേ, പ്രതിഫലമായി അദ്ദേഹത്തിന്റെ പുസ്തകങ്ങളും കടലാസുകളും തങ്ങൾ കാർന്നു നശിപ്പിക്കുകയില്ലെന്ന് എലികൾ ഉറപ്പു കൊടുത്തിരിക്കും!

## മുട്ടയിട്ട പൂവൻകോഴി

മധ്യനൂറ്റാണ്ടുകളിൽ ജന്തുജാലങ്ങൾക്കായുണ്ടായിരുന്ന കോടതികൾ നടത്തിയ വിധികളിൽ ഏറ്റവും പുതുമയുള്ളത് 1474-ൽ ഉണ്ടായതാണ്. സ്വിറ്റ്സർലന്റിലെ ബാൽ നഗരത്തിൽ ഒരു പൂവൻകോഴിക്കെതിരെ കോടതിയിൽ കേസ്സ് വന്നു. അത് മുട്ടയിട്ടു എന്നായിരുന്നു പരാതി. അക്കാലത്തെ പാശ്ചാത്യരുടെ വീക്ഷണത്തിലത് കടുത്ത പാതകമായിരുന്നു. മാരണക്കാർ തങ്ങളുടെ പൈശാചിക ലക്ഷ്യങ്ങൾക്കുവേണ്ടി പൂവൻകോഴിയുടെ മുട്ട ഉപയോഗിക്കാറുണ്ടെന്ന് ജനം പരക്കെ ധരിച്ചുപോന്നിരുന്നു. അങ്ങനെ, കോഴി കോടതിയിൽ ഹാജരാക്കപ്പെട്ടു.

കോഴിഭാഗം വക്കീൽ ചോദിച്ചു: ‘‘എന്റെ കക്ഷി, പൂവൻകോഴി എങ്ങനെയാണ് ഈ സംഭവത്തിന് ഉത്തരവാദിയാകുക? അതിന് ഈ കുറ്റത്തിൽനിന്നു മാറിനിൽക്കാൻ ഒരു മാർഗവുമുണ്ടായിരുന്നില്ലല്ലോ.” എന്നാൽ കോടതി ഈ വാദമംഗീകരിച്ചില്ല. അതിനാൽ പൂവൻകോഴി വധശിക്ഷക്കു വിധിക്കപ്പെട്ടു. വിധിക്ക് ന്യായം പറഞ്ഞതിപ്രകാരമായി രുന്നു: “മറ്റു പൂവൻകോഴികൾക്ക് ഒരു പാഠമാകാൻ വേണ്ടി.”

## പുഴുക്കളും പ്രതികൾ

1495-ൽ ഫ്രാൻസിലും രസകരമായ ഒരു സംഭവമുണ്ടായി. സാൻജൂ ലിയൻ പ്രദേശത്തെ മുന്തിരിത്തോട്ടങ്ങളുടെ ഉടമസ്ഥർ ചെടികൾ നശി പ്പിക്കുന്ന പുഴുക്കൾക്കെതിരെ കേസ് കൊടുത്തു. മുന്തിരിവള്ളി നശിപ്പി ക്കുകയും കച്ചവടം നഷ്ടപ്പെടുത്തുകയും ചെയ്തുവെന്നതായിരുന്നു, അവയ്ക്കെതിരിലുള്ള കുറ്റം. ഈ കേസിൽ പ്രമുഖരായ രണ്ട് നിയമപ ണ്ഡിതന്മാർ പുഴുക്കളുടെ ഭാഗത്ത് വാദിച്ചു. അതിനാൽ പ്രസ്തുത കേസ് നാൽപത് വർഷം നീണ്ടുനിന്നു. കൃഷിക്കാർക്കു കാലതാമസം കാരണം കേസ് മടുത്തു. അവസാനം പുഴുക്കൾക്ക് യഥേഷ്ടം തിന്നുനടക്കാൻ ഒരു പ്രദേശം പ്രത്യേകം ഒഴിച്ചിടാമെന്ന തീരുമാനത്തിലവർ ഏകോപി ക്കുകയാണുണ്ടായത്!

ജീവജാലങ്ങളോടുള്ള ഇസ്‌ലാമിക നാഗരികതയുടെയും ഇതര നാഗരികതകളുടെയും സമീപനം സംബന്ധിച്ച ഏകദേശ ചിത്രമാണിത്. ഇസ്‌ലാമിക നാഗരികതക്ക് ഈ രംഗത്ത് രണ്ട് സവിശേഷതകളുണ്ടെന്ന് ഇത് തെളിയിക്കുന്നു:

1. ജീവജാലങ്ങൾക്ക് വാർധക്യവും രോഗവും അവശതയും ബാധി ക്കുമ്പോൾ അവയെ സംരക്ഷിക്കാനും ശുശ്രൂഷിക്കാനും അവയുടെ ജീവിതം ഭദ്രമാക്കാനുമുള്ള സാമൂഹിക സ്ഥാപനങ്ങൾ.

2. ഇസ്‌ലാമിക സംസ്കാരത്തിൽ ജന്തുജാലങ്ങൾക്ക് കോടതിയില്ല. കാരണം, ഇസ്‌ലാം അവയെ കുറ്റവിചാരണയിൽ നിന്നൊഴിവാക്കിയിരി ക്കുന്നു. ആധുനിക നാഗരികതകൾ അത് ചെയ്തത് പതിമൂന്ന് നൂറ്റാ ണ്ടുകൾക്കു ശേഷമാണ്. ഇപ്രകാരം തന്നെ ജീവജാലങ്ങൾക്കിടയിലെ മത്സരവും അവയോടുള്ള ക്രൂരതയും ഇസ്‌ലാം ആദ്യമേ അവസാനിപ്പി ച്ചിട്ടുണ്ട്. എന്നാൽ അക്കാലത്ത് റോമിലും ഗ്രീസിലും അതെല്ലാം ഔദ്യോ ഗികമായ ആഘോഷങ്ങളുടെ ഭാഗമായിരുന്നു. സ്പെയിനിൽ കാളപ്പോര് വലിയ ഉത്സവമായി ഇന്നും ആഘോഷിക്കപ്പെട്ടുവരുന്നു. മധ്യനൂറ്റാണ്ടു കളിൽ പാശ്ചാത്യർ ജന്തുജാലങ്ങളോടനുവർത്തിച്ച ക്രൂരതയുടെയും നിർദയത്വത്തിന്റെയും അവശിഷ്ടമാണ് അതെന്നതിൽ സംശയമില്ല......

എട്ട്

# ധർമസ്ഥാപനങ്ങൾ

•

ഒരു സമുദായത്തെ പുരോഗതിയിലേക്ക് നയിക്കുന്നതും ജീവിക്കാൻ അർഹമാക്കുന്നതും ലോകനേതൃത്വത്തിന് യോഗ്യമാക്കുന്നതും അതിലെ അംഗങ്ങളുടെ ഔന്നത്യമാണ്. അവരുടെ മനുഷ്യ സ്നേഹപരമായ സമീപനങ്ങളും സകല ജനവിഭാഗങ്ങളോടുമുള്ള നന്മനിറഞ്ഞ പെരുമാറ്റങ്ങളും ഭൂമിയിലെ മുഴുവൻ ജീവജാലങ്ങളോടുമുള്ള ദയാവാത്സല്യവികാരങ്ങളുമാണ്. ഇതിലെല്ലാമുള്ള ഉദാരാവസ്ഥയാണ് നാഗരികതകളുടെ നിത്യതയുടെ നിദാനം. അവയുടെ മഹത്വ-പതിത്വങ്ങൾ നിർണയിക്കുന്ന മാനദണ്ഡവും ഈ മേഖലകളിലെ സമീപനം തന്നെ.

മുസ്‌ലിം സമുദായം ഈ രംഗത്ത് ഏറെ ഉയരത്തിലാണ്. അതിന് മുമ്പോ പിമ്പോ ഒരു സമൂഹവും ജനതയും അവിടേക്കെത്തിയിട്ടില്ല. ഗതകാല നാഗരികതകളിലെ ദാനധർമങ്ങൾ ആരാധനാലയങ്ങളിലും വിദ്യാസ്ഥാപനങ്ങളിലും പരിമിതമായിരുന്നു. ആധുനിക പാശ്ചാത്യ സമൂഹങ്ങൾ സാമൂഹിക സ്ഥാപനങ്ങളിലൂടെ പൊതു പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ വളരെ മുന്നോട്ടു പോയിട്ടുണ്ടെന്നതിൽ സംശയമില്ല. എന്നാൽ, പ്രസ്തുത സംരംഭങ്ങൾ മനുഷ്യ സ്നേഹപരമായ വികാരങ്ങളാൽ പ്രചോദിതങ്ങളോ ദൈവപ്രീതി പ്രതീക്ഷിച്ചുള്ളവയോ അല്ല. മറിച്ച്, അവരുടെ ദാനധർമങ്ങളുടെയും സേവന പ്രവർത്തനങ്ങളുടെയും ഏറ്റം ശക്തമായ പ്രേരകം, പേരും പെരുമയും അന്തസ്സും മഹത്വവും ലഭിക്കാനുള്ള മോഹമത്രെ. എന്നാൽ, ഇസ്‌ലാമിക സമൂഹത്തെ നന്മ ചെയ്യാൻ പ്രേരിപ്പിക്കുന്നത് അല്ലാഹുവിന്റെ പ്രീതിയിലുള്ള പ്രതീക്ഷയാണ്. എന്നും എക്കാലവും അതങ്ങനെത്തന്നെയായിരുന്നു. ശക്തിയുടെയും മഹത്വത്തിന്റെയും, അധഃപതനത്തിന്റെയും ദൗർബല്യത്തിന്റെയും അവസരങ്ങളിലൊന്നും അതിലൊരു മാറ്റവും സംഭവിച്ചിരുന്നില്ല. ജനങ്ങൾ തങ്ങളുടെ ദാനധർമങ്ങളും സൽപ്രവർത്തനങ്ങളും അറിയുന്നോ ഇല്ലേയെന്നത് മുസ്‌ലിംകൾ ഒരിക്കലും പ്രശ്നമാക്കിയിരുന്നില്ല. സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബിയുടെ മാതൃക തന്നെ മതിയായ തെളിവാണ്. അദ്ദേഹം തന്റെ മുഴുവൻ സമ്പത്തും നന്മയുടെ മാർഗത്തിൽ ചെലവഴിച്ചു. സിറിയ, ഈജിപ്ത് എന്നിവിടങ്ങളിലുടനീളം പള്ളികളും പാഠശാലകളും സത്രങ്ങളും സ്ഥാപിച്ചു. അവയിലൊന്നിൽപ്പോലും അദ്ദേഹം തന്റെ പേർ രേഖപ്പെടുത്തിയില്ല. മറിച്ച്, തന്റെ സേനാനായകന്മാരുടെയും മന്ത്രിമാരുടെയും സഹായികളുടെയും നാമങ്ങളാണ് അവയിലൂടെ ശാശ്വതീകരിച്ചത്. നിഷ്കാമവും മഹിതവുമായ സേവന പ്രവർത്തനത്തിന്റെ ഉന്നത മാതൃകകളിലൊന്നാണിത്.

പാശ്ചാത്യർ തങ്ങളുടെ ധർമ സ്ഥാപനങ്ങളിലധികത്തിന്റെയും പ്രയോജനം സ്വന്തം നാട്ടുകാർക്കും വർഗങ്ങൾക്കും പ്രദേശത്തുകാർക്കും പരിമിതപ്പെടുത്തുകയാണ് ചെയ്തത്. എന്നാൽ, മുസ്‌ലിം സാമൂഹിക സ്ഥാപനങ്ങൾ അവയുടെ കവാടങ്ങൾ ജാതി-വർഗ-ദേശ-ഭാഷാ വ്യത്യാസങ്ങൾക്കതീതമായി മുഴുവൻ മനുഷ്യർക്കും തുറന്നിട്ടു കൊടുക്കുകയാണുണ്ടായത്.

ഇപ്രകാരംതന്നെ, ഇസ്‌ലാമിക ധർമ സ്ഥാപനങ്ങളും സാമൂഹിക സംരഭങ്ങളും നന്മയുടെ നിരവധി മുഖങ്ങൾ ഉൾക്കൊള്ളുന്നവയും സമൂഹത്തിന്റെ സകല മേഖലകളിലെയും സുരക്ഷിതത്വം സാധിപ്പിക്കുന്നവയുമാണ്. പാശ്ചാത്യർക്ക് ഇന്നും അവയിൽ പല രേഖകളെപ്പറ്റിയും അറിയുകപോലുമില്ല. അതിനാലവരിൽ അദ്ഭുതവും പരിഭ്രമവും സൃഷ്ടിക്കാൻ പോന്നതാണ് പ്രസ്തുത വശങ്ങൾ. മാത്രമല്ല, ഇസ്‌ലാമിക സമൂഹത്തിൽ മനുഷ്യസ്നേഹപരമായ വികാരങ്ങൾ പൂർണവും പരിശുദ്ധവും പ്രവിശാലമായ സീമകളോടു കൂടിയതുമായിരുന്നുവെന്നും അവ തെളിയിക്കുന്നു. മറ്റു സമുദായങ്ങൾക്കൊന്നും അതിന്റെ അടുത്തുപോലുമെത്താൻ സാധിച്ചിട്ടില്ല.

ഇസ്‌ലാമിക നാഗരികതയുടെ സുവർണ ദശകളിൽ ധർമ സ്ഥാപനങ്ങളും സാമൂഹിക സംരംഭങ്ങളും ഉൾക്കൊണ്ടിരുന്ന നന്മയുടെ വിവിധ വശങ്ങൾ വിശകലനം ചെയ്യുന്നതിനു മുമ്പ് ഈ രംഗത്ത് ഇസ്‌ലാമിന്റെ കാഴ്ചപ്പാട് എന്തെന്ന് വിലയിരുത്തേണ്ടതനിവാര്യമാണ്. കാരണം, ഇസ്‌ലാമിക സമുദായത്തെ പ്രചോദിതമാക്കുകയും ചരിത്രത്തിൽ സമാനതകളില്ലാത്ത സാമൂഹിക സംരംഭങ്ങളുടെ സ്ഥാപനങ്ങൾക്കവരെ പ്രേരിപ്പിക്കുകയും ചെയ്തത് അവയാണ്.

ദാരിദ്ര്യത്തെ സംബന്ധിച്ച സംഭ്രാന്തി ജനിപ്പിക്കുന്ന പൈശാചിക വികാരങ്ങളെയും പിശുക്കിന്റെ പ്രേരകങ്ങളെയും പിഴുതെറിഞ്ഞുകൊണ്ടാണ് ഇസ്‌ലാം മനുഷ്യനെ നന്മചെയ്യാൻ ക്ഷണിക്കുന്നത്. ധനവ്യയത്തിന് പ്രേരിപ്പിച്ചുകൊണ്ട് പരിശുദ്ധ ഖുർആൻ പറയുന്നു: “പിശാച് നിങ്ങളെ ദാരിദ്ര്യത്തെപ്പറ്റി പേടിപ്പെടുത്തുകയും നീചവൃത്തികൾക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവാകട്ടെ, തന്നിൽനിന്നുള്ള മാപ്പും ഔദാര്യവും നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. അതിവിശാലനും സൂക്ഷ്മജ്ഞനുമത്രെ അല്ലാഹു.” (2:268)

ഇസ്‌ലാം ധനിക-ദരിദ്ര വ്യത്യാസമില്ലാതെ മുഴുവൻ മനുഷ്യരോടും നന്മ ചെയ്യാൻ കൽപിക്കുന്നു; ധനികൻ തന്റെ സ്വത്തുപയോഗിച്ചും ദരിദ്രൻ തന്റെ മനസ്സും നാവും കൈകാലുകളും ഉപയോഗിച്ചും. നന്മയുടെയും ക്ഷേമത്തിന്റെയും മാർഗത്തിൽ എന്തെങ്കിലും സംഭാവനകളർപ്പിക്കാൻ സാധിക്കാത്ത ആരും ഇസ്‌ലാമിക നാഗരികതയിലുണ്ടാവില്ല. “സമ്പന്നർ സ്വത്ത് ദാനം ചെയ്യുന്നു; ധനമില്ലാത്തതിനാൽ തങ്ങൾക്ക്

ദാനം ചെയ്യാൻ സാധ്യമല്ല; അതിനാൽ പണക്കാർ പുണ്യത്തിന്റെ കാര്യത്തിൽ തങ്ങളെ മുൻകടക്കുന്നു”- ദരിദ്രർ പ്രവാചകനോട് പരാതിപ്പെട്ടു. അപ്പോൾ അവിടുന്ന് അവരെ അറിയിച്ചു: “നന്മചെയ്യൽ ധനവ്യയത്തിൽമാത്രം പരിമിതമല്ല; ജനങ്ങൾക്ക് പ്രയോജനകരമായവയെല്ലാം സൽപ്രവർത്തനങ്ങളാണ്.”

നബി പറഞ്ഞു: “എല്ലാ ദൈവകീർത്തനങ്ങളിലും നിങ്ങൾക്ക് ധർമമുണ്ട്. നന്മ കൽപിക്കൽ, തിന്മ നിരോധിക്കൽ, വഴിയിൽ നിന്ന് ഉപദ്രവം നീക്കൽ, രണ്ടു പേർക്കിടയിൽ സന്ധിയുണ്ടാക്കൽ, ഒരാളെ അയാളുടെ വാഹനത്തിന്റെ കാര്യത്തിൽ സഹായിക്കൽ -എല്ലാം ദാനമാണ്.” (ബുഖാരി, മുസ്‌ലിം)

ഇങ്ങനെ തൊഴിലാളി, വ്യാപാരി, വിദ്യാർഥി, അധ്യാപകൻ, കർഷകൻ, സ്ത്രീ, വൃദ്ധൻ, ദുർബലൻ, അന്ധൻ, വികലാംഗൻ തുടങ്ങി ഏവർക്കും ധർമത്തിൽ പങ്കു വഹിക്കാൻ സാധിക്കുമാറ് ഇസ്‌ലാം അതിന്റെ വൃത്തം വിശാലമാക്കിയിരിക്കുന്നു. സമൂഹത്തിൽ നന്മയും ക്ഷേമവും വരുത്താൻ വ്യഗ്രതയുള്ള ആർക്കും അതിൽ പങ്കാളിയാവാം. സാമ്പത്തികാവസ്ഥ പ്രശ്നമേയല്ല.

ഇസ്‌ലാം ജാതി-മത-ദേശ-ഭാഷാവ്യത്യാസങ്ങൾക്കതീതമായി മുഴുവൻ മനുഷ്യർക്കും നന്മ ചെയ്യണമെന്ന് നിർദേശിക്കുന്നു. അതുവഴി മുസ്‌ലിം മനസ്സിനെ സകലരോടുമുള്ള സ്നേഹവികാരത്തിന്റെ സമുന്നതാവസ്ഥയിലേക്കുയർത്തുന്നു. പ്രവാചകൻ പറഞ്ഞു: “സൃഷ്ടികളെല്ലാം ദൈവത്തിന്റെ ആശ്രിതരാണ്. തന്റെ ആശ്രിതർക്ക് ഏറ്റവുമധികം ഉപകാരം ചെയ്യുന്നവരെയാണ് അല്ലാഹു ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുക.” (ത്വബ്റാനി, അബ്ദുർറസ്സാഖ്)

നന്മയും ഉപകാരവും ചെയ്യുന്നവർക്കുതന്നെയാണവയുടെ നേട്ടം ലഭിക്കുകയെന്ന പ്രഖ്യാപനത്തിലൂടെ ഇസ്‌ലാം മനുഷ്യമനസ്സിനെ സാമൂഹിക സേവന പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കുന്നു. ഉത്തമ വൃത്തികൾ മറ്റെല്ലാറ്റിനും മുമ്പെ അതിന്റെ കർത്താവിലേക്ക് മടങ്ങിവരുമെന്ന് അത് മുഴുവൻ മനുഷ്യരേയും പഠിപ്പിക്കുന്നു. ദാനധർമങ്ങൾ അല്ലാഹുവിന്റെ പ്രതിഫലവും പൊരുത്തവും സ്നേഹവും സ്തുതിയും നേടിക്കൊടുക്കുന്നതിലൂടെയാണിത് സാധിതമാവുക. വിശുദ്ധ ഖുർആൻ പറയുന്നു: “നിങ്ങൾ വല്ല ധനവും ചെലവഴിക്കുന്നുവെങ്കിൽ അത് നിങ്ങളുടെ നന്മക്കുവേണ്ടിത്തന്നെയാണ്.” (2:272)

“ആരെങ്കിലും സൽക്കർമം ചെയ്താൽ അതിന്റെ നന്മ അവനുതന്നെയാണ്.” (41:46)

മനുഷ്യനിൽ വൈയക്തിക വികാരവും സ്വാർഥചിന്തയുമുള്ളേടത്തോളം കാലം മറ്റെന്തിനെക്കാളുമധികം അവൻ സ്നേഹിക്കുക തന്നെത്തന്നെയാണ്. സ്ഥാനം നൽകുക സ്വന്തം നേട്ടങ്ങൾക്കും. എങ്കിലും ഇസ്‌ലാ

മിന്റെ ഈ ശൈലിക്ക് മാനവമനസ്സിൽ നിർണായക സ്വാധീനമുണ്ടെന്ന തിൽ സംശയമില്ല. അതിലൂടെ ലുബ്ധൻ ഉദാരനാകുന്നു. പിശുക്കൻ ദാന ശീലനാവുന്നു. ധനം സമൂഹത്തിന് പ്രയോജനപ്പെടുന്നു. സമ്പത്ത് ജന ങ്ങൾക്കുവേണ്ടി വ്യയം ചെയ്യുന്നതിന് സന്താനങ്ങളും കുടുംബാംഗങ്ങളും വിഘാതമല്ലാതായിത്തീരുന്നു. ഇസ്‌ലാം പ്രഖ്യാപിക്കുന്നു: "അല്ലാഹുവിന് ഉത്തമമായ കടംകൊടുക്കാൻ ആരുണ്ട്? എങ്കിൽ അതിനെ അവൻ ഇര ട്ടിയായി വർധിപ്പിച്ചുകൊടുക്കുന്നതാണ്. കുറച്ചു നൽകുന്നതും കൂടുതൽ കൊടുക്കുന്നതും അല്ലാഹുവത്രെ" (2:245). ഈ വിശുദ്ധവാക്യമവതരിച്ച പ്പോൾ അബുദ്ദഹ്ദാഹ് എന്ന സ്വഹാബി ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, അല്ലാഹു തന്റെ അടിമകളിൽ നിന്നു കടമെടുക്കുകയോ?" അപ്പോൾ പ്രവാചകൻ പ്രതിവചിച്ചു: "അതെ." ഉടനെ അദ്ദേഹം നബിയോട് അവിടുത്തെ കൈനീട്ടാനാവശ്യപ്പെട്ടു. അങ്ങനെ തന്റെ ഏക സമ്പത്തായ തോട്ടം ദാനം ചെയ്തതിന് തിരുമേനിയെ സാക്ഷിനിർത്തി. ആ ഉദ്യാനത്തിൽ, കായ്ക്കുന്ന എഴുനൂറ് ഈന്തപ്പനകളുണ്ടായിരുന്നു. പിന്നീട് അദ്ദേഹം തന്റെ സഹധർമിണിയെ സമീപിച്ചു. അവർ കുട്ടിക ളോടൊന്നിച്ച് പ്രസ്തുത തോട്ടത്തിൽ ഉലാത്തുകയായിരുന്നു. അദ്ദേഹം അവരോട് താൻ ചെയ്ത ദാനത്തെ സംബന്ധിച്ച് വിവരമറിയിച്ചു. ഉടനെ അവരും കുട്ടികളും ആ ഉദ്യാനത്തോട് വിടപറഞ്ഞു. ആ സ്ത്രീ തന്റെ പ്രിയതമനോട് പറഞ്ഞു: "അല്ലാഹു താങ്കളുടെ കച്ചവടം ലാഭകരമാക്കി ത്തരട്ടെ."

"നിങ്ങൾക്ക് പ്രിയങ്കരമായതിൽനിന്ന് ചെലവഴിക്കുന്നതുവരെ നിങ്ങൾ പുണ്യം പ്രാപിക്കുകയില്ലെ"ന്ന് പരിശുദ്ധ വചനം(3:92) അവതീർണമാ യപ്പോൾ അബൂ ത്വൽഹതൽ അൻസ്വാരി പ്രഖ്യാപിച്ചു: "അല്ലാഹുവിന്റെ ദൂതരേ, എനിക്കേറ്റവും പ്രിയങ്കരമായ ധനം ധാരാളം ശുദ്ധജലം ലഭി ക്കുന്ന ബൈറഹായാണ്. ഞാനത് ദൈവമാർഗത്തിൽ ദാനം ചെയ്യുന്നു. അവന്റെ അടുക്കൽ അതിന്റെ പ്രതിഫലവും പുണ്യവും പ്രതീക്ഷിക്കു കയും ചെയ്യുന്നു. അതിനാൽ അങ്ങക്കത് ഇഷ്ടാനുസരണം കൈകാര്യം ചെയ്യാവുന്നതാണ്." അപ്പോൾ അവിടുന്ന് അരുൾ ചെയ്തു: "വേണ്ട, വേണ്ട. അത് താങ്കൾക്കേറെ പ്രയോജനമുള്ള സ്വത്താണ്. അതിനാൽ കിണർ സ്വന്തം ഉടമസ്ഥതയിൽ സൂക്ഷിക്കുക. അതിലെ വെള്ളം അല്ലാ ഹുവിന്റെ മാർഗത്തിൽ ദാനം നൽകുകയും ചെയ്യുക" (തഫ്സീറു ഇബ്നി കസീർ). ഈ ദാനമായിരുന്നു ഇസ്‌ലാമിലെ ആദ്യത്തെ വഖ്ഫ്. ഇവിടെ നിന്നാണ് 'വഖ്ഫ്' ആരംഭിച്ചത്. സാമ്പത്തികാസ്തിയോടു കൂടിയ സാമൂഹിക സ്ഥാപനങ്ങൾക്ക് തുടക്കംകുറിച്ചതും അതിലൂടെത്തന്നെ. ഇസ്‌ലാമിക നാഗരികതയുടെ ചരിത്രത്തിൽ സാമൂഹികക്ഷേമ സംരംഭ ങ്ങൾ സ്ഥാപിതമായ ആധാരശില 'വഖ്ഫാ'ണ്.

ഈ മേഖലയിൽ മുഹമ്മദ് നബി മുസ്‌ലിം സമുദായത്തിനു ഉദാത്ത മായ മാതൃക കാഴ്ചവെക്കുകയുണ്ടായി. അല്ലാഹുവിന്റെ മാർഗത്തിലെ

പോരാളികളിലൊരാൾ തന്റെ മരണസമയത്ത് നബിക്ക് തന്റെ ഇഷ്ടാ
ന ു
സരണം വിനിയോഗിക്കാനായി ഏഴു തോട്ടങ്ങൾ വസ്വിയ്യത്ത് ചെയ്യുകയുണ്ടായി. അവിടുന്ന് അവയെല്ലാം അഗതികൾക്കും അശരണർക്കും ദരിദ്രർക്കും യോദ്ധാക്കൾക്കുംവേണ്ടി വഖ്ഫ് ചെയ്യുകയാണുണ്ടായത്. പിന്നീട് ഉമറുൽ ഫാറൂഖ് അക്കാര്യത്തിൽ തിരുമേനിയെ അനുധാവനം ചെയ്തു. അദ്ദേഹം ഖൈബറിലെ തന്റെ ഭൂമി വഖ്ഫ് ചെയ്തു. തുടർന്ന് മറ്റു സ്വഹാബികളും അതേ മാതൃക പിന്തുടർന്നു. അബൂബക്ർ, ഉസ്മാൻ, അലി, സുബൈർ, മുആദ് തുടങ്ങിയവരെല്ലാം തങ്ങളുടെ സ്വത്തുക്കൾ വഖ്ഫ് ചെയ്യുകയുണ്ടായി. തന്റെ സമ്പത്തിൽ നിന്ന് എന്തെങ്കിലും വഖ്ഫ് ചെയ്യാത്ത ഒറ്റ സ്വഹാബി പോലുമില്ലാത്ത സ്ഥിതിവന്നു. ഉമറുൽ ഫാറൂഖിന്റെ ഭരണകാലത്ത് ഈ പ്രക്രിയ ആവർത്തിക്കപ്പെട്ടു. അദ്ദേഹം ഖലീഫയായിരിക്കെ തന്റെ ഭൂമി വഖ്ഫ് ചെയ്തു. മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽ നിന്നുമായി ഒരു സംഘത്തെ ക്ഷണിച്ചുവരുത്തി അതിന് സാക്ഷി നിർത്തുകയും ചെയ്തു. അപ്പോൾ ജാബിറുബ്നു അബ്ദില്ലാഹിൽ അൻസ്വാരി പറഞ്ഞു: “ദാനം ചെയ്യപ്പെടുകയോ വിൽക്കപ്പെടുകയോ അനന്തരമെടുക്കപ്പെടുകയോ ചെയ്യാത്തവിധം ധനം വഖ്ഫ് ചെയ്യാത്ത ആരെയും സാമ്പത്തികശേഷിയുള്ള അൻസ്വാറുകളുടെയും മുഹാജിറുകളുടെയും കൂട്ടത്തിൽ എനിക്കറിയില്ല.”

മുസ്‌ലിം സമുദായം തലമുറ തലമുറകളായി ഈ ചര്യ തുടർന്നുപോന്നു. നിലങ്ങൾ, തോട്ടങ്ങൾ, വീടുകൾ, കാർഷികോൽപന്നങ്ങൾ എന്നിവയെല്ലാം സൽപ്രവർത്തനങ്ങൾക്കായി വഖ്ഫ് ചെയ്തുകൊണ്ടിരുന്നു. അതിന്നും തുടരുന്നു. വഖ്ഫുകളെ അടിസ്ഥാനമാക്കി അനേകം സാമൂഹിക ക്ഷേമ സംരംഭങ്ങളും ധർമസ്ഥാപനങ്ങളും രൂപം കൊണ്ടു. അവ എത്രയെന്ന് കണക്കാക്കുകപോലും സാധ്യമല്ല.

ഈ സാമൂഹികക്ഷേമ സംരംഭങ്ങളും ധർമസ്ഥാപനങ്ങളും പൊതുവെ രണ്ടുതരമാണ്- രാഷ്ട്രം മുൻകൈയെടുത്ത് സ്ഥാപിക്കുന്നവയും വ്യക്തികളുണ്ടാക്കുന്നവയും. അവ വിവിധയിനങ്ങളിൽ വ്യാപിച്ചു

കിടക്കുന്നു. അത്തരം സ്ഥാപനങ്ങളെയും വഖ്ഫുകളെയും സംബന്ധിച്ച സംക്ഷിപ്ത വിവരണംപോലും ദുഷ്കരമത്രെ. അതിനാൽ സുപ്രധാന മായ ചിലയിനങ്ങളെ സംബന്ധിച്ച് മാത്രമിവിടെ പരാമർശിക്കാം.

1. ധർമസ്ഥാപനങ്ങളിൽ പ്രഥമവും പ്രധാനവുമായവ പള്ളികളാണ്. അല്ലാഹുവിന്റെ പ്രതിഫലം പ്രതീക്ഷിച്ച് അവയുടെ നിർമാണത്തിനായി വിശ്വാസികൾ അഹമഹമികയാ മുന്നോട്ടു വരുന്നു. അതോടൊപ്പം ഭര ണാധികാരികൾ തങ്ങൾ സ്ഥാപിക്കുന്ന പള്ളികളുടെ വലിപ്പത്തിന്റെയും ഗാംഭീര്യത്തിന്റെയും കാര്യത്തിൽ പരസ്പരം മത്സരിച്ചിരുന്നു. വലീദുബ്നു അബ്ദിൽമലിക് ജാമിഉൽ ഉമവിയ്യയുടെ സ്ഥാപനത്തിന് സീമാതീതമായ സ്വത്ത് ചെലവഴിച്ച വസ്തുതതന്നെ ഇതിന് മതിയായ തെളിവാണ്. അതിന്റെ നിർമാണത്തിന് വിനിയോഗിച്ച ധനത്തെയും തൊഴിലാളിക ളെയും സംബന്ധിച്ച് കേൾക്കുമ്പോൾ അദ്ഭുതവും അവിശ്വാസവും തോന്നിയേക്കും.

2. പാഠശാലകളും ആശുപത്രികളും ധർമസ്ഥാപനങ്ങളിൽ സുപ്ര ധാനമായ സ്ഥാനത്താണ്. അവയെ സംബന്ധിച്ച ഒരധ്യായം വഴിയെ വരുന്നുണ്ട്.

3. ദരിദ്രരായ അഗതികൾക്കും വഴിയാത്രക്കാർക്കും അഭയകേന്ദ്രമാ യിത്തീരുന്ന സത്രങ്ങളും പൊതു ഭോജനശാലകളും. അവിടങ്ങളിൽനിന്ന് അവർക്ക് ആഹാരവും വിശ്രമ സൗകര്യങ്ങളും ലഭിക്കുന്നു.

4. സർവസംഗ പരിത്യാഗികളായി ആരാധനകളിൽ മുഴുകുന്ന ഭക്ത ന്മാർക്കായുള്ള വാസസ്ഥലങ്ങളും പർണശാലകളും പൗരാണിക മുസ്‌ലിംകൾ നിർമിച്ച ധർമസ്ഥാപനങ്ങളിൽപ്പെടുന്നു.

5. വീട് വാടകക്കെടുക്കാനോ വാങ്ങാനോ സാധിക്കാത്ത ദരിദ്രന്മാർക്കു വേണ്ടിയുള്ള പ്രത്യേക പാർപ്പിടങ്ങൾ.

6. പൊതുജനങ്ങൾക്കുവേണ്ടി വഴികളിൽവെച്ചു നടത്തപ്പെടുന്ന പാനീയ വിതരണ കേന്ദ്രങ്ങൾ.

7. തൊഴിലില്ലാത്തവർക്കായി റൊട്ടി, മാംസം, ഹലുവ പോലുള്ളവ വിതരണം ചെയ്യുന്ന ഭോജനശാലകൾ. സുൽത്താൻ സലീമിന്റെയും

ശൈഖ് മുഹിയിദ്ദീന്റെയും കാലത്ത് ആരംഭിച്ച ഇത്തരം സ്ഥാപനങ്ങൾ അടുത്ത കാലംവരെ നിലനിന്നുവരികയുണ്ടായി.

8. മക്കയിൽ ഹാജിമാർക്കായി സ്ഥാപിച്ച വീടുകൾ. അല്ലാഹുവിന്റെ ഭവനത്തിലേക്ക് തീർഥയാത്ര ചെയ്യുന്നവർ അവിടങ്ങളിൽ താമസിക്കുന്നു. മക്ക മുഴുവൻ നിറഞ്ഞുനിൽക്കുമാറ് ഈ വീടുകൾ നിരവധിയത്രെ. മക്കയിലെ വീടുകൾക്ക് ഹജ്ജ്കാലത്ത് വാടക ഈടാക്കാൻ പാടില്ലെന്നു പോലും പല പണ്ഡിതന്മാരും പറഞ്ഞിട്ടുണ്ട്. കാരണം, അവിടെ ഉണ്ടായിരുന്നവ ഫലത്തിൽ ഹാജിമാരെ ഉദ്ദേശിച്ച് അവർക്കുവേണ്ടി വഖ്ഫ് ചെയ്യപ്പെട്ടവയായിരുന്നു.

9. യാത്രക്കാർ, കന്നുകാലികൾ, കാർഷികാവശ്യങ്ങൾ തുടങ്ങിയവക്കായി മരുഭൂമിയിൽ നിർമിക്കപ്പെടുന്ന പൊതു കിണറുകൾ, മക്കക്കും ബഗ്ദാദിനുമിടയിലും മദീനക്കും ദമസ്കസിനുമിടയിലും ഇത്തരം നിരവധി കിണറുകളുണ്ടായിരുന്നു. കൂടാതെ, ഇസ്‌ലാമിക രാഷ്ട്രത്തിലെ പ്രധാന തലസ്ഥാനങ്ങളിലും നഗരങ്ങളിലും ഗ്രാമങ്ങളിലും ധാരാളം പൊതുകിണറുകളുണ്ടായിരുന്നു. അതിനാൽ അക്കാലത്ത് യാത്രക്കാർ എവിടെപ്പോയാലും ദാഹംമൂലം ഒട്ടും പ്രയാസപ്പെടുമായിരുന്നില്ല.

10. വൈദേശികാക്രമണങ്ങളിൽ നിന്ന് നാടിനെ രക്ഷിക്കാനുള്ള സൈനികത്താവളങ്ങൾ. അല്ലാഹുവിന്റെ മാർഗത്തിൽ അടരാടുന്നവർക്കായിമാത്രം പ്രത്യേകം നിർമിച്ച ഇത്തരം നിരവധി ധർമസ്ഥാപനങ്ങൾ മുമ്പുണ്ടായിരുന്നു. അവിടെ യോദ്ധാക്കൾക്കാവശ്യമായ ആയുധങ്ങൾ, മറ്റു പടക്കോപ്പുകൾ, ആഹാരസാധനങ്ങൾ തുടങ്ങി അവർക്കനിവാര്യമായവയെല്ലാം ലഭിച്ചിരുന്നു. അബ്ബാസിയാ ഭരണകാലത്ത് റോമക്കാരുടെ പടയോട്ടത്തെ പ്രതിരോധിക്കുന്നതിലും സിറിയയിലും ഈജിപ്തിലും കുരിശു യോദ്ധാക്കളെ നേരിടുന്നതിലും ഈ സൈനികത്താവളങ്ങൾ നിർണായകമായ പങ്ക് വഹിക്കുകയുണ്ടായി.

11. അല്ലാഹുവിന്റെ മാർഗത്തിൽ പൊരുതുന്നവർക്ക് ആയുധങ്ങൾ വഖ്ഫ് ചെയ്യൽ, അമ്പുകൾ, വാളുകൾ, വാഹനങ്ങൾ തുടങ്ങിയവയെല്ലാം ഇവ്വിധം വഖ്ഫ് ചെയ്യപ്പെട്ടിരുന്നു. പിൽക്കാലത്ത് യുദ്ധോപകരണങ്ങളുടെ നിർമാണശാലകളുണ്ടാക്കുന്നതിലും അവയുടെ വ്യവസായങ്ങൾ വളർന്നുവന്നതിലും ഇത്തരം വഖ്ഫുകൾ സുപ്രധാനമായ പങ്ക് വഹിക്കുകയുണ്ടായി. കുരിശുയുദ്ധക്കാലത്ത് പാശ്ചാത്യർ മുസ്‌ലിം നാടുകളിലേക്ക് ആയുധങ്ങൾ വാങ്ങാൻ വരിക പതിവായിരുന്നു. അതിനാൽ, ശത്രുക്കൾക്ക് ആയുധവിൽപന നടത്തുന്നത് നിഷിദ്ധമാണെന്ന് നമ്മുടെ പണ്ഡിതന്മാർ വിധി പ്രസ്താവിച്ചിരുന്നു.

എന്നാലിന്ന് എല്ലാം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. നാം ആയുധങ്ങൾക്ക് പാശ്ചാത്യരുടെ മുമ്പിൽ പോയി കൈനീട്ടി യാചിക്കുകയാണ്. നമ്മുടെ സ്വാതന്ത്ര്യവും ആത്മാഭിമാനവും ഹനിക്കുന്ന നിബന്ധനകളോ

ടെയല്ലാതെ അവർ നമുക്ക് ആയുധങ്ങൾ നൽകുന്നുമില്ല.

12. സൈനികച്ചെലവുകൾ വഹിക്കാൻ സർക്കാറിന് സാധിക്കാതെ വരുമ്പോൾ പ്രസ്തുത ആവശ്യാർഥം വിനിയോഗിക്കാനുള്ള വഖ്ഫുകൾ. അവയിലെ വരുമാനങ്ങൾ ദൈവികമാർഗത്തിൽ പൊരുതാൻ തയ്യാറുള്ള യോദ്ധാക്കൾക്കുവേണ്ടി വിനിയോഗിച്ചിരുന്നു. അതിനാൽ, സ്വർഗമാഗ്രഹിച്ച് സ്വന്തത്തെ അല്ലാഹുവിന് വിൽക്കാൻ സന്നദ്ധരാവുന്നവർക്കെല്ലാം ദൈവികമാർഗത്തിലെ സമരം സാധ്യവും സുഖകരവുമായിരുന്നു.

13. റോഡുകൾ, ഊടുവഴികൾ, പാലങ്ങൾ പോലുള്ളവയുടെ നിർമാണത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള വഖ്ഫുകൾ.

14. പൊതുശ്മശാനമായുപയോഗിക്കാൻ വ്യക്തികൾ ദാനം ചെയ്യുന്ന സ്ഥലങ്ങൾ.

15. ദരിദ്രരുടെയും അനാഥരുടെയും അഗതികളുടെയും ജനാസ സംസ്കരണ ചെലവുകൾക്കായുള്ള വഖ്ഫുകൾ.

16. സാമൂഹിക സേവനത്തിനായുള്ള ധർമസ്ഥാപനങ്ങൾ. അനാഥകളുടെയും അവിവിതബന്ധത്തിൽ ജനിച്ച സന്തതികളുടെയും സംരക്ഷണത്തിനും ശിക്ഷണത്തിനും വേണ്ടിയുള്ള ഇത്തരം നിരവധി സ്ഥാപനങ്ങൾ നിലനിന്നിരുന്നുവെന്നത് നമുക്കിന്നു ഏറെ ആശ്ചര്യകരമായി ത്തോന്നിയേക്കാം.

17. അന്ധന്മാർ, വികലാംഗർ, അവശർ പോലുള്ളവർക്കുവേണ്ടി നടത്തപ്പെടുന്ന സ്ഥാപനങ്ങൾ. താമസം, ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങി അവരുടെ മുഴുവൻ ആവശ്യങ്ങളും അവിടെ നിർവഹിക്കപ്പെട്ടു പോന്നിരുന്നു. വളരെ മാന്യമായ അവസ്ഥയിലാണ് അവരവിടങ്ങളിൽ കഴിഞ്ഞുകൂടിയിരുന്നത്.

18. തടവുപുള്ളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികൾ. അവരുടെ ജീവിത നിലവാരം ഉയർത്താനും ഭക്ഷണം മെച്ചപ്പെടുത്താനും ആരോഗ്യ സംരക്ഷണത്തിനും ഇത്തരം സംരംഭങ്ങളിലൂടെ സാധിച്ചിരുന്നു.

19. വികലാംഗരെയും, അന്ധന്മാർരെയും സേനവിക്കുന്നവർക്കു വേണ്ടിയുള്ള വഖ്ഫുകൾ. അവയിലെ വരുമാനം അവശരെ സേവിക്കുന്നവർക്കു വേണ്ടിയാണ് വിനിയോഗിച്ചിരുന്നത്.

20. വിവാഹമൂല്യം നൽകാനും മറ്റു കല്യാണാവശ്യങ്ങൾ നിർവഹിക്കാനും മാർഗമില്ലാത്തവരെ സഹായിക്കുന്ന സ്ഥാപനങ്ങൾ. ദരിദ്ര യുവതീയുവാക്കളുടെ വിവാഹത്തിനാവശ്യമായ സാമ്പത്തിക സൗകര്യങ്ങൾ നിർവഹിച്ചുപോന്ന ഇത്തരം സ്ഥാപനങ്ങൾ എന്തുമാത്രം പ്രയോജനപ്രദവും അനിവാര്യവുമല്ല! അവയിലെ കാരുണ്യ വികാരം ആർക്കാണവഗണിക്കാൻ കഴിയുക?

21. മാതൃസംരക്ഷണ സ്ഥാപനങ്ങൾ. അവ നാട്ടിലെ ഉമ്മമാർക്ക്

മുട്ടയും പാലും പഞ്ചസാരയും വിതരണം നടത്തുക പതിവായിരുന്നു. അവ നമ്മുടെ നാട്ടിലെ പാൽവിതരണ കേന്ദ്രങ്ങളെക്കാൾ ആസൂത്രിതങ്ങളും ഫലപ്രദങ്ങളുമായിരുന്നു. അല്ലാഹുവിന്റെ പ്രീതിമാത്രം പ്രതീക്ഷിച്ച് മാതാക്കളുടെ സംരക്ഷണാർഥം സംഘടിപ്പിക്കപ്പെട്ടവയായിരുന്നു അവ. സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബിയുടെ മഹിതമായ സംഭാവനകളിൽ, മധുരംചേർത്ത ശുദ്ധജലവും പാലും വിതരണം ചെയ്തിരുന്ന രണ്ടു സംഭരണികളുൾപ്പെടുന്നു. തന്റെ കോട്ടയുടെ വാതിൽക്കലാണവ സ്ഥാപിച്ചിരുന്നത്. ദമസ്കസിലിന്നും ആ ചര്യ തുടർന്നുവരുന്നു. ആഴ്ചയിൽ രണ്ട് തവണ മാതാക്കളെല്ലാം അവിടെച്ചെന്ന് തങ്ങൾക്കാവശ്യമായ പാലും പഞ്ചസാരയും വാങ്ങിക്കൊണ്ടുവരിക പതിവാണ്.

22. കുട്ടികളുടെ മനോവിഷമമകറ്റാനുള്ള സ്ഥാപനങ്ങൾ. വിവിധ ആവശ്യാർഥം പാത്രങ്ങൾ കൊണ്ടുപോകുന്ന കുട്ടികളുടെ കൈകളിൽ നിന്നവ വീണുടഞ്ഞാൽ പകരം നൽകിയിരുന്ന ഇത്തരം സ്ഥാപനങ്ങൾ എത്ര മഹത്തായ വാത്സല്യ-കാരുണ്യ വികാരത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

23. ജീവജാലങ്ങൾക്കായുള്ള സ്ഥാപനങ്ങൾ. അവക്ക് ആഹാരം നൽകുന്നതിലും രോഗം ബാധിച്ചാൽ ചികിത്സിക്കുന്നതിലും അവശത ബാധിക്കുമ്പോൾ സംരക്ഷിക്കുന്നതിലും ഇത്തരം സ്ഥാപനങ്ങൾ ശ്രദ്ധിച്ചുപോന്നു. ഇന്ന് ദമസ്കസിലെ മുൻസിപ്പൽ കളിസ്ഥലം സ്ഥിതിചെയ്യുന്ന 'അൽമറജുൽ അഖ്ദർ' അവശമായ ഒട്ടകങ്ങളെയും മറ്റു ജീവജാലങ്ങളെയും അവയുടെ അന്ത്യംവരെ സംരക്ഷിക്കാനായി വഖ്ഫ് ചെയ്യപ്പെട്ട ഭൂമിയാണ്.

ഇങ്ങനെ ഇസ്‌ലാമിക നാഗരികതയുടെ തണലിൽ നിലവിൽവന്ന ധർമസ്ഥാപനങ്ങൾ മുപ്പതോളം ഇനങ്ങളിൽ വ്യാപിച്ചുകിടക്കുന്നു. ഇവിടെ പരാമർശിച്ചവ ചില ഉദാഹരണങ്ങൾ മാത്രമാണ്. ഏതെങ്കിലും പുരാതന സമൂഹത്തിൽ ഇതിന് സമാനമായ സംരംഭങ്ങൾ ചൂണ്ടിക്കാണിക്കാൻ ആർക്കാണ് കഴിയുക? നാം ഇരവ് വാങ്ങാൻ വെമ്പൽ കാണിക്കുന്ന പാശ്ചാത്യ നാഗരികതയിലിന്നും അവയിൽ പലതിനും സദൃശമോ തുല്യമോ ആയ ഒന്നുമില്ലെന്നതല്ലേ സത്യം!

ലോകം മുഴുവൻ അജ്ഞതയിലും അന്ധകാരത്തിലും അശ്രദ്ധയിലും ആപതിച്ചിരിക്കെ, നാമവലംബിച്ച അനശ്വരതയുടെ മാർഗമതാണ്. നാമതിൽ തനിച്ചുമാണ്. ദുഃഖത്തിലും ദുരിതത്തിലും പീഡനത്തിലുംപെട്ട മാനവരാശിക്ക് മോചനമേകിയ അനശ്വര മാർഗമത്രെ അത്.

എന്നാൽ, നാമിന്ന് സ്വയം തെരഞ്ഞെടുത്ത മാർഗമേത്? അനാഥകളുടെ കണ്ണീർക്കണങ്ങൾ ഒപ്പിയെടുത്തിരുന്ന കാരുണ്യത്തിന്റെ ആ കൈകളെവിടെ? വ്രണിതചിത്തങ്ങൾക്ക് ആശ്വാസം പകർന്നിരുന്നവരെവിടെ? നമ്മുടെ സമൂഹത്തെ പരസ്പരം ബന്ധിതമാക്കുന്ന, അതിലെ എല്ലാ അംഗങ്ങൾക്കും നന്മയും സുഖവും ക്ഷേമവും മാന്യതയും നിർഭ

യത്വവും ഉറപ്പുവരുത്തുന്ന, ആ മാർഗമിന്നെവിടെ?

ഒമ്പത്

# വിദ്യാ സ്ഥാപനങ്ങൾ

•

ഭരണാധികാരികൾ, രാജാക്കന്മാർ, വ്യാപാരികൾ, പണ്ഡിതന്മാർ, നേതാക്കന്മാർ, പണക്കാർ എന്നിവരെല്ലാം ചെയ്ത അസംഖ്യം വഖ്ഫുകളുപയോഗിച്ച് സ്ഥാപിച്ച പാഠശാലകൾ കണക്കാക്കാനാവാത്തവിധം കൂടുതലത്രെ. ഇസ്‌ലാമിക ലോകത്ത് ഒരറ്റം മുതൽ മറ്റേയറ്റം വരെ, ദശക്കണക്കിന് അധ്യാപകർ പഠിപ്പിക്കുന്ന അനേകം വിദ്യാലയങ്ങളില്ലാത്ത നഗരമോ ഗ്രാമമോ കാണപ്പെട്ടിരുന്നില്ല.

ഇസ്‌ലാമിക നാഗരികതയുടെ പ്രാരംഭ ദശയിൽ പള്ളികളായിരുന്നു പാഠശാലകൾ. അവ കേവലം ആരാധനാലയങ്ങൾ മാത്രമായിരുന്നില്ല; എഴുത്ത്, വായന, ഖുർആൻ, ഭാഷ, നിയമശാസ്ത്രം തുടങ്ങിയവ അഭ്യസിപ്പിക്കപ്പെട്ടിരുന്ന വിദ്യാലയങ്ങൾകൂടിയായിരുന്നു. പിന്നീട് പള്ളികളോട് ചേർന്ന് അവയുടെ പാർശ്വങ്ങളിൽ പ്രാഥമിക പാഠശാലകൾ സ്ഥാപിതമായി. ഇന്നത്തെ പ്രാഥമിക വിദ്യാലയങ്ങൾക്ക് സമാനമായിരുന്നു അവ. അവിടങ്ങളിൽ എഴുത്തിലും വായനയിലും ഖുർആൻ പാരായണത്തിലും പരിശീലനം നൽകിപ്പോന്നു. കൂടാതെ അറബിഭാഷാ പരിജ്ഞാനവും ഗണിതശാസ്ത്രവും അവിടെ അഭ്യസിപ്പിച്ചിരുന്നു. പള്ളികളോടു ചേർന്ന് ഇത്തരം അനേകം പാഠശാലകളുണ്ടായിരുന്നു. ഇബ്നുഹൗഖലിന്റെ കണക്കനുസരിച്ച് സിസിലിയിലെ ഒരൊറ്റ നഗരത്തിൽ മാത്രം മുന്നൂറെണ്ണമുണ്ടായിരുന്നു. അവയിൽ പലതും നൂറുകണക്കിനും ആയിരക്കണക്കിനും വിദ്യാർഥികൾക്കു പഠിക്കാൻ സാധിക്കുമാറ് വിശാലങ്ങളും വലിയവയുമായിരുന്നു. തന്റെ പാഠശാലയിൽ മാത്രം മുവ്വായിരം വിദ്യാർഥികൾ പഠിച്ചിരുന്നതായി അബുൽഖാസിമിൽ ബൽഗി തന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കഴുതപ്പുറത്തിരുന്ന് വിദ്യാർഥികൾക്കിടയിലൂടെ ചുറ്റിക്കറങ്ങി മേൽനോട്ടംനടത്തുമാറ് വിശാലമായിരുന്നു അദ്ദേഹത്തിന്റെ വിദ്യാലയം.

പിന്നീട്, പള്ളികളോടും ഉപര്യുക്ത പാഠശാലകളോടുമനുബന്ധിച്ച് നമ്മുടെ കാലത്തെ സെക്കണ്ടറി സ്കൂളിനോട് സമാനമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽവന്നു. അവിടങ്ങളിലെല്ലാം വിദ്യാഭ്യാസം സൗജന്യമായിരുന്നു. സമൂഹത്തിന്റെ സകല തലങ്ങളിലെയും ആളുകളുടെ സന്താനങ്ങൾ അവിടെ സംബന്ധിക്കുക സാധാരണമായിരുന്നു. ഇന്നത്തെപ്പോലെ വിദ്യാർഥികളിൽ നിന്ന് ഫീസ് ഈടാക്കുന്ന പതിവ് അന്നുണ്ടായിരുന്നില്ല. എന്നല്ല, ഒരുതരം സാമ്പത്തിക ബാധ്യതയും അവരുടെമേൽ ചുമത്തിയിരുന്നില്ല. അപ്രകാരംതന്നെ വിദ്യാഭ്യാസം ഏതെങ്കിലും പ്രത്യേക വിഭാഗത്തിനുമാത്രം പരിമിതവുമായിരുന്നില്ല. സമൂഹ

ത്തിന്റെ എല്ലാ തട്ടുകളിലുമുള്ള മുഴുവൻ വിദ്യാർഥികൾക്കും പഠിക്കാൻ അവസരം ലഭിച്ചിരുന്നു. സമ്പന്നരുടെയും ഉന്നതരുടെയും മക്കൾക്ക് മാത്രമായുള്ള വിദ്യാലയങ്ങളുണ്ടായിരുന്നില്ലെന്നർഥം. അതിനാൽ കുബേരപുത്രനോടൊത്ത് പാവപ്പെട്ടവന്റെ കുട്ടിയും വർത്തക പ്രമാണിയുടെ മകനോടൊത്ത് തൊഴിലാളിയുടെ സന്താനവും ചേർന്നിരുന്ന് പഠിക്കുക സർവസാധാരണമായിരുന്നു.

അക്കാലത്ത് വിദ്യാർഥികൾ രണ്ടു വിഭാഗമായിരുന്നു. പാഠശാലകളിൽ താമസിച്ചു പഠിക്കുന്നവരും ദിവസേന വന്നുപോകുന്നവരും. പരദേശികളും പിതാക്കന്മാരെ ആശ്രയിച്ച് ജീവിക്കാൻ സാധിക്കാത്തവിധം സാമ്പത്തിക പരാധീനതയുള്ളവരുമാണ് താമസിച്ചുപഠിച്ചിരുന്നത്. മറ്റുള്ളവർ രാവിലെ പാഠശാലകളിൽ വന്ന് വൈകുന്നേരം സ്വന്തം വീടുകളിലേക്കോ ബന്ധുഭവനങ്ങളിലേക്കോ തിരിച്ചുപോവുകയായിരുന്നു പതിവ്. ഇരുവിഭാഗത്തിനും വിദ്യാഭ്യാസം സൗജന്യമായിരുന്നുവെന്ന് മാത്രമല്ല; താമസിച്ചു പഠിക്കുന്നവരുടെ ഭക്ഷണവും താമസവും വസ്ത്രവും ചികിത്സയും പാഠ്യോപകരണങ്ങളുമുൾപ്പെടെ എല്ലാ ചെലവുകളും വഹിച്ചിരുന്നത് സ്ഥാപനങ്ങളാണ്. അതിനാൽ പാഠശാലകളോടനുബന്ധിച്ച് ആരാധനാലയങ്ങൾക്കു പുറമെ വായനാമുറി, താമസസ്ഥലങ്ങൾ, ഗ്രന്ഥാലയം, കുളിപ്പുരകൾ, അടുക്കള, ഭോജനശാല എന്നിവയെല്ലാം ഉണ്ടായിരുന്നു. കൂടാതെ പല പാഠശാലകളോടും ചേർന്ന് പൊതു കളിസ്ഥലങ്ങളും കായിക വിനോദ സൗകര്യങ്ങളും സ്ഥാപിക്കപ്പെട്ടിരുന്നു. ഒരുകാലത്ത് ഇസ്‌ലാമികലോകം മുഴുക്കെ നിറഞ്ഞു നിന്നിരുന്ന ഇത്തരം വിദ്യാലയങ്ങളുടെ മാതൃകകൾ നമുക്കിന്നും കാണാവുന്നതാണ്. പ്രമുഖ യോദ്ധാവായിരുന്ന ഇമാം നൂറുദ്ദീൻ ശഹീദ് സ്ഥാപിച്ച ദമസ്കസിലെ 'മദ്‌റസതുന്നൂരിയ്യ' ഇന്നും നിലനിൽക്കുന്നുണ്ട്. 'സൂഖുൽ ഖയാത്വീനി'ലാണ് അതിപ്പോൾ സ്ഥിതിചെയ്യുന്നത്. ഇസ്‌ലാമിക നാഗരികതയുടെ സുവർണകാലത്തെ വിദ്യാലയ സംവിധാനത്തിന്റെയും എഞ്ചിനീയറിംഗിന്റെയും ജീവിക്കുന്ന മാതൃക നമുക്കത് ഇന്നും നൽകിക്കൊണ്ടിരിക്കുന്നു. ഹിജ്റാബ്ദം ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പ്രമുഖ സഞ്ചാരി ഇബ്നുജുബൈർ അവിടം സന്ദർശിക്കുകയുണ്ടായി. അതുകണ്ട് ആശ്ചര്യഭരിതനായ അദ്ദേഹമെഴുതി: "ലോകത്തിലെ ഏറ്റവും മനോഹരമായ വിദ്യാലയങ്ങളിലൊന്നാണ് നൂറുദ്ദീൻ സ്ഥാപിച്ച പാഠശാല. അതൊരു വിദ്യാലയമാണെന്ന് പറഞ്ഞാൽ അവിശ്വസനീയത തോന്നും. അതിമനോഹരമായൊരു രാജകീയ കൊട്ടാരമാണത്. അതിലെ ജലവിതരണ രീതിപോലും ആശ്ചര്യജന്യമാണ്."

കാലദൈർഘ്യം പ്രസ്തുത സ്ഥാപനത്തെ നശിപ്പിക്കുകയും അതിന്റെ പല വശങ്ങളും പ്രത്യേകതകളും ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും ഇന്നും അവിടത്തെ കെട്ടിടങ്ങളും ക്ലാസ് മുറികളും പള്ളിയും അധ്യാപകരുടെ വിശ്രമ മുറിയും നിലനിൽക്കുന്നുണ്ട്. സ്റ്റാഫ്റൂം സർവക

ലാശാലാ അധ്യാപകരുടെ മുറിക്ക് സമാനമാണ്. പ്രധാനാധ്യാപകൻ കുടുംബസമേതം താമസിക്കാനുപയോഗിച്ചിരുന്ന വീടും വിദ്യാർഥികളുടെ ഹോസ്റ്റലും അധ്യാപകേതര ജീവനക്കാരുടെ വാസസ്ഥലങ്ങളുമെല്ലാം ഇപ്പോഴും കാണാം. അതിനോടനുബന്ധിച്ചുണ്ടായിരുന്ന ഭോജനശാലയും അടുക്കളയും, പച്ചക്കറികളും മറ്റു ഭക്ഷണസാധനങ്ങളും സൂക്ഷിച്ചിരുന്ന സ്റ്റോർറൂമുമെല്ലാം പരിസരവാസികൾ പൊളിച്ചുമാറ്റിയിരിക്കുന്നു. ഏതർഥ ത്തിലും നൂറുദ്ദീൻ സ്ഥാപിച്ച ഈ വിദ്യാലയം പുരാതനകാലത്തെ പാഠ ശാലകളെ സംബന്ധിച്ച വ്യക്തമായ ചിത്രം നൽകാൻ പര്യാപ്തമാണ്.

ഇപ്രകാരം തന്നെ അലപ്പോവിലെ ശഅ്ബാനിയ്യ, ഉസ്മാനിയ്യ, ഖസ്വ ്റവിയ്യ എന്നീ പാഠശാലകളിലും വിദ്യാർഥികൾക്ക് താമസിക്കാൻ ഹോസ്റ്റ ലുകളും പഠിക്കാൻ പ്രത്യേക ഹാളുകളുമുണ്ടായിരുന്നു. ആദ്യകാലത്ത് ഈ വിദ്യാലയങ്ങളിൽ നിന്ന് വിദ്യാർഥികൾക്ക് ഭക്ഷണം നൽകിയിരുന്നു. പിന്നീട് മാസാന്തം ഭക്ഷണത്തിനാവശ്യമായ നിശ്ചിത സംഖ്യ അല വൻസായി നൽകാൻ തുടങ്ങി.

പുരാതന കാലത്തെ പാഠശാലകളുടെ അവസ്ഥകൾ അനാവരണം ചെയ്യാൻ പര്യാപ്തമായ വിദ്യാസ്ഥാപനമാണ് അൽഅസ്ഹർ സർവക ലാശാല. അതൊരു വലിയ പള്ളിയാണ്. അതിലെ വിവിധ ഹാളുകളിൽ പഠനക്ലാസുകൾ നടത്തപ്പെടുന്നു. അതിന്റെ ചുറ്റും വിദ്യാർഥികൾക്ക് താമ സിക്കാനുള്ള മുറികളാണ്. റുവാഖ് (തമ്പ്) എന്ന പേരിലാണവ അറിയ പ്പെടുന്നത്. അവിടെ ഓരോ നാടുകളിലെയും വിദ്യാർഥികൾ തങ്ങളുടെ കൂട്ടുകാരോടൊന്നിച്ച് താമസിക്കുന്നു. അങ്ങനെ സിറിയക്കാർ ഒരു 'റുവാഖി'ലും മൊറോക്കോ വിദ്യാർഥികൾ മറ്റൊരു 'റുവാഖി'ലും തുർക്കി കൾ വേറൊരു 'റുവാഖി'ലും കഴിയുന്നു. ഓരോ നാട്ടുകാർക്കും പ്രത്യേകം പ്രത്യേകം 'റുവാഖു'കളുണ്ടെന്നർഥം. സൗജന്യ വിദ്യാഭ്യാസത്തോടൊപ്പം അസ്ഹർ വിദ്യാർഥികൾക്കിന്നും സ്കോളർഷിപ്പുകൾ നൽകപ്പെടുന്നു. അവിടെ പഠിക്കുന്നവർക്കു വേണ്ടി പ്രത്യേകം വഖ്ഫ് ചെയ്യപ്പെട്ടവയിലെ വരുമാനമാണതിനു വിനിയോഗിക്കുന്നത്.

പാഠശാലകളെപ്പറ്റിയെന്നപോലെത്തന്നെ അധ്യാപകരും അവരുടെ അവസ്ഥകളും ശമ്പളസ്ഥിതിയുമെല്ലാം വിശകലന വിധേയമാക്കപ്പെ ടേണ്ടതുണ്ട്. അവിടത്തെ പ്രധാനാധ്യാപകർ പ്രമുഖ പണ്ഡിതന്മാരും വിഖ്യാത വ്യക്തിത്വങ്ങളുമായിരുന്നു. പുരാതന കാലത്തെ പ്രമുഖ പാഠ ശാലകളിൽ അധ്യാപന വൃത്തി നിർവഹിച്ചിരുന്ന പ്രശസ്ത പണ്ഡിത ന്മാരുടെ പട്ടികയിൽ നമുക്ക് ഇമാംനവവി, ഇബ്നുസ്സ്വലാഹ്, അബൂശാമഃ, തഖിയുദ്ദീനിസ്സുബ്കി, ഇമാദുദ്ദീനിബ്നു കസീർ തുടങ്ങിയവരെയെല്ലാം കാണാവുന്നതാണ്. അവരെല്ലാം ദമസ്കസിലെ ഹദീസ് പഠനകേന്ദ്ര ത്തിലെ അധ്യാപകരായിരുന്നു. ഇപ്രകാരം തന്നെ ഇമാം ഗസ്സാലി, ശീറാസി, ഇമാമുൽഹറമൈനി, അല്ലാമാ ശാസാബി, ഖത്വീബുത്ത്വ

ബ്രീസി, ഖസ്‌വീനി, ഫൈറൂസാബാദി പോലുള്ള പ്രഗൽഭന്മാർ ബഗ്ദാദിലെ 'മദ്റസതുന്നിളാമിയ്യ'യിലെ ഗുരുവര്യന്മാരായിരുന്നു. ഇങ്ങനെ പോകുന്നു ഈ പട്ടിക.

ആദ്യകാലത്ത് ഗുരുവര്യന്മാർ തങ്ങളുടെ അധ്യാപനവൃത്തിക്കു പ്രതിഫലം സ്വീകരിച്ചിരുന്നില്ല. പിന്നീട് കാലം മുന്നോട്ടു പോവുകയും നാഗരികത വികസിക്കുകയും പാഠശാലകൾ നിർമിക്കപ്പെടുകയും അവക്ക് വഖ്ഫുകൾ നൽകപ്പെടുകയും ചെയ്തപ്പോഴാണ് അധ്യാപകർക്ക് മാസാന്ത വേതനം നിശ്ചയിക്കപ്പെട്ടത്. 'മാവറാഅന്നഹ്റി'ലെ പണ്ഡിതന്മാർ സ്വീകരിച്ച മഹിതമായ സമീപനം അനുസ്മരിക്കുന്നത് ഏറെ ഉചിതമായിരിക്കും. അവിടത്തെ ഭരണാധികാരിയായിരുന്ന നിളാമുൽ മുൽക്ക് പട്ടണങ്ങളിലെല്ലാം പാഠശാലകൾ സ്ഥാപിക്കുകയും അവിടങ്ങളിലെ അധ്യാപകർക്ക് ശമ്പളം നിശ്ചയിക്കുകയും ചെയ്തു. അപ്പോൾ പ്രസ്തുത പണ്ഡിതന്മാരെല്ലാം അദ്ദേഹത്തോട് പ്രതിഷേധിക്കാനും വിജ്ഞാനവും അതിന്റെ അനുഗ്രഹവും വിടപറയുന്നതിൽ പ്രതിഷേധിക്കാനുമായി ഒരുമിച്ചുകൂടി. അവർ പ്രഖ്യാപിച്ചു: "ഇന്നോളം വൈജ്ഞാനിക രംഗത്ത് പ്രവർത്തിച്ചുപോന്നത് സംസ്കാര സമ്പന്നരും ദൃഢമനസ്കരുമായ വ്യക്തികളാണ്. അവർ വിജ്ഞാനവിതരണം നടത്തിയിരുന്നത് അതിന്റെ മഹത്വം പരിഗണിച്ചും മനുഷ്യന്റെ പൂർണതക്ക് അതനിവാര്യമായതിനാലുമാണ്. എന്നാൽ അധ്യാപനത്തിന് പ്രതിഫലം നിശ്ചയിച്ചാൽ അലസന്മാരും നീചന്മാരും ആ രംഗം കൈയടക്കും. അറിവ് ക്ഷയിക്കാനും നിന്ദ്യമാകാനും അതിടയാക്കുകയും ചെയ്യും."

എന്നാൽ പരിവർത്തിതങ്ങളായ ജീവിതപരിതഃസ്ഥിതികളുടെയും നാഗരിക വികാസം വരുത്തിയ പശ്ചാത്തലങ്ങളുടെയും മുമ്പിൽ ഈ വീക്ഷണത്തിന് പിടിച്ചുനിൽക്കാനായില്ല. അങ്ങനെ അധ്യാപകർക്ക് ശമ്പളം നിശ്ചയിക്കപ്പെട്ടു. പ്രാദേശികാവസ്ഥകൾ, പാഠശാലകളുടെ സ്ഥിതിഗതികൾ, അവയുടെ സാമ്പത്തിക നിലവാരം എന്നിവയിലെ അന്തരങ്ങൾക്കനുസരിച്ച് ശമ്പളത്തിലും ഏറ്റക്കുറച്ചിലുകളുണ്ടായിരുന്നു. എങ്കിലും എല്ലായ്പ്പോഴും അധ്യാപകർക്ക് സുഭിക്ഷമായി ജീവിക്കാനാവശ്യമായത് നൽകപ്പെട്ടുപോന്നിരുന്നു. അധ്യാപകർക്ക് വേതനത്തിനു പുറമെ മറ്റുപല അലവൻസുകളും അനുവദിക്കപ്പെട്ടിരുന്നു.

സുൽത്വാൻ സ്വലാഹുദ്ദീൻ അയ്യൂബി തന്റെ മദ്റസതുസ്സ്വലാഹിയ്യയിൽ ശൈഖ് നജ്മുദ്ദീൻ ഖബൂഷാനിയെ നിയമിച്ചപ്പോൾ അദ്ദേഹത്തിന് മാസംതോറും അധ്യാപനത്തിന് നാൽപത് ദീനാറും സ്ഥാപനത്തിന്റെ വഖ്ഫ് സ്വത്തുക്കൾ സംരക്ഷിക്കുന്നതിന് പത്ത് ദീനാറും നൽകിയിരുന്നു. കൂടാതെ ദിനേന അറുപത് റാത്തൽ (ഈജിപ്ഷ്യൻ) റൊട്ടിയും രണ്ട് തോൽസഞ്ചി നിറയെ നൈൽ നദിയിലെ ശുദ്ധജലവും അനുവദിച്ചിരുന്നു. 'അൽഅസ്ഹർ' സർവകലാശാലാ റെക്ടർക്ക് (ശൈഖുൽ അസ്ഹർ)

ശമ്പളത്തോടൊപ്പമുള്ള അലവൻസുകളിൽ അദ്ദേഹത്തിന്റെ കുതിരയുടെ ചെലവുകൾകൂടി ഉൾപ്പെടുത്തിയിരുന്നു. അസ്ഹറിന്റെ സ്വത്തുക്കളിൽ റെക്ടറുടെ കുതിരയുടെ ചെലവുകൾക്കായുള്ള പ്രത്യേക വഖ്ഫു കൾതന്നെ കാണാവുന്നതാണ്. ആദ്യകാലത്ത് ഈ വഖ്ഫ്സ്വത്തിൽ നിന്ന് ലഭിക്കുന്ന മാസംതോറുമുള്ള വരുമാനം നൂറ് പവനോളമുണ്ടായി രുന്നു. എന്നാൽ പിന്നീടതു ശമ്പളത്തിൽ ലയിപ്പിക്കുകയാണുണ്ടായത്.

ഉന്നതരായ പണ്ഡിതന്മാരിൽനിന്ന് അധ്യാപനത്തിന് അനുയോജ്യരാ ണെന്ന് സാക്ഷിപത്രം ലഭിച്ചവർ മാത്രമേ അക്കാലത്ത് വിദ്യാലയങ്ങളിൽ പഠിപ്പിച്ചിരുന്നുള്ളൂ. ഇസ്‌ലാമിക നാഗരികതയുടെ പ്രാദുർദശയിൽ തന്റെ വിജ്ഞാന സദസ്സിൽനിന്ന് വേർപെട്ട് മറ്റൊരു വൈജ്ഞാനിക വൃത്തം തുടങ്ങാൻ സമർഥരായ വിദ്യാർഥികൾക്ക് അധ്യാപകർ സൗകര്യം ചെയ്തുകൊടുക്കുകയായിരുന്നു പതിവ്. മറ്റുചിലപ്പോൾ തന്റെ കാല ശേഷം താൻ കൊണ്ടുനടത്തുന്ന വിദ്യാകേന്ദ്രത്തിന്റെ ചുമതലകൾ കൊണ്ടുനടത്താൻ ഏറ്റവും പ്രഗൽഭനായ ശിഷ്യനെ ഏൽപിക്കുകയാണ് ചെയ്തിരുന്നത്. ഗുരുവിന്റെ അറിവോ അനുവാദമോ ഇല്ലാതെ സ്വയം വിജ്ഞാന സദസ്സുകൾ സ്ഥാപിച്ചാൽ അത് ശക്തമായ നിരൂപണ ങ്ങൾക്കും കടുത്ത വിമർശനങ്ങൾക്കും ഇടവരുത്തിയിരുന്നു.

ഹാറൂൻ റശീദിന്റെ കാലത്ത് ചീഫ് ജസ്റ്റിസായിത്തീർന്ന അബൂയൂ സുഫ് തന്റെ ഗുരുവര്യൻ അബൂഹനീഫയുടെ ജീവിതകാലത്ത് രോഗ ബാധിതനായി. അപ്പോൾ അബൂഹനീഫ അദ്ദേഹത്തെ സന്ദർശിച്ചു. ശിഷ്യന്റെ ചാരത്തു നിൽക്കവെ കടുത്ത മനോവേദനയോടെ അദ്ദേഹം പറഞ്ഞു: "ഞാൻ എനിക്കുശേഷം മുസ്‌ലിംകളുടെ ചുമതല താങ്കളെ ഏൽപിക്കാമെന്നാണ് വിചാരിച്ചിരുന്നത്."

പിന്നീട് അബൂയൂസുഫ് രോഗമുക്തനായി. അദ്ദേഹത്തിൽ ഗുരുവിന്റെ വാക്കുകൾ സ്വന്തത്തെ സംബന്ധിച്ച് വല്ലാത്ത മതിപ്പ് സൃഷ്ടിച്ചു. അതി നാൽ അബൂഹനീഫയുടെ വിജ്ഞാന സദസ്സ് വിട്ട് ഒരു പുതിയ വൈജ്ഞാനിക കേന്ദ്രം അദ്ദേഹം സ്ഥാപിച്ചു. അപ്പോൾ അബൂഹനീഫ വലിയ വിചിന്തനവും വിശദീകരണവും ആവശ്യമുള്ള, മറുപടി നൽകാൻ പ്രയാസമുള്ള അഞ്ചു ചോദ്യങ്ങളുമായി ഒരാളെ അദ്ദേഹത്തിന്റെ അടു ത്തേക്കയച്ചു. എന്നാൽ അബൂയൂസുഫിന് അവക്ക് ശരിയായ ഉത്തരം നൽകാൻ കഴിഞ്ഞില്ല. അതോടെ തന്റെ ഗുരുവര്യനിൽ നിന്ന് പിരിഞ്ഞു പോന്നതിലെ അബദ്ധം പൂർണമായും ബോധ്യമാവുകയും അവിടേക്കു തന്നെ തിരിച്ചുചെല്ലുകയും ചെയ്തു. അപ്പോൾ അബൂഹനീഫ അദ്ദേഹ ത്തോട് പറഞ്ഞു: "താങ്കൾ പാകമാകുന്നതിനു മുമ്പെ പറിച്ചെടുക്കുക യാണ്. വിജ്ഞാന വിഷയങ്ങളിൽ താൻ സ്വയം പര്യാപ്തനാണെന്ന് വല്ല വനും വിചാരിക്കുന്നു വെങ്കിൽ അവൻ വിഷാദചിത്തനായി വിലപിച്ചുകൊള്ളട്ടെ."

ആദ്യകാലത്ത് കാര്യങ്ങൾ ഇവ്വിധമാണ് നടന്നുപോന്നിരുന്നത്. പിന്നീട്

പാഠശാലകൾ സ്ഥാപിതമായതോടെ പഠനം പൂർത്തിയാവുന്നവർക്ക് അധ്യാപകർ സാക്ഷിപത്രങ്ങൾ നൽകുന്ന സമ്പ്രദായമാരംഭിച്ചു. അവ നമ്മുടെ ഈ കാലത്തെ സർട്ടിഫിക്കറ്റുകളോട് സാമ്യതയുള്ളവയായിരുന്നു. വൈദ്യവിദ്യാലയങ്ങളിലെ വാധ്യാന്മാരുടെ ഇത്തരം സാക്ഷിപത്രങ്ങൾ സമ്പാദിച്ചവർക്കല്ലാതെ ചികിത്സ നടത്താൻ അനുവാദമോ സൗകര്യമോ ഉണ്ടായിരുന്നില്ല.

ഇതര ഉദ്യോഗസ്ഥന്മാരിൽ നിന്നും തൊഴിലാളികളിൽ നിന്നും അധ്യാപകരെ വേർതിരിക്കുന്ന പ്രത്യേകമായ വേഷവിധാനങ്ങളും സ്ഥാന ചിഹ്നങ്ങളും അവർക്കുണ്ടായിരുന്നു. അബൂയൂസുഫിന്റെ കാലത്ത് അവരുടെ ചിഹ്നം കറുത്ത തലപ്പാവും തകിടുമായിരുന്നു. ഫാത്വിമിയ്യാ ഭരണകാലത്ത് അവരുടെ ചിഹ്നം പച്ച തലപ്പാവും ആറു കഷണങ്ങളാൽ നിർമിതമായ സുവർണ വസ്ത്രങ്ങളുമായിരുന്നു. അധ്യാപകരുടെ സ്ഥാനചിഹ്നങ്ങളിൽ ഏറെ പ്രധാനപ്പെട്ടത് തൊപ്പിയും തകിടുമായിരുന്നു. ഉമവീ ഭരണകാലത്താണ് അധ്യാപകരും പണ്ഡിതന്മാരും പ്രത്യേക തരത്തിലുള്ള ഗൗൺ ധരിക്കാൻ തുടങ്ങിയത്. സ്പെയിനിലെ പണ്ഡിതന്മാരുടെയും അധ്യാപകരുടെയും വേഷം പൂർവനാടുകളിലേതിൽ നിന്ന് നേരിയ വ്യത്യാസത്തോടുകൂടിയതായിരുന്നു. അവരുടെ തലപ്പാവുകൾ ആപേക്ഷികമായി ചെറിയവയായിരുന്നു. ചില ഘട്ടങ്ങളിലവർ തലപ്പാവ് ധരിച്ചിരുന്നേയില്ല.

പ്രസിദ്ധ ഭാഷാപണ്ഡിതനായ അബൂഅലിയ്യിൽഖാലീ പൂർവദേശത്തു നിന്ന് സ്പെയിനിലെത്തിയപ്പോൾ അവിടത്തെ പണ്ഡിതന്മാർ അദ്ദേഹത്തെ സ്വീകരിച്ചത് പൊതു ജനങ്ങളെ അദ്ഭുത സ്തബ്ധരാക്കി. അദ്ദേഹം തന്റെ തലയിൽ വലിയ ശിരോവസ്ത്രം ധരിച്ചിരുന്നുവെന്നതു തന്നെ കാരണം. ചെറിയ കുട്ടികളും വിഡ്ഢികളും പരിഹാസത്താലും പ്രതിഷേധത്താലും ചരലെടുത്ത് എറിയാൻപോലും ഇതിടയാക്കി. യഥാർഥത്തിൽ പാശ്ചാത്യർ തങ്ങളുടെ വേഷവിധാനരീതി സ്പെയിനിലെ അധ്യാപകരിൽ നിന്ന് അനുകരിച്ചതാണ്. യൂറോപ്യൻ സർവകലാശാലകളിലെ അഭ്യസ്തവിദ്യരിന്നും അണിയാറുള്ള ഗൗണും ശിരോവസ്ത്രവും സ്പെയിനിൽനിന്ന് അവർ സ്വീകരിച്ചതാണെന്നർഥം.

വളരെ പുരാതനകാലത്ത് തന്നെ ഇസ്ലാമിക സമൂഹങ്ങളിൽ അധ്യാപകർക്കും വിദ്യാർഥികൾക്കും ഉദ്യോഗസ്ഥന്മാർക്കും തൊഴിലാളികൾക്കും പ്രത്യേകം പ്രത്യേകം സ്വതന്ത്ര സംഘടനകളുണ്ടായിരുന്നു. അധ്യാപക സംഘടന തന്നെയാണ് തങ്ങളുടെ പ്രസിഡന്റിനെയും പ്രതിനിധികളെയും തെരഞ്ഞെടുത്തിരുന്നത്. ഭരണകൂടം അതിലൊന്നും ഇടപെട്ടിരുന്നില്ല. അംഗങ്ങൾക്കിടയിൽ അഭിപ്രായാന്തരങ്ങളും ഭിന്നതകളുമുണ്ടായാൽ അവ പരിഗണിക്കുകയും സന്ധിയുണ്ടാക്കുകയും മാത്രമേ ചെയ്തിരുന്നുള്ളൂ.

മുഖല്ലിദുദ്ദൗലഇൗയിൽ നിന്ന് നിവേദനം ചെയ്ത് അബൂശാമഃ തന്റെ

*റൗദതൈനി*യിലെഴുതുന്നു: ഹാഫിളുൽ മുറാദി അന്തരിച്ചപ്പോൾ അധ്യാപകന്മാർ രണ്ടു വിഭാഗമായിരുന്നു- അറബികളും കുർദുകളും. കർമശാസ്ത്ര സരണികളോട് ചായ്‌വുള്ളവരും ഞങ്ങളിലുണ്ടായിരുന്നു. അതിനാൽ ശൈഖ് ശറഫുദ്ദീനിബ്നു അബീ അസ്വറൂനെ തൽസ്ഥാനത്ത് അവരോധിക്കാൻ ഞങ്ങളാഗ്രഹിച്ചു. എന്നാൽ തർക്കശാസ്ത്രത്തിലും മറ്റും താൽപര്യമുള്ളവരും ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു. അവർ ഖുത്വുബ് നിഷാപൂരിയെകൊണ്ടുവരാനാഗ്രഹിച്ചു. അതുകൊണ്ടുതന്നെ അധ്യാപകന്മാർക്കിടയിൽ ഭിന്നതയുണ്ടായി. അപ്പോൾ നൂറുദ്ദീൻ ഈ അഭിപ്രായാന്തരങ്ങളെ സംബന്ധിച്ച് അറിയാനിടയായി. അതിനാലദ്ദേഹം പണ്ഡിതന്മാരെയെല്ലാം വിളിച്ചുകൂട്ടി. അദ്ദേഹത്തെ പ്രതിനിധാനം ചെയ്ത് മജ്ദുദ്ദീനിബ്നിദ്ദായ അവരോട് സംസാരിച്ചു.

അദ്ദേഹം പറഞ്ഞു: "പാഠശാലകൾ പണിയുകവഴി ഞങ്ങളാഗ്രഹിച്ചത് വിജ്ഞാനവ്യാപനവും അന്ധവിശ്വാസാനാചാരങ്ങളുടെ നിഷ്കാസനവുമാണ്. എന്നാൽ നിങ്ങൾക്കിടയിൽ ഇപ്പോൾ നടക്കുന്നത് ഒട്ടും നല്ലതോ ആശാസ്യമോ അല്ല. ബഹുമാന്യനായ നൂറുദ്ദീൻ രണ്ടുവിഭാഗത്തെയും സംതൃപ്തരാക്കാനാണുദ്ദേശിക്കുന്നത്. അതിനാൽ ആ രണ്ട് പണ്ഡിതവര്യരെയും നമുക്ക് ക്ഷണിച്ചുവരുത്താം." അങ്ങനെ ഇരുവരെയും വരുത്തി ശറഫുദ്ദീനെ മദ്റസതുന്നൂരിയ്യയുടെ മേധാവിയും, ഖുത്വുബുദ്ദീനെ 'മദ്റസതുന്നഫരി'യുടെ തലവനുമായി നിശ്ചയിച്ചു.

ഇസ്‌ലാമിക ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ ഉന്നത വിദ്യാസ്ഥാപനങ്ങൾ നിറഞ്ഞുനിന്നിരുന്നു. വിവിധ നഗരങ്ങളിൽ പാഠശാലകൾ പണിയുന്നതിൽ വലിയ പങ്ക് വഹിച്ച മുസ്‌ലിം ഭരണാധികാരികളെ സംബന്ധിച്ച് ചരിത്രം അത്യദ്ഭുതത്തോടെ നമ്മോട് സംസാരിക്കുന്നു. സ്വലാ

ഹുദ്ദീൻ അയ്യൂബിയുടെ ഈ മേഖലയിലെ മഹത്തായ സേവനങ്ങളെ ആർക്കാണ് അവഗണിക്കാൻ കഴിയുക? അദ്ദേഹത്തിന് അധികാരമുണ്ടായിരുന്ന ഈജിപ്ത്, ദമസ്കസ്, മൗസ്വിൽ, ഫലസ്ത്വീൻ പോലുള്ള പ്രദേശങ്ങളിലെല്ലാം അദ്ദേഹം അനേകം വിദ്യാസ്ഥാപനങ്ങളുണ്ടാക്കി. ഇപ്രകാരം തന്നെ നൂറുദ്ദീനിശ്ശഹീദ് സിറിയയിൽമാത്രം പതിനഞ്ച് പാഠശാലകൾ പടുത്തുയർത്തുകയുണ്ടായി. അവയിൽ ആറെണ്ണം ദമസ്കസിലും നാലെണ്ണം അലപ്പോവിലും രണ്ടെണ്ണം ഹിംസ്വിലും രണ്ടെണ്ണം ഹമായിലും ഒന്ന് ബഅ്ലബകിലുമായിരുന്നു.

സൽജൂക്കുകളുടെ മുഖ്യമന്ത്രിയായിരുന്ന നിളാമുൽ മുൽക് ഇറാഖിലും ഖുറാസാനിലും ഉടനീളം വിദ്യാലയങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഇറാഖിന്റെയും ഖുറാസാനിന്റെയും എല്ലാ നഗരങ്ങളിലും ഓരോ ഉപരി പഠനകേന്ദ്രമെങ്കിലും അദ്ദേഹം ഉണ്ടാക്കിയിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രധാന നഗരികളിൽ നിന്ന് വിദൂരമായ പ്രദേശങ്ങളിൽ പോലും അദ്ദേഹം പാഠശാലകൾ പണിയുകയുണ്ടായി. ജസീറതു ഇബ്നി അംറിൽ അദ്ദേഹം വലിയൊരു വിദ്യാകേന്ദ്രം സ്ഥാപിക്കുകയുണ്ടായി. ഏതെങ്കിലും ഒരു പ്രദേശത്ത് പാണ്ഡിത്യമാർജിക്കുകയും വൈജ്ഞാനിക നൈപുണ്യം നേടുകയും ചെയ്ത വ്യക്തിയെ കണ്ടെത്തിയാൽ നിളാമുൽ മുൽക് അദ്ദേഹത്തിനായി അവിടെ ഒരു പാഠശാല സ്ഥാപിക്കുകയും അതിനോടനുബന്ധിച്ച് ഗ്രന്ഥാലയം ഉണ്ടാക്കിക്കൊടുക്കുകയും അതിന്റെ നടത്തിപ്പിനാവശ്യമായ ധനം വഖ്ഫ് നൽകുകയും ചെയ്തിരുന്നു.

നിളാമിയ്യാ മദ്റസകളിൽ ഏറ്റവും പ്രഥമവും പ്രധാനവും ബഗ്ദാദിലേതായിരുന്നു. ഹിജ്റാബ്ദം അഞ്ചും ആറും നൂറ്റാണ്ടുകളിലെ പ്രമുഖരായ മുസ്‌ലിം പണ്ഡിതന്മാരെല്ലാം അവിടെ നിന്ന് പഠനം പൂർത്തിയാക്കി പുറത്തുവന്നവരാണ്. ചില സന്ദർഭങ്ങളിലവിടെ ആറായിരം വിദ്യാർഥികൾ വരെ പഠിച്ചിരുന്നു. അവരിൽ രാജ്യത്തെ ഏറ്റവും ഉന്നതന്റെ പുത്രൻ തൊട്ട് പരമദരിദ്രന്റെ പുത്രൻവരെ ഉണ്ടായിരുന്നു. എല്ലാവർക്കും വിദ്യാഭ്യാസം സൗജന്യമായിരുന്നു. കൂടാതെ ദരിദ്രവിദ്യാർഥികൾക്ക് സ്കോളർഷിപ്പുകളും നൽകിയിരുന്നു. അതിനായിമാത്രം വഖ്ഫ് ചെയ്യപ്പെട്ടവയിലെ വരുമാനമാണതിന് വിനിയോഗിച്ചിരുന്നത്.

ഭരണാധികാരികളെപ്പോലെത്തന്നെ നേതാക്കന്മാരും സമ്പന്നരും പാഠശാലകൾ പണിയുന്നതിലും അവയുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തും വിധം അവക്ക് വരുമാന മാർഗങ്ങൾ വഖ്ഫ് ചെയ്യുന്നതിലും പരസ്പരം മത്സരിക്കുകയും തികഞ്ഞ ജാഗ്രത പുലർത്തുകയും ചെയ്തിരുന്നു. സ്വന്തം വാസസ്ഥലങ്ങൾതന്നെ വിദ്യാലയങ്ങളാക്കിയവർ നിരവധിയത്രെ. അവിടങ്ങളിലുള്ള ഗ്രന്ഥങ്ങളും അതിനോട് ചേർന്നുകിടക്കുന്ന നിലങ്ങളും അവിടെ പഠിക്കുന്ന വിദ്യാർഥികൾക്കായി അവർ

വഖ്ഫ് ചെയ്യുക പതിവായിരുന്നു. അതിനാൽ അക്കാലത്ത് പാഠശാലക ളുടെ എണ്ണം അത്യധികം വർധിച്ചു. പൂർവ നാടുകളിൽ അവയുടെ ആധിക്യം ആശ്ചര്യജന്യമാംവിധം വമ്പിച്ചതുമായിരുന്നു.

സ്പെയിൻ സ്വദേശിയും പ്രമുഖ സഞ്ചാരിയുമായ ഇബ്നുജുബൈർ ഈ പാഠശാലകളുടെയും അവയോട് ബന്ധപ്പെട്ട വഖ്ഫുകളുടെയും അവ യുടെ വരുമാനങ്ങളുടെയും ആധിക്യം കണ്ട് അമ്പരക്കുകയും സ്വന്തം നാട്ടുകാരോട് അവിടങ്ങളിൽ പോയി വിദ്യ അഭ്യസിക്കുവാനാവശ്യ പ്പെടുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: "പൗരസ്ത്യനാടുകളിലെല്ലാം വിദ്യാർഥികൾക്കായുള്ള വഖ്ഫുകൾ നിരവധിയത്രെ. പ്രത്യേകിച്ചും ദമ സ്കസിൽ. അതിനാൽ വിദ്യ കൊതിക്കുന്ന നമ്മുടെ നാട്ടിലെ കുട്ടികൾ അവിടെച്ചെന്ന് അതഭ്യസിക്കട്ടെ. ധാരാളം വിജ്ഞാനമാർജിക്കാൻ സഹാ യകമായ സകലതും അവിടെ ലഭ്യമാണ്. അതോടൊപ്പം സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുന്ന മാനസിക പ്രയാസങ്ങൾ ഒരിക്കലുമുണ്ടാവു കയില്ല. അതിനാൽ വിദ്യാഭ്യാസത്തിന് സ്വസ്ഥമായ മനസ്സ് ലഭിക്കുകയും ചെയ്യും."

ഇബ്നു ജുബൈറിന്റെ സാക്ഷ്യത്തിന് അതിന്റേതായ വിലയുണ്ട്. യാത്രാവിവരണത്തിൽ സത്യസന്ധതയാലും വിശ്വസ്തതയാലും ശ്രദ്ധേ യനായ സഞ്ചാരിയാണദ്ദേഹം. അദ്ദേഹം പാഠശാലകളുടെയും അവ ക്കായുള്ള വഖ്ഫുകളുടെയും കാര്യത്തിൽ മികച്ച പ്രദേശമായി എടുത്തുപറഞ്ഞത് ദമസ്കസിനെയാണ്. നാനൂറിലധികം പാഠശാലകള വിടെ നിരവധികാലം വളരെ വിജയകരമാംവിധം നിലനിന്നുപോന്നിരുന്നു. അവയെല്ലാം നിരവധി വിദ്യാർഥികളെ ആകർഷിച്ചുകൊണ്ടുമിരുന്നു. ദമ സ്കസിലെത്തുന്ന വിദേശ വിദ്യാർഥിക്ക് ഒരു പാഠശാലയിൽ ഒന്നിലേറെ ദിവസം അന്തിയുറങ്ങാതെത്തന്നെ ഒരു വർഷം കഴിച്ചുകൂട്ടാവുന്ന അവസ്ഥ അവിടെ ഉണ്ടായിരുന്നു.

ദമസ്കസിനെ വർണിച്ചുകൊണ്ടുള്ള സുൽത്വാനുബ്നു അലിയ്യി ബ്നിൽ മുൻഖദിൽ കതാനിയുടെ കവിത ഇബ്നു അസാകിർ തന്റെ ചരിത്ര കൃതിയിലുദ്ധരിച്ചിട്ടുണ്ട്. അതിൽ പാഠശാലകളെപ്പറ്റി പരാമർശി ക്കുന്ന ഭാഗമിങ്ങനെ വായിക്കാം:

"ആ വിദ്യാലയങ്ങളിലെ അധ്യാപകർ, വല്ല പ്രശ്നവുമായി ആരെ ങ്കിലും തങ്ങളെ സമീപിച്ചാൽ പെട്ടെന്ന് മുന്നോട്ടുവന്ന് അവക്ക് പരിഹാരം നിർദേശിച്ചുകൊടുക്കുന്ന യുവാക്കളാണ്. അവിടെ ചെല്ലുന്നവരെല്ലാം ആശ്ചര്യഭരിതരാകും. സത്യത്തിലേക്ക് മാർഗദർശനം നൽകപ്പെടുകയും ചെയ്യും. അവിടെ ചില വഖ്ഫുകളുണ്ട്. അവയിലെ വരുമാനങ്ങൾ ബന്ധി തരെ മോചിപ്പിച്ചുകൊണ്ടിരിക്കുന്നു; ദരിദ്രരെ ധനികരാക്കുന്നു. അധ്യാ പനം നടത്തുന്ന മഹാപണ്ഡിതന്മാരെയും ആളുകളുടെ മനോവിഷമങ്ങൾ

അതിവേഗമകറ്റി ആത്മശാന്തി നൽകുന്ന നേതാക്കളെയും അവിടെ കാണാം.''

വിദ്യാലയങ്ങൾക്കായി നൽകപ്പെട്ടിരുന്ന നിരവധി വഖ്ഫുകളിൽ ചില തിനെപ്പറ്റി നമുക്കിവിടെ പരിശോധിക്കാം. ദമസ്‌കസിലെ 'മദ്‌റസതുന്നൂരിയതിൽ കുബ്‌റാ'യുടെ വഖ്ഫുകൾ അതിന്റെ വാതിലിൽ രേഖപ്പെടുത്തിയതനുസരിച്ച് ഇപ്രകാരമാണ്: 'സൂഖുൽ ഖംഹി'ലെ പുതിയ കുളിമുറികൾ, ബാബുസ്സലാമിന് പുറത്ത് വാരിഖയിലുള്ള രണ്ട് കുളിമുറികൾ, അവയോട് ചേർന്നുകിടക്കുന്ന വീട്, ഔനിയതുൽ ഹുമ്മായിലെ ഫാക്ടറി, അൽവസീറിലെ കൊച്ചുതോട്ടം, അർസയിലെ ജീസ തോട്ടത്തിന്റെ മുക്കാൽ ഭാഗം, ബാബുൽജാബിയയുടെ പുറത്തുള്ള പതിനൊന്ന് പീടികകൾ, കിഴക്കുഭാഗത്ത് അവയോട് ചേർന്നുകിടക്കുന്ന മുറ്റം, ദാരിയായിലെ ഒമ്പത് നിലങ്ങൾ.

അലപ്പോവിലെ നൂരി ആശുപത്രിയുടെ വഖ്ഫ് സ്വത്തുക്കൾ ഇവയായിരുന്നു: മിഅ്റാത് ഗ്രാമം, സംആൻ പർവതത്തിലെ അൽഅസ്ൽ താഴ്‌വരയിലെ കൃഷിയിടത്തിന്റെ പാതി, കുഫ്ർതാബയിലെ കൃഷിയിടത്തിലെ അഞ്ചേക്കർ, ഖാലിദി വയലിന്റെ മൂന്നിലൊന്ന്, മത്ഖിലെ ധാന്യം പൊടിക്കുന്ന മിൽ, ബാബുൽജിനാനിന്റെ മുൻവശത്തുള്ള ഫ്ളോർ മില്ലിന്റെ എട്ടിലൊന്ന്, അബൂമിറായ കൃഷിസ്ഥലത്തെ എട്ട് ഏക്കർ, മത്ഖിലെ ഹമീറാ കൃഷിയിടത്തിലെ അഞ്ച് ഏക്കർ, മഅർറയിലെ ഫർസൽ നിലത്തിലെ പന്ത്രണ്ട് ഏക്കർ, ഗസ്ബിയ്യാത്തിലെ ബൈതുർറാഇൗൽ ഗ്രാമത്തിലെ വരുമാനത്തിന്റെ മൂന്നിലൊന്ന്, ഹവാ മാർക്കറ്റിലെ പത്തു കടകൾ, ബാബു അൻത്വാകിയയുടെ പുറത്തുള്ള പലചരക്ക് കടകൾ, ബാബുൽ ഫറജിന്റെയും ബാബുൽ ജിനാന്റെയും പുറത്തുള്ള പലചരക്ക് കടകൾ.

ദമസ്‌കസിൽ മാത്രം പള്ളികൾക്കും പാഠശാലകൾക്കുമുണ്ടായിരുന്ന വഖ്ഫുകളുടെ ആധിക്യം മനസ്സിലാക്കുവാൻ ഹി. 676-ൽ അന്തരിച്ച ഇമാം നവവിയുടെ നിലപാട് തന്നെ ധാരാളമാണ്. അദ്ദേഹം തന്റെ ജീവിതത്തിലൊരിക്കലും ദമസ്‌കസിലെ തോട്ടങ്ങളിലെ പഴങ്ങൾ ഭക്ഷിച്ചിരുന്നില്ല. കാരണം അവിടത്തെ തോട്ടങ്ങളും കൃഷിയിടങ്ങളുമധികവും വഖ്ഫ് ചെയ്യപ്പെട്ടവയായിരുന്നു. പിന്നീട് അക്രമികളവ അന്യായമായി കൈയടക്കുകയാണുണ്ടായത്.

അക്കാലത്തെ പാഠശാലകൾ വിവിധോദ്ദേശ്യപരങ്ങളായിരുന്നു. ഖുർആനും അതിന്റെ വ്യാഖ്യാനങ്ങളും പാരായണമര്യാദകളും പഠിപ്പിക്കാനുള്ളവ, ഹദീസുകളുടെ പഠനത്തിനുവേണ്ടി മാത്രമുള്ളവ, കർമശാസ്ത്ര പഠനത്തിനുള്ളവ, വൈദ്യ വിദ്യാഭ്യാസാർഥമുള്ളവ, അനാഥകൾക്കു മാത്രമുള്ളവ-എല്ലാം അവയിലുണ്ടായിരുന്നു. ഹിജ്‌റാബ്ദം 11-ാം നൂറ്റാണ്ടിലെ പ്രമുഖ പണ്ഡിതനായ നഈമി തന്റെ *അദ്ദാരിസ് ഫീ താരീഖിൽ മദാ*

*രിസ്* എന്ന ഗ്രന്ഥത്തിൽ ദമസ്കസിലെ പാഠശാലകളെയും അവയുടെ വഖഫുകളെയും സംബന്ധിച്ച് സൂക്ഷ്മമായി വിവരിക്കുന്നുണ്ട്. ദമസ്കസിൽ മാത്രം ഖുർആൻ പഠനത്തിന് പ്രത്യേകമായി ഏഴ് പാഠശാലകളുണ്ടായിരുന്നുവെന്ന് അതിൽനിന്നു ഗ്രഹിക്കാവുന്നതാണ്. കൂടാതെ ഹദീസ് പഠനത്തിന് പതിനാറും ഖുർആനും ഹദീസും പഠിപ്പിക്കാൻ മൂന്നും ശാഫിഈഫിഖ്ഹിന് 63ഉം ഹനഫീ ഫിഖ്ഹിന് 52 ഉം മാലികീ ഫിഖ്ഹിന് നാലും ഹൻബലീ ഫിഖ്ഹിന് 11 ഉം പാഠശാലകൾ അവിടെ മാത്രമുണ്ടായിരുന്നു. വൈദ്യവിദ്യാലയങ്ങൾ, ആശ്രമങ്ങൾ, സത്രങ്ങൾ, പർണശാലകൾ, ഹോസ്റ്റലുകൾ, പള്ളികൾ എന്നിവക്ക് പുറമെയാണിത്. അവയെല്ലാം ജനങ്ങൾ വിദ്യാകേന്ദ്രങ്ങളായി ഉപയോഗിച്ചിരുന്നുവെന്ന വസ്തുത വിസ്മരിക്കാവതല്ല.

ഇസ്‌ലാമികലോകം ഇവ്വിധം വൈജ്ഞാനിക സാമ്രാജ്യത്തിൽ ആധിപത്യമുറപ്പിച്ച കാലഘട്ടത്തിൽ പാശ്ചാത്യർ തികഞ്ഞ അജ്ഞതയിലും നിന്ദ്യമായ നിരക്ഷരതയിലുമായിരുന്നു. പാതിരിമാരുടെ മഠങ്ങളല്ലാതെ മറ്റൊരു വിദ്യാ കേന്ദ്രവും അന്നവിടങ്ങളിലുണ്ടായിരുന്നില്ല. അവിടങ്ങളിൽ നിന്നാണെങ്കിൽ മതപുരോഹിതന്മാർക്ക് മാത്രമേ വിദ്യാഭ്യാസം നൽകിയിരുന്നുള്ളൂ. പാശ്ചാത്യ നാഗരികതകൾ ഇത്തരമൊരവസ്ഥയിൽ കഴിഞ്ഞിരുന്നപ്പോഴാണ് മുസ്‌ലിം നാടുകളിലുടനീളം അസംഖ്യം പാഠശാലകളും അവയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ വഖ്ഫുകളും കൊണ്ടു നിറഞ്ഞുനിന്നിരുന്നതെന്ന സത്യം നമ്മുടെ നാഗരികതയുടെ ചേതോഹാരിതക്ക് മതിയായ തെളിവാണ്.

ഹിജ്റാബ്ദം 631-ലെ സംഭവങ്ങളെ സംബന്ധിച്ച് സംസാരിക്കവെ ഇബ്നുകസീർ തന്റെ *അൽബിദായതു വന്നിഹായ*യിൽ പറയുന്നു: "ഈ വർഷം ബഗ്ദാദിലെ മദ്റസതുൽ മുസ്തൻസ്വിരിയ്യയുടെ നിർമാണം പൂർത്തിയായി. അതിനു മുമ്പ് അത്തരമൊരു പാഠശാല സ്ഥാപിക്കപ്പെട്ടിരുന്നില്ല. നാലു കർമശാസ്ത്ര സരണികളുടെ പഠനത്തിനും അവിടെ സൗകര്യം ഏർപ്പെടുത്തിയിരുന്നു. അവയിലോരോന്നിലും 62 പ്രമുഖ പണ്ഡിതന്മാർ വീതമുണ്ടായിരുന്നു. അവരിൽ നാലുപേർ പ്രത്യേക പരിജ്ഞാനവും വൈദഗ്ധ്യവും ആർജിച്ചവരായിരുന്നു. ഓരോ വിഭാഗത്തിലും ഓരോ നിപുണരായ അധ്യാപകരുമുണ്ടായിരുന്നു. കൂടാതെ ഒരു ഹദീസ് പണ്ഡിതൻ, രണ്ട് ഖുർആൻ പാരായണ വിദഗ്ധർ, അതിന്റെ അധ്യയനത്തിൽ ശ്രദ്ധ പതിപ്പിക്കുന്ന പത്തുപേർ, ഒരു വൈദ്യശാസ്ത്ര വിദഗ്ധൻ, വൈദ്യ വിജ്ഞാനത്തിലും ചികിത്സയിലും വ്യാപൃതരായ പത്തുപേർ തുടങ്ങിയവരെല്ലാം അവിടെ ഉണ്ടായിരുന്നു. അതിനെല്ലാം പുറമെ അനാഥകൾക്കുവേണ്ടിയുള്ള സ്ഥാപനവും അതിലുൾപ്പെട്ടിരുന്നു. എല്ലാ വിദ്യാർഥികൾക്കും ആവശ്യമായത്ര റൊട്ടിയും മാംസവും മധുരപലഹാരങ്ങളും മറ്റും നിശ്ചയിച്ചു കൊടുത്തിരുന്നു." അദ്ദേഹം തുടരുന്നു: "ഈ സ്ഥാപനത്തിനുവേണ്ടി ഒരു ഗ്രന്ഥാലയം വഖ്ഫ് ചെയ്യപ്പെട്ടിരുന്നു.

പുസ്തകങ്ങളുടെ ആധിക്യത്തിലും പകർപ്പിലെ അക്ഷര മേന്മയിലും പുസ്തകങ്ങളുടെ നിലവാരത്തിലും അതിനോട് കിടപിടിക്കുന്ന മറ്റൊന്ന് ഉണ്ടായിരുന്നതായി അറിയപ്പെട്ടിട്ടില്ല.”

പത്ത്

# ആശുപത്രികൾ

•

ശരീരത്തിന്റെയും ആത്മാവിന്റെയും ആവശ്യങ്ങളുടെ സമന്വയം നമ്മുടെ നാഗരികതയുടെ മൗലിക സിദ്ധാന്തങ്ങളിൽ പെടുന്നു. ശാരീരികാവശ്യങ്ങളിൽ ശ്രദ്ധിക്കേണ്ടത് ജീവിത വിജയവും ആത്മീയ ഔന്നത്യവും നേടാൻ അനിവാര്യമാണെന്ന് അതംഗീകരിക്കുന്നു. പ്രവാചക വചനങ്ങളിലിങ്ങനെ കാണാം: “തീർച്ചയായും താങ്കളുടെ ശരീരത്തിന് താങ്കളുടെ മേൽ ചില അവകാശങ്ങളുണ്ട്.” (ബുഖാരി, മുസ്‌ലിം)

ഇസ്‌ലാമിലെ ആരാധനാ കർമങ്ങൾ ആരോഗ്യ സംരക്ഷണത്തിന് ഏറെ സഹായകമാണെന്ന വസ്തുത ശ്രദ്ധേയമത്രെ. നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയ ആരാധനാനുഷ്ഠാനങ്ങൾ സാധുവാകണമെങ്കിൽ ചില നിബന്ധനകളും ചര്യകളും കർമങ്ങളും പൂർത്തീകരിക്കേണ്ടതുണ്ട്. അവയെല്ലാം ശരീരത്തിന്റെ ആരോഗ്യവും ശക്തിയും ഉന്മേഷവും പരിരക്ഷിക്കാൻ പോന്നവയാണ്. രോഗങ്ങളുടെയും അവയുടെ വ്യാപനത്തിന്റെയും പ്രതിരോധം, രോഗങ്ങൾ ചികിത്സിക്കാനുള്ള പ്രേരണ എന്നിവയിൽ ഇസ്‌ലാമിന്റെ പങ്ക് പരിശോധിച്ചാൽ വൈദ്യരംഗത്ത് നമ്മുടെ നാഗരികത നിലനിൽക്കുന്ന ശക്തമായ അടിത്തറയെ സംബന്ധിച്ച് അനായാസം ഗ്രഹിക്കാവുന്നതാണ്. മുസ്‌ലിംകൾ ഉണ്ടാക്കിയ വൈദ്യ വിദ്യാലയങ്ങളിൽ നിന്നും ആശുപത്രികളിൽ നിന്നും ലോകം നേടിയ മഹത്തായ പ്രയോജനവും വൈദ്യശാസ്ത്രത്തിന് അവർ നൽകിയ സംഭാവനകളും അത്യധികം അഭിമാനത്തോടെ അനുസ്മരിക്കാൻ പോന്നവയാണ്.

ക്രിസ്ത്വബ്ദം ആറാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഇറാൻ ഭരണാധികാരി കോസ്റോസ് സ്ഥാപിച്ച ചന്തസ്പൂറി(Chandespur)ലെ മെഡിക്കൽ കോളേജിനെ സംബന്ധിച്ച് അറബികൾ മനസ്സിലാക്കുകയും ചില അറബ് ഡോക്ടർമാർ അവിടെ നിന്ന് പഠനം പൂർത്തീകരിക്കുകയും ചെയ്തിരുന്നു. പ്രവാചകന്റെ കാലത്ത് ജീവിച്ച ഹാരിസുബ്നു കൽദ അവരിൽപ്പെടുന്നു. തിരുമേനിയുടെ അനുചരന്മാരിൽ ചിലരുടെ വൈദ്യോപദേഷ്ടാവ് അദ്ദേഹമായിരുന്നു.

വലീദുബ്നു അബ്ദിൽ മലികിന്റെ കാലത്താണ് ഇസ്‌ലാമിക രാഷ്ട്രത്തിൽ ആദ്യത്തെ പ്രശസ്ത ആശുപത്രി സ്ഥാപിതമായത്. അത് കുഷ്ഠരോഗികൾക്ക് മാത്രമുള്ളതായിരുന്നു. അവിടെ ഡോക്ടർമാർക്ക് ഉയർന്ന വേതനം നൽകപ്പെട്ടിരുന്നു. കുഷ്ഠരോഗികളെ അവിടെനിന്ന് പുറത്തുപോകാനനുവദിച്ചിരുന്നില്ല. അതോടൊപ്പം അന്ധന്മാർക്കെന്നപോലെ അവർക്കും പെൻഷൻ നൽകിയിരുന്നു. പിന്നീട് അതേത്തുടർന്ന്

വേറെയും നിരവധി ആശുപത്രികൾ സ്ഥാപിതമായി. 'ബീമാരിസ്താൻ' അഥവാ രോഗികളുടെ വാസസ്ഥലം എന്ന പേരിലാണവ അറിയപ്പെട്ടിരുന്നത്.

ആശുപത്രികൾ രണ്ടു വിധമായിരുന്നു. സഞ്ചരിക്കുന്നവയും അല്ലാത്തവയും. ഇസ്‌ലാമിക നാഗരികതയിലെ ആദ്യത്തെ മൊബൈൽ ആശുപത്രി പ്രവാചകന്റെ കാലത്തുതന്നെ നിലവിൽവന്നിട്ടുണ്ട്. ഖൻദഖ് യുദ്ധത്തിൽ മുറിവേറ്റവർക്കായി പ്രത്യേകം തമ്പ് പണിതതോടെയാണ് ഔപചാരികമായി ആരംഭിച്ചത്. സഅ്ദുബ്നു മുആദിന് മുറിവേൽക്കുകയും അദ്ദേഹത്തിന്റെ കൈയിലെ രക്തനാഡി അറുകയും ചെയ്തപ്പോൾ നബി പറഞ്ഞു: "അദ്ദേഹത്തെ മുറിവേറ്റവരുടെ തമ്പിലേക്കെടുക്കുക. ഞാൻ അദ്ദേഹത്തെ നേരിൽ സന്ദർശിച്ച് കാര്യങ്ങൾക്ക് മേൽനോട്ടം വഹിച്ചുകൊള്ളാം."

ഇസ്‌ലാമിലെ ആദ്യത്തെ സഞ്ചരിക്കുന്ന സൈനിക ആശുപത്രിയത്രെ അത്. പിന്നീട് ഖലീഫമാരും രാജാക്കന്മാരും അത് വികസിപ്പിച്ചു. അവ, രോഗികൾക്കാവശ്യമായ സകലതും സജ്ജീകരിക്കപ്പെട്ടവയായിത്തീർന്നു. മരുന്ന്, ഭക്ഷണം, പാനീയം, വസ്ത്രം, ഡോക്ടർമാർ, ഉപകരണങ്ങൾ എല്ലാം അവയിലുണ്ടായിരുന്നു. ആശുപത്രികൾ സ്ഥാപിക്കപ്പെടാത്ത ഗ്രാമപ്രദേശങ്ങളിലൂടെയെല്ലാം ഈ മൊബൈൽ ഡിസ്പെൻസറികൾ സഞ്ചരിച്ചിരുന്നു. ഈസബ്നു അലിയ്യിൽ ജർറാഹ്, സിനാനുബ്നു സാബിതിനെഴുതി -അദ്ദേഹമാണ് ബഗ്ദാദിലെയും മറ്റും ആശുപത്രികളുടെ ചുമതല വഹിച്ചിരുന്നത്:

"ഗ്രാമവാസികളെ സംബന്ധിച്ച് ഞാൻ ചിന്തിച്ചു. അവരിലും രോഗികളുണ്ടാവാതിരിക്കില്ല. അതോടൊപ്പം ഗ്രാമത്തിൽ ഡോക്ടർമാരില്ലാത്തതിനാൽ അവർക്ക് വൈദ്യസഹായം ലഭിക്കുകയുമില്ല. അതിനാൽ ഒരു സംഘം ഡോക്ടർമാരെ ഒരുമിച്ചുകൂട്ടി ആവശ്യമായത്ര മരുന്നുകളും ഭക്ഷണ പാനീയങ്ങളും ശേഖരിച്ച് ഗ്രാമങ്ങളിലൂടെ ചുറ്റിക്കറങ്ങുക. അവർ ഓരോ ഗ്രാമത്തിലും തദ്ദേശികളുടെ ആവശ്യം പൂർത്തീകരിക്കുവോളം അവിടെ തങ്ങേണ്ടതാണ്. അവിടെയുള്ളവരെ ചികിത്സിച്ച് ജോലി പൂർത്തീകരിച്ചശേഷം അടുത്ത ഗ്രാമത്തിലേക്ക് നീങ്ങട്ടെ."

സുൽത്വാൻ മഹ്മൂദ് സൽജൂക്കിയുടെ കാലത്തെ ചില മൊബൈൽ ആശുപത്രികൾ അവയുടെ വലിപ്പം കാരണമായി നാൽപത് ഒട്ടകങ്ങളാണ് ചുമന്നുകൊണ്ടുപോയിരുന്നത്.

സ്ഥിരമായ ആശുപത്രികൾ ധാരാളമായി സ്ഥാപിക്കപ്പെട്ടിരുന്നത് പട്ടണ പ്രദേശങ്ങളിലും തലസ്ഥാന നഗരികളിലുമായിരുന്നു. ഒന്നോ കൂടുതലോ ആശുപത്രികളില്ലാത്ത ഒറ്റ നാട് പോലും അന്ന് ഇസ്‌ലാമിക ലോകത്തുണ്ടായിരുന്നില്ല. കൊർദോവയിൽ മാത്രം അമ്പത് ആശുപത്രികളുണ്ടായിരുന്നു.

അക്കാലത്തെ ആശുപത്രികൾ വിവിധ സ്വഭാവത്തിലുള്ളവയായിരുന്നു. സൈനികർക്കുള്ളത് അവയിലൊരിനമാണ്. ഇത്തരം സൈനിക ആശുപത്രികൾക്ക് പ്രത്യേകം ഡോക്ടർമാരുണ്ടായിരുന്നു. കൂടാതെ ഖലീഫമാരുടെയും സൈനിക നേതാക്കളുടെയും രാഷ്ട്രനായകന്മാരുടെയും ആരോഗ്യ കാര്യങ്ങൾ ശ്രദ്ധിക്കാൻ ചുമതലപ്പെട്ടവർ വേറെത്തന്നെ ഉണ്ടായിരുന്നു. തടവുകാർക്ക് മാത്രമായുണ്ടായിരുന്ന ആശുപത്രികൾ മറ്റൊരിനമാണ്. എല്ലാ ദിവസവും ഡോക്ടർമാർ അവിടങ്ങളിൽ ചെല്ലുകയും രോഗികളെ പരിശോധിച്ച് ആവശ്യമായ മരുന്നുകൾ നൽകുകയും ചെയ്തിരുന്നു. ഈസബ്നു അലിയ്യിൽ ജർറാഹ്, സിനാനുബ്നു സാബിതിനെഴുതിയതിൽ ഇതുകൂടി കാണാവുന്നതാണ്: "തടവുപുള്ളികളെപ്പറ്റിയും ഞാൻ ആലോചിച്ചു. അവരുടെ സംഖ്യാധിക്യവും വാസസ്ഥലത്തിന്റെ ഇടുക്കവും കാരണമായി അവരെ രോഗം ബാധിക്കാൻ ഏറെ സാധ്യതയുണ്ട്. അതിനാൽ അവർക്ക് മാത്രമായി ഡോക്ടർമാരെ നിയമിക്കുകതന്നെ വേണം. എല്ലാ ദിവസവും അവരവിടം സന്ദർശിക്കട്ടെ. മരുന്നും വെള്ളവും മറ്റ് അവശ്യവസ്തുക്കളും കൂടെ എടുക്കുകയും ചെയ്യട്ടെ. എല്ലാ ജയിലുകളും സന്ദർശിച്ച് അവിടങ്ങളിലെ രോഗികളെ ഇവ്വിധം ചികിത്സിക്കേണ്ടതാണ്."

ഇപ്രകാരം തന്നെ ജനങ്ങൾ തിങ്ങിക്കൂടുന്ന പൊതുസ്ഥലങ്ങൾ, പളളികൾ പോലുള്ളവയോടനുബന്ധിച്ച് പ്രാഥമിക ശുശ്രൂഷാ കേന്ദ്രങ്ങൾ (First aid Centre) ഉണ്ടായിരുന്നു. മഖ്രീസി എഴുതുന്നു: "ഇബ്നു ത്വൂലൂൻ ഈജിപ്തിലെ വിശ്വവിഖ്യാതമായ പള്ളി പണിതപ്പോൾ അതിന്റെ ഒരറ്റത്ത് ഡിസ്പെൻസറിയും സ്നാന സൗകര്യങ്ങളും ഏർപ്പെടുത്തിയിരുന്നു. അവിടെ എല്ലാതരം മരുന്നുകളും പാനീയങ്ങളും ഉണ്ടായിരുന്നു. അതോടൊപ്പം സേവനകൃത്യങ്ങളിൽ വ്യാപൃതരായ ജോലിക്കാരുമുണ്ടായിരുന്നു. പള്ളിയിലെത്തുന്നവരിൽ രോഗികളാരെങ്കിലുമുണ്ടെങ്കിൽ അവരെ പരിശോധിച്ച് ചികിത്സിക്കാനായി വെള്ളിയാഴ്ച ദിവസം ഡോക്ടർമാർ അവിടെ വന്നിരിക്കുക പതിവായിരുന്നു."

ഇതിനെല്ലാം പുറമെ രാജ്യത്തെങ്ങും പൊതുജനങ്ങൾക്കായുള്ള ആശുപത്രികൾ സ്ഥാപിക്കപ്പെട്ടിരുന്നു. സാധാരണക്കാരെ ചികിത്സിക്കാനായി അതിന്റെ കവാടങ്ങൾ മലർക്കെ തുറന്നുവെക്കപ്പെട്ടിരുന്നു. ഇത്തരം ആശുപത്രികൾ തികച്ചും സ്വതന്ത്രമായ രണ്ടു ഭാഗങ്ങളായിരുന്നു. ഒന്ന് സ്ത്രീകൾക്കും മറ്റൊന്ന് പുരുഷന്മാർക്കും. ഓരോ വിഭാഗത്തിലും നിരവധി ഡിപ്പാർട്ടുമെന്റുകളുണ്ടായിരുന്നു. അവയിലോരോന്നും പ്രത്യേകം പ്രത്യേകം രോഗങ്ങൾക്കായുള്ളവയായിരുന്നു. ആന്തരിക രോഗങ്ങൾക്കായുള്ളവ (Systemic Diseases), കണ്ണു സംബന്ധമായവ (Opthalmic), ശസ്ത്രക്രിയാസംബന്ധമായവ (Surgical), ഒടിവിനുള്ളവ (Ortho Paedic), മാനസിക രോഗങ്ങൾക്കുള്ളവ (Mental diseases) എല്ലാം അവയിലുൾപ്പെട്ടിരുന്നു. കൂടാതെ ആന്തരിക രോഗ ചികിത്സാ വിഭാഗം തന്നെ പല ഉപശാഖക

ളായി വേർതിരിക്കപ്പെട്ടിരുന്നു- പനിയുടെ ചികിത്സക്കുള്ളവ (Section Dealing with Fevers), ദഹനസംബന്ധമായ രോഗങ്ങൾക്കുള്ളവ (Digestive Troubles)എന്നിങ്ങനെ.

എല്ലാ വിഭാഗത്തിലും നിരവധി ഡോക്ടർമാരും അവർക്ക് ഒരു തലവനും ഉണ്ടായിരുന്നു. കൂടാതെ എല്ലാ വകുപ്പുകൾക്കും മേൽനോട്ടം വഹിക്കുന്ന ഒരു മേധാവിയും. 'സാഊർ' എന്ന പേരിലാണയാൾ അറിയപ്പെട്ടിരുന്നത്. ആശുപത്രി മാനേജറുടെയും സൂപ്രണ്ടിന്റെയും ചുമതല വഹിച്ചിരുന്നത് അയാൾ തന്നെയാണ്.

ആശുപത്രികളിലെ ഡോക്ടർമാർക്കെല്ലാം നിർണിതമായ ജോലി സമയമുണ്ടായിരുന്നു. നിശ്ചിത സമയത്ത് അവർ തങ്ങളുടെ മുറിയിലിരുന്ന് രോഗികളെ ചികിത്സിക്കൽ നിർബന്ധമായിരുന്നു. ഇപ്രകാരം തന്നെ എല്ലാ ആശുപത്രികളിലും നേഴ്സുമാരും കമ്പൗണ്ടർമാരു(Compounders)മുണ്ടായിരുന്നു. അവർക്കെല്ലാം മാന്യമായ വേതനം നൽകപ്പെട്ടിരുന്നു. അതോടൊപ്പം ആശുപത്രികളോടനുബന്ധിച്ച് മരുന്നുശാലകൾ പ്രവർത്തിച്ചിരുന്നു. അവയിൽ വിവിധയിനം മരുന്നുകളുടെ ലായനികളും വൈദ്യശാസ്ത്രപരമായി തയ്യാറാക്കപ്പെട്ട പഴസത്തുക്കളും പലതരം പോഷകാഹാരങ്ങളുമുണ്ടായിരുന്നു. അപൂർവമായി മാത്രം ലഭിക്കുന്ന പാനീയങ്ങളും വിവിധ ജ്യൂസുകളും അവിടങ്ങളിൽ സംഭരിച്ചുവെച്ചിരുന്നു. ശസ്ത്രക്രിയാ ഉപകരണങ്ങൾ, ഗ്ലാസ്ട്യൂബുകൾ, കൊട്ടാരങ്ങളിൽ മാത്രം കാണപ്പെടുന്ന പളുങ്കുപാത്രങ്ങൾ എല്ലാം ആശുപത്രികളോടനുബന്ധിച്ച മരുന്നുശാല(Pharmacy)കളിൽ ഉണ്ടായിരുന്നു.

വൈദ്യവിദ്യാർഥികളുടെ പരിശീലന കേന്ദ്രം കൂടിയായിരുന്നു ആശുപത്രികൾ. എല്ലാ ആശുപത്രികളിലും ഓരോ വലിയ ഹാളുണ്ടാവുക പതിവായിരുന്നു. ചീഫ് മെഡിക്കൽ ഓഫീസറും മറ്റു ഡോക്ടർമാരും വിദ്യാർഥികളും അവിടെ ഒത്തുകൂടും. അവരുടെവശം പാഠപുസ്തകങ്ങളും ചികിത്സാ ഉപകരണങ്ങളുമുണ്ടായിരിക്കും. രോഗികളെ പരിശോധിച്ച് ആവശ്യമായ ചികിത്സകൾ നൽകിയ ശേഷം അധ്യാപകരും വിദ്യാർഥികളും ഒത്തിരുന്ന് വൈദ്യവിഷയകമായ ചർച്ചകളും സംവാദങ്ങളും ഗവേഷണങ്ങളും നടത്തുന്നു. തദ്വിഷയകമായ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നു. വിദ്യാർഥികൾക്ക് പ്രായോഗിക പരിശീലനം നൽകാനായി അധ്യാപകർ അവരെ പരിശോധനസമയത്ത് തങ്ങളോടൊപ്പം നിർത്തുക പതിവായിരുന്നു. ഇന്ന് മെഡിക്കൽകോളജുകളിൽ നടക്കുന്നപോലെ വളരെ വ്യവസ്ഥാപിതമായിത്തന്നെയാണ് അന്നും വൈദ്യവിദ്യാഭ്യാസം നൽകപ്പെട്ടിരുന്നതെന്ന് ഇതിൽനിന്നു ഗ്രഹിക്കാവുന്നതാണ്.

ഇബ്നു അബീഉസൈബഅ-ദമസ്കസിലെ നൂരി ആശുപത്രിയിൽ നിന്ന് വൈദ്യവിദ്യാഭ്യാസം ലഭിച്ച വ്യക്തിയാണദ്ദേഹം- പറയുന്നു: "ആശുപത്രിയിലെ രോഗികളെ പരിശോധിക്കുന്നതിൽ നിന്നും ചികിത്സിക്കുന്ന

തിൽനിന്നും ഹകീം മുഹദ്ദബുദ്ദീനും ഹകീം ഇംറാനും വിരമിച്ചാൽ ഞാൻ അവരോടൊന്നിച്ചായിരിക്കും. അപ്പോൾ ഞാൻ റദിയുദ്ദീനിർറഹ്ബിയുടെ കൂടെയിരിക്കും. രോഗനിർണയം നടത്താനുള്ള മാർഗങ്ങൾ, രോഗികളെ സംബന്ധിച്ച വിലയിരുത്തലുകൾ, അവർക്ക് നിർദേശിക്കുന്ന മരുന്നുകൾ എല്ലാം ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കും. അദ്ദേഹത്തോട് ഞാൻ അധിക രോഗങ്ങളെയും അവയുടെ ചികിത്സകളെയും സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിരുന്നു.''

ഭരണകൂടം നിശ്ചയിക്കുന്ന മെഡിക്കൽ സൂപ്രണ്ടിന്റെ മുന്നിൽ നിന്നു പരീക്ഷ പൂർത്തിയായ ശേഷം മാത്രമേ ഏതൊരു ഡോക്ടർക്കും സ്വന്തമായി ചികിത്സ തുടങ്ങാൻ അനുവാദമുണ്ടായിരുന്നുള്ളൂ. ചികിത്സ ആരംഭിക്കാനാവശ്യമായ സർട്ടിഫിക്കറ്റ് ലഭിക്കാൻ ബന്ധപ്പെട്ട വിഷയത്തിൽ തയ്യാറാക്കപ്പെട്ട പഠനം സമർപ്പിക്കേണ്ടതുണ്ടായിരുന്നു. അത് സ്വയം തയ്യാറാക്കിയതോ, പ്രഗൽഭരായ വൈദ്യശാസ്ത്രജ്ഞന്മാരുടെ ഗ്രന്ഥങ്ങളെ അവലംബിച്ചെഴുതിയതോ, അത്തരം ഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളോ ആയിരിക്കും. അത് സമർപ്പിക്കപ്പെട്ടശേഷം സൂപ്രണ്ട് അയാളെ പരിശോധിക്കും. ചികിത്സ നടത്താനുദ്ദേശിക്കുന്ന വിഭാഗത്തിൽപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചെല്ലാം വിശദമായി ചോദിക്കും. മറുപടികൾ തൃപ്തികരമാണെങ്കിൽ രോഗികളെ ചികിത്സിക്കാൻ അർഹനാണെന്ന് കാണിക്കുന്ന സാക്ഷ്യപത്രം നൽകും.

ക്രിസ്തബ്ദം 931 (ഹിജ്റ വർഷം 319)-ൽ മുഖ്തദിർ ഖലീഫയുടെ കാലത്ത് ഒരു രോഗിയെ ചികിത്സിച്ച ഡോക്ടർമാർക്ക് അബദ്ധം സംഭവിച്ചു. അങ്ങനെ രോഗി മരിക്കാനിടയായി. അതോടെ ബഗ്ദാദിലെ മുഴുവൻ ഡോക്ടർമാരും തങ്ങളുടെ യോഗ്യതകൾ തെളിയിച്ച് വീണ്ടും പുതിയ സാക്ഷ്യപത്രങ്ങൾ സമ്പാദിക്കണമെന്ന് ഖലീഫ ഉത്തരവിട്ടു. അതനുസരിച്ച് അവിടത്തെ ചീഫ് മെഡിക്കൽ ഓഫീസർ സിനാനുബ്നു സാബിത് അവരെ പരിശോധിച്ചു. അങ്ങനെ സാക്ഷ്യപത്രത്തിനായി പരിശോധനാവിധേയരായ 860 ഡോക്ടർമാർ ബഗ്ദാദിൽ മാത്രമുണ്ടായിരുന്നു. ഉത്തരവിൽ നിന്നൊഴിവാക്കപ്പെട്ട വിദഗ്ധ ഡോക്ടർമാർക്കും ഖലീഫ, മന്ത്രിമാർ, നേതാക്കന്മാർ തുടങ്ങിയവരുടെ പേഴ്സണൽ ഡോക്ടർമാർക്കും പുറമെയാണിത്.

ഡോക്ടർമാർക്കും വിദ്യാർഥികൾക്കും ആവശ്യമായ വൈദ്യവിഷയ സംബന്ധവും അല്ലാത്തതുമായ ഗ്രന്ഥങ്ങളുൾക്കൊള്ളുന്ന മെച്ചപ്പെട്ട ഗ്രന്ഥാലയങ്ങൾ എല്ലാ ആശുപത്രികളോടനുബന്ധിച്ചും സ്ഥാപിക്കപ്പെട്ടിരുന്നു. കൈറോവിലെ ഇബ്നുത്വൂലൂൻ ആശുപത്രി ലൈബ്രറിയിൽ വിവിധയിനങ്ങളിലായി ഒരു ലക്ഷത്തിലധികം ഗ്രന്ഥങ്ങളുണ്ടായിരുന്നു.

ജനറൽ ആശുപത്രികളിൽ ചികിത്സ എല്ലാവർക്കും സൗജന്യമായിരുന്നു. ദരിദ്ര-ധനിക വ്യത്യാസമുണ്ടായിരുന്നില്ല. സമീപ പ്രദേശത്തു

ക ാ ർ ക്ക ു ം
ദൂരദിക്കുകാർക്കുമിടയിൽ വിവേചനം കൽപിച്ചിരുന്നില്ല. പരിശോധന നടത്തി മരുന്നുവാങ്ങി പോകാനെന്നപോലെ താമസിച്ച് ചികിത്സിക്കാനും അവിടങ്ങളിൽ സൗകര്യമുണ്ടായിരുന്നു. പുറത്തെ ഹാളിൽ നിന്ന് പരിശോധിച്ച് അഡ്മിഷൻ ആവശ്യമില്ലെങ്കിൽ ഫാർമസിയിൽ നിന്ന് മരുന്നുകൾ നൽകി പറഞ്ഞയക്കുകയാണ് ചെയ്തിരുന്നത്. താമസിപ്പിച്ച് ചികിത്സിക്കേണ്ടവരെ കുളിമുറിയിൽ കൊണ്ടുപോയി അവരണിഞ്ഞ വസ്ത്രങ്ങളഴിച്ചു മാറ്റും. പകരം രോഗികൾക്ക് പ്രത്യേകമായുള്ള വസ്ത്രങ്ങൾ ധരിപ്പിക്കും. തുടർന്ന് അതേ രോഗം ബാധിച്ച ആളുകൾ കിടക്കുന്ന മുറിയിൽ പ്രവേശിപ്പിക്കുകയും വൃത്തിയായി സജ്ജീകരിക്കപ്പെട്ട കട്ടിലിൽ കിടത്തുകയുമാണ് ചെയ്തിരുന്നത്. ഒരു രോഗി ഉപയോഗിച്ച വസ്ത്രങ്ങളോ വിരികളോ അലക്കി വൃത്തിയാക്കാതെ മറ്റൊരാൾക്ക് നൽകിയിരുന്നില്ല. മരുന്നുകൾ പോലെത്തന്നെ ഭക്ഷണസാധനങ്ങളും അവയുടെ തോതും ഡോക്ടർമാർ നിർണയിച്ചുകൊടുക്കുകയായിരുന്നു പതിവ്.

രോഗം ഭേദമായശേഷം ക്ഷീണം ബാക്കിനിൽക്കുന്ന വ്യക്തികളെ താമസിപ്പിക്കാൻ പ്രത്യേക സ്ഥലങ്ങളുണ്ടായിരുന്നു. രോഗവും ക്ഷീണവും പൂർണമായും വിട്ടുമാറിയെന്ന് ഉറപ്പുവരുത്തിയശേഷമേ അവരെ തങ്ങളുടെ വീടുകളിലേക്കയച്ചിരുന്നുള്ളൂ. അങ്ങനെ ആശുപത്രി വിടുമ്പോൾ ചികിത്സ പൂർത്തിയാക്കി പോകുന്നവർക്ക് പുതിയ വസ്ത്രങ്ങൾ നൽകുക സാധാരണയായിരുന്നു. കൂടാതെ ജോലി ചെയ്യാൻ സാധ്യമാകുവോളം ജീവിക്കാനാവശ്യമായ വിഭവങ്ങളും ആശുപത്രികളിൽ നിന്നു തന്നെ നൽകിയിരുന്നു.

രോഗികൾ കിടക്കുന്ന മുറികൾ വെള്ളമൊഴിച്ച് കഴുകാൻ പറ്റുന്നവിധമായിരുന്നു. അവിടങ്ങളിൽ ശുദ്ധമായ കാർപ്പെറ്റുകൾ വിരിക്കുകയും ചെയ്തിരുന്നു. വൃത്തിയാക്കി തുടച്ചു മിനുക്കാതെ ഒരു ഉപകരണവും ചികിത്സാർഥം ഉപയോഗിച്ചിരുന്നില്ല. എല്ലാ ആശുപത്രികളിലും വൃത്തിയുടെ കാര്യം ശ്രദ്ധിക്കുകയും അതിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥന്മാരു(Sanitary Inspectors)ണ്ടായിരുന്നു. പലപ്പോഴും ഖലീഫമാരും ഗവർണർമാരുമെല്ലാം രോഗികളുടെ പ്രശ്നങ്ങൾ നേരിൽവന്ന് അന്വേഷിക്കുകയും അവരോടുള്ള സമീപനം മെച്ചപ്പെട്ടതാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യാറുണ്ടായിരുന്നു.

ഇസ്‌ലാമിക ലോകത്ത് നിലനിന്നിരുന്ന മുഴുവൻ ആശുപത്രികളുടെ അവസ്ഥയും ഇതുതന്നെയായിരുന്നു. അതിൽ പാശ്ചാത്യ പൗരസ്ത്യ വ്യത്യാസമുണ്ടായിരുന്നില്ല. ബഗ്ദാദ്, ദമസ്കസ്, കൈറോ, ഖുദ്സ്, മക്ക, മദീന, മൊറോക്കോ, സ്പെയിൻ എന്നിവിടങ്ങളിലെ ആശുപത്രികളെല്ലാം ഇവ്വിധം ശ്രദ്ധാപൂർവമാണ് നടത്തിയിരുന്നത്. അക്കാലത്തെ ഇസ്‌ലാമിക തലസ്ഥാനങ്ങളായിരുന്ന നാല് പ്രമുഖ നഗരങ്ങളിലെ ആശുപത്രികളിലെ അവസ്ഥകൾ പരിശോധിക്കുന്നത് പ്രയോജനപ്രദമായിരിക്കും.

## 1. ബഗ്ദാദിലെ അദുദി ആശുപത്രി

അദുദുദ്ദൗലബ്നു ബുവയ്ഹ് ഹി. 371-ൽ പണികഴിപ്പിച്ചതാണിത്. അതിന്റെ സ്ഥലനിർണയം നടത്തിയത് വിഖ്യാത വൈദ്യശാസ്ത്ര വിദഗ്ധനായ റാസിയാണ്. അദ്ദേഹം രാത്രി ബഗ്ദാദിന്റെ നാല് ഭാഗങ്ങളിൽ നാലു മാംസക്കഷണങ്ങൾ വെച്ചു. അടുത്ത ദിവസം അവയിലേറ്റവുമധികം രാസമാറ്റങ്ങൾക്ക് വിധേയമായ കഷണം നിന്നഭാഗത്ത് ആശുപത്രി നിർമിക്കാൻ നിർദേശിച്ചു. അതിന്റെ സ്ഥാപനത്തിനായി രാഷ്ട്രം ധാരാളം ധനം വനിയോഗിച്ചു. ഇരുപത്തിനാല് വിദഗ്ധ ഡോക്ടർമാരാണ് അവിടെ ഒരേ സമയം സേവനമനുഷ്ഠിച്ചുകൊണ്ടിരുന്നത്. ഗ്രന്ഥാലയം, ഫാർമസി, സ്റ്റോർ, അടുക്കള തുടങ്ങി ആവശ്യമായതെല്ലാം അതിനോടനുബന്ധിച്ചുണ്ടായിരുന്നു.

ഹി. 449-ൽ ഖലീഫ ഖാഇം ബിഅംരില്ലാഹ് ഈ ആശുപത്രി നവീകരിച്ചു. വളരെ അപൂർവമായി മാത്രം ലഭിക്കുന്ന വിവിധയിനം മരുന്നുകളുടെ ലായനികൾ, പലതരം വേരുകൾ, മരുന്നുചെടികൾ എല്ലാം അവിടെ സജ്ജീകരിച്ചു. രോഗികൾക്കാവശ്യമായ പുതപ്പുകളും വിരിപ്പുകളുമെല്ലാം അവിടെ തയ്യാറാക്കപ്പെട്ടിരുന്നു. ഡോക്ടർമാർക്ക് പുറമെ, പരിചാരകന്മാർ, തൂപ്പുകാർ, സേവകന്മാർ എല്ലാവരും അവിടെ ഉണ്ടായിരുന്നു. രോഗികൾക്ക് ഐസുകട്ടകളും സുഗന്ധദ്രവ്യങ്ങളും വരെ നൽകപ്പെട്ടിരുന്നു. ആശുപത്രിയോടനുബന്ധിച്ച് കുളിമുറികളും അവയിൽ നിന്ന് ഒഴുകുന്ന വെള്ളം പ്രയോജനപ്പെടുത്താൻ സാധിക്കുമാറ് തോട്ടങ്ങളുമുണ്ടായിരുന്നു. അവിടങ്ങളിൽ ധാരാളം പഴങ്ങളും പച്ചക്കറികളും ഉൽപാദിപ്പിക്കപ്പെട്ടിരുന്നു. ദരിദ്രരെയും അവശരെയും അവരുടെ വീടുകളിൽ നിന്ന് ആശുപത്രിയിലെത്തിക്കാനായി വാഹനങ്ങളുണ്ടായിരുന്നു. രാവിലെയും വൈകുന്നേരവും ഡോക്ടർമാർ രോഗികളെ പരിശോധിക്കുക പതിവായിരുന്നു. രാത്രിയിലും ഡോക്ടർമാർ അവിടെത്തന്നെയാണ് താമസിച്ചിരുന്നത്.

## 2. ദമസ്കസിലെ നൂരി ആശുപത്രി

സുൽത്വാൻ നൂറുദ്ദീനിശ്ശഹീദ് ഹിജ്റ വർഷം 549-ൽ (ക്രിസ്ത്വബ്ദം 1154-ൽ) സ്ഥാപിച്ചതാണിത്. ഒരു ഫ്രഞ്ചു ചക്രവർത്തിയിൽ നിന്ന് പിഴയായി ഈടാക്കിയ സംഖ്യയാണിതിന് വിനിയോഗിച്ചത്. അദ്ദേഹം രാജ്യത്തുടനീളം നിരവധി ആതുരശുശ്രൂഷാലയങ്ങൾ പണിതിരുന്നുവെങ്കിലും ഏറ്റവും വലുതും ശ്രദ്ധേയവും അതായിരുന്നു. അഗതികളെയും ദരിദ്രരെയും ഉദ്ദേശിച്ചാണ് നൂരി ആശുപത്രി നിർമിച്ചിരുന്നത്. അവിടെ ചികിത്സിക്കാൻ ധനികർ നിർബന്ധിതരായാൽ ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്തിരുന്നുവെന്ന് മാത്രം. എല്ലാ രോഗികൾക്കും അവിടെ നിന്നു വെള്ളവും മരുന്നും സൗജന്യമായാണ് നൽകിയിരുന്നത്. പ്രമുഖ യാത്രികനായ ഇബ്നുജുബൈർ ഹിജറാബ്ദം 580-ൽ അവിടം സന്ദർശിക്കുകയുണ്ടായി. ഡോക്ടർമാർ രോഗികളുടെ കാര്യത്തിൽ പുലർത്തുന്ന

നിതാന്ത ശ്രദ്ധയും തീവ്രമായ താൽപര്യവും സംബന്ധിച്ച് അദ്ദേഹം വിശദമായി വിവരിച്ചിട്ടുണ്ട്. രോഗികൾക്കനുയോജ്യമായ മരുന്നുകളും ആഹാരങ്ങളും നൽകുന്നതിനെക്കുറിച്ചും അദ്ദേഹം നമുക്ക് പറഞ്ഞുതരുന്നു. മനോരോഗ ചികിത്സക്കുള്ള പ്രത്യേക വിഭാഗംതന്നെ അവിടെ ഉണ്ടായിരുന്നു. അവരുടെ ചികിത്സയിലും ആഹാര കാര്യത്തിലും അധികൃതർ അതീവ ശ്രദ്ധ പതിപ്പിച്ചിരുന്നു.

ഹിജ്റ വർഷം 831-ൽ തികഞ്ഞ കാരുണ്യവികാരവും സംവേദനശേഷിയുമുള്ള ശ്രേഷ്ഠനായ ഒരു വിദേശി അവിടം സന്ദർശിച്ചു. അവിടത്തെ ഡോക്ടർമാരുടെ ആധിക്യവും രോഗികളോടുള്ള അവരുടെ സജീവമായ ശ്രദ്ധയും ആഹാരപദാർഥങ്ങളുടെ മെച്ചവും സുഖസൗകര്യങ്ങളുടെ മേന്മയും അദ്ദേഹത്തെ അദ്ഭുതസ്തബ്ധനാക്കി. നൂരി ആശുപത്രിയിലെ രോഗികൾക്ക് ആഡംബര വസ്തുക്കൾവരെ നൽകപ്പെട്ടിരുന്നു. ഇതിലെല്ലാം അത്യധികം മതിപ്പ് തോന്നിയ ആ വിദേശി ഡോക്ടർമാരുടെ അറിവും വൈദഗ്ധ്യവുംകൂടി പരിശോധിച്ചറിയണമെന്ന് തീരുമാനിച്ചു. അങ്ങനെ രോഗിയായി അഭിനയിച്ചു. മെഡിക്കൽ സൂപ്രണ്ട് അദ്ദേഹത്തെ വന്ന് പരിശോധിച്ചു. അപ്പോൾ അയാൾക്ക് രോഗമൊന്നുമില്ലെന്ന് ബോധ്യമായി. അതിനാൽ മരുന്നൊന്നും നൽകിയില്ല. നല്ല ആഹാരസാധനങ്ങൾ, കോഴി, ഹലുവ, പാനീയങ്ങൾ എന്നിവ നൽകാൻവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു.

മൂന്നാംദിവസം സൂപ്രണ്ട് അദ്ദേഹത്തിന് ഒരു കുറിപ്പു കൊടുത്തു. അതിൽ ഇപ്രകാരമെഴുതിയിരുന്നു: "നമ്മുടെ അടുത്ത് ആതിഥ്യം മൂന്ന് ദിവസമാണ്." അതോടെ ഡോക്ടർക്ക് തന്റെ ഉള്ളിലിരിപ്പ് മനസ്സിലായിട്ടുണ്ടെന്ന് ആഗതന് ബോധ്യമായി. അതേവരെ തന്നെ അതിഥിയായി കണക്കാക്കുകയാണ് ഡോക്ടർമാർ ചെയ്തതെന്നു മനസ്സിലായി. അങ്ങനെ അവരുടെ അസാധാരണമായ സാമർഥ്യം ആ വിദേശി നേരിൽ പഠിച്ചറിഞ്ഞു.

ഹിജ്റാബ്ദം 1317 വരെ നൂരി ആശുപത്രി അതിന്റെ വിവിധ മേന്മകളോടും ഗാംഭീര്യതകളോടുംകൂടി നിലനിന്നു. പിന്നീടവിടെ ഒരു വൈദേശികാശുപത്രി സ്ഥാപിക്കപ്പെട്ടു. സിറിയൻ സർവകലാശാലയുടെ കീഴിലുള്ള മെഡിക്കൽ കോളേജ് ഇതിനോടനുബന്ധിച്ചാണുള്ളത്. നൂരി ആശുപത്രി അടച്ചുപൂട്ടി മെഡിക്കൽ കോളേജും പ്രാദേശിക പാഠശാലയും സ്ഥാപിക്കുകയാണുണ്ടായതെന്നർഥം.

### 3. മൻസ്വൂരീ ആശുപത്രി

'ബീമാരിസ്താൻ ഖലാവൂൻ' എന്ന പേരിലാണിതറിയപ്പെടുന്നത്. ചില പ്രധാനികളുടെ വീടായിരുന്നു അത്. പിന്നീട് 1284-ൽ (ഹിജ്റ 683-ൽ) മൻസ്വൂർ സൈഫുദ്ദീൻ ഖലാവൂൻ അത് ജനറൽ ആശുപത്രിയാക്കി മാറ്റു

കയാണുണ്ടായത്. വർഷംതോറും ആയിരം ദിർഹം വരുമാനമുള്ള സ്വത്ത് അതിന്റെ നടത്തിപ്പിനായി വഖ്ഫ് നൽകുകയും ചെയ്തു. അതിനോട നുബന്ധിച്ച് ഒരു പള്ളിയും പാഠശാലയും അനാഥമന്ദിരവും അദ്ദേഹം സ്ഥാപിച്ചു. അതിന്റെ നിർമാണ പശ്ചാത്തലം ചരിത്രകാരന്മാരിങ്ങനെ രേഖപ്പെടുത്തുന്നു:

"1275-ൽ ളാഹിർ ബൈബറസിന്റെ കാലത്ത് റോമാക്കാരുമായി യുദ്ധ ത്തിന് പുറപ്പെട്ട മൻസ്വൂർ ഖലാവൂൻ ദമസ്കസിൽ രോഗബാധിതനാ യി. അപ്പോൾ അവിടത്തെ ഡോക്ടർമാർ നൂരി ആശുപത്രിയിൽനിന്ന് അദ്ദേഹത്തിനാവശ്യമായ മരുന്നുകളെത്തിച്ചുകൊടുത്തു. പിന്നീട് രോഗ മുക്തനായ ഖലാവൂൻ, നൂരി ആശുപത്രി നേരിൽ സന്ദർശിച്ചു. അത് അദ്ദേ ഹത്തെ അത്യധികം ആശ്ചര്യഭരിതനാക്കി. അല്ലാഹു തനിക്ക് അധികാരം നൽകുകയാണെങ്കിൽ അത്തരമൊന്ന് താനും പണികഴിപ്പിക്കുമെന്ന് പ്രതി ജ്ഞയെടുത്തു. അങ്ങനെ ഭരണാധികാരം ലഭിച്ചപ്പോൾ അദ്ദേഹം ഒരു വീട് വിലക്കുവാങ്ങി ആശുപത്രിയാക്കി മാറ്റുകയാണുണ്ടായത്. സംവി ധാനത്തിലും സൗകര്യങ്ങളിലും വളരെയേറെ മികച്ചുനിൽക്കുന്ന ഒന്നാ ണിത്. സ്ത്രീ-പുരുഷ, ഭരണാധികാരി-ഭരണീയ, ധനിക-ദരിദ്ര ഭേദമി ല്ലാതെ ഏവർക്കും അവിടെ ചികിത്സ തേടാവുന്നതാണ്. രോഗമുക്തരായി പുറത്തുവരുന്നവർക്കെല്ലാം പുതുവസ്ത്രങ്ങൾ നൽകാൻ അവിടെ വ്യവ സ്ഥയുണ്ട്. അഥവാ, രോഗി മരണമടഞ്ഞാൽ സംസ്കരണ കൃത്യ ങ്ങൾക്കാവശ്യമായ ചെലവുകളെല്ലാം ആശുപത്രി തന്നെ വഹിക്കുന്നു.

വിവിധ രോഗങ്ങൾ ചികിത്സിക്കാൻ വൈദഗ്ധ്യം നേടിയ ഡോക്ടർ മാർക്ക് പുറമെ നേഴ്സുമാർ, അറ്റൻഡർമാർ, തൂപ്പുകാർ, രോഗികളുടെ വസ്ത്രം വൃത്തിയാക്കുന്ന അലക്കുകാർ, കുളിക്കാൻ സഹായിക്കുന്ന സേവകന്മാർ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളിലും ആവശ്യമായത്ര ജോലി ക്കാരെ അവിടെ നിയമിച്ചിരുന്നു. ഓരോ രോഗിക്കും സ്വന്തമായി കട്ടിലും വിരിപ്പും പുതപ്പും നൽകിയിരുന്നതോടൊപ്പം ശുശ്രൂഷക്കായി ഈരണ്ട് സേവകരെയും നിശ്ചയിച്ചിരുന്നു.

മൻസ്വൂരി ആശുപത്രിയിൽ ചീഫ് മെഡിക്കൽ ഓഫീസർക്ക് ഇരി ക്കാൻ പ്രത്യേക സ്ഥലം തന്നെ ഉണ്ടായിരുന്നു. കൂടാതെ വിദ്യാർഥികൾക്ക് ക്ലാസെടുക്കാനുള്ള ഹാളും അതിനോടനുബന്ധിച്ച് തയ്യാറാക്കപ്പെട്ടിരു ന്നു. ആശുപത്രികളിൽ കിടക്കുന്ന രോഗികൾക്കു മാത്രമല്ല; അല്ലാത്ത വർക്കും മരുന്നുകളുടെ കൂടെ ആവശ്യമായ ആഹാരംകൂടി വിതരണം നടത്തിയിരുന്നുവെന്നത് ആരിലാണ് ആശ്ചര്യമുണർത്താതിരിക്കുക?

അതിമഹത്തരമായ ദൗത്യമാണ് ചികിത്സാരംഗത്ത് ഈ ആശുപത്രി നിർവഹിച്ചുകൊണ്ടിരുന്നത്. അവിടെ സേവനമനുഷ്ഠിച്ച ഒരു കർണ ഡോക്ടറുടെ പ്രസ്താവമനുസരിച്ച് ദിനംപ്രതി നാലായിരം പേരാണവി ടെനിന്ന് ചികിത്സ നേടിയിരുന്നത്. താമസിച്ച് ചികിത്സിക്കുന്നവർ രോഗ

മുക്തരായി ആശുപത്രി വിടുമ്പോൾ അവർക്ക് ധരിക്കാൻ പുതുവസ്ത്രവും അധ്വാനിക്കാൻ സാധ്യമാവുന്നതുവരെ ജീവിക്കാനാവശ്യമായ വകയും അവിടെനിന്ന് നൽകിയിരുന്നു. അതിനാൽ രോഗികൾ സുഖംപ്രാപിച്ച ഉടനെ ഭാരിച്ച ജോലികൾ ചെയ്യാൻ നിർബന്ധിതരായിരുന്നില്ല.

ഈ ആശുപത്രിയുടെ വഖ്ഫ് സംബന്ധമായ രേഖകൾ നൽകുന്ന വിവരമനുസരിച്ച് അവിടത്തെ ഓരോ രോഗിക്കും പ്രത്യേകം പ്രത്യേകം പാത്രങ്ങൾ നൽകപ്പെട്ടിരുന്നു. ഒരാളുടേത് ഒരു കാരണവശാലും മറ്റൊ രാളുപയോഗിച്ചിരുന്നില്ല. ഭക്ഷണം എല്ലായ്പ്പോഴും മൂടി ഭദ്രമായാണ് സൂക്ഷിച്ചുവെച്ചിരുന്നത്. അതങ്ങനെത്തന്നെയാണ് രോഗിക്ക് എത്തിച്ചു കൊടുത്തിരുന്നതും.

രോഗം കാരണമായി നിദ്രാവിഹീനരായി കഴിയുന്നവരെ പ്രത്യേക സ്ഥലത്ത് താമസിപ്പിച്ച് അവർക്ക് കർണാനന്ദകരമായ സംഗീതങ്ങളും രസകരമായ കഥകളും കേൾപ്പിച്ച് സന്തോഷിപ്പിച്ചിരുന്നുവെന്നത് ഈ ആശുപത്രിയുടെ എടുത്തുപറയത്തക്ക സവിശേഷതകളിലൊന്നാണ്. വളരെ സമർഥരായ ഗായകരും കാഥികരുമാണ് ഇക്കാര്യം നിർവഹിച്ചു കൊണ്ടിരുന്നത്. അപ്രകാരം തന്നെ അവശരായ രോഗികളെ ആശ്വസി പ്പിക്കാനായി തമാശകൾ കാണിക്കുന്നവരെയും നാടൻ നൃത്തകലകൾ അവതരിപ്പിക്കുന്നവരെയും അവിടെ നിയമിച്ചിരുന്നു. സ്വുബ്ഹിയുടെ രണ്ടു മണിക്കൂർ മുമ്പുതന്നെ, അതിനോട് ചേർന്നു കിടക്കുന്ന പള്ളിയിൽനിന്ന് ബാങ്ക് കൊടുക്കുകയും തുടർന്ന് ഉറക്കം ലഭിക്കാതെ പ്രയാസപ്പെടുന്ന രോഗികളെ ആശ്വസിപ്പിക്കാനായി മധുരസ്വരത്തിൽ ഗാനങ്ങളാലപിക്കു കയും ചെയ്തിരുന്നു. 1798-ൽ ഫ്രഞ്ചുകാർ ഈജിപ്തിൽ കാലുകുത്തു ന്നതുവരെ ഈ നില തുടർന്നു. ഇതെല്ലാം നേരിൽ കാണാനിടയായ ഫ്രഞ്ച് പണ്ഡിതന്മാർ അവയെ സംബന്ധിച്ചെല്ലാം വിസ്മയം നിറഞ്ഞ വാക്കു കളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അല്ലാഹുവാണ! ഇത് ഏറെ അദ്ഭുതക രംതന്നെ. നൂതന പരിഷ്കാരങ്ങളുടെ ഘട്ടത്തിലല്ലാതെ ആനുനികലോകം പോലും ചികിത്സാരംഗത്ത് ഇത്ര ഉദാത്തമായ വിതാനത്തിലേക്കുയർന്നി ട്ടില്ല.

ട്രിപ്പോളി നഗരത്തിൽ നിലവിലുണ്ടായിരുന്ന അസാധാരണമായ ഒരു വഖ്ഫിനെ സംബന്ധിച്ച് കേട്ട കാര്യമാണിപ്പോൾ ഓർമ വരുന്നത്. അതിലെ വരുമാനം രണ്ട് ഉദ്യോഗസ്ഥന്മാർക്ക് വേതനം നൽകാൻ വേണ്ടിയുള്ളതായിരുന്നു. അവരുടെ ജോലി രോഗികളുടെ അടുത്തുചെന്ന് അവരെ ആശ്വസിപ്പിക്കലും അവരുടെ പ്രയാസങ്ങൾ ലഘൂകരിക്കലുമായിരുന്നു. മധുരമായും വളരെ സൗമ്യമായും രോഗികളോട് സംസാരിക്കുകയും തങ്ങൾ സുഖം പ്രാപിക്കുന്നുണ്ടെന്ന തോന്നൽ അവരിൽ സൃഷ്ടിക്കുകയും ചെയ്യാനാണ് പ്രസ്തുത ഉദ്യോഗസ്ഥൻമ്മാർ നിയമിക്കപ്പെട്ടിരുന്നത്. രോഗികളുടെ മുഖത്ത് നോക്കി അവരിൽ പ്രകടമാകുന്ന പുരോഗതിയെ സംബന്ധിച്ച് പറഞ്ഞുകൊടുത്ത് അവരെ സമാധാനിപ്പിക്കലായിരുന്നു അവരുടെ ദൗത്യം.

മൻസ്വൂരി ആശുപത്രിക്കുള്ള വഖ്ഫിന്റെ ആധാരം പരിശോധിക്കുന്ന ആർക്കും രോഗികളുടെ സൗകര്യാർഥം അതിലുൾപ്പെടുത്തിയ അനേകം വശങ്ങളെ സംബന്ധിച്ച് വ്യക്തമായി ഗ്രഹിക്കാവുന്നതാണ്. *താരീഖുൽ ബീമാരിസ്താനാതി ഫിൽഇസ്‌ലാമി* (ഇസ്‌ലാമിക ലോകത്തെ ആശുപത്രികളുടെ ചരിത്രം)യുടെ കർത്താവ് അത് ഉദ്ധരിച്ചിട്ടുണ്ട്. (പ്രസക്തമായി തോന്നാത്തതിനാൽ സാമാന്യം ദീർഘമായ പ്രസ്തുത ആധാരത്തിന്റെ പകർപ്പ് ഇവിടെ ചേർത്തിട്ടില്ല - വിവ.)

### 4. മൊറോക്കോ ആശുപത്രി

അമീറുൽ മുഅ്മിനീൻ മൻസ്വൂർ അബൂയൂസുഫ് സ്ഥാപിച്ചതാണിത്- മൊറോക്കോവിലെ മുവഹ്ഹിദുകളായ രാജാക്കന്മാരിലൊരാളായിരുന്നു അദ്ദേഹം. മൊറോക്കോവിലെ ഏറ്റവും അനുയോജ്യവും വിശാലവുമായ ഒരു സ്ഥലം അദ്ദേഹം അതിനായി തെരഞ്ഞെടുത്തു. അങ്ങനെ അവിടെ സാധ്യമാവുന്നത്ര മനോഹരമായ ഒരു കെട്ടിടമുണ്ടാക്കാൻ നിർമാതാക്കളോട് നിർദേശിച്ചു. അവിടെ വിവിധയിനം വൃക്ഷങ്ങളും കാർഷിക വിളകളും സുഗന്ധച്ചെടികളും നട്ടുപിടിപ്പിക്കാൻ കൽപിക്കുകയും ചെയ്തു. ആശുപത്രിയുടെ എല്ലാ വശങ്ങളിലൂടെയും വെള്ളമൊഴുകാൻ വേണ്ട നടപടികൾ സ്വീകരിച്ചു. കൂടാതെ നാലു വലിയ കുളങ്ങൾ നിർമിക്കുകയും ചെയ്തു. അവയിലൊന്ന് മാർബിൾകൊണ്ടുണ്ടാക്കിയതായിരുന്നു. രോമം, പഞ്ഞി, പട്ട്, സിൽക്ക്പോലുള്ള പലയിനം പദാർഥങ്ങൾകൊണ്ട് നിർമിച്ച മനോഹരമായ കിടക്കകളും വിരികളും അവിടെ സജ്ജീകരിച്ചു. അതോടൊപ്പം വിവിധയിനം ലായനികൾ, എണ്ണകൾ, ഔഷധച്ചെടികൾ എന്നിവ സൂക്ഷിക്കുന്ന ഫാർമസിയും അതിനോടനുബന്ധിച്ച് സ്ഥാപിക്കുകയുണ്ടായി.

രോഗികൾക്ക് രാത്രിയും പകലും ശൈത്യകാലത്തും ഗ്രീഷ്മകാലത്തും മാറി മാറി ഉപയോഗിക്കാൻ വെവ്വേറെ വസ്ത്രങ്ങൾ ഒരുക്കി. രോഗി ദരിദ്രനാണെങ്കിൽ ചികിത്സ പൂർത്തിയാക്കി പുറത്തുപോകുമ്പോൾ

ജോലിയെടുക്കാൻ സാധിക്കുന്നതുവരെ ജീവിക്കാനാവശ്യമായ വിഭവങ്ങളും അവിടെ നിന്നുതന്നെ നൽകിയിരുന്നു. അതോടൊപ്പം ചികിത്സയുടെ കാര്യത്തിൽ ധനിക-ദരിദ്ര വിഭാഗങ്ങൾക്കിടയിൽ ഒരുവിധ വിവേചനവും കൽപിച്ചിരുന്നില്ല. മൊറോക്കോവിൽവെച്ച് ആർക്കെങ്കിലും രോഗം ബാധിക്കുകയാണെങ്കിൽ പ്രസ്തുത ആശുപത്രിയിൽ കൊണ്ടുവന്ന് സുഖമാവുകയോ മരിക്കുകയോ ചെയ്യുന്നതുവരെ ചികിത്സിക്കാൻവേണ്ട സംവിധാനങ്ങളുണ്ടായിരുന്നു. എല്ലാ വെള്ളിയാഴ്ചയും സുൽത്താൻ രോഗികളെ സന്ദർശിക്കുകയും അവരുടെ അവസ്ഥകൾ അന്വേഷിക്കുകയും ഡോക്ടർമാരുടെയും ചികിത്സകരുടെയും പെരുമാറ്റത്തെപ്പറ്റി ചോദിച്ചറിയുകയും ചെയ്തിരുന്നു.

ഇസ്‌ലാമികലോകത്ത്, കിഴക്കും പടിഞ്ഞാറുമായി വ്യാപിച്ചു കിടന്നിരുന്ന നൂറുകണക്കിന് ആശുപത്രികളിൽ നാലെണ്ണം ഉദാഹരണത്തിനായി വിവരിച്ചതാണിത്. അന്ന് യൂറോപ്പ് അജ്ഞതയുടെ അന്ധകാരത്തിൽ തപ്പിത്തടയുകയായിരുന്നു. ഈ ആശുപത്രികളെയും അവയിലെ സൗകര്യങ്ങളെയും വൃത്തിയെയും അതിനടിസ്ഥാനമായ മനുഷ്യസ്നേഹപരമായ വികാരത്തെയും സംബന്ധിച്ച് അവർക്കൊന്നുമറിയുമായിരുന്നില്ല.

നാം നേരത്തേ വിവരിച്ചവിധം ഇസ്‌ലാമിക നാഗരികത ആശുപത്രികളുടെ കാര്യത്തിൽ ധന്യമായ കാലത്ത് യൂറോപ്പിന്റെ സ്ഥിതി എന്തായിരുന്നുവെന്ന് ഗ്രഹിക്കാൻ ജർമൻ ഓറിയൻറലിസ്റ്റ് മാക്സ് മേയർ ഹോഫ് (Max Mayer Hoff) പറഞ്ഞ വാക്കുകൾതന്നെ ധാരാളമാണ്. ഇസ്‌ലാമിക-യൂറോപ്യൻ നാഗരികതകളിലെ ആശുപത്രികളുടെ അവസ്ഥകൾ അദ്ദേഹമിങ്ങനെ താരതമ്യം ചെയ്യുന്നു:

“അറേബ്യൻ ആശുപത്രികളും ഇസ്‌ലാമിക നാടുകളിലെ ആരോഗ്യ വ്യവസ്ഥകളും നമുക്ക് തിക്തവും അനിഷ്ടകരവുമായ പാഠമാണ് നൽകുന്നത്. അക്കാലത്തെ യൂറോപ്പിലെ ആശുപത്രികളെ സംബന്ധിച്ച് വിശദമായ താരതമ്യത്തിലൂടെയല്ലാതെ നമുക്കവയുടെ സ്ഥാനവും മഹത്വവും മനസ്സിലാക്കുക സാധ്യമല്ല. നമ്മുടെ കാലത്തിന് മുന്നൂറു വർഷം മുമ്പും അതിന് തൊട്ടു ശേഷവും യൂറോപ്പിന് ആശുപത്രിയെന്ന ആശയംപോലും അജ്ഞാതമായിരുന്നു. ക്രിസ്ത്വബ്ദം 1710 വരെ അവർ ഇതേ അവസ്ഥയിലായിരുന്നുവെന്ന് അൽപംപോലും അതിശയോക്തിയില്ലാതെത്തന്നെ പറയാവുന്നതാണ്. രോഗികൾ ഒന്നുകിൽ അവരുടെ വീടുകളിൽ അല്ലെങ്കിൽ അഗതിമന്ദിരത്തിൽവെച്ചാണ് ചികിത്സിക്കപ്പെട്ടിരുന്നത്. കഴിഞ്ഞ കാലത്തെ യൂറോപ്യൻ ആശുപത്രികളുടെ ദയനീയാവസ്ഥ ഗ്രഹിക്കാൻ പാരീസിലെ ദരിദ്രർക്കായുള്ള ‘ഓട്ടൽ വ്യൂ’(Otel View) യെക്കുറിച്ച് മനസ്സിലാക്കുന്നത് തന്നെ മതിയാവുന്നതാണ്. അക്കാലത്തെ ഏറ്റവും നല്ല ആശുപത്രിയായാണ് അതറിയപ്പെട്ടിരുന്നത്. മാർക്സി ടോർടോ(Maxi Tordo)യും ടാനൂനും (Tanun) അതിന്റെ അവസ്ഥ ഇങ്ങനെ വിവരിക്കുന്നു:

“ഈ ആശുപത്രിയിൽ 1200 കട്ടിലുകളുണ്ട്. അവയിൽ 486 എണ്ണം ഒറ്റയാണ്. ഓരോന്ന് ഓരോ രോഗികൾക്ക്. അവശേഷിക്കുന്ന 714 എണ്ണം -അവയുടെ വിശാലത അഞ്ച് അടിയെക്കാൾ കൂടിയിരുന്നില്ല- മൂന്നിനും ആറിനുമിടക്കുള്ള രോഗികൾക്ക് വേണ്ടിയുള്ളവയായിരുന്നു. അതോടൊപ്പം രോഗികൾക്കുള്ള വാർഡുകൾ ഈർപ്പമുള്ളവയും ദുർഗന്ധം വമിക്കുന്നവയും ഇരുൾ മുറ്റിയവയുമായിരുന്നു. ശുദ്ധവായു വരാൻ ജനവാതിലുകളുണ്ടായിരുന്നില്ല. എന്നിട്ടും എല്ലായ്പ്പോഴും 800-ഓളം രോഗികൾ കട്ടിലുകൾ കിട്ടുന്നതും കാത്ത് തറയിൽ കിടന്നുവരിക പതിവായിരുന്നു. അവർ മേൽക്കുമേൽ അട്ടിയിട്ടതുപോലെയായിരുന്നു. അപ്രകാരം തന്നെ കട്ടിലിൽ നാലും അഞ്ചും ആറും രോഗികൾ ഒട്ടിച്ചേർന്നാണ് കിടന്നിരുന്നത്. ചിലരുടെ കാലുകൾ മറ്റു ചിലരുടെ തലകളിന്മേലായിരുന്നു. കുട്ടികളും വൃദ്ധന്മാരും സ്ത്രീകളും പുരുഷന്മാരും തൊട്ടുരുമ്മിയാണ് കിടന്നിരുന്നത്. ഒരു ഭാഗത്ത് ഋതുമതിയായ സ്ത്രീ; തൊട്ടടുത്ത് ടൈഫോയിഡ് ബാധിച്ച, പനിച്ച് വിറച്ച് പൊള്ളുന്ന പൈതൽ; അവരിരുവരോടും ചേർന്ന് ചർമരോഗി, അയാൾ തന്റെ രക്തം പുരണ്ട കൈകൾകൊണ്ട് ചൊറി ബാധിച്ച തൊലിയിൽ മാന്തുക; അങ്ങനെ അതിൽനിന്നൊലിക്കുന്ന ചലം കട്ടിലിൽ തളം കെട്ടിനിൽക്കുക. ഇതൊക്കെയായിരുന്നു അവിടത്തെ അവസ്ഥ. രോഗികൾക്ക് നൽകിയിരുന്ന ഭക്ഷണം സങ്കൽപിക്കാവുന്നതിൽ വെച്ചേറ്റവും മോശപ്പെട്ടതായിരുന്നു. അതാണെങ്കിൽ വല്ലപ്പോഴും വളരെ കുറച്ച് മാത്രമാണ് നൽകിയിരുന്നത്. ഒരു വ്യവസ്ഥയും ക്രമവുമില്ലാതെയാണ് രോഗികൾക്ക് ആഹാരം വിതരണം ചെയ്തിരുന്നതെന്നർഥം.

“ആശുപത്രിയുടെ മേൽനോട്ടം വഹിക്കുന്ന പുരോഹിതകൾ രോഗികൾക്കിടയിൽ വിവേചനം കൽപിക്കുകയും അങ്ങനെ ധനികർക്ക് മെച്ചപ്പെട്ട ആഹാരം നൽകുകയും ചെയ്തിരുന്നു. അവരെ മദ്യം കുടിപ്പിക്കുകയും പഥ്യമാചരിച്ച് ഭക്ഷണത്തിൽ നിയന്ത്രണം പാലിക്കേണ്ട ഘട്ടങ്ങളിൽപ്പോലും മധുര പലഹാരങ്ങളും കൊഴുപ്പുള്ള ഭക്ഷണങ്ങളും തീറ്റുകയും ചെയ്തിരുന്നു. തദ്ഫലമായി ഒരു വിഭാഗം ആവശ്യമായ ആഹാരം ലഭിക്കാതെ മരണപ്പെടുമ്പോൾ മറ്റൊരു വിഭാഗം അജീർണം ബാധിച്ച് അന്ത്യശ്വാസംവലിക്കുക പതിവായിരുന്നു. വരുന്നവർക്കും പോകുന്നവർക്കും ഒരു നിയന്ത്രണവുമില്ലാതെ ആശുപത്രിയുടെ കവാടങ്ങൾ സദാ മലർക്കെ തുറന്നുവെക്കപ്പെട്ടവയായിരുന്നു. അതിനാൽ ആശുപത്രിയിൽനിന്ന് പകർച്ചവ്യാധികൾ പുറത്തുള്ളവരെയും ബാധിച്ചുകൊണ്ടിരുന്നു. രോഗബീജങ്ങൾ വഹിക്കുന്ന കാറ്റും പ്രാണികളുമാണത് പരത്തിയിരുന്നത്. ധനികർക്ക് പുറത്തുനിന്ന് പാകംചെയ്ത ഭക്ഷണം എത്തിച്ചുകൊടുത്തിരുന്നില്ലെങ്കിൽ അവരും വിശന്ന് മരിക്കുമായിരുന്നു; അമിതഭോജനത്തിലൂടെ അജീർണം ബാധിച്ചും ലഹരി ഉപയോഗിച്ചും മരിക്കുന്നപോലെത്തന്നെ.

“ആശുപത്രിയിലെ വിരിപ്പുകൾ ഏറെ മാലിന്യങ്ങളും ദുർഗന്ധം വമിക്കുന്നവയുമായിരുന്നു. അതിനാൽ നേഴ്സുമാരും അറ്റൻഡർമാരും സുർക്ക പുരട്ടിയ പഞ്ഞി നാസാദ്വാരത്തിൽ വെച്ചശേഷമല്ലാതെ അവിടെ കടന്നു ചെന്നിരുന്നില്ല. അഥവാ, രോഗി മരണമടഞ്ഞാൽത്തന്നെ ചുരുങ്ങിയത് 24 മണിക്കൂറെങ്കിലും കഴിയുന്നതിനു മുമ്പ് മൃതശരീരം സ്ഥാനത്തുനിന്ന് നീക്കം ചെയ്തിരുന്നില്ല. പലപ്പോഴും ശവശരീരം ചീഞ്ഞളിയുകയും അതിൽനിന്ന് മാലിന്യങ്ങൾ വിസർജിക്കുകയും ചെയ്യാറുണ്ടായിരുന്നു. എന്നാലും തന്റെ മരണത്തിന്റെ ഊഴവും കാത്തുകിടക്കുന്ന രോഗിയുടെ കട്ടിലിൽ നിന്നത് എടുത്തുമാറ്റിയിരുന്നില്ല.”

ഇസ്‌ലാമിക നാഗരികതയുടെ സുവർണ ദശകളിൽ മുസ്‌ലിം ലോകത്ത് നിലനിന്നിരുന്ന ആശുപത്രികളുടെയും അക്കാലത്ത് പാശ്ചാത്യലോകത്തുണ്ടായിരുന്ന ആതുരശുശ്രൂഷാലയങ്ങളുടെയും അവസ്ഥകളെ സംബന്ധിച്ച സംക്ഷിപ്തമായ താരതമ്യ പഠനമാണിത്. അന്ന് യൂറോപ്യൻ ജനത വൈജ്ഞാനിക രംഗത്ത് എന്തുമാത്രം പിന്നിലായിരുന്നുവെന്നും ആശുപത്രികളുടെ കാര്യത്തിൽ എത്രത്തോളം അപമാനകരമായ അവസ്ഥയിലായിരുന്നുവെന്നും ഇത് സുതരാം വ്യക്തമാക്കുന്നു. യഥാർഥത്തിലവർക്ക് ആരോഗ്യനിയമങ്ങളുടെ ബാലപാഠങ്ങൾ പോലുമറിയില്ലായിരുന്നു. ഉസാമതുബ്നു മുൻഖിദ് തന്റെ *അൽഇഅ്തിബാർ* എന്ന ഗ്രന്ഥത്തിൽ വിവരിച്ച രണ്ടു സംഭവങ്ങളിൽനിന്ന് കുരിശുശുദ്ധക്കാരായ പാശ്ചാത്യരുടെ വൈദ്യശാസ്ത്രരംഗത്തെ അജ്ഞതയുടെ പാരമ്യതയും അറിവിന്റെ പരിമിതിയും വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. അവയിങ്ങനെ വായിക്കാം:

“ഫ്രഞ്ചുകാരുടെ വൈദ്യമേഖലയിലെ അത്ഭുതങ്ങളിലൊന്നിതാണ്. ഒരിക്കൽ സ്വാഹിബുൽ മുനയ്ത്വറ (Sahib Munitrah) തന്റെ കൂട്ടുകാരെ ചികിത്സിക്കാൻ ഒരു ഡോക്ടറെ ആവശ്യപ്പെട്ടുകൊണ്ട് എന്റെ പിതൃവ്യനെഴുതി. അതനുസരിച്ച് എന്റെ പിതൃവ്യൻ ഒരു ക്രിസ്ത്യൻ ഡോക്ടറെ അയച്ചുകൊടുത്തു. അദ്ദേഹത്തിന്റെ പേർ ‘സാബിത്’ എന്നായിരുന്നു. എന്നാൽ പത്തു ദിവസത്തിനകം അയാൾ തിരിച്ചുവരികയാണുണ്ടായത്. അപ്പോൾ ഞങ്ങൾ ചോദിച്ചു: ‘എത്ര വേഗമാണ് താങ്കൾ രോഗികളെ ചികിൽസിച്ചത്?’

അദ്ദേഹം പറഞ്ഞു: ‘അവർ എന്റെ അടുക്കൽ ഒരു യോദ്ധാവിനെ കൊണ്ടുവന്നു. അദ്ദേഹത്തിന്റെ കാലിൽ ഒരു കുരു ഉണ്ടായിരുന്നു. ഒരു ചെടിയുടെ നീരു പുരട്ടിയ ശീലകൊണ്ട് കെട്ടിയപ്പോൾ കുരു പൊട്ടി. അപ്രകാരം തന്നെ ചൊറി ബാധിച്ച ഒരു സ്ത്രീയെയും അവർ ഹാജരാക്കി. ഞാനവളുടെ ഭക്ഷണത്തിൽ നിയന്ത്രണവും ക്രമീകരണവും വരുത്തുകയും അതിലൂടെ, വിണ്ടുകീറി ചൊറി ബാധിച്ച തൊലിക്ക് മിനുസം ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ പെട്ടെന്നവിടെ പ്രത്യക്ഷപ്പെട്ട ഫ്രഞ്ച് ഡോക്ടർ എന്നെ സംബന്ധിച്ച് അവിടെ

കൂടിയവരോട് 'ഇയാൾക്ക് വൈദ്യശാസ്ത്രത്തെയും രോഗികളെ ചികിത്സി ക്കുന്നതിനെയും സംബന്ധിച്ച് എന്തറിയാ'മെന്ന് ചോദിച്ച് അവരെ ചികിത്സിക്കാനാരംഭിച്ചു.

അങ്ങനെ കുരു ബാധിച്ച ആ പട്ടാളക്കാരനോട് അയാൾ ചോദിച്ചു: 'താങ്കൾക്ക് ഒറ്റക്കാലിൽ ജീവിക്കുന്നതോ ഇരുകാലുമായി മരിക്കുന്നതോ ഏതാണിഷ്ടം?' അപ്പോൾ 'ഒരു കാലിൽ ജീവിക്കാനാണാഗ്രഹ'മെന്ന് അയാൾ മറുപടി പറഞ്ഞു. ഉടനെ ആ ഫ്രഞ്ചു ഡോക്ടർ കരുത്തനായ ഒരു യോദ്ധാവിനോട് മൂർച്ചയുള്ള മഴുവുമായി വരാനാജ്ഞാപിച്ചു. അങ്ങനെ പട്ടാളക്കാരന്റെ കുരു ബാധിച്ച കാൽ ഒരു മരത്തടിയിൽ വെച്ച് ഒറ്റ വെട്ടിന് മുറിച്ചുകളയാൻ അയാളോടാജ്ഞാപിച്ചു. അതനുസരിച്ച്, ഞാൻ നോക്കിനിൽക്കെ അയാൾ ആ പട്ടാളക്കാരന്റെ കാലിൽ ആഞ്ഞു വെട്ടി. എങ്കിലും ഒറ്റ വെട്ടിനത് മുറിഞ്ഞില്ല. അതിനാൽ രണ്ടാമതും വെട്ടി. അതോടെ തണ്ടം കാലിലെ മജ്ജ പുറത്തുപോവുകയും താമസിയാതെ അയാൾ മരണമടയുകയും ചെയ്തു.

ഇപ്രകാരം തന്നെ ആ ഫ്രഞ്ചു ഡോക്ടർ ചൊറി ബാധിച്ച സ്ത്രീയെ തിളച്ച വെള്ളത്തിൽ മുക്കാൻ നിർദേശിച്ചു. അങ്ങനെ അധികം താമസി യാതെ അവരും മരിച്ചു." ഇതിന്റെ വിശദമായ വിവരണവും ഉസാമതു ബ്നു മുൻഖിദ് ഉദ്ധരിച്ചിട്ടുണ്ട്.

ഈ താരതമ്യ പഠനങ്ങൾക്കുശേഷം നമ്മുടെ സജീവ ശ്രദ്ധ പതി യേണ്ട അതിലെ ഫലങ്ങളിലേക്ക് സൂചന നൽകിക്കൊണ്ട് ഈ ചർച്ചയി വിടെ അവസാനിപ്പിക്കുകയാണ്. ഇസ്‌ലാമിക നാഗരികതയുടെ വക്താ ക്കൾ ആശുപത്രികൾ വ്യവസ്ഥാപിതമായി നടത്തുന്നതിൽ പാശ്ചാത്യ രെക്കാൾ നന്നെച്ചുരുങ്ങിയത് ഒമ്പതു നൂറ്റാണ്ടുകളെങ്കിലും മുൻകടന്നി ട്ടുണ്ട്. നമ്മുടെ ആശുപത്രികൾ ലോകചരിത്രത്തിൽ തുല്യതയില്ലാത്ത ഉദാത്തമായ മാനുഷിക വികാരങ്ങളിലധിഷ്ഠിതമാണ്. ഇന്നും പാശ്ചാ ത്യർക്ക് ആ മനുഷ്യസ്നേഹപരമായ വികാരം അജ്ഞാതവും അപ്രാ പ്യവുമത്രെ.

രോഗികളെ ചികിത്സിക്കുന്നതിലും ആശ്വസിപ്പിക്കുന്നതിലും ഗാനാ ലാപങ്ങൾക്കും ഹാസ്യഭാഷണങ്ങൾക്കുമുള്ള പങ്ക് മനസ്സിലാക്കിയ ആദ്യത്തെ ജനവിഭാഗവും മുസ്‌ലിംകളത്രെ. രോഗികൾക്ക് ചികിത്സയും മരുന്നും ഭക്ഷണവും സൗജന്യമായി നൽകുന്നതിലൂടെ നമ്മുടെ നാഗ രികത എത്തിനിന്ന സാമൂഹിക സംരക്ഷണ ബോധത്തിന്റെ ഉന്നതമായ വിതാനത്തോളമുയരാൻ ഇന്നും പാശ്ചാത്യ നാഗരികതകൾക്ക് സാധി ച്ചിട്ടില്ല. ഇസ്‌ലാമിക സമൂഹം രോഗികൾക്ക്, അവരതിൽനിന്നു മുക്തരാ യാലും ജോലി ചെയ്യാൻ സാധ്യമാകുവോളം ജീവിക്കാനാവശ്യമായ വിഭ വങ്ങൾ നൽകിയിരുന്നു. പരിഷ്കൃത സമൂഹങ്ങൾക്കിടയിൽ മുസ്‌ലിം കൾ നാഗരികതയുടെ പതാകവാഹകരായിരുന്നപ്പോൾ അവർക്ക് കയറി

ച്ചെല്ലാൻ കഴിഞ്ഞ മനുഷ്യസ്നേഹത്തിന്റെ മഹിതമായ വിതാനമത്രെ ഇത്. എന്നാൽ അവരുടെ ഇന്നത്തെ സ്ഥിതിയെന്ത്? പൂർവികരുടെ അവസ്ഥയോടു തുലനം ചെയ്യുമ്പോൾ ഈ മേഖലയിൽ പാശ്ചാത്യർ പോലും ഇന്നെവിടെ?

പതിനൊന്ന്

# ഗ്രന്ഥശാലകൾ

•

**ഇ**സ്‌ലാമിക നാഗരികതയിലെ ധർമസ്ഥാപനങ്ങളെയും വൈജ്ഞാനിക കേന്ദ്രങ്ങളെയും സംബന്ധിച്ച ചർച്ചയുടെ ഭാഗമാണ് ഗ്രന്ഥാലയങ്ങളെ പ്പറ്റിയുള്ള പഠനം. സാധാരണക്കാർക്ക് അറിവ് പകർന്നുകൊടുക്കുന്ന അനേകം സ്ഥാപനങ്ങളും പാഠശാലകളും അന്നുണ്ടായിരുന്നു. നേതാ ക്കളും പണക്കാരും പണ്ഡിതന്മാരും അവക്കുവേണ്ടി ധാരാളം വിഭവ ങ്ങൾ ചെലവഴിക്കുകയും ചെയ്തിരുന്നു. അക്കാലത്ത് അച്ചടിശാലകളു ണ്ടായിരുന്നില്ല. അതിനാൽ എഴുത്തുവിദ്യയിൽ വൈദഗ്ധ്യം നേടിയ വ്യക്തികൾ ഗ്രന്ഥങ്ങൾ പകർത്തിയെഴുതുകയായിരുന്നു പതിവ്. അതു കൊണ്ടുതന്നെ പുസ്തകങ്ങളുടെ വില ദരിദ്രവിദ്യാർഥികൾക്കും പണ്ഡി തന്മാർക്കും വാങ്ങാനാവാത്തവിധം കനത്തതായിരുന്നു. പിന്നെ എങ്ങനെ യാണ് വിവിധ വിജ്ഞാനശാഖകളിലെ ഗ്രന്ഥങ്ങളുടെ ശേഖരം ഉണ്ടാ ക്കണമെന്ന മോഹം സഫലീകൃതമാവുക? അതിനാൽ ഗതകാല ഇസ്‌ലാ മിക സമൂഹങ്ങളിലെ ഗ്രന്ഥാലയങ്ങൾ ഉദാത്തമായ മാനുഷിക വികാര ങ്ങളുടെയും വിജ്ഞാന തൃഷ്ണയുടെയും ഒത്തുചേരലിന്റെ പ്രതിഫ ലനം കൂടിയായിരുന്നു.

പുരാതന വിശ്വസാഹിത്യങ്ങളിൽ പുസ്തകങ്ങളുടെ കാര്യത്തിൽ ധന്യമായത് അറബി സാഹിത്യം മാത്രമായിരുന്നുവെന്ന് പറയാവുന്നതാ ണ്. മുസ്‌ലിംകളെല്ലാവരും ഗ്രന്ഥങ്ങളിഷ്ടപ്പെടുന്നവരും അവയുടെ പാരാ യണത്തിലും പഠനചർച്ചയിലും അതീവ തൽപരരുമായിരുന്നു. ആരെ ങ്കിലും കൂട്ടുകാരിൽ നിന്നകന്ന് ദീർഘകാലം ഒറ്റപ്പെട്ട് കഴിയുകയാണെ ങ്കിലും പുസ്തകം അയാളുടെ ഉറ്റമിത്രമെന്ന സ്ഥാനം അലങ്കരിച്ചിരുന്നു. അയാളുടെ കണ്ണുകൾ അതിൽ വ്യാപൃതമാവുകയും മനസ്സ് നിർവൃതിയ ടയുകയും ചെയ്യുമായിരുന്നു.

അഹ്മദുബ്നു ഇസ്മാഈൽ പറയുന്നു: "പുസ്തകം പാതിരാവിലും നിന്നോടു വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്ന കൂട്ടാളിയാണ്. പഠന സമയത്ത് അത് നിന്നോട് സംസാരമാരംഭിക്കുന്നു. വിശ്രമസമയത്ത് അതു നിന്നെ വിളിച്ച് വിഷമിപ്പിക്കുകയുമില്ല. അതുമായി സന്ധിക്കാനും സംവ ദിക്കാനും ആരംഭിക്കുമ്പോൾ താങ്കൾക്ക് സ്വന്തത്തെ മോടിപിടിപ്പിക്കേ ണ്ടിവരില്ല. താങ്കളെ അമിതമായി വീഴ്ത്തുകയോ പുകഴ്ത്തുകയോ ചെയ്യാത്ത കൂട്ടുകാരനാണത്. അത് താങ്കളെ ഒരിക്കലും വഞ്ചിക്കുകയി ല്ല. വെറുപ്പിക്കുകയില്ല. ഒട്ടും വഴിപിഴപ്പിക്കാത്ത ഉപദേഷ്ടാവത്രെ ഉത്തമ ഗ്രന്ഥം."

കൂട്ടുകാരോടൊത്ത് കളിച്ചുരസിക്കുന്നതിനെക്കാൾ മുസ്‌ലിംകൾ

പ്രാധാന്യം കൽപിച്ചിരുന്നത് പുസ്തക പാരായണത്തിനാണ്. രാജാക്കന്മാരും ഭരണാധികാരികളുമായുള്ള സാമീപ്യത്തേക്കാൾ മുൻഗണന നൽകിയിരുന്നത് ഗ്രന്ഥങ്ങളുമായുള്ള സമ്പർക്കത്തിനാണ്. പ്രമുഖ സാഹിത്യകാരനും മന്ത്രിയുമായിരുന്ന മുഹമ്മദുബ്നു അബ്ദിൽ മലികിസ്സയാത് അൽപകാലം വീട്ടിൽ ഒഴിഞ്ഞിരുന്നു. അപ്പോൾ ജാഹിള് അദ്ദേഹത്തെ സന്ദർശിക്കാനാഗ്രഹിച്ചു. അക്കാലത്തെ അറബി ഭാഷയിൽ അഗ്രഗണ്യനായ സീബവയ്ഹിയുടെ ഗ്രന്ഥമാണ് അദ്ദേഹം സുഹൃത്തിന് സമർപ്പിക്കാനുള്ള സമ്മാനമായി കൂടെ കരുതിയിരുന്നത്. മന്ത്രി അത് അത്യധികം ആനന്ദത്തോടും സന്തോഷത്തോടും സ്വീകരിച്ചു. തുടർന്ന് ജാഹിളിനോടിങ്ങനെ പറഞ്ഞു: "അല്ലാഹുവാണ! ഇതിനെക്കാൾ എനിക്ക് പ്രിയങ്കരമായ ഒരു സമ്മാനവും ഇന്നോളം ലഭിച്ചിട്ടില്ല."

ഒരിക്കൽ ഒരു ഖലീഫ പ്രമുഖനായ ഒരു പണ്ഡിതനോട് ചില കാര്യങ്ങൾ സംസാരിക്കാനായി തന്റെ അടുത്ത് വരാനാവശ്യപ്പെട്ടു. പരിചാരകൻ ചെന്നപ്പോൾ പ്രസ്തുത പണ്ഡിതൻ പുസ്തകങ്ങൾക്കിടയിലിരുന്ന് അവ പാരായണം ചെയ്യുകയായിരുന്നു. അങ്ങനെ ഭരണാധികാരി വിളിക്കുന്നുണ്ടെന്നറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "ഞാൻ ഒരുപറ്റം പണ്ഡിതന്മാരുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണെന്നും അതിൽനിന്ന് വിരമിച്ചാൽ വരാമെന്നും താങ്കൾ അദ്ദേഹത്തെ അറിയിക്കുക." അതനുസരിച്ച് പരിചാരകൻ തിരിച്ചുവന്ന് വിവരമറിയിച്ചപ്പോൾ ഖലീഫ ചോദിച്ചു: "ആരാണ് അദ്ദേഹത്തിന്റെ അടുത്തുള്ള പണ്ഡിതന്മാരും തത്ത്വജ്ഞാനികളും?"

"അല്ലാഹുവാണ! ഞാൻ അദ്ദേഹത്തിന്റെ അടുത്ത് ആരെയും കണ്ടിട്ടില്ല" പരിചാരകൻ പറഞ്ഞു. അതോടെ ഖലീഫ, അദ്ദേഹത്തെ ഉടനെ തന്റെ മുമ്പിൽ ഹാജരാക്കാൻ ഉത്തരവിട്ടു. അങ്ങനെ ആ പണ്ഡിതൻ സ്ഥലത്തെത്തിയപ്പോൾ അയാൾ ചോദിച്ചു: "താങ്കളുടെ അടുക്കലുണ്ടായിരുന്ന ആ പണ്ഡിതന്മാരും തത്ത്വജ്ഞാനികളും ആരാണ്?"

ഉടനെ അദ്ദേഹം പാടി:

"അവർ ഒരു സംഘം സുഹൃത്തുക്കളാണ്. അവരുടെ സംസാരം ഒട്ടും മടുപ്പുളവാക്കുകയില്ല. സാന്നിധ്യത്തിലും അസാന്നിധ്യത്തിലും അവർ വിശ്വസ്തരും സത്യസന്ധരുമത്രെ.

"അവരോടൊപ്പം നാം തനിച്ചായാൽ അവരുടെ ഭാഷണം ദുഃഖം ദൂരീകരിക്കാൻ ഏറെ സഹായകമത്രെ.

"അവരുടെ വിജ്ഞാനം നമുക്ക് അറിവ് ലഭിക്കാൻ പ്രയോജനകരമായിത്തീരുന്നു. അതിലൂടെ നമുക്ക് ചിന്താശക്തിയും സംസ്കാരവും അഭിപ്രായ സുബദ്ധതയും ലഭിക്കുന്നു.

"ചീത്ത കൂട്ടുകെട്ടിനെയോ സംശയത്തെയോ അവരിൽ നിന്നു ഭയ

പ്പെടേണ്ടിവരില്ല. അവരുടെ നാവിനെയോ കൈയിനെയോ സൂക്ഷിക്കേണ്ട ആവശ്യം നേരിടുന്നതുമല്ല.

"അവർ മരണമടഞ്ഞവരാണെന്ന് പറഞ്ഞാൽ ഞാൻ കളവു പറഞ്ഞവനാകയില്ല. അവർ ജീവിച്ചിരിക്കുന്നവരാണെന്ന് പ്രസ്താവിച്ചാലും അങ്ങനെത്തന്നെ."

ആ പണ്ഡിതൻ ഉദ്ദേശിച്ചത് തത്ത്വജ്ഞാനികളുടെയും മഹദ്വ്യക്തികളുടെയും ഗ്രന്ഥങ്ങളാണെന്ന് മനസ്സിലാക്കിയ ഖലീഫ അദ്ദേഹം വരാൻ വൈകിയതിലൊരു വിമ്മിട്ടവും കാണിച്ചില്ല.

സ്വാഹിബുബ്നു ഉബാദ്, നൂഹുബ്നു മൻസ്വൂറസ്സാസാനിയുടെ കൊട്ടാരത്തിലെ ഉന്നതസ്ഥാനത്തെക്കാൾ പ്രാമുഖ്യം കൽപിച്ചത് തന്റെ ഗ്രന്ഥാലയത്തിൽ കഴിഞ്ഞുകൂടുന്നതിനാണ്. അദ്ദേഹം ഗ്രന്ഥങ്ങളിൽ അത്രയേറെ തൽപരനും വ്യാപൃതനുമായിരുന്നു. അവയെ വിട്ടുപോകാൻ അദ്ദേഹത്തിനു സാധ്യമായിരുന്നില്ല. അതോടൊപ്പം അവ ചുമന്നുകൊണ്ടുപോവുക പ്രായോഗികവുമായിരുന്നില്ല. അതിനാൽ അവയോടൊപ്പം ഗ്രന്ഥാലയത്തിൽ കഴിയാനാണാഗ്രഹിച്ചത്.

ഈ വികാരമാണ് ഇസ്ലാമിക പണ്ഡിതന്മാരെയും പണക്കാരെയും നേതാക്കളെയും ഗ്രന്ഥങ്ങളുടെ ശേഖരണത്തിൽ തൽപരരാക്കിയത്. അവർക്കെല്ലാം തങ്ങളുടെ സ്വത്തും വീടും നശിക്കുന്നതിനെക്കാൾ പ്രയാസകരമായി അനുഭവപ്പെട്ടിരുന്നത് ഗ്രന്ഥങ്ങളുടെ നഷ്ടമായിരുന്നു.

ഒരു യുദ്ധവേളയിൽ ഇബ്നുൽ ഉമൈദിന്റെ വീട് ആക്രമിക്കപ്പെട്ടു. ശത്രുക്കൾ അദ്ദേഹത്തിന്റെ പരിചാരകരെയും പാറാവുകാരെയും പരാജയപ്പെടുത്തി. ഉടനെ ഇബ്നുൽ ഉമൈദ് തന്റെ ഓഫീസിലേക്ക് ഓടിച്ചെന്നു. അപ്പോഴവിടത്തെ ഖജനാവുകളെല്ലാം കൊള്ളയടിക്കപ്പെട്ടിരുന്നു. ഇരിക്കാൻ ഒരു ചെറിയ പീഠമോ വെള്ളമെടുക്കാൻ ഒരു പാത്രംപോലുമോ അവശേഷിച്ചിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ അസ്വാസ്ഥ്യം തന്റെ ഗ്രന്ഥങ്ങളെ സംബന്ധിച്ചായിരുന്നു. അവയേക്കാൾ അമൂല്യമായി അദ്ദേഹത്തിന് മറ്റൊന്നുമുണ്ടായിരുന്നില്ല. ദർശനം, സാഹിത്യം തുടങ്ങി വിവിധ വിജ്ഞാനശാഖകളിലെ വമ്പിച്ച ഗ്രന്ഥശേഖരം തന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. അവ നൂറിലേറെ ഒട്ടകങ്ങൾക്ക് വഹിക്കാനുള്ളത്ര കൂടുതലായിരുന്നു. അങ്ങനെ ഇബ്നുൽ ഉമൈദ് ഗ്രന്ഥാലയ സൂക്ഷിപ്പുകാരനെ കണ്ട ഉടനെ അതിന്റെ അവസ്ഥയെക്കുറിച്ച് അന്വേഷിച്ചു. അതിനൊന്നും സംഭവിച്ചിട്ടില്ലെന്ന് അയാളറിയിച്ചതോടെ അദ്ദേഹം അത്യധികം സന്തോഷിക്കുകയും ഗ്രന്ഥാലയ സൂക്ഷിപ്പുകാരനോട് ഇങ്ങനെ പറയുകയും ചെയ്തു:

"താങ്കൾ ഉത്തരവാദിത്വ ബോധമുള്ള വ്യക്തിയാണെന്ന് ഞാനിതാ സാക്ഷ്യപ്പെടുത്തുന്നു. മറ്റു വസ്തുക്കൾക്കെല്ലാം പകരംവെക്കാൻ സാധിക്കും. എന്നാൽ ഈ ഗ്രന്ഥാലയം നഷ്ടപ്പെട്ടാൽ അതൊരിക്കലും നിക

ത്തുക സാധ്യമല്ല.”

ഈ വൈജ്ഞാനിക തൃഷ്ണയുടെ ഫലമായി അവർ ഗ്രന്ഥകാര ന്മാരിൽനിന്ന് അവരുടെ കൃതികൾ രചന പൂർത്തിയാകുമ്പോഴേക്കും വാങ്ങാൻ പരസ്പരം മത്സരിച്ചിരുന്നു. സ്പെയിൻ ഭരണാധികാരി ഹകം, അബുൽഫറജുൽ ഇസ്ഫഹാനി തന്റെ *അൽഅഗാനി* എന്ന ഗ്രന്ഥം രചി ക്കുന്നതായി അറിയാനിടയായി. അതിനാൽ ഗ്രന്ഥകർത്താവിന്റെ അടു ക്കലേക്ക് അതിന്റെ ഒരു കോപ്പി ലഭിക്കാനായി ആയിരം സ്വർണനാണയം കൊടുത്തയച്ചു. അങ്ങനെ അബുൽഫറജ് *അൽഅഗാനി*യുടെ ഒരു പ്രതി ഹകമിന് അയച്ചു കൊടുത്തു. അതിനാൽ, പിൽക്കാലത്ത് വിശ്വവിഖ്യാ തമായിത്തീർന്ന പ്രസ്തുത ഗ്രന്ഥം അതിന്റെ രചയിതാവിന്റെ നാടായ ഇറാഖിൽ പാരായണം ചെയ്യപ്പെടുന്നതിനു മുമ്പെ സ്പെയിനിൽ വായി ക്കപ്പെടുകയുണ്ടായി.

ആദ്യകാല മുസ്‌ലിംകളുടെ അദമ്യമായ ഈ വിജ്ഞാന ദാഹമാണ് ഇസ്‌ലാമിക ലോകത്തുടനീളം ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കപ്പെടാൻ ഇട യാക്കിയത്. തൊട്ടുചേർന്ന് ഗ്രന്ഥാലയങ്ങളില്ലാത്ത പാഠശാലകൾതന്നെ അക്കാലത്ത് നന്നെ വിരളമായിരുന്നു. അപ്രകാരംതന്നെ ചെറിയ ഒരു ഗ്രന്ഥാലയമെങ്കിലുമില്ലാത്ത കൊച്ചു ഗ്രാമങ്ങൾ പോലുമന്ന് കാണപ്പെ ട്ടിരുന്നില്ല. പട്ടണങ്ങളും തലസ്ഥാന നഗരികളും നിരവധി ഗ്രന്ഥാലയ ങ്ങളാൽ നിറഞ്ഞുനിന്നിരുന്നു. മധ്യകാല ചരിത്രത്തിലൊന്നും അതിനു തുല്യമായൊരവസ്ഥ കണ്ടെത്തുക സാധ്യമല്ല.

ഗ്രന്ഥശാലകൾ പ്രധാനമായും രണ്ടുതരമായിരുന്നു. പൊതുവും സ്വകാര്യവും.

പൊതു ഗ്രന്ഥാലയങ്ങൾ സ്ഥാപിച്ചിരുന്നത് ഖലീഫമാരും പണ്ഡിത ന്മാരും പണക്കാരും നേതാക്കളുമായിരുന്നു. അവക്ക് പ്രത്യേക കെട്ടിട ങ്ങൾതന്നെ ഉണ്ടായിരുന്നു. ചിലപ്പോഴവ വലിയ പാഠശാലകളോടും പള്ളി കളോടും ചേർന്നാണ് സ്ഥിതിചെയ്തിരുന്നത്.

ഗ്രന്ഥാലയങ്ങൾക്കുവേണ്ടി ഉണ്ടാക്കിയിരുന്ന പ്രത്യേക കെട്ടിടങ്ങളിൽ നിരവധി മുറികളും അവയെ പരസ്പരം ബന്ധിപ്പിക്കുന്ന വിശാലമായ ഹാളുകളുമുണ്ടായിരുന്നു. ചുമരുകളിൽ സ്ഥാപിക്കപ്പെട്ട റേക്കുകളിലാണ് പുസ്തകങ്ങൾ സൂക്ഷിച്ചിരുന്നത്. ഓരോ മുറിയിലും ഓരോയിനം ഗ്രന്ഥ ങ്ങളാണ് അടുക്കിവെച്ചിരുന്നത്. കർമശാസ്ത്ര കൃതികൾ, സാഹിത്യ പുസ്തകങ്ങൾ, വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ എന്നിവക്കെല്ലാം വെവ്വേറെ മുറികളുണ്ടായിരുന്നു. കൂടാതെ അവിടെ വരുന്നവർക്ക് ഇരുന്ന് പാരാ യണം ചെയ്യാൻ വിശാലമായ ഹാളും പകർത്തിയെഴുത്തുകാർക്ക് അക്കാര്യം നിർവഹി ക്കുവാൻ സൗകര്യപ്രദമായ മുറികളും അതിനോടനുബന്ധിച്ച് നിർമിക്കുക പതിവായിരുന്നു. മാത്രമല്ല ചില ഗ്രന്ഥാലയങ്ങളിൽ വായനയുടെ

ആധിക്യം കാരണമായി മടുപ്പും ക്ഷീണവും തോന്നുന്നവർക്ക് അവയക റ്റാനും ഉന്മേഷവും സന്തോഷവും വീണ്ടെടുക്കാനും സാധിക്കുമാറ് സംഗീതം ശ്രവിക്കാനുള്ള സൗകര്യങ്ങളും ഉണ്ടായിരുന്നു.

ഗ്രന്ഥാലയങ്ങളിൽ എത്തുന്നവർക്ക് വൈജ്ഞാനിക സംവാദങ്ങളും പഠന ചർച്ചകളും നടത്താൻ ആവശ്യമായ സൗകര്യങ്ങളും അവയോട നുബന്ധിച്ച് ഏർപ്പെടുത്തപ്പെട്ടിരുന്നു. ഒപ്പം വിദേശികൾക്ക് താമസിക്കാ നുള്ള സംവിധാനങ്ങളുമുണ്ടായിരുന്നു. എല്ലാ മുറികളിലും മെച്ചപ്പെട്ടതും സൗകര്യപ്രദവുമായ ഉപകരണങ്ങൾ സജ്ജീകരിക്കപ്പെട്ടിരുന്നു. ചിലയി ടങ്ങളിലെല്ലാം ഭക്ഷണം കഴിക്കാനുള്ള സൗകര്യങ്ങൾ കൂടി ഉണ്ടായിരു ന്നു.

യഹ്‌യബ്നുൽ മുനജ്ജിമിന്റെ ഗ്രന്ഥാലയം ഇതിനുദാഹരണമാണ്. ബഗ്ദാദ് പട്ടണത്തിനടുത്തുള്ള 'കർകർ' ഗ്രാമത്തിലെ 'ഖഫ്സ്' പ്രദേ ശത്ത് അദ്ദേഹം ഗംഭീരമായ ഒരു കൊട്ടാരം പണികഴിപ്പിച്ചു. അതിൽ ഖസാനതുൽ ഹിക്മ (വിജ്ഞാന ശേഖരം) എന്ന നാമധേയത്തിൽ ബൃഹത്തായ ഗ്രന്ഥാലയമുണ്ടായിരുന്നു. നാട്ടിന്റെ നാനാഭാഗങ്ങളിൽനിന്ന് ആളുകൾ അവിടേക്കു പോവുകയും അവിടെനിന്ന് വിവിധയിനം വിജ്ഞാ നങ്ങളാർജിക്കുകയും ചെയ്തിരുന്നു. അവർക്കാവശ്യമുള്ള മുഴുവൻ ഗ്രന്ഥങ്ങളും നൽകപ്പെട്ടിരുന്നു. ഒപ്പം സുഭിക്ഷമായ ഭക്ഷണവും. അതിന്റെ ചെലവുകളെല്ലാം വഹിച്ചിരുന്നത് അലിയ്യുബ്നു യഹ്‌യാ ആയി രുന്നു. പടിഞ്ഞാറൻ നാഗരികതകളുടെ സമുന്നതങ്ങളായ സിരാകേന്ദ്ര ങ്ങളിൽപ്പോലും അതിന് സമാനമായ ഒന്ന് ഇന്നും കണ്ടെത്തുക സാധ്യ മല്ലെന്നത് എന്തുമാത്രം കൗതുകകരമല്ല!

അബുൽഖാസിം ജഅ്ഫറുബ്നു മുഹമ്മദിബ്നി ഹമദാനിൽ മൗസിലി, മൗസിലിൽ ഒരു കെട്ടിടമുണ്ടാക്കി അതിന് 'ദാറുൽ ഇൽമ്' (വിജ്ഞാന ഭവനം)എന്ന് നാമകരണം ചെയ്തു. എല്ലായിനം വിജ്ഞാന ശാഖകളിലെയും ഗ്രന്ഥങ്ങളുടെ വമ്പിച്ച ശേഖരം അവിടെ സജ്ജമാക്കി വിജ്ഞാനദാഹികൾക്കു വേണ്ടി വഖ്ഫ് ചെയ്തു. ആർക്കും അവിടെ യഥേഷ്ടം കയറിച്ചെന്ന് പുസ്തകങ്ങൾ പാരായണം ചെയ്യാനുള്ള സൗക ര്യമുണ്ടായിരുന്നു. ദരിദ്രരായ വിദേശികളാണ് വിജ്ഞാനം തേടിയെത്തു

ന്നതെങ്കിൽ ഗ്രന്ഥങ്ങളോടൊപ്പം ഭക്ഷണവും നൽകിയിരുന്നു. പ്രസ്തുത ഗ്രന്ഥാലയം എല്ലാ ദിവസവും തുറക്കപ്പെട്ടിരുന്നു. ലണ്ടനിലോ വാഷിം ഗ്ടണിലോ മറ്റേതെങ്കിലും പാശ്ചാത്യ നഗരത്തിലോ അറിവും ആഹാ രവും ഒപ്പം നൽകുന്ന ഇത്തരമൊരു ലൈബ്രറിയുള്ളതായി നിങ്ങളാരെ ങ്കിലും കേട്ടിട്ടുണ്ടോ?

പൊതു ഗ്രന്ഥാലയങ്ങൾക്ക് അവയുടെ സൂക്ഷിപ്പിനും നടത്തിപ്പിനു മുള്ള ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. അവരെപ്പോഴും സമകാലിക സമൂ ഹത്തിലെ സമുന്നത പണ്ഡിതന്മാരായിരുന്നു. അവർ ആവശ്യക്കാർക്ക് ഗ്രന്ഥങ്ങളെത്തിച്ചുകൊടുക്കുകയും അന്യഭാഷകളിലുള്ളവ അറബിയി ലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്യുക പതിവായിരുന്നു. അതോടൊപ്പം അവർ പുസ്തകങ്ങൾ പകർത്തിയെഴുതുന്ന നല്ല കൈയക്ഷരങ്ങളുള്ള വർകൂടിയായിരുന്നു. സർവോപരി ഗ്രന്ഥങ്ങൾ ഭദ്രമായി സൂക്ഷിക്കുന്ന തിലും കീറിപ്പറിയുകയും കേടുവരികയും ചെയ്യുന്നത് നന്നാക്കുന്നതിലും അവർ ശ്രദ്ധ പതിപ്പിച്ചിരുന്നു. അവരെക്കൂടാതെ ഗ്രന്ഥാലയങ്ങൾക്കാവ ശ്യമായത്ര പരിചാരകന്മാരും അവിടങ്ങളിൽ നിയമിക്കപ്പെട്ടുപോന്നു.

ആവശ്യക്കാർക്ക് പുസ്തകങ്ങൾ വളരെവേഗം തെരഞ്ഞെടുക്കാൻ സാധിക്കുമാറ് അവയുടെ പേരുകൾ രേഖപ്പെടുത്തിയ പട്ടികകൾ ചെറുതും വലുതുമായ എല്ലാ ഗ്രന്ഥാലയങ്ങളിലുമുണ്ടായിരുന്നു. വിജ്ഞാനശാഖ കളുടെ ഇനം തിരിച്ചാണവ തയ്യാറാക്കപ്പെട്ടിരുന്നത്. അപ്രകാരം തന്നെ ഓരോ റേക്കിലും അതിൽ അടുക്കിവെച്ച പുസ്തകങ്ങളുടെ പട്ടികയും തൂക്കിയിടുക പതിവായിരുന്നു. പുസ്തകങ്ങൾ പുറത്തുകൊണ്ടുപോവു ന്നവരിൽനിന്ന് മതിയായ ഈട് (Security) സ്വീകരിച്ചിരുന്നുവെങ്കിലും പണ്ഡിതന്മാരെ അത് നൽകാൻ നിർബന്ധിച്ചിരുന്നില്ല.

ഗ്രന്ഥാലയങ്ങളുടെ ചെലവുകൾ നിർവഹിക്കാനാവശ്യമായ സാമ്പ ത്തിക വരുമാനങ്ങൾക്ക് ആശ്രയിച്ചിരുന്നത് അവക്കുമാത്രമായുള്ള വഖ്ഫ് സ്വത്തുക്കളെയായിരുന്നു. അധിക പൊതു ഗ്രന്ഥശാലകളുടെയും അവസ്ഥ ഇതുതന്നെയായിരുന്നു. പലപ്പോഴും ഗ്രന്ഥാലയങ്ങൾ സ്ഥാപി ക്കുന്ന ഭരണാധികാരികളും പണ്ഡിതന്മാരും പണക്കാരും തന്നെ അവ യുടെ നടത്തിപ്പിനാവശ്യമായ വരുമാന മാർഗങ്ങളുമൊരുക്കിവെച്ചിരുന്നു. മുഹമ്മദുബ്നു അബ്ദിൽ മലികിസ്സയ്യാത് തന്റെ ഗ്രന്ഥശാലയിലെ പകർത്തിയെഴുതുന്നവർ(Copyst)ക്കും കൈപ്പട വിദഗ്ധർ(Calligraphist)ക്കും മാത്രമായി മാസം രണ്ടായിരം ദീനാർ വീതം നീക്കിവെച്ചിരുന്നു. മഅ്മൂൻ, ഹുനയ്നുബ്നു ഇസ്ഹാഖിന് അദ്ദേഹം അറബിയിലേക്ക് പരിഭാഷപ്പെ ടുത്തുന്ന പുസ്തകങ്ങളുടെ തൂക്കത്തിന് സമമായ സ്വർണം നൽകിയി രുന്നു.

ചരിത്രത്തിൽ ഏറെ ശ്രദ്ധേയങ്ങളായ ഏതാനും പൊതു-സ്വകാര്യ ഗ്രന്ഥശാലകളെ നമുക്കിവിടെ അനുസ്മരിക്കാം.

## 1. കൈറോവിൽ ഫാത്വിമിയ്യ ഭരണാധികാരികൾ സ്ഥാപിച്ച ഗ്രന്ഥാലയം

വിലപിടിച്ച പുസ്തകങ്ങൾകൊണ്ടും മുസ്ഹഫുകൾകൊണ്ടും ഏറെ ശ്രദ്ധേയവും വിസ്മയജന്യവുമായിരുന്നു ഈ ഗ്രന്ഥാലയം. അധിക ചരിത്രകാരന്മാരും രേഖപ്പെടുത്തിയതനുസരിച്ച് അവിടെ ഇരുപതുലക്ഷം ഗ്രന്ഥങ്ങളുണ്ടായിരുന്നു. എന്നാൽ മഖ്രീസിയുടെ അഭിപ്രായത്തിലത് പതിനാറു ലക്ഷമായിരുന്നു.

## 2. കൈറോവിലെ ദാറുൽ ഹിക്മ

ഹാകിം ബിഅംരില്ലാഹിയാണിത് സ്ഥാപിച്ചത്. ഹിജ്റാബ്ദം 395 ജമാദുൽ ആഖിർ 10നായിരുന്നു അത്. അതിന്റെ കെട്ടിടം അലങ്കരിക്കുകയും തറയിൽ മുന്തിയ ഇനം കാർപ്പെറ്റ് വിരിക്കുകയും വാതിലുകളിലും ജനവാതിലുകളിലും മനോഹരമായ വിരികൾ തൂക്കുകയും ചെയ്തിരുന്നു. അദ്ദേഹമവിടെ ആവശ്യമായത്ര നടത്തിപ്പുകാരെയും മേൽനോട്ടക്കാരെയും തൂപ്പുവേലക്കാരെയും നിയമിച്ചു. മറ്റൊരു ഭരണാധികാരിയും ചെയ്യാത്തവിധം അനേകം ഗ്രന്ഥങ്ങൾ ശേഖരിച്ചു. അത് നാൽപത് ഇനങ്ങളിലായിരുന്നു. ഓരോന്നിലും 18,000 പുസ്തകങ്ങൾ വീതമുണ്ടായിരുന്നു. ആർക്കും അവിടെ യഥേഷ്ടം കടന്നുചെല്ലാൻ അനുവാദം നൽകപ്പെട്ടിരുന്നു. പുസ്തക പാരായണത്തിനും പഠനത്തിനും പകർപ്പെടുക്കാനും പ്രസ്തുത ഗ്രന്ഥാലയത്തിൽ വേണ്ടത്ര സൗകര്യമുണ്ടായിരുന്നു. മഷിയും പേനയും കടലാസും മറ്റുപകരണങ്ങളും നൽകാനുള്ള സംവിധാനവും ഏർപ്പെടുത്തിയിരുന്നു.

## 3. ബഗ്ദാദിലെ ബൈതുൽ ഹിക്മ

ഇതിന്റെ സ്ഥാപകൻ ഹാറൂൻ റശീദാണ്. എന്നാൽ മഅ്മൂന്റെ കാലത്താണ് സമുന്നത സ്ഥാനത്തെത്തിയത്. അതൊരു സർവകലാശാലക്ക് സമമായിരുന്നു. അത്രയേറെ ഗ്രന്ഥങ്ങളും വിവിധ വിജ്ഞാനശാഖകളിൽ നിരീക്ഷണ പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്നവരുമുണ്ടായിരുന്നു. സ്ഥിരം പകർപ്പെഴുത്തുകാരും പരിഭാഷകരും അവിടെ നിയമിക്കപ്പെട്ടിരുന്നു. ഹാറൂൻ റശീദിന്റെയും മഅ്മൂന്റെയും കാലത്ത് ഇസ്‌ലാമിനധീനപ്പെട്ട അങ്കാറ, അമൂരിയ്യ, സൈപ്രസ്പോലുള്ള പ്രദേശങ്ങളിൽനിന്ന് ലഭിച്ച ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യലും അവയുടെ പകർപ്പെടുക്കലുമായിരുന്നു അവരുടെ ചുമതല. റോമാചക്രവർത്തിക്കും മഅ്മൂനുമിടയിൽ ധാരാളം കത്തിടപാടുകൾ നടന്നിരുന്നതായി ഇബ്നുന്നദീം രേഖപ്പെടുത്തുന്നു.

ചില യുദ്ധങ്ങളിൽ മഅ്മൂൻ റോമാ ചക്രവർത്തിയെ പരാജയപ്പെടുത്തുകയുണ്ടായി. അപ്പോഴെല്ലാം സന്ധിവ്യവസ്ഥയിൽ അതിപ്രധാനമായത് റോമാഭരണാധികാരി തന്റെ നാട്ടിലുള്ള ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്താൻ മഅ്മൂൻ നിയോഗിക്കുന്ന പണ്ഡിതന്മാരെ അനുവദിക്കണമെ

ന്നതായിരുന്നു. അത് നിർബാധം നടപ്പാക്കപ്പെടുകയും ചെയ്തിരുന്നു. ജേതാവായ ഭരണാധികാരി തന്റെ നാട്ടിനും ജനതക്കും വിജയത്തിലൂടെ നേടിയിരിക്കുന്നത് വിലപിടിച്ച വൈജ്ഞാനിക ഗ്രന്ഥങ്ങളാവുകയെന്ന ഈ സംഭവം മാനവചരിത്രത്തിലെ ഏറ്റവും ചേതോഹരമായ അധ്യായ ങ്ങളിലൊന്നത്രെ.

### 4. സ്പെയിനിലെ അൽഹകം ഗ്രന്ഥാലയം

ഇത് ഗാംഭീര്യത്തിലും മഹത്വത്തിലും അവയുടെ പാരമ്യത്തിലായി രുന്നു. അവിടെ നാൽപതിനായിരം ഗ്രന്ഥങ്ങളുണ്ടായിരുന്നു. വളരെ വ്യവ സ്ഥാപിതമായി തയ്യാറാക്കപ്പെട്ട പട്ടിക(Catalogue)യും. കാവ്യസമാഹാര ങ്ങളുടെ പട്ടികകൾതന്നെ തയ്യാറാക്കപ്പെട്ടിരുന്നത് 44 ഇനങ്ങളിലായി തരം തിരിച്ചായിരുന്നു. വളരെ നിപുണരായ പകർപ്പെഴുത്തുകാരാണ് അവിടെ നിയമിക്കപ്പെട്ടിരുന്നത്. ബൈന്റ് ചെയ്യുന്നവരും പുസ്തക സൂക്ഷിപ്പു കാരും ഏറെ സമർഥരായിരുന്നു. അതുകൊണ്ടുതന്നെ അതിനു മുമ്പോ
പ ി േ ന്ധ ാ
ഉണ്ടായിട്ടില്ലാത്തവിധം വമ്പിച്ച ഗ്രന്ഥ ശേഖരങ്ങൾ അവിടെ സജ്ജീകരി ക്കാനും അത് സൂക്ഷ്മതയോടെ ഉപയോഗപ്പെടുത്താനും അതിന്റെ സ്ഥാപകനായ അൽഹകമിന് സാധിച്ചു.

### 5. ട്രിപ്പോളിയിലെ ബനൂഅമ്മാർ ഗ്രന്ഥാലയം

മഹത്ത്വത്തിലും വിശാലതയിലും ഉത്തമ മാതൃകയായിരുന്നു ഇത്. അവിടെ 180 പകർപ്പെഴുത്തുകാരുണ്ടായിരുന്നു. അവർ രാത്രിയും പകലും മാറിമാറിയാണ് ജോലി ചെയ്തിരുന്നത്. അതിനാൽ എഴുത്തു നടക്കാത്ത സമയമേ ഉണ്ടായിരുന്നില്ല. അപൂർവവും നൂതനവുമായ മുഴുവൻ ഗ്രന്ഥവും അവിടെ ശേഖരിക്കുന്നതിൽ ബനൂ അമ്മാർ അതീവ താൽപര്യം കാണി ച്ചിരുന്നു. ഇതര ഭൂഖണ്ഡങ്ങളിലും നാടുകളിലും ചുറ്റിസഞ്ചരിച്ച് പ്രയോ ജനപ്രദമായ പുസ്തകങ്ങൾ അന്വേഷിച്ചു കണ്ടെത്തി സമ്പാദിക്കാൻ അദ്ദേഹം പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിക്കുകയും വ്യാപാരികളെ ചുമ തലപ്പെടുത്തുകയും ചെയ്തിരുന്നു. ആ ഗ്രന്ഥങ്ങൾ മഅർരി ഏറെ പ്രയോ ജനപ്പെടുത്തുകയുണ്ടായി. അത് അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടു ണ്ട്. പ്രസ്തുത ഗ്രന്ഥാലയത്തിൽ എത്ര പുസ്തകങ്ങളുണ്ടായിരുന്നു വെന്ന കാര്യത്തിൽ ചരിത്രകാരന്മാർ ഭിന്നാഭിപ്രായക്കാരാണ്. പത്തു ലക്ഷമുണ്ടായിരുന്നുവെന്ന് പറയുന്നതാവും കൂടുതൽ നീതിപൂർവകം.

### സ്വകാര്യ ഗ്രന്ഥാലയങ്ങൾ

സ്വകാര്യ ഗ്രന്ഥാലയങ്ങളെ സംബന്ധിച്ച് ചരിത്രം ഏറെ അദ്ഭുത ത്തോടെയാണ് സംസാരിക്കുന്നത്. ഇസ്‌ലാമിക ലോകത്തെ എല്ലാ നാടു കളിലെയും അവസ്ഥ പരിശോധിക്കുമ്പോൾ, ആയിരക്കണക്കിന് കൃതി കൾ ശേഖരിച്ചു

വെച്ച ഗ്രന്ഥാലയങ്ങളില്ലാത്ത പണ്ഡിതന്മാർ വളരെ കുറവായിരുന്നുവെന്ന് ഗ്രഹിക്കാവുന്നതാണ്. ഹിജ്റ വർഷം 247-ൽ വധിക്കപ്പെട്ട ഫത്ഹുബ്നു ഖാഖാന്റെ ഗ്രന്ഥാലയം അവയിൽ ഏറെ ശ്രദ്ധേയമത്രെ. അത് വളരെ വിശാലമായിരുന്നു. അക്കാലത്തെ സമുന്നത പണ്ഡിതനും സാഹിത്യ കാരനുമായ അലിയ്യുബ്നു യഹ്യൽ മുനജ്ജിമാണ് അത് സംഘടിപ്പി ക്കാൻ നിയോഗിക്കപ്പെട്ടിരുന്നത്. അധികസ്ഥലത്തും കാണപ്പെടാത്ത അപൂർവ ഗ്രന്ഥങ്ങൾപോലും അദ്ദേഹമവിടെ ശേഖരിക്കുകയുണ്ടായി.

ഹിജ്റ വർഷം 567-ൽ പരലോകം പ്രാപിച്ച ഇബ്നുൽ ഖശ്ശാബിന്റെ ഗ്രന്ഥശാലയും ഏറെ ശ്രദ്ധേയമത്രെ. വ്യാകരണ ശാസ്ത്രത്തിൽ അക്കാ ലത്തെ അഗ്രഗണ്യനായ അദ്ദേഹത്തിന് ഖുർആൻ വ്യാഖ്യാനവും ഹദീസും തർക്കശാസ്ത്രവും തത്ത്വശാസ്ത്രവുമെല്ലാം നന്നായറിയാമാ യിരുന്നു. പുസ്തകങ്ങളോടുള്ള അദ്ദേഹത്തിന്റെ അഭിനിവേശം ഭ്രാന്ത മായ ആവേശമായി മാറിയിരുന്നു. ഇത് പുസ്തക സമ്പാദനത്തിന് വളരെ ചീത്തയും താണതുമായ രീതികൾവരെ അവലംബിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചിരുന്നു. പുസ്തകശാലകളിൽ ഗ്രന്ഥങ്ങൾ വാങ്ങാൻ ചെന്നാൽ അവിടത്തെ പുസ്തകങ്ങളെടുത്ത് ഉടമസ്ഥന്റെ ശ്രദ്ധയിൽപ്പെടാതെ കീറു കയും പിന്നീടതു കേടുവന്നതാണെന്നു കാണിച്ച് വിലകുറച്ചു വിൽക്കാനാവശ്യപ്പെടുകയും ചെയ്യുക പതിവായിരുന്നു. വായ്പ വാങ്ങിയവ തിരിച്ചു കൊടുക്കാതിരി ക്കാനും പലതരം കുതന്ത്രങ്ങളും പ്രയോഗിച്ചിരുന്നു.

ഹിജ്റാബ്ദം 646-ൽ അന്തരിച്ച ജമാലുദ്ദീൻ ഖിഫ്ത്വിയുടെ ഗ്രന്ഥശാല പ്രസ്താവ്യങ്ങളായ സ്വകാര്യ ലൈബ്രറികളിൽ പെടുന്നു. അദ്ദേഹമവിടെ അസംഖ്യം ഗ്രന്ഥങ്ങൾ ശേഖരിച്ചു. അദ്ദേഹത്തിന്റെ ഔദാ ര്യവും മാന്യതയും മനസ്സിലാക്കി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ജനങ്ങൾ അവിടേക്ക് വന്നുകൊണ്ടിരുന്നു. അദ്ദേഹം ലോകത്ത് ഏറ്റവുമധികം ഇഷ്ടപ്പെട്ടിരുന്നത് പുസ്തകങ്ങളെയാണ്. ജീവിതം ഉഴി ഞ്ഞുവെച്ചതും അവക്കു വേണ്ടിത്തന്നെ. ഭാര്യയും കുട്ടികളും അതിന് വിഘാതമാവാതിരിക്കാനായി വിവാഹംപോലും കഴിച്ചില്ല. അവസാനം അദ്ദേഹം അമ്പതിനായിരം ദീനാർ വിലവരുന്ന തന്റെ ഗ്രന്ഥാലയം നാസ്വി റിന് വസ്വിയ്യത്ത് ചെയ്യുകയുണ്ടായി.

അലപ്പോവിലെ ബനൂജർറാദിലെ പണ്ഡിതന്മാരുടെ ഗ്രന്ഥശാലയും ഏറെ പ്രശസ്തമത്രേ. അവരിലൊരാൾ 548-ൽ മരണമടഞ്ഞ അബുൽ ഹസൻ ഇബ്നു അബീജർറാദാണ്. മൂന്ന് അലമാരകൾ നിറയെ വിലപി ടിച്ച പുസ്തകങ്ങൾ അദ്ദേഹം സ്വന്തം കൈകൊണ്ടെഴുതി. അദ്ദേഹ ത്തിന്റെ പുത്രൻ അബുൽ ബറകാതിന്റെയും പൗത്രൻ അബ്ദുല്ലയുടെയും

* ഒരു വസ്തുവിന്റെ ചെറിയ രൂപത്തെ സൂചിപ്പിക്കാൻ അതിനുള്ള അറബിപ ദത്തെത്തന്നെ മാറ്റത്തോടെ ഉപയോഗിക്കലാണ് 'തസ്ഗീർ'. 'കിതാബ്' (പുസ്തകം) എന്ന പദത്തിന് 'കുതൈബ്' (കൊച്ചു പുസ്തകം) എന്ന പദമുണ്ടാകുന്നത് ഇതിനുദാ ഹരണമാണ്.

ഗ്രന്ഥാലയങ്ങളും സ്മരണീയങ്ങൾതന്നെ.

ദമസ്കസിലെ മൗഫിഖുബ്നുൽ മത്‌റാന്റെ ഗ്രന്ഥാലയവും ശ്രദ്ധേയമായിരുന്നു. അദ്ദേഹം മരണപ്പെടുമ്പോൾ അതിൽ വൈദ്യശാസ്ത്രപരവും അല്ലാത്തതുമായി പതിനായിരം പുസ്തകങ്ങളുണ്ടായിരുന്നു. അദ്ദേഹത്തിനുവേണ്ടി സ്ഥിരമായി ജോലിചെയ്യുന്ന മൂന്ന് പകർത്തിയെഴുത്തുകാരുണ്ടായിരുന്നു. അവർക്ക് അദ്ദേഹം ആഹാരവും വേതനവും നൽകിയിരുന്നു.

ഇസ്‌ലാമിക ലോകത്ത് അതിന്റെ സുവർണകാലത്തുണ്ടായിരുന്ന ഈ ഗ്രന്ഥാലയങ്ങളെ സംബന്ധിച്ച് സംസാരിക്കുമ്പോൾ മനസ്സുകൾ സന്തോഷഭരിതങ്ങളാകുന്നതുപോലെത്തന്നെ അവയുടെ പരിണാമത്തെപ്പറ്റി ഓർക്കുമ്പോഴവ കദനപൂർണങ്ങളും ശോകമൂകങ്ങളുമായിത്തീരും. അവയെല്ലാം അഗ്നിക്കിരയാക്കപ്പെടുകയും നശിപ്പിക്കപ്പെടുകയുമാണുണ്ടായത്. അതിലൂടെ സംഭവിച്ച വിജ്ഞാന നഷ്ടം നിസ്സീമമത്രെ.

ഇസ്‌ലാമിക ലോകത്തെ ഗ്രന്ഥാലയങ്ങൾക്ക് സംഭവിച്ച നാശത്തിലൂടെ ദശലക്ഷക്കണക്കിന് ഗ്രന്ഥങ്ങൾ ലോകത്തിന് എന്നെന്നേക്കുമായി നഷ്ടപ്പെട്ടു. മാനവചരിത്രത്തിൽ ഇസ്‌ലാമിക ചിന്ത ചുരത്തിയ ആ അമൂല്യ സമ്പത്ത് ഒരിക്കലും തിരിച്ചുലഭിക്കാത്ത വിധം പാഴായിപ്പോയി.

താതാരികൾ ബഗ്ദാദ് ആക്രമിച്ചു കീഴ്പ്പെടുത്തിയപ്പോൾ മറ്റെന്തിനെക്കാളുംമുമ്പെ നാശം നേരിട്ടത് ഈ ഗ്രന്ഥാലയങ്ങൾക്കായിരുന്നു. പ്രാകൃതരായ താതാരികൾ പൊതു ഗ്രന്ഥശാലകളിൽകണ്ട പുസ്തകങ്ങളെല്ലാം ടൈഗ്രീസ് നദിയിൽ വലിച്ചെറിഞ്ഞ സംഭവം ചരിത്ര വസ്തുതയാണ്. ആ ഗ്രന്ഥങ്ങൾകൊണ്ട് ടൈഗ്രീസ് നദി നിറഞ്ഞു. പട്ടാളക്കാർക്ക് അതിന്മേൽ ചവിട്ടി കാലിൽ വെള്ളം നനയാതെ മറുകരപറ്റാൻ സാധിക്കുമായിരുന്നു. അതിൽ പതിച്ച പുസ്തകങ്ങളെഴുതിയ മഷി വെള്ളത്തിൽ കലങ്ങിയതിനാൽ ടൈഗ്രീസിലെ ജലം മാസങ്ങളോളം കറുത്തിരുണ്ടതായിത്തീർന്നു.

കുരിശുയുദ്ധക്കാരുടെ ആക്രമണഫലമായി ട്രിപ്പോളി, മഅർറ, ബൈതുൽ മഖ്ദിസ്, അസ്ഖലാൻ, ഗസ്സ പോലുള്ള പ്രദേശങ്ങളിലെ ഉജ്ജ്വലങ്ങളായ ഗ്രന്ഥാലയങ്ങൾ എന്നെന്നേക്കുമായി നഷ്ടപ്പെട്ടു. കുരിശുസേനാനികൾ അവയെല്ലാം നിശ്ശേഷം നശിപ്പിച്ചു. ട്രിപ്പോളിയിൽമാത്രം ഇവ്വിധം മുപ്പതുലക്ഷം ഗ്രന്ഥങ്ങൾ നശിപ്പിക്കപ്പെട്ടതായി ചരിത്രകാരന്മാർ രേഖപ്പെടുത്തി.

സ്പെയിൻകാർ അൻദലുസ് കീഴ്പ്പെടുത്തിയപ്പോൾ അവിടെയുണ്ടായിരുന്ന ഗ്രന്ഥാലയങ്ങൾ വിനഷ്ടമായി. ആശ്ചര്യഭരിതരായല്ലാതെ ആർക്കും ആ ഗ്രന്ഥശാലകളെ സംബന്ധിച്ച് ഓർക്കുക സാധ്യമല്ല. മതപക്ഷപാതികളും വർഗീയ വാദികളും അസഹിഷ്ണുക്കളുമായ സ്പെയിൻകാർ അവയെ കരിച്ചുകളയുകയാണുണ്ടായത്. ഗ്രാനഡയിൽ

മാത്രം ഒരൊറ്റ ദിവസംകൊണ്ട് പത്തുലക്ഷം പുസ്തകങ്ങൾ ചാരമാക്കി യതായി ചരിത്രം രേഖപ്പെടുത്തുന്നു.

ഇസ്ലാമിക ലോകത്തിന്റെ നേരെയുള്ള അന്യരുടെ ആക്രമണങ്ങൾ മാത്രമല്ല ഗ്രന്ഥാലയങ്ങളുടെ നാശങ്ങൾക്കിടവരുത്തിയത്. ആഭ്യന്തര കലാപങ്ങളും അതിൽ അനൽപമായ പങ്കു വഹിച്ചു. തുർക്കിയിലെ അടി മരാജാക്കന്മാർ ഈജിപ്തിലെ ഫാത്വിമിയ്യ ഭരണകൂടത്തെ ആക്രമിച്ച് കൈയേറ്റം നടത്തിയപ്പോൾ അവിടത്തെ അമൂല്യങ്ങളായ ഗ്രന്ഥശാല കൾ അതിദയനീയമാം വിധം അഗ്നിക്കിരയാക്കപ്പെട്ടു. അവരിൽ പലരും പുസ്തകങ്ങളുടെ പുറംചട്ടകൾ തങ്ങൾക്ക് ചെരിപ്പുകളുണ്ടാക്കാൻ ഉപ യോഗിക്കുക പോലും ചെയ്തു. ഒട്ടേറെ ഗ്രന്ഥങ്ങൾ നൈൽ നദിയിൽ കൊണ്ടുപോയിട്ടു. ചിലത് മറ്റു വിദൂരപ്രദേശങ്ങളിലേക്ക് കടത്തിക്കൊ ണ്ടുപോയി. അവശേഷിക്കുന്നവ കാറ്റിൽ പറക്കാൻ പാകത്തിൽ മൈതാ നത്ത് കൊണ്ടുവന്ന് നിരത്തി. അങ്ങനെ പുസ്തകങ്ങൾ പാറിപ്പറന്ന് കുന്നുകൂടിയതിനാൽ ചില പർവത പ്രദേശങ്ങൾ ആ പേരിലറിയപ്പെടു കകൂടി ചെയ്തിരുന്നു.

അലപ്പോവിൽ 'ഖസാനതുസ്സ്വൂഫിയ്യ' എന്ന പേരിൽ ഒരു ഗ്രന്ഥശാല യുണ്ടായിരുന്നു. അത് അത്യധികം ബൃഹത്തായിരുന്നു. എന്നാൽ ആശൂ റാസുന്നികളും ശിയാക്കളും തമ്മിലുണ്ടായ കുഴപ്പത്തിൽ അത് ഏതാണ്ട് പൂർണമായിത്തന്നെ നശിപ്പിക്കപ്പെട്ടു.

സ്പെയിൻ ഭരണാധികാരിയായിരുന്ന മുസ്തൻസ്വിർ സ്ഥാപിച്ച അവി ടത്തെ ഗ്രന്ഥാലയം ബർബറികൾ (Berber tribes) കൊർദോവയിൽ കട ന്നുചെന്നപ്പോഴുണ്ടായ ആഭ്യന്തര കലാപത്തിൽ നാമാവശേഷമാക്കപ്പെ ട്ടു. അവരതിലെ അധിക ഗ്രന്ഥങ്ങളും വിറ്റഴിച്ചു. അവശേഷിച്ചത് നശിപ്പി ക്കുകയും ചെയ്തു.

വിജ്ഞാനത്തോടും ഗ്രന്ഥങ്ങളോടും ചിലർ പ്രകടിപ്പിച്ച പക നമ്മിൽ കൗതുകവും ചിരിയുമുണർത്താൻ പോന്നതാണ്. ഹിജ്റ അഞ്ചാം നൂറ്റാ ണ്ടിലെ ഈജിപ്തിലെ ഭരണാധികാരിയായിരുന്ന ഇബ്നുഫാതികിന് ബൃഹത്തായ ഒരു ഗ്രന്ഥാലയമുണ്ടായിരുന്നു. അദ്ദേഹം അധികസമയവും അവിടെയാണ് കഴിച്ചുകൂട്ടിയിരുന്നത്. അവിടെനിന്ന് വിട്ടുപോയിരുന്നില്ല. ഭരണാധികാരികളിൽ ഏറെ സ്വാധീനമുള്ള വ്യക്തിയായിരുന്നു അദ്ദേഹ ത്തിന്റെ ഭാര്യ. എങ്കിലും അവർക്ക് പുസ്തകങ്ങളോട് അടക്കാനാവാത്ത പകയായിരുന്നു. അവയായിരുന്നല്ലോ ഭർത്താവിന്റെ സമയവും ശ്രദ്ധയും അപഹരിച്ചിരുന്നത്. അതിനാൽ ഇബ്നുഫാതിക് പരലോകം പ്രാപിച്ച പ്പോൾ ആ സ്ത്രീ തന്റെ പരിചാരികമാരോടൊപ്പം ഗ്രന്ഥാലയത്തിൽ പ്രവേ ശിച്ചു; വീടിന്റെ മധ്യത്തിലുള്ള കുളത്തിലേക്ക് അതിലെ പുസ്തകങ്ങ ളെല്ലാം വലിച്ചെറിഞ്ഞു. അപ്പോഴും അവർ പ്രിയതമന്റെ വേർപാടോർത്ത് കരയുന്നുണ്ടായിരുന്നു. അങ്ങനെ ജീവിതകാലത്ത് തന്നെ പരിചരിക്കു

ന്നതിന് വിഘാതമായി വർത്തിച്ച ഗ്രന്ഥങ്ങളോട് അദ്ദേഹത്തിന്റെ മരണ ശേഷം ആ സ്ത്രീ പ്രതികാരം ചെയ്തു. അവരെപ്പോലെ ഗ്രന്ഥങ്ങളോട് അമർഷവും അസൂയയും പുലർത്തുന്ന ഭാര്യമാർ ഇക്കാലത്തുമുണ്ടായി രിക്കും. വളരെമുമ്പുതന്നെ ഇമാം സൗരിയുടെ സഹധർമിണി, പുസ്തക പാരായണത്തിൽ വ്യാപൃതനായിരിക്കെ അദ്ദേഹത്തോട് പറയാറുണ്ടായി രുന്നു: "അല്ലാഹുവാണ! മൂന്നു സഹകളത്രകളെക്കാൾ എനിക്ക് പ്രയാ സകരം ഈ പുസ്തകങ്ങളാണ്."

ഇസ്‌ലാമിക നാഗരികതയുടെ നല്ലകാലത്തെ ഗ്രന്ഥശാലകളെയും പിന്നീടവക്ക് സംഭവിച്ച പതനത്തെയും സംബന്ധിച്ച ഏകദേശ വിവര ണമാണിത്.

ശത്രുക്കളുടെ സൽപ്രവർത്തനങ്ങൾ അംഗീകരിച്ചുകൊടുക്കുക മനുഷ്യമനസ്സിന് ഏറെ പ്രയാസകരമാണെങ്കിലും ഇസ്‌ലാമിക സംസ്കാ രസമ്പത്തിന്റെ അവശേഷിച്ചവയിൽ നല്ലൊരംശം യൂറോപ്യൻ ഗ്രന്ഥശാ ലകൾ സൂക്ഷിച്ച് സംരക്ഷിച്ചിട്ടുണ്ടെന്ന സത്യം നാം തുറന്ന മനസ്സോടെ സമ്മതിക്കേണ്ടിയിരിക്കുന്നു. ഇന്ന് മുസ്‌ലിം ലോകത്തെവിടെയും കാണ പ്പെടാത്ത അത്യപൂർവമായ അറബിഗ്രന്ഥങ്ങളുടെ ശേഖരങ്ങൾ അവി ടത്തെ ഗ്രന്ഥാലയങ്ങളിലുണ്ട്.

പന്ത്രണ്ട്

# വൈജ്ഞാനിക സഭകൾ

•

**വ**ർണോജ്ജ്വലമായ ഇസ്‌ലാമിക നാഗരികതയുടെ ശോഭന വശങ്ങളിലൊന്നാണിത്. കലാ-വിജ്ഞാന-ശാസ്ത്രങ്ങളുടെ വ്യാപനത്തിലവ നിർണായക പങ്കാണ് വഹിച്ചത്. സാമൂഹിക നിലവാരമുയർത്തുന്നതിലും സാധാരണ ജനങ്ങളുടെ വൈജ്ഞാനിക തൃഷ്ണ ഉത്തേജിപ്പിക്കുന്നതിലും, പാഠശാലകളും ധർമസ്ഥാപനങ്ങളും ഗ്രന്ഥാലയങ്ങളും പോലെത്തന്നെ ഇസ്‌ലാമികലോകത്തെ തലസ്ഥാനങ്ങളിലും നഗരങ്ങളിലും നിറഞ്ഞുനിന്നിരുന്ന വൈജ്ഞാനിക സഭകൾക്കും സംഘങ്ങൾക്കും മഹത്തായ സ്ഥാനമുണ്ട്. ഇസ്‌ലാമിക സമുദായത്തിന്റെ ശക്തിയുടെയും മഹത്വത്തിന്റെയും സുവർണദശകളിലെ ചിന്താപരമായ ഉണർവിന്റെ ഉത്തമോദാഹരണങ്ങളായിരുന്നു ഈ വൈജ്ഞാനിക സഭകളുടെ ആധിക്യവും അവയിലെ ചർച്ചാവിഷയങ്ങളുടെ വൈവിധ്യവും. ഭരണാധികാരികൾ, നേതാക്കൾ, പണ്ഡിതന്മാർ, സാഹിത്യകാരന്മാർ, കവികൾ തുടങ്ങി സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവർ പൊതുവേദികളിലും പ്രത്യേക സദസ്സുകളിലും വൈജ്ഞാനികവും സാഹിത്യപരവുമായ മത്സരങ്ങളിൽ പങ്കെടുത്തിരുന്നുവെന്നറിയുമ്പോൾ ഈ സമുദായം വിജ്ഞാനതൃഷ്ണയിലും അതിന്റെ ഉറവകൾ തേടുന്നതിലുള്ള താൽപര്യത്തിലും എത്ര ഉദാത്തവും മഹിതവുമായ വിതാനത്തിലായിരുന്നുവെന്ന് ഗ്രഹിക്കാവുന്നതാണ്.

ഈ വൈജ്ഞാനിക സഭകൾ അസംഖ്യവും അനേകം സ്വഭാവത്തിലുള്ളവയുമായിരുന്നു.

ഖലീഫമാരുടെ നേതൃത്വത്തിലും അധ്യക്ഷതയിലുമുള്ളത് അവയിൽപ്പെടുന്നു. ഖലീഫമാർ തങ്ങളുടെ തലസ്ഥാന നഗരിയിലുള്ള പ്രശസ്ത പണ്ഡിതന്മാരെയും സാഹിത്യകാരന്മാരെയും മതനേതാക്കളെയും അതിൽ പങ്കെടുപ്പിച്ചിരുന്നു. ഇസ്‌ലാമിക നാഗരികതയുടെ ഗതിവിഗതികൾക്കും സംസ്കാരത്തിന്റെ വളർച്ചക്കുമൊത്ത് ഖലീഫമാരുടെ സഭകളുടെ സ്വഭാവത്തിലും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു.

ഖുലഫാഉർറാശിദുകളുടെ കാലത്ത് ഈ സഭകൾ രാഷ്ട്രകാര്യങ്ങളും ഭരണകാര്യങ്ങളുമാണ് ചർച്ച ചെയ്തിരുന്നത്. അക്കാലത്ത് പ്രതിനിധി സഭകളുടെ സ്ഥാനമാണവക്കുണ്ടായിരുന്നത്. രാഷ്ട്രവുമായി ബന്ധപ്പെടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യുന്ന ഇത്തരം സഭകളിലെ അംഗങ്ങൾ സമുദായത്തിലെ സമുന്നത

* Abacus-കണക്കുകൂട്ടാൻ കമ്പികളിൽ മണികൾ ചേർത്തുണ്ടാക്കിയിട്ടുള്ള ചട്ടക്കൂട്-ഗണനയന്ത്രം.

വ്യക്തികളായിരുന്നു.

ഒരിക്കൽ ഉമറുബ്നുൽ ഖത്താബിന് സുപ്രധാനമായ ഭരണകാര്യങ്ങൾ നിർവഹിക്കാൻ അനുയോജ്യനായ ഒരു ഗവർണറെ ആവശ്യമായി വന്നു. അതിനാൽ തന്റെ സദസ്യരോട് പറഞ്ഞു: "സുപ്രധാനമായ ചുമതലകളേൽപിക്കാൻ പറ്റിയ ഒരാളെ നിർദേശിച്ചുതരൂ!" അപ്പോൾ അവർ ഒരാളുടെ പേർ പറഞ്ഞു. അത് ഉമറിന് സ്വീകാര്യമായില്ല. അതിനാലവർ ഖലീഫ അന്വേഷിക്കുന്ന വ്യക്തിയുടെ സവിശേഷതകളെ സംബന്ധിച്ച് ആരാഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: "അയാളുണ്ടാവുന്ന സദസ്സിൽ നേതാവില്ലെങ്കിൽ അയാൾ നേതാവിനെപ്പോലെയായിരിക്കണം; അതേസമയം നേതാവായാൽ അവരിലൊരുവനെപ്പോലെയുമാവണം. ഇത്തരമൊരു വ്യക്തിയെയാണ് ഞാൻ തേടുന്നത്."

അപ്പോഴവർ പറഞ്ഞു: "റബീഉബ്നു സിയാദിൽ ഹാരിസിയല്ലാതെ ഈ ഗുണങ്ങൾ ഒത്തുചേർന്ന ആരെയും ഞങ്ങളറിയുകയില്ല." ഉടനെ ഉമർ അവരുടെ നിർദേശം സ്വീകരിച്ച് അദ്ദേഹത്തെ ഗവർണറാക്കി.

പിന്നീട് ഉമവികളുടെ കാലത്ത് ഈ സഭകൾ കവിതകളുടെയും സാഹിത്യത്തിന്റെയും തത്ത്വചിന്തയുടെയുമായിരുന്നു. ഒരു ദിവസം അബ്ദുല്ലാഹിബ്നു ഹാശിം മുആവിയയുടെ സദസ്സിൽ വന്നു. അപ്പോൾ മുആവിയ ചോദിച്ചു: "ഔദാര്യം, ധീരത, മനുഷ്യത്വം എന്നിവയെസ്സംബന്ധിച്ച് ആരാണെനിക്കു വിവരിച്ചുതരിക?"

ഉടനെ അബ്ദുല്ല പറഞ്ഞു: "അമീറുൽ മുഅ്മിനീൻ! ചോദിക്കാതെത്തന്നെ ദാനം ചെയ്യലും ധനം വ്യയം ചെയ്യലുമാണ് ഔദാര്യം. മുന്നോട്ട് കുതിക്കാനുള്ള തന്റേടവും വിപത്തുവരുമ്പോൾ ക്ഷമയവലംബിക്കലുമാണ് ധീരത. വിശ്വാസ വിശുദ്ധിയും സ്വയം സംസ്കരണമാർജിക്കലും അയൽക്കാരനെ സഹായിക്കലുമാണ് മനുഷ്യത്വം."

ഒരിക്കൽ അബ്ദുൽ മലിക് തന്റെ സദസ്യരിൽ ചിലരോടു ചോദിച്ചു: "അക്ഷരമാലാക്രമമനുസരിച്ച് നിങ്ങളാരെങ്കിലും ശരീരാവയവങ്ങളുടെ പേരുകൾ പറയുകയാണെങ്കിൽ അയാളിഷ്ടപ്പെടുന്നതെന്തും ഞാൻ നൽകുന്നതാണ്." അപ്പോൾ താൻ പറഞ്ഞുതരാമെന്ന് സുവൈദുബ്നു ഗഫ്ല അവകാശപ്പെട്ടു. അതനുസരിച്ച് പ്രവർത്തിക്കാൻ ഖലീഫ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ഉടനെ സുവൈദ് ഇങ്ങനെ പറഞ്ഞുതുടങ്ങി: "അൻഫ്(മൂക്ക്), ബത്ൻ (വയറ്), തർഖുവത്(തോളെല്ല്), സുഗർ(തൊണ്ടക്കുഴി), ജംജമത്(തലയോട്), ഹൽഖ്(കണ്ഠം), ഖദ്ദ്(കവിൾ), ദിമാഗ്(തലച്ചോർ)......." അപ്പോൾ സദസ്സിലുണ്ടായിരുന്ന മറ്റൊരാൾ പറഞ്ഞു: "ഞാൻ അവ്വിധം രണ്ടാവൃത്തി പറയാം." ഉടനെ സുവൈദ് താൻ മൂന്നാവൃത്തി പറയാമെന്നവകാശപ്പെടുകയും അൻഫ്(മൂക്ക്), അസ്നാൻ(പല്ലുകൾ), ഉദുൻ(ചെവി) എന്നിങ്ങനെ പറഞ്ഞുതുടങ്ങുകയും ചെയ്തു. അങ്ങനെ അത് പൂർത്തിയായപ്പോൾ അദ്ദേഹത്തിന്റെ പ്രത്യു

ൽപന്നമതിത്വത്തിലും അറിവിലും അദ്ഭുതം തോന്നിയ അബ്ദുൽ മലിക് വിലപ്പെട്ട സമ്മാനങ്ങൾ നൽകി.

മറ്റൊരിക്കൽ ഒരു ഗ്രാമീണൻ അബ്ദുൽ മലികിന്റെ സദസ്സിൽ സന്നിഹിതനായി. പ്രശസ്ത കവി ജരീറും ആ സഭയിലുണ്ടായിരുന്നു. അപ്പോൾ അബ്ദുൽ മലിക് ആ ഗ്രാമീണനോട് ചോദിച്ചു: "താങ്കൾക്ക് കവിതയറിയാമോ!"

"അമീറുൽ മുഅ്മിനീൻ! താങ്കൾക്കിഷ്ടമുള്ളത് ചോദിച്ചു കൊള്ളുക" ഗ്രാമീണൻ പറഞ്ഞു. ഉടനെ അബ്ദുൽ മലിക് അറബിയിലുള്ള ഏറ്റവും നല്ല സ്തുതിഗീതം ചൊല്ലാനാവശ്യപ്പെട്ടു. ഒട്ടുംവൈകാതെ അയാൾ ജരീറിന്റെ ഈ കവിത ചൊല്ലിക്കേൾപ്പിച്ചു:

"വാഹനപ്പുറത്ത് കയറിയവരിൽ അത്യുത്തമൻ നിങ്ങളല്ലോ.

ഭൂമിയിലുള്ളവരിൽ വെച്ചേറ്റവും ഉദാരരും നിങ്ങൾതന്നെ."

അപ്പോൾ ജരീർ തലയുയർത്തി എത്തിനോക്കി. തുടർന്ന് "അറബിയിൽ ഏറ്റവും നല്ല ആത്മപ്രശംസാപരമായ കവിത ഏതാ"ണെന്ന് അബ്ദുൽ മലിക് ആ ഗ്രാമീണനോട് ചോദിച്ചു. അതും ജരീറിന്റേതാണെന്ന് പറഞ്ഞ് അദ്ദേഹമത് ചൊല്ലിക്കേൾപ്പിച്ചു:

"തമീംഗോത്രക്കാർ നിങ്ങളോട് കോപിച്ചാൽ മുഴുവൻ മനുഷ്യരും കോപാകുലരാണെന്ന് താങ്കൾക്കു തോന്നാം."

ഇതുകേട്ട് ജരീർ സന്തോഷത്തോടെ ഒന്നിളകിയിരുന്നു. പിന്നീട് അബ്ദുൽ മലിക് ആവശ്യപ്പെട്ടതനുസരിച്ച് അറബിഭാഷയിലെ ഏറ്റവും നല്ല ആക്ഷേപകാവ്യം അയാളാലപിച്ചു. അതും ജരീറിന്റേതുതന്നെയായിരുന്നു. അപ്രകാരംതന്നെ ഏറ്റവും നല്ല പ്രേമകാവ്യവും ഉപമാലങ്കാര കവിതയും ആ ഗ്രാമീണൻ അനായാസം കേൾപ്പിച്ചു. അവയും ജരീറിന്റേതുതന്നെയായിരുന്നു.

ഇതെല്ലാം കേട്ടപ്പോൾ അനൽപമായ അഭിമാനവും ആഹ്ലാദവും തോന്നിയ ജരീർ പറഞ്ഞു: "അമീറുൽ മുഅ്മിനീൻ! എന്റെ ഈ സമ്മാനങ്ങളെല്ലാം ഈ ഗ്രാമീണനുള്ളതാണ്." ഉടനെ അബ്ദുൽ മലിക് പ്രതിവചിച്ചു: "താങ്കളുടെ സമ്മാനങ്ങളിലൊരു കുറവും വരാതെത്തന്നെ അദ്ദേഹത്തിനും അതുപോലുള്ളവയുണ്ട്." അങ്ങനെ ആ ഗ്രാമീണൻ അവിടെനിന്നിറങ്ങിപ്പോകുമ്പോൾ അയാളുടെ വലതുകൈയിൽ എണ്ണായിരും ദിർഹമും ഇടതുകൈയിൽ ഒരു വസ്ത്രപ്പൊതിയുമുണ്ടായിരുന്നു.

പിന്നീട് അബ്ബാസിയ്യ ഭരണകാലത്ത് ഖലീഫമാരുടെ സഭകൾ കുറേക്കൂടി പുരോഗതി പ്രാപിച്ചു. സഭകളുടെ വിശാലത, അതിലെ ഉപകരണങ്ങളുടെ മേന്മ, പങ്കെടുക്കുന്ന പണ്ഡിതന്മാരുടെയും സാഹിത്യകാരന്മാരു

---

* സൂര്യന്റെയോ നക്ഷത്രങ്ങളുടെയോ ഉയരം അളക്കാനുള്ള യന്ത്രം.

ടെയും ആധിക്യം, ചർച്ചാവിഷയങ്ങളുടെ വൈവിധ്യം തുടങ്ങിയ കാര്യത്തിൽ ഏറ്റവും ശോഭനമായവ ഇക്കാലത്തേതായിരുന്നു. ഇതു കൂടാതെ വിനോദ വേദികൾ വേറെയുമുണ്ടായിരുന്നു. അവിടെ സാഹിത്യ വശങ്ങൾക്കാണ് മുൻഗണന കൽപിക്കപ്പെട്ടിരുന്നത്. കവിതകളെയും കവികളെയും സംബന്ധിച്ച ചർച്ച, ഗായകന്മാർ പാടുന്ന ഗാനങ്ങളുടെ വ്യാഖ്യാനം പോലുള്ളവയെല്ലാം അതിലെ പ്രധാന ഇനങ്ങളായിരുന്നു.

സഭകളുടെ ഗാംഭീര്യത്തിലും മനോഹാരിതയിലും മികച്ചുനിൽക്കുന്ന അബ്ബാസിയാ ഭരണാധികാരികൾ ഹാറൂൻ റശീദും മഅ്മൂനുമാണ്. ഹാറൂൻ റശീദിന്റെ സദസ്സിൽ എല്ലാതരം വിജ്ഞാനശാഖകളിലെയും കലകളിലെയും മഹാരഥന്മാർ ഒത്തുകൂടിയിരുന്നു. അബൂനുവാസ്, അബുൽ അതാഹിയ, ദഅ്ബൽ, മുസ്‌ലിമുബ്നുൽ വലീദ്, അബ്ബാസുബ്നുൽ അഹ്നഫ് തുടങ്ങിയ കവികളും അബൂയൂസുഫ്, ശാഫിഈ, മുഹമ്മദുബ്നുൽ ഹസൻ പോലുള്ള കർമശാസ്ത്ര പണ്ഡിതന്മാരും അബൂഉബൈദ, അസ്മഈ, കസാഈ എന്നീ ഭാഷാശാസ്ത്രജ്ഞന്മാരും വിഖ്യാത ചരിത്രകാരനായ വാഖിദീയും ഗായകന്മാരായ ഇബ്റാഹീമുൽ മൗസിലിയും മകൻ ഇസ്ഹാഖുമെല്ലാം അവിടെ സമ്മേളിച്ചിരുന്നു.

ഹാറൂൻ റശീദിന്റെ സദസ്സിൽ നടന്നിരുന്ന സാഹിത്യ സംവാദങ്ങൾക്ക് ഒരു ഉദാഹരണമിവിടെ ചേർക്കാം. ഒരിക്കൽ സീബവയ്ഹിയും കസാഈയുമുൾപ്പെടെയുള്ള ഭാഷാപണ്ഡിതന്മാരും സാഹിത്യകാരന്മാരും അവിടെ സമ്മേളിച്ചു. അപ്പോൾ “തനിച്ചാകുമ്പോൾ തേനീച്ചയെക്കാൾ ശക്തിയായി കുത്തുക കടന്നലാണെന്ന് ഞാൻ മനസ്സിലാക്കുന്നു” എന്നതിന് “കുൻതു അളുന്നുസ്സൻബൂറ അശദ്ദു ലസ്അൻ മിനന്നഹ്‌ലതി ഫഇദാ ഹുവ ഇയ്യാഹാ” എന്നാണ് ശുദ്ധമായ അറബിയിൽ പറയുകയെന്ന് കസാഈ വാദിച്ചു. എന്നാൽ സീബവൈഹി അത് അംഗീകരിച്ചില്ല. അദ്ദേഹം പറഞ്ഞു: “ഫഇദാ ഹുവ ഇയ്യാഹാ എന്നല്ല; ഫഇദാ ഹുവ ഹിയ എന്നാണ് പറയുക.” അങ്ങനെ അവരിരുവരും ദീർഘമായി തർക്കിച്ചു. അവസാനം പരിഷ്കൃതരുടെ സംസാര ശൈലി കൂടിക്കലർന്നിട്ടില്ലാത്ത ശുദ്ധ ഗ്രാമീണ അറബിയോടന്വേഷിച്ച് തീരുമാനിക്കാമെന്ന് ഇരുവരും സമ്മതിച്ചു. എന്നാൽ ഹാറൂൻ റശീദിന് കസാഈ ജയിക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. കാരണം ഖലീഫയാകുന്നതിനു മുമ്പുതന്നെ ഇരുവരും ഉറ്റമിത്രങ്ങളായിരുന്നു. അതിനാൽ അദ്ദേഹം ഒരു ഗ്രാമീണനെ വിളിച്ചുവരുത്തി വിവാദപരമായ വാചകം സീബവൈഹി ഉച്ചരിച്ചപോലെ ഉച്ചരിച്ചു. എന്നിട്ട് കസാഈ പറഞ്ഞ പ്രകാരം ഉദ്ധരിക്കാനാവശ്യപ്പെട്ടു. അപ്പോൾ തന്റെ നാവതിന് വഴങ്ങുകയില്ലെന്ന് ഗ്രാമീണൻ പറഞ്ഞു. അവസാനം രണ്ടുപേരുടെയും വാദങ്ങളിൽ ഏതാണ് ശരിയെന്ന് അന്വേഷിക്കുകയാണെങ്കിൽ കസാഈയുടേതാണെന്ന് പറ

യാമെന്ന് സമ്മതിച്ചു. അങ്ങനെ ആഘോഷപൂർവമായ ഒരു ചടങ്ങിൽവെച്ച് അത് സംഭവിക്കുകയും ചെയ്തു. അതോടെ എല്ലാവരും തന്നോട് പക്ഷ പാതപരമായി പെരുമാറുകയും കസാഇക്കനുകൂലമായി വിധിക്കുകയു മാണുണ്ടായതെന്ന് സീബവയ്ഹിക്ക് മനസ്സിലായി. അദ്ദേഹം അതീവ ദുഃഖിതനായി ബഗ്ദാദിനോട് വിടപറഞ്ഞു. കഠിനമായ മനോവേദന അനു ഭവിച്ച ആ ഭാഷാ പണ്ഡിതൻ അക്കാരണത്താൽ തന്നെ അധികകാലം കഴിയുന്നതിനു മുമ്പെ പരലോകം പ്രാപിച്ചു.

ഹാറൂൻ റശീദിന്റെ സദസ്സിൽ കർമശാസ്ത്ര വിഷയങ്ങളിലും സംവാ ദങ്ങൾ നടന്നിരുന്നു. ഒരിക്കൽ അബൂഹനീഫയുടെ സഹചാരിയായ മുഹ മ്മദുബ്നുൽ ഹസൻ കസാഈയെ സംബന്ധിച്ച് അദ്ദേഹത്തിന് അറ ബിഭാഷയിൽ നൈപുണ്യമുണ്ടെങ്കിലും കർമശാസ്ത്ര വിഷയങ്ങളറിയി ല്ലെന്ന് അഭിപ്രായപ്പെട്ടു. അപ്പോൾ കസാഈ അതിനെ എതിർത്തു. അദ്ദേഹം പറഞ്ഞു: “ഒരു വിജ്ഞാനശാഖയിൽ അഗാധമായ അറിവ് നേടിയാൽ അതുവഴി മറ്റു വിജ്ഞാനങ്ങളും മനസ്സിലാക്കാൻ സാധിക്കും.” ഉടനെ മുഹമ്മദുബ്നുൽ ഹസൻ ചോദിച്ചു: “സഹ്‌വി(മറവി)ന്റെ സുജൂദ് തന്നെ മറന്നവൻ എന്തുചെയ്യണം? വീണ്ടും സുജൂദ് ചെയ്യണമോ?”

“വേണ്ടാ”-കസാഈ പറഞ്ഞു.

“എന്തുകൊണ്ട്?” മുഹമ്മദ് ചോദിച്ചു.

“തസ്ഗീറി*നെ തസ്ഗീർ ചെയ്യുകയില്ലെന്ന് വ്യാകരണ പണ്ഡിത ന്മാർ പറഞ്ഞിട്ടുണ്ടെന്നതുതന്നെ കാരണം” -കസാഈ പ്രത്യുത്തരം നൽകി.

ഇസ്‌ലാമിക നാഗരികതയുടെ ചരിത്രത്തിൽ മഅ്മൂന്റെ സഭകൾ ഏറ്റവും ശോഭനമായ വിജ്ഞാനസദസ്സുകളായിരുന്നു. അദ്ദേഹം തന്നെ സമുന്നതനായ ഒരു പണ്ഡിതനായിരുന്നു. ലോകത്തിന്റെ വിവിധ ഭാഗ ങ്ങളിൽനിന്ന് ക്ഷണിച്ചുവരുത്തിയ തത്ത്വചിന്തകരുടെയും ഡോക്ടർമാ രുടെയും കവികളുടെയും സാഹിത്യകാരന്മാരുടെയും പണ്ഡിതന്മാരു ടെയും വമ്പിച്ച ഒരു സമൂഹം തന്നെ അദ്ദേഹത്തിന്റെ കൊട്ടാരത്തിലു ണ്ടായിരുന്നു. ജാതി, ദേശ ഭിന്നതകൾക്കതീതമായി മഅ്മൂൻ അവരെ യെല്ലാം ശ്രദ്ധാപൂർവം സംരക്ഷിച്ചുപോന്നു. പലപ്പോഴും സംവാദങ്ങൾക്ക് നാന്ദികുറിച്ചിരുന്നതും വൈജ്ഞാനികചർച്ചക്ക് പണ്ഡിതന്മാരെ പ്രേരി പ്പിച്ചിരുന്നതും അദ്ദേഹം തന്നെയാണ്.

തന്റെ സഭയിലെ ദാർശനികരോടും പണ്ഡിതന്മാരോടും തങ്ങളുടെ വേദഗ്രന്ഥങ്ങളിൽ നിന്ന് തെളിവുകളുദ്ധരിക്കുന്നത് അദ്ദേഹം വിലക്കി യിരുന്നു. ഖുർആനും ബൈബിളുമൊന്നും വിവാദങ്ങളിലേക്ക് വലിച്ചിഴ ക്കരുതെന്നും ചർച്ച ശുദ്ധ വൈജ്ഞാനിക വിഷയങ്ങളിൽ പരിമിതപ്പെ

* ‘ജാഗ്രതയുടെ സന്തതി, ജീവിക്കുക’ എന്നർഥം.

ടുത്തണമെന്നും നിഷ്കർഷിച്ചിരുന്നു. അതോടൊപ്പം സത്യവും ശരിയു മംഗീകരിക്കാൻ തങ്ങളുടെ അവസ്ഥകൾ വിഘാതമാവരുതെന്ന് മഅ്മൂൻ ഊന്നിപ്പറയുകയും ചെയ്തിരുന്നു. അറബികളുടെ സവിശേഷതകളെ സംബന്ധിച്ച് അദ്ദേഹം നൽകിയ വിവരണംതന്നെ തന്റെ പാണ്ഡിത്യ ത്തിനും നിരീക്ഷണപാടവത്തിനും മതിയായ തെളിവാണ്.

പുസ്തക വിൽപനശാലകളും പണ്ഡിതന്മാരുടെ സംഗമസ്ഥലങ്ങ ളായിരുന്നുവെന്ന വസ്തുത വിസ്മരിക്കാവതല്ല. അവരവിടെ വൈജ്ഞാ നിക ചർച്ചകളിൽ വ്യാപൃതരായിരുന്നു. ഓരോരുത്തരും തങ്ങളുടെ വിജ്ഞാനശാഖകളിൽ പ്രത്യേകമായ വ്യുത്പത്തി നേടിയവരായിരുന്നു. പലപ്പോഴും പുസ്തക വ്യാപാരികൾതന്നെ വിദ്യാസമ്പന്നരായ സാഹി ത്യകാരന്മാരായിരുന്നു. തങ്ങളുടെ തൊഴിലുകൾ വൈജ്ഞാനിക വർധ നവിനുപയോഗപ്പെടുത്തുകയാണവർ ചെയ്തിരുന്നത്. *അൽഫിഹ്‌രിസ്ത്* എന്ന വിഖ്യാത ഗ്രന്ഥത്തിന്റെ കർത്താവ് ഇബ്നുന്നദീമും *മുഅ്ജമുൽ ഉദബാഅ്, മുഅ്ജമുൽ ബുൽദാൻ* എന്നിവയുടെ കർത്താവ് യാഖൂതും പുസ്തക വ്യാപാരികളായിരുന്നു. *അൽഅഗാനി*യുടെ കർത്താവ് അബുൽഫറജുൽ ഇസ്ഫഹാനിയും പ്രശസ്ത ഭാഷാസാഹിത്യകാര നായ അബൂനസ്‌രിസ്സുജാജും ധാരാളമായി സന്ധിച്ചിരുന്നത് പുസ്തക വിൽപനശാലയിലായിരുന്നു. അവിടെ വരുന്ന കവികളും സാഹിത്യകാ രന്മാരുമായി അവർ കവിതയെയും സാഹിത്യത്തെയും സംബന്ധിച്ച് ചർച്ച നടത്തുക പതിവായിരുന്നു. (ഇത്തരം കവിതാ സംവാദങ്ങളുടെ ചില മാതൃകകൾ മൂലകൃതിയിലുദ്ധരിച്ചിട്ടുണ്ട്. അറബി ഭാഷാപണ്ഡിത ന്മാർക്ക് മാത്രം പ്രയോജനപ്പെടുന്ന അവ ഇവിടെ ചേർത്തിട്ടില്ല -വിവ.)

ജീവിക്കാൻ അർഹമായ സമുദായം മറ്റെന്തിനെക്കാളും മുമ്പെ സ്വായ ത്തമാക്കേണ്ട വിഭവം വിജ്ഞാനമാണ്. ഇസ്‌ലാമിക സമുദായം ഇതര ജനവിഭാഗങ്ങളുടെ ജീവിതരീതികളെ സ്വാധീനിച്ചിരുന്ന സുവർണദശ കളിൽ വിജ്ഞാനവർധനവിലും വ്യാപനത്തിലും വളരെയേറെ ശ്രദ്ധപ തിപ്പിച്ചിരുന്നു. ഖലീഫതൊട്ട് പണ്ഡിതനും വ്യാപാരിയുമുൾപ്പെടെ സമൂ ഹത്തിലെ സകല വ്യക്തികളും വിഭാഗങ്ങളും, പാഠശാലകളും പുസ്ത കങ്ങളുമുൾപ്പെടെ മുഴുവൻ വൈജ്ഞാനിക മാധ്യമങ്ങളും പോഷിപ്പിക്കു ന്നതിൽ പരസ്പരം മത്സരിച്ചിരുന്നു. ബുദ്ധിയുടെ വികാസത്തിനും ചിന്താ പരമായ വളർച്ചക്കും വൈജ്ഞാനിക വർധനക്കും വഴിവെക്കാത്ത വെറും വിവാദങ്ങളിൽ ഒരിക്കലുമവർ വ്യാപൃതരായിരുന്നില്ല. അവരുടെ നിശാ വേദികളും വിനോദ സംരംഭങ്ങളുമെല്ലാം അറിവിന്റെ ചക്രവാളങ്ങൾ വിക സിപ്പിക്കാനാണ് പ്രയോജനപ്പെടുത്തിയിരുന്നത്. തങ്ങളുടെ ശ്രദ്ധയിൽപ്പെ ടുന്ന പ്രശ്നങ്ങളെ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കി ശരിയാണെന്ന് ഉറപ്പുവരുത്താതെയും സംശയങ്ങൾ തീർക്കാതെയും തെറ്റുകൾ തിരുത്താതെയും അവർ മുന്നോട്ടു നീങ്ങിയിരുന്നില്ല.

ഇപ്രകാരംതന്നെ എല്ലാ നാടുകളിലും ഗ്രാമങ്ങളിലും നിരവധി കർമ ശാസ്ത്ര വിശാരദന്മാരും മതപ്രബോധകന്മാരും ഹദീസ് പണ്ഡിതന്മാരുമുണ്ടായിരുന്നു. ചുരുക്കത്തിൽ ഇസ്‌ലാമിക നാഗരികതയുടെ ശോഭന ദശകളിൽ മുസ്‌ലിം നാടുകളെങ്ങും വിജ്ഞാനത്തിന്റെ വെള്ളിവെളിച്ചത്താൽ പ്രശോഭിതമായിരുന്നു. അവിടങ്ങളിലെ വീടുകളും കടകളും പള്ളികളും പാഠശാലകളും സഭകളും സദസ്സുകളുമൊന്നും ഇതിൽനിന്നൊഴിവായിരുന്നില്ല. പ്രമുഖ പാശ്ചാത്യ പണ്ഡിതനായ ഗുസ്താവ് ലബോൺ(Gustav Labon) പോലും ഇക്കാര്യം തുറന്നുസമ്മതിക്കുകയുണ്ടായി. അദ്ദേഹം പറയുന്നു: "അറബികളുടെ വിജ്ഞാനതൃഷ്ണ വളരെ മഹത്തരമായിരുന്നു. നന്നെച്ചുരുങ്ങിയ കാലംകൊണ്ട് അവർ തങ്ങളുടെ അധീശത്വമുറപ്പിച്ചു. അതോടൊപ്പം സാംസ്കാരിക രംഗത്ത് സമുന്നത സ്ഥാനമാർജിക്കുകയും ചെയ്തു. നവ്യമായൊരു നാഗരികത കെട്ടിപ്പൊക്കാനും അവർക്ക് സാധിച്ചു. അതിൽ കലയും കവിതയും വിജ്ഞാനവും സാഹിത്യവുമെല്ലാം അവയുടെ പാരമ്യതയിലെത്തി."

അനുബന്ധം: 1

ടി.ബി. ഇർവിംഗ്

# ലോകനാഗരികതക്ക് ഇസ്‌ലാമിന്റെ സംഭാവനകൾ

•

എന്താണീ ഇസ്‌ലാം? ഇസ്‌ലാമിന് അതിന്റെ ശക്തിയും സൗന്ദര്യവും നൽകുന്നതെന്താണ്? പാശ്ചാത്യ ലോകത്തിന് ഒരദ്ഭുതമാണത്. ഈ അദ്ഭുതം, അഞ്ചു നൂറ്റാണ്ടുകളായി പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രങ്ങളിൽ ഒന്നാണ് സ്പെയിൻ. കാരണം, സ്പെയിൻ അമേരിക്ക കണ്ടുപിടിച്ച നിമിഷം മുതൽ അതിന് അതിന്റെ ഇസ്‌ലാമിക പൈതൃകം നഷ്ടപ്പെട്ടു തുടങ്ങി. അതുകൊണ്ടുതന്നെ ആ രാജ്യം ഇന്നും മധ്യകാല നൂറ്റാണ്ടുകളിൽ തങ്ങിനിൽക്കുന്നു.

## മാഡ്രിഡും 'മജ്‌രിദും'

മധ്യസ്പെയിനിലെ ടോളഡോ(Toledo)യുടെ നാൽപതു നാഴിക വടക്കു സ്ഥിതിചെയ്യുന്ന കുന്നിൻപ്രദേശ നഗരമായിരുന്നു 'മജ്‌രിദ്.' ആ പ്രദേശത്തുകാരനായ മസ്‌ലമതുൽ മജ്‌രിദി എന്ന യുവ സ്പാനിഷ് മുസ്‌ലിം പണ്ഡിതൻ ഉപരിപഠനാർഥം കിഴക്കോട്ട് പോയതോടെയാണ് മാഡ്രിഡ് ആദ്യമായി ചരിത്രത്തിൽ സ്ഥാനംപിടിക്കുന്നത്. പത്താം നൂറ്റാണ്ടിന്റെ അന്ത്യത്തിലായിരുന്നു അത്. അദ്ദേഹം പഠനം നടത്തിയ അറബ് നാടുകളിലെ വിദ്യാലയങ്ങൾ യൂണിവേഴ്സിറ്റികൾ എന്നല്ല 'ജാമിഅ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. വിദ്യ സമ്പാദിക്കാനും പകർന്നു കൊടുക്കാനുമായി വിദ്യാർഥികളും അധ്യാപകരും ഒരുമിച്ചുകൂടിയിരിക്കുന്ന ഇടം എന്നാണതിനർഥം.

ആയിരം വർഷങ്ങൾക്കുമുമ്പ് പിരണീസിന് വടക്കുള്ള പടിഞ്ഞാറൻ യൂറോപ്പ്, ഇരുണ്ടകാലമെന്നോ മധ്യകാലമെന്നോ നാം വിളിക്കാറുള്ള ഒരു ഘട്ടത്തിലാണ് കഴിഞ്ഞുകൂടിക്കൊണ്ടിരുന്നത്. പൗരാണിക കാലത്ത് മെഡിറ്ററേനിയൻ തടത്തിൽ ആധിപത്യം വാണിരുന്ന റോമാസാമ്രാജ്യത്തിന്റെ കാലഘട്ടത്തിനും അഞ്ചോ ആറോ നൂറ്റാണ്ടുകൾക്കുമുമ്പുമാത്രം ആരംഭിച്ച യൂറോപ്യൻ നാഗരികതയുടെ നവോത്ഥാന ഘട്ടത്തിനും ഇടക്കുള്ള കാലയളവായിരുന്നു അത്. എന്നാൽ തെക്കൻ സ്പെയിൻ അഥവാ മുസ്‌ലിം സ്പെയിൻ ഈ മധ്യകാല യൂറോപ്പിന്റെ ഭാഗമായിരുന്നില്ല. മറിച്ച് കുറെക്കൂടി വിശാലമായ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ പടിഞ്ഞാറെ അറ്റത്താണ് അത് സ്ഥിതിചെയ്തിരുന്നത്.

മസ്‌ലമതുൽ മജ്‌രിദി (മാഡ്രിഡുകാരനായ മസ്‌ലമ) ബഗ്ദാദ്, കൂഫ,

ബസ്റ എന്നീ പട്ടണങ്ങളിലാണ് തന്റെ പഠനം പൂർത്തിയാക്കിയത്. പ്രസ്തുത പ്രദേശങ്ങൾ ഇന്ന് ആധുനിക ഇറാഖിലാണ്. സുപ്രധാനങ്ങളായ രണ്ടു വൈജ്ഞാനിക സമ്പാദ്യങ്ങളുമായാണ് അൽമജ്രിദി സ്പെയിനിലേക്ക് മടങ്ങിയത്. അറബി അക്കങ്ങളുടെ ഉപയോഗക്രമമായിരുന്നു, അവയിലൊന്ന്. ഹിന്ദുക്കളിൽനിന്ന് അറബികൾ അക്കങ്ങളുടെ ഉപയോഗക്രമം വശത്താക്കിയതേ ഉണ്ടായിരുന്നുള്ളു. അപ്പോൾ സത്യസന്ധതയോടെ അവരതിനെ 'ഹിന്ദു അക്കങ്ങൾ' എന്നു വിളിച്ചുവന്നു. ആ കടപ്പാട് കാണിക്കുവാൻ, അറബി ഭാഷയും ഹിബ്രുഭാഷയും വലത്തുനിന്ന് ഇടത്തോട്ട് എഴുതുമ്പോൾ അവയിലുപയോഗിക്കപ്പെടുന്ന അക്കങ്ങൾ ഇടത്തുനിന്ന് വലത്തോട്ടാണ് ഇന്നും എഴുതുന്നത്.

മസ്‌ലമയുടെ രണ്ടാമത്തെ വൈജ്ഞാനിക സമ്പാദ്യം ഒരു പേർഷ്യൻ പണ്ഡിതനായ ഖുവാരിസ്മി ക്രോഡീകരിച്ച ജ്യോതിശ്ശാസ്ത്ര പട്ടികയായിരുന്നു. മൂന്നാമതൊന്നുകൂടി അനുബന്ധമായി പറയേണ്ടതുണ്ട്. വളരെ ഉപയോഗപ്രദമായ ഒരു സർവ വിജ്ഞാനകോശം. 'ആത്മാർഥ സോദരർ' (Brother of Sincerity) എന്ന് സ്വയം വിളിച്ചിരുന്ന, 18-ാം നൂറ്റാണ്ടിൽ ജീവിച്ച ഫ്രഞ്ച് വിജ്ഞാനകോശ കർത്താക്കളോട് സാദൃശ്യമുള്ള ഒരുകൂട്ടം തത്ത്വചിന്തകരാണ് ആ വിജ്ഞാനകോശം ക്രോഡീകരിച്ചിരുന്നത്. ഈ സംരംഭം ചൈതന്യപൂർണമായ ഇസ്‌ലാമിക ലോകത്ത് അക്കാലത്ത് നടന്നുകൊണ്ടിരുന്ന ശാസ്ത്രീയാന്വേഷണങ്ങളിൽ ഫലപ്രദമായ സ്വാധീനം ചെലുത്തുകയുണ്ടായി.

## ഗണിതശാസ്ത്രം

വൈജ്ഞാനിക പുരോഗതിക്ക് യുക്തമായ ഈ ഉപകരണങ്ങൾ മനുഷ്യനാഗരികതക്ക് മുതൽക്കൂട്ടായി ഭവിച്ചു. അക്കങ്ങളുടെ ഉപയോഗക്രമം, അക്കാലത്ത് സ്പെയിനിലുണ്ടായിരുന്ന ഗർബർട്ട് എന്ന യുവ ഫ്രഞ്ച് വിദ്യാർഥി പഠിക്കുകയും, അതുവഴി പടിഞ്ഞാറൻ യൂറോപിനും, അറബികൾക്കുതന്നെയും സങ്കീർണമായ ഗണിതശാസ്ത്ര പ്രശ്നങ്ങൾ ഗ്രീക്കുകാരും റോമക്കാരും ഉപയോഗിച്ചിരുന്ന പ്രാകൃതമായ അബാകസ്* യന്ത്രത്തിന്റെ സഹായം കൂടാതെ തന്നെ പരിഹരിക്കാൻ സാധിക്കുകയും ചെയ്തു. പിന്നീട്, ഗർബർട്ട്, പോപ്പ്സിൽവസ്റ്റർ രണ്ടാമൻ ആയിത്തീർന്നപ്പോൾ ഈ പുതിയ അറിവ് കൂടുതൽ വ്യാപകമായി പ്രചരിപ്പിക്കാൻ അവസരം ലഭിച്ചു.

ഗ്രീക്കുകാർ സമതല ക്ഷേത്രഗണിതം (Plain Geometry) കണ്ടുപിടിച്ചപ്പോൾ അറബികൾ ത്രിമാനക്ഷേത്ര ഗണിത(Solid Geometry)വും ത്രികോണമിതി(Trigonometry)യുമായി മുന്നോട്ടുപോയി. അവർ ബീജഗണിത

* ഖുർആൻ വാക്യങ്ങൾ കലാപരമായി ആലേഖനം ചെയ്യുന്ന രീതി; മുഗള ഭരണകാലത്ത് പണിത ഉത്തരേന്ത്യൻ പള്ളികളിൽ ഇതിന് മാതൃകകളുണ്ട്. (വിവ.)

(Algebra)വും ഉപയോഗിച്ചു തുടങ്ങിയതോടെ അതിസങ്കീർണമായ കണക്കുകൂട്ടലുകൾപോലും സുഖകരമായിത്തീർന്നു. ആൽജിബ്ര എന്ന പദത്തിനർഥം, അക്കങ്ങളോ, അതുപോലുള്ള പ്രതീകങ്ങളോ ബ്രാക്കറ്റുകൾ (ജബർ)ക്കുള്ളിൽ വെക്കുകയെന്നാണ്. അങ്ങനെ ഗണിതശാസ്ത്രം പൂർവാധികം സങ്കീർണമായ പ്രശ്നങ്ങൾ കൈയാളാൻ കഴിവുറ്റതായി മാറി. ബീജഗണിതത്തിലുപയോഗിക്കുന്ന 'X' എന്ന പ്രതീകം 'വസ്തു' എന്നർഥംവരുന്ന 'ശൈഅ്' എന്ന അറബിപദത്തിന്റെ സ്പാനിഷ് ഭാഷയിലുപയോഗിക്കുന്ന സംക്ഷേപിത രൂപമാണ്. ഇംഗ്ലീഷിലുള്ള 'X' എന്ന അക്ഷരം മധ്യകാല സ്പാനിഷ് ഭാഷയിൽ 'ശ' എന്നാണ് ഉച്ചരിക്കപ്പെട്ടിരുന്നത്. തുടർന്ന് y, z തുടങ്ങിയ അക്ഷരങ്ങളും സ്വാഭാവികമായും ആൽജിബ്രയിലും ഉപയോഗിച്ചുതുടങ്ങി. നമ്മുടെ മനസ്സിൽ ഭാവനാരൂപങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം പ്രതീകങ്ങളുപയോഗിച്ച് മനുഷ്യചരിത്രത്തിന്റെ തന്നെ വലിയൊരുഭാഗം പറയാൻ കഴിയും. അങ്ങനെ, പടിഞ്ഞാറൻ യൂറോപ്പ് അതിന്റെ മധ്യകാലഘട്ടം തരണംചെയ്യാനുള്ള കഴിവ് ആർജിക്കുന്നതിനും പടിഞ്ഞാറൻ നവോത്ഥാനത്തിനും അഞ്ച് ശതാബ്ദങ്ങൾക്കു മുമ്പുതന്നെ സ്പെയിനിൽ ആധുനികശാസ്ത്രം പ്രയോഗക്ഷമമായിത്തീർന്നതായി കാണാം.

## ജ്യോതിശ്ശാസ്ത്രം

ഖുവാരിസ്മിയുടെ ജ്യോതിശ്ശാസ്ത്രപട്ടിക ഒരുപറ്റം മുസ്‌ലിം-ക്രിസ്ത്യൻ പണ്ഡിതന്മാർ സ്പെയിനിന്റെ ഭൂമിശാസ്ത്രത്തിനനുസരിച്ച് ക്രമപ്പെടുത്തി. വിവർത്തനത്തിന് ഒരു വിദ്യാലയം സ്ഥാപിക്കുന്നതിലാണ് ആ പണ്ഡിതന്മാരുടെ പ്രയത്നം പര്യവസാനിച്ചത്. കാസ്റ്റെലിലെ മഹാനായ രാജാവും പണ്ഡിതനുമായിരുന്ന അൽഫോൺസോ പത്താമന്റെ പിന്തുണയും ഇതിനുണ്ടായിരുന്നു. സ്പെയിനിലെ അക്കാലത്തെ കേന്ദ്രനഗരമായിരുന്ന ട്രോളഡോയിലെ ഉപയോഗത്തിനായി അൽഫോൺസോ രാജാവ് വീണ്ടും അതിൽ മാറ്റങ്ങൾ വരുത്തി. അതിലുള്ള പല നക്ഷത്രനാമങ്ങളും അറബിഭാഷയിലായിരുന്നു.

തങ്ങളുടെ ആഭ്യന്തര സുരക്ഷിതത്വം മാത്രം ലക്ഷ്യമാക്കാതെ, അറബികൾ പുലർത്തിയതുപോലെയും, അൽഫോൺസോ രാജാവ് പുലർത്താൻ ശ്രമിച്ചതുപോലെയും സ്പെയിനിന്റെ വടക്കുഭാഗത്തുനിന്നു വന്ന കാസ്റ്റിലിയൻ ആക്രമണകാരികൾക്ക് സഹിഷ്ണുത പുലർത്താൻ സാധിച്ചിരുന്നുവെങ്കിൽ ട്രോളഡോവിന്റെ രേഖാംശ(Longitude)ത്തെ ആസ്പദമാക്കി കൂടുതൽ ജ്യോതിശ്ശാസ്ത്രപരവും നാവികവുമായ നിരീക്ഷണങ്ങൾ നടത്താൻ കഴിഞ്ഞേനെ. അറബികളുടെത്തന്നെ മറ്റൊരു കണ്ടുപിടിത്തമായ അസ്ട്രോളബ്ൾ (Astrolable)* ആ നിരീക്ഷണങ്ങൾക്ക് ഒഴിച്ചുകൂടാത്തതായിരുന്നു. പക്ഷേ, ബ്രിട്ടീഷുകാർ ശാസ്ത്രീയ നേട്ടങ്ങളിൽ ഇതര

യൂറോപ്യൻ രാഷ്ട്രങ്ങളെ പിൻതള്ളിയപ്പോൾ അവർ അവരുടെ നാവിക യാത്രകളിലും ലോകസാമ്രാജ്യത്തിനുവേണ്ടിയുള്ള നെട്ടോട്ടത്തിലും ഗ്രീൻവിച്ച് രേഖാംശമാണ് ഉപയോഗിച്ചുവരുന്നത്.

അൽഫോൺസോ രാജാവിന്റെ കൊട്ടാരം മറ്റൊരു നിലയിൽകൂടി പ്രാധാന്യമർഹിക്കുന്നു. ഫ്ളോറന്റെ അംബാസഡറായി അവിടെ ബ്രൂണറ്റോ ലാറ്റിനി ഉണ്ടായിരുന്നു. രാജാവിന്റെ ഗവേഷണ സംബന്ധിയായ ചില കടലാസുകൾ അദ്ദേഹം ഇറ്റലിയിലേക്ക് കൊണ്ടുപോയി. അതുവഴി ഇസ്‌ലാമിന്റെ സ്വർഗ-നരക വിഭാവനകൾ ബ്രൂണറ്റോ ലാറ്റിനിയുടെ ശിഷ്യനായ ദാന്തെയുടെ 'ഡിവൈൻ കോമഡി'യിലും സ്ഥലം പിടിച്ചു. താൻ ജീവിച്ച കാലഘട്ടത്തിന്റെ ആവേശത്താൽ പ്രചോദിതനായി മുഹമ്മദ് നബിയെ നരകത്തിന്റെ അടിത്തട്ടുകളിലൊന്നിൽ നിക്ഷേപിച്ചുകളയുകയും ചെയ്തു, അദ്ദേഹം!

## പട്ടും കടലാസും വെടിമരുന്നും

ലോകത്തിലെ, ചൈതന്യവത്തും ചലനാത്മകവുമായ ഒരു സ്ഥാപനമായി ഇസ്‌ലാമിക സാമ്രാജ്യം പരിലസിച്ചിരുന്ന കാലത്ത്, ഗണിതശാസ്ത്രവും ജ്യോതിശ്ശാസ്ത്രവും മാത്രമായിരുന്നില്ല മുസ്‌ലിംകൾ കടന്നുചെന്ന ശാസ്ത്രമേഖലകൾ. അറ്റ്ലാൻറിക്കിന്റെ തീരപ്രദേശത്ത് സ്ഥിതിചെയ്യുന്ന മൊറോക്കോയിൽനിന്നും സ്പെയിനിൽനിന്നും ആരംഭിച്ച് പേർഷ്യ, മധ്യേഷ്യ, അനാത്വൂലിയയിലെ തുർക്കി പ്രദേശങ്ങൾ തുടങ്ങി ഒരു ഡസനോളം അറബ് നാടുകളിലൂടെ കടന്ന്, ഇന്തോനേഷ്യയിലൂടെയും ചൈനയുടെ അതിർത്തി പ്രദേശങ്ങളിലൂടെയും വടക്കേ ഇന്ത്യയോളവും ബംഗ്ലാദേശോളവും അതു വ്യാപിച്ചുകിടന്നു. തന്മൂലം രണ്ട് സുപ്രധാന ചൈനീസ് ഉൽപന്നങ്ങളായ കടലാസും പട്ടും, പട്ടുപാതയെന്നറിയപ്പെടുന്ന വൻമതിലിനപ്പുറത്തുള്ള ദീർഘമായ വഴിയിലൂടെ പടിഞ്ഞാറോട്ടും അവിടെനിന്ന് മധ്യധരണ്യാഴിയുടെ മുഴുവൻ നീളവും തരണംചെയ്ത് സ്പെയിനിലേക്കും കൊണ്ടുപോയി. ഇതേ പാതയിലൂടെ മാർക്കോപോളോ കിഴക്കോട്ട് പോകുന്നതിന് ചുരുങ്ങിയത് മൂന്നു നൂറ്റാണ്ടു മുമ്പാണ് ഇതുണ്ടായതെന്നത് പ്രത്യേകം സ്മരണീയമാണ്. കേവലം കച്ചവടച്ചരക്കുകളായല്ല, മറിച്ച് വൻതോതിൽ ഉൽപാദിപ്പിക്കാനുതകുന്ന പദ്ധതികളായാണ് പട്ടും കടലാസും ഐബീരിയൻ ഉപദ്വീപിൽ പരിചയപ്പെടുത്തപ്പെട്ടതും! പഴന്തുണികളിൽനിന്നും, കിഴക്കൻ സ്പെയിനിലെ വാലൻഷ്യയുടെ പരിസരപ്രദേശങ്ങളിൽ സുലഭമായിരുന്ന ഒരുതരം ബലമേറിയ പുൽച്ചെടിയിൽനിന്നുമായിരുന്നു അക്കാലത്ത് കടലാസ് നിർമിച്ചിരുന്നത്. അതേയവസരത്തിൽ തെക്കുകിഴക്കൻ സ്പെയിനിലെ കുന്നിൻപ്രദേശങ്ങളിലെ, ഗ്രാനഡക്കു ചുറ്റുമുള്ള നദീതടങ്ങളിൽ പട്ടുനൂൽപ്പുഴുക്കൾക്ക് ഭക്ഷണം നൽകാൻ മൾബറി ചെടികൾ കൃഷിചെയ്തിരുന്നു.

* സ്പാനിഷിലെ 'യ' ശബ്ദമാണ് ഇംഗ്ലീഷിലെ 'ജെ'ക്കുള്ളത്.

സ്പെയിനിന്റെ വടക്കുഭാഗങ്ങളിലേക്കുള്ള പാതകൾ അത്യന്തം ദുർഗമങ്ങളായിരുന്നില്ലെങ്കിൽ പാരീസിലെ പെണ്ണുങ്ങൾ നൂറ്റാണ്ടുകൾക്കുമുമ്പു തന്നെ പട്ടുകാലുറകളും പട്ടുടുപ്പുകളും അണിഞ്ഞേനെ.

എടുത്തുപറയേണ്ടുന്ന മറ്റൊരു ചൈനീസ് ഉൽപന്നം വെടിമരുന്നാണ്. മുകളിൽ സൂചിപ്പിച്ച പാതയിലൂടെ വെടിമരുന്ന് യൂറോപ്പിലേക്ക് കടന്നുവന്നത് പിന്നീടാണ്. ഗ്രാനഡക്കെതിരെയുള്ള യുദ്ധത്തിൽ വെടിമരുന്ന് ആദ്യംതന്നെ സ്പെയിനിലുപയോഗിക്കപ്പെടുകയുണ്ടായി.

## യൂണിവേഴ്സിറ്റികൾ

അറ്റ്ലാന്റിക് മുതൽ മധ്യേഷ്യവരെ നീണ്ടുകിടക്കുന്ന വിശാലമായ ഭൂവിഭാഗത്തിലെ എല്ലാ പട്ടണങ്ങളിലും പണ്ഡിതന്മാരെ കാണാമായിരുന്നു. മിക്കവാറും എല്ലാ പട്ടണങ്ങളിലും ഒന്നാംതരം കലാലയങ്ങളും പ്രവർത്തിച്ചിരുന്നു. നേരത്തേ സൂചിപ്പിച്ചപോലെ സ്പെയിനിൽനിന്നും വടക്കൻ ആഫ്രിക്കയിൽനിന്നും കഴിവുറ്റ വിദ്യാർഥികൾ ഉന്നതപഠനാർഥം കിഴക്കോട്ട് പോയിക്കൊണ്ടിരുന്നു. അവർ കൊർദോവയിലും സെവില്ലയിലും ഗ്രാനഡയിലും ഉന്നത കലാലയങ്ങൾ സ്ഥാപിച്ചു. അവർ വളർത്തിയെടുത്ത ജാമിഅകളും മദ്റസകളും കുല്ലിയ്യകളും ആണ് 'പഠനത്തിനു വേണ്ടി എല്ലാം ശേഖരിച്ച സ്ഥലം' എന്നർഥംവരുന്ന 'യൂണിവേഴ്സിറ്റി' എന്ന പദം യൂറോപ്പിന് നൽകിയത്. ഗ്രീക്ക്-ലാറ്റിൻ ഭാഷകളിൽ ഇതിനു പയോഗിച്ചിരുന്നത് ലീസിയം (Lyceum), അക്കാദമി (Academy) തുടങ്ങിയ പദങ്ങളായിരുന്നു. ഫ്രഞ്ച്-സ്പാനിഷ് യൂണിവേഴ്സിറ്റികൾ നൽകിവരുന്ന 'ലൈസൻസ്' (Licence) അഥവാ ലീസൻഷ്യാട്ടുറ (Licenciatura) എന്ന ബിരുദം 'ഇജാസ' എന്ന അറബി പദത്തിന്റെ വിവർത്തിത രൂപമാണ്. വിദ്യാർഥി പഠിച്ചുകഴിഞ്ഞ വിഷയങ്ങൾ പഠിപ്പിക്കാൻ പ്രൊഫസർമാർ നൽകുന്ന അനുവാദം അഥവാ ലൈസൻസ് എന്നാണ് 'ഇജാസ' എന്ന പദത്തിന്റെ അർഥം.

വടക്കേ ആഫ്രിക്കയിലും സ്പെയിനിലും ഇത്തരം പുതിയ വിദ്യാലയങ്ങൾ ധാരാളമുണ്ടായിരുന്നു. ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും പഴയ യൂണിവേഴ്സിറ്റി ഇറ്റലിയിലെ ബൊളോണിയയിലല്ല, മറിച്ച് മൊറോക്കോയിലെ ഫാസ് നഗരത്തിലാണ് - ഖറവിയ്യീൻ യൂണിവേഴ്സിറ്റി. ഖൈറവാനിലെ ധർമിഷ്ഠകളായ രണ്ട് തുനീഷ്യൻ സഹോദരിമാരാണ് ഈ യൂണിവേഴ്സിറ്റി സ്ഥാപിച്ചത്. അത് ക്രിസ്തുവർഷം 859-ൽ ആയിരുന്നു. ഖൈറവാൻ അന്ന്, തുനീഷ്യയുടെ തലസ്ഥാനമായിരുന്നു. ആ വനിതകളുടെ ജന്മനാടിന്റെ പേരാണ് യൂണിവേഴ്സിറ്റിക്കു നൽകിയിരുന്നത്. യൂണിവേഴ്സിറ്റിക്കു ചുറ്റും നിർമിച്ചിരുന്ന മനോഹരമായ ഹോസ്റ്റൽ കെട്ടിടങ്ങൾ ഇന്നും കാണാം. മൊറോക്കൻ ഭരണകൂടം അവക്ക് സംരക്ഷണം നൽകിവരുന്നു. ഈ മാതൃകയിൽ പടിഞ്ഞാറൻ ആഫ്രിക്കയിലുള്ള മറ്റൊരു സർവകലാശാലയാണ്

തിംബുക്തു(Timbuktu).

ഗർബർട്ടിനെപ്പോലെ ബിരുദധാരികളായ അനേകം വിദ്യാർഥികൾ പടിഞ്ഞാറൻ യൂറോപ്പിൽനിന്ന് സ്പെയിനിലേക്ക് വരുക പതിവായിരുന്നു. സ്കോട്ട്ലന്റുകാരനായ മൈക്കൽസ്കോട്ട് അവരിലൊരാളാണ്. ജർമൻകാരനായ ഹെർമൻ, ഡാൽമിഷ്യക്കാരനായ ഹെർമൻ (Hermon the Dalmetian) എന്നിവർ ജർമനിയിൽനിന്നും അഡ്രിയാറ്റിക്കിൽ നിന്നും വന്നവരായിരുന്നു. തിവോലിയിലെ പ്ലാറ്റോ (Plato of Tivoli), ക്രിമോണയിലെ ജറാർഡ് (Gerard iof Cremona) തുടങ്ങിയവർ ഇറ്റലിക്കാരായിരുന്നു. വ്യക്തികളെക്കാളേറെ അവരുടെ നാടിന്റെ പേരുകൾ എടുത്തുപറയുകയാണ് ഇവിടെ ഉദ്ദേശ്യം. ഇസ്ലാമിക് സ്പെയിൻ അതിന്റെ പ്രഭാവകാലത്ത് പാശ്ചാത്യ ലോകത്തെ എത്രത്തോളം ആകർഷിച്ചുവെന്ന് ഇത് കാണിക്കുന്നു.

## തത്ത്വചിന്ത

മാഡ്രിഡ്കാരനായ മസ്ലമയുടെ കാലശേഷം, ഒന്നര നൂറ്റാണ്ട് കഴിഞ്ഞില്ല, ഇബ്നുതുഫൈൽ എന്ന മറ്റൊരു മുസ്ലിം പണ്ഡിതൻ ഹയ്യുബ്നു യഖ്ളാൻ* എന്ന ഒരു ഗ്രന്ഥം രചിച്ചു. 'സ്വയം പഠിച്ച തത്ത്വജ്ഞാനി' എന്നാണ് ഈ ഗ്രന്ഥത്തെക്കുറിച്ച് കേൾക്കാനിടയായ യൂറോപ്യരുടെ ഇടയിൽ അതറിയപ്പെടുന്നത്. മനുഷ്യവിജ്ഞാനങ്ങളുടെ മൗലിക ഘടകങ്ങളുടെ അപഗ്രഥനമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. അതോടൊപ്പം ആധുനിക നോവൽ സാഹിത്യം രംഗത്തുവരുന്നതിന് എത്രയോ മുമ്പ് വിരചിതമായ ഈ ഗ്രന്ഥം *റോബിൻസൺ ക്രൂസോ*വിന്റെ മുന്നോടികൂടിയാണ്. കാരണം കലാസുഭഗതയാർന്ന കഥാകഥനരൂപത്തിലാണ് അത് വിരചിതമായിരിക്കുന്നത്. ഒരു മരുഭൂമിയിലാണ് അതിലെ നായകൻ വളർന്നുവന്നത്. എല്ലാ കാര്യങ്ങളും അയാൾ സ്വയത്നംമൂലം അഭ്യസിക്കുന്നു. നാൽപത്തൊമ്പത് വയസ്സ് പ്രായമായപ്പോഴേക്കും അയാൾ പ്രകൃതിയെയും തന്റെ ചുറ്റുമുള്ള ലോകത്തെയും സ്വയം അപഗ്രഥിച്ചു സർവ വിജ്ഞാനങ്ങളിലും അവഗാഹം നേടിക്കഴിഞ്ഞിരുന്നു.

അഞ്ചുനൂറ്റാണ്ടുകൾക്കുശേഷം ഫ്രഞ്ച് ഗണിതശാസ്ത്രജ്ഞനായ റീൻ ഡെസ്കാർട്ട്സ് (Rene Descartes) ഏറക്കുറെ അതേ വസ്തുതകൾതന്നെ അത്രയൊന്നും കലാമേന്മയില്ലാതെ പ്രതിപാദിച്ചു. എന്നിട്ടും അപ്പോഴേക്കും ക്ഷയോന്മുഖമായിക്കഴിഞ്ഞിരുന്ന, ഉത്തമമധ്യകാലഘട്ടത്തിലെ തത്ത്വചിന്തക്കെതിരെ വെല്ലുവിളികളുയർത്തിയ പണ്ഡിതനെന്ന നിലയിൽ ഡെസ്കാർട്ട്സ് പ്രസിദ്ധനായിത്തീരുകയുണ്ടായി. ഇബ്നുതുഫൈൽ, മാതൃഭൂമിയിലും, താൻ മൊറോക്കോ രാജാവിന്റെ കൊട്ടാരഭിഷഗ്വരനും മന്ത്രിയുമായി സേവനമനുഷ്ഠിച്ച വടക്കൻ ആഫ്രിക്കയിലും, എക്കാലത്തും അദ്ദേഹത്തെ സ്മരിക്കാൻ കടപ്പെട്ട അറബ് -ഇസ്ലാമികലോകത്തും വിസ്മരിക്കപ്പെട്ടുകഴിഞ്ഞിരിക്കെ, ഡെസ്കാർട്ട്സ് ആധുനിക തത്ത്വചിന്തക്ക് വഴികാണിച്ചവരിലൊരാളായി ഇപ്പോഴും ഗണിക്ക

പ്പെടുന്നു.

എന്നിരുന്നാലും പടിഞ്ഞാറൻ യൂറോപ്പിലെ ബുദ്ധിജീവികൾ, വിശേഷിച്ചും പുതുതായി ഉയർന്നുവന്നുകൊണ്ടിരുന്ന പാരീസ്, ഓക്സ്ഫോർഡ് തുടങ്ങിയ സർവകലാശാലകൾ ഇബ്നു ത്വുഫൈലിന്റെ ജീവിതകാലം കഴിഞ്ഞ് ദശാബ്ദങ്ങൾക്കകം 'സ്വയം പഠിച്ച തത്ത്വജ്ഞാനി'യെപ്പോലുള്ള കൃതികൾ തെരഞ്ഞുപിടിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ (ഗുരുവിനെക്കാൾ പ്രസിദ്ധനായ) ശിഷ്യൻ, ഇബ്നുറുശ്ദി('അവറോസ്' എന്നാണ് ആ നാമം പാശ്ചാത്യവത്കരിക്കപ്പെട്ടിരിക്കുന്നത്)ന്റെ കൃതികൾ അവരുടെ സവിശേഷമായ പഠനത്തിന് വിഷയീഭവിക്കുകയുണ്ടായി. പൗരാണിക ഗ്രീക്ക് തത്ത്വചിന്തകനായ അരിസ്റ്റോട്ടലിന്റെ കൃതിയാണ് ഇബ്നുറുശ്ദിന്റെ പ്രത്യേക പഠനത്തിന് വിധേയമായത്. അറബിനാടുകളിലെ യൂണിവേഴ്സിറ്റികളുടെ ഉപയോഗത്തിനായി അദ്ദേഹം അവ പുനഃക്രോഡീകരിക്കുകയുണ്ടായി. അധികം താമസിയാതെ, പടിഞ്ഞാറൻ യൂറോപ്പിൽ ഉയർന്നുവന്നുകൊണ്ടിരുന്ന പുതിയ വിദ്യാലയങ്ങളും, തോമസ് അക്വിനാസി(Thomas Aquinas) നെപ്പോലുള്ള പുതിയ തത്ത്വചിന്തകരും അവയുടെ ഇറ്റാലിയൻ പരിഭാഷ ഉപയോഗിച്ചുതുടങ്ങി. തോമസ് അക്വിനാസിന്റെ *Summa Contra Gentiles* എന്ന കൃതി, ഈ സ്പാനിഷ് മുസ്‌ലിം പണ്ഡിതൻ ഉന്നയിച്ചിട്ടുള്ള ചില പ്രശ്നങ്ങൾക്ക് കത്തോലിക്കൻ വീക്ഷണത്തിലൂടെ മറുപടി പറയാനുള്ള ശ്രമമാണ്. 'summa' എന്ന പദത്തിന് മുഴുവൻ എന്നാണർഥം. അരിസ്റ്റോട്ടലിന്റെ മുഴുവൻ കൃതികളുടെയും സമാഹാരത്തിന് ഇബ്നുറുശ്ദ് നൽകിയിട്ടുള്ള നാമമായ 'ജാമിഅ' എന്ന അറബി പദത്തിന്റെ അർഥവും അതുതന്നെ. ഇതിനുപുറമെ രണ്ട് പഠനങ്ങൾകൂടി അദ്ദേഹം ക്രോഡീകരിക്കുകയുണ്ടായി. സാധാരണ വായനക്കാരെ ഉദ്ദേശിച്ചുകൊണ്ട് ഒന്നും, ഉന്നതപഠനം നടത്തുന്ന വിദ്യാർഥികൾക്കായി വിശദവ്യാഖ്യാനങ്ങളോടുകൂടി മറ്റൊന്നും. കിഴക്കുനിന്ന് പടിഞ്ഞാറോട്ടുള്ള വൈജ്ഞാനിക പ്രവാഹത്തിന്റെ പാതയിൽ ഇബ്നുറുശ്ദിന്റെ വ്യക്തിത്വം തെളിഞ്ഞുകാണാം.

## അൽഗൈബ്

അങ്ങനെ മുസ്‌ലിം ചിന്തകർ വരച്ചുകാണിച്ച മാതൃകകൾ പിന്തുടർന്നുകൊണ്ട് നവോത്ഥാന യൂറോപ്പിൽ തത്ത്വചിന്ത സാവധാനം ചൈതന്യമാർജിച്ചുകൊണ്ടിരുന്നു. ഈ അന്വേഷണ തൃഷ്ണയാണ് ആധുനിക യുഗത്തിന് ജന്മമേകിയത്. നാം നേരത്തേ സൂചിപ്പിച്ചതുപോലെ അനുമാനങ്ങളിലധിഷ്ഠിതമായ യുക്തിചിന്ത ഗണിതശാസ്ത്രത്തിന്റെ അടിത്തറകളിലാണ് നിലയുറപ്പിക്കുന്നത്. കുറച്ചുകൂടി മുന്നോട്ടുപോയാൽ കാണാം; ഇസ്‌ലാമിക ദർശനത്തിന്റെ അദൃശ്യവിഭാവന-അൽഗൈബ്-യിൽ നിന്നാണ് തത്ത്വചിന്ത ഉരുത്തിരിഞ്ഞതെന്ന്. ഇസ്‌ലാമിന്റെ ആ വിഭാവന ഖുർആനിലുടനീളം ഒരു വെല്ലുവിളിയെന്നോണം പരന്നുകിടക്കുന്നു.

"അദൃശ്യത്തിന്റെ താക്കോലുകൾ അവന്റെ പക്കലാകുന്നു. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് എല്ലാം അവനറിയുന്നു. അവനറിയാതെ ഒരിലയെങ്കിലും കൊഴിയുന്നില്ല. മണ്ണിന്റെ ഇരുണ്ട മറകളിലിരിക്കുന്ന ഒരു ധാന്യമണിയും പച്ചയോ ഉണങ്ങിയതോ ആയ ഒരു വസ്തുവും തന്നെ വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെടാതെയില്ല"(ഖു. 6:59). ഖുർആൻ തുടരുന്നു: "ഇവ നാം നിനക്കു ബോധനം നൽകുന്ന അദൃശ്യവൃത്താന്തങ്ങളാണ്. നിനക്കോ നിന്റെ സമുദായത്തിനോ അതിനുമുമ്പ് ഇതെപ്പറ്റി അറിവുണ്ടായിരുന്നില്ല." (ഖു. 11:49)

അന്വേഷണതൃഷ്ണ ഗവേഷണത്തിനും കലാശാലാ പഠനത്തിനും വഴിതെളിയിച്ചു. മസ്‌ലമതുൽ മജ്‌രിദി പഠനം നടത്തിയ ഇറാഖിലെ കൂഫയിലും ബസ്റയിലുമാണ് ഈ അന്വേഷണ സംരംഭം ആദ്യമായി ഉടലെടുത്തത്. പിന്നീടത് ഇസ്‌ലാമിക ലോകത്തുടനീളം വ്യാപിക്കുകയും യൂറോപ്പിന്റെ നവോത്ഥാനത്തിന് വഴിയൊരുക്കുകയും ചെയ്തു.

## തത്ത്വചിന്തകർ

ഇസ്‌ലാമിന് തലയെടുപ്പുള്ള മൂന്ന് തത്ത്വചിന്തകരുണ്ട്. തെക്കൻ ഇറാഖിലെ പുരാതന കിൻദയിൽ നിന്ന് വന്ന അറബിയായ അൽകിൻദി. ഗ്രീക്കുകാരിലായിരുന്നു അദ്ദേഹത്തിന് താൽപര്യം. വിദൂര മധ്യപൂർവ ദേശത്തുനിന്ന് വരുന്ന തുർക്കിക്കാരനായ അൽഫാറാബി. രാഷ്ട്ര മീമാംസകനും പ്രകൃതിശാസ്ത്രത്തിൽ തൽപരനും സംഗീതജ്ഞനുമായിരുന്നു ഫാറാബി. മൂന്നാമത്തെ ആൾ പാശ്ചാത്യർ 'അവിസെന്ന' എന്നു വിളിക്കുന്ന ഇബ്നുസീനാ. പേർഷ്യക്കാരനായ ഇബ്നുസീന തത്ത്വചിന്തയുടെയും വൈദ്യശാസ്ത്രത്തിന്റെയും വിജയകരമായ സമന്വയം സാധിച്ച തത്ത്വചിന്തകനത്രെ. പാശ്ചാത്യലോകം മധ്യകാലമാന്ദ്യത്തിൽത്തന്നെ മുങ്ങിക്കിടക്കവേ ഈ ചിന്തകന്മാർ യവന-ഭാരതീയ ചിന്താധാരകൾ അന്വേഷിച്ചറിഞ്ഞ് അവയെ തങ്ങളുടേതായ വീക്ഷണമനുസരിച്ച് സമന്വയിപ്പിച്ചു. ധാരാളം ശിഷ്യഗണങ്ങളുണ്ടായിരുന്നു അവർക്ക്. ഇബ്നുസീനായുടെ വൈദ്യശാസ്ത്ര നിയമാവലി(Canon of Medicine)യുടെ ലാറ്റിൻ വിവർത്തനം പടിഞ്ഞാറൻ സർവകലാശാലകളിൽ കഴിഞ്ഞ നൂറ്റാ

ടി.ബി. ഇർവിംഗ്: കാനഡയിലെ ക്രൈസ്തവ കുടുംബത്തിൽ 1914-ൽ ജനനം. അരനൂറ്റാണ്ട് മുമ്പ് ഇസ്‌ലാം സ്വീകരിച്ചു. വിശുദ്ധ ഖുർആന്റെ അമേരിക്കൻ ഇംഗ്ലീഷ് പരിഭാഷയടക്കം ധാരാളം ഗ്രന്ഥങ്ങളുടെ കർത്താവ്. വിവിധ സർവകലാശാലകളിൽ വിസിറ്റിംഗ് പ്രൊഫസറായും ടനസീ യൂനിവേർസിറ്റിയിൽ സ്പാനിഷ് ഭാഷാ പ്രൊഫസറായും ജോലി ചെയ്ത അദ്ദേഹത്തിന്റെ യഥാർഥ നാമം തഅ്ലീം അലിയെന്നാണ്.

## ഇബ്നു ഖൽദൂൻ

ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഇസ്‌ലാമിക ചിന്തകൻ ഇബ്നു ഖൽദൂൻ ആണെന്ന് പറയാം. മനുഷ്യനാഗരികതയുടെയും മാനവചരിത്രത്തിന്റെയും തത്ത്വശാസ്ത്രങ്ങളെക്കുറിച്ച് പഠിച്ച് താനെത്തിച്ചേർന്ന നിഗമനങ്ങൾ, *ചരിത്രശാസ്ത്രത്തിനൊരു മുഖവുര* എന്ന വിശ്വവിഖ്യാതമായ തന്റെ ഗ്രന്ഥത്തിൽ അദ്ദേഹം പ്രകാശിപ്പിച്ചു. തുനീഷ്യയിൽ ഇന്നു നിലനിൽക്കുന്ന സൈതൂനാ യൂണിവേഴ്സിറ്റിയുടെ സ്ഥിരോത്സാഹിയായ ഈ സന്തതി, എഡ്വേർഡ് ഗിബ്ബൺ *റോമൻ സാമ്രാജ്യത്തിന്റെ ഉത്ഥാന പതനങ്ങൾ* എന്ന ഗ്രന്ഥമെഴുതുന്നതിന് എത്രയോ മുമ്പുതന്നെ, മനുഷ്യനാഗരികതയുടെ ഉൽക്കർഷാപകർഷങ്ങൾ നിരീക്ഷിച്ച് പഠിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മനുഷ്യനാഗരികതയെക്കുറിച്ച *പുനരാവർത്തന സിദ്ധാന്തം*(Cyclic Theory) ഈ നൂറ്റാണ്ടിൽ തദ്വിഷയകമായി പറയുന്ന സ്പെങ്ക്ളറുടേതിനും ടോയൻബിയുടേതിനും തുല്യമാണ്. ഈ വിഷയത്തെക്കുറിച്ച് സുപ്രധാനമായ ഗവേഷണത്തിൽ മുഴുകിയിരിക്കെ, മൂന്നു വൻകരകളിലെ പ്രശസ്തരായ ഭരണാധികാരികളുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തുകയുണ്ടായി. സെവില്ല നഗരത്തിലെ പീറ്റർ രാജാവ്, മധ്യേഷൻ ജേതാവ്, താമർ ലൈൻ തുടങ്ങിയവർ അക്കൂട്ടത്തിൽപ്പെടുന്നു.

## ഭൂമിശാസ്ത്രം

ഭൂമിശാസ്ത്രപരമായി ഇസ്‌ലാമിക ലോകത്തിന് ലഭിച്ചിരുന്ന അറിവ് മധ്യകാലഘട്ടത്തിന്റേതല്ല. മറിച്ച് കൊളംബസിന് വളരെ മുമ്പുതന്നെ അത് ടോളമിയുടെ 'ഉരുണ്ട ഭൂമി' എന്ന ആശയത്തിലധിഷ്ഠിതമായിരുന്നു. വ്യാപകമായ അന്താരാഷ്ട്ര വ്യാപാര ബന്ധങ്ങളിലൂടെയും, അക്കാലത്തുതന്നെ അദ്ഭുതകരമാംവിധം ഒരു കോസ്മോ പോളിറ്റൻ നഗരമായിത്തീർന്നിരുന്ന മക്കയിൽ വെച്ച് പരസ്പരം ജീവിതാനുഭവങ്ങൾ കൈമാറുന്നതിൽ ശുഷ്കാന്തി കാണിച്ചിരുന്ന ഹജ്ജ് തീർഥാടകരിലൂടെയും നേടിയ പ്രായോഗിക പരിജ്ഞാനത്തിലും അധിഷ്ഠിതമായിരുന്നു, അത്. ഏതായാലും അറബികൾ തങ്ങളുടെ സമകാലികരും ജ്യോതിശ്ശാസ്ത്രത്തിൽ തുല്യ വിദഗ്ധരുമായ മധ്യ അമേരിക്കയിലെ മായകളെപ്പോലെ, ഒരു ദൂരദർശിനിയുടെ സഹായമില്ലാതെയാണ് പഠന നിരീക്ഷണം നടത്തിയിരുന്നത്.

## ഇദ്‌രീസി

12-ാം നൂറ്റാണ്ടിൽ നോർമൻ സിസിലിയിൽ പഠനം നടത്തിയിരുന്ന മൊറോക്കോകാരനായ ഭൂമിശാസ്ത്രജ്ഞനായിരുന്നു ഇദ്‌രീസി. അദ്ദേഹം സിസിലിയിലായിരിക്കെ അക്കാലത്ത് അറിയപ്പെട്ടിരുന്ന ലോകത്തിന്റെ ഒരു ഭൂപടം തയ്യാറാക്കുകയുണ്ടായി. മെഡിറ്ററേനിയന് സമീപത്താണ് അദ്ദേഹം ജീവിച്ചിരുന്നതെങ്കിലും ഇന്ത്യാസമുദ്രത്തെക്കുറിച്ച അദ്ദേഹത്തിന്റെ പരിജ്ഞാനം അസാധാരണമായിരുന്നു. ലിബ്സൻ-ഇന്നത്തെ

പോർച്ചുഗൽക്കാരായ ഏതാനും മുസ്‌ലിം യുവാക്കൾ അറ്റ്‌ലാന്റിക് സമുദ്രത്തിൽ വിദൂരദിക്കിൽ സ്ഥിതിചെയ്യുന്ന ഒരു 'ഷിപ്പ് ഐലന്റി'ലേക്ക് നാവിക യാത്ര നടത്തിയതിനെക്കുറിച്ച് ഇദ്‌രീസി പ്രതിപാദിക്കുന്നുണ്ട്. അത് കനാറീസോ, ആന്റിലസോ ആയിരിക്കണം.

കൊളംബസ് അമേരിക്ക കണ്ടുപിടിക്കുന്നതിന് മൂന്നു നൂറ്റാണ്ടു മുമ്പു തന്നെ അറ്റ്‌ലാന്റിക് സമുദ്രത്തിൽ നാവികയാത്ര നടന്നിരുന്നുവെന്ന് ഈ പ്രതിപാദനം കാണിക്കുന്നു. യുക്താൻ (Yukatan) ഉപദ്വീപിലെ ചിചൻസാ (Chichen-Tza)യിൽ കാണപ്പെടുന്ന ഛായാചിത്രങ്ങൾ, 11-ാം നൂറ്റാണ്ടിന്റെ മുമ്പുതന്നെ മെക്സിക്കോയിലെ പ്രസ്തുത പ്രദേശത്ത് ഇളംനിറവും പച്ചക്കണ്ണുമുള്ള നാവികർ വന്നതായി വ്യക്തമാക്കുന്നുണ്ട്. സ്പെയിനിന്റെയും വടക്കൻ ആഫ്രിക്കയുടെയും പടിഞ്ഞാറോട്ടു നാവിക യാത്രകളുണ്ടായിട്ടുണ്ടെന്ന് ചില ചൈനീസ് രേഖകളിൽ പോലും പറയുന്നു. 'അഡ്മിറൽ', 'ആർസണൽ' തുടങ്ങിയ പ്രയോഗങ്ങൾ അറബിഭാഷയുടേതാണെന്നു കൂടി ഇവിടെ പ്രസ്താവിക്കേണ്ടതുണ്ട്. 'മാഗസിൻ' എന്ന പദം 'മഖ്സൻ' എന്ന അറബിപദത്തിൽ നിന്നാണ് രൂപംകൊണ്ടത്. 'വല്ലതും സൂക്ഷിക്കുന്ന സ്ഥലം' എന്നാണ് അറബി ഭാഷയിൽ അതിനർഥം. നമ്മുടെ സാധാരണ മാഗസിനുകൾ വായനക്കാർക്കു വേണ്ടി ലേഖനങ്ങളും മറ്റും സൂക്ഷിച്ചുവെക്കുകയാണല്ലോ ചെയ്യുന്നത്. അതിന്റെ സ്പാനിഷ് രൂപമായ അൽമാസിൻ (Almacen) എന്ന പദത്തിനർഥം പീടിക, സ്റ്റോർ എന്നെല്ലാമാണ്.

## സസ്യശാസ്ത്രവും പ്രകൃതിശാസ്ത്രവും

മുഖ്യമായും ഔഷധനിർമാണമുദ്ദേശിച്ചാണ് സസ്യശാസ്ത്രം വളർത്തപ്പെട്ടത്. വാഷിംഗ്ടണിലെ ഫ്രിയർ ഗാലറി(Freer Gallery)യിൽ അറബികളുടേയും പേർഷ്യക്കാരുടേതുമായ സസ്യശാസ്ത്രസംബന്ധിയായ ഏതാനും ചിത്രങ്ങളുടെ മനോഹരമായ മാതൃകകളുണ്ട്. ഗണിതശാസ്ത്രവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രകൃതിശാസ്ത്രം മുസ്‌ലിം ചിന്തകനായിരുന്ന കിൻദിയെ ഹഠാദാകർഷിക്കുകയുണ്ടായി. ഡച്ചുകാർ ദൂരദർശിനി കണ്ടുപിടിക്കുന്നതിനുമുമ്പുതന്നെ, അതിന്റെ സഹായമില്ലാതെ അറബികൾ വാന നിരീക്ഷണം നടത്തിയിരുന്ന കാര്യം നേരത്തേ സൂചിപ്പിച്ചുവല്ലോ. അറബികളുടെ പ്രകൃതിപഠനത്തെ ആസ്പദമാക്കിയാണ് ജ്യോതിശ്ശാസ്ത്രപരമായ പഠനങ്ങൾ നടന്നുവന്നത്.

### കല

മനുഷ്യരുടെയോ തിര്യക്കുകളുടെയോ പ്രതിരൂപങ്ങൾ നിർമിക്കുന്നത്, അവ ആരാധനാമൂർത്തികളാകാതിരിക്കാനുള്ള ഒരു മുൻകരുതലെന്ന നിലയിൽ ഇസ്‌ലാം നിരുത്സാഹപ്പെടുത്തുന്നു. അതിനാൽ ഇസ്‌ലാമിലെ ചിത്രകല മിക്കവാറും ജ്യാമിതീയ രൂപങ്ങളെ അടിസ്ഥാന

മാക്കിയുള്ളതാണ്. തദ്വാരാ, ഇതര മതങ്ങളിലെ ദർശനങ്ങളിലെപ്പോലെ മൂർത്തരൂപങ്ങളെ ദൃഷ്ടിഗോചരമാക്കാതെ, അത് നയനമസ്തിഷ്കങ്ങളെ അമൂർത്തമായ ആശയങ്ങളിലേക്കു നയിക്കുന്നു. ദൈവത്തെ അവന്റെ മുഴുവൻ പരിശുദ്ധിയോടും ലാളിത്യത്തോടുംകൂടി ആരാധിക്കാൻ ഇത് സഹായകമായിത്തീരുന്നു. അലങ്കാരങ്ങളിൽ ഈ ശൈലിയുടെ പ്രയോഗവത്കരണത്തിനു ഒരു മാധ്യമമായാണ് കാലിഗ്രഫി* രൂപംകൊണ്ടത്. കാരണം അത് ദിവ്യവചനങ്ങളെക്കുറിച്ച് വീണ്ടും വീണ്ടും ചിന്തിക്കാനുള്ള പ്രേരണ നൽകുന്നു. പക്ഷേ, ഇസ്‌ലാമിക കലാരൂപങ്ങൾ-വിശേഷിച്ചും പള്ളികളിലുള്ളവ- മൊത്തത്തിൽ മൂർത്തങ്ങളാകയാൽ ഇന്ത്യ, പേർഷ്യ തുടങ്ങിയ രാജ്യങ്ങളിലെ ജനങ്ങളുടെ ആവേശം അവരെ വിവിധരൂപങ്ങളിൽ നൂറ്റാണ്ടുകളായി പുഷ്ടിപ്രാപിച്ചുവന്ന പെയിന്റിംഗുകളിലെത്തിച്ചു. ഇതിൽ പാലിക്കപ്പെട്ടിരുന്ന സർവാംഗീകൃതമായ ഏകപരിധി മുഹമ്മദ് നബിയെയും സൃഷ്ടികർത്താവിനെയും ഛായാചിത്രങ്ങളിലൂടെ പ്രതിനിധീകരിച്ചുകൂടാ എന്നതുമാത്രമാണ്!

## ശിൽപകല

മൊറോക്കോ മുതൽ കിഴക്ക് ഇന്ത്യവരെയുള്ള ഇസ്‌ലാമിക ലോകത്തെ കെട്ടിടങ്ങളുടെ നിലത്തും, ചുമരുകളിലും ഇഷ്ടികകൾ പതിച്ചിരിക്കുന്നത് കാണാം. അറ്റ്‌ലാന്റിക്കിന് അപ്പുറം ലാറ്റിൻ അമേരിക്കയിൽ മുഴുവനും ഇത്തരം കെട്ടിടങ്ങൾ ധാരാളമുണ്ട്. ശിൽപകലയുടെയും കൊത്തുവേലകളുടെയും ലാറ്റിൻ-അമേരിക്കൻ മാതൃക-ശാസ്ത്രീയ കൃഷി സമ്പ്രദായം ചെന്നെത്തിയതുപോലെ- കാലിഫോർണിയ, ടെക്സാസ്, ഫ്ളോറിഡ എന്നിവിടങ്ങളിലൂടെ വടക്കെ അമേരിക്കയിലും എത്തിച്ചേർന്നിട്ടുണ്ട്. 'കാലിഫോർണിയൻ സ്റ്റൈൽ' എന്നു വിളിക്കപ്പെടുന്ന ഈ രീതി മധ്യപൗരസ്ത്യ ഭവനങ്ങളിൽ കാണാമായിരുന്ന, റോമൻ ഭവനങ്ങളിലെ പ്രവേശനമുറികൾക്ക് തുല്യമായ അകത്തളങ്ങളെ വീടിന്റെ മധ്യത്തിൽ നിന്നും പിൻഭാഗത്തേക്ക് ഒരു കോൺഗ്രീറ്റ് സ്ലാബായി രൂപാന്തരപ്പെടുത്തിക്കളഞ്ഞു. അറബികളുടെ കെട്ടിടങ്ങളിൽ ഈ വിശാലമായ അകത്തളങ്ങൾക്ക് ജലംപോലും വിലപിടിപ്പുള്ളതായിരുന്ന, അവരുടെ നിത്യജീവിതവുമായി അഭേദ്യമായ ബന്ധമുണ്ടായിരുന്നു. കാരണം അകത്തളങ്ങളിൽ സജ്ജീകരിച്ചിരുന്ന ജലധാരകളും അവിടേക്ക് കടന്നുവന്നിരുന്ന മന്ദമാരുതനും അത്യുഷ്ണത്തിന്റെ കാലാവസ്ഥയിൽ അന്തരീക്ഷത്തെ മിതശീതോഷ്ണീകരിക്കാൻ ഉപകരിച്ചിരുന്നു; രസതന്ത്രവും ഇലക്ട്രോണിക്സും ആധുനിക എയർകണ്ടീഷനറുകളും കണ്ടുപിടിക്കുന്നതിന് എത്രയോമുമ്പ്!

ജീവിതം ജീവിക്കാൻകൊള്ളാവുന്നതാക്കിത്തീർക്കാനുള്ള ഇസ്‌ലാമിന്റെ ശ്രമത്തിന്റെ ഭാഗമാണ് ജീവിതത്തോടുള്ള ഈ കലവറയില്ലാത്ത സമീപനം. മനുഷ്യമനസ്സിന്റെ അഗാധഭാവങ്ങളെക്കുറിച്ചുള്ള

അന്വേഷണംകൂടിഉൾക്കൊള്ളുന്ന ഒരു ജീവിതമാണ് ഇസ്‌ലാമിന്റെ ഭാവനയിലുള്ളത്. ഗൈബിനെക്കുറിച്ച ഇസ്‌ലാമിന്റെ സങ്കൽപത്തെക്കുറിച്ചും അമൂർത്തമായ ആശയങ്ങളോട് അതിനുള്ള ആഭിമുഖ്യത്തെക്കുറിച്ചും പരാമർശിക്കവെ ഇക്കാര്യം നാം സൂചിപ്പിക്കുകയുണ്ടായി. ഈ സ്വാധീനം ശിൽപകലയിലേക്കു കടന്നുവന്നത് പള്ളികൾ ആരാധനാലയങ്ങളെന്നതിലേറെ വൈജ്ഞാനിക കേന്ദ്രങ്ങളായി പ്രവർത്തിച്ചുതുടങ്ങിയതോടെയാണ്.

## വിനോദം

ചതുരംഗം, ബാക്ഗാമൺസ്, കാർഡ്സ് തുടങ്ങിയ വിനോദങ്ങളിൽ ഉപയോഗിക്കുന്ന കരുക്കൾക്ക് 'നൈപ്' എന്നാണ് സ്പാനിഷ് ഭാഷയിൽ പറയുന്നത്. 'പ്രതിനിധി' എന്നർഥം വരുന്ന അറബിഭാഷയിലെ 'നാഇബ്' എന്ന പദത്തിൽനിന്നു രൂപംകൊണ്ടതാണ് 'നൈപ്'. മറ്റു ജോലികളൊന്നും ചെയ്യാൻ കഴിയാത്തതിനാൽ മടുപ്പ് കാരണം സാധാരണ മനുഷ്യർ കലഹിക്കാനും ശണ്ഠകൂടാനും ഇടവരുന്ന മഴ ചൊരിയുന്ന ദിവസങ്ങളിൽ ആളുകൾക്ക് യുദ്ധതന്ത്രങ്ങളിൽ പരിശീലനം നൽകിയിരുന്ന വിനോദങ്ങളായിരുന്നു അവ. കാസ്റ്റെലിലെ രാജാവായിരുന്ന അൽഫോൺസോ പത്താമൻ ഈ വിനോദങ്ങളെക്കുറിച്ച് പഠിച്ച് അവ മധ്യ സ്പെയിനിലെ തന്റെ കൊട്ടാരത്തിൽ ഏർപ്പെടുത്തിയതും ഇക്കാരണത്താലാണ് - ഈലോക ജീവിതം ജീവിക്കാൻ കൊള്ളാവുന്നതാകാൻ വേണ്ടി.

## ടെക്നോളജി

ടെക്നോളജി സ്പെയിനിന് ജലസേചനയന്ത്രങ്ങൾ നൽകി. ആ യന്ത്രത്തിന് അവർ വിളിക്കുന്ന 'നോറിയ' എന്ന നാമം അറബിഭാഷയിൽനിന്ന് പേർഷ്യയിലേക്ക് കടന്നതാണ്. സ്പാനിഷ് ഭാഷയിൽ അത് അങ്ങനെത്തന്നെ ഉപയോഗിക്കപ്പെടുകയും ചെയ്തു. സ്പാനിഷിൽ 'അസീഖിയ' (Aceqia) എന്നു പറയുന്നത് ജലസേചനത്തിനുവേണ്ടി വെള്ളം കോരിയൊഴിക്കുന്ന ചാലുകൾക്കാണ്. ഇത് അറബിഭാഷയിലെ അൽസാഖിയ എന്ന പദത്തിന്റെ രൂപഭേദമാണെന്ന് വ്യക്തം.

മുദേയർ (Mudejar)* എന്നറിയപ്പെടുന്ന കരകൗശല വൈദഗ്ധ്യത്തിന്റെ ഉപജ്ഞാതാക്കൾ സ്പാനിഷ് മുസ്‌ലിംകളാണ്. മുദേയർ എന്ന പദം മുദയ്യൻ (ഇണങ്ങിയത്, കീഴടങ്ങിയത്) എന്ന അറബി പദത്തിന്റെ രൂപഭേദമത്രെ. 1976-ൽ ഈ കരകൗശല വൈദഗ്ധ്യം സ്പെയിനിലെ മൂന്ന് അറബി പട്ടണങ്ങളുടെ പേരുകൾ മൂന്നു പുതിയയിനം കാറുകൾക്ക് നൽകാൻ പ്രചോദനമായിത്തീർന്നു. കാഡില്ലാക്ക് കമ്പനി സെവില്ല എന്നും ഫോർഡ് കമ്പനി ഗ്രാനഡയെന്നും ക്രിസ്‌ലർ കമ്പനി കോർദോബയെന്നുമുള്ള പേരുകളാണ് തങ്ങളുടെ പുതിയയിനം കാറുകൾക്ക്

നൽകിയത്. അങ്ങനെ ആധുനിക സാങ്കേതിക വൈദഗ്ധ്യംപോലും വിദഗ്ധരായ കരകൗശല നിപുണന്മാർ ജീവിക്കുകയും തൊഴിലെടുക്കുകയും ചെയ്ത ഇസ്‌ലാമിക സ്പെയിനിലെ മൂന്ന് മനോഹര നഗരങ്ങൾക്ക് ഉപചാരങ്ങളർപ്പിച്ച് ബഹുമാനിച്ചിരിക്കയാണ്.

## കാപ്പിയും ശർബത്തും

സാധാരണക്കാരന്റെ പാനീയമായ കാപ്പി, ചായയും ചോക്കലേറ്റും പോലെത്തന്നെ യൂറോപ്പിലേക്ക് കടന്നുവന്ന രീതി രസാവഹമാണ്. തെക്കൻ അറേബ്യയിലും എത്യോപ്യയിലും വളരുന്ന ഒരുതരം ചെറിയ ചെടിയുടെ കായയായിരുന്നു യഥാർഥത്തിലത്. 'ഖഹ്‌വ' എന്നാണ് അവർ പേർ വിളിച്ചിരുന്നത്. ആ പദം ലബനീസ് ഭാഷയിലൂടെ കടന്നുവന്നപ്പോൾ 'ഖഹ്‌വ'യുടെ അന്ത്യാക്ഷരത്തിന്റെ 'അ'കാരം സ്വൽപം ചെരിച്ചാണ് ഉച്ചരിച്ചിരുന്നത്. അതിനാൽ തുർക്കികൾ ആ പദം കേൾക്കാനിടയായത് 'ഖഹ്‌വെ' എന്നാണ്. 17-ാം നൂറ്റാണ്ടിൽ വിയന്നയിലുണ്ടായിരുന്ന ഓസ്ട്രിയക്കാർ ഈ പാനീയം ഉപയോഗിച്ചുതുടങ്ങിയത് ആ പദത്തിലെ 'ഹ'കാരം ഉപേക്ഷിച്ചുകൊണ്ടും 'വ'കാരം നിശ്ശബ്ദമാക്കിക്കൊണ്ടുമായിരുന്നു. ഈ ഘട്ടത്തിലാണ് ഇംഗ്ലീഷുകാർ അതിനെ 'കോഫി' ആയി സ്വീകരിച്ചത്. 17-ാം നൂറ്റാണ്ടിൽ സ്പെയിൻകാർ അതിനെ 'കഫേ' ആയി ഉപയോഗിച്ചതും ഇങ്ങനെത്തന്നെ. ബ്രസീലിലും കൊളംബിയായിലും ഗോണ്ട്മാലയിലും കൃഷിചെയ്യാനായി അതിന്റെ വിത്തുകൾ അയച്ചുകൊടുത്തതും അവരാണ്. ഐബീരിയൻ ഉപദ്വീപിൽ മുസ്‌ലിംകൾ താമസിക്കുന്നുണ്ടായിരുന്നുവെങ്കിലും ഈ കടമെടുപ്പ് സ്പാനിഷ് മുസ്‌ലിംകളിൽനിന്ന് നേരിട്ടല്ല നടന്നത്. കാരണം, എ.ഡി. 711-ൽ സ്പെയിനിലെത്തി ഒൻപതു നൂറ്റാണ്ടുകൾക്കുശേഷം 1693-ൽ തുർക്കികൾ വിയന്ന കൈവശപ്പെടുത്തുന്നതിനും പല വർഷങ്ങൾക്കു മുമ്പ്, 1610-ൽ അവർ അവിടെനിന്നു അവസാനമായും നിഷ്കാസിതരായിരുന്നു. നമ്മുടെ 'ശർബത്തും' 'സിറപ്പും' അറബിഭാഷയിലെ, കുടിച്ചു എന്നർഥം വരുന്ന 'ശരിബ' എന്ന പദത്തിന്റെ രൂപഭേദങ്ങളാണ്. 'ശുലേബു' എന്ന തരം പാനീയത്തിന്റെ നാമമൂലവും 'ശരിബ' തന്നെ. അറബിയിൽ നിന്ന് പേർഷ്യനിലേക്ക് കടന്നശേഷം വന്ന രൂപഭേദമാണെന്ന് മാത്രം.

## സംഗീതവും നൃത്തവും

11, 12, 13 നൂറ്റാണ്ടുകളിൽ പ്രചാരത്തിലുണ്ടായിരുന്ന ഫ്രഞ്ചു ഗായക സംഘത്തിന് ട്രബേഡർസ് (Troubadours) എന്നാണ് പേർ. ഈ പദം 'തറബ' എന്ന അറബി പദത്തിൽനിന്ന് നിഷ്പദിച്ചതാണ്. അതിന്റെ കർത്തരിപ്രയോഗം 'മുത്‌രിബ്' എന്നാണ്. പാടുന്നവൻ, രസിപ്പിക്കുന്നവൻ എന്നൊക്കെയാണതിനർഥം. നൃത്തത്തിന് അറബിഭാഷയിൽ 'റഖ്സ്' എന്നു പറയുന്നു. ഫ്രാൻസിലെ നിശാക്ലബുകളിൽ നടപ്പുണ്ടായിരുന്ന മകാബർ നൃത്തം(Macabre Dance) യഥാർഥത്തിൽ 'റഖ്സ് അൽമഖ്ബറ'

അഥവാ ഖബ്ർസ്ഥാനിലെ നൃത്തംതന്നെ. മറാകസ്(Maracas) എന്നത്. ഹാൻറ് റാറ്റിൽസി(Hand Rattles) ന്റെ സ്പാനിഷ് നാമമാണ്. ഒരുതരം കായയുടെ തോടിൽ ധാന്യമണികൾ നിറച്ചാണ് ഇത് ഉണ്ടാക്കിയിരുന്നത്. ഈ പദം 'നൃത്തം ചെയ്യാനുള്ള ഉപകരണം' എന്നർഥം വരുന്ന 'റഖസ' എന്ന പദത്തിന്റെ ആദ്യത്തിൽ 'മീം' എന്ന അക്ഷരം ചേർത്ത് ഉണ്ടാക്കിയിട്ടുള്ള ഉപകരണ സൂചകനാമ (ഇസ്മുൽ ആല)ത്തിന്റെ ബഹുവചനരൂപമാണ്. സിർയാബ് എന്ന പേർഷ്യൻ ഗായകനാണ് ഒൻപതാം നൂറ്റാണ്ടിൽ കോർദോവയിൽ സ്പാനിഷ് ഗിതാർ കണ്ടുപിടിച്ചത്. സ്പെയിനിലെ തീൻമേശ മര്യാദകളിലും വസ്ത്രധാരണരീതികളിലും അദ്ദേഹം സ്വാധീനം ചെലുത്തുകയുണ്ടായി. ആഫ്രിക്കയിൽനിന്ന് തട്ടിക്കൊണ്ടുപോകപ്പെട്ട ചില മുസ്‌ലിം അടിമകൾ 'മറാകസി'ന്റെ ആദ്യത്തെ ജോഡി, ആ പേരോടുകൂടിത്തന്നെ അവരോടൊപ്പം കൊണ്ടുപോയിരിക്കണം. മധ്യ അമേരിക്കയിലെ സൈലോഫോണും (Xylophone) ഇങ്ങനെ കൊണ്ടുവന്നതാവാനാണ് സാധ്യത.

## സാഹിത്യം

ജോവൽ ഷാൻറ്ലർ ഹാരിസി(Joel Chandler Harris)ന്റെ കഥാപാത്രമായ 'ബ്രർ റാബിറ്റ്'(Brer Rabbit) പക്ഷിമൃഗാദികളെ കഥാപാത്രങ്ങളാക്കിക്കൊണ്ടുള്ള കഥകൾക്ക് ജന്മം നൽകി. അറ്റ്ലാൻറിക്കിനപ്പുറത്തുള്ള യൂറോപ്യൻ നാടുകളിലേക്ക് വരാൻ നിർബന്ധിതരായ ഏതോ ആളുകൾ ഇറക്കുമതി ചെയ്തതാണ് ഈ ആശയം. 'നായയും അതിന്റെ നിഴലും', 'സിംഹം വന്യമൃഗങ്ങളുടെ രാജാവ്' തുടങ്ങിയ കഥകൾ റാബിറ്റ് നമുക്ക് തരുന്നു. അവയുടെ പൂർവ മാതൃകകൾ ഏഷ്യൻ-ആഫ്രിക്കൻ വന്യമൃഗങ്ങളിൽ കണ്ടെത്താവുന്നതാണ്. ഇത്തരം കഥകൾ 'കലീല വ ദിംന' എന്നറിയപ്പെടുന്ന ആഖ്യാനങ്ങളുടെ രൂപത്തിൽ അറബ് ലോകത്തും പരിചിതങ്ങളായിരുന്നു.

ഒരു കേന്ദ്രകഥാപാത്രത്തെ അടിസ്ഥാനമാക്കി വിരചിതമായ ഇത്തരം കഥകൾ ഒരു പ്രത്യേക വാമൊഴി സാഹിത്യശാഖയായിമാറി. അവയിൽ പ്രധാന കഥാപാത്രം ഒരേ ചരടിൽ കോർത്തിണക്കപ്പെട്ടതുപോലുള്ള അനേകം ഐതിഹാസിക സംഭവങ്ങളിൽ നായകനായി വർത്തിക്കുന്നു. ഇത്തരത്തിൽ ഒന്നാണ് *ആയിരത്തൊന്നു രാവുകൾ* എന്ന വിഖ്യാതമായ അറബിക്കഥകൾ. അവയിൽ പ്രധാനങ്ങളായ 'അലാവുദ്ദീനും അദ്ഭുതവിളക്കും', 'ആലിബാബയും നാൽപതു കള്ളന്മാരും', 'സിന്ദുബാദിന്റെ കപ്പൽയാത്ര' തുടങ്ങിയ കഥകൾ അറബിഭാഷയിലെ 'മഖാമതു'കൾക്കും സ്പാനിഷ് ഭാഷയിലെ Picarasque കഥകൾക്കും വളർച്ചയേകി. ഇതെല്ലാം സംഭവിച്ചത് അച്ചടിയന്ത്രങ്ങളുടെ ആവിർഭാവത്തിനു മുമ്പാണ്. അച്ചടിയന്ത്രങ്ങളുടെ ഉപയോഗം വ്യാപകമായതോടെ പഴയകാലത്തെ ഐതിഹാസിക കഥകൾ ആധുനിക നോവലിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു

തുടങ്ങി. പ്രധാന കഥാപാത്രത്തിന്റെ സ്വഭാവത്തിൽവന്ന മാറ്റമാണ് അവയിലെ പ്രസ്താവ്യമായ വസ്തുത. ആധുനിക നോവലുകളിലെ കേന്ദ്ര കഥാപാത്രം പല നോവലിൽ പലതാണ്. ടെലിവിഷനുകളും സ്റ്റീരിയോ ടൈപ്പുകളും അതിനെ പഴയകാലത്തേക്കുതന്നെ തിരിച്ചു കൊണ്ടുപോവാൻ സാധ്യതയുണ്ടെങ്കിലും!

## ട്രാഫിക്കും താരിപ്പും

'ട്രാഫിക്' എന്ന നമ്മുടെ പദം അറബിഭാഷയിലെ 'തഫ്‌രീഖ്' ആണ്. വേർപെടുത്തൽ, തരംതിരിക്കൽ എന്നെല്ലാമാണ് അതിനർഥം. പ്രധാന കവലകളിലൂടെ കടന്നുപോകേണ്ട വാഹനങ്ങളെ തരംതിരിച്ച് പല വഴികളിലൂടെ തിരിച്ചുവിടുന്നത് നാം കാണാറുണ്ടല്ലോ. 'താരിപ്പ്' 'തഅ്‌രീഫി'ൽ നിന്നാണ് രൂപംകൊണ്ടത്. കസ്റ്റംസ് ഹൗസുകളിലും മറ്റും പതിക്കാറുള്ള അറിയിപ്പുകൾക്കാണ് ആ പദം ഉപയോഗിക്കുന്നത്. 'തഫ്‌രീഖും' 'തഅ്‌രീഫും' അറബിഭാഷയിലെ ക്രിയാനാമരൂപങ്ങളാണ്.

കാലിഫോർണിയ, ഖില അൽഫറൂൻ ആകുന്നു. അർഥം : 'ഉലകളുടെ കോട്ട്'. ദി സോംഗ് ഓഫ് റോളൻഡ്(The song of Roland) എന്ന ഫ്രഞ്ച് ഇതിഹാസത്തിൽ ആദ്യമായി നാമം പരാമർശിക്കപ്പെട്ടത് 'കാലിഫേൺ' (Califerne) എന്നാണ്. ചാർളമൈനെതിരെ, സ്പാനിഷ് അറബികളെ സഹായിക്കാൻ പടയാളികൾ വന്ന കടലിനക്കരെയുള്ള ഒരു പ്രദേശമായാണ് ഇതിഹാസത്തിൽ അത് വിവരിക്കപ്പെട്ടിരിക്കുന്നത്. അക്കാലത്ത് ഈ നാട് വടക്കൻ ആഫ്രിക്കയിലായിരിക്കണം. 16-ാം നൂറ്റാണ്ടിൽ ഹെർണൻ കോർട്ട്സ് (Hernan Cortes) മെക്സിക്കോ ആക്രമിച്ച് കീഴടക്കിയപ്പോൾ മെക്സിക്കോയുടെ പടിഞ്ഞാറുള്ള നീളംകൂടിയ ഉപദ്വീപിൽ, കാലിഫോർണിയൻ ഉൾക്കടലിന്റെ പ്രദേശങ്ങളിലായി മാറ്റിസ്ഥാപിച്ചതാണ്. പിന്നീട് കുറെക്കൂടി വടക്ക് ഉൾപ്രദേശത്തേക്കും.

## മെഡീവൽ ഇസ്‌ലാം?

മനുഷ്യനാഗരികതക്ക് ഇസ്‌ലാം നൽകിയ സംഭാവനകളുടെ, വിശേഷിച്ചും പാശ്ചാത്യ ലോകം സ്വീകരിച്ചവയുടെ വൈവിധ്യമാർന്ന ഒരു ശേഖരമാണിത്. മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും അവ ഗ്രസിച്ചിരിക്കുന്നു. അവയിലധികവും ഭൂമുഖത്ത് മനുഷ്യജീവിതം സുഖസംതൃപ്തമാക്കാൻ സഹായകമായി. ഈ വിഷയത്തെക്കുറിച്ച് കൂടുതൽ പഠിക്കാൻ പ്രൊഫസർ ഫിലിപ്പ് ഹിറ്റിയുടെ *ഹിസ്റ്ററി ഓഫ് അറബ്സ്*, ജോർജ് സാർട്ടന്റെ *ഹിസ്റ്ററി ഓഫ് സയൻസ്*, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ച *ലെഗസി ഓഫ് ഇസ്‌ലാം,* ഇറാനിൽ നിന്നുള്ള സയ്യിദ് ഹുസൈൻ നസറിന്റെ കൃതികൾ എന്നിവ ഉപകരിക്കും. യൂറോപ്പിനെ മാറ്റിനിർത്തി ഈ നൂറ്റാണ്ടിൽ സാംസ്കാരികമായും സാമ്പത്തികമായും തനതായ വ്യക്തിത്വം പുലർത്തിത്തുടങ്ങിയിരിക്കുന്ന ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പക്ഷം മധ്യകാല

നൂറ്റാണ്ടുകൾ വന്ധ്യമായിരുന്നില്ലെന്ന് ഡോക്ടർ സാർട്ടന്റെ ഗ്രന്ഥം പ്രത്യേകമായി എടുത്തുകാണിക്കുന്നു. പടിഞ്ഞാറൻ യൂറോപ്പ് കഴിഞ്ഞു കടന്നുപോന്നതുപോലുള്ള ഒരു 'മധ്യകാലഘട്ട'ത്തിൽ ഇസ്‌ലാമിക ലോകം ഒരിക്കലും ജീവിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ചില ഓറിയൻറലിസ്റ്റുകൾ ചെയ്തതുപോലെ ഇസ്‌ലാമിനെ 'മധ്യകാലഘട്ട'(Medieval)ത്തിലേത് എന്നോ ബാക്‌വാർഡ് എന്നോ വിളിക്കുന്നത് തികഞ്ഞ അന്യായമാണ്.

മഹത്തായൊരു കാലഘട്ടത്തിന്റെ സദ്ഫലദായകങ്ങളായ നേട്ടങ്ങൾ സമാഹരിക്കുകയും ആധുനിക യുഗത്തിന്റെ ഉപയോഗത്തിനുതകത്തക്കവിധം മധ്യകാല യൂറോപ്പിനും നവോത്ഥാനത്തിനും പകർന്നുകൊടുക്കുകയും ചെയ്ത വ്യാപകമായ ഒരു സാംസ്കാരിക പ്രതിഭാസമെന്ന നിലയിൽ, ദീർഘമായ പതിനാല് നൂറ്റാണ്ടുകളായി ഇസ്‌ലാമിക ലോകം നിലകൊള്ളുന്നു. അവിശ്വസനീയമാംവിധം ചൈതന്യവത്തും ചലനാത്മകവുമായിരുന്ന ഇസ്‌ലാമിക ലോകത്തിലൂടെയാണ് യൂറോപ്പിലേക്കും അമേരിക്കയിലേക്കും ഇന്ത്യയിൽനിന്നും ചൈനയിൽ നിന്നുമുള്ള വിജ്ഞാനവും കൃഷിസമ്പ്രദായവും യന്ത്രസാമഗ്രികളും ഒഴുകിയെത്തിയതെന്നിരിക്കെ അതിന്റെ അഭാവത്തിൽ നമ്മുടെ ചരിത്രപരമായ അസ്തിത്വം (Classical Heritage) തന്നെ നഷ്ടപ്പെട്ടുപോകുമായിരുന്നു എന്നുപറയാൻ ശങ്കിക്കേണ്ടതില്ല. ജർമൻ ആക്രമണത്തോടെ റോമാസാമ്രാജ്യം ഛിന്നഭിന്നമായതുപോലെ, 14-ാം നൂറ്റാണ്ടിലെ മംഗോൾ ആക്രമണത്തിനു ശേഷം ഇസ്‌ലാമിക സാമ്രാജ്യം ചിലയിടങ്ങളിൽ 'മെഡീവൽ' ആയിപ്പോയിരിക്കാം.

എന്നിരുന്നാലും മധ്യപൗരസ്ത്യദേശം ഇന്നും തന്ത്രപ്രധാനംതന്നെ. അവിടെയുള്ള പ്രകൃതി വിഭവങ്ങളും മനുഷ്യശേഷിയും ഇനിയും പൂർണമായും ഉപയോഗപ്പെടുത്തപ്പെട്ടിട്ടില്ല. വർഗീയവും മതപരവുമായ മുൻധാരണകളിൽനിന്ന് ഇതര ജനവിഭാഗങ്ങൾ രക്ഷപ്രാപിച്ചുകൊണ്ടിരിക്കുകയാണെങ്കിലും, അറബികളും മുസ്‌ലിംകളും പൊതുവെ അതിന് വിധേയരാണിന്നും. നമ്മുടെ വൃത്തികെട്ട ചില വർത്തമാനപത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്ന കാർട്ടൂണുകളിൽനിന്ന് ധരിച്ചുവശാകുന്നതുപോലെ, ഇപ്പോഴും വിചിത്രമായ വേഷം ധരിച്ച ഗോത്രത്തലവന്മാരായി അറബികളെ കണക്കാക്കുന്നതിനു പകരം മനുഷ്യനാഗരികതയെ അവാച്യമാം വിധം സമ്പന്നമാക്കിയ ഇസ്‌ലാമിക സംഭാവനകളോട് ബഹുമാനവും ആദരവും വളർത്തേണ്ടത് നമ്മുടെ ചുമതലയാണ്. മൊറോക്കോ മുതൽ ഇന്തോനേഷ്യവരെ, മനുഷ്യജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും പടിഞ്ഞാറൻ യൂറോപ്പിലും വടക്കൻ ആഫ്രിക്കയിലും ഒരിക്കൽക്കൂടി സ്വാധീനം നേടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു അനുഗൃഹീത സമൂഹമാണ് മുസ്‌ലിംകൾ. അജ്ഞതയാണ് യഥാർഥ കാടത്തം. സുപ്രധാനമായൊരു ഇസ്‌ലാമിക തത്ത്വമത്രെ ഇത്. ജാഹിലിയ്യത്ത്

അഥവാ അജ്ഞതയാകുന്ന കാടത്തം ഉന്മൂലനം ചെയ്യാനാണ് ഇസ്‌ലാം ആഗതമായത്.

മനുഷ്യജീവിതം ക്ഷണികമാണ്. പുലർച്ചയുടെ പ്രഥമ ശ്വാസത്തിൽ മാത്രമേ ജീവിതത്തിന്റെ പൂർണമായ അർഥം അനുഭവിക്കാനാവൂ. മറ്റൊരു പ്രഭാതം ഇതാ പുലർന്നുകൊണ്ടിരിക്കുന്നു! മുഴുവൻ മനുഷ്യരാശിയേയും മുഴുവൻ മനുഷ്യ നാഗരികതകളേയും ആദരിക്കുന്ന ഒരു പുലർകാലം!

അനുബന്ധം: 2

ശൈഖ് മുഹമ്മദ് കാരകുന്ന്

# ഇസ്‌ലാം നാഗരികതയുടെ വിളഭൂമി

•

**നീ**ണ്ട നൂറ്റാണ്ടുകൾ നരവംശത്തിന് നായകത്വം നൽകിയ നാഗരികതയുടെ ഉടമകളാണ് മുസ്‌ലിംകൾ. പാശ്ചാത്യൻ നാഗരികതക്ക് കളിത്തൊട്ടിലൊരുക്കിയത് ഇസ്‌ലാമും മുസ്‌ലിംകളുമാണ്. നിഷ്പക്ഷരായ എല്ലാ ചരിത്രകാരന്മാരും സാമൂഹിക ശാസ്ത്രജ്ഞരും ഈ സത്യം തുറന്നുസമ്മതിക്കാൻ ഒട്ടും വൈമനസ്യം പ്രകടിപ്പിക്കാറില്ല. റോബർട്ട് ബ്രിഫോൾട്ട് (Robert Briffault) എഴുതുന്നു: “പതിനഞ്ചാം നൂറ്റാണ്ടിൽ പുഷ്പിച്ചുനിന്ന അറബ്- മൂറിഷ് നാഗരികതകളുടെ സ്വാധീനമാണ് നവോത്ഥാനത്തിന് ജന്മം നൽകിയത്. ഇറ്റലിയല്ല, സ്പെയിനായിരുന്നു യൂറോപ്പിന്റെ പുനർജന്മത്തിന് തൊട്ടിലായി വർത്തിച്ചത്. സാരസൺ സാമ്രാജ്യത്തിലെ പട്ടണങ്ങളായ കൈറോയും കൊർഡോവയും ബഗ്ദാദും ടോളിഡോയും സംസ്കാരത്തിന്റെയും വിചാരവ്യാപാരത്തിന്റെയും കേന്ദ്രങ്ങളായി വളർന്നപ്പോൾ, പ്രാകൃതത്വത്തിൽ മൂക്കറ്റം മുങ്ങിയ യൂറോപ്പ് അജ്ഞതയുടെയും അധഃപതനത്തിന്റെയും ഘനാന്ധകാരത്തിൽ ആണ്ടു കിടക്കുകയായിരുന്നു. മനുഷ്യ പരിണാമത്തിന്റെ നവീന ദശയായി വളർന്ന പുതിയജീവിതം രൂപംകൊണ്ടത് അവിടങ്ങളിലായിരുന്നു. അവരുടെ നാഗരികതയുടെ സ്വാധീനം സ്വയം അനുഭവപ്പെട്ടുതുടങ്ങിയപ്പോഴാണ് ഒരു പുതിയ ജീവിതത്തിന്റെ ബഹിർഗമനമാരംഭിച്ചത്.....

“അറബികളില്ലായിരുന്നെങ്കിൽ ആധുനിക യൂറോപ്യൻ സംസ്കാരം തന്നെ ജന്മമെടുക്കുമായിരുന്നില്ലെന്ന യാഥാർഥ്യം തികച്ചും വിശ്വസനീയമത്രെ. പരിണാമത്തിന്റെ പ്രാചീനദശകളെയെല്ലാം കവച്ചുവെക്കത്തക്ക സ്വഭാവ വൈശിഷ്ട്യവും മുസ്‌ലിംകളുടെ അഭാവത്തിലവർക്ക് സമ്പാദിക്കാൻ സാധിക്കുമായിരുന്നില്ല. യൂറോപ്പിന്റെ വളർച്ചയുടെ ചെറിയ അംശങ്ങളിൽപ്പോലും ഇസ്‌ലാമിന്റെ സ്വാധീനം കാണപ്പെടാതിരിക്കില്ല. ആധുനികയുഗത്തെയും അതിന്റെ വിജയത്തിന് നിദാനമായ ഉന്നത ശക്തികേന്ദ്രത്തെയും വേർതിരിച്ചുകാട്ടുന്ന ശക്തിയുടെ-പ്രകൃതിശാസ്ത്രത്തിന്റെയും ശാസ്ത്രീയബോധത്തിന്റെയും- ഉത്ഭവത്തിലെന്നതുപോലെ മറ്റൊരിടത്തും അത് വ്യക്തവും ഗൗരവാർഹവുമായിട്ടില്ല.” (*The Making of Humanity*, Page 183-190)

പ്രസിദ്ധ ചരിത്രകാരനായ ജോൺ വില്യം തന്റെ, *Intellectual Development of Europe* എന്ന ഗ്രന്ഥത്തിൽ യൂറോപ്പ് ഇന്നനുഭവിക്കുന്ന സുഖസൗ

കര്യങ്ങൾക്കെല്ലാം പൂർണമായും കടപ്പെട്ടത് ഇസ്‌ലാമിനോടും മുസ്‌ലിംകളോടുമാണെന്ന് അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. “വൈജ്ഞാനിക രംഗത്ത് മുസ്‌ലിംകൾ തുടങ്ങിവെക്കാത്ത ഒന്നും തങ്ങൾക്ക് പൂർത്തീകരിക്കേണ്ടതായിട്ടില്ലെ”ന്ന് എച്ച്.ജി. വെൽസും തന്റെ ‘ലോകചരിത്ര സംഗ്രഹത്തി’ൽ തുറന്നുസമ്മതിച്ചിരിക്കുന്നു.

സാംസ്കാരിക നവോത്ഥാനത്തിന്റെ നായകരായി അറിയപ്പെടുന്ന ഗലീലിയോ, ക്ലെപ്പർ, ബ്രൂണോ, ഡാവിൻചി, ന്യൂട്ടൻ, ഡെക്കാർട്ടെ തുടങ്ങിയ പാശ്ചാത്യ ചിന്തകർ പ്രചോദനമുൾക്കൊണ്ടത് ഇബ്നുമൂസ, ബീറൂനി, ഖാലിദുബ്നു സഅ്ദ്, റാസി, റശീദുദ്ദീൻ, അബൂമൂസ, ഖുവാരിസ്മി, ഇബ്നുഖൽദൂൻ, ഫാറാബി, ഗസ്സാലി പോലുള്ള പ്രതിഭാശാലികളുടെ ഗ്രന്ഥങ്ങളിൽ നിന്നാണ്.

ഇംഗ്ലണ്ടിൽ ആദ്യമായി ശാസ്ത്രീയമായ ചികിൽസാസമ്പ്രദായം നടപ്പാക്കിയത് മുസ്‌ലിം നാടുകളിൽ നിന്ന് വൈദ്യവിദ്യ നേടിയ പീട്രസ് അൽഫോൻസി (Petrus Alfonsi)യാണ്. അദ്ദേഹം 1120-ൽ പ്രിയോർ ഓഫ് മാൾവാനുമായി സഹകരിച്ച് ധാരാളം അറബി ഗ്രന്ഥങ്ങൾ മാതൃഭാഷയിലേക്ക് വിവർത്തനം ചെയ്തതോടെ മുസ്‌ലിം ധിഷണയുടെ വിചാരഫലങ്ങൾ ഇംഗ്ലണ്ടിൽ പ്രചരിക്കാൻ തുടങ്ങി. തുടർന്ന് മൈക്കിൾസ്കോട്ട്, റോബർട്ട്, ഡാനിയേൽ മോർളി തുടങ്ങിയ പാശ്ചാത്യ ചിന്തകർ ടോളിഡോവിൽ വന്ന് വിവിധയിനം വിജ്ഞാനങ്ങളാർജിച്ച് അവ തങ്ങളുടെ നാടുകളിൽ പ്രചരിപ്പിച്ചു. ഫ്രാൻസിലും ജർമനിയിലും ഇറ്റലിയിലും വൈദ്യശാസ്ത്രം പ്രചരിപ്പിച്ച റോബർട്ട് ഓഫ് ആറില്ലാക്(Robert of Aurilac) അത് പഠിച്ച് മനസ്സിലാക്കിയത് ടോളിഡോവിൽ നിന്നാണ്. 1130-ൽ ആർച്ച് ബിഷപ്പ് റോമാണ്ടിന്റെ നേതൃത്വത്തിൽ ഒരു സംഘം പരിഭാഷകർ ടോളിഡോവിൽ വന്നു നിരവധി അറബി ഗ്രന്ഥങ്ങൾ ലാറ്റിൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തു. ഈ പരിഭാഷാശ്രമങ്ങൾ ഏകദേശം മൂന്നു നൂറ്റാണ്ടുകാലം തുടർന്നു. ഇങ്ങനെയാണ് യൂറോപ്പിൽ ഭൗതികശാസ്ത്രം നാമ്പെടുത്തത്. റിജോൾഡ് ഓഫ് ക്രിമോണ എന്ന ഒരൊറ്റ പണ്ഡിതൻതന്നെ ഇരുപത്തൊന്ന് വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളുൾപ്പെടെ എഴുപതിലേറെ അമൂല്യ കൃതികൾ അറബിയിൽ നിന്ന് ലാറ്റിനിലേക്ക് പരിഭാഷപ്പെടുത്തി. ആദ്യത്തെ ക്രൈസ്തവ സർവകലാശാലയായി അറിയപ്പെടുന്ന സലർനോ (Salarrno) സ്ഥാപിക്കപ്പെട്ടതുതന്നെ കോൺസ്റ്റന്റയിൻ എന്ന പുരോഹിതൻ അറബിയിൽ നിന്ന് വിവർത്തനം ചെയ്ത ശാസ്ത്രീയഗ്രന്ഥങ്ങളുപയോഗിച്ചാണ്. ഇപ്രകാരംതന്നെ റോജർബേക്കന്റെ വിശ്വവിഖ്യാതമായ നയനശാസ്ത്ര സംബന്ധമായ പ്രബന്ധം ഇബ്നുഹൈതമിന്റെ ഗ്രന്ഥങ്ങളവലംബിച്ചെഴുതിയതാണ്. പിൽക്കാലത്ത് പടിഞ്ഞാ

റിലൂടെ പടർന്നുപന്തലിച്ച ആധുനികശാസ്ത്രത്തിന്റെ വിവിധ ശാഖകളുടെ തായ്വേരുകളെടുത്ത് പരിശോധിച്ചാൽ അവയെല്ലാം മുസ്‌ലിം ധിഷണയിലെത്തിനിൽക്കുന്നതായിക്കാണാം. അതിനാലാണ് പണ്ഡിറ്റ് ജവഹർലാൽനെഹ്റു തന്റെ *Glimpses of World History*യിൽ ഇങ്ങനെ അഭിപ്രായപ്പെട്ടത്: "പ്രാചീനർക്കിടയിൽ ഈജിപ്തിലോ ഇന്ത്യയിലോ ചീനയിലോ ശരിയായ ശാസ്ത്രീയ സമ്പ്രദായം നാം കാണുന്നില്ല. അതിന്റെ ചെറിയൊരു ശകലം പുരാതന ഗ്രീസിൽ ദൃശ്യമാണ്. റോമിൽ അതുണ്ടായിരുന്നതേയില്ല. എന്നാൽ അറബികളിൽ ഈ ശാസ്ത്രീയമായ അന്വേഷണബുദ്ധി പ്രകടമായിക്കൊണ്ടിരുന്നു. അതുകൊണ്ടുതന്നെ ആധുനിക ശാസ്ത്രത്തിന്റെ പിതാക്കൾ മുസ്‌ലിംകളാണെന്ന് പറയാവുന്നതാണ്".

സിറിയൻ, ഗ്രീക്ക്, സംസ്കൃതം, പഹ്‌ലവി, സെന്റ് തുടങ്ങിയ വിവിധ ഭാഷകളിൽനിന്ന് അമൂല്യങ്ങളായ അറിവുകളാർജിച്ച് അവ മാനവനാഗരികതക്ക് നൽകുന്നതിൽ ബഗ്ദാദ്, കൊർദോവ, ബുഖാറ, സമർഖന്ത്, നിശാപൂർ, കയ്റോ, ബസ്വറ, കൂഫാ, മർവ് , അൾറേ, ദമസ്കസ്, മലാഗ, ഗ്രാനഡ പോലുള്ള വൈജ്ഞാനിക കേന്ദ്രങ്ങൾ വഹിച്ചപങ്ക് നിർണായകമത്രെ. പ്രസിദ്ധ റോമൻ ഭിഷഗ്വരനായ ഗാലൻ, ഗ്രീക്ക് ചിന്തകരായ അരിസ്റ്റോട്ടൽ, പ്ലാറ്റോ, ഗ്രീക്ക് ഗണിതശാസ്ത്രജ്ഞനായ യൂക്ലിഡ്, അലക്സാണ്ട്രിയയിലെ ജ്യോതിഃശാസ്ത്രജ്ഞനായ ടോളമി, തത്ത്വശാസ്ത്രജ്ഞനായ ആർക്കമെഡീസ്, അപ്പോലോ നിയോസ്, ഓറിബാസിയസ്, പോൾ ഓഫ് അജീനാ, സോക്രട്ടീസ്, ജൂലിയസ് തുടങ്ങിയവരുടെ വിചാരഫലങ്ങൾ ലോകത്തിന് ലഭിച്ചത്, മുസ്‌ലിംകൾ വിവർത്തനംചെയ്ത അവരുടെ കൃതികളിലൂടെയാണ്. ഹാറൂൻ റശീദ് ബഗ്ദാദിൽ സ്ഥാപിച്ച 'ദാർശനിക മന്ദിരം' (Home of Philosophy) ലോകത്തിന് സംഭാവന ചെയ്ത വൈജ്ഞാനിക സമ്പത്ത് അമൂല്യങ്ങളത്രെ. ഹാറൂൻ റശീദിന്റെയും മഅ്മൂന്റെയും കാലത്തെ ബഗ്ദാദും, അബ്ദുർറഹ്മാൻ രണ്ടാമന്റെയും (822-852) മൂന്നാമന്റെയും(912-961) അൽഹകം രണ്ടാമന്റെയും (961-976) കാലത്തെ സ്പെയിനും വൈജ്ഞാനിക നഭസ്സിൽ കത്തിച്ചുവെച്ച പ്രകാശത്തിന്റെ കൈത്തിരികളാണ് പടിഞ്ഞാറൻ ലോകത്തിന് വെളിച്ചം നൽകിയത്. യൂറോപ്പിൽ ഗ്രന്ഥങ്ങൾ നന്നേ വിരളമായിരുന്ന കാലത്ത് കൊർദോവയിൽ മാത്രം നാലുലക്ഷം ഗ്രന്ഥങ്ങളുണ്ടായിരുന്നുവെന്ന് ചരിത്രമുദ്ഘോഷിക്കുന്നു.

അരിസ്റ്റോട്ടൽകൃതികളുടെ ഏറ്റവും കരുത്തനായ വ്യാഖ്യാതാവെന്ന നിലയിൽ വിഖ്യാതനായ ഇബ്നുറുശ്ദ് തത്ത്വചിന്തയിലും മതവിഷയങ്ങളിലും വൈദ്യശാസ്ത്രത്തിലും രചിച്ച വിലപ്പെട്ട ഗ്രന്ഥങ്ങൾ പാശ്ചാത്യ ധിഷണയെ ഏറെ ആകർഷിച്ചു. തഹാഫതുത്തഹാഫ, കിതാബുൽ

ഫൽസഫ്, 'ഫസ്‌ലുൽ മഖാല ഫീ മുവാഫഖത്തിൽ ഹിക്മത്തി വശ്ശരീഅ, പ്ലാറ്റോവിന്റെ *റിപ്പബ്ലിക്കി*ന്റെ വ്യാഖ്യാനം, ഫാറാബിയുടെ യുക്തിശാസ്ത്രത്തെ സംബന്ധിച്ച നിരൂപണം, ഇബ്നുസീനായുടെ സിദ്ധാന്തങ്ങളെ സംബന്ധിച്ച ചർച്ച, തൂമർട്ടിന്റെ അഖീദയുടെ ഭാഷ്യം തുടങ്ങിയവയെല്ലാം ഇബ്നുറുശ്ദിന്റെ തത്ത്വചിന്താപരമായ കൃതികളാണ്. അദ്ദേഹത്തിന്റെ *ബിദായതുൽ മുജ്തഹിദു വന്നിഹായതുൽ മഖാസിദ്* എന്ന നിയമശാസ്ത്രഗ്രന്ഥം അമൂല്യമത്രെ. പതിനാറോളം വൈദ്യശാസ്ത്രകൃതികളുടെ കർത്താവായ ഇബ്നുറുശ്ദിന്റെ *അൽകുല്ലിയ്യതു ഫിത്ത്വിബ്ബ്* നിരവധി ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. വൈദ്യശാസ്ത്രത്തിലെ നിദാനഗ്രന്ഥമായി കണക്കാക്കപ്പെടുന്ന ഇബ്നുസീനാ(അവിസന്ന)യുടെ *അൽഖാനൂനു ഫിത്ത്വിബ്ബ്* ഇന്നും പലേടത്തും പാഠപുസ്തകമാണ്. മധ്യനൂറ്റാണ്ടുകളിലെ പ്രമുഖ ഗവേഷകനും മുന്നൂറോളം ശാസ്ത്രകൃതികളുടെ കർത്താവുമായ അബൂബക്കർ അർറാസിയുടെ പഠനങ്ങളെപ്പറ്റി ഗവേഷണം നടത്താൻ അമേരിക്കയിലെ ഒരു സർവകലാശാലയിലിന്നും പ്രത്യേക വകുപ്പുതന്നെയുണ്ട്. പ്രകാശ വിജ്ഞാനത്തിന്റെ ഉപജ്ഞാതാവായ ഇബ്നുൽഹൈസമിന്റെ ഇരുപത്തേഴോളം പുസ്തകങ്ങൾ അമൂല്യങ്ങളായ ഗവേഷണ പഠനങ്ങളാണ്. അദ്ദേഹത്തിന്റെ നിയമശാസ്ത്രഗ്രന്ഥമായ *മുഹല്ല* ഇന്നും സർവാദരണീയമത്രെ.

ഒരിക്കലും പുതുമ നശിക്കാത്ത ഒട്ടേറെ ആശയങ്ങളാവിഷ്കരിച്ചുകൊണ്ട് മാനവചരിത്ര പഠനത്തിന് സാമൂഹ്യമായ അടിത്തറ പണിത പ്രതിഭാശാലിയായ ഇബ്നുഖൽദൂന്റെ *അൽമുഖദ്ദിമ* ഇന്നും ചരിത്രസാഹിത്യത്തിലെ അമൂല്യമായ അദ്ഭുതനിധിയാണ്. നിരവധി ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ആ മഹദ്ഗ്രന്ഥത്തെ സംബന്ധിച്ച് അർണോൾഡ് ടോയൻബി പറഞ്ഞത്, ഏതൊരു കാലത്തും രാജ്യത്തും ജീവിച്ച പ്രതിഭാശാലികൾ രചിച്ച അത്തരം ഗ്രന്ഥങ്ങളിൽ ഏറ്റവും മഹത്തരമെന്ന് സംശയലേശമന്യേ പ്രസ്താവിക്കാവുന്ന പുസ്തകം എന്നാണ്.

വിവിധ വിജ്ഞാനശാഖകളിലായി നാനൂറിലേറെ മഹദ്ഗ്രന്ഥങ്ങൾ ലോകത്തിന് സംഭാവന ചെയ്ത അലിയ്യുബ്നു ഹസ്മ് സാംസ്കാരിക നവോത്ഥാന രംഗത്ത് നിർണായക പങ്ക് വഹിച്ച ശ്രദ്ധേയനായ പണ്ഡിതനാണ്. റോജർബേക്കനെപ്പോലുള്ള പാശ്ചാത്യ ദാർശനികർ തങ്ങളുടെ പഠനങ്ങൾക്ക് ആധാരമായി സ്വീകരിച്ചത് ഇമാംറാസിയുടെ *കിതാബുൽ അസ്റാർ* പോലുള്ള ഗ്രന്ഥങ്ങളാണ്. ഇപ്രകാരംതന്നെ സ്പൈനോസ്, കാന്റ്, ആൽബർട്ട്സ്, മാൻഗനസ് എന്നീ പടിഞ്ഞാറൻ ചിന്തകന്മാർ ഇബ്നുമയ്മൂന്റെ തത്ത്വശാസ്ത്രകൃതികളിൽ നിന്ന് പ്രചോദനമുൾക്കൊണ്ടവരാണ്.

സ്പെയിൻ, മുസ്‌ലിം ആധിപത്യത്തിലായിരുന്നപ്പോഴുണ്ടായിരുന്ന നാഗരികവളർച്ചയും അതിനു ശേഷമുള്ള അവസ്ഥയും പരിശോധനാവിധേയമാക്കുന്ന ഏതൊരാളും അദ്ഭുതസ്തബ്ധരാവാതിരിക്കില്ല. പ്രശസ്ത ആംഗ്ലേയ ചരിത്രകാരനായ ലെയിൻ പൂൾ പറയുന്നു: “നൂറ്റാണ്ടുകളോളം സ്പെയിൻ, നാഗരികതയുടെ കേന്ദ്രവും കലാവിദ്യയുടെയും ഭൗതിക ശാസ്ത്രത്തിന്റെയും എന്നുവേണ്ട വിശിഷ്ടമായ എല്ലാതരം വിജ്ഞാനത്തിന്റെയും ഇരിപ്പിടവുമായിരുന്നു. യൂറോപ്പിലെ മറ്റൊരു രാജ്യവും അന്നോളം അറബികളുടെ പരിഷ്കൃത രാജ്യത്തിന്റെ അടുത്തെങ്ങുമെത്തിയിരുന്നില്ല. ഫെർഡിനാന്റിന്റെയും ഇസബെല്ലയുടെയും ചാൾസിന്റെയും സാമ്രാജ്യങ്ങൾക്ക് ഇത്തരം ശാശ്വതമായ ഔന്നത്യവും ലഭിച്ചില്ല. മുസ്‌ലിംകളെ അവർ പുറത്താക്കി. തെല്ലിട, ക്രൈസ്തവ സ്പെയിൻ ചന്ദ്രനെപ്പോലെ കടംവാങ്ങിയ വെളിച്ചംകൊണ്ട് പ്രകാശിച്ചു. ക്ഷണത്തിൽ ഗ്രഹണം വന്നു. പിന്നീട് ഇന്നോളം സ്പെയിൻ ആ അന്ധകാരത്തിൽ തപ്പിത്തടയുകയാണ്.”

പത്താം നൂറ്റാണ്ടിൽ സ്പെയിനിൽ അമ്പത് ആതുരാലയങ്ങളും തൊള്ളായിരം തടാകങ്ങളും എണ്ണൂറ് വിദ്യാലയങ്ങളും ഇരുന്നൂറ് പള്ളികളും എഴുപത് സ്വകാര്യ ഗ്രന്ഥാലയങ്ങളും ആറു ലക്ഷത്തിലേറെ ശാസ്ത്രസംബന്ധമായ പുസ്തകങ്ങളുമുണ്ടായിരുന്നുവെന്ന് ചരിത്രമുദ്ഘോഷിക്കുന്നു. ചേതോഹരങ്ങളായ അലങ്കാരവേലകളും മനോഹരമായ കൊത്തുപണികളും കൗതുകകരമായ കരകൗശലവിദ്യകളും അടങ്ങിയ ശിൽപകലകൾ അക്ഷരാർഥത്തിൽത്തന്നെ കലാക്ഷേത്രങ്ങളായിരുന്നു. ഗിബ്ബന്റെ വാക്കുകളിൽ, “യൂറോപ്പ് സൂര്യാസ്തമയത്തോടെ ഇരുളടയുമ്പോൾ കൊർദോവയുടെ തെരുവീഥികൾ ആയിരക്കണക്കായ വിളക്കുകളാൽ പ്രശോഭിക്കുകയായിരുന്നു. യൂറോപ്പിലെ ജനങ്ങൾ വൃത്തിഹീനരായി കഴിഞ്ഞുകൂടിയപ്പോൾ കൊർദോവയിൽ ആയിരക്കണക്കായ കുളങ്ങളും കുളിപ്പുരകളും വൃത്തിയുടെ നിദർശനമെന്നോണം നിറഞ്ഞുനിന്നിരുന്നു. യൂറോപ്പിലെ തെരുവുകൾ മണ്ണുകൊണ്ട് മൂടപ്പെട്ടിരുന്നപ്പോൾ കൊർദോവയിലെ ഇടവഴികൾ പോലും ഇഷ്ടികകൾ പതിക്കപ്പെട്ടവയായിരുന്നു. യൂറോപ്പിലെ പ്രഭുക്കൾക്ക് ഒപ്പിടാനറിഞ്ഞുകൂടാതിരുന്ന കാലത്ത് സ്പെയിൻ നിവാസികൾ ശാസ്ത്രീയ വിജ്ഞാനത്തിൽ ഉത്സുകരായിരുന്നു.”

ജവഹർലാൽനെഹ്റു എഴുതുന്നു: “പത്തുലക്ഷം നിവാസികളോടുകൂടിയ ഒരു മഹാ നഗരമായിരുന്നു കൊർദോവ. വിപുലമായ ഉദ്യാനനഗരത്തിന്റെ ദൈർഘ്യം പത്തുനാഴികയായിരുന്നു. അറുപതിനായിരം അരമനകളും രമ്യഹർമ്യങ്ങളും എൺപതിനായിരം കടകളും മൂവായിരത്തെണ്ണൂറ് പള്ളികളും എഴുനൂറ് പൊതുസ്നാനസ്ഥലങ്ങളും അവിടെ ഉണ്ടായിരുന്നു”

ഇസ്‌ലാമിക നാഗരികതയുടെ സുവർണ നാളുകളിൽ ഈജിപ്തിൽ നിലനിന്നിരുന്ന ആശുപത്രികൾ വിഖ്യാതങ്ങളായിരുന്നു. അവയോടനുബന്ധിച്ച് വൈദ്യശാസ്ത്രഗ്രന്ഥങ്ങളുടെ ശേഖരവും മനോഹരമായ പള്ളിയും വിദ്യാപീഠവും അനാഥമന്ദിരവും വിശാലമായ പൂങ്കാവനവുമുണ്ടായിരുന്നു. രോഗികൾക്കു ചികിത്സയും മരുന്നുകളും ഭക്ഷണങ്ങളുമെല്ലാം സൗജന്യമായാണ് നൽകിയിരുന്നത്.

ബഹുമുഖ ജീവിതമേഖലകളിൽ ലോകത്തെ മുന്നോട്ടുനയിക്കുന്നതിൽ ഇസ്‌ലാമിക നാഗരികത അനൽപമായ പങ്കുവഹിച്ചു. വൈജ്ഞാനിക-ശാസ്ത്രരംഗങ്ങളിൽ വിശേഷിച്ചും. ആയിരം വർഷം മുമ്പു ജീവിച്ച അബുർറയ്ഹാൻ മുഹമ്മദുബ്നു അഹ്മദൽ ബീറൂനി ഈ രംഗത്ത് അർപ്പിച്ച സേവനങ്ങൾ നിസ്തുലമത്രെ. ആ മഹൽ പ്രതിഭയുടെ അനശ്വര സംഭാവനകൾക്ക് മുമ്പിൽ പകച്ചുനിൽക്കാത്ത ശാസ്ത്രവിദ്യാർഥികൾ വിരളമായിരിക്കും. ഗലീലിയോവിനു മുമ്പുതന്നെ ഭൂമി ഒരു ഗോളമാണെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. ന്യൂട്ടന് ആറു നൂറ്റാണ്ടുകൾക്കു മുമ്പേ ഗുരുത്വാകർഷണ സിദ്ധാന്തത്തെ സംബന്ധിച്ച് പ്രതിപാദിച്ചു. ചരിത്രം, ഭൂമിശാസ്ത്രം, ഗണിതം, വൈദ്യം, ഗോളശാസ്ത്രം, തത്ത്വചിന്ത മുതലായ വിഷയങ്ങളിൽ നിരവധി വിലപ്പെട്ട ഗ്രന്ഥങ്ങൾ രചിച്ച അദ്ദേഹത്തിന്റെ പ്രഥമ പുസ്തകം 'കഴിഞ്ഞ തലമുറകളുടെ നിത്യാവശിഷ്ടങ്ങൾ' എന്ന ബൃഹത്തായ ചരിത്രകൃതിയാണ്. ലോകാരംഭം മുതൽ തന്റെ കാലഘട്ടംവരെയുള്ള മനുഷ്യസമൂഹത്തിന്റെ മുഴുവൻ ജീവിതവശങ്ങളും വിശകലനം ചെയ്യുന്ന ഒരു സർവവിജ്ഞാന കോശമാണത്. ഇപ്രകാരം തന്നെ 143 അധ്യായങ്ങളുള്ള ബീറൂനിയുടെ *ഖാനൂനുൽ മസ്ഊദി* എന്ന ശാസ്ത്രഗ്രന്ഥം സമാദരണീയമത്രെ. വൈജ്ഞാനികരംഗത്ത് ഒരദ്ഭുത പ്രതിഭാസമായിരുന്ന അദ്ദേഹത്തെ പ്രശംസിക്കുന്നതിൽ നിഷ്പക്ഷമതികളൊരിക്കലും പിശുക്ക് കാണിക്കാറില്ല. എഡ്വേഡ്ഷാസോ അദ്ദേഹത്തെ വിശേഷിപ്പിച്ചത് "ഭൂമുഖത്ത് പ്രത്യക്ഷപ്പെട്ട ഏറ്റവും മഹാനായ ചിന്തകനെ"ന്നാണ്.

പ്രസിദ്ധ ജർമൻ ചിന്തകനായ Sachan പറയുന്നു: "ചരിത്രം കണ്ടതിൽ ഏറ്റവും മഹാനായ പ്രതിഭാശാലിയാണ് ബീറൂനി."

ജോർജ് സാർട്ടൻ എഴുതുന്നു: "ചരിത്രത്തിന്റെ ദശാസന്ധിയിൽ പൗരസ്ത്യ-പാശ്ചാത്യ ചക്രവാളങ്ങളിൽ ശോഭിച്ചുനിന്ന ഉജ്ജ്വലനായ നേതാവായിരുന്നു ബീറൂനി. ശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ പുതിയ വീക്ഷണങ്ങളും നവീനാഭിപ്രായങ്ങളും ഉൾക്കൊള്ളുന്ന സമ്പന്നമായ ശാസ്ത്രീയോൽപാദനമാണ് ഓരോ ഘട്ടത്തിലും അദ്ദേഹം പുറത്തുകൊണ്ടുവന്നിരുന്നത്. യൂറോപ്പ് കാലനിർണയത്തിന് റോമൻ വ്യവസ്ഥ സ്വീകരിച്ചിരുന്നപ്പോൾ ഭൂമിശാസ്ത്രത്തിനും ചില ഗണിതശാസ്ത്രസിദ്ധാന്തങ്ങൾക്കും അടിത്തറ പാകിയത് ബീറൂനിയത്രെ."

വൈദ്യശാസ്ത്ര രംഗത്ത് ഏറെ സ്മരണീയമായ നാമം ഇബ്നുസീന (980-1087)യുടേതാണ്. പാശ്ചാത്യലോകത്ത് അവിസന്ന എന്ന പേരിലറിയപ്പെടുന്ന അദ്ദേഹത്തിന്റെ *അൽഖാനൂനു ഫിത്ത്വിബ്ബ്* എന്ന ഗ്രന്ഥം വിശ്വവിഖ്യാതമാണ്. പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ പോലും വിയന്നയിലും ഫ്രാങ്ക്ഫർട്ടിലും മറ്റും വൈദ്യ വിദ്യാഭ്യാസത്തിന് അടിസ്ഥാനമായുപയോഗിച്ചിരുന്നത് അതാണ്. സർ തോമസ് ആർണൾഡ് തന്റെ The Legacy of Islam എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: “പന്ത്രണ്ടാം നൂറ്റാണ്ടിലാണ് ‘ഖാനൂൻ’ ലാറ്റിൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. ഇബ്നുസീനാ മരിച്ച് നൂറ്റമ്പതിലേറെ വർഷങ്ങൾ പിന്നിട്ടശേഷം പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തെ അമ്പത് വർഷങ്ങൾക്കിടക്ക് അതിന്റെ 16 പതിപ്പുകളും പതിനാറാം നൂറ്റാണ്ടിൽ ഇരുപതിലധികം പതിപ്പുകളും പുറത്തിറങ്ങി എന്നതിൽ നിന്ന് ആ ഗ്രന്ഥത്തോടുള്ള പ്രിയം എന്തുമാത്രമായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഹിബ്രു, ലാറ്റിൻ ഭാഷകളിൽ അച്ചടിച്ചതും അല്ലാത്തതുമായ അതിന്റെ വ്യാഖ്യാനങ്ങൾ അസംഖ്യമത്രെ.....ഒരു പക്ഷേ ഇത്രയധികം പഠനത്തിന് വിധേയമായ മറ്റൊരു വൈദ്യശാസ്ത്രഗ്രന്ഥവുമുണ്ടായിരിക്കയില്ല.”

യവന ശാസ്ത്രത്തെ പുനരുജ്ജീവിപ്പിക്കുകയും ആധുനിക ലോകത്തിന് പരിചയപ്പെടുത്തുകയും മാത്രമല്ല മുസ്‌ലിംകൾ ചെയ്തത്; സ്വന്തം സർഗശേഷികൊണ്ട് ശാസ്ത്രത്തെ സമ്പന്നമാക്കുകയും സാഹസികത കൊണ്ട് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. അതിനാലാണ് ഹംബോൾട്ട്0 തന്റെ *കോസ്മോസിൽ* ഇങ്ങനെ തുറന്നുസമ്മതിക്കുന്നത്: “നാമിന്നു മനസ്സിലാക്കുന്ന എല്ലാ അർഥത്തിലും ഭൗതിക ശാസ്ത്രങ്ങളുടെ ഉപജ്ഞാതാക്കൾ അറബികളായിരുന്നു. ഊഹാപോഹങ്ങളോ മതപരമായ വിധിവിലക്കുകളോ അല്ല, അനുഭവജ്ഞാനം മാത്രമായിരുന്നു അവരുടെ ശാസ്ത്രീയ നിഗമനങ്ങളുടെ അടിസ്ഥാനം. അത്തരമൊരു ശാസ്ത്ര ബോധം അവരുടെ പ്രായോഗിക നേട്ടങ്ങളെപ്പോലെത്തന്നെ വിലപ്പെട്ടതാണ്.”

എച്ച്.ജി. വെൽസ് പറയുന്നു: “ഗ്രീക്കുകാർ ആരംഭിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്ത കേവല ജ്ഞാനത്തിന്റെ ക്രമാനുഗതമായ വികസനത്തെ, അറബി മനസ്സ് ഒരു പുതിയ കാഴ്ചപ്പാടോടും ചൈതന്യത്തോടും കൂടി ഏറ്റെടുത്തു. ലാറ്റിനിന്റെ വഴികളിലൂടെയല്ല, അറബികളിലൂടെയായിരുന്നു ആധുനിക ലോകത്തിന് പ്രകാശത്തിന്റെയും ശക്തിയുടെയും അനുഗ്രഹങ്ങൾ ലഭിച്ചത്.”

പാശ്ചാത്യ നാഗരികത പടർന്നു പന്തലിച്ചത് മതത്തെ കയ്യൊഴിച്ചപ്പോഴാണ്. എന്നാൽ ഇസ്‌ലാമിക നാഗരികത വികാസം പ്രാപിച്ചത് മതത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ടാണ്. മുസ്‌ലിംകളിൽ ജീവകാരുണ്യപരമായ വികാരങ്ങളും ധാർമികമൂല്യങ്ങളും നിറഞ്ഞുനിന്നപ്പോൾ പാശ്ചാ

ത്യരിൽ പ്രാകൃതതയും ക്രൂരതയും കതിരിട്ട് നിൽക്കാനുള്ള കാരണവും മറ്റൊന്നല്ല. റോബർട്ട് ബ്രിഫോൾട്ട് (Robert Brifault) ഇരുവിഭാഗങ്ങൾക്കുമിടയിലെ ഈ അന്തരം ഇങ്ങനെ അനാവരണം ചെയ്യുന്നു: "ഇസ്‌ലാമിന്റെ ധൈഷണികസംസ്‌കാരം ധാർമികപുരോഗതിയിൽ വമ്പിച്ച സ്വാധീനം ചെലുത്തിയിട്ടുണ്ട്. മതവ്യത്യാസം കൽപിക്കാതെ ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും ഒരുപോലെ ഉന്നതസ്ഥാനവും പദവിയും നൽകിക്കൊണ്ടുള്ള വിശാലമായ സഹിഷ്ണുതകണ്ട്, ക്രൈസ്തവയൂറോപ്പിന്റെ പരുഷമായ അസഹിഷ്ണുത ലജ്ജിക്കുകയല്ല, പൂർവോപരി രോഷാകുലമാവുകയാണുണ്ടായത്. അവരുടെ തത്ത്വങ്ങളെല്ലാം ബൊക്കാച്ചിയോവും ലെസ്സിംഗും പ്രചരിപ്പിച്ച വിഖ്യാതമായ 'മൂന്നുവളയങ്ങൾ' എന്ന സാരോപദേശ കഥയിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ളതത്രെ. മുസ്‌ലിം സംസ്‌കാരം അതുമായി ബന്ധപ്പെട്ട ബുദ്ധിജീവികളുടെ മനസ്സുകളിൽ ദൂരവ്യാപകമായ പ്രതികരണങ്ങളാണ് സൃഷ്ടിച്ചത്. ഉദാത്തമായ മഹാമനസ്‌കതയും ധീരോദാത്തമായ ബഹുമതിപ്പട്ടങ്ങളും കാഴ്ചവെച്ച സ്പെയിനിലെ വീരയോദ്ധാക്കളെ പ്രാകൃതന്മാരായ യൂറോപ്യർ അംഗീകരിക്കുകയും അവരെസ്സംബന്ധിച്ച് ആശ്ചര്യപ്പെടുകയും വിജിഗീഷുക്കളാകാൻ പ്രേരിതരാവുകയും ചെയ്തു. യുദ്ധക്കളത്തിൽ ധാരാളം ശത്രുക്കളെ വകവരുത്തിയിട്ടുണ്ടെങ്കിലും ആരെയും അപമാനിച്ചിട്ടില്ലെന്ന് ഒരു മാതൃകാ യോദ്ധാവിന്റെ വീറോടും പ്രതാപത്തോടുംകൂടി ഉഗ്രപോരാളിയായ അൽമൻസ്വൂറിനെപ്പോലുള്ള ഒരു മാന്യൻ അവകാശപ്പെടുമ്പോൾ ഇരുപതാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിന് അതംഗീകരിക്കുകമാത്രമേ നിർവാഹമുള്ളൂ. കിരാതമനസ്‌കരായ കുരിശുയോദ്ധാക്കൾ സ്വലാഹുദ്ദീന്റെ ഉദാരസ്വഭാവത്തിന്റെയും മഹാമനസ്‌കതയുടെയും മഹിമകണ്ട് ലജ്ജിതരായി. ഒരു മാതൃകായോദ്ധാവിന്റെ ധർമനിഷ്ഠ പുനഃസ്ഥാപിക്കപ്പെട്ടു. പദവി നൽകുന്ന ബാധ്യതകൾ നടപ്പാക്കപ്പെടുകയും ചെയ്തു."

ഇസ്‌ലാം ഒരിക്കലും നാഗരിക പുരോഗതിക്ക് പ്രതിബന്ധങ്ങൾ സൃഷ്ടിച്ചിട്ടില്ല. എന്നല്ല, സഹായകമായി വർത്തിക്കുകയാണുണ്ടായത്. യഥാർഥത്തിൽ മുസ്‌ലിം സമുദായത്തെ ശാസ്ത്ര-വൈജ്ഞാനിക-ഭൗതിക പുരോഗതിയുടെ പാതയിലൂടെ മുന്നോട്ടു നയിച്ചത് വിശുദ്ധ ഖുർആനും പ്രവാചകാധ്യാപനങ്ങളുമാണ്. വായിക്കാനും പഠിക്കാനും ചിന്തിക്കാനും പ്രവർത്തിക്കാനും അവ പ്രചോദനവും പ്രേരണയും നൽകി. ഖുർആൻ അവതീർണമായതു തന്നെ വായിക്കാനാഹ്വാനം ചെയ്തുകൊണ്ടാണ്: "വായിക്കുക. സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ-അവൻ മനുഷ്യനെ ഒട്ടിപ്പിടിച്ച വസ്തുവിൽനിന്ന് സൃഷ്ടിച്ചു. വായിക്കുക! അത്യുദാരനത്രെ നിന്റെ നാഥൻ! തൂലികകൊണ്ട് പഠിപ്പിച്ചവൻ. അവൻ മനുഷ്യനെ അറിവില്ലാത്തത് പഠിപ്പിച്ചു." (അൽഅലഖ്: 1-5)

വിജ്ഞാന വർധനക്കായി സദാ പ്രാർഥിക്കാൻ കൽപിച്ച ഖുർആൻ

ചരിത്രപഠനത്തിനും പ്രപഞ്ച നിരീക്ഷണത്തിനും നിരന്തരം ആവശ്യപ്പെടുന്നു. അത്താർഹുസയിൻ തന്റെ മുഹമ്മദ് നബിയും അദ്ദേഹത്തിന്റെ ദൗത്യവും (Prophet Muhammed and His Mission) എന്ന ഗ്രന്ഥത്തിലെഴുതുന്നു: “ശക്തമായും വാചാലമായും ഖുർആൻ മനുഷ്യനോട് ആവർത്തിച്ചാവശ്യപ്പെടുന്നത് ബുദ്ധിശക്തി പ്രയോജനപ്പെടുത്താനും പ്രകൃതി-ചരിത്രപഠനങ്ങളിലൂടെ അറിവുനേടാനും, ഭൂമിയിൽ സഞ്ചരിച്ച് കാര്യങ്ങൾ നോക്കിക്കാണാനും, പ്രപഞ്ച നിയമങ്ങളെക്കുറിച്ച് ആലോചിക്കാനും, ഈ പ്രവർത്തനത്തിൽ വിജ്ഞാനവർധനവിന് അല്ലാഹുവിനോടു പ്രാർഥിക്കാനുമാണ്.”

മുസ്‌ലിംകളുടെ നാഗരിക വളർച്ച അപഗ്രഥിച്ചുകൊണ്ട് Rom Landau തന്റെ Islam and Arabs എന്ന ഗ്രന്ഥത്തിലെഴുതുന്നു: ‘ശാസ്ത്രീയ ഗവേഷണങ്ങളുടെ പ്രചോദനശക്തി, അല്ലാഹു സൃഷ്ടിച്ചതുപോലെ നിലനിൽക്കുന്ന പ്രപഞ്ചത്തെപ്പറ്റി അഗാധമായ അറിവ് നേടാനുള്ള അദമ്യമായ ആഗ്രഹമാണെന്ന് സംഗ്രഹിക്കാം. ഭൗതിക പ്രപഞ്ചം ആത്മീയപ്രപഞ്ചം പോലെത്തന്നെ പ്രധാനമാണെന്ന അംഗീകാരവും, അറബിമനസ്സിന്റെ വികാരാതീത പ്രകൃതത്തെ ശരിക്കും പ്രതിഫലിപ്പിക്കുന്ന സത്യാന്വേഷണ ത്വരയും അവരുടെ അദമ്യമായ ജിജ്ഞാസയും യോഗാത്മകാനുഭൂതിയും മറ്റു പ്രേരകങ്ങളത്രെ. മാതൃവാത്സല്യം മുതൽ മാരകരോഗങ്ങൾവരെയുള്ളതെല്ലാം ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിലുൾപ്പെടുന്നവയാണ്. അവ ഓരോന്നും അവന്റെ ശക്തിയുടെ നിദർശനങ്ങളാണ്; അതുകൊണ്ടുതന്നെ പഠനാർഹങ്ങളും. ഇസ്‌ലാമിൽ മതവും ശാസ്ത്രവും ഭിന്ന വഴികളല്ല പിന്തുടരുന്നത്. മതം യഥാർഥത്തിൽ ശാസ്ത്രത്തിന്റെ ഏറ്റവും വലിയ പ്രചോദകശക്തിയാണ്.”

ജോർജ് സാർട്ടൺ (George Sarton) തന്റെ ‘ശാസ്ത്രചരിത്രത്തിനൊരാമുഖം’ (Introduction to the History of Sciences) എന്ന കൃതിയിൽ പറയുന്നു: “ഇസ്‌ലാമിന്റെ ചരിത്രത്തിൽ ശാസ്ത്രജ്ഞന്മാർ പീഡിപ്പിക്കപ്പെട്ട ഒരൊറ്റ സംഭവംപോലുമില്ല. മധ്യകാലത്ത് ഇന്നുള്ളത്രയും പ്രതിഭാശാലികളെ നമുക്ക് കാണാവുന്നതാണ്. അവരുടെ പട്ടിക ഒരു ലേഖനത്തിൽ ചേർക്കാൻ കഴിയാത്തവിധം ദീർഘമത്രെ. മാതൃകക്ക് ചില ഉജ്ജ്വല പ്രതിഭകളുടെ പേരുകൾ മാത്രം മതിയാവുന്നതാണ്. പാശ്ചാത്യലോകത്ത് അവർക്ക് സമശീർഷരായി ആരുമുണ്ടായിരുന്നില്ല. ജാബിറുബ്നു ഹയ്യാം, അൽകിന്തി, അൽഖുവാരിസ്മി, അൽഫർഗാനി, അർറാസി, സാബിതുബ്നുഖുർറ, അൽഫാറാബി, ഇബ്റാഹീമുബ്നു സിനാൻ, അൽമസ്ഊദി, ത്വബ്രി, അബ്ദുൽ വഫാ, അലിയ്യുബ്നു അബ്ബാസ്, അബ്ദുൽ ഖാസിം, ഇബ്നുൽ ജസ്സാർ, അൽബീറൂനി, ഇബ്നുസീനാ, ഇബ്നുയൂസുഫ്, ഇബ്നുൽ ഹയ്തം, അലിയ്യുബ്നു ഈസാ, അൽഗസ്സാലി, അൽസർഖാബ്, ഉമർ ഖയ്യാം.....ഇനിയും എത്രയും നീട്ടിക്കൊണ്ടുപോ

കാൻ കഴിയുന്ന മഹത്തായ നാമങ്ങളുടെ പട്ടികയാണിത്."

ശാസ്ത്രാവബോധത്തെ പ്രോത്സാഹിപ്പിക്കുകയും നാഗരികവളർച്ചയെ പ്രചോദിപ്പിക്കുകയും ചെയ്ത ചരിത്രമേ ഇസ്‌ലാമിനുള്ളുവെന്നർഥം. അതുകൊണ്ടുതന്നെയാണ് മുസ്‌ലിംകൾക്ക് ആധുനിക നാഗരികതയുടെ നിർമിതിക്കു തൊട്ടിലൊരുക്കിക്കൊടുക്കാൻ സാധിച്ചത്. വിജ്ഞാന-കലാ-ശാസ്ത്ര-സാഹിത്യാദികൾ എവിടെക്കണ്ടാലും അവ സ്വായത്തമാക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് മുസ്‌ലിംകൾ സ്വീകരിച്ചിരുന്നത്. യവനചിന്ത ലോകത്തിന് നഷ്ടപ്പെടാതിരിക്കാൻ കാരണം മുസ്‌ലിംകളുടെ ഉദാരനിർഭരമായ ഈ സമീപനമത്രെ. എം.എൻ. റോയി എഴുതുന്നു: "കത്തോലിക്കാ സഭയുടെ അന്ധവിശ്വാസങ്ങളും അസഹിഷ്ണുതയും മൂലം കുഴിച്ചുമൂടപ്പെട്ട യവന വിജ്ഞാന ശാസ്ത്രങ്ങളുടെ വിലമതിക്കാനാവാത്ത നിക്ഷേപങ്ങൾ, അറബികളില്ലായിരുന്നുവെങ്കിൽ ലോകത്തിന് പൂർണമായും നഷ്ടപ്പെടുമായിരുന്നു. അവരുടെ ശിഷ്യനായിരുന്നു ആധുനിക ശാസ്ത്രീയ ഗവേഷണരീതിയുടെ ഉപജ്ഞാതാവായ റോജർ ബേക്കൺപോലും."

റോം ലാൻഡോ(Rom Landau)പറയുന്നു: "ഫാറാബിയുടെയും ഇബ്നുസീനായുടെയും ഗസ്സാലിയുടെയും നിഗമനങ്ങളെ കയ്യൊഴിക്കേണ്ടിവന്നിരുന്നുവെങ്കിൽ ക്രൈസ്തവ ദർശനം ഇന്നുള്ളതരത്തിലാകുമായിരുന്നില്ലെന്ന് പറയുന്നത് അതിശയോക്തിയേ അല്ല. മുസ്‌ലിംകൾ യവനദർശനം കണ്ടെത്തിയതിന്റെയും യൂറോപ്പിലേക്ക് സംക്രമിച്ചതിന്റെയും കഥ തമസ്സിൽനിന്ന് ജ്യോതിസ്സിലേക്കുള്ള മനുഷ്യവർഗത്തിന്റെ പുരോഗതിയിലെ ഏറ്റവും ഉജ്ജ്വലമായ ഒരധ്യായമാണ്. ആദ്യകാലത്തിന്റെ അന്ധകാരത്തിൽ ഇസ്‌ലാമിക ദർശനം ഒരു ധൈഷണിക പ്രകാശനാളംപോലെ പ്രശോഭിച്ചിരുന്നു."

ഇസ്‌ലാമിക നാഗരികത ലോക നാഗരികതക്ക് ഭൗതികനേട്ടങ്ങൾ മാത്രമല്ല സമ്മാനിച്ചത്. അത്യുത്കൃഷ്ടങ്ങളായ അനേകം മൂല്യങ്ങളും കർമ മാതൃകകളും കൂടി നൽകുകയുണ്ടായി. സമസൃഷ്ടിസ്നേഹം, ജീവകാരുണ്യം, സമത്വം, സാഹോദര്യം, സഹിഷ്ണുത തുടങ്ങിയവയെല്ലാം ഇസ്‌ലാമിക നാഗരികത ഉയർത്തിപ്പിടിച്ച ഉന്നതങ്ങളായ ആദർശങ്ങളത്രെ. ഭൗതിക വളർച്ചക്കുവേണ്ടി അവയെ അവഗണിക്കാൻ ഇസ്‌ലാം ഒരിക്കലും അനുവദിക്കുന്നില്ല.

●